# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 15, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 188 – നമ്പർ 11

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 15, വെള്ളി

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

പേജ്

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....

**II. റിപ്പോർട്ടുകളുടെ സമർപ്പണം** ....

**അനുബന്ധം** ....

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

2022 ജൂലൈ 15, വെള്ളി

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 11

---

നിയമസഭ 2022 ജൂലൈ മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(സഭാനടപടികൾ ആരംഭിച്ചയുടൻ ശ്രീമതി കെ. കെ. രമയെക്കുറിച്ച് ശ്രീ. എം. എം. മണി 14-07-2022-ന് സഭയിൽ നടത്തിയ പരാമർശം പിൻവലിച്ച് മാപ്പ് പറയണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് പ്രതിഷേധിക്കുകയും ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കൊന്നിട്ടും തീരാത്ത പകയുമായി ടി. പി. ചന്ദ്രശേഖരന്റെ വിധവയായ ശ്രീമതി കെ. കെ. രമയെ സഭയിൽവച്ച് അവഹേളിച്ച ശ്രീ. എം. എം. മണി മാപ്പ് പറഞ്ഞ് അദ്ദേഹത്തിന്റെ പ്രസ്താവന പിൻവലിക്കണം. അതിനുശേഷം മാത്രമേ സഭാനടപടികളിലേയ്ക്ക് കടക്കാൻ പാടുള്ളൂവെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്. അദ്ദേഹം മാപ്പ് പറഞ്ഞേ മതിയാകൂ. അത് വളരെ ക്രൂരമായ, നിന്ദ്യമായ പരാമർശമാണ്. സഭയ്ക്ക് അപമാനകരമായ കാര്യമാണ്. ശ്രീമതി കെ. കെ. രമ സഭയിലെ ഒരു അംഗമാണ്. വിധവയായ ഒരു സ്ത്രീയെക്കുറിച്ചുള്ള സ്ത്രീവിരുദ്ധമായ പരാമർശമാണത്. ഇവർ വിധിയിൽ വിശ്വസിക്കുന്നവരാണോ? ഇത് വിധിയല്ല. പാർട്ടി കോടതിയുടെ

വിധിയാണ്. പാർട്ടി കോടതി വിധിയുടെ ഭാഗമായാണ് ടി. പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടത്. അദ്ദേഹത്തിന്റെ വിധവയെ സഭയിൽവച്ച് അവഹേളിച്ച നടപടി പിൻവലിച്ച് മാപ്പുപറഞ്ഞേ മതിയാകൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കൂ...

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (.....ബഹളം......) ഒരു ചെറുപ്പക്കാരൻ കോളേജ് വിദ്യാർത്ഥിയെ കൊലപ്പെടുത്തിയപ്പോൾ ഇരന്നുവാങ്ങിയ രക്തസാക്ഷിത്വമെന്ന് പറഞ്ഞ് ന്യായീകരിച്ചവരാണ് ഇപ്പോൾ അവിടെയിരുന്ന് ഇത്തരം കാര്യങ്ങൾ പറയുന്നത്. (......ബഹളം.....).

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ സഭയിൽ നടന്ന കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സഭയ്ക്ക് പുറത്തുനടന്ന കാര്യത്തെക്കുറിച്ചാണ് പറയുന്നത്. ഞാൻ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഈ സഭയിൽ നടന്ന കാര്യമാണ്, സഭാനടപടികളെക്കുറിച്ചുള്ളതാണ്. ശ്രീ. എം. എം. മണി 'അവർ വിധവയായത് അവരുടെ വിധിയാണ്' എന്നുപറഞ്ഞ തെറ്റായ വാചകം സ്ത്രീ വിരുദ്ധ പരാമർശമാണ്. ആ വിധി നിങ്ങളുടെ പാർട്ടി കോടതി വിധിച്ചതാണ്. ടി. പി. ചന്ദ്രശേഖരനെ കൊല്ലാൻ വിധി പ്രഖ്യാപിച്ച

നിങ്ങളുടെ പാർട്ടി കോടതിയിലെ ജഡ്ജ് ആരായിരുന്നുവെന്ന് എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ആ ജഡ്ജിയുടെ പേര് ഈ സഭയിൽ പറയിപ്പിക്കരുത്. ശ്രീ. എം. എം. മണിയുടെ പരാമർശം പിൻവലിച്ച് മാപ്പുപറഞ്ഞേ മതിയാകൂ. അതിൽ ഒരു വീട്ടുവീഴ്ചയുമില്ല. (.....ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം.

ശ്രീ. പി. രാജീവ്: സർ, അത് തെളിയിക്കപ്പെട്ട കാര്യമാണ്. സി.പി.ഐ.(എം) എന്ന രാഷ്ട്രീയ പാർട്ടിക്കും ഇടതുപക്ഷത്തിനും അതിൽ ഉത്തരവാദിത്വമില്ലെന്നാണ് ശ്രീ. എം. എം. മണി പറഞ്ഞത്. അതിൽ എന്താണ് തെറ്റുള്ളത്; സഭയ്ക്ക് പുറത്തുനടന്ന കാര്യത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ പ്രതിപക്ഷനേതാവ് സഭയ്ക്കകത്ത് നടന്ന കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. എന്നാൽ സഭയ്ക്ക് പുറത്ത് ഇങ്ങനെയുള്ള ചില കാര്യങ്ങൾക്കൂടിയുണ്ടെന്നാണ് ഞാൻ പരാമർശിച്ചത്. അത് നിങ്ങൾ ഓർക്കണം.

മി. സ്പീക്കർ: ഇക്കാര്യത്തിൽ ഇന്നലെ ചില പരാമർശങ്ങളുണ്ടായി. ഒരു കാര്യം വ്യക്തമാക്കാൻ ചെയർ ഉദ്ദേശിക്കുന്നു. സാധാരണഗതിയിൽ സഭയിൽ അൺപാർലമെന്ററി ആയ പദപ്രയോഗങ്ങൾ നടത്തിയാൽ പ്രത്യക്ഷത്തിൽത്തന്നെ അത് പരിശോധിച്ച് രേഖയിൽനിന്ന് നീക്കം

ചെയ്യുന്നതാണ് നടപടിക്രമം. അതാണ് ചെയറിന് ചെയ്യാൻ സാധിക്കുന്നത്. പ്രത്യക്ഷത്തിൽ അൺപാർലമെന്ററി അല്ലാത്ത കാര്യങ്ങൾ പറയുന്നതിനോടും അംഗങ്ങൾക്ക് വിയോജിപ്പുണ്ടാകാറുണ്ട്. എന്നാൽ അത്തരം കാര്യങ്ങളിൽ ചെയറിന് അത് നീക്കം ചെയ്യാൻ ആ ഘട്ടത്തിൽ നിർവ്വാഹമില്ല. പിന്നീട് പരിശോധിച്ച് അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ നീക്കം ചെയ്യുകയെന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇതിനുമുമ്പ് സഭയിലുണ്ടായ രണ്ട് സംഭവങ്ങൾ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതിലൊന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും മറ്റൊന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമായും ബന്ധപ്പെട്ട സംഭവമാണ്. അതുമാത്രമല്ല, മറ്റ് ധാരാളം ഉദാഹരണങ്ങളുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷത്തുനിന്നുള്ള ബഹുമാന്യനായ ഒരു അംഗം ഗുരുതരമായ ആരോപണമുന്നയിച്ചു. പ്രത്യക്ഷത്തിൽ അൺപാർലമെന്ററി ആയ പദപ്രയോഗങ്ങളൊന്നും അതിൽ ഉണ്ടായിരുന്നില്ല, പക്ഷെ ഗുരുതരമായ ആരോപണം ഉന്നയിച്ചു. ആ സമയം മുഖ്യമന്ത്രി സഭയിൽ ഉണ്ടായിരുന്നില്ല. പിന്നീട് അദ്ദേഹം സഭയിലെത്തുകയും ആരോപണം ഉന്നയിച്ച പ്രതിപക്ഷാംഗത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രസ്തുത ആരോപണം വസ്തുതാവിരുദ്ധമാണെന്ന് വസ്തുതകൾ നിരത്തി വിശദീകരിക്കുകയും ചെയ്തു.

ആരോപണം പിൻവലിച്ച് മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭരണപക്ഷത്തുനിന്ന് വലിയ പ്രതിഷേധം ഉയർന്നുവന്നിരുന്നു. ചെയർ അതിൽ ഇടപെട്ടില്ല, ബഹുമാനപ്പെട്ട അംഗം മാപ്പ് പറഞ്ഞതുമില്ല. അത് അങ്ങനെ അവസാനിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരായും സഭാതലത്തിൽ ഒരു ആരോപണം ഉന്നയിക്കപ്പെടുകയുണ്ടായി. ചട്ടപ്രകാരമല്ലാത്ത ആരോപണവും അധിക്ഷേപകരമായ പരാമർശങ്ങളും രേഖയിൽനിന്ന് നീക്കം ചെയ്യുകയാണ് അന്ന് ചെയ്തിട്ടുള്ളത്. അതാണ് സഭയുടെ നടപടിക്രമം. മറ്റുള്ളവ അംഗങ്ങളുടെ കാര്യമാണ്. ചെയറിന് ഇക്കാര്യത്തിൽ ഇടപെടാവുന്ന കാര്യം അതാണ്. (....ബഹളം......)

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, അങ്ങയുടെ നിലപാടിനെയും റൂളിംഗിനെയുമൊന്നും ഞങ്ങൾ വിമർശിക്കുന്നില്ല. ഇന്നലെ ഇവിടെയൊരു സംഭവമുണ്ടായപ്പോൾ ഞങ്ങൾ കരുതിയത് ആ അംഗം മാപ്പ് പറയുമെന്നാണ്. ക്രൂരമായ ആ പരാമർശത്തെ ന്യായീകരിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ പ്രസംഗമാണ് ഞങ്ങളെ വിസ്മയിപ്പിച്ചത്. ഒരു കാരണവശാലും ഇത് അനുവദിക്കാൻ കഴിയില്ല. അദ്ദേഹം മാപ്പ് പറഞ്ഞ് പ്രസ്തുത പരാമർശം പിൻവലിച്ചേ മതിയാകൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യോത്തരവേളയുമായി സഹകരിക്കണം. സീറ്റിലേയ്ക്ക് പോകൂ. (.....ബഹളം.....) ചോദ്യം നമ്പർ *301.

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണം**

1 (*301) ശ്രീമതി ദെലീമ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണം എപ്രകാരം പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ബി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ജില്ല ഒന്നാകെയുള്ള പദ്ധതി ആസൂത്രണം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണത്തിലൂടെ സാധ്യമാകുമോയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ പ്രാദേശിക വികസന പദ്ധതികളുടെ നിർവ്വഹണം കാലവിളംബം ഒഴിവാക്കി

കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പുതിയ സംവിധാനത്തിലൂടെ സാധ്യമാകുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, (എ) അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കേരളത്തിലെ എല്ലാ തലങ്ങളിലുമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും മോണിറ്റർ ചെയ്യാനും സാധിക്കുന്നതാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ ജീവനക്കാരെ വിന്യസിക്കാൻ കഴിയുമെന്നതിനാൽ തദ്ദേശ സ്ഥാപനങ്ങൾ അനുഭവിക്കുന്ന മാനവ വിഭവശേഷി കുറവിന് പരിഹാരം സാധ്യമാകുന്നതാണ്. എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തുന്നതോടെ സേവനങ്ങൾ വേഗതയിലും കാര്യക്ഷമമായും ലഭ്യമാക്കാൻ കഴിയുമെന്നതാണ് പ്രത്യേകത. ഏകീകൃത വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പുതിയ ഏകോപിത ജില്ലാ സംവിധാനം വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് സഹായകമാകുന്നതാണ്. ഇപ്രകാരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും ഏകോപനവും കൂടുതൽ കാര്യക്ഷമമാകുന്നതാണ്. അഞ്ച് വ്യത്യസ്ത വകുപ്പുകളുടെ നിലവിലുള്ള ജില്ലാ ഘടകങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിലാക്കി, പ്രവർത്തന ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ചുമതലകളും ഉത്തരവാദിത്വങ്ങളും പുനഃക്രമീകരിക്കുന്നതുവഴി ധാരാളം ആവർത്തന പ്രവർത്തനങ്ങളും പാഴ്ശ്രമങ്ങളും വികസന പ്രവർത്തന വിടവുകളും ഒഴിവാകുന്നു. ഈ നേട്ടം ജില്ലാ ആസൂത്രണ സമിതിയുടെ സമഗ്രമായ പിന്തുണാപ്രവർത്തനത്തിന് കാര്യക്ഷമമായി വിനിയോഗിക്കാവുന്നതാണ്. കൂടാതെ ആസൂത്രണ പ്രവർത്തനങ്ങളിൽ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ സംയുക്തമായ പിന്തുണ ഉറപ്പുവരുത്താൻ കഴിയുന്നു. ആയത് പ്രാദേശിക പദ്ധതികളുടെ സാങ്കേതികമേന്മയും സമയക്രമവുമടക്കമുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായമാകുകയാണ്.

(ബി) ഏകീകൃത വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പുതിയ ഏകോപിത ജില്ലാ സംവിധാനം വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് സഹായകമാകുന്നതാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും ഏകോപനവും കൂടുതൽ കാര്യക്ഷമമാകുന്നതാണ്. അഞ്ച് വ്യത്യസ്ത വകുപ്പുകളുടെ കീഴിലുള്ള ജില്ലാ ഘടകങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ പ്രവർത്തനക്ഷമമാകുമ്പോൾ, പ്രവർത്തന ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ചുമതലകളും ഉത്തരവാദിത്വങ്ങളും പുനഃക്രമീകരിക്കുന്നതുവഴി ധാരാളം ആവർത്തന പ്രവർത്തനങ്ങളും പാഴ്ശ്രമങ്ങളും വികസനപ്രവർത്തന വിടവുകളും ഒഴിവാകുന്നു. ഈ നേട്ടം ജില്ലാ ആസൂത്രണ സമിതിയുടെ സമഗ്രമായ പിന്തുണാപ്രവർത്തനത്തിന് കാര്യക്ഷമമായി വിനിയോഗിക്കാവുന്നതാണ്. മറുപടി ദീർഘമായതിനാൽ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളുമുയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ:</u> സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത നിർഭാഗ്യകരമായ സാഹചര്യത്തിൽ ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗവും ശൂന്യവേളയും റദ്ദുചെയ്യുന്നു. (.......ബഹളം.......)

(ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്തു.)

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനം

2 (*302) ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2016-ൽ മുഖ്യമന്ത്രി യു.എ.ഇ. സന്ദർശനം നടത്തിയ വേളയിൽ കേരളത്തിൽനിന്ന് നയതന്ത്ര ചാനൽ മുഖേന മുഖ്യമന്ത്രിക്ക് അയച്ചതായി പറയപ്പെടുന്ന ബാഗേജ് മുഖ്യമന്ത്രിയോ അദ്ദേഹത്തിനുവേണ്ടി മറ്റാരെങ്കിലുമോ കൈപ്പറ്റിയിരുന്നോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

യു.എ.ഇ. സന്ദർശന വേളയിൽ മുഖ്യമന്ത്രിക്ക് ഒരു ബാഗേജും അയച്ചിട്ടില്ല.

(ബി) എങ്കിൽ മുഖ്യമന്ത്രിക്ക് ബാഗേജ് അയയ്ക്കുന്നതിനായി നയതന്ത്ര

ചാനൽ തെരഞ്ഞെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ;

&

(സി) മറ്റൊരു രാജ്യത്തിന്റെ നയതന്ത്ര ചാനൽ വഴി ബാഗേജ് കൊടുത്തയയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ പാലിച്ചിരുന്നോയെന്നും വിശദമാക്കാമോ?

ബാധകമല്ല.

**വർഗ്ഗീയതയും തീവ്രവാദവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

3 (*303) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) മതേതര ജനാധിപത്യ മൂല്യങ്ങളെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള കേന്ദ്ര ഭരണ നേതൃത്വത്തിന്റെ നയപരിപാടികളിൽനിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് ഒരു കൂട്ടരും അത്തരക്കാരെ എതിർക്കാനെന്ന

വ്യാജേന മറ്റൊരു കൂട്ടരും സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ച് വർഗ്ഗീയതയും തീവ്രവാദവും വളർത്താൻ സംസ്ഥാനത്ത് നടത്തുന്നതായി പറയപ്പെടുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് വർഗ്ഗീയതയും തീവ്രവാദവും വളർത്തി അരക്ഷിതാവസ്ഥ സൃഷ്ടിക്കാനുള്ള വർഗ്ഗീയ തീവ്രവാദ സംഘടനകളുടെ ശ്രമങ്ങൾക്കെതിരെ ശക്തമായ നിരീക്ഷണം നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ അത്തരം ശ്രമങ്ങൾ നിഷ്ഫലമാക്കുന്ന നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നുണ്ട്. പരസ്പര വിദ്വേഷം വളർത്തി കൊലപാതകങ്ങളിൽ കലാശിക്കുന്ന സംഭവങ്ങൾ ചില ജില്ലകളിലുണ്ടായത് കണക്കിലെടുത്ത് അവ ആസൂത്രണം ചെയ്യുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള നടപടിയും പോലീസ് സ്വീകരിക്കുന്നുണ്ട്. രഹസ്യമായി നടത്തുന്ന ആയുധ പരിശീലനം, സോഷ്യൽ മീഡിയാ പ്രവർത്തനം തുടങ്ങിയവ നിരീക്ഷിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മേഖലകളിൽ പോലീസിന്റെ നിരീക്ഷണത്തിനും ശക്തമായ പ്രവർത്തനങ്ങൾക്കുംപുറമേ വിവിധ സാമൂഹിക-രാഷ്ട്രീയ സംഘടനകളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ

പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

(ബി) ഒരു സംഘടന മൂവായിരത്തിലധികം പേരെ സായുധ പരിശീലനം നൽകി അക്രമോത്സുകരാക്കിയിട്ടുണ്ടെന്ന് പറയപ്പെടുന്ന വാർത്തയുടെ അടിസ്ഥാനത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് പ്രത്യേകം ജാഗ്രത പുലർത്തുമോ?

സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ചില സംഘടനകൾ ആയുധ പരിശീലനം നടത്തുന്നതായി പോലീസിന് അറിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയുധം ഉപയോഗിച്ചും അല്ലാതെയുമുള്ള നിയമവിരുദ്ധ പരിശീലന പരിപാടികൾ തടയുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ തീവ്രവാദ സ്വഭാവമുള്ള പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് പ്രത്യേക ജാഗ്രത പുലർത്തിവരുന്നുണ്ട്. അത്തരം പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) നെയ്യാറ്റിൻകരയിൽ ഒരു സംഘടനയുടെ കൂട്ട മാർച്ചിൽ പെൺകുട്ടി വാളേന്തി പ്രകടനം നടത്തിയതും വാളേന്തിയത് സ്വയരക്ഷയ്ക്ക് വേണ്ടിയാണെന്ന് ഒരു കേന്ദ്ര സഹമന്ത്രി പ്രസ്താവിച്ചതുമായുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തി മാതൃകാപരമായ നടപടി

ഉറപ്പാക്കുമോ?

പ്രസ്തുത സംഭവത്തിൽ ആര്യൻകോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 373/2022 u/s 143, 144, 147, 153, 149 IPC & 4 r/w 25(1-B) (b) of Arms Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**പ്രവാസികളുടെ ക്ഷേമവും സുരക്ഷയും**

4 (*304) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ഡോ. കെ. ടി. ജലീൽ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികളുടെ പ്രശ്നങ്ങളിൽ കാര്യക്ഷമവും ഫലപ്രദവുമായ ഇടപെടൽ നടത്തുന്നതിന് അവരെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭിക്കേണ്ടത് അനിവാര്യമായതിനാൽ സമഗ്രമായ വിവര ശേഖരണം നടത്തുന്നതിന് പദ്ധതിയുണ്ടോ?

നോർക്കാ റൂട്ട്സിന്റെ പ്രവാസി ഐ.ഡി കാർഡ് മുഖേന 5 ലക്ഷത്തിലധികം പ്രവാസികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്.

കുടിയേറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പഠനം നടത്തുന്നതിന് Centre for Development Studies-ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കേരളീയരായ പ്രവാസികളുടെ സമഗ്ര വിവരശേഖരണം നടത്തുന്ന പദ്ധതി നിലവിലില്ല.

(ബി) പ്രവാസികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള ഇടപെടലുകൾ ചില പ്രതിപക്ഷ രാഷ്ട്രീയ കക്ഷികൾ നടത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ അതിജീവിച്ച് ആഗോളതലത്തിലുള്ള പ്രവാസികളുടെ സംരക്ഷണത്തിനായി ലോക കേരള സഭ വിജയകരമായി നടത്താനായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനവും ലക്ഷ്യംവച്ചുകൊണ്ടുള്ള ലോക കേരളസഭയുടെ മൂന്നാം സമ്മേളനം 2022 ജൂൺ മാസം 16, 17, 18 തീയതികളിൽ വിജയകരമായി നടത്തുകയുണ്ടായി. പ്രാതിനിധ്യംകൊണ്ടും സമ്പുഷ്ടമായ ചർച്ചകൾകൊണ്ടും പ്രവാസികൾക്കായി ഭാവിയിൽ

ആവിഷ്കരിക്കേണ്ട പദ്ധതികൾ സംബന്ധിച്ച് പ്രസ്തുത സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും ക്രോഡീകരിച്ചുവരുന്നു.

(സി) വിദേശ രാജ്യങ്ങളിലേയ്ക്ക്, വിശേഷിച്ച് മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലേയ്ക്ക് അടിമപ്പണിക്കായി കടത്തുന്നതായുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ അത്തരം സംഘങ്ങളെ കർശനമായി നിയന്ത്രിക്കുന്നതിന് വകുപ്പ് മുൻകയ്യെടുക്കുമോ; സംസ്ഥാനത്തുള്ള സർക്കാർ അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസികളെക്കുറിച്ച് ജനങ്ങൾക്ക് വിവരം ലഭ്യമാക്കാനും വ്യാജ ഏജൻസികളുടെ കെണിയിൽ വീഴാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ?

വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റുകൾ നിയന്ത്രിക്കപ്പെടുന്നത് 1983-ൽ ഭാരത സർക്കാർ നടപ്പിലാക്കിയ എമിഗ്രേഷൻ ആക്റ്റിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരമാണ്. നിയമവിരുദ്ധ റിക്രൂട്ട്മെന്റ് നടത്തുന്ന വ്യക്തികൾക്കും ഏജൻസികൾക്കുമെതിരെ സംസ്ഥാന സർക്കാർ കടുത്ത നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. വ്യാജ റിക്രൂട്ട്മെന്റിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി നടപ്പിലാക്കുന്ന 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ആവശ്യമായ

ഇടപെടലുകൾ നടത്താൻ സംസ്ഥാന പോലീസ് വകുപ്പ്, പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ്, നോർക്ക റൂട്ട്സ് എന്നിവയുടെ ആഭിമുഖ്യത്തിൽ കർമ്മസമിതി രൂപീകരിക്കാനും ഇത്തരം കേസുകളിൽ പോലീസ് സ്വീകരിക്കുന്ന നടപടികൾ പരസ്യപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ, സിനിമാ തീയറ്ററുകളിലെ ബോധവത്ക്കരണ പരസ്യങ്ങൾ, സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകൾ എന്നിവ വഴിയും വിദേശത്തുള്ള പ്രവാസി മലയാളി സംഘടനകളുടെ സഹകരണത്തോടെയും വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ തൊഴിൽ വാഗ്ദാനങ്ങളിൽ വീഴാതിരിക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ബോധവൽക്കരണം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ജീവിതശൈലീ രോഗ നിയന്ത്രണം**

5 (*305) ശ്രീ. കെ. ബാബു (നെന്മാറ):
ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബാരോഗ്യ സർവ്വേപ്രകാരം സംസ്ഥാനത്ത് സ്ത്രീകളിൽ 38 ശതമാനവും പുരുഷൻമാരിൽ 36.5 ശതമാനവും അമിത വണ്ണമുള്ളവരാണെന്ന കണ്ടെത്തലിനെത്തുടർന്ന് ജീവിതശൈലീ രോഗ നിയന്ത്രണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രമേഹം, രക്താതിമർദ്ദം, പൊണ്ണത്തടി, ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, ക്യാൻസർ തുടങ്ങിയ ജീവിതശൈലീരോഗങ്ങൾ കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇവയെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. നഗരവൽക്കരണത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും ഫലമായി ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ കാതലായ മാറ്റമാണ് ജീവിതശൈലീ

രോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണം. ഇത് നിയന്ത്രിക്കുന്നതിന് ജനങ്ങളുടെ ആരോഗ്യബോധത്തിൽ സ്ഥായിയായ മാറ്റങ്ങൾ ഉണ്ടാക്കുകയും ജനങ്ങളുടെ ജീവിതചര്യയിൽ ആരോഗ്യകരമായ മാറ്റങ്ങൾ സൃഷ്ടിക്കുകയുമാണ് വേണ്ടത്. ഇതിന് ആവശ്യമായ ആരോഗ്യ ബോധവൽക്കരണവും പരിശീലനങ്ങളും ആരോഗ്യവകുപ്പ് നൽകിവരുന്നുണ്ട്. ആരോഗ്യകരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം, ലഹരിയിൽനിന്നുള്ള മുക്തി തുടങ്ങിയ വിഷയങ്ങളിലാണ് പ്രധാനമായും ആരോഗ്യ ബോധവൽക്കരണം നടത്തിവരുന്നത്. ഇതിനുപുറമേ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും യോഗ പോലെയുള്ള വ്യായാമ മുറകൾ പരിശീലിപ്പിക്കുന്നതിനും ഓപ്പൺ ജിംനേഷ്യങ്ങൾ സജ്ജീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയത്തിനും അതിന്റെ തുടർ ചികിത്സയ്ക്കുമായുള്ള എൻ.സി.ഡി. ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും മുടങ്ങാതെ നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ മുഖേനയുണ്ടാകുന്ന സങ്കീർണ്ണതകളെ വേഗത്തിൽ കണ്ടെത്താനായി ഈ ക്ലിനിക്കുകളിൽനിന്ന്

രോഗികളെ മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യുകയും തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തുവരുന്നു. ജീവിതശൈലീ രോഗബാധിതരായി മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിവരുന്ന എല്ലാ രോഗികൾക്കും അവരുടെ രോഗത്തിന്റെ തരവും തീവ്രതയുമനുസരിച്ച് ഉചിതമായ ഐ.പി, ഐ.സി.യു., വെന്റിലേറ്റർ കെയർ എന്നിവ ഉൾപ്പെടെ നൽകിവരുന്നു. ജീവിതശൈലീ രോഗങ്ങളായി ഒ.പി.-യിൽ ചികിത്സ തേടുന്നവർക്ക് രോഗനിയന്ത്രണത്തിനാവശ്യമായ ചികിത്സയും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധവും നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് 30 വയസ്സിന് മുകളിലുള്ളവരുടെയെല്ലാം വിവരം ശേഖരിച്ച് ജീവിതശൈലീ രോഗ രജിസ്ട്രി തയ്യാറാക്കുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർപ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരുടേയും ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള ആരോഗ്യവിവരശേഖരണം നടത്തുന്നതിനും ജീവിതശൈലീ രോഗപരിശോധനയും ചികിത്സയും നടത്തുന്നതിനും ഒരു ബൃഹത് ക്യാമ്പയിൻ ആരോഗ്യ വകുപ്പ് ആരംഭിക്കുകയുണ്ടായി. 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ' എന്ന് നാമകരണം ചെയ്ത ഈ ക്യാമ്പയിൻ തുടക്കത്തിൽ

ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പഞ്ചായത്തിലാണ് നടപ്പിലാക്കുക. ആശാ പ്രവർത്തകർ, ഭവന സന്ദർശനം നടത്തി ഓരോ വീടുകളിലെയും 30 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ വിവരശേഖരണം നടത്തുന്നതിനും അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്കനുസൃതമായ പരിശോധനകൾക്ക് അവരെ അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ വിവരശേഖരണത്തിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലീ' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ചുവരുന്നത്. ഇത് തൽസമയംതന്നെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്. ഈ പരിപാടി നടപ്പിലാക്കാനാവശ്യമായ പരിശീലനങ്ങൾ എല്ലാ ആരോഗ്യ പ്രവർത്തകർക്കും ആശാ പ്രവർത്തകർക്കും ഇതിനോടകം നൽകിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായ ഫണ്ടുകൾ ദേശീയ ആരോഗ്യ ദൗത്യം മുഖേനയും സംസ്ഥാന പ്ലാൻ ഫണ്ട് മുഖേനയും വകയിരുത്തിയിട്ടുണ്ട്.

(സി) മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ജീവിതശൈലീ രോഗ നിർണ്ണയത്തിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ നേട്ടങ്ങൾ

എന്തൊക്കെയെന്ന് അറിയിക്കാമോ?

ഉണ്ട്. 30 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അവയിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുമുള്ള വിവരം ആശാ പ്രവർത്തകരിലൂടെ ശേഖരിക്കുകയും ശേഖരിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ആയത് ഡിജിറ്റൈസ് ചെയ്യുന്നതിനുമായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നു. ഇതുവഴി ശേഖരിക്കുന്ന വിവരങ്ങൾ തത്സമയംതന്നെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെ ചെയ്യുന്നതിലൂടെ ഓരോ ആശാ പ്രവർത്തകയും ഓരോ ആരോഗ്യ സ്ഥാപനവും ഓരോ ജില്ലയിലും നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തത്സമയം നിരീക്ഷിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കും.

## മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനം

6 (*306) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനവേളയിൽ അദ്ദേഹത്തിനുവേണ്ടി യു.എ.ഇ. കോൺസുലേറ്റ് മുഖേന ബാഗ്/പാക്കേജ് അയച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ബാഗ്/പാക്കേജ് കൈപ്പറ്റിയത് ആരാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിക്ക് യു.എ.ഇ. കോൺസുലേറ്റ് വഴി ഒരു ബാഗേജും അയച്ചിട്ടില്ല.

(ബി) മുഖ്യമന്ത്രിക്ക് ബാഗ്/പാക്കേജ് അയയ്ക്കുന്നതിന് നയതന്ത്ര ചാനൽ തിരഞ്ഞെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ;

&

(സി) മറ്റൊരു രാജ്യത്തിന്റെ നയതന്ത്ര ചാനൽ വഴി ബാഗ്/പാക്കേജ് കൊടുത്തയയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ബാധകമല്ല.

## കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത

7 (*307) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജലപാതകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും ഇവയില്ലാത്ത സ്ഥലങ്ങളിൽ പുതിയ കനാലുകൾ നിർമ്മിച്ചുകൊണ്ടും സൃഷ്ടിക്കാനുദ്ദേശിക്കുന്ന കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ആകെ ചെലവ് എത്രയാണെന്ന് അറിയിക്കാമോ?

കോവളം മുതൽ ബേക്കൽ വരെ 616 കിലോമീറ്റർ വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ പല ഭാഗങ്ങളിലും തടസ്സങ്ങളായിട്ടുള്ള (ആഴവും വീതിയും കുറഞ്ഞ) പാലങ്ങൾ, മറ്റ് ക്രോസ്സ് സ്ട്രക്ചറുകൾ എന്നിവ പുനർനിർമ്മിച്ചും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം വീണ്ടെടുത്ത് കനാൽ ദേശീയ നിലവാരത്തിൽ വികസിപ്പിച്ചും നിലവിൽ കനാൽ ഇല്ലാത്ത ഭാഗങ്ങളിൽ ഭൂമി ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണതോതിൽ

പൂർത്തിയാക്കുന്നതിന് 6500 കോടിയധികം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) കൊല്ലം-കോട്ടപ്പുറം സെക്ടർ ദേശീയ ജലപാതയായി ഉയർത്തുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ?

കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് എത്തുന്നതിന് കൊല്ലം ചവറ കോവിൽതോട്ടത്ത് ഒരു നടപ്പാലത്തിന്റെയും ആലപ്പുഴ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജിന്റെയും പുനർനിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്.

(സി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് പുതിയതായി കനാൽ നിർമ്മിക്കേണ്ടതായിട്ടുള്ളതെന്നും അവയുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ?

മാഹി - വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്ററും നീലേശ്വരം - ബേക്കൽ ഭാഗത്ത് 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KWIL മുഖേന നടപ്പാക്കിവരുന്നു. സ്ഥലം

ഏറ്റെടുക്കുന്നതിനായി മാഹി-വളപട്ടണം ഭാഗത്ത് 650 കോടി രൂപയും നീലേശ്വരം-ബേക്കൽ ഭാഗത്ത് 186 കോടി രൂപയും KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പുരോഗമിച്ചുവരുന്നു.

(ഡി) കൊല്ലം-കോട്ടപ്പുറം ജലപാതയ്ക്കായി ഒഴിപ്പിക്കേണ്ടിവരുന്ന വീടുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ജലപാതയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കോവളം മുതൽ ബേക്കൽ വരെ വെസ്റ്റ്കോസ്റ്റ് കനാൽ വികസനത്തിനായുള്ള നടപടികൾ പല ഘട്ടങ്ങളിലും പല റീച്ചുകളിലുമായി നടപ്പാക്കിവരുന്നതിനാൽ ഒഴിപ്പിക്കേണ്ടിവരുന്ന വീടുകളുടെ എണ്ണം മൊത്തത്തിൽ കണക്കാക്കിയിട്ടില്ല. കോവളം മുതൽ വർക്കല വരെയുള്ള ഏകദേശം 1360 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കിവരുന്നു. കൂടാതെ വർക്കല ഭാഗത്ത് 76 കുടുംബങ്ങളെ ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം മാതൃകയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടി ജലപാതയുടെ ഭാഗമായ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗം

ദേശീയജലപാതയാണ്. ഇതിൽ കോട്ടപ്പുറം മുതൽ കല്ലായി വരെയുള്ള ഭാഗത്തെ വികസനം സംബന്ധിച്ച് IWAI (Inland Waterways Authority of India) തയ്യാറാക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടനുസരിച്ചായിരിക്കും പുനരധിവാസം തീരുമാനിക്കുന്നത്. കോഴിക്കോട് കനോലി കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KWIL (Kerala Waterways and Infrastructure Limited) സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം മാത്രമേ പ്രസ്തുത ഭാഗത്ത് ഒഴിപ്പിക്കേണ്ടിവരുന്നവരുടെ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളൂ. മാഹി-വളപട്ടണം, നീലേശ്വരം, ബേക്കൽ എന്നീ ഭാഗങ്ങളിൽ കനാൽ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തിവരുന്നു. സ്ഥലം ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി മാഹി-വളപട്ടണം കനാലിന് 650 കോടി രൂപയുടേയും നീലേശ്വരം-ചിത്താരി കനാലിന് 186 കോടി രൂപയുടേയും പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

### വയനാട് എം.പി.യുടെ ഓഫീസ് തകർത്ത സംഭവം

8 (*308) <u>ശ്രീ. കെ. പി. എ. മജീദ്</u>:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വയനാട് എം.പി.-യുടെ കൽപ്പറ്റയിലെ ഓഫീസ് അടിച്ചുതകർത്ത കേസ്സിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി) ഈ സംഭവത്തിൽ സ്പെഷ്യൽ ബ്രാഞ്ചിനും ഇന്റലിജൻസിനും വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ?

ഈ സംഭവത്തിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടില്ല.

(സി) ഓഫീസ് തകർത്ത സംഭവത്തിലെ പ്രതികളെ മുഴുവൻ കണ്ടെത്തി അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടോ; പ്രതികളുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുമോ?

സംഭവവുമായി ബന്ധപ്പെട്ട് ക്രൈം. നം. 534/2022, 535/2022 നമ്പരായി കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 29 പ്രതികളെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരെല്ലാവരും വിദ്യാർത്ഥി

സംഘടനാ പ്രവർത്തകരാണ്. ഇതിനുപുറമേ, മഹാത്മാഗാന്ധിയുടെ ഫോട്ടോ താഴെ ഇട്ടെന്നും അപമാനിച്ചുവെന്നുമുള്ള പരാതിയിൽ ക്രൈം നം. 555/2022 നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനം**

9 (*309) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി യു.എ.ഇ. സന്ദർശിച്ച അവസരത്തിൽ യു.എ.ഇ. കോൺസുലേറ്റ് ഉദ്യോഗസ്ഥർ മുഖേന മുഖ്യമന്ത്രിക്ക് ബാഗേജ് അയച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ബാഗേജ് കൈപ്പറ്റിയത് ആരാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിക്ക് യു.എ.ഇ. കോൺസുലേറ്റ് വഴി ഒരു ബാഗേജും അയച്ചിട്ടില്ല.

(ബി) എങ്കിൽ മുഖ്യമന്ത്രിക്ക് ബാഗേജ് അയയ്ക്കുന്നതിനുവേണ്ടി നയതന്ത്ര ചാനൽ തെരഞ്ഞെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ;

&

(സി) എങ്കിൽ ഈ ബാഗേജ് കോൺസുലേറ്റിലെ ജീവനക്കാർ ആരിൽ നിന്ന് വാങ്ങണമെന്നാണ് നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**പോലീസ് സേനയുടെ ആധുനികീകരണം**

10 (*310) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വിപുലീകരണത്തോടൊപ്പം ആധുനിക സാങ്കേതികവിദ്യകളുടെയും നൂതനോപകരണങ്ങളുടെയും പ്രയോഗം പ്രാവർത്തികമാക്കിയിട്ടുണ്ടോ; പോലീസ് സ്റ്റേഷനുകൾക്കെല്ലാം സ്വന്തം കെട്ടിടമെന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഉപകരണങ്ങളും മറ്റ് നൂതനോപകരണങ്ങളും വാങ്ങുന്നതിനായി മുൻ സർക്കാരും ഈ സർക്കാരും

അധികാരത്തിൽ വന്നശേഷം നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

ശാസ്ത്രീയമായ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequencer, Advanced equipment for document examination, PCR Machine, Ultra Low Temperature Freezer, Automated DNA Extraction System, Mobile Compactor Storage തുടങ്ങിയ നിരവധി അത്യാധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിനായി വാങ്ങിയിട്ടുണ്ട്.

അത്യാധുനിക സാങ്കേതികവിദ്യയിലുള്ള Vehicle Mounted GPS System, Unmanned Aerial Vehicle തുടങ്ങിയവ ക്രമസമാധാന പാലനത്തിനുവേണ്ടി വാങ്ങിയിട്ടുണ്ട്.

ജീവഹാനി കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനും Bomb Detection and Disposal Squad (BDDS) ടീമിന് ആവശ്യമായ Robotic Mobile Explosive Cutter Vehicle അടക്കമുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കുപകരം അത്യാധുനിക

രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. പാലക്കാട് ജില്ലയിലും Digital Mobile Communication System 1188.40 ലക്ഷം രൂപ ചെലവിൽ ആരംഭിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

Finger Print Bureau-യെ digitize ചെയ്യുന്നതിലേയ്ക്കായി Automated Fingerprint Identification System (AFIS) നടപ്പിലാക്കിയിട്ടുണ്ട്.

കോളുകൾ, മെസ്സേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനായി CMS (Central Monitoring System) നടപ്പിലാക്കിയിട്ടുണ്ട്. അത്യാധുനിക സാങ്കേതികവിദ്യയിലുള്ള ബോഡി വോൺ ക്യാമറകൾ, CCTV ക്യാമറകൾ, Traffic Signal system, Traffic Enforcement ഉപകരണങ്ങൾ, Traffic Gaming ആപ്ലിക്കേഷനുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.

തീരദേശ സുരക്ഷയ്ക്കും LWE/ മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി നൂതന സാങ്കേതികവിദ്യയിലുള്ള സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ

കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെ ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC) പ്രോജക്റ്റ്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

ശബരിമലയിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടി Door Frame Metal Detector, Hand Held Metal Detector, Search Light, Extension Mirror, Portable X ray baggage scanner, Mine Sweeper, Non Linear Junction Detector, Modern Security Cameras, CCTV cameras എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ CCTNS സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. ഇതിനായി 4 സെർവർ മെഷീനുകൾ വാങ്ങുകയും പോലീസ് സ്റ്റേഷനുകൾക്ക് 1674 ലാപ്ടോപ്പ്, 550 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ എന്നിവ വാങ്ങിയിട്ടുമുണ്ട്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ 48 ERSS വാഹനങ്ങളിൽ ഘടിപ്പിക്കുന്ന ക്യാമറകൾ (Vehicle Mounted Cameras) ഘടിപ്പിച്ചിട്ടുള്ളതും ആയവയിൽ Live stream facility

ലഭ്യമാക്കിയിട്ടുമുണ്ട്. ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ 725 ലക്ഷം രൂപ ചെലവിൽ Automatic Number Plate Recognition System (ANPR) - System for Border Ceiling സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. കൂടാതെ 375 ലക്ഷം രൂപ ചെലവിൽ കണ്ണൂർ, ഇടുക്കി, കോട്ടയം, എറണാകുളം റൂറൽ, ആലപ്പുഴ, കൊല്ലം സിറ്റി എന്നീ ജില്ലകളിൽ Automatic Number Plate Recognition System (ANPR) - System for Border Ceiling-ന്റെ പണി പൂർത്തീകരിച്ചിട്ടുമുണ്ട്.

6 ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, കണ്ണൂർ റൂറൽ) ജില്ലാ അതിർത്തികളിലും ലാൻഡിംഗ് പോയിന്റുകളിലും 400 ലക്ഷം രൂപ ചെലവിൽ Facial recognition സൗകര്യമുള്ള Automatic Number Plate Recognition System സ്ഥാപിക്കുന്നതിനും ഇത് കേന്ദ്രീകൃത ഡാറ്റാബേസിലേയ്ക്ക്

ബന്ധിപ്പിക്കാനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പോലീസ് വകുപ്പിൽ Artificial Intelligence മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി 200 ലക്ഷം രൂപ crowd control and surveillance, facial identification, scanning video footage for anomalies എന്നിവയ്ക്കായി അനുവദിച്ചിട്ടുണ്ട്.

50 ലക്ഷം രൂപ ചെലവിൽ GIS Crime Mapping/Vehicle Mounted GPS with Display നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾക്ക് (തിരുവനന്തപുരം/കൊച്ചി/കോഴിക്കോട്/തൃശ്ശൂർ സിറ്റികൾ ഒഴികെ) Technology Upgradation-നും Logistics and other equipments-നും വേണ്ടി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകൾക്ക് ആവശ്യമായ ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും എസൻഷ്യൽ ടൂളുകളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ATS (Anti Terrorist Squad)-ന്റെ നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും വാങ്ങുന്നതിനായി 262 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ അത്യാധുനിക

CCTV ക്യാമറകളും അതിന്റെ ജില്ലാ സംസ്ഥാന മോണിട്ടറിംഗ് സിസ്റ്റവും നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പോലീസ് വകുപ്പിൽ നിലവിലുണ്ടായിരുന്ന ഡോഗ് സ്ക്വാഡിനെ വിപുലീകരിക്കുകയും K9 Squad എന്ന് പേര് മാറ്റുകയും അതിനുവേണ്ടി പുതുതായി രാജ്യത്തെ ഏറ്റവും മികച്ച പ്രജനന/പരിശീലന കേന്ദ്രങ്ങളിൽനിന്നും പോലീസ് നായ്ക്കളെ വാങ്ങി മികച്ച രീതിയിൽ പരിപാലിക്കുന്നതിനുള്ള കേന്ദ്രങ്ങൾ സജ്ജീകരിക്കുകയും ചെയ്തു. K9 Squad-ന്റെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി 21 വാഹനങ്ങൾ വാങ്ങി നൽകിയിട്ടുള്ളതും മലപ്പുറം ജില്ലയിലെ അരീക്കോട്ട് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിന്റെ (SoG) കീഴിൽ ഇതിനായി കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ക്രൈംബ്രാഞ്ച് ആസ്ഥാനത്തിനായുള്ള കെട്ടിട നിർമ്മാണവും തിരുവനന്തപുരം, ഇടുക്കി, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ ക്രൈംബ്രാഞ്ച് യൂണിറ്റുകൾക്കുവേണ്ടിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന് ആസ്ഥാന മന്ദിരം ആധുനിക രീതിയിൽ രൂപകൽപ്പന ചെയ്ത് നിർമ്മിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തം കെട്ടിടം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ 43 പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിലും 27 പോലീസ് സ്റ്റേഷനുകൾ മറ്റ് സർക്കാർ വകുപ്പുകളുടെ കീഴിലുള്ള കെട്ടിടങ്ങളിലും പ്രവർത്തിച്ചുവരുന്നു. ഇവയിൽ 19 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ സർക്കാർ പദ്ധതികളിലുൾപ്പെടുത്തി നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമല്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

(ബി) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിച്ചത് പോലീസ് സേനയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ സഹായകരമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സഹായകരമായിട്ടുണ്ട്. ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിച്ചതുവഴി പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ടാകുന്ന ക്രൈം കേസുകളിൽ കാര്യക്ഷമമായ അന്വേഷണം സമയബന്ധിതമായി നടത്തി, കുറ്റപത്രം ബഹു. കോടതികളിൽ അതിവേഗം സമർപ്പിക്കാൻ സാധിക്കുന്നു.

കൂടാതെ ക്രമസമാധാന പ്രശ്നങ്ങളിൽ പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് വളരെ പെട്ടെന്ന് ഇടപെട്ട് പ്രശ്നങ്ങൾ സങ്കീർണ്ണമാകാതെ നിയമവാഴ്ച ഉറപ്പുവരുത്തുവാനും സാധിക്കുന്നുണ്ട്.

(സി) സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ സാമ്പത്തിക കുറ്റകൃത്യാന്വേഷണ വിഭാഗം പ്രത്യേകമായി രൂപീകരിച്ചിട്ടുണ്ടോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി 17-03-2022-ലെ സർക്കാർ ഉത്തരവ് (കൈ) നം.51/2022/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യ വിഭാഗം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## നെല്ലിന്റെ സംഭരണ വില

11 (*311) ശ്രീമതി യു. പ്രതിഭ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബജറ്റിൽ നെല്ലിന്റെ സംഭരണ വില 28.20 രൂപയായി പ്രഖ്യാപിച്ചിരുന്നോ; നെല്ലിന്റെ സംഭരണ വില കുറച്ചതായി ചില മാധ്യമങ്ങൾ വാർത്ത നൽകിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; പ്രഖ്യാപിത വിലയിൽ സർക്കാർ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രഖ്യാപിച്ചിരുന്നു. 2020-21 സീസണിൽ കേന്ദ്ര താങ്ങുവില (MSP) 18.68 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 8.80 രൂപയും ഉൾപ്പെടെ 2020-21 സീസണിൽ നെല്ലിന്റെ വില 27.48 രൂപയായിരുന്നു. 2021-22 സീസൺ മുതൽ സംസ്ഥാന വിഹിതം 52 പൈസ കൂട്ടി നെല്ലിന്റെ സംഭരണ വില 28 രൂപയായി നിശ്ചയിച്ചിരുന്നു. 2022-23 സീസൺ മുതൽ 19-04-2022-ലെ സ.ഉ.(കൈ) നം. 9/2022/ഭ.പൊ.വി.വ. പ്രകാരം നെല്ലിന്റെ സംഭരണ വില 20 പൈസ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 28.20 രൂപയായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംഭരണവിലയിൽ കുറവുവരുത്തിയിട്ടില്ല. ഇതുസംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രാജ്യത്ത് നെല്ലിന് ഏറ്റവും ഉയർന്ന സംഭരണ വില നൽകുന്നത് കേരളത്തിലാണോയെന്ന് അറിയിക്കാമോ; അയൽ സംസ്ഥാനങ്ങളിലെ

സംഭരണ വില എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന പ്രോത്സാഹന ബോണസ് ഏറ്റവുമധികം നൽകുന്നത് കേരളമാണെന്ന് അയൽ സംസ്ഥാനങ്ങളിലെ കണക്കുകൾവച്ച് അനുമാനിക്കുന്നു. അന്വേഷിച്ച് മനസ്സിലാക്കിയ വിവരങ്ങൾവച്ച് സംസ്ഥാന പ്രോത്സാഹന ബോണസ് തമിഴ്നാട്ടിൽ Grade A വിഭാഗം നെല്ലിന് ഒരു രൂപയും കോമൺ വിഭാഗത്തിന് 75 പൈസയുമാണ്. ആന്ധ്രാപ്രദേശ്, കർണ്ണാടക സംസ്ഥാനങ്ങളിൽ പ്രോത്സാഹന ബോണസ് നൽകുന്നില്ല. ഈ സംസ്ഥാനങ്ങളിൽ നെല്ലിന്റെ വിലയായി കേന്ദ്രസർക്കാർ നൽകുന്ന MSP മാത്രമേ നെല്ലിന്റെ വിലയായി കർഷകർക്ക് നൽകുന്നുള്ളൂ.

(സി) ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർക്ക് പ്രതിസന്ധി സൃഷ്ടിക്കാത്ത രീതിയിലാണോ സംഭരണ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നവർക്കും പാട്ടഭൂമിയിൽ കൃഷി ചെയ്യുന്നവർക്കും വേണ്ടി രണ്ടുതരം അപേക്ഷകളുണ്ട്.

ഫോം - A: സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക്

ഫോം - C: പാട്ട ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക്.

നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്യുന്ന വേളയിൽ www.supplycopaddy.in എന്ന നെല്ല് സംഭരണ വെബ്സൈറ്റിൽ കർഷകന് ഈ അപേക്ഷകൾ ലഭ്യമാണ്.

മുൻകാലങ്ങളിൽ പാട്ട ഭൂമിയിൽ കൃഷി ചെയ്യുന്നവർ മുദ്ര പേപ്പറിൽ സത്യവാങ്മൂലം എഴുതി സമർപ്പിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ കോവിഡ് സമയത്ത് ഇത് ഒഴിവാക്കിയിരുന്നു. പിന്നീടും ആ നില തുടർന്നുവരുന്നു.

നെല്ല് സംഭരണത്തിനായുള്ള കർഷക രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനായാണ് നടത്തുന്നത്. കർഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും ഫീൽഡ് പരിശോധനയ്ക്കുശേഷം കൃഷിഭവൻ ഉദ്യോഗസ്ഥർ ഓൺലൈനായി അപേക്ഷ ശിപാർശ ചെയ്യുകയും സപ്ലൈകോയുടെ പാഡി മാർക്കറ്റിംഗ് ഓഫീസർമാർ ഓൺലൈനായി അപേക്ഷ അപ്രൂവ് ചെയ്യുകയും ചെയ്യുന്നു. സ്വന്തമായി കൃഷി സ്ഥലമുള്ളവർക്കും പാട്ടകൃഷിക്കാർക്കും ഒരേ രീതിയാണ് പിന്തുടരുന്നത്. നെല്ല് സംഭരണത്തിന്റെ പൊതുനിബന്ധനകളിലെ നാലാം ഖണ്ഡികയിൽ പാട്ടകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ ഉടമസ്ഥാവകാശത്തെച്ചൊല്ലി പരാതികളുണ്ടാകുന്നപക്ഷം പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കർഷകർ സ്വയം തെളിയിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

## മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനം

12 (*312) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി. ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനവേളയിൽ യു.എ.ഇ. കോൺസുലേറ്റ് മുഖേന മുഖ്യമന്ത്രിക്ക് അയച്ചതായി പറയപ്പെടുന്ന ബാഗേജ് മുഖ്യമന്ത്രിയോ അദ്ദേഹത്തിനുവേണ്ടി മറ്റാരെങ്കിലുമോ കൈപ്പറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

മുഖ്യമന്ത്രിക്ക് യു.എ.ഇ. കോൺസുലേറ്റ് വഴി ഒരു ബാഗേജും അയച്ചിട്ടില്ല.

(ബി) എങ്കിൽ മുഖ്യമന്ത്രിക്ക് ബാഗേജ് അയയ്ക്കുന്നതിനുവേണ്ടി മറ്റൊരു രാജ്യത്തിന്റെ കോൺസുലേറ്റിന്റെ സഹായം തേടിയത് എന്തിനാണെന്ന് വ്യക്തമാക്കുമോ?

&

(സി) പ്രസ്തുത ബാഗേജ് കൊടുത്തുവിട്ടത് ആരാണെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**ദേശീയ ജലപാത-3**

13 (*313) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത-3 എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത-3 (NW3) ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ അധീനതയിലാണ്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. നിലവിൽ ഗതാഗതയോഗ്യമാണെങ്കിലും പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് എത്തുന്നതിന് കൊല്ലം ചവറ കോവിൽതോട്ടത്ത് ഒരു നടപ്പാലത്തിന്റെയും ആലപ്പുഴ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജിന്റെയും പുനർനിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്.

ചവറയിലെ പാലം നിർമ്മാണത്തിൽ സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നത് പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൃക്കുന്നപ്പുഴ നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജിന്റെ പണികൾ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ ഫണ്ട് ഉപയോഗിച്ച് ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു.

കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗം ദേശീയ ജലപാതയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്ഥലമേറ്റെടുക്കൽ, ആഴവും വീതിയും കൂട്ടൽ, ഉയരം കുറഞ്ഞ റഗുലേറ്ററുകൾ, പാലങ്ങൾ എന്നിവ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കൽ, മറ്റ് പുതിയ ക്രോസ് സ്ട്രക്ച്ചറുകളുടെ നിർമ്മാണം തുടങ്ങിയവ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് IWAI തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും.

(ബി) ദേശീയ ജലപാതയിൽ ഉൾപ്പെടാത്ത മറ്റ് ഭാഗങ്ങൾ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി KIIFB LA യൂണിറ്റുമായി ചേർന്ന് സ്ഥലപരിശോധന നടത്തിവരുന്നു. പാർവ്വതീപുത്തനാറിന് കുറുകെ കരിക്കകം, പുത്തൻപാലം, പനത്തുറ എന്നീ സ്ഥലങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജുകളുടെ നിർമ്മാണവും കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർനിർമ്മാണവും നടപ്പിലാക്കിവരുന്നു. ഈ ഭാഗത്ത് പാർവ്വതീ പുത്തനാർ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ടുജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ, നടപ്പാലങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കോഴിക്കോട് സിറ്റിയിൽക്കൂടി കടന്നുപോകുന്ന ജലപാതയുടെ ഭാഗമായ

11.2 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന "കനോലി കനാൽ വികസന പദ്ധതി" കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

വടകര മുതൽ മാഹി വരെ അഞ്ച് റീച്ചുകളായി തിരിച്ചിട്ടുള്ള 17.61 കി.മീ. ദൂരത്തിൽ 12 കി.മീ. ദൂരം ഗതാഗതയോഗ്യമായിട്ടുണ്ട്. ഒന്നാം റീച്ചിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായിവരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും വെങ്ങോലി ലോക്ക്-കം-ബ്രിഡ്ജിന്റെയും നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. വടകര-മാഹി കനാൽ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കുന്നതിനായി റീച്ച്-3-ന്റെ നരിക്കോട്ട് താഴെ മുതൽ കല്ലേരി വരെയുള്ള 3.24 കി.മീ.-ൽ ഉൾപ്പെട്ട 800 മീറ്റർ വരെ ചേരിപ്പോയിൽ ഹൈ കട്ട് ഭാഗത്ത് എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ചിട്ടുള്ള പുതിയ ഡിസൈൻ പ്രകാരമുള്ള പ്രവൃത്തിക്കും മൂന്നാം റീച്ചിൽ ഗതാഗത യോഗ്യമാക്കാൻ ബാക്കിയുള്ള 2.44 കി.മീ. ഭാഗം കൂടി ഉൾപ്പെടുത്തിയും പുതുക്കിയ ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇത്

പരിശോധിച്ചുവരുന്നു. റീച്ച് അഞ്ചിൽ 3 കി.മീ. ദൂരം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മാഹി-വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്ററും നീലേശ്വരം-ബേക്കൽ ഭാഗത്ത് 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KWIL മുഖേന നടപ്പാക്കിവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി മാഹി-വളപട്ടണം ഭാഗത്ത് 650 കോടി രൂപയും നീലേശ്വരം-ബേക്കൽ ഭാഗത്ത് 186 കോടി രൂപയും KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വെ പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പുരോഗമിച്ചുവരുന്നു.

സംസ്ഥാന ജലപാത ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസും ഹൊറിസോണ്ടൽ ക്ലിയറൻസും ലഭ്യമാകാത്ത പാലങ്ങളും മറ്റ് ക്രോസ് സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സംസ്ഥാനത്തിന്റെ ഗതാഗത, വിനോദസഞ്ചാര, വാണിജ്യ മേഖലകളിലും പൊതു വികസനത്തിലും ഏതെല്ലാം രീതിയിൽ സഹായകരമാകുമെന്ന്

വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വെസ്റ്റ് കോസ്റ്റ് കനാലിന്റെ (WCC) വികസനം പൂർത്തിയാകുന്നതോടെ ജലഗതാഗതത്തിനും വൻതോതിൽ ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിനും വഴിതുറക്കുകയും ഇന്ന് നേരിടുന്ന ഗതാഗതക്കുരുക്കിനും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണുന്നതിനും അപകട സാധ്യത കൂടുതലുള്ള ചരക്കുകൾ സുഗമമായി കൈകാര്യം ചെയ്യുന്നതിനും സാധിക്കും. കൂടാതെ ജലഗതാഗതം വഴിയുള്ള ചരക്കുനീക്കം മറ്റ് ഗതാഗതമാർഗ്ഗങ്ങളെ അപേക്ഷിച്ച് ചെലവുകുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യമായതുമാണ്. ഇതുമൂലം പരോക്ഷമായി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും.

വെസ്റ്റ് കോസ്റ്റ് കനാൽ (WCC) പൂർണ്ണതോതിൽ ജലഗതാഗതത്തിന് തുറന്നുകൊടുക്കപ്പെടുന്നത് ടൂറിസം വികസനത്തിന് കുതിപ്പേകുകയും വിദേശ ടൂറിസ്റ്റുകളെയും അന്താരാഷ്ട്ര കപ്പൽ ഗതാഗത ഏജൻസികളെയും ഇവിടേയ്ക്ക് ആകർഷിക്കാനും അതിലൂടെ സംസ്ഥാനത്തിന് വൻതോതിൽ വിദേശനാണ്യം നേടാൻ കഴിയുന്നതുമാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിലൂടെ ടി പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരവും സാമ്പത്തിക നിലവാരവും ഉയരുകയും ചെയ്യും.

## സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ വിജിലൻസ് സംഘം കസ്റ്റഡിയിൽ എടുത്ത സംഭവം

14 (*314) ശ്രീമതി കെ. കെ. രമ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ പാലക്കാടുള്ള താമസസ്ഥലത്തുനിന്നും വിജിലൻസ് സംഘം കസ്റ്റഡിയിലെടുത്തിരുന്നോ; എങ്കിൽ ഏത് കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ടായിരുന്നു കസ്റ്റഡിയിലെടുത്തതെന്ന് വിശദമാക്കാമോ?

സ്വർണ്ണക്കടത്ത് കേസിലെ പ്രതിയെ വിജിലൻസ് സംഘം കസ്റ്റഡിയിലെടുത്തിട്ടില്ല.

(ബി) ഒരു കേസിലെ പ്രതിയെ കസ്റ്റഡിയിലെടുക്കുമ്പോൾ പാലിക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ഈ കേസിൽ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ബാധകമല്ല.

(സി) പ്രസ്തുത പ്രതിയുടെ ഫോൺ പിടിച്ചെടുക്കുന്നതിനും കസ്റ്റഡിയിലെടുക്കുന്നതിനും മുമ്പ് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ തീയതി അടങ്ങുന്ന വിശദാംശങ്ങൾ നൽകാമോ;

&

(ഡി) പ്രസ്തുത പ്രതിയെ ചോദ്യം ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ?

പാലക്കാട് വിജിലൻസ് യൂണിറ്റ് മേധാവി മുമ്പാകെ പ്രതി ഫോൺ ഹാജരാക്കിയ വേളയിൽ ടിയാനിൽനിന്നുമുള്ള മൊഴി രേഖപ്പെടുത്തി.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ്**

15 (*315) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തങ്ങൾക്ക് ലഭിക്കേണ്ട വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തിയിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 82% വസ്തു നികുതിയും 95% തൊഴിൽ നികുതിയും പിരിച്ചെടുത്തിട്ടുണ്ട്.

നഗരസഭകളിൽ നികുതികൾ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നികുതികൾ കൃത്യമായി പിരിച്ചെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്?

1. ഗ്രാമപഞ്ചായത്തുകളിൽ നികുതി കുടിശ്ശികയുള്ള നികുതിദായകൻ എസ്.എം.എസ്. മുഖേന നികുതി കുടിശ്ശിക സംബന്ധിച്ച വിവരം നിശ്ചിത ഇടവേളകളിൽ പേയ്മെന്റ് ലിങ്ക് ഉൾപ്പെടെ നൽകി നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ, ബി.എസ്.എൻ.എൽ. എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

2. വസ്തു നികുതി 100% ഓൺലൈനായി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികളും പ്രചാരണ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

3. തൊഴിൽ നികുതി ഓൺലൈൻ മോഡിലൂടെ ഡിമാന്റ് ചെയ്യുന്നതിനും അടയ്ക്കുന്നതിനുമുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ നടപടി സ്വീകരിച്ചുവരുന്നു.

നഗരസഭാതലത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി മേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടർ തലത്തിൽ നഗരസഭ സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ നഗരസഭാ സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ നികുതി പിരിവ് സംബന്ധിച്ച് അവലോകനം നടത്തിവരുന്നു.

(സി) നികുതി പിരിവിന്റെ പുരോഗതി മനസ്സിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

പഞ്ചായത്തുതലത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തു നികുതി പിരിവിന്റെ പുരോഗതി വിലയിരുത്തുന്നതിന് സാധിക്കുന്നുണ്ട്.

നഗരസഭാതലത്തിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ മുഖാന്തരം നികുതി പിരിവ് പുരോഗതി

മനസ്സിലാക്കാവുന്നതാണ്. നികുതികൾ തിട്ടപ്പെടുത്തുന്നതിനും നികുതി പിരിവ് വിലയിരുത്തുന്നതിനും ഇതുവഴി സാധിക്കുന്നതാണ്. നിലവിൽ തൊഴിൽ കരം പിരിക്കുന്നതിനായി IITMK തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ്ഫോം ആണ് ഉപയോഗിച്ചുവരുന്നത്. വസ്തു നികുതി ഒടുക്കുന്നതിനും ഓൺലൈൻ സംവിധാനം നിലവിലുണ്ട്. മേഖലാ ജോയിന്റ് ഡയറക്ടർ നഗരകാര്യ ഡയറക്ടർ തലങ്ങളിൽ നികുതി പിരിവിന്റെ പുരോഗതി അവലോകനം നടത്തിവരുന്നു.

## കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമപ്രകാരമുള്ള അവകാശങ്ങൾ

16 (*316) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ളതും കൃത്യമായ അളവിലുള്ളതുമായ ഭക്ഷ്യധാന്യങ്ങളും മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങളും ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളും മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങളും കൃത്യമായ അളവിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ ലീഗൽ മെട്രോളജി വകുപ്പും ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പും ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പും വ്യത്യസ്ത പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയും കൃത്യമായ പരിശോധനകൾ നടത്തി കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും ചെയ്തുവരുന്നു. അതോടൊപ്പം ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങളും മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങളും സപ്ലൈകോ മുഖേന ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഉൽപ്പന്നങ്ങളുടെ അളവ്, ഗുണനിലവാരം എന്നിവയുമായി ബന്ധപ്പെട്ടവ ഉൾപ്പെടെയുള്ള പരാതികൾ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകൾവഴി ഫലപ്രദമായി പരിഹരിച്ചുവരുന്നു.

(ബി) കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമത്തിൽ അനുശാസിക്കുന്നതനുസരിച്ച് ഉപഭോക്താക്കൾക്ക് അവരുടെ അവകാശങ്ങൾ പൂർണ്ണമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഉപഭോക്താക്കളെ അവരുടെ അവകാശങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച്

നടപ്പിലാക്കിവരുന്നു. ഉപഭോക്തൃ തർക്കങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന കമ്മീഷനും പതിനാല് ജില്ലകളിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളും പ്രവർത്തിക്കുന്നു. കൂടാതെ ഓൺലൈനായി പരാതി നൽകുന്നതിന് ഇ-ദാഖിൽ സംവിധാനം, സൗജന്യ നിയമ സഹായ ഡെസ്ക് എന്നിവയും കൺസ്യൂമർ കമ്മീഷനുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

(സി) ഉപഭോക്തൃകാര്യ വകുപ്പിനെ ഭക്ഷ്യ, പൊതുവിതരണ വകുപ്പിനോട് ചേർത്തുകൊണ്ട് ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പ് എന്ന പേരിൽ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മെച്ചപ്പെട്ട ഉപഭോക്തൃ സംരക്ഷണം സാധ്യമാക്കുന്നതിലേയ്ക്ക് സെക്രട്ടേറിയറ്റിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിനെ വിഭജിച്ച് ലീഗൽ മെട്രോളജികൂടി ഉൾപ്പെടുത്തി 2007-ൽ ഉപഭോക്തൃകാര്യ വകുപ്പിന് രൂപം നൽകിയിട്ടുള്ളതാണ്. ഇവ തിരികെ സംയോജിപ്പിക്കുന്നത് സർക്കാരിന്റെ ആലോചനയിലില്ല. വകുപ്പുതലത്തിൽ പൊതുവിതരണ വകുപ്പിനെ 'പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് എന്ന് പുനർനാമകരണം ചെയ്യുകയും ഉപഭോക്തൃകാര്യ സെല്ലിനെ കൂടുതൽ വിപുലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) കൺസ്യൂമർ പ്രൊട്ടക്ഷൻ സംബന്ധിച്ച കേസുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതുൾപ്പെടെ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളുടെ പ്രവർത്തനം പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഉപഭോക്തൃ കമ്മീഷനുകളിൽ കോവിഡ്-19 വ്യാപനകാലത്തുതന്നെ ഇ-മെയിൽ മുഖേന പരാതികൾ സ്വീകരിക്കുകയും ഓൺലൈൻ ഹിയറിംഗ് നടത്തുകയും ചെയ്തിരുന്നു. നിലവിൽ കേന്ദ്രതലത്തിൽ NIC നടപ്പാക്കിയിട്ടുള്ള ഇ-ഫയലിംഗ് സംവിധാനമായ 'e-daakhil' സംവിധാനം സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും പ്രവർത്തിക്കുന്നുണ്ട്.

**വടക്കാഞ്ചേരി ലൈഫ് പദ്ധതി**

17 (*317) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ലൈഫ് പദ്ധതി സംബന്ധിച്ച് മുഖ്യമന്ത്രിയുടെ മുൻ

പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ളവർക്കെതിരെ ആരോപിക്കപ്പെട്ട ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; പ്രസ്തുത അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇല്ലെങ്കിൽ അന്വേഷണം പൂർത്തീകരിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പൂജപ്പുര സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നുണ്ട്.

(സി) പ്രളയ ദുരിതബാധിതരായ ജനങ്ങളുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കോട്ടയം ജില്ലയിൽ വൈക്കം സ്വദേശിയായ ശ്രീ. മനോജ് എന്നയാൾ മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിൽനിന്നും അനധികൃതമായി ആനുകൂല്യം നേടിയെന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമികാന്വേഷണം നടത്തിവരുന്നുണ്ട്. പ്രളയ ദുരിതബാധിതരുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുത്തതായി ആരോപിക്കപ്പെട്ട എറണാകുളം കളക്ടറേറ്റിലെ ക്ലാർക്കിനെതിരെ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടിയാനെതിരെ, അനധികൃത സ്വത്ത് സമ്പാദനത്തിന്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം സ്പെഷ്യൽ സെല്ലിൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്.

കോഴിക്കോട് താലൂക്ക് ഓഫീസിൽ 2018-ലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണം ചെയ്യുന്നതിൽ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് SDRF, CMDRF ശീർഷകങ്ങളിൽ നിന്നായി ധനസഹായ വിതരണം നടത്തുന്നതിൽ ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് തുടരന്വേഷണം നടന്നുവരുന്നുണ്ട്. അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇ-ഗവേണൻസിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനം

18 (*318) ശ്രീ. എം. വിജിൻ:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസസ് നടത്തിയ പഠനപ്രകാരം ഇ-ഗവേണൻസ് സേവനം പ്രദാനം ചെയ്യുന്നതിൽ കേരളം ദേശീയതലത്തിൽ ഒന്നാം സ്ഥാനത്താണെന്ന് കണ്ടെത്തിയിരുന്നോ?

കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ടുമെൻറ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസസ് നടത്തിയ പഠനപ്രകാരം (നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസെസ്സ്മെന്റ്) 2021-ൽ ഇ-ഗവേണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാന പോർട്ടൽ ഒന്നാം സ്ഥാനത്താണ്.

(ബി) ഭരണം ജനങ്ങളിലേയ്ക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ

ആവശ്യമുള്ള സേവനങ്ങൾ സമയനഷ്ടമില്ലാതെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ;

&

(സി) ഓഫീസുകളിൽ കയറിയിറങ്ങാതെ ജനങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ പരമാവധി ഓൺലൈൻവഴി സൗജന്യമായി ലഭ്യമാക്കാനായിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 72 വകുപ്പുകളിൽനിന്നുള്ള 830-ഓളം സേവനങ്ങളാണ് നിലവിൽ പ്രസ്തുത പോർട്ടലിലൂടെ നൽകിവരുന്നത്.

വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് തുടങ്ങി റവന്യൂ വകുപ്പ് നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ജനന-മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, ഭൂനികുതി, കെട്ടിട നികുതി, വൈദ്യുത ചാർജ്ജ് തുടങ്ങി വിവിധ

പണമൊടുക്കൽ സേവനങ്ങൾ തുടങ്ങിയവ പ്രസ്തുത പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നൽകിവരുന്നു.

കൂടാതെ സാമൂഹികനീതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുവിതരണ വകുപ്പ്, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈനായി 'ഇ-സേവനം' പോർട്ടലിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത സേവനങ്ങളിൽ 618 സേവനങ്ങളോളം 'എം-സേവനം' എന്ന മൊബൈൽ ആപ്പിലും ലഭ്യമാണ്.

ഉപഭോക്താക്കൾക്ക് സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയുടെ സേവനം നിലവിൽ സൗജന്യമായാണ് നൽകി വരുന്നത്. ഇ-സേവനം, എം-സേവനം എന്നിവയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വിപുലീകരിച്ചുവരുന്നു.

## ആദിവാസി മേഖലകളിൽ ലഹരി ഉപയോഗം തടയാൻ നടപടി

19 (*319) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും ശക്തമാക്കിയതിന്റെ ഫലമായി ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) മദ്യവും മയക്കുമരുന്നും നൽകി ആദിവാസി വിഭാഗങ്ങളെ ചൂഷണം ചെയ്യുന്നതായി എക്സൈസ് വകുപ്പിന് പരാതികൾ ലഭിച്ചിട്ടുണ്ടോ?

പരാതികൾ ലഭിച്ചിട്ടില്ല.

(സി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽനിന്ന് അവരെ പിന്തിരിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ആദിവാസി വിഭാഗങ്ങളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽനിന്ന് പിന്തിരിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഗോത്രമേഖലയിലെ ആളുകളിൽ ആരോഗ്യപരിപാലനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനുമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കരിയർ മാർഗ്ഗനിർദ്ദേശ കേന്ദ്രങ്ങൾ, പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കൽ, സ്പോർട്സ് ടീമുകൾ രൂപീകരിക്കൽ, കായിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ സേവനം ഉപയോഗിച്ചുകൊണ്ട് ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകിവരുന്നു. അട്ടപ്പാടിയിലെ ഗോത്രകലാകാരന്മാരെ അണിനിരത്തി

ലഹരിക്കെതിരെ ഗോത്രനാടകം തയ്യാറാക്കി ഊരുകളിൽ അവതരിപ്പിച്ച് വരുന്നതോടൊപ്പം 'ലഹരിക്കെതിരെ കായിക ലഹരി' എന്ന മുദ്രാവാക്യത്തോടെ ഫുട്ബോൾ ടീമുകൾ രൂപീകരിക്കുകയും ആദിവാസി സെറ്റിൽമെന്റുകളിലെ ചെറുപ്പക്കാരെ വിവിധ ജോലികൾക്ക് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകിവരികയും ചെയ്യുന്നു.

**സമഗ്ര പാലിയേറ്റീവ് വയോജന പരിചരണം**

20 (*320) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് പര്യാപ്തമായ രീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് മുഖേനയും കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത്

കെയർ ഓഫ് എൽഡേർലി മുഖേനയും നിരവധി വയോജന സൗഹൃദ ആരോഗ്യ സേവനങ്ങൾ സംസ്ഥാനത്ത് നൽകിവരുന്നു. ജെറിയാട്രിക് വാർഡുകൾ, ജെറിയാട്രിക് ഒ.പി., വയോജന സൗഹൃദ ശൗചാലയങ്ങൾ, വയോജന സൗഹൃദ ആശുപത്രികൾ, സൗജന്യ മരുന്ന്, ചികിത്സ എന്നിവ ആരോഗ്യ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ സാന്ത്വന പരിചരണം, ഫിസിയോതെറാപ്പി സേവനം, കൃത്രിമദന്തങ്ങൾ, ശ്രവണസഹായികൾ, വൈകല്യങ്ങൾക്കുള്ള ഉപകരണങ്ങൾ എന്നിവയുടെ വിതരണം തുടങ്ങിയ സേവനങ്ങളും ആരോഗ്യ വകുപ്പ് ഉറപ്പാക്കുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റീജിയണൽ ജെറിയാട്രിക് സെന്റർ പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്ക് മാത്രമായി 30 കിടക്കകളുള്ള വാർഡും ഫിസിയോതെറാപ്പി യൂണിറ്റും സജ്ജമാക്കിയിട്ടുണ്ട്. ഈ സെന്റർ തിരുവനന്തപുരം ജില്ലയിലെ വയോജനങ്ങളുടെ ആരോഗ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ആരോഗ്യ പ്രവർത്തകർക്കും പരിശീലനം നൽകുന്നുണ്ട്. എം.ബി.ബി.എസ്., മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നുണ്ട്.

മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നീ

കേന്ദ്രങ്ങൾവഴി വയോജനങ്ങൾക്കുവേണ്ട ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിലെ ഹൗസ് സർജൻമാർ, കമ്മ്യൂണിറ്റി മെഡിസിൻ പി.ജി. വിദ്യാർത്ഥികൾ മുഖേനയും ഗൃഹസന്ദർശനവും അനുബന്ധ വയോജന പാലിയേറ്റീവ് കെയർ സേവനങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.

സംസ്ഥാനതലത്തിൽ വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി പ്രത്യേക പരിഗണന നൽകിക്കൊണ്ട് താഴെപ്പറയുന്ന ക്ഷേമ പദ്ധതികളും നടപ്പിലാക്കിവരുന്നു.

1. വയോപോഷണം പദ്ധതി

കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പോഷകാഹാര ലഭ്യതയ്ക്കുമായി ഫുഡ് കിറ്റ് വിതരണം ചെയ്യുന്ന പദ്ധതി. നടപ്പുവർഷം മുതൽ സായംപ്രഭാ ഹോമുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലെ ബി.പി.എൽ. വിഭാഗത്തിലുള്ള മുതിർന്ന പൗരന്മാർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഫുഡ് കിറ്റുകൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കുന്നു.

2. <u>വയോ അമൃതം പദ്ധതി</u>

വൃദ്ധസദനങ്ങളിൽ എത്തപ്പെടുന്ന താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനും സാന്ത്വന പരിചരണത്തിനുംവേണ്ടി സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് 14 ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതി.

3. <u>ഡിമെൻഷ്യ സെന്ററുകളുടെ പ്രവർത്തനം</u>

അൽഷിമേഴ്സ് രോഗികളായ വയോജനങ്ങളുടെ പരിചരണത്തിനായി ARDSI (Alzheimer's and Related Disorders Society of India)-യുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

4. <u>ബോധി</u>

സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്കിടയിൽ അനുദിനം വർദ്ധിച്ചുവരുന്ന ഡിമെൻഷ്യ രോഗത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി, ആദ്യപടിയായി എറണാകുളം ജില്ലാ ഭരണകൂടവും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ്

ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രജ്ഞ സെന്റർ ഫോർ ന്യൂറോ സയൻസുമായി ചേർന്ന് എറണാകുളം ജില്ലയെ ഡിമെൻഷ്യ ഫ്രണ്ട്ലി കമ്മ്യൂണിറ്റിയായി മാറ്റുന്നതിനുള്ള പദ്ധതി നടപ്പുവർഷം ആരംഭിച്ചിട്ടുണ്ട്.

5. <u>വയോമധുരം പദ്ധതി</u>

പ്രമേഹ രോഗത്തിന് അടിമകളാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് വീട്ടിലിരുന്നുതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി നൽകുന്ന പദ്ധതി.

6. <u>വയോമിത്രം പദ്ധതി</u>

നഗരപ്രദേശത്ത് താമസിക്കുന്ന വയോജനങ്ങൾക്കായി ആരോഗ്യ പരിരക്ഷയും മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽത്തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2011 മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻവഴി നടപ്പിലാക്കുന്ന പദ്ധതി.

(ബി) സമഗ്ര പാലിയേറ്റീവ് വയോജന പരിചരണത്തിന് അരികെ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഒരു പാലിയേറ്റീവ് പരിചരണ നയം 2008-ൽ

ആവിഷ്കരിച്ചിട്ടുള്ളതും 2019-ൽ അത് പരിഷ്കരിച്ച് സ.ഉ (അച്ചടി) നം. 107/2019/ആ.കു.വ, തീയതി 16-12-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പാലിയേറ്റീവ് കെയർ ഉറപ്പാക്കുന്നതിനോടൊപ്പം പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളെയും കോർത്തിണക്കിക്കൊണ്ട് ഒരു പാലിയേറ്റീവ് കെയർ ഗ്രിഡും പാലിയേറ്റീവ് സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കുന്നതിനാണ് 'അരികെ' എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പാലിയേറ്റീവ് കെയർ സേവനം ആരോഗ്യ പ്രവർത്തകരിൽനിന്നും എല്ലാ ജനങ്ങളിലേയ്ക്കും എത്തിക്കുക എന്ന ദൗത്യത്തോടുകൂടി വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും വോളന്റീയർമാർക്കും വിദഗ്ധപരിശീലനം നൽകി പാലിയേറ്റീവ് കെയർ രംഗത്ത് സജ്ജമാക്കുകയെന്ന ദൗത്യം 'അരികെ' പദ്ധതി മുന്നോട്ടുവയ്ക്കുന്നു. ഇതിനുപുറമേ പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകളെ മികവിന്റെ അടിസ്ഥാനത്തിൽ എംപാനൽ ചെയ്യുന്നതിനും 'അരികെ' പദ്ധതിപ്രകാരം ലക്ഷ്യമിടുന്നു.

(സി) മെഡിക്കൽ, നഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്കുള്ള പാഠ്യപദ്ധതിയിൽ പാലിയേറ്റീവ് പരിചരണം ഉൾപ്പെടുത്തിയിട്ടുണ്ടോ;

വിശദമാക്കാമോ?

മൂന്നാം വർഷ ബി.എസ്സി. നഴ്സിംഗ് പാഠ്യപദ്ധതിയിൽ മെഡിക്കൽ സർജിക്കൽ നഴ്സിംഗ് എന്ന വിഷയവുമായി ബന്ധപ്പെട്ട് വയോജനങ്ങളുടെ പരിചരണത്തെക്കുറിച്ച് 12 മണിക്കൂർ ഉൾപ്പെടുത്തിയിട്ടുണ്ട്. മെന്റൽ ഹെൽത്ത് നഴ്സിംഗിന്റെ ഭാഗമായി വയോജനങ്ങളുടെ മാനസികാരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിചരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.എസ്സി. നഴ്സിംഗ് വിദ്യാർത്ഥികളുടെ മൂന്നാം വർഷ പഠനത്തിന്റെ ഭാഗമായി കാൻസർ രോഗികളുടെ പരിചരണവുമായി ബന്ധപ്പെട്ട് പാലിയേറ്റീവ് പരിചരണം പഠിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക്കിൽ എല്ലാ വിദ്യാർത്ഥികൾക്കും പ്രായോഗിക പരിശീലനവും നൽകുന്നുണ്ട്.

നാലാം വർഷ ബി.എസ്സി. നഴ്സിംഗിൽ കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലുള്ള വിവിധ ക്ഷേമപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി വൃദ്ധസദനത്തിൽ സന്ദർശനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

നാലാംവർഷ ബി.എസ്സി. നഴ്സിംഗ് വിദ്യാർത്ഥികളും കമ്മ്യൂണിറ്റി

ഹെൽത്ത് നഴ്സിംഗിൽ, എം.എസ്സി. നഴ്സിംഗ് ചെയ്യുന്ന വിദ്യാർത്ഥികളും പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള എല്ലാ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിലെ കമ്മ്യൂണിറ്റി മെഡിസിൻ peripheral posting-ന് അനുബന്ധമായി ഹൗസ് സർജന്മാർക്ക് പാലിയേറ്റീവ് ഭവന സന്ദർശന ചികിത്സയിൽ പരിശീലനം ലഭിക്കുന്നുണ്ട്. ഹൗസ് സർജൻസി കഴിയുന്ന എല്ലാ വിദ്യാർത്ഥികൾക്കും പാലിയേറ്റീവ് കെയറിൽ അടിസ്ഥാന അറിവ് നേടാൻ ഇത് സഹായകമാണ്.

(ഡി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ ജില്ലകളിൽ പാലിയേറ്റീവ് കെയർ ഇൻ കാമ്പസ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും നഴ്സിംഗ് വിദ്യാർത്ഥികൾക്കും 'പാലിയേറ്റീവ് കെയർ ഇൻ ക്യാമ്പസ്' എന്ന പേരിൽ പരിശീലനം നൽകുകയും അവരെ പാലിയേറ്റീവ് സന്നദ്ധ പ്രവർത്തനങ്ങൾക്ക്

സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഇവരിലൂടെ കാമ്പസ്സുകളിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നു.

മിക്ക മെഡിക്കൽ കോളേജുകളിലും വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ പാഠ്യേതര പരിപാടിയായി പാലിയേറ്റീവ് കെയർ പരിപാടികൾ വിവിധ ക്യാമ്പസുകളിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ സാന്ത്വന പരിചരണ പരിപാടിയായ 'കാരുണ്യം' പ്രവർത്തിച്ചുവരുന്നു. എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന 'ആശ്രയ പാലിയേറ്റീവ് കെയർ' ഏകദേശം 25% വിദ്യാർത്ഥികളുടെ സേവനം ഉറപ്പാക്കുന്നുണ്ട്.

**ആധുനിക പൊതുശ്മശാനങ്ങൾ സ്ഥാപിക്കൽ**

21 (*321) <u>ശ്രീ. പ്രമോദ് നാരായൺ</u>:
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>:
<u>ശ്രീ. ജോബ് മൈക്കിൾ</u>:
<u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>) സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിൽ ആധുനിക പൊതുശ്മശാനങ്ങൾ നിലവിലുണ്ടോ?

48 നഗരസഭകളിൽ ആധുനിക പൊതുശ്മശാനം (ഗ്യാസ് ക്രിമറ്റോറിയം) നിലവിലുണ്ട്. ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് നഗരസഭകളിൽ ഗ്യാസ് ക്രിമറ്റോറിയവും ഇലക്ട്രിക്കൽ ക്രിമറ്റോറിയവും പ്രവർത്തിക്കുന്നുണ്ട്.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആധുനിക ശ്മശാനങ്ങൾ നിലവിലില്ല. നിലവിൽ 93 ഗ്രാമപഞ്ചായത്തുകളിൽ വാതകശ്മശാനവും 3 ഗ്രാമപഞ്ചായത്തുകളിൽ ഇലക്ട്രിക്കൽ ശ്മശാനവും പ്രവർത്തിച്ചുവരുന്നു.

(ബി) മലിനീകരണ തോത് തീരെ കുറഞ്ഞ അത്യാധുനിക ഇലക്ട്രിക്കൽ, ഗ്യാസ് പൊതു ശ്മശാനങ്ങൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും കീഴിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ KIIFB-യുടെ സഹായത്തോടെ ആധുനിക പൊതുശ്മശാനം സ്ഥാപിക്കുന്നതിനായി 24-10-2017-ലെ സ.ഉ. (സാധാ) 3382/2017/തസ്വഭവ പ്രകാരം 123 കോടി രൂപയുടെ ഭരണാനുമതി നൽകി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവായിട്ടുള്ളതാണ്. ആധുനിക പൊതുശ്മശാനം നിർമ്മിക്കുന്നതിനായി IMPACT Kerala മുഖേന ധനസഹായം ലഭ്യമാകുന്നതിന് അതാത് പഞ്ചായത്തുകൾ അവരുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് IMPACT Kerala-ക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് IMPACT Kerala അംഗീകരിക്കുന്ന മുറയ്ക്ക് ശ്മശാന നിർമ്മാണം അതത് ഗ്രാമപഞ്ചായത്തുകളിൽ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്.

(സി) വീടുകളിൽ മൃതദേഹം സംസ്കരിക്കുന്നതിനുള്ള സാഹചര്യം കുറഞ്ഞുവരുന്നതിനാൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തി അതിനായി പ്രത്യേക കർമ്മ പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**മാലിന്യമുക്ത കേരളം**

22 (*322) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി

(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിന് മാലിന്യമുക്ത കേരളം പദ്ധതിയുടെ നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

മാലിന്യമുക്ത കേരളം പദ്ധതിയുടെ നിയമാവലി തയ്യാറാക്കിയിട്ടില്ല. ഖരമാലിന്യ സംസ്കരണത്തിനും പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിനുമായുള്ള മോഡൽ ബൈലോ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നഗരസഭകളിലെ ഖരമാലിന്യം ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായി സംസ്കരിക്കാനുമായി ആരംഭിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

എല്ലാ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഖരമാലിന്യ സംസ്കരണശേഷി കൈവരിക്കാൻ പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ സംസ്കരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയായ മാലിന്യസംസ്കരണ പ്രശ്നങ്ങൾക്ക്

ശാശ്വതപരിഹാരം കാണുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2021-2027 കാലയളവിൽ ആറ് വർഷമാണ് പദ്ധതി കാലയളവ്. പദ്ധതിയുടെ അടങ്കൽ തുക 300 മില്യൺ യു.എസ്. ഡോളറാണ്. ഇതിൽ 105 മില്യൺ യു.എസ്. ഡോളർ ലോകബാങ്ക് വിഹിതവും 105 മില്യൺ യു.എസ്. ഡോളർ ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റുമെന്റ് ബാങ്ക് (AIIB) വിഹിതവുമാണ്. ബാക്കി തുകയായ 90 മില്യൺ യ.എസ്. ഡോളർ സംസ്ഥാന സർക്കാർ വിഹിതവുമാണ്. അതായത് ആകെ വിഹിതത്തിൽ 70% ബാങ്കുകളും 30% സംസ്ഥാന സർക്കാരും വഹിക്കും. പ്രസ്തുത പദ്ധതിവഴി കേരളത്തിലെ നഗരസഭകൾക്ക് ബജറ്റ് വിഹിതത്തിന് പുറമേയാണ് ലോകബാങ്ക് സഹായം നൽകുന്നത്.

പദ്ധതി പ്രാവർത്തികമാകുന്നതോടെ കേരളത്തിലെ 87 മുൻസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളുമടക്കം 93 തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ വരുന്ന ഓരോ വീടുകളും സ്ഥാപനങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കളാകും. ഇവിടങ്ങളിൽനിന്ന് ജൈവ-അജൈവ മാലിന്യങ്ങൾ, നിർമ്മാണവും പൊളിച്ചുമാറ്റലുംമൂലമുണ്ടാകുന്ന കെട്ടിടാവശിഷ്ട മാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയടക്കം എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ഈ പദ്ധതിയിലൂടെ

സാധിക്കും.

(സി) നഗരസഭകളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും മാലിന്യത്തിന്റെ അളവും തരവും തിട്ടപ്പെടുത്തി അതിനനുസരിച്ചുള്ള സംസ്കരണ രീതികൾ ആവിഷ്കരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ പരിപാലനത്തിനും സംസ്കരണത്തിനുമായി തദ്ദേശ-സ്ഥാപനതലങ്ങളിൽ വിവിധ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രാദേശികമായ പ്രത്യേകതകൾക്കനുസരിച്ച് ഓരോ നഗരസഭകൾക്കും സമഗ്ര ഖരമാലിന്യ പ്ലാൻ തയ്യാറാക്കുകയും പ്രസ്തുത പ്ലാനിൽ വിഭാവനംചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യും.

**നഗരസഭകളിൽ ഓൺലൈൻ സേവനങ്ങൾ**

23 (*323) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. പുതിയ പ്ലാറ്റ്ഫോമിൽ ആപ്ലിക്കേഷൻ ഡെവലപ്മെന്റ് പുരോഗമിക്കുകയാണ്, 2022 ഒക്ടോബർ മാസത്തിൽ ഇതിന്റെ ആദ്യപതിപ്പ് നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2023 ജൂൺ മാസത്തോടെ എല്ലാ ആപ്ലിക്കേഷനുകളും പുതിയ പ്ലാറ്റ്ഫോമിൽ മൊബൈൽ ആപ്പ് സംയോജനത്തോടെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി പുതിയ സോഫ്റ്റ്‌വെയർ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പഞ്ചായത്തുകളിൽ നിലവിൽ സങ്കേതം ആപ്ലിക്കേഷനിലൂടെ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണാനുമതി കൂടുതൽ വേഗത്തിൽ നൽകുന്നതിനായി സങ്കേതം ആപ്ലിക്കേഷൻ പരിഷ്കരിച്ച് ഒരു

സംയോജിത പൊതു ആപ്ലിക്കേഷൻ ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ട്.

(സി) ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കടലാസ്സരഹിതമാക്കാനുള്ള പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗ്രാമ പഞ്ചായത്തുകളിലെ ഫയൽ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്ട്‌വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ്‌വെയർ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.

ഒറ്റ ലോഗിനിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ഐ.എൽ.ജി.എം.എസ്.-ന്റെ സവിശേഷത.

ഐ.എൽ.ജി.എം.എസ്.-ന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് സോഫ്റ്റ്‌വെയറിലൂടെ രജിസ്റ്റർ ചെയ്ത ശേഷം അവർക്ക് ഒരു ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 263 സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനും ഓൺലൈനായി തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ എല്ലാ ഗ്രാമ-നഗര-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൂർണ്ണമായും കടലാസ്സുരഹിതമാക്കുന്നതിനായി സാധാരണ ഉപയോഗിക്കുന്ന ഭൂരിഭാഗം ആപ്ലിക്കേഷനുകളും സംയോജിപ്പിച്ച് സേവനങ്ങളെല്ലാം ഒരു മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസന പ്രവർത്തനങ്ങൾ ഐ.കെ.എം.-ൽ നടന്നുവരുന്നു.

## മലിനജല സംസ്കരണ പദ്ധതി

24 (*324) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. എം. വിജിൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷത്തിനകം സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനും അതിന്റെ പരിപാലനത്തിനുമായി പുതിയതായി സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ‘ തെളിനീരൊഴുകും നവകേരളം’ ക്യാമ്പയിൻ ആരംഭിക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് മലിനീകരിക്കപ്പെട്ടിട്ടുള്ള ഇടങ്ങൾ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി ശുചിയാക്കുന്നതിനും ഗുരുതര മലിനീകരണം നേരിടുന്ന ഉറവിടങ്ങളിലെ സാമ്പിളുകൾ പ്രാഥമിക ജലഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി മലിനീകരണ തോത് നിർണ്ണയിക്കുകയും മലിനീകാരികളായ ഉറവിടങ്ങളെ നിർത്തലാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുകയുമാണ് ലക്ഷ്യമിടുന്നത്.

ഗുരുതര മലിനീകരണം നേരിടുന്ന ഇടങ്ങളിൽ ശാസ്ത്രീയ ബദൽ

സംവിധാനങ്ങളായ എഫ്ലുവന്റ് ട്രീറ്റുമെന്റ് പ്ലാന്റ്, സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റ്, സെപ്റ്റേജ് ട്രീറ്റുമെന്റ് പ്ലാന്റ്, ഫീക്കൽ സ്ലഡ്ജ് ട്രീറ്റുമെന്റ് പ്ലാന്റ് എന്നിവ പ്രസ്തുത സ്ഥലത്തിന്റെ അനുയോജ്യതയും ആവശ്യകതയും മനസ്സിലാക്കി സ്ഥാപിക്കുന്നത് തദ്ദേശ സ്ഥാപനങ്ങളുടെ കർമ്മ പദ്ധതിയായി നടപ്പാക്കുന്നതിന് ലക്ഷ്യമാക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2 എന്നീ പദ്ധതികളുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണ/പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (അർബൻ), ശുചിത്വകേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ/പരിപാലനത്തിന് സംവിധാനങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ 'അമൃത്' പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മുനിസിപ്പാലിറ്റികളിലും മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

മലിനജല സംസ്കരണ പ്ലാന്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി

ചേർക്കുന്നു. +

KIIFB/RKI ധനസഹായത്തോടെ ഇംപാക്ട് കേരള മുഖേന വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന മലിനജല സംസ്കരണ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഒറ്റപ്പാലം നഗരസഭയുടെ Sewage Treatment Plant with sewerage Network പദ്ധതി
2. ചേർത്തല നഗരസഭയുടെ Septage Treatment Plant പദ്ധതി
3. വർക്കല നഗരസഭയുടെ Septage Treatment Plant പദ്ധതി
4. മയ്യനാട് ഗ്രാമ പഞ്ചായത്തിന്റെ Sewage Treatment Plant പദ്ധതി
5. കുന്നംകുളം നഗരസഭയുടെ Sewage Treatment Plant പദ്ധതി
6. വടകര നഗരസഭയുടെ Sewage Treatment Plant പദ്ധതി.

(ബി) പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ ശാസ്ത്രീയമായ ദ്രവമാലിന്യ സംസ്കരണം, ജലസ്രോതസുകളെ മാലിന്യമുക്തമാക്കൽ, പരിസ്ഥിതി സംരക്ഷണം എന്നീ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്. നിലവിൽ മലിനജലവും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കക്കൂസ് മാലിന്യവും സംസ്കരിക്കാതെ പുറംതള്ളുന്നതിനാൽ ഇവ ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നു. അതോടൊപ്പം സാംക്രമിക രോഗങ്ങൾ പകരുന്നതിനും കാരണമാകുന്നു. മനുഷ്യർ, മൃഗങ്ങൾ, ജലജീവികൾ എന്നിവയുടെ നിലനില്പിനെ ഇത് പ്രതികൂലമായി ബാധിക്കുന്നു. മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ കർശനമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായതിനാൽ പ്ലാന്റിൽനിന്നും പുറംതള്ളുന്ന ജലം മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളൊന്നുംതന്നെ സൃഷ്ടിക്കുന്നില്ല. ഇങ്ങനെ പുറംതള്ളുന്ന ജലം കൃഷി ആവശ്യങ്ങൾക്കും കുടിവെള്ളമൊഴിച്ച് മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുവാൻ കഴിയുന്നതിനാൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

**സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനം**

25 (*325) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക, സാമ്പത്തിക ഉന്നമനത്തിനുവേണ്ടി കേന്ദ്രസർക്കാർ രൂപീകരിച്ച സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനം സംസ്ഥാനങ്ങളിൽ പൂർണ്ണമായി നിർത്തലാക്കുന്നതിന് കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രവർത്തനം സംസ്ഥാനങ്ങളിൽ പൂർണ്ണമായി നിർത്തലാക്കുന്നതിന് കേന്ദ്ര വനിത-ശിശു വികസന മന്ത്രാലയം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾക്ക് ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണെന്ന വിവരം കത്ത് നമ്പർ 20-2/2021/CSWB തീയതി 18-06-2021, F.No 93682/CSWB-13/11/2021/CSWB തീയതി 07-07-2021 എന്നിവ പ്രകാരം അറിയിച്ചിട്ടുണ്ട്. തുടർപ്രവർത്തനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ തുടർപ്രവർത്തനവും ബോർഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ച തീരുമാനവും കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയത്തെ

അറിയിക്കണമെന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(സി) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള കേന്ദ്രസർക്കാർ പദ്ധതികൾ നടപ്പിലാക്കേണ്ട പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം കേന്ദ്രസർക്കാർ നിർത്തലാക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തെ പൂർണ്ണമായും ഏറ്റെടുത്ത് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ തുടർപ്രവർത്തനം സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ആയതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവന്നിരുന്ന വനിതാ ശിശു വികസന വകുപ്പിന്റെ പദ്ധതികളായ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ, സ്വധർ

ഹോമുകൾ എന്നിവ സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പ് ഏറ്റെടുത്തിട്ടുള്ളതുമാണ്. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഫാമിലി കൗൺസിലിംഗ് സെന്റർ പദ്ധതിയുടെ തുടർപ്രവർത്തനം സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നുംതന്നെ കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി വനിതാ ശിശു വികസന വകുപ്പ് ഏറ്റെടുത്തിട്ടില്ല.

## കുട്ടികളിലെ ആത്മഹത്യാ പ്രവണത തടയുന്നതിന് നടപടി

26 (*326) ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് കുട്ടികളുടെ ആത്മഹത്യാ നിരക്കിൽ ഉണ്ടാകുന്ന വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇന്റർനെറ്റിന്റെയും സ്മാർട്ട് ഫോണിന്റെയും നിയന്ത്രണവിധേയമല്ലാത്ത ഉപയോഗം ഇതിന് കാരണമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആത്മഹത്യാ പ്രവണതയ്ക്ക് പിന്നിൽ മറ്റ് എന്തൊക്കെ കാരണങ്ങളാണുള്ളതെന്ന് വിശകലനം

ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പ്രായപൂർത്തിയാകാത്ത കുട്ടികളിലെ ആത്മഹത്യാപ്രവണതയും പരിഹാരനടപടികളും സംബന്ധിച്ച് എസ്.സി.ഇ.ആർ.റ്റി.-യിൽ ഒരു പഠനം നടത്തിയിരുന്നു. ശാരീരികവും സാമ്പത്തികവും കുടുംബപരവും സാമൂഹികവുമായ സംഭവവികാസങ്ങളും കുട്ടികളെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്നുവെന്ന് കണ്ടെത്തുകയുണ്ടായി. മാത്രവുമല്ല സോഷ്യൽ മീഡിയയുടെ നിയന്ത്രണമില്ലാത്ത ഉപയോഗവും ഇതിനൊരു കാരണമാണ്.

(ബി) കുട്ടികൾക്ക് മാനസിക പിന്തുണ നൽകി ആത്മഹത്യകൾ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

വനിതാ ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതിയിലൂടെ കുട്ടികൾക്ക് മാനസിക പിന്തുണ നൽകി ആത്മഹത്യകൾ തടയുന്നതിനായി 12-10-2021-ലെ സ.ഉ.(സാധാ) 64/2021/വ.ശി.വി.വ. നമ്പർ ഉത്തരവുപ്രകാരം ഒരു സെൽ രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ജില്ലാതലത്തിൽ കുട്ടികൾക്കിടയിലെ ആത്മഹത്യ പ്രതിരോധിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് മുഖാന്തരം രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾക്കുംവേണ്ടി

ബോധവൽക്കരണ ക്ലാസ്സുകളും ജീവിത നൈപുണ്യ കാമ്പുകളും സ്കൂൾതലത്തിലും കമ്മ്യൂണിറ്റിതലത്തിലും നടത്തിവരുന്നുണ്ട്. ജില്ലാ റിസോഴ്സ് സെന്ററിന്റെയും പാരന്റിംഗ് ക്ലിനിക്കിന്റെയും ഔട്ട് റീച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. വിവിധതരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്തുതലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ മുഖേന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. കുട്ടികൾക്ക് കളിക്കളം ലഭ്യമാക്കി പഠനത്തോടൊപ്പം കളിച്ചുവളരാനുള്ള അവസരമൊരുക്കുന്നതിനും മൊബൈൽ ഫോൺ ഉപയോഗം, ഇ-ഗെയിംസ് തുടങ്ങിയവയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കുട്ടികൾക്കാവശ്യമായ ബോധവത്ക്കരണം നടത്തുന്നതിനും പരീക്ഷയുമായി ബന്ധപ്പെട്ട് കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കാൻ പ്രത്യേക പിന്തുണ നൽകുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനും ആത്മഹത്യ ഒരു പരിഹാരമല്ല എന്നത് കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനും അവർക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്നതിനായി ഇൻസൈറ്റ്, സ്നേഹസ്പർശം, ഹൗ ആർ യു എന്നീ

പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും സൈക്ക്യാട്രിസ്റ്റുകൾ ഇല്ലാത്ത താലൂക്കാശുപത്രികളിലുമായി 284 മാനസികാരോഗ്യ ക്ലിനിക്കുകൾ മാസംതോറും നടത്തിവരുന്നു. സൈക്ക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്ക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ദ്ധ ടീമിന്റെ സേവനമാണ് ഇത്തരത്തിൽ മാസംതോറും ലഭ്യമാകുന്നത്. മനോരോഗ ഔഷധ ചികിത്സ, മനഃശാസ്ത്ര ചികിത്സ, സാമൂഹ്യ-പുനരധിവാസ ചികിത്സ എന്നിവ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്. ആരോഗ്യവകുപ്പ് മുഖേന കുട്ടികൾക്ക് മാനസിക പിന്തുണ ലഭ്യമാക്കുന്നതിന് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി, സ്കൂൾ മാനസികാരോഗ്യ പദ്ധതി, ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലെ സൈക്ക്യാട്രി യൂണിറ്റുകൾ, തിരുവനന്തപുരം/തൃശ്ശൂർ/കോഴിക്കോട് ജില്ലകളിലെ മാനസികാരോഗ്യ കേന്ദ്രങ്ങൾ, കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ, ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, ദിശ ഹെൽപ്പ് ലൈൻ എന്നിവ മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(സി) വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി മറ്റ് വകുപ്പുകളെ

ഏകോപിപ്പിച്ചുകൊണ്ട് ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിദ്യാഭ്യാസ വകുപ്പിന്റെ "സഹിതം പോർട്ടൽ" വഴി മെന്റർ ടീച്ചേഴ്സ് ആക്ടിവിറ്റി തുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ സൗഹൃദ ക്ലബ്ബുകളിൽ 1500-ഓളം അദ്ധ്യാപകർ കൗൺസലർമാരായിട്ടുണ്ട്.

എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരള)-യുടെ കീഴിൽ "അതിജീവനം" എന്ന പദ്ധതി യുണിസെഫിന്റെ സഹായത്തോടുകൂടി ചെയ്തുവരുന്നു. ആരോഗ്യവകുപ്പിന്റെ "ഒറ്റയ്ക്കല്ല ഒപ്പമുണ്ട്" എന്ന പദ്ധതിയും "സൈക്കോ സോഷ്യൽ സർവ്വീസ്" എന്ന പദ്ധതിയും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ആരോഗ്യ വകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയിൻകീഴിലുള്ള സ്കൂൾ മാനസികാരോഗ്യ പദ്ധതി വിദ്യാഭ്യാസ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യത്തിലെ സ്കൂൾ ആരോഗ്യ പരിപാടി, കൗമാര പരിപാടി എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത, എന്നീ പ്രശ്നങ്ങളെ നേരത്തെതന്നെ കണ്ടെത്തി പരിഹരിക്കുന്നതിന്

ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പദ്ധതി.

## മലിനജല സംസ്കരണ പദ്ധതി

27 (*327) ശ്രീ. പി. നന്ദകുമാർ:

ശ്രീ. ആന്റണി ജോൺ:

ശ്രീമതി യു. പ്രതിഭ:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷത്തിനകം സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യ മുക്തമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സമ്പൂർണ്ണ ശുചിത്വമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം വേസ്റ്റ് ടു എനർജി പ്ലാന്റുപോലെ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത

മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ ജനപങ്കാളിത്തത്തോടെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മിഷൻ മാതൃകയിൽ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അതിൻപ്രകാരം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിവരുന്നുണ്ട്.

3. അഴുകുന്ന ജൈവമാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ പരമാവധി ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുവേണ്ട സാങ്കേതിക സംവിധാനങ്ങളും യൂണിറ്റ് നിരക്കുകളും ശുചിത്വമിഷൻ മുഖേന നിശ്ചയിച്ച് ഉത്തരവുകൾ നൽകിയിട്ടുണ്ട്.

ജൈവ മാലിന്യ സംസ്കരണത്തിന് നിലവിൽ നിരവധി കമ്പോസ്റ്റ് യൂണിറ്റുകളും കൂടാതെ വലിയ പോർട്ടബിൾ ബയോ കമ്പോസ്റ്റ് ബിന്നുകൾ, ഉയർന്നശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ, ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ എന്നിവയും സ്ഥാപിച്ച് മാലിന്യം സംസ്കരിച്ച് വളവും ഇന്ധനവുമാക്കി മാറ്റുന്നതിനും കഴിയുന്നു.

4. തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് നിർവ്വഹണ

പ്രക്രിയയെ സഹായിക്കുന്നതിലേയ്ക്ക് മാലിന്യ സംസ്കരണ മേഖലയിൽ ശേഷിയുള്ള സർവ്വീസ് പ്രൊവൈഡർമാരെയും അക്രെഡിറ്റഡ് ഏജൻസികളെയും കണ്ടെത്തിയിട്ടുണ്ട്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിൽ വേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിനും സംസ്ഥാന കേന്ദ്രസർക്കാർ പദ്ധതികളുടെ ഭാഗമായ സാമ്പത്തികം ലഭ്യമാക്കുന്നതിനും ശുചിത്വമിഷൻ മുഖേന നടപടി സ്വീകരിച്ചുവരുന്നു.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് സംഭരിച്ച് പുനരുപയോഗത്തിനും പുനഃചംക്രമണത്തിനും മാലിന്യ സംസ്കരണത്തിനും സംരംഭ മാതൃകയിൽ നടപ്പിലാക്കുന്നതിനുംവേണ്ടി ഹരിത കർമ്മസേന രൂപീകരിക്കുകയും ഹരിത കർമ്മസേനയ്ക്കുവേണ്ട സഹായം ക്ലസ്റ്റർ അടിസ്ഥാനത്തിൽ നൽകുന്നതിന് ഹരിത സഹായ സ്ഥാപനങ്ങളെ കണ്ടെത്തുകയും ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

7. മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും തങ്ങളുടെ പൊതുവിഭാഗം വാർഷിക പദ്ധതിയുടെ വികസന ഫണ്ടിലെ 15 ശതമാനം

മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ Tied ഫണ്ട് ഇനത്തിലും മാലിന്യ സംസ്കരണമേഖലയിൽ പദ്ധതികൾ രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

8. നഗരപ്രദേശങ്ങളിൽ ഹരിത കർമ്മസേന നേരിട്ട് ശേഖരിക്കുന്ന അജൈവ മാലിന്യം സുരക്ഷിതമായി സംസ്കരിക്കപ്പെടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനി ഉൾപ്പെടെ റീസൈക്ലിംഗ് ഏജൻസികളുമായി എഗ്രിമെന്റ് വച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

9. മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും സ്ഥാപിച്ചിട്ടുണ്ട്.

10. മാലിന്യങ്ങളുടെ അളവ് ഗണ്യമായി കുറയ്ക്കുന്നതിന് സഹായകമാകുന്ന ഗ്രീൻ പ്രോട്ടോക്കോൾ, ശുചിത്വപദവി സർട്ടിഫിക്കേഷൻ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും നടപ്പിലാക്കിവരുന്നു.

11. മാലിന്യം വലിച്ചെറിയാതിരിക്കുക, മാലിന്യമുണ്ടാക്കുന്നതു കുറയ്ക്കുക,

മാലിന്യം കഴിവതും പുനരുപയോഗിക്കുക, മാലിന്യം ജൈവം, അജൈവം സാനിട്ടറി മാലിന്യം, ഗാർഹിക അപകടകരമായ മാലിന്യം എന്നിവയായി തരംതിരിച്ച് വീടുകളിൽ ജൈവവളം നിർമ്മിക്കുക, മാലിന്യം ശേഖരിക്കുന്നവർക്ക് മതിയായ പരിശീലനം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിൽ മതിയായ ബോധവൽക്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ ഏജൻസികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ വഴിയും നൽകിക്കൊണ്ടിരിക്കുന്നു.

മാലിന്യമുക്ത കേരളമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ശുചിത്വ മിഷനും ഹരിത കേരള മിഷനും നിരന്തരമായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുകയും അവ സമയാസമയം നടപ്പിലാക്കിവരികയും അതിനൂതന സാങ്കേതികവിദ്യയ്ക്ക് ആവശ്യമായ സംരംഭങ്ങൾ കാലവിളംബം കൂടാതെ പ്രാവർത്തികമാക്കുകയും ചെയ്യുന്നു. മാലിന്യ സംസ്കരണത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് സോക്ക്പിറ്റുകൾ, മാലിന്യ സംസ്കരണ സംവിധാനം എന്നിവ നിർബ്ബന്ധമായും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വീടുകളിലേയ്ക്കായി ചെലവ് കുറഞ്ഞ നൂതന മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പൊതുജനങ്ങളെ

ബോധവൽക്കരിച്ചും പോരുന്നു.

12. സംസ്ഥാനത്ത് സാനിട്ടറി ലാന്റ്ഫിൽ ചെയ്യുന്നതിന് 5 മേഖലകളായി തിരിച്ച് 5 സാനിട്ടറി ലാന്റ്ഫിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കെ.എസ്.ഡബ്ല്യൂ.എം.പി. മുഖേന പദ്ധതികൾ തയ്യാറാക്കി, പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കൂടാതെ മേഖലാടിസ്ഥാനത്തിൽ കേന്ദ്രീകൃത ഖരമാലിന്യ പ്ലാന്റുകളുടെ നിർമ്മാണം, സാനിറ്ററി ലാൻഡ്ഫിൽ, നിലവിലുള്ള ഖരമാലിന്യ പ്ലാന്റുകളുടെ പുനരുദ്ധാരണം എന്നിവ ഈ ഘടകത്തിൽ ഉൾപ്പെടും. കേരള ഖര മാലിന്യ പരിപാലന പദ്ധതിപ്രകാരം കേരളത്തെ അടുത്ത 5 വർഷത്തിനുള്ളിൽ മാലിന്യമുക്തമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ഇത് പ്രാവർത്തികമാകുന്നതോടെ നിലവിലെ മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(i) ഓരോ മുനിസിപ്പാലിറ്റികൾക്കും പ്രാദേശികമായ പ്രത്യേകതകൾക്കനുസരിച്ച് സമഗ്ര ഖരമാലിന്യ പരിപാലന മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

(ii) തദ്ദേശാടിസ്ഥാനത്തിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ

ശക്തിപ്പെടുത്തുന്നതിനോടൊപ്പം കേന്ദ്രീകൃത അടിസ്ഥാനത്തിലും പുനഃചംക്രമണ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുക.

(iii) ജൈവ മാലിന്യങ്ങളുടെ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം നഗരങ്ങളിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ബാക്കിയാകുന്ന ജൈവ മാലിന്യങ്ങളും മുഴുവൻ അജൈവ മാലിന്യങ്ങളും അപകടകരമായ മാലിന്യങ്ങളും ശേഖരിക്കുന്നതിന് വാതിൽപ്പടി സേവനം ഉറപ്പാക്കുക

(iv) കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി റീസൈക്ലിംഗ് പാർക്ക് സ്ഥാപിക്കുക

(v) നിലവിൽ മാലിന്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ/ അനൗദ്യോഗിക സംരംഭങ്ങളെ പൊതുസംവിധാനത്തിന്റെ ഭാഗമാക്കി കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക.

(vi) പുനരുപയോഗ സാധ്യത ഇല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് റീജിയണൽ തലത്തിൽ സാനിറ്ററി ലാന്റ്ഫിൽ സംവിധാനം ഒരുക്കുക.

(vii) കുറ്റമറ്റ നടത്തിപ്പ് ഉറപ്പാക്കുന്നതിന് ജില്ലാ/സംസ്ഥാനതല

കൺട്രോൾ റൂം സ്ഥാപിക്കുക. ഇതിലൂടെ വാതിൽപ്പടി സേവനം, മാലിന്യ ശേഖരണം, സംഭരണം, സംസ്കരണം എന്നിവയുടെ തൽസ്ഥിതി വിലയിരുത്താൻ കഴിയും.

13. സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി 'തെളിനീരൊഴുകും നവകേരളം' ക്യാമ്പയിൻ ആരംഭിക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് മലിനീകരിക്കപ്പെട്ടിട്ടുള്ള ഇടങ്ങൾ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി ശുചിയാക്കുന്നതിനും ഗുരുതര മലിനീകരണം നേരിടുന്ന ഉറവിടങ്ങളിലെ സാമ്പിളുകൾ പ്രാഥമിക ജലഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി മലിനീകരണ തോത് നിർണ്ണയിക്കുകയും മലിനീകാരികളായ ഉറവിടങ്ങൾ നിർത്തലാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുകയുമാണ് ലക്ഷ്യമിടുന്നത്.

14. ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ വ്യക്തികൾ/ പൊതുജനങ്ങൾ, ഹരിതകർമ്മ സേനാംഗങ്ങൾ, എം.സി.എഫ്./ ആർ.ആർ.എഫ്. ചുമതലക്കാർ, ക്ലീൻകേരള കമ്പനി എന്നിവർക്ക്

ഉപയോഗിക്കാൻ കഴിയുന്ന മൊബൈൽ ആപ്പ് സംവിധാനം-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം വികസിപ്പിച്ചിട്ടുണ്ട്.

15. ഗുരുതര മലിനീകരണം നേരിടുന്ന ഇടങ്ങളിൽ ശാസ്ത്രീയ ബദൽ സംവിധാനങ്ങളായ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പ്രസ്തുത സ്ഥലത്തിന്റെ അനുയോജ്യതയും ആവശ്യകതയും മനസ്സിലാക്കി സ്ഥാപിക്കുന്നത് തദ്ദേശ സ്ഥാപനങ്ങളുടെ കർമ്മ പദ്ധതിയായി നടപ്പാക്കുന്നതിന് ലക്ഷ്യമാക്കുന്നു.

16. കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2 എന്നീ പദ്ധതികളുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണ/പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (അർബൻ), ശുചിത്വകേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ/ പരിപാലനത്തിന് സംവിധാനങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

17. കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം,

കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മുനിസിപ്പാലിറ്റികളിലും മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. അമൃത് ഒന്നാം ഘട്ടത്തിൽ ഈ മേഖലയിൽ 138 പദ്ധതികൾക്കായി 648 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 902 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മലിനജല സംസ്കരണ പ്ലാന്റുകൾ, കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ, സ്വീവറേജ് ശൃംഖലകൾ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്നു. ഒന്നാം ഘട്ടത്തിൽ 18 ദ്രവമാലിന്യ സംസ്കരണ ശാലകളും 6 കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകളും വിഭാവനം ചെയ്തിരുന്നു. അമൃത് 2.0-ൽ ഉൾപ്പെടുത്തി 6 കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ നഗരസഭകളിലും അമൃത് ഒന്നാം ഘട്ടത്തിന്റെ തുടർ പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. മലിനജല സംസ്കരണ പ്ലാന്റുകളുടെ വിശദാംശങ്ങളും ദ്രവ്മാലിന്യ സംസ്കരണം സംബന്ധിച്ച വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+ .

18. KIIFB/RKI ധനസഹായത്തോടെ ഇംപാക്ട് കേരള മുഖേന വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന മലിനജല സംസ്കരണ പദ്ധതികൾ ചുവടെ ചേർക്കുന്നു:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഒറ്റപ്പാലം നഗരസഭയുടെ Sewage Treatment Plant with sewerage Network പദ്ധതി
2. ചേർത്തല നഗരസഭയുടെ Septage Treatment Plant പദ്ധതി
3. വർക്കല നഗരസഭയുടെ Septage Treatment Plant പദ്ധതി
4. മയ്യനാട് ഗ്രാമ പഞ്ചായത്തിന്റെ Sewage Treatment Plant പദ്ധതി
5. കുന്നംകുളം നഗരസഭയുടെ Sewage Treatment Plant പദ്ധതി
6. വടകര നഗരസഭയുടെ Sewage Treatment Plant പദ്ധതി

(ബി) ജലസ്രോതസ്സുകളുടെ മലിനീകരണത്തിന്റെ മുഖ്യ കാരണങ്ങളിലൊന്ന് ശാസ്ത്രീയമായി സംസ്കരിക്കാത്ത ദ്രവ മാലിന്യമാണെന്നതിനാൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് 2 എന്നീ പദ്ധതികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണ/പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വകേരളം (അർബൻ),

ശുചിത്വകേരളം റൂറൽ എന്നിവ പ്രകാരവും മലിനജല സംസ്കരണ/പരിപാലനത്തിന് സംവിധാനങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ സംസ്ഥാനത്തുണ്ടാകുന്ന മലിനജലമെല്ലാം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കപ്പെടുന്നു/പരിപാലിക്കപ്പെടുന്നുവെന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയും അതിലൂടെ ജലസ്രോതസ്സുകൾ മാലിന്യ മുക്തമാക്കുന്നതിന് സാധിക്കുകയും ചെയ്യുന്നതാണ്.

(സി) ലോക ബാങ്ക് സഹായത്തോടെയും സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെയും മാലിന്യ സംസ്കരണ പദ്ധതികൾ വിപുലീകരിക്കാൻ പരിപാടിയുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും കേരളത്തെ മാലിന്യമുക്തമാക്കുന്നതിനുമായി ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ അടങ്കൽ തുക 300 മില്യൺ യു.എസ്. ഡോളറാണ് (ഏകദേശം 2307 കോടി രൂപ). പദ്ധതിയുടെ വിശദ വിവരങ്ങൾ ഉള്ളടക്കം ചെയ്തുകൊള്ളുന്നു. പദ്ധതി പ്രാവർത്തികമാകുന്നതോടെ കേരളത്തിലെ

87 മുനിസിപ്പാലിറ്റികളും 6 കോർപറേഷനുകളടക്കം 93 തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽവരുന്ന ഓരോ വീടുകളും സ്ഥാപനങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കളാകും. ഇവിടങ്ങളിൽനിന്ന് ജൈവ-അജൈവ മാലിന്യങ്ങൾ, നിർമ്മാണവും പൊളിച്ചുമാറ്റലും മുഖേനയുണ്ടാകുന്ന സി&ഡി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയടക്കം എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പദ്ധതിയിലൂടെ സാധിക്കും.

## ന്യായ വിലയ്ക്ക് നെല്ല് സംഭരണം

28 (*328) ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിലെ വിലയേക്കാൾ കൂടുതൽ വില നൽകി നെൽ കർഷകരിൽനിന്നും സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണത്തിന് സ്ഥിരം സംവിധാനമൊരുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ നെൽ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില 2022-23 സീസൺ മുതൽ 19-04-2022-ലെ സ.ഉ.(കൈ) നം. 9/2022/ഭ.പൊ.വി.വ. പ്രകാരം കിലോഗ്രാമിന് 28.20 രൂപയായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുക അടുത്ത സംഭരണ സീസൺ മുതൽ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇത് പൊതുവിപണിയിലെ വിലയേക്കാൾ കൂടുതലാണ്. നെല്ലിന്റെ സംഭരണ വിലയിനത്തിൽ അയൽ സംസ്ഥാനങ്ങളെക്കാൾ അധികം തുക സംസ്ഥാന പ്രോത്സാഹന ബോണസ്സ് ഇനത്തിൽ കേരളം നീക്കിവച്ചിട്ടുണ്ട്.

(ബി) നടപ്പുവർഷത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ സംഭരണ വിലയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; നെല്ലിന് കേന്ദ്രസർക്കാർ നൽകുന്ന സംഭരണ വിലയേക്കാൾ കൂടുതൽ സംസ്ഥാന സർക്കാർ നൽകുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; കർഷകർക്ക് നൽകുന്ന വിലയിൽ അടുത്ത വർഷം വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേന്ദ്രസർക്കാർ നൽകുന്ന സംഭരണ വിലയിൽനിന്ന് (MSP) അധികമായി സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) നൽകുന്നു. 2020-21 സീസണിൽ കേന്ദ്ര താങ്ങുവില (MSP) 18.68 രൂപയും സംസ്ഥാന

പ്രോത്സാഹന ബോണസ് 8.80 രൂപയും ഉൾപ്പെടെ നെല്ലിന്റെ വില 27.48 രൂപയായിരുന്നു. 2021-22 സീസൺ മുതൽ കേന്ദ്ര താങ്ങുവില (MSP) 19.40 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 8.60 രൂപയുമുൾപ്പെടെ നെല്ലിന്റെ വില 28 രൂപയായിരുന്നു. 19-04-2022-ലെ സ.ഉ (കൈ) നം.9/2022/F&CS നമ്പർ കേരള സർക്കാർ ഉത്തരവുപ്രകാരം 2022-23 നെല്ല് സംഭരണ സീസൺ മുതൽ നെല്ലിന്റെ വില 28.20 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 8.60 രൂപയുണ്ടായിരുന്ന സംസ്ഥാന പ്രോത്സാഹന ബോണസ് 20 പൈസ വർദ്ധിപ്പിച്ച് 8.80 രൂപയാക്കിയതിലൂടെയാണ് നെല്ലിന്റെ വിലയിൽ വർദ്ധനവുണ്ടായത്.

(സി) നടപ്പുവർഷത്തിൽ കർഷകരിൽനിന്നും എത്രത്തോളം നെല്ല് സംഭരിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ന്യായ വിലയ്ക്ക് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതുവഴി നെൽകൃഷി മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

2021-22 സീസണിൽ നാളിതുവരെയായി 254058 കർഷകരിൽനിന്നും 748375 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിന്റെ വിലയായി 247187 കർഷകർക്ക് 2056.99 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി മാത്രമായാണ് പ്രവർത്തിക്കുന്നത്. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നു.

## പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാൻ നടപടി

29 (*329) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ലോക്കപ്പ് മർദ്ദനം ഉൾപ്പെടെയുള്ള മനുഷ്യാവകാശങ്ങൾ ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. 02-03-2021-ലെ SLP (Crl) No.3543/2020 പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവനുസരിച്ച് സംസ്ഥാനത്തെ എല്ലാ

പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാൻ 25-09-2021-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.2630/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം 11.894 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 480 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും എന്നത്തേയ്ക്ക് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകളും എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി ക്യാമറ മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനായി M/s. Tele-communication Consultants India Ltd. (A Govt. of India Enterprise), New Delhi എന്ന സ്ഥാപനത്തിന് 24-02-2022-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 23-02-2023-ന് മുമ്പായി

പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**കാസ്പ് പദ്ധതി**

30 (*330) ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. എം. എം. മണി:

ശ്രീ. എം. നൗഷാദ്:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിൽ കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രൂപീകൃതമായതിനുശേഷം വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകിവരുന്ന സൗജന്യ ചികിത്സയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; കഴിഞ്ഞ വർഷം ആകെ എത്ര രൂപയുടെ സൗജന്യചികിത്സ നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ; അതിലേയ്ക്കുള്ള സർക്കാർ വിഹിതം എത്രയെന്ന് അറിയിക്കാമോ?

2019 ഏപ്രിൽ 1 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി'. 2020 ജൂലായ് 1 മുതൽ പദ്ധതിയുടെ നടത്തിപ്പുചുമതല പൂർണ്ണമായും സ്റ്റേറ്റ്

ഹെൽത്ത് ഏജൻസി ഏറ്റെടുത്തു. ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന(AB PM-JAY)-യോട് സഹകരിച്ചുകൊണ്ടാണ് കേരളത്തിൽ കാസ്പ് നടപ്പിലാക്കുന്നത്.

29-05-2018-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 1739/2018/ആ.കു.വ പ്രകാരം കേരളസർക്കാർ ലേബർ വകുപ്പിനുകീഴിൽ നടപ്പിലാക്കി വന്നിരുന്ന ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ ഏകീകരിച്ച് രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്). 2018-19 സാമ്പത്തിക വർഷം RSBY/CHIS പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളും 2011 സോഷ്യോ ഇക്കണോമിക് കാസ്റ്റ് സെൻസസ് (SECC) പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും കാസ്പ് പദ്ധതിയിൽ അംഗങ്ങളാണ്. നിലവിൽ 41.80 ലക്ഷം കുടുംബങ്ങൾ കാസ്പ് പദ്ധതിയിൽ അംഗത്വം നേടിയിട്ടുണ്ട്.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി 'കാസ്പ് പദ്ധതി' കൂടാതെ കെ.ബി.എഫ്. (കാരുണ്യ ബെനവലന്റ് ഫണ്ട്) പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾ അല്ലാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക

വരുമാനവുമുള്ള APL/BPL കുടുംബങ്ങൾക്ക് 2 ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി. കിഡ്നി സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാകും. പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ വിവരം https://sha.kerala.gov.in/list-of-empanelled-hospitals/എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം 23770 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.

<u>പോർട്ടബിലിറ്റി സൗകര്യം</u> -

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്ക് അന്യസംസ്ഥാനങ്ങളിൽ AB-PMJAY പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളിൽ സൗജന്യചികിത്സ ലഭിക്കുന്നതാണ്. പദ്ധതിപ്രകാരം നാളിതുവരെ 1109 വ്യക്തികൾക്ക് 3.43 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാൻ സാധിച്ചു.

അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ AB-PMJAY പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും കേരളത്തിൽ പദ്ധതിയുമായി എംപാനൽ ചെയ്തിട്ടുള്ള സർക്കാർ സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. പദ്ധതിപ്രകാരം നാളിതുവരെ 677 വ്യക്തികൾക്ക് 1.43

കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാൻ സാധിച്ചു.

ആകെ അംഗത്വം നേടിയ കുടുംബങ്ങളുടെ എണ്ണം - 41,75,798, സംസ്ഥാന സർക്കാർ പൂർണ്ണമായും ചികിത്സാ ചിലവ് വഹിക്കുന്ന കുടുംബങ്ങളുടെ എണ്ണം - 19,63,724, PM-JAY കുടുംബം ചികിത്സാ ചെലവ് (കേന്ദ്ര സംസ്ഥാന അനുപാതത്തിൽ (60:40) (കേന്ദ്ര വിഹിതം പരമാവധി ഒരു കുടുംബത്തിന് 631.2 രൂപ) - 22,12,074.

മുൻ വർഷങ്ങളിലെ ചികിത്സാ ചെലവ് താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആകെ ചെലവഴിച്ച തുക | സംസ്ഥന സർക്കാർ പദ്ധതിക്കായി അനുവദിച്ച് വിനിയോഗിച്ച തുക | ലഭ്യമായ കേന്ദ്ര വിഹിതം |
|---|---|---|---|
| 2020-2021 (SHA കാലയളവ് മാത്രം) | 494.7 കോടി രൂപ | 356.6 കോടി രൂപ | 138.10 കോടി രൂപ |
| 2021-2022 | 1141.39 കോടി രൂപ | 1002.5 കോടി രൂപ | 138.89 കോടി രൂപ |

(ബി) സർക്കാരിന്റെ നിരന്തര ഇടപെടലിലൂടെ കാസ്പ് പദ്ധതിക്കുകീഴിൽ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിനെ ഉൾപ്പെടുത്താനായിട്ടുണ്ടോ; മികച്ച സ്വകാര്യ ആശുപത്രികളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ

ഉദ്ദേശിക്കുന്നുണ്ടോ?

2019 ഏപ്രിൽ 1 മുതൽ ആരംഭിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ SCTIMST ചില സാങ്കേതിക കാരണത്താൽ എംപാനൽ ആയില്ല. നിരവധി AB-PMJAY/ KASP ഗുണഭോക്താക്കൾ SCTIMST-ൽ ചികിത്സ ലഭ്യമാക്കാത്തതിനെത്തുടർന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ പരാതി നൽകിയിരുന്നു. AB-PMJAY/KASP പദ്ധതിയിൽ SCTIMST എംപാനൽ ചെയ്യുന്നതിന് കേന്ദ്ര സർക്കാർതലത്തിലും നിരവധി കത്തുകൾ നൽകിയിരുന്നു. ഇതിനെത്തുടർന്ന് SCTIMST 30-03-2022-ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുമായി ധാരണാപ്പത്രം ഒപ്പുവച്ചു. 05-04-2022-ന് ആദ്യ കേസ് രജിസ്റ്റർ ചെയ്തു. പദ്ധതിപ്രകാരം നാളിതുവരെ 572 വ്യക്തികൾക്ക് 3.64 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാൻ സാധിച്ചു.

നിലവിൽ 587 സ്വകാര്യ ആശുപത്രികൾ കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. കൂടുതൽ സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

(സി) എത്ര കുടുംബങ്ങൾക്ക് കാസ്പ് പദ്ധതിപ്രകാരം ആരോഗ്യസുരക്ഷ നൽകാനായിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം ആരോഗ്യ സുരക്ഷ നൽകിയിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു.

| ആകെ അംഗത്വം നേടിയ കുടുംബങ്ങളുടെ എണ്ണം | സംസ്ഥാന സർക്കാർ പൂർണ്ണമായും ചികിത്സാ ചെലവ് വഹിക്കുന്ന കുടുംബങ്ങളുടെ എണ്ണം | PM-JAY കുടുംബം ചികിത്സാ ചെലവ് (കേന്ദ്ര സംസ്ഥാന അനുപാതത്തിൽ (60:40) (കേന്ദ്ര വിഹിതം പരമാവധി ഒരു കുടുംബത്തിന് 631.2 രൂപ) |
|---|---|---|
| 41,75,798 | 19,63,724 | 22,12,074 |

മേൽപ്പറഞ്ഞ വിഭാഗങ്ങൾക്കുപുറമേ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി നടപ്പിലാക്കിവരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം 23770 ഗുണഭോക്താക്കൾക്ക് ഇതുവരെ ആനുകൂല്യം നൽകി.

(ഡി) കാസ്പ് പദ്ധതി ആരംഭിച്ചതിനുശേഷം കാരുണ്യ ബെനവലന്റ് പദ്ധതി തുടരുന്നുണ്ടോ; പ്രസ്തുത പദ്ധതി പരിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ (AB-PMJAY/KASP) കീഴിൽ എംപാനൽ ചെയ്ത സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ തുടർന്ന് നൽകിവരുന്നു.

കാസ്പ് വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം മൂന്ന് ലക്ഷത്തിന് താഴെയാണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകാവുന്നതാണ്. ഈ പദ്ധതിപ്രകാരം രണ്ട് ലക്ഷം രൂപയുടെ ചികിത്സാ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക് - മൂന്ന് ലക്ഷം രൂപ വരെ) കുടുംബത്തിനു മുഴുവനായി പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾവഴി നൽകിവരുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ പ്രവർത്തനമാരംഭിച്ചതിനുശേഷം നടത്തിയ പരിഷ്കരണങ്ങളെക്കുറിച്ചുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | കെ.ബി.എഫ്. - ടാക്സസ് വഴിയുള്ള നടപടി ക്രമം | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയുള്ള നടപടിക്രമം |
|---|---|---|
| ഗുണഭോക്തൃ അപേക്ഷാ നടപടിക്രമം | അപേക്ഷാ ഫോറം, എസ്റ്റിമേറ്റ് ഓഫ് എക്സിപെൻഡിച്ചർ - കെ.ബി.എഫ്. ഫോറം - 4 (രോഗി ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്, രോഗി ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പ് - പേജ് 1,2,3, രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, രോഗിയും | ചികിത്സയ്ക്ക് യോഗ്യതയുള്ള ഗുണഭോക്താക്കൾക്ക് കാസ്പ് എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ ആപ്ലിക്കേഷൻ നേരിട്ട് സമർപ്പിക്കാൻ കഴിയും. അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ് എന്നീ പ്രോസസ്സിംഗ് രേഖകളും ഹാജരാക്കേണ്ടതാണ്. അപേക്ഷകൾ കിയോസ്കിൽനിന്നും ജില്ല |

| | | |
|---|---|---|
| | കുടുംബാംഗങ്ങളും താമസിക്കുന്ന വീടിന്റെ മുന്നിൽവച്ച് എടുത്തിട്ടുള്ള ഒരു കളർ ഫോട്ടോ. | പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് (DPC) കൈമാറുകയും DPC-മാർ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ് . |
| ആനുകൂല്യങ്ങൾ | തൃതീയ പരിചരണം (2 ലക്ഷം രൂപ), വൃക്കരോഗങ്ങൾ (3 ലക്ഷം രൂപ) 315 പാക്കേജുകൾ | കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, ത്രിതീയ പരിചരണം, 26 സ്പെഷ്യാലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജുകൾ/ ഡേ കെയർ സിറ്റിംഗ് ചാർജുകൾ ഉൾപ്പെടെ 15 ദിവസത്തെ പോസ്റ്റ് ഡിസ്ചാർജിനുള്ള മരുന്നുകൾ ഉൾപ്പെടെ പദ്ധതിപ്രകാരം പരിചരിക്കുന്നു. |
| ചികിത്സാ സൗകര്യം | 57 ആശുപത്രികളും 26 ഡയാലിസിസ് സെന്ററുകളും | കാസ്പിൽ നിലവിൽ എംപാനൽ ചെയ്തിട്ടുള്ള 500-ഓളം സ്വകാര്യ ആശുപത്രികളും ദ്വിതീയ, ത്രിതീയ ചികിത്സാ സൗകര്യമുള്ള സർക്കാർ ആശുപത്രികളും |
| ഏറ്റവും കൂടുതൽ ഉപയോഗിച്ച പാക്കേജ് നിരക്ക് | ഹീമോഡയാലിസിസ് 650 രൂപ/സെഷൻ | ഹീമോഡയാലിസിസ് 900 രൂപ/സെഷൻ |
| ഐ.ടി സംയോജനം | മാന്വൽ പ്രോസസ്സിംഗ് | 2020 ജൂലൈ 1 മുതൽ പദ്ധതിയുടെ നടത്തിപ്പുചുമതല പൂർണ്ണമായും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഏറ്റെടുത്ത് |

| | | |
|---|---|---|
| | | തുടങ്ങിയതുമുതൽ നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ നിർദ്ദിഷ്ട ഐ.ടി. പോർട്ടലിലൂടെ മുഴുവൻ പ്രക്രിയയും ഡിജിറ്റൈസ് ചെയ്യുകയും രോഗികൾക്ക് പേപ്പർ രഹിതവും പണരഹിതവുമായ ചികിത്സാനുകൂല്യങ്ങൾ നൽകിവരുകയും ചെയ്യുന്നു. |

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.എസ്.സി. നിയമനം - സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ്

1 (3702) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവ് മുതൽ 2022 മേയ് 31 വരെ പാലക്കാട് ജില്ലയിൽ എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയെന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ ഏറ്റവും കൂടുതൽ നിയമനം നടന്ന വകുപ്പ് ഏതാണെന്ന് അറിയിക്കാമോ?

25-05-2016 മുതൽ 31-05-2022 വരെ പാലക്കാട് ജില്ലയിൽ വിവിധ തസ്തികകളിലായി 8693 (എണ്ണായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമന ശിപാർശ

നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് നിലവിലുള്ളത്?

1. CAHSS, കുഴൽമന്ദം

2. GHSS, എരുമയൂർ

3. GGHSS, ആലത്തൂർ

(സി) പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽനിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിന്മേൽ നിലവിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

2021-22 അധ്യയന വർഷത്തിൽ ASSMHSS ആലത്തൂർ, CAHSS കുഴൽമന്ദം എന്നീ സ്കൂളുകളിൽനിന്നും അപേക്ഷകൾ ലഭ്യമാകുകയും CAHSS കുഴൽമന്ദം സ്കൂളിന് എസ്.പി.സി. യൂണിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ ആശ്രിത നിയമനം**

2 (3703) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശ്രിത നിയമനത്തിന് കോഴിക്കോട് ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് നിലവിൽ ജോലി ലഭിച്ചിട്ടുണ്ട്; ഇനിയും ജോലി ലഭിക്കാനുള്ളവരുടെ പേരുവിവരം ലഭ്യമാക്കുമോ?

ആശ്രിത നിയമനത്തിനായി ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് ലഭ്യമായ ഒഴിവിൽ മാതൃവകുപ്പിൽ ആശ്രിത നിയമനം നൽകിവരുന്നു. മാതൃവകുപ്പിൽ ഒഴിവുകളില്ലാത്തപക്ഷം പൊതുഭരണ (സി.ഇ. സെൽ) വകുപ്പിലേയ്ക്ക് അപേക്ഷ കൈമാറുകയും വിവിധ വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന നിശ്ചിത ശതമാനം ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം നിയമനം നൽകിയവരുടെയും നിയമനം ലഭിക്കാനുള്ളവരുടെയും വിവരം ക്രോഡീകരിച്ചിട്ടില്ല.

**ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം**

3 (3704) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഓൺലൈൻ സ്ഥലംമാറ്റം

നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പും റവന്യൂ വകുപ്പും ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽനിന്ന് വിവരം ശേഖരിച്ചുവരുന്നു.

(ബി) ഓൺലൈൻ സ്ഥലംമാറ്റം നടത്തുന്നതിന് സ്വന്തം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന വകുപ്പുകൾ ഏതൊക്കെ?

റവന്യൂ വകുപ്പിൽ C-DIT രൂപകൽപ്പന ചെയ്ത HRMS (Human Resource management System) എന്ന സോഫ്റ്റ്‌വെയർ പ്രകാരമാണ് ഓൺലൈൻ ട്രാൻസ്ഫർ നടപ്പിൽ വരുത്തിയത്. മറ്റ് വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു. ഓരോ വകുപ്പിനും സോഫ്റ്റ്‌വെയർ പ്രാപ്തമാക്കുന്നത് നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) മുഖേനയാണ്.

(സി) എൻ.ഐ.സി.-യുടെ സോഫ്റ്റ്‌വെയർ മുഖാന്തരം സ്ഥലംമാറ്റം നടത്തിയപ്പോൾ അപാകതകളുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) എല്ലാ വകുപ്പിലും ഓൺലൈൻ സ്ഥലംമാറ്റം നടത്തുകയെന്നത് സർക്കാരിന്റെ അജണ്ടയിലുണ്ടോ; എങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കും; വിശദമാക്കുമോ?

ഉണ്ട്. എല്ലാ വകുപ്പുകളിലും ഓൺലൈൻ സമ്പ്രദായത്തിലൂടെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ആഭ്യന്തര വകുപ്പിലെ ആശ്രിത നിയമനം**

4 (3705) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം സംബന്ധിച്ച് പൊതുഭരണ വകുപ്പിൽ നിലവിലുള്ള എൽ.ഡി. ക്ലർക്ക് (ആശ്രിത നിയമനം) തസ്തികയിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽനിന്നും 2016 ജനുവരി മുതൽ നാളിതുവരെയുള്ള കാലയളവിൽ എത്രപേരെ ആഭ്യന്തര വകുപ്പിൽ നിയമിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ആശ്രിത നിയമനം സംബന്ധിച്ച് പൊതുഭരണ വകുപ്പിൽ നിലവിലുള്ള എൽ.ഡി. ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും 2016

ജനുവരി മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പിലേയ്ക്ക് എൽ.ഡി. ക്ലർക്ക് തസ്തികയിൽ 6 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ശ്രീമതി രമ്യ തങ്കപ്പന് കൽപ്പറ്റ ജില്ലാ കോടതിയിലും ശ്രീ പി. വിഷ്ണു, ശ്രീമതി അനഘാ ശശിധരൻ, ശ്രീമതി ഗായത്രി വടാവത് എന്നിവർക്ക് കോട്ടയം സബോർഡിനേറ്റ് ജൂഡീഷ്യറിയിലും ശ്രീ. സുകനേഷ് കെ., ശ്രീമതി സരിത കെ. എന്നിവർക്ക് പാലക്കാട് സബോർഡിനേറ്റ് ജൂഡീഷ്യറിയിലുമാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്.

(ബി) 2016 ജനുവരി മുതൽ നാളിതുവരെയുള്ള കാലയളവിൽ ആഭ്യന്തര വകുപ്പിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഈ കാലയളവിൽ പുതിയ എത്ര എൽ.ഡി. ക്ലർക്ക് തസ്തികകൾ ആഭ്യന്തര വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ആഭ്യന്തര വകുപ്പിൽ 2016 ജനുവരി മുതൽ നാളിതുവരെയുള്ള കാലയളവിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ 774 ഒഴിവുകളുണ്ടായിട്ടുണ്ട്. ഈ കാലയളവിൽ 92 എൽ.ഡി. ക്ലർക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സബോർഡിനേറ്റ് കോടതികളിലെ ഒഴിവുകൾ/തസ്തികകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി**

5 (3706) **ശ്രീ. മോൻസ് ജോസഫ്**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ ഭൂരിഭാഗവും വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകളിൽനിന്നും റിപ്പോർട്ട്, വിശദീകരണം തുടങ്ങിയവ ലഭ്യമാകാനുള്ളവയാണോയെന്ന കാര്യം പരിശോധിക്കുമോ;

&

(ബി) സംസ്ഥാന-ജില്ലാതലങ്ങളിലുള്ള ഓഫീസർമാർക്ക് തീർപ്പാക്കാൻ കഴിയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ സെക്രട്ടേറിയറ്റിലേയ്ക്ക് അയയ്ക്കുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വിവിധ കാരണങ്ങളാൽ തീർപ്പാകാത്ത ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് സെപ്തംബർ 30 വരെ നീണ്ടുനിൽക്കുന്ന തീവ്രയജ്ഞ പരിപാടിക്ക് ജൂൺ 15 മുതൽ തുടക്കം കുറിച്ചിട്ടുണ്ട്. ഓരോ വകുപ്പിലും എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർ അവരിൽ നിക്ഷിപ്തമായ ഔദ്യോഗിക ചുമതലകൾ പൂർണ്ണമായും വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിൽനിന്നും അടിയന്തരം എന്ന് രേഖപ്പെടുത്തി അയയ്ക്കുന്ന തപാലുകൾക്ക് മറുപടി നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

മടക്കത്തപാലിൽ/ഇന്നുതന്നെ/വളരെ അടിയന്തരം/അടിയന്തരം എന്ന മുൻഗണനാക്രമത്തിലാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. എല്ലാ തപാലിലും അഞ്ചുദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കണമെന്ന് മാന്വൽ ഓഫ് ഓഫീസ് പ്രൊസീജ്വറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) സെക്രട്ടേറിയറ്റിൽ ഫയൽ അദാലത്തുകൾ നടത്തുമ്പോൾ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകളിൽനിന്നും ലഭ്യമാകേണ്ട മറുപടികളുടെ പട്ടിക തയ്യാറാക്കി പ്രസ്തുത ഓഫീസുകളിലേയ്ക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിന് എല്ലാ വകുപ്പുകൾക്കും വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

**അഴിമതിയും കൈക്കൂലിയും തടയാൻ നടപടി**

6 (3707) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ ചില വകുപ്പുകളിലെ ജീവനക്കാർ നടത്തുന്ന അഴിമതിയും കൈക്കൂലി വാങ്ങലും കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇത്തരം പ്രവൃത്തികൾ നടത്തുന്ന ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാന സിവിൽ സർവ്വീസിൽ അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/പ്രാഥമികാന്വേഷണം/വിജിലൻസ് അന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തുകയും സസ്പെൻഷൻ, മറ്റ്

വകുപ്പുതലനടപടികൾ എന്നിവ ആവശ്യമായവയിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. ട്രാപ്പ് കേസുകളിൽ കുറ്റക്കാർക്കെതിരെ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണ നടത്തി തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ കോടതി ശിക്ഷ വിധിക്കുകയും ചെയ്യുന്നു. കൂടാതെ, സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ട് തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിൽ കണ്ടെത്തുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തുന്നു. പ്രസ്തുത അന്വേഷണത്തിൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണ നടത്തി തെളിവുകളുടെ വെളിച്ചത്തിൽ പ്രതികൾക്കെതിരെ കോടതി ശിക്ഷ വിധിക്കുകയും ചെയ്യുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

കൈക്കൂലിയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് വിജിലൻസ് എടുത്തിട്ടുള്ളതെന്ന് ജില്ലയും വകുപ്പും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## വിശ്വകർമ്മ സമുദായ കമ്മീഷൻ റിപ്പോർട്ട്

7 (3708) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശ്വകർമ്മ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കാൻ നടപടിയായിട്ടുണ്ടോ; ആയതിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കമ്മീഷൻ നൽകിയ 21 ശിപാർശകളിൽ 13 ശിപാർശകളിൽ തുടർനടപടികൾ എടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചുകൊണ്ട് സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവായിരുന്നു. രണ്ട് ശിപാർശകൾ വിശ്വകർമ്മ പെൻഷനുമായി ബന്ധപ്പെട്ടുള്ളതും നടപടിയെടുത്തിട്ടുള്ളതുമായ സാഹചര്യത്തിൽ തുടർ നടപടികൾ ആവശ്യമില്ലാത്തതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ബാക്കിയുള്ള 6 ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് തൊഴിലും നൈപുണ്യവും വകുപ്പ്, സഹകരണ വകുപ്പ്, റവന്യൂ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരമ്പരാഗത സമുദായമായ വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ച് പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ പരമ്പരാഗത തൊഴിൽ സമുദായങ്ങൾക്ക് ലഭ്യമാക്കുന്നതിന് കൂടുതൽ പഠനം ആവശ്യമുണ്ട്.

(സി) സംവരണ തത്വങ്ങളിലെ അപാകതകൾ പരിഹരിച്ച് മെഡിക്കൽ പി.ജി. കോഴ്സുകൾക്ക് നിലവിലുള്ള സംവരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

മെഡിക്കൽ പി.ജി. കോഴ്സുകൾക്ക് 2020-21 വരെ 9% ആയിരുന്ന സംവരണം നിലവിൽ 27 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ OBH വിഭാഗങ്ങൾക്കുള്ള ഏഴ് ശതമാനം സംവരണത്തിലാണ് വിശ്വകർമ്മജർക്ക് സംവരണം ലഭിക്കുക.

(ഡി) വിശ്വകർമ്മജർക്ക് ദേവസ്വം ബോർഡുകളിൽ സംവരണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

വിശ്വകർമ്മജർക്ക് ദേവസ്വം ബോർഡുകളിലെ ഉദ്യോഗ നിയമനങ്ങളിൽ സർക്കാർ ഉദ്യോഗങ്ങൾക്ക് തുല്യമായ സംവരണം അനുവദിച്ചിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതിയുടെ പുരോഗതി**

8 (3709) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയ തീയതി വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയ്ക്ക് ഭരണാനുമതി നൽകിയ തീയതിയുൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ച് നാളിതുവരെയായിട്ടും പ്രവൃത്തികൾ പൂർത്തിയാക്കാത്തതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.എസ്.സി. നിയമനങ്ങൾ

9 (3710) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമേറ്റ തീയതി മുതൽ 2022 മേയ് 31

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരെയുള്ള കാലയളവിൽ പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2016 മേയ് മുതൽ 2022 മേയ് 31 വരെ 184723 (ഒരു ലക്ഷത്തി എൺപത്തി നാലായിരത്തി എഴുന്നൂറ്റി ഇരുപത്തി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമന ശിപാർശ നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| നം. | വർഷം | പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ എണ്ണം |
|---|---|---|
| 1. | 2016 (25-05-2016 മുതൽ) | 26247 |
| 2. | 2017 | 35911 |
| 3. | 2018 | 28025 |
| 4. | 2019 | 35422 |
| 5. | 2020 | 25914 |
| 6. | 2021 | 26724 |
| 7. | 2022 | 6480 |
| **ആകെ** | | **184723** |

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ ഏതൊക്കെ

സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടെന്ന് സ്ഥാപനത്തിന്റെ പേരും തസ്തികകളുടെ എണ്ണവും സഹിതം വ്യക്തമാക്കാമോ?

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് പരിഷ്കരണത്തിനായി ഈ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്തൊക്കെയാണെന്നും വിശദമാക്കാമോ;

&

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം വകുപ്പുകളുടെയും തസ്തികകളുടെയും പേര് സഹിതം വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## പൊതുഭരണം ധനകാര്യ വകുപ്പുകളിലെ തസ്തികകൾ

10 (3711) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ മുതൽ 2022 ജൂൺ വരെ സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചു; ഇനം, വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കാമോ?

പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു.

| പൊതുഭരണ വകുപ്പ് | | |
|---|---|---|
| ക്രമ നം. | തസ്തിക | എണ്ണം |
| 1 | ഓഫീസ് അറ്റൻഡന്റ് | 1 |
| 2 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 2 |
| 3 | അസിസ്റ്റന്റ് | 8 |
| 4 | സെക്ഷൻ ഓഫീസർ | 4 |
| 5 | അണ്ടർ സെക്രട്ടറി | 4 |
| 6 | ജോയിന്റ് സെക്രട്ടറി | 2 |
| 7 | അഡീഷണൽ സെക്രട്ടറി | 2 |

2016 ജൂലൈ മുതൽ 2022 ജൂൺ വരെ ധനകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻകീഴിൽ ധനകാര്യ (റെക്കോർഡ്സ്) വകുപ്പിൽ ഡിജിറ്റൈസേഷൻ ജോലികൾ പൂർത്തീകരിക്കുന്നതിനായി 28-07-2016-ലെ സ.ഉ.(സാധാ)നം.6372/16/ധന ഉത്തരവുപ്രകാരവും 15-ാം ധനകാര്യ കമ്മീഷൻ സെൽ രൂപീകരിക്കുന്നതിനായി 16-03-2018-ലെ സ.ഉ.(സാധാ) നം.2047/2018/ധന ഉത്തരവുപ്രകാരവും 6-ാം സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 14-11-2019-ലെ സ.ഉ.(കൈ)നം.426/19/ധന ഉത്തരവുപ്രകാരവും താഴെപ്പറയുന്ന താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| ക്രമ നം. | തസ്തികകളുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | അഡീഷണൽ സെക്രട്ടറി | 2 |
| 2 | ജോയിന്റ് സെക്രട്ടറി | 2 |
| 3 | ഡെപ്യൂട്ടി സെക്രട്ടറി | 1 |
| 4 | അണ്ടർ സെക്രട്ടറി | 1 |
| 5 | അക്കൗണ്ട്സ് ഓഫീസർ | 3 |
| 6 | സെക്ഷൻ ഓഫീസർ | 3 |
| 7 | അസിസ്റ്റന്റ് | 17 |
| 8 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 4 |
| 9 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |

| | | |
|---|---|---|
| 10 | ഓഫീസ് അറ്റൻഡന്റ് | 4 |
| 11 | പാർട്ട് ടൈം സ്വീപ്പർ | 1 |

(ബി) പ്രസ്തുത കാലയളവിൽ ഇതേ വകുപ്പുകളിലായി ആകെ എത്ര തസ്തികകൾ നിർത്തലാക്കി; ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭരണപരിഷ്കാര കമ്മീഷന്റെ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ ഇതിനായി സൃഷ്ടിച്ച ഒരു അഡീഷണൽ സെക്രട്ടറിയുടെയും രണ്ട് അണ്ടർ സെക്രട്ടറിമാരുടെയും തസ്തികകളുടെ കാലാവധിയും അവസാനിച്ചിട്ടുണ്ട്.

2. ഡ്യൂപ്ലിക്കേറ്റ് മെഷീൻ സൂപ്പർവൈസർ/ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ (നിലവിലെ ജീവനക്കാർ വിരമിക്കുന്ന മുറയ്ക്ക് തസ്തിക ഇല്ലാതാകുന്ന വിധത്തിൽ ക്രമീകരിച്ചിട്ടുണ്ട്.)

3. വിവിധ വകുപ്പുകളിൽ ആവശ്യം വരുന്ന മുറയ്ക്ക് ഇതേ തസ്തികയോ മറ്റ് തസ്തികയോ പകരം സൃഷ്ടിച്ച് ഉത്തരവാകുന്നതാണ് എന്ന വ്യവസ്ഥയിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന 220 തസ്തികകൾ.

**സെറിബ്രൽ പാൾസി, ഭിന്നശേഷി വിഭാഗങ്ങളിൽനിന്നുള്ള നിയമനം**

11 (3712) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിബ്രൽ പാൾസി, ഭിന്നശേഷി വിഭാഗങ്ങളുടെ നിയമനത്തിനായുള്ള സംവരണപ്പട്ടിക തയ്യാറാക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽനിന്നും നിയമനം നടത്തുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) സെറിബ്രൽ പാൾസി വിഭാഗത്തിൽ നിന്നും നിയമനം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) അടിയന്തരമായി പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ നിയമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

1995-ലെ ഭിന്നശേഷി നിയമപ്രകാരം നിയമനങ്ങളിൽ 3% സംവരണം അനുവദിച്ചിട്ടുള്ളതിൽ 1% അനുവദിച്ചിട്ടുള്ളത് ലോക്കോമോട്ടോർ ഡിസെബിലിറ്റി/സെറിബ്രൽ പാൾസി വിഭാഗത്തിനാണ്. 2016-ലെ

റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റ് പ്രകാരം സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് 49 കോമൺ കാറ്റഗറി തസ്തികകൾ, സെറിബ്രൽ പാൾസി രോഗബാധിതർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്ന ഭിന്നശേഷിക്കാർക്കായി നിലവിൽ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

## സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ

12 (3713) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലും ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലും സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ആഴ്ചയിൽ 5 ദിവസമാക്കാൻ ശിപാർശ ചെയ്തിരുന്നോയെന്നും ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്നും വ്യക്തമാക്കാമോ;

&

(ബി) കേന്ദ്ര സർക്കാരും മറ്റനേകം സംസ്ഥാന സർക്കാരുകളും ബാങ്ക്

ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളും പ്രവൃത്തി ദിവസം ആഴ്ചയിൽ 5 ആക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തും സർക്കാർ ഓഫീസുകളുടെ പ്രവൃത്തി സമയം ക്രമീകരിച്ചുകൊണ്ട്, സമിതിയുടെ പ്രസ്തുത ശിപാർശ നടപ്പാക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിവസം ആഴ്ചയിൽ 5 ആക്കണമെന്ന് പതിനൊന്നാം ശമ്പള കമ്മീഷനും ഭരണ പരിഷ്കാര കമ്മീഷനും ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

13 (3714) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വകുപ്പുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, മിഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിങ്ങനെ മുഴുവൻ സ്ഥാപനങ്ങളിലും നിലവിലുള്ള വാഹനങ്ങളുടെ എണ്ണം വകുപ്പുതിരിച്ച് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഔദ്യോഗിക വാഹനങ്ങൾക്കുപുറമെ ടാക്സി വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

&

(സി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിർത്തലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## ഏകീകൃത പൗര സേവന വിതരണ പ്ലാറ്റ്ഫോം

14 (3715) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽനിന്നുള്ള സേവനങ്ങൾക്കായി വ്യത്യസ്ത ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കേണ്ടിവരുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ സർക്കാർ വകുപ്പുകളിൽനിന്നുള്ള സേവനങ്ങൾക്കായി വ്യത്യസ്ത ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കേണ്ടിവരുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിക്കുന്നതിനായി പ്രസ്തുത സേവനങ്ങൾ "ഇ-സേവനം" എന്ന ഏകീകൃത പോർട്ടൽ വഴിയും "എം-സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴിയും ലഭ്യമാക്കിവരുന്നു.

സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ 72 വകുപ്പുകളുടെ 830-ഓളം സേവനങ്ങൾ "ഇ-സേവനം" പോർട്ടൽ (https://services.kerala.gov.in) മുഖേന പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്. 618 സേവനങ്ങൾ 'എം-സേവനം' എന്ന മൊബൈൽ ആപ്പിലും ലഭ്യമാണ്.

(ബി) വിവിധ സർക്കാർ വകുപ്പുകളിൽനിന്നുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിന് ഏകീകൃത പൗരസേവന വിതരണ പ്ലാറ്റ്ഫോം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

&

(സി) ദേശീയതലത്തിൽ ഉപയോഗിച്ചുവരുന്ന ഡിജിറ്റ് എന്ന

സോഫ്റ്റ്‌വെയർ ഏകീകൃത പൗര സേവന വിതരണ പ്ലാറ്റ്‌ഫോമിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിവിധ സർക്കാർ വകുപ്പുകളിൽനിന്നുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്‌ഫോമിൽ ലഭ്യമാക്കുന്നതിന് ഒരു ഏകീകൃത പൗരസേവന വിതരണ പ്ലാറ്റ്‌ഫോം നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും eGov ഫൗണ്ടേഷൻ വികസിപ്പിച്ച "ഡിജിറ്റ്" പ്ലാറ്റ്‌ഫോം ആവശ്യാനുസരണം ഭേദഗതി വരുത്തി ഉപയോഗിക്കുന്നതിന് eGov ഫൗണ്ടേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകൾ നൽകുന്ന എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ എൻഡ്-ടു-എൻഡ് പ്ലാറ്റ്‌ഫോമിൽ സമന്വയിപ്പിക്കുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ഡി) വിവിധ സർക്കാർ വകുപ്പുകളിൽനിന്നുള്ള ഓൺലൈൻ സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എം-ആപ്പ് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന 'എം-സേവനം' മൊബൈൽ ആപ്ലിക്കേഷൻ

തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 72 വകുപ്പുകളുടെ 618 സേവനങ്ങൾ പ്രസ്തുത ആപ്പിൽ ലഭ്യമാണ്.

## ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഒഴിവുള്ള തസ്തികകൾ

15 (3716) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ കാറ്റഗറി തിരിച്ചുള്ള എണ്ണവും വിശദാംശവും അറിയിക്കാമോ;

&

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി നിലവിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. നേരിട്ടുള്ള നിയമനത്തിനുള്ള എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റം/തസ്തികമാറ്റ നിയമനത്തിനുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുടുംബ പെൻഷൻ അനുവദിക്കുന്നതിന് നടപടി

16 (3717) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-02-1993-ൽ സർവ്വീസിലിരിക്കെ മരണപ്പെട്ട ഹെഡ് കോൺസ്റ്റബിൾ സി. കെ. വിശ്വനാഥന്റെ (എച്ച്.സി. 1531) വിധവ ഗീത (ചോഴിയത്തോട് വീട്, കണ്ണംപരിയാരം, മങ്കര) കുടുംബ പെൻഷനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മരണപ്പെട്ട ഹെഡ് കോൺസ്റ്റബിൾ സി. കെ. വിശ്വനാഥന്റെ (എച്ച്.സി 1531) സർവ്വീസ് ബുക്ക് നഷ്ടപ്പെട്ടതിനാൽ ആയത് ടിയാൻ ജോലി നോക്കിയ യൂണിറ്റുകളിൽനിന്നും രേഖകൾ ശേഖരിച്ച് പുനർനിർമ്മിക്കുന്നതിനും പുനർനിർമ്മിച്ച സർവ്വീസ് ബുക്ക് അനുബന്ധ രേഖകൾ സഹിതം അക്കൗണ്ടന്റ് ജനറലിന് അയയ്ക്കുന്നതിനും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലിൽ (എ.6(9)-1177723/2021/പി.എച്ച്.ക്യൂ.) നടപടി സ്വീകരിച്ച്

അടിയന്തരമായി കുടുംബ പെൻഷൻ അനുവദിക്കുമോ എന്നറിയിക്കാമോ?

ഇതുമായി ബന്ധപ്പെട്ട ഫയലിൽ (എ 6(9)-1177723/2021/പി.എച്ച്.ക്യൂ.) ടിയാന്റെ കുടുംബ പെൻഷൻ അനുവദിക്കുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## വൊക്കേഷണൽ ഹയർ സെക്കന്ററി നിയമനങ്ങൾ

17 (3718) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ വൊക്കേഷണൽ സബ്ജക്ട് കൈകാര്യംചെയ്യുന്ന അദ്ധ്യാപകരുടെ നിയമനം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ?

എൻ.എസ്.ക്യൂ.എഫ്. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സർക്കാർ വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ വൊക്കേഷണൽ അദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ?

മേൽ തസ്തികകളുടെയെല്ലാം തെരഞ്ഞെടുപ്പ് നടപടികൾ മരവിപ്പിച്ചിട്ടുള്ളതിനാൽ അനുബന്ധത്തിലെ ക്രമ നമ്പർ 18, 19, 20 എന്നിവ ഒഴികെയുള്ളവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

## സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ ഒഴിവുകൾ

18 (3719) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നിലവിൽ അണ്ടർ സെക്രട്ടറി മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

സെക്രട്ടേറിയറ്റിൽ നിലവിൽ അണ്ടർ സെക്രട്ടറി മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടെ ഒഴിവ് വിവരം ചുവടെ ചേർക്കുന്നു:

| **പൊതുഭരണ സെക്രട്ടേറിയറ്റ്** | **നിയമം** | **ധനകാര്യം** |
|---|---|---|
| (08-07-2022 തീയതി അടിസ്ഥാനമാക്കി) | (മേയ് 31 തീയതി അടിസ്ഥാനമാക്കി) | (08-07-2022 തീയതി അടിസ്ഥാനമാക്കി) |
| അണ്ടർ സെക്രട്ടറി - 4 | അണ്ടർ സെക്രട്ടറി - 5 | അണ്ടർ സെക്രട്ടറി മുതൽ മുകളിലേയ്ക്ക് 11 |

| | | |
|---|---|---|
| ഡെപ്യൂട്ടി സെക്രട്ടറി- നിലവിൽ ഒഴിവില്ല.<br>ജോയിന്റ് സെക്രട്ടറി - നിലവിൽ ഒഴിവില്ല.<br>അഡീഷണൽ സെക്രട്ടറി - 1<br>സ്പെഷ്യൽ സെക്രട്ടറി -നിലവിൽ ഒഴിവില്ല | ഡെപ്യൂട്ടി സെക്രട്ടറി- 5<br>ജോയിന്റ് സെക്രട്ടറി- 3<br>അഡീഷണൽ നിയമ സെക്രട്ടറി- 2 | ഒഴിവുകൾ. |

(ബി) 2022 ജനുവരി മുതൽ മേയ് 31 വരെ അണ്ടർ സെക്രട്ടറി തലത്തിൽ ഓരോ മാസവും റിട്ടയർമെന്റ് മുഖേനയുള്ള ഒഴിവുകൾ, ഇതിന് ആനുപാതികമായി ജൂൺ വരെ നികത്തിയ ഒഴിവുകൾ, 2023 മേയ് 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എന്നിവ എത്രയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

| **പൊതുഭരണ സെക്രട്ടേറിയറ്റ്** | **നിയമം** | **ധനകാര്യം** |
|---|---|---|
| 2022 ജനുവരി മുതൽ മേയ് 31 വരെ അണ്ടർ സെക്രട്ടറി തലത്തിൽ 5 ഒഴിവുകളുണ്ടായിട്ടുണ്ട്. ടി 5 ഒഴിവുകളും നികത്തിയിട്ടുണ്ട്. 2022 ജൂൺ മുതൽ 2023 മേയ് 31 വരെ അണ്ടർ സെക്രട്ടറി തസ്തികയിൽ | 2022 ജനുവരി മുതൽ മേയ് 31 വരെ അണ്ടർ സെക്രട്ടറി തലത്തിൽ 5 ഒഴിവു കളുണ്ടായിട്ടുണ്ട്. ഒഴിവുകൾ നികത്തു ന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2022 ജൂൺ മുതൽ | 2022 ജനുവരി മുതൽ മേയ് 31 വരെ അണ്ടർ സെക്രട്ടറി തലത്തിൽ 2 ഒഴിവുകളുണ്ടായിട്ടുണ്ട്. 2022 ജൂൺ മുതൽ 2023 മേയ് 31 വരെ അണ്ടർ സെക്രട്ടറി തസ്തികയിൽ |

| | | |
|---|---|---|
| വിരമിക്കൽമൂലം 6 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. | 2023 മേയ് 31 വരെ 13 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. | വിരമിക്കൽമൂലം ഒഴിവുകളുണ്ടാകുന്നില്ല. |

(സി) നിലവിലെ സെലക്റ്റ് ലിസ്റ്റിൽ അണ്ടർ സെക്രട്ടറി മുതൽ അഡീഷണൽ സെക്രട്ടറി വരെ എത്ര പേർ വീതം അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ; ആയത് നടപ്പുവർഷത്തെ പ്രൊമോഷന് മതിയായ എണ്ണമുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അഡ്ഹോക് ഡി.പി.സി. കൂടുന്നതിനുള്ള നടപടി ഇപ്പോൾ മുതൽ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പൊതുഭരണം**

അണ്ടർ സെക്രട്ടറി - 16

ഡെപ്യൂട്ടി സെക്രട്ടറി - 6

ജോയിന്റ് സെക്രട്ടറി - 2

അഡീഷണൽ സെക്രട്ടറി - ലിസ്റ്റ് തീർന്നു.

നിലവിലുള്ള ലിസ്റ്റ് തീരുന്ന മുറയ്ക്ക് അഡ്ഹോക് ഡി.പി.സി. കൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**നിയമം**

അണ്ടർ സെക്രട്ടറി - 16

ഡെപ്യൂട്ടി സെക്രട്ടറി - 12

ജോയിന്റ് സെക്രട്ടറി - 7

അഡീഷണൽ നിയമ സെക്രട്ടറി -6

നിലവിലുള്ള ലിസ്റ്റ് നടപ്പുവർഷത്തെ പ്രൊമോഷന് മതിയാകുന്നതാണ്. ആയതിനാൽ അഡ്ഹോക് ഡി.പി.സി. കൂടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായി കാണുന്നില്ല.

**ധനകാര്യം**

അണ്ടർ സെക്രട്ടറി - 19

ഡെപ്യൂട്ടി സെക്രട്ടറി - 12

ജോയിന്റ് സെക്രട്ടറി - 12

അഡീഷണൽ സെക്രട്ടറി - 2

നിലവിലുള്ള ലിസ്റ്റ് തീരുന്ന മുറയ്ക്ക് അഡ്ഹോക് ഡി.പി.സി കൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സെക്രട്ടേറിയറ്റിൽ പ്രൊമോഷൻ, റിട്ടയർമെന്റ് എന്നീ ഒഴിവുകൾ വരുന്ന മുറയ്ക്ക് ഉടൻതന്നെ സെലക്റ്റ് ലിസ്റ്റിൽനിന്നും നിയമനം നടത്താറുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; 2022 മേയ് 31-ന് നിലവിൽവന്ന റിട്ടയർമെന്റ് പ്രൊമോഷൻ ഒഴിവുകൾ എപ്പോഴാണ് നികത്തിയതെന്ന് അറിയിക്കുമോ?

ഉണ്ട്. പൊതുഭരണ വകുപ്പിലും, ധനകാര്യവകുപ്പിലും 2022 മേയ് 31-ന് കേഡർ തസ്തികയിലുണ്ടായ റിട്ടയർമെന്റ് ഒഴിവുകൾ ജൂൺ മാസത്തിൽ തന്നെ പ്രൊമോഷൻ മുഖേന നികത്തിയിട്ടുണ്ട്. നിയമവകുപ്പിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സെലക്റ്റ് ലിസ്റ്റിൽ മതിയായ എണ്ണം ഉദ്യോഗസ്ഥരെ ഉൾപ്പെടുത്താതെ പിന്നീട് അഡ്ഹോക് ഡി.പി.സി. കൂടേണ്ടിവരുന്നത് മൂലമുണ്ടാകുന്ന ചെലവ്, സമയനഷ്ടം എന്നിവ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് ഡി.പി.സി. കൂടുമ്പോൾത്തന്നെ ആവശ്യത്തിന് ജീവനക്കാരെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ, ചട്ടം 28(b)(i)(6)-ന് താഴെയുള്ള കുറിപ്പുപ്രകാരം ഒരു വർഷത്തിനുള്ളിൽ പ്രതീക്ഷിക്കുന്ന

ഒഴിവുകളുടെ എണ്ണത്തിന്റെ കഴിയുന്നത്ര മൂന്നിരട്ടിയും കുറഞ്ഞത് രണ്ടിരട്ടിയും മുൻവർഷം പുറന്തള്ളപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണവുംകൂടി ഉൾപ്പെടുത്തിയാണ് ഫീൽഡ് ഓഫ് ചോയ്സ് തയ്യാറാക്കുന്നത്. പ്രസ്തുത ചട്ടം 28(b) (i)(7) പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ എണ്ണം അടുത്ത വർഷത്തിൽ ഉണ്ടാകാവുന്ന ഒഴിവുകളുടെ എണ്ണത്തിന് തുല്യമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ എണ്ണം തീരുമാനിക്കുന്നത് ഡി.പി.സി. ആണ്.

**എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

19 (3720) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ കേഡർ സ്ട്രെംഗ്തും അതിൽ എത്ര എസ്.സി./എസ്.റ്റി. ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുവെന്നതും സംബന്ധിച്ച് വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

&

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എത്ര തവണ സ്പെഷ്യൽ

റിക്രൂട്ട്മെന്റ് നടത്തിയെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഓരോ വകുപ്പിലും പ്രസ്തുത വിഭാഗക്കാർക്കായിട്ടുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വകുപ്പുതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

2022 മാർച്ച് വരെയുള്ള ഒഴിവുകളുടെ വകുപ്പുതിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഓരോ വകുപ്പിലും പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക അവലോകനം ഏത് വർഷം വരെ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഇ) എസ്.സി./എസ്.റ്റി. പ്രാതിനിധ്യം പരിശോധിച്ച് ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യുന്നതിനും പ്രസ്തുത ഒഴിവുകളിൽ നിയമന നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന് കീഴിലെ 89 വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്ത ഒഴിവുകൾ, നിയമനം നടത്തിയവ, പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ, അവശേഷിക്കുന്ന ഒഴിവുകൾ എന്നിവ കൃത്യമായി അവലോകനം ചെയ്യുകയും ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പുമേധാവികൾക്ക് കർശന നിർദ്ദേശം നൽകിവരികയും ചെയ്യുന്നുണ്ട്. ഒഴിവുകൾ റിപ്പോർട്ടുചെയ്തിട്ടും നിയമനത്തിന് കാലതാമസം നേരിടുന്ന തസ്തികകളിൽ പി.എസ്.സി.-യും വകുപ്പ് തലവൻമാരുമായി യോഗങ്ങൾ വിളിച്ചുചേർത്ത് നിയമനം ദ്രുതഗതിയിൽ നടത്തുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**സംസ്ഥാനത്തിന് ദേശീയതലത്തിലുള്ള അംഗീകാരം**

20 (3721) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ (2016-21) കാലയളവിൽ ഏതെല്ലാം രംഗങ്ങളിലാണ് സംസ്ഥാനം ദേശീയ തലത്തിലുള്ള അംഗീകാരം നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ (2016-21) കാലയളവിൽ സംസ്ഥാനത്തിന് ലഭിച്ച ദേശീയതലത്തിലുള്ള അംഗീകാരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ

21 (3722) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നയാൾ മരിച്ചു കഴിഞ്ഞാൽ അവരുടെ കുടുംബാംഗങ്ങൾക്ക് പെൻഷന് അർഹതയുണ്ടോ; എങ്കിൽ ആർക്കൊക്കെയാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പെൻഷണറുടെ ജീവിത പങ്കാളി ജീവിച്ചിരിക്കുന്നില്ലെങ്കിൽ മറ്റ് കുടുംബാംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നതിന് പ്രത്യേക പരിഗണനയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നയാൾ മരണപ്പെട്ടാൽ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടപ്രകാരം പെൻഷണറുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവിത പങ്കാളി/അവിവാഹിതകളായ പെൺമക്കൾ/ പ്രായപൂർത്തിയാകാത്ത മകൻ എന്നിവർക്കും കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടം 11 A പ്രകാരം അർഹതയുടെ അടിസ്ഥാനത്തിൽ വിധവയായ മകൾ/ വിവാഹ മോചിതയായ മകൾ എന്നിവർക്ക് പുനർവിവാഹം/മരണം വരെയും കഠിനമായ/ഗൗരവമേറിയ ശാരീരിക-മാനസിക വൈകല്യമുള്ള മകൾ/മകൻ എന്നിവർക്കും ആശ്രിത പെൻഷന് അർഹതയുണ്ട്.

കേന്ദ്രസർക്കാരിന്റെ സ്വതന്ത്രത സൈനിക് സമ്മാൻ യോജന പെൻഷൻ പദ്ധതിപ്രകാരം പെൻഷണറുടെ പിതാവ്/മാതാവ്/വിധവ/ വിഭാര്യൻ (പുനർവിവാഹിതരല്ലാത്ത)/അവിവാഹിതരായ പെൺമക്കൾ (പരമാവധി മൂന്ന് അവിവാഹിതരായ പെൺമക്കൾക്ക്) എന്നിവർക്കാണ് ആശ്രിത പെൻഷന് അർഹതയുള്ളത്.

**നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ**

22 (3723) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിവരങ്ങളും നടപടിക്രമങ്ങളും ഉത്തരവുകളും യഥാസമയം

ബന്ധപ്പെട്ട സാമാജികരെ അറിയിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് തുടർ ഉത്തരവുകളും നടപടികളും സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(സി) എങ്കിൽ ഉത്തരവുകളുടെ പകർപ്പും സ്വീകരിച്ച നടപടികളും അറിയിക്കാമോ?

ഉണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## സമാശ്വാസ തൊഴിൽദാന പദ്ധതി

23 (3724) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം 06-07-2012-ലെ ജി.ഒ.(എം.എസ്)നം.174/2012/പൊ.ഭ.വ ഉത്തരവുപ്രകാരം സെക്രട്ടേറിയേറ്റ് അസിസ്റ്റന്റ് തസ്തികയിൽ പൊതുഭരണ വകുപ്പിലും, ധനകാര്യവകുപ്പിലും സൂപ്പർ ന്യൂമററിയായി നിയമിതരായ ഉദ്യോഗാർത്ഥികളിൽ നാളിതുവരെ എത്രപേരെ സ്ഥിര തസ്തികയിലേയ്ക്ക് ക്രമപ്പെടുത്തി ഉത്തരവായിട്ടുണ്ട്;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥിരപ്പെടുത്തുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം 06-07-2012-ലെ ജി.ഒ(എം.എസ്.)നം.174/2012/പൊ.ഭ.വ.ഉത്തരവുപ്രകാരം സെക്രട്ടേറിയേറ്റ് അസിസ്റ്റന്റ് തസ്തികയിൽ സൂപ്പർന്യൂമററിയായി പൊതുഭരണ വകുപ്പിൽ നിയമിതരായ ഉദ്യോഗാർത്ഥികളിൽ 22 പേരെയും ധനകാര്യ വകുപ്പിൽ 10 പേരെയും അസിസ്റ്റന്റിന്റെ സ്ഥിര തസ്തികയിലേയ്ക്ക് ക്രമപ്പെടുത്തി ഉത്തരവായിട്ടുണ്ട്. സ്ഥിരപ്പെടുത്തുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ക്രമപ്പെടുത്തിയതിൽ പൊതുഭരണ (കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പിലെ സീനിയോറിറ്റി മറികടന്ന് എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; ആയതിനുള്ള കാരണം വിശദമാക്കാമോ;

&

(സി) 2000 മുതൽ 2012 വരെയുള്ള ആശ്രിത നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിൽനിന്നും 2006 മുതലുള്ള അപേക്ഷകരെയാണ് സൂപ്പർന്യൂമററിയായി നിയമിച്ചിട്ടുള്ളതെന്നതിനാൽ കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ സീനിയോറിറ്റിപ്രകാരം ഏതെങ്കിലും വ്യക്തികൾക്ക്

06-07-2012-ലെ ജി.ഒ.(എം.എസ്) നം.174/2012/പൊ.ഭ.വ. ഉത്തരവിനുമുമ്പ് സീനിയോറിറ്റി മറികടന്ന് ആശ്രിത നിയമനം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ബാധകമല്ല.

**സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റം**

24 (3725) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ഓൺലൈൻ സ്ഥലം മാറ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ?

ഉണ്ട്. പൊതുസ്ഥലംമാറ്റത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനും പൊതുവായ മാനദണ്ഡങ്ങളനുസരിച്ച് സമയബന്ധിതമായി സ്ഥലംമാറ്റങ്ങൾ അഴിമതിരഹിതമായി നടപ്പാക്കുന്നതിനുംവേണ്ടിയാണ് ഓൺലൈൻ സ്ഥലംമാറ്റം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഏതൊക്കെ വകുപ്പുകളിലാണ് ഓൺലൈൻ സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പും റവന്യൂ വകുപ്പും ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി) മറ്റ് വകുപ്പുകളിൽ ഓൺലൈൻ സ്ഥലമാറ്റം നടപ്പിലാക്കാത്തതിനുള്ള കാരണം അറിയിക്കാമോ?

എൻ.ഐ.സി. മുഖേന അതാത് വകുപ്പുകൾ സോഫ്റ്റ്‌വെയർ പ്രാപ്തമാക്കുന്നതിലെ കാലതാമസവും എല്ലാ തസ്തികകളും ഉൾപ്പെടുത്തി സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്യുന്നതിലെ കാലതാമസവും സ്പെഷ്യൽ റൂളിനുള്ള നടപടികൾ പൂർത്തിയാകാത്തതുമാണ് ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കാത്തതിനുള്ള കാരണങ്ങൾ.

(ഡി) സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലും ഓൺലൈൻ സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

## തമ്മനം പുല്ലേപ്പടി റോഡിന്റെ ഉടമസ്ഥാവകാശം

25 (3726) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ തമ്മനം പുല്ലേപ്പടി റോഡ് നിലവിൽ ഏത് വകുപ്പിന്റെ കീഴിലാണെന്ന് വ്യക്തമാക്കുമോ?

കൊച്ചി നഗരസഭയുടെ അധീനതയിലുള്ള പത്മ ജംഗ്ഷൻ മുതൽ നാഷണൽ ഹൈവേ ബൈപ്പാസ് വരെയുള്ള 3.75 കി.മീ. റോഡ് തമ്മനം - പുല്ലേപ്പടി റോഡിന്റെ വികസനത്തിനായി 2020 ജനുവരി 13-ാം തീയതിയിലെ 1(സി) നമ്പർ നഗരസഭ കൗൺസിൽ തീരുമാനപ്രകാരം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് തങ്ങൾക്ക് കീഴിലല്ലെന്ന് പൊതുമരാമത്ത് വകുപ്പും കൊച്ചിൻ കോർപ്പറേഷനും കിഫ്ബിയും നിലപാടെടുത്തിരിക്കുന്നതിനാൽ സെന്റ് ജൂഡ് ചർച്ചിന് സമീപം റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതയോഗ്യമല്ലാതായ ഭാഗത്ത് പണിപൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ കാരണം കാലതാമസം നേരിടുന്ന സാഹചര്യമുണ്ടെങ്കിൽ റോഡുകളുടെ അറ്റകുറ്റപ്പണി ആവശ്യമാകുന്നപക്ഷം ആയത് നടത്താൻ കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്.

അതിൻപ്രകാരം അറ്റകുറ്റപ്രവൃത്തിക്കായി 24-05-2022-ൽ മൂന്നര ലക്ഷം രൂപയുടെ ഭരണാനുമതി കെ.ആർ.എഫ്.ബി.-പി.എം.-ഉം നൽകിയിട്ടുണ്ട്. എറണാകുളം കേരള റോഡ് ഫണ്ട് ബോർഡ്-പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ഡിവിഷനാണ് തുടർനടപടി സ്വീകരിക്കുന്നത്. പ്രസ്തുത പ്രവൃത്തി 04-06-2022-ൽ ടെണ്ടർ ചെയ്യുകയും 13-06-2022 വരെ കാലാവധിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ 20-06-2022 വരെ ടെണ്ടർ ദീർഘിപ്പിച്ചെങ്കിലും തുടർന്നും ആരും പങ്കെടുത്തില്ല. ടി പ്രവൃത്തി വീണ്ടും ടെണ്ടർചെയ്തിട്ടുണ്ട്. 18-07-2022-ൽ ടെണ്ടർ തുറക്കുന്നതാണ്.

## വിരമിച്ച ഉദ്യോഗസ്ഥരുടെ പുനർനിയമനം

26 (3727) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജനുവരി ഒന്നിനുശേഷം വിരമിച്ച ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ എത്രപേർക്കാണ് സർക്കാർ, അർദ്ധ സർക്കാർ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ പുനർനിയമനം നൽകിയിട്ടുള്ളത്;

(ബി) ഇവർ ഓരോരുത്തർക്കും പുനർനിയമനം നൽകിയിട്ടുള്ള തസ്തിക, റ്റി.എ., ഡി.എ., മറ്റ് അലവൻസുകളും ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള ആകെ ശമ്പളം, ജോലിയിൽ തുടർന്ന കാലാവധി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

&

(സി) പ്രസ്തുത ഉദ്യോഗസ്ഥർ ഏതെങ്കിലും കേസുകളിൽ പ്രതികൾ ആയിട്ടുണ്ടോ; എങ്കിൽ കേസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

2016 ജനുവരി ഒന്നിനുശേഷം പൊതുഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽനിന്നും പുനർനിയമനം നൽകിയിട്ടുള്ള വിരമിച്ച ഐ.എ.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

ശ്രീമതി നളിനി നെറ്റോ, ഐ.എ.എസ്-നെ മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയായി 01-09-2017 മുതൽ 12-03-2019 AN വരെ ചീഫ് സെക്രട്ടറി റാങ്കിലും പദവിയിലും നിയമിച്ചിരുന്നു. ശ്രീ. വി. എസ്. സെന്തിൽ, ഐ.എ.എസ്.-നെ പ്രിൻസിപ്പൽ സെക്രട്ടറി (കോ-ഓർഡിനേഷൻ) ടു ചീഫ് മിനിസ്റ്റർ ആയി 01-10-2017 മുതൽ 20-05-2021 വരെ അഡീഷണൽ ചീഫ് സെക്രട്ടറി റാങ്കിലും പദവിയിലും നിയമിച്ചിരുന്നു. ശ്രീ. എ. അജിത് കുമാർ, ഐ.എ.എസ്.-നെ മുൻ ജലവിഭവ

വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി 03.01.2019 മുതൽ 31-05-2021 വരെയുള്ള കാലയളവിൽ നിയമിച്ചിരുന്നു. ശ്രീ. പറമ്പത്ത് ജോയ് ഉമ്മൻ, ഐ.എ.എസ്-നെ മുൻ ഗതാഗത വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി 22.06.2017 മുതൽ 30-11-2017 വരെ നിയമിച്ചിരുന്നു. മേൽ ഉദ്യോഗസ്ഥർ ഇക്കാലയളവിൽ കേസുകളിൽ പ്രതിയായിട്ടില്ല.

ശ്രീ. കെ. എം. എബ്രഹാം, ഐ.എ.എസ്.-നെ 01-01-2018 മുതൽ KIIFB-യിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ അദ്ദേഹത്തിന് മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്. KIIFB-യിൽ ശ്രീ. സത്യജിത് രാജൻ, ഐ.എ.എസ്.-നെ 19-05-2021 മുതൽ അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. എബ്രഹാമിന് 2.75 ലക്ഷം രൂപ പ്രതിമാസം കൺസോളിഡേറ്റഡ് പേയ്ക്കും 10% വാർഷിക വർദ്ധനവിനും അർഹതയുണ്ട്. കൂടാതെ വാഹന സൗകര്യവും വസതിയിലെ ടെലിഫോണിന്റെയും മൊബൈൽ ഫോണിന്റെയും ചാർജ്ജുകൾ റീഇംബേഴ്സ് ചെയ്യുന്നതിനുള്ള അർഹത, വസതിയിൽ കമ്പ്യൂട്ടർ/ ലാപ്ടോപ്പ്, അൺലിമിറ്റഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നിവയുമുണ്ട്. ശ്രീ. സത്യജിത് രാജൻ, ഐ.എ.എസ്.-ന്

രണ്ട് ലക്ഷം രൂപ കൺസോളിഡേറ്റഡ് പേ വ്യവസ്ഥയിൽ 7% വാർഷിക ഇൻക്രിമെന്റിന് അർഹതയുണ്ട്. കൂടാതെ വാഹനസൗകര്യവും വസതിയിലെ ടെലിഫോണിന്റെയും മൊബൈൽ ഫോണിന്റെയും ചാർജ്ജുകൾ റീഇംബേഴ്സ് ചെയ്യുന്നതിനുള്ള അർഹത, വസതിയിൽ കമ്പ്യൂട്ടർ/ലാപ്ടോപ്പ്, അൺലിമിറ്റഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നിവയുമുണ്ട്.

മറ്റ് സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**കൊളോണിയൽ ഭാഷാ പ്രയോഗങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി**

27 (3728) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ചട്ടങ്ങളിൽ/നടപടിക്രമങ്ങളിൽ കൊളോണിയൽ രാജവാഴ്ച കാലത്തുള്ള ഏതെങ്കിലും ഭാഷാപ്രയോഗങ്ങളോ നടപടിക്രമങ്ങളോ ഇപ്പോഴും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ കന്നഡയും മലയാളവും അറിയാവുന്നവർക്കായുള്ള എൽ.ഡി. ക്ലാർക്ക് നിയമനം

28 (3729) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലെ കന്നഡയും മലയാളവും അറിയാവുന്നവർക്കായി നീക്കിവച്ചിട്ടുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ എണ്ണവും അതിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം ലഭിച്ച് നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും പി.എസ്.സി.ക്ക് നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും വകുപ്പ് തിരിച്ചുനൽകാമോ;

(ബി) റവന്യൂ വകുപ്പിലും വിദ്യാഭ്യാസ വകുപ്പിലുമടക്കം എൽ.ഡി.സി. കന്നഡ, മലയാളം തസ്തികകളുടെ ഒഴിവുകൾ ജനറൽ എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്ക് മാറ്റി നൽകി അട്ടിമറിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ വിവിധ വകുപ്പുകൾ എൽ.ഡി. ക്ലാർക്ക് കന്നഡയും മലയാളവും തസ്തികയുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ ജനറൽ എൽ.ഡി.സി-ക്ക് റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ നടപടി

സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ഡി) സർക്കാർ നിരന്തരം സർക്കുലർ ഇറക്കിയിട്ടും കത്തിടപാടുകൾ നടത്തിയിട്ടും ഭാഷാന്യൂനപക്ഷങ്ങളായ കന്നഡ, മലയാളം എൽ.ഡി ക്ലാർക്ക് തസ്തികയുടെ എണ്ണം നിശ്ചയിക്കാൻ തയ്യാറാകാത്ത വകുപ്പുമേധാവികളുടെ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഈ വിഷയം പരിഹരിക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ 53 എൽ.ഡി. ക്ലാർക്ക് തസ്തികകൾ കന്നഡയും മലയാളവും അറിയുന്നവർക്കായി നീക്കിവച്ചിട്ടുണ്ട്. അതിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റിൽനിന്നും എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച 39 പേർ വിവിധ തസ്തികകളിലായി ജോലി ചെയ്തുവരുന്നുണ്ട്. 7 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിൽ എൽ.ഡി.സി. കന്നഡ-മലയാളം തസ്തികകളുടെ ഒഴിവുകൾ ജനറൽ എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്ക് മാറ്റി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ റവന്യൂ വകുപ്പിൽ എൽ.ഡി.സി. കന്നഡ-മലയാളം തസ്തികകളുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ ജനറൽ എൽ.ഡി.സി.-ക്ക് റിപ്പോർട്ട് ചെയ്തതായി

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## തരൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

29 (3730) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തരൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## കൊല്ലം ജില്ലയിലെ പി.എസ്.സി. വഴിയുള്ള എൽ.പി.എസ്.എ. നിയമനം

30 (3731) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നം. 387/14)-ൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജനറൽ, എസ്.സി., എസ്.ടി., ഒ.ബി.സി. മുതലായവയുടെ വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.എ. (കാറ്റഗറി നം: 387/14) റാങ്ക് പട്ടികയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം നിയമന ശിപാർശ നൽകിയിട്ടുണ്ട്:

General - 185

SC - 49

ST - 4

OBC - 13

Ezhava - 85

LC/AI - 28

Muslim - 70

Viswakarma - 15

Dheevara - 9

SIUC Nadar - 4

Hindu Nadar - 8

SCCC – 4

(ബി) എസ്.സി. വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മറ്റ് സംവരണ വിഭാഗക്കാർക്ക് നിയമനം നൽകിവന്നിരുന്നത്

നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കാമോ?

എസ്.സി. വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവംമൂലമുള്ള ഒഴിവുകൾ മറ്റ് സംവരണ വിഭാഗങ്ങൾക്ക് നൽകുന്നത് 27-06-2006 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

(സി) അത്തരത്തിൽ നിർത്തലാക്കിയ തീയതിക്കുമുമ്പേ കൊല്ലം ജില്ലയിലെ എൽ.പി.എസ്.എ. വേക്കൻസികളിൽ എത്രയെണ്ണം മറ്റ് സംവരണ വിഭാഗക്കാർക്ക് നൽകിയിട്ടുണ്ട്; അത്തരത്തിൽ മാറ്റി നൽകിയ വേക്കൻസികളിൽ എത്രയെണ്ണം എസ്.സി. വിഭാഗക്കാർക്ക് തിരികെ നൽകിയെന്ന് വിശദമാക്കാമോ; പ്രസ്തുത വേക്കൻസികൾ പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോ?

1987 കാലയളവ് മുതൽ 27-06-2006 വരെ 115 ഒഴിവുകൾ എസ്.സി. ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് മാറ്റി നൽകിയിട്ടുണ്ട്. ടി ഒഴിവുകൾ പൂർണ്ണമായും എസ്.സി.-ക്ക് തിരികെ നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് OA No: 410/2020 എന്ന കേസ് നിലവിലുള്ളതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം മാറ്റിവച്ച വേക്കൻസികളിലേയ്ക്ക് എത്ര തവണ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയെന്ന് അറിയിക്കാമോ?

വിവിധ എൻ.സി.എ./ജനറൽ വിജ്ഞാപനങ്ങളിലൂടെയാണ് ഒഴിവുകൾ നികത്തിയത്.

**മഞ്ചേശ്വരം, കാസർഗോഡ് ഭാഷാന്യൂനപക്ഷ മേഖലകളിലെ എൽ.ഡി. ക്ലാർക്ക് നിയമനം**

31 (3732) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് ഭാഷാന്യൂനപക്ഷ മേഖലകളിൽ '50% കന്നഡ മലയാളം' അറിയാവുന്ന എൽ.ഡി. ക്ലാർക്കുമാരെ നിയമിക്കണമെന്ന ജില്ലാകളക്ടറുടെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് വന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA EKM 264/2022 വിധിയുടെ അടിസ്ഥാനത്തിൽ ഭാഷാന്യൂനപക്ഷങ്ങൾ കുറവുള്ള മേഖലകളിൽ 50% കന്നഡ, മലയാളം എൽ.ഡി. ക്ലാർക്കുമാർക്ക് നിയമനം നൽകുന്നത് കൂടുതലാണെന്നും അതേസമയം ഭാഷാന്യൂനപക്ഷങ്ങൾ കൂടുതലുള്ള മേഖലകളിൽ 50% നൽകിയാൽ എണ്ണം കുറഞ്ഞു പോകാനിടയുണ്ടെന്നും അത് ആ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന

നയത്തിന് അനിവാര്യമാണെന്നുമുള്ള വിലയിരുത്തലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(ബി) എല്ലാ വകുപ്പ് തലവന്മാരും കന്നഡ, മലയാളം എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ എണ്ണം നിശ്ചയിച്ച് കുറഞ്ഞു പോകുകയാണെങ്കിൽ ഒഴിവുകൾ ആ വിഭാഗത്തിന് നൽകി പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യാനും പ്രസ്തുത ഉത്തരവ് രണ്ട് മാസത്തിനകം നടപ്പിലാക്കണമെന്നുമുള്ള നിർദ്ദേശത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

OA(EKM)264/2022 നമ്പർ കേസിന്മേലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07-06-2022-ലെ ഉത്തരവ് പാലിക്കാനും ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാനും കാസർഗോഡ് ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രൈബ്യൂണൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സമയ പരിധിക്കകം, ഭാഷാന്യൂനപക്ഷ മേഖലകളിലെ സർക്കാർ ഓഫീസുകളിൽ കന്നഡ ഭാഷാപ്രാവീണ്യമുള്ള എൽ.ഡി. ക്ലാർക്കുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ വിവരം റിപ്പോർട്ടുചെയ്യാൻ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക്

ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## നെന്മാറ-നെല്ലിയാമ്പതി റോഡ്

32 (3733) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ-നെല്ലിയാമ്പതി റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നെല്ലിയാമ്പതി റോഡ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച്, 07-01-2022-ൽ M/s. Radiance Reality Developers India Ltd. എന്ന കമ്പനിക്ക് പ്രസ്തുത പ്രവൃത്തി അവാർഡ് ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ലെന്നും ബിഡ് സെക്യൂരിറ്റി തുക മടക്കി നൽകണമെന്നും കമ്പനി അറിയിച്ചു. കമ്പനിക്കെതിരെ നടപടി ആരംഭിച്ചപ്പോൾ കമ്പനി കോടതിയെ സമീപിക്കുകയും നടപടിക്കെതിരെ ഇടക്കാല ഉത്തരവ് സമ്പാദിക്കുകയുംചെയ്തു. 27-06-2022-ലെ കോടതിയുടെ അന്തിമ ഉത്തരവുപ്രകാരം മേൽ കമ്പനിയുമായിത്തന്നെ 28

ദിവസത്തിനുള്ളിൽ കരാറിലേർപ്പെടേണ്ടതും കമ്പനി നൽകേണ്ടിയിരുന്ന 9.56 കോടി രൂപ അധിക പെർഫോമൻസ് ഗ്യാരന്റി തുക ഒഴിവാക്കി നൽകേണ്ടതുമുണ്ട്. നിലവിൽ പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

കോടതി നടപടികളുടെ തീർപ്പിന് വിധേയമായി മാത്രമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

33 (3734) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ

നിലവിലെ സ്ഥിതിയും അറിയിക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സർവ്വെ നടപടികളുമായി മുന്നോട്ടുപോകുന്ന മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന റോഡുകൾ റീബിൾഡ് കേരള ഇൻഷ്യേറ്റീവിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ടിരുന്നു.

1. കാരക്കാട് റോഡ് ടാറിംഗ്

2. മൂണ്ടയ്ക്ക പറമ്പ് റോഡ്

3. കരിമരുതുംകുന്ന് റോഡ്

4. ചിരപ്പാറ റോഡ് ടാറിംഗ്

5. തടവനാൽ റോഡ് ടാറിംഗ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6. വട്ടക്കയം വാഴമുറ്റം ലിങ്ക് റോഡ്

സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് സർവ്വെ നടപടികൾ നടത്തുന്നത്.

**കുന്നത്തുനാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

34 (3735) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തമ്മാനിമറ്റം തൂക്കുപാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രളയത്തിൽ തകർന്ന പഴയ പാലത്തിന്റെ അവശിഷ്ടങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

&

(ഡി) തമ്മാനിമറ്റം പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തമ്മാനിമറ്റം ഇുക്കുപാലത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ മണ്ണ് പരിശോധനാനടപടികൾ പൂർത്തിയാക്കി സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ LSGD-യുടെ ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ വെറ്റിംഗ് നടപടികൾ പുരോഗമിക്കുന്നു. പാലത്തിന്റെ മെക്കാനിക്കൽ ഭാഗത്തിന്റെ എസ്റ്റിമേറ്റ് ഇറിഗേഷൻ മെക്കാനിക്കൽ വിംഗ് തയ്യാറാക്കിയിട്ടുണ്ട്. പഴയ പാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി അവയുടെ വിലനിർണ്ണയം നടത്തിവരുന്നു. വടവുകോട് ബ്ലോക്ക് പഞ്ചായത്ത് LID&EW ഡിവിഷൻ നടത്തിവരുന്ന പാലത്തിന്റെ എസ്റ്റിമേറ്റ് നടപടികൾ പൂർത്തീകരിച്ച്, നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതുക്കാട് മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി

35 (3736) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നും ഇവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## ദേവികുളം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

36 (3737) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്രയെണ്ണം പൂർത്തീകരിച്ചെന്നും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നവ എത്രയെന്നും സംബന്ധിച്ച വിശദാംശം നൽകാമോ;

&

(സി) പ്രസ്തുത പദ്ധതികളിൽ അനുവാദം ലഭിച്ചിട്ടുള്ളതും എന്നാൽ നാളിതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ദേവികുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ അനുമതി നൽകി നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**ഇടുക്കി പാക്കേജ്**

37 (3738) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജ് നടപ്പാക്കുന്നതിന് ഏതൊക്കെ മേഖലകൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

&

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് ഇടുക്കി പാക്കേജിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ തൊടുപുഴ മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനുള്ള തുക പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല എന്നിവയെ സംയോജിപ്പിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ജില്ലയ്ക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. പാക്കേജിന്റെ രൂപീകരണത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫോറൻസിക് ലാബുകൾ

38 (3739) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ റവന്യൂ ജില്ലകളിലും ജില്ലാതല ഫോറൻസിക് ലാബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇതുവരെ ആരംഭിച്ചവയുടെ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ എല്ലാ റവന്യൂ ജില്ലകളിലും ജില്ലാതല ഫോറൻസിക് സയൻസ് ലാബുകൾ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം (നേമം)

കൊല്ലം (ചാത്തന്നൂർ)

പത്തനംതിട്ട (അടൂർ)

ആലപ്പുഴ (ആലപ്പുഴ)

കോട്ടയം (ഏറ്റുമാനൂർ)

ഇടുക്കി (കാളിയാർ)

എറണാകുളം  (അങ്കമാലി)

തൃശ്ശൂർ (ഇരിങ്ങാലക്കുട)

പാലക്കാട് (കസബ)

മലപ്പുറം (തിരൂർ)

കോഴിക്കോട് (കോഴിക്കോട് സിറ്റി)

വയനാട് (അമ്പലവയൽ)

കണ്ണൂർ (കണ്ണൂർ സിറ്റി)

കാസർഗോഡ് (കുമ്പള)

(ബി) ഫോറൻസിക് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ട

നടപടികൾ വിശദമാക്കാമോ?

ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ജീവനക്കാരുടെ കുറവ് നികത്തുന്നതിനായി 20-07-2018-ലെ സ.ഉ.(കൈ) നം.120/2018/ആഭ്യന്തരം പ്രകാരം 59 പുതിയ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്.

ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി വിവിധ അത്യാധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിനായി വാങ്ങിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ഒരു പുതിയ കെട്ടിടംകൂടി നിർമ്മിക്കാൻ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും സ.ഉ.(സാധാ.)നം.1796/2022/ആഭ്യന്തരം തീയതി 29-06-2022 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കൂടാതെ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് കംപാരിസൺ മൈക്രോസ്കോപ്പ്, എനർജി

ഡിസ്പേഴ്സീവ് എക്സ്റേ ഫ്ലൂറസൻസ് സ്പെക്ട്രോമീറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിന് 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 465 ലക്ഷം രൂപ അനുവദിക്കുകയും 02-06-2022-ലെ സ.ഉ.(സാധാ)നം.1545/2022/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

## പമ്പ് ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത

39 (3740) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. കാറ്റഗറി നമ്പർ 211/2020 വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ച പമ്പ് ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത തസ്തികയ്ക്ക്, വിജ്ഞാപനത്തിൽ പറഞ്ഞിട്ടില്ലാത്ത ഉയർന്ന യോഗ്യതയോ മറ്റേതെങ്കിലും യോഗ്യതയോ തത്തുല്യമാണെന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിലേയ്ക്കാണ് കേരള പി.എസ്.സി. കാറ്റഗറി നമ്പർ 211/2020 വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ എന്ന പേരിൽ തസ്തിക നിലവിലില്ല. 21-05-1979-ലെ G.O(P) No.86/79/LA&SWD പ്രകാരം ഓപ്പറേറ്റർ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത താഴെപ്പറയും പ്രകാരമാണ്.

1. Pass in SSLC or Equivalent Qualification.
2. National Trade Certificate in Mechanic Motor Vehicle/ Electrician.

## ഇ.ഡബ്ല്യു.എസ്. സംവരണം

40 (3741) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിയമനങ്ങളിൽ ഇ.ഡബ്ല്യു.എസ്. സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇ.ഡബ്ല്യു.എസ്. സംവരണം കൂടി ഉൾപ്പെടുന്ന റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലെങ്കിൽ ആയത് പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇ.ഡബ്ല്യൂ.എസ്. വിഭാഗത്തിനുള്ള സംവരണം ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിന്റെ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രായോഗിക തലത്തിൽ പരിശോധിച്ചപ്പോൾ ചില ഭേദഗതികൾ കൂടി ചട്ടങ്ങളിൽ അനിവാര്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. റൊട്ടേഷൻ ചാർട്ട് അനുബന്ധമായി+ ചേർക്കുന്നു.

(സി) ഇ.ഡബ്ല്യൂ.എസ്. സംവരണം ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തവയിൽ ആദ്യമായി നിയമന ഉത്തരവ് നൽകേണ്ടുന്ന കാറ്റഗറി നമ്പർ 125/2020, 266/2020 എന്നിവയിലെ നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികളിൽ എന്തൊക്കെ പൂർത്തിയായിട്ടുണ്ടെന്നും ശേഷിക്കുന്ന നടപടികൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

KS&SSR-ലെ തുടർഭേദഗതിക്ക് വിധേയമായിട്ടായിരിക്കും സീനിയോറിറ്റി നിർണ്ണയിക്കുന്നത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കാറ്റഗറി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നമ്പർ 125/2020-ന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

കാറ്റഗറി നമ്പർ 266/2020 പ്രകാരം വിജ്ഞാപനം ചെയ്തിരുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റ് NCA- SCCC തസ്തികയാണ്. അതിനാൽ ഇ.ഡബ്ല്യു.എസ്. സംവരണം ബാധകമല്ല.

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 റാങ്ക് ലിസ്റ്റ്**

41 (3742) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ റാങ്ക് ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയുടെ സാധ്യതാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. പ്രസ്തുത സാധ്യതാപട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ വൺ ടൈം വെരിഫിക്കേഷനുശേഷം പി.എസ്.സി. റാങ്ക് പട്ടിക

പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഇല്ല.

## ജീവനക്കാരുടെ വകുപ്പ് മാറ്റം

42 (3743) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് വകുപ്പ് മാറുന്നതിന് സാധിക്കുമോ; ആയതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ; സംസ്ഥാനത്ത് വകുപ്പ് മാറാൻ പറ്റാത്തതായി ഏതെങ്കിലും വിഭാഗം ജീവനക്കാരുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

06-02-2013-ലെ സ.ഉ.(പി)നം.05/2013/ഉഭപവ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ജീവനക്കാർ ഒഴികെയുള്ള സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അന്തർവകുപ്പ് മാറ്റം അനുവദിക്കാവുന്നതാണ്. യാതൊരു സർക്കാർ ജീവനക്കാരനും അന്തർവകുപ്പ് സ്ഥലംമാറ്റം അവകാശമായി

ഉന്നയിക്കുവാൻ പാടില്ലെന്നും ഇത്തരം സ്ഥലംമാറ്റം അനുവദിക്കുന്നത് ബന്ധപ്പെട്ട നിയമനാധികാരികളുടെ ഉഭയസമ്മതപ്രകാരം (willingness) ആയിരിക്കണമെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടം 17, 17(d) അടിസ്ഥാനത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടം 12, 12(d) അടിസ്ഥാനത്തിൽ പാർട്ട് ടൈം ജീവനക്കാർക്കും നിയമനാധികാരികളുടെ ഉഭയ സമ്മതത്തോടെ അന്തർ വകുപ്പ് മാറ്റം അനുവദിക്കാവുന്നതാണ്.

## സർക്കാർ സർവ്വീസിലെ ആശ്രിത നിയമനം

43 (3744) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ആശ്രിത നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

&

(ബി) ഒഴിവുവരുന്ന വേക്കൻസികളുടെ എത്ര ശതമാനമാണ് ആശ്രിത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമനത്തിനായി മാറ്റിവയ്ക്കുന്നത്; വിശദമാക്കാമോ?

സർക്കാർ സർവ്വീസിൽ ജോലി ചെയ്തുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് 24-05-1999-ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും, തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്.

മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പിൽ) നിലവിലുള്ളതോ/തൊട്ടടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേയ്ക്ക് നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ (CE സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിയമനം നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിന്മേൽ 29-06-2018-ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കാൻ

പാട്ടുള്ളൂവെന്ന് ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകൾ മാത്രമേ ആശ്രിത നിയമനത്തിന് നീക്കിവയ്ക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ ആശ്രിത നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് നൽകാമോ?

ഉണ്ട്. ആസ്ഥാന കാര്യാലയത്തിലെ എൻട്രി കേഡർ തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ, പി.എസ്.സി. മുഖാന്തരം നികത്തുന്നതിനായി, പി.എസ്.സി. സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് തലവന്മാർക്കും 01-11-2016-ലെ G.O.(P) 29/2016/P&ARD നമ്പർ ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

## സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമനം

44 (3745) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ആശ്രിത നിയമനം നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

ആശ്രിത നിയമന പദ്ധതി 21-01-1970-ലെ G.O.(Ms) No. 20/70/PD നമ്പർ ഉത്തരവുപ്രകാരമാണ് നിലവിൽ വന്നത്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര ആശ്രിത നിയമനങ്ങൾ നടത്തിയെന്ന് വകുപ്പും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനം സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വിശദമാക്കാമോ;

&

(ഡി) അവസാനമായി ആശ്രിത നിയമനം നടത്തിയത് എപ്പോഴാണെന്നും ഏത് വകുപ്പിലാണെന്നും വ്യക്തമാക്കാമോ?

ജീവനക്കാരൻ മരണപ്പെടുമ്പോൾ ജോലി ചെയ്തിരുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷിക്കേണ്ടത്. ആശ്രിത നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടത് അതത് ഭരണ വകുപ്പുകളാണ്.

ആയതിനാൽ ഇവ സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

ജീവനക്കാരുടെ ആകസ്മിക മരണത്തെത്തുടർന്ന് അപ്രതീക്ഷിതമായി കുടുംബത്തിനുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ആശ്വാസം നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മരണമടയുന്ന ജീവനക്കാരുടെ കുടുംബത്തിന്റെ വാർഷിക വരുമാനത്തിന്റെകൂടി അടിസ്ഥാനത്തിലാണ് ആശ്രിതർക്ക് നിയമനത്തിനുള്ള അർഹത നിശ്ചയിക്കപ്പെടുന്നത്. സാമ്പത്തിക ബാധ്യത സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടില്ല.

(ഇ) ആശ്രിത നിയമനം റദ്ദ് ചെയ്യാൻ ആലോചനയുണ്ടോ; എങ്കിൽ പകരം എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പരിഗണനയിലില്ല.

## പൊതു എഞ്ചിനീയറിംഗ് സർവ്വീസ്

45 (3746) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗങ്ങളെ പ്രത്യേകം സംയോജിപ്പിച്ച്

പൊതു എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

പദ്ധതിയില്ല.

(ബി) പൊതു എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരിക്കുന്നതുവഴി വിവിധ വകുപ്പുകളിൽ പ്രവർത്തിച്ച എഞ്ചിനീയർമാരുടെ പ്രവൃത്തി പരിചയം ഗുണകരമായി പ്രയോജനപ്പെടുത്താൻ സാധിക്കുമോ; വ്യക്തമാക്കാമോ?

ബാധകമല്ല.

**കെ-ഫോൺ പദ്ധതി**

46 (3747) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമായിട്ടുണ്ടോ; പദ്ധതിക്കായി ചെലവഴിക്കുന്ന തുക എത്രയാണ്?

സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമായി വരുന്നു. പ്രസ്തുത പദ്ധതിക്ക് 1548.08 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

പദ്ധതിക്കായി ഇതുവരെ 417 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര കുടുംബങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം സൗജന്യമായി ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; മറ്റുള്ളവർക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ പരിപാടിയുണ്ടോ?

കെ-ഫോൺ പദ്ധതിവഴി സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സംസ്ഥാനത്തെ മുപ്പതിനായിരത്തോളംവരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കുത്തക ഇന്റർനെറ്റ് സേവന ദാതാക്കളുടെ ചൂഷണം അസാധ്യമാക്കുന്നതിനായി കെ-ഫോൺ സേവന ദാതാവായി വർത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര ടെലികോം ഏജൻസിയുടെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കെ-ഫോൺ സേവനം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി രൂപീകരിച്ച 'കെ-ഫോൺ ലിമിറ്റഡ്' എന്ന കമ്പനിക്ക് കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിൽനിന്നും ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.) ലൈസൻസ് ലഭ്യമായിട്ടുണ്ട്. കൂടാതെ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.) ലൈസൻസുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിലെ കെ-ഫോൺ പദ്ധതി

47 (3748) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നൽകിയിട്ടുള്ള കെ-ഫോൺ കണക്ഷനുകളുടെ എണ്ണം നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ നൽകിയിട്ടുള്ള കെ-ഫോൺ കണക്ഷനുകളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) ആദ്യഘട്ടമായി ജില്ലയിൽ എത്ര കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദ്യഘട്ടമായി കോഴിക്കോട് ജില്ലയിൽ 2611 സ്ഥാപനങ്ങൾക്ക് കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, ആദ്യ ഘട്ടത്തിലുൾപ്പെടുത്തി ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം സൗജന്യ കണക്ഷൻ നൽകാനും ഉദ്ദേശിക്കുന്നു.

(സി) നാദാപുരം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നാദാപുരം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

## കോട്ടയം ജില്ലയിലെ കെ-ഫോൺ പദ്ധതി

48 (3749) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ കെ-ഫോൺ സേവനം നൽകുവാനുദ്ദേശിക്കുന്ന

സർക്കാർ ഓഫീസുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) പൊതുജനങ്ങൾക്ക് കെ-ഫോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

കെ-ഫോൺ പദ്ധതി മുഖേന ആദ്യഘട്ടത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തിരഞ്ഞെടുക്കപ്പെടുന്ന 100 കുടുംബങ്ങൾക്കുവീതം കണക്ഷനുകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## കാട്ടാക്കട മണ്ഡലത്തിൽ ഐ.ടി. പാർക്ക്

49 (3750) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്ത് കേന്ദ്രമായി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടി വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്ത് കേന്ദ്രമായി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ ടെക്നോപാർക്കിന്റെ തെക്കായി ഏകദേശം 35 കിലോമീറ്റർ ദൂരത്ത് സ്ഥിതിചെയ്യുന്നതും NH 66-ൽനിന്നും നേരിട്ട് പ്രവേശനം ഇല്ലാത്തതുമായ മാറനല്ലൂർ പഞ്ചായത്ത് നിർദ്ദിഷ്ട തിരുവനന്തപുരം - കൊല്ലം ഐ.ടി. ഇടനാഴിയുടെ പരിധിയിൽ വരുന്നതല്ലാത്തതിനാലും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം മാറനല്ലൂരിൽനിന്നും 22 കിലോമീറ്റർ അകലെയായതിനാലും മാറനല്ലൂർ പഞ്ചായത്ത് മിനി ഐ. ടി. പാർക്ക് സ്ഥാപിക്കാൻ അനുയോജ്യമല്ല. മാറനല്ലൂർ പഞ്ചായത്തിനോ അല്ലെങ്കിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഏതെങ്കിലും സ്വകാര്യ ഏജൻസിക്കോ ലീഡ് പാർട്ണറായി പ്രവർത്തിക്കാൻ കഴിയുമെങ്കിൽ പ്രസ്തുത പഞ്ചായത്തിൽ ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്കനുയോജ്യമായ 'വർക്ക് നിയർ ഹോം' സൗകര്യങ്ങൾ സജ്ജമാക്കുന്നതിലേയ്ക്ക് പരിഗണിക്കാവുന്നതാണ്.

## കെ ഡിസ്ക്-ന്റെ പ്രവർത്തനങ്ങൾ

50 (3751) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡെവലപ്പ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കൽ - യുവാക്കൾക്കിടയിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചെറുകിട-ഇടത്തരം സംരംഭങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവയിൽ നൂതന വികസന ആശയ പരിപാടി സംഘടിപ്പിക്കുക.

- കേരളത്തെ വിജ്ഞാന സമൂഹത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

- അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അവരവരുടെ അഭിരുചികൾക്കനുസരിച്ച് തൊഴിൽ ആഗോളതലത്തിൽനിന്നും കണ്ടെത്തുന്നതിനും തൊഴിലിന് ആവശ്യമായ അഭിരുചികൾ

മെച്ചപ്പെടുത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുക.

• പാർശ്വവൽക്കരിക്കപ്പെടുന്ന വിവിധ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി അവരുടെ സമഗ്രമായ വികസനം സാധ്യമാകുന്ന നടപടികൾ ആവിഷ്കരിക്കുക.

(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് കെ-ഡിസ്ക് ഏറ്റെടുത്ത് നടത്തുന്നത്; വിശദമാക്കുമോ?

യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP) - 13 മുതൽ 35 വയസ്സുവരെ പ്രായമുള്ള പഠന-ഗവേഷണ മേഖലകളിലെ ചെറുപ്പക്കാരിൽനിന്ന് കേരളത്തിന്റെ ജീവൽ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന ഇന്നൊവേഷനുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് അവർക്കാവശ്യമായ പിന്തുണ ഉറപ്പാക്കുന്ന പദ്ധതി.

• ഒരു തദ്ദേശസ്ഥാപനം ഒരു ആശയം (OLOI) - പ്രാദേശികതലത്തിൽ നൂതന വികസന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ-അക്കാദമിക-സർക്കാർ മേഖലകളെ ബന്ധപ്പെടുത്തി സുസ്ഥിര സംവിധാനം വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

• കേരളത്തെ ബ്ലോക്ക് ചെയിൻ അപ്ലിക്കേഷൻ കേന്ദ്രമാക്കി

മാറ്റുകയെന്ന ലക്ഷ്യത്തോടെയുള്ള ആക്സിലറേറ്റഡ് ബ്ലോക്ക്ചെയിൻ കോമ്പീറ്റൻസി ഡെവലപ്മെന്റ് (എബിസിഡി) പ്രോഗ്രാം.

- കുട്ടികളിൽ ഗണിത പ്രാവീണ്യം മെച്ചപ്പെടുത്താനുള്ള മഞ്ചാടി.

- കുട്ടികളിൽ ശാസ്ത്ര പ്രാവീണ്യം മെച്ചപ്പെടുത്താനുള്ള മഴവില്ല്.

- വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉയർന്നുവരുന്ന സാങ്കേതിക പരിഹാരങ്ങൾ സ്വീകരിക്കുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള ആക്സിലറേറ്റിംഗ് അഡോപ്ഷൻ ഓഫ് എമർജിംഗ് ടെക്നോളജി സൊല്യൂഷൻ ഇൻ ഗവൺമെന്റ്.

- കേരള നോളജ് എക്കോണമി മിഷൻ - കേരളത്തെ വിജ്ഞാന സമൂഹമാക്കി പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായി ആഗോളതലത്തിൽ വൈജ്ഞാനിക തൊഴിൽ മേഖലയിൽ ഉൾപ്പെടെ കേരളത്തിന്റെ തൊഴിൽ ശേഷിയെ വിന്യസിക്കുന്നതിനും അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അഭിരുചിക്കും നൈപുണ്യത്തിനും അനുസൃതമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള പ്രത്യേക ദൗത്യ പദ്ധതി.

- കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ക്ലസ്റ്ററുകളിൽ

മികച്ച ഇന്നൊവേഷനുകൾ കണ്ടെത്തി നടപ്പാക്കുന്നതിന് സംരംഭങ്ങളെയും അക്കാദമിക സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുള്ള ഒരു ജില്ല ഒരു ആശയം (ODOI) പദ്ധതി.

- കേരള മിനറൽ ഹബ്ബിനായി ഡി.പി.ആർ. തയ്യാറാക്കൽ.
- മെഡിക്കൽ ഉപകരണങ്ങളുടെ കേന്ദ്രത്തിനായി കൺസോർഷ്യം സ്ഥാപിക്കൽ.
- നല്ലയിനം പഴങ്ങൾ, പച്ചക്കറികൾ, മത്സ്യം, മാംസം എന്നിവ കണ്ടെത്തുന്നതിനുള്ള ഒരു മാതൃകയും സ്വാശ്രയ സംഘങ്ങളുടെ സഹായത്തോടെ പ്രാഥമിക സഹകരണ ബാങ്ക് മേഖലയിൽ കേരള ഫുഡ് പ്ലാറ്റ്ഫോം മാതൃകയും ഉൾപ്പെടുന്ന മൾട്ടി സ്റ്റേക്ക് ഹോൾഡർ പ്രോജക്ട്.
- ഭിന്നശേഷിയുള്ള കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷനും (കെ.എസ്.എസ്.എം.) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗും (നിഷ്) ചേർന്ന് നടത്തുന്ന ടാലന്റ് സപ്പോർട്ട് പ്രോഗ്രാമും ടാലെന്റ് സേർച്ചും വൈകല്യമുള്ള യുവാക്കളുടെ ഇന്നൊവേഷനുകളെ പ്രോത്സാഹിപ്പിക്കലും.
- സംസ്ഥാനത്തിന്റെ വൈദ്യുത വാഹന നയം രൂപീകരിക്കുന്നതിനും

നടപ്പിലാക്കുന്നതിനും നേതൃത്വം നൽകുന്നു.

(സി) വിദ്യാർത്ഥികൾക്കുവേണ്ടി ഇന്നൊവേഷൻ രംഗത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

13 മുതൽ 35 വയസ്സ് വരെ പ്രായമുള്ള പഠന-ഗവേഷണ മേഖലകളിലെ ചെറുപ്പക്കാരിൽനിന്ന് കേരളത്തിന്റെ ജീവൽപ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന ഇന്നൊവേഷനുകൾ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണയും അവയുടെ വികസിപ്പിക്കലും ലക്ഷ്യമിട്ടുള്ള യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP) ആണ് വിദ്യാർത്ഥികൾക്കായി കെ-ഡിസ്ക് നടത്തുന്ന പ്രധാന പരിപാടി.

(ഡി) യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ പുരോഗതി അറിയിക്കാമോ?

2018-ൽ ആരംഭിച്ച പരിപാടി അഞ്ചാം പതിപ്പിലേയ്ക്ക് കടക്കുകയാണ്. മൂന്നുവർഷമാണ് ഓരോ പതിപ്പിന്റെയും സമയപരിധി. ഇതുവരെ വിവിധ പതിപ്പുകളിലായി പന്ത്രണ്ടായിരത്തിൽപ്പരം ടീമുകൾ പങ്കെടുത്തു. 2018-ൽ 17 പേർ വിജയികളായിരുന്നു. 2019 മുതൽ ടീമുകളായാണ് വിദ്യാർത്ഥികൾ പങ്കെടുക്കുന്നത്. 2019-ൽ ആരംഭിച്ച പതിപ്പിൽ 17 ടീമുകളിലായി അമ്പതിലേറെ പേരും 2020-ൽ ആരംഭിച്ച പതിപ്പിൽ അന്തിമ

പരിശോധനയ്ക്കുശേഷം 80 ടീമുകളിലായി 250-ഓളം പേരുമാണ് രംഗത്തുള്ളത്. 2021-ൽ ആദ്യഘട്ട മൂല്യനിർണ്ണയം കഴിഞ്ഞപ്പോൾ ചുരുക്കപ്പട്ടികയിൽ 1318 ടീമുകളിലായി 430-ഓളം പേർ രംഗത്തുണ്ട്. മെന്ററിംഗ് സ്ഥാപനങ്ങളുടെ എണ്ണം ഇപ്പോൾ അൻപതോളമാണ്. മെന്റർമാരുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് ഓരോ വർഷവും കൈവരിക്കുന്നുണ്ട്. 150-ഓളം പേർ ഇപ്പോൾ മെന്റർമാരായുണ്ട്. 5780 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ വൈ.ഐ.പി. ആവാസ വ്യവസ്ഥയുടെ ഭാഗമാണ്.

**പട്ടാമ്പി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

51 (3752) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ പ്രയോജനം പൂർണ്ണതോതിൽ പൊതുജനങ്ങൾക്ക് എന്നുമുതൽ ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ പ്രയോജനം പൂർണ്ണതോതിൽ പൊതുജനങ്ങൾക്ക് ഉടൻതന്നെ ലഭ്യമാക്കാൻ കഴിയുമെന്നാണ്

പ്രതീക്ഷിക്കുന്നത്.

(ബി) പാലക്കാട് ജില്ലയിൽ നാളിതുവരെ എത്ര കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; പട്ടാമ്പി മണ്ഡലത്തിൽ ഇതുവരെ നൽകിയിട്ടുള്ള കെ-ഫോൺ കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ളവയുടെ എണ്ണവും അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ നാളിതുവരെ 438 കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ട്. പട്ടാമ്പി മണ്ഡലത്തിൽ 179 ഓഫീസുകൾക്ക്/ സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകാനുള്ളതിൽ 152 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കണക്ഷൻ നൽകാനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പട്ടാമ്പി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരവും ഫോൺ നമ്പരും നൽകാമോ?

പട്ടാമ്പി മണ്ഡലത്തിൽ കെ-ഫോൺ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഫോൺ നമ്പരും ചുവടെ ചേർക്കുന്നു.

ശ്രീ. അനന്തു കൃഷ്ണൻ എ., ജില്ലാ കോ-ഓർഡിനേറ്റർ (BEL), പാലക്കാട്, 9562237312

ശ്രീ. ശരത് കെ. എസ്., ജില്ലാ കോ-ഓർഡിനേറ്റർ (SRIT), പാലക്കാട്, 7034188110

ശ്രീ. കൈലാസ് റ്റി.കെ., PoP എഞ്ചിനീയർ, 9072980684

<u>കെ-ഫോൺ ട്രെയിനീസ്- പാലക്കാട്</u>

ശ്രീമതി ശിശിര - 8075579543

ശ്രീ. ജാഫ്രിൻ - 9746709008

(ഡി) പട്ടാമ്പി മണ്ഡലം അടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടാമ്പി മണ്ഡലം ഉൾപ്പെടെ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും കെ-ഫോൺ പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) കെ-ഫോൺ പദ്ധതി നടപ്പിലാക്കുമ്പോൾ കേബിൾ ഓപ്പറേറ്റർമാർക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കുമോ?

കെ-ഫോൺ പദ്ധതിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധ സേവനങ്ങൾ നൽകുന്നതിനുവേണ്ടി

വിളിക്കുന്ന ടെണ്ടറുകളിൽ പങ്കെടുത്തുകൊണ്ട് കേരളത്തിലെ കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് കെ-ഫോൺ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്.

**ഐ.ടി. പാർക്കുകളും തൊഴിലവസരങ്ങളും**

52 (3753) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷംകൊണ്ട് എത്ര ചതുരശ്ര അടി ഐ.ടി. പാർക്കുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കഴിഞ്ഞ ആറ് വർഷംകൊണ്ട് തിരുവനന്തപുരം ടെക്നോപാർക്കിൽ 20.97 ലക്ഷം ച. അടിയും കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ച. അടിയും കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച. അടിയും ഉൾപ്പെടെ ആകെ 46.47 ലക്ഷം ച. അടി ഐ.ടി. സ്പെയിസാണ് അധികമായി നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

(ബി) ഇതുവഴി ഐ.ടി. രംഗത്ത് എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ ആറ് വർഷംകൊണ്ട് അധികമായി നിർമ്മിക്കപ്പെട്ട 46.47 ലക്ഷം ച. അടി ഐ.ടി. സ്പെയിസിലൂടെ തിരുവനന്തപുരം ടെക്നോപാർക്കിൽ

15000 തൊഴിലവസരങ്ങളും കൊച്ചി ഇൻഫോപാർക്കിൽ 29700 തൊഴിലവസരങ്ങളും കോഴിക്കോട് സൈബർപാർക്കിൽ 1169 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 45869 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) അടുത്ത അഞ്ച് വർഷം കേരളത്തിലെ ഐ.ടി. വ്യവസായത്തിൽ എത്ര ചതുരശ്ര അടി ഐ.ടി. പാർക്കുകളും തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

അടുത്ത അഞ്ച് വർഷം കേരളത്തിലെ ഐ.ടി. വ്യവസായ മേഖലയിൽ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന ഐ.ടി. സ്പെയിസുകളും, തൊഴിലവസരങ്ങളും ഇപ്രകാരമാണ്.

| **ഐ.ടി. പാർക്കുകൾ** | **ഐ.ടി. സ്പെയിസ്** | **തൊഴിലവസരങ്ങൾ** |
|---|---|---|
| ടെക്നോപാർക്ക്, തിരുവനന്തപുരം | 44 ലക്ഷം ച. അടി | 43000 |
| ഇൻഫോപാർക്ക്, കൊച്ചി | 15 ലക്ഷം ച. അടി | 20000 |
| സൈബർ പാർക്ക്, കോഴിക്കോട് | 4 ലക്ഷം ച. അടി | 4000 |
| ആകെ | 63 ലക്ഷം ച. അടി | 67000 |

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.ടി. മേഖലയിൽ എത്ര അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021 മേയ് മുതൽ 2022 ജൂൺ വരെ സർക്കാർ ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർ പാർക്ക് കോഴിക്കോട് എന്നിവിടങ്ങളിൽ യഥാക്രമം 1500, 7500, 473 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**സി-ഡിറ്റിലെ താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ**

53 (3754) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സി-ഡിറ്റിൽ പത്തുവർഷത്തിലധികമായി താൽക്കാലികമായി ജോലി ചെയ്തുവന്നിരുന്ന 114 ജീവനക്കാരെ തസ്തിക സൃഷ്ടിച്ച് റെഗുലറൈസ് ചെയ്ത് ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും വകുപ്പിന്റെ 04-02-2021-ലെ സ.ഉ. (കൈ) നം. 5/2021 ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ മന്ത്രിസഭയുടെ അംഗീകാരത്തോടെയാണോ ഉൾപ്പെടുത്തിയിട്ടുള്ളത്; എങ്കിൽ

പ്രസ്തുത മന്ത്രിസഭായോഗ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

03-02-2021-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് സി-ഡിറ്റിൽ പത്ത് വർഷത്തിലധികമായി ജോലി ചെയ്തുവന്നിരുന്ന 114 താൽക്കാലിക ജീവനക്കാരെ തസ്തികകൾ സൃഷ്ടിച്ച് റെഗുലറൈസ് ചെയ്തുകൊണ്ട് 04-02-2021-ൽ സ.ഉ. (കൈ) നം.5/2021/വിസാവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ബന്ധപ്പെട്ട മന്ത്രിസഭായോഗ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**കോഴിക്കോട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ**

54 (3755) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അവ ഏതെല്ലാമെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| നിയോജകമണ്ഡലം | ലൊക്കേഷൻ |
|---|---|
| പേരാമ്പ്ര | 1. കടിയങ്ങാട് പാലം<br>2. കീഴ്പ്പയ്യൂർ പള്ളി |
| കുന്നമംഗലം | 1. കള്ളന്തോട്<br>2. കണ്ണിപറമ്പ |
| കോഴിക്കോട് സൗത്ത് | പന്നിയങ്കര |
| എലത്തൂർ | എടക്കര |
| കൊയിലാണ്ടി | ഇരിങ്ങൽ |

(സി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുൻസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനിൽ ഒരു കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയകേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ

പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

## അക്ഷയ കേന്ദ്രങ്ങൾ

55 (3756) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രം വഴി എന്തെല്ലാം സേവനങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

അക്ഷയ കേന്ദ്രങ്ങളിൽ നൽകിവരുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) അക്ഷയ കേന്ദ്രം തുടങ്ങുന്നതിന് പുതിയ എത്ര അപേക്ഷകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

അക്ഷയ കേന്ദ്രം തുടങ്ങുന്നതിന് ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(സി) അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് സംവരണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 01-11-2014-ലെ GO(MS)No.30/2014/ITD നമ്പർ സർക്കാർ ഉത്തരവുപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ അക്ഷയ സെന്ററുകളിൽ 10% സംവരണം ഏർപ്പെടുത്തുകയും ആയതിന് സ്പഷ്ടീകരണമായി 24-12-2019-ലെ GO(MS)No.32/2019/ITD നമ്പർ സർക്കാർ ഉത്തരവുപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന 10 ശതമാനം അക്ഷയ സെന്ററുകളിൽ 8% എസ്.സി. വിഭാഗത്തിനും 2% എസ്.ടി. വിഭാഗത്തിനും നൽകേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ-ഫോണിന് ഇന്റർനെറ്റ് പ്രൊവൈഡർ ലൈസൻസ്

56 (3757) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ലൈസൻസിനായി കേന്ദ്ര ടെലികോം മന്ത്രാലയത്തിൽ കെ-ഫോൺ കമ്പനി അപേക്ഷ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

'കെ-ഫോൺ ലിമിറ്റഡ്', ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ (ഐ.എസ്.പി.) ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ കെ-ഫോണിന് ഈ ലൈസൻസ് ലഭിക്കുന്നതോടെ ഗാർഹിക ഉപഭോക്താക്കൾ, മറ്റുസ്വകാര്യ സ്ഥാപനങ്ങൾ എന്നിവരിൽനിന്നും പണം ഈടാക്കി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് സാധിക്കുമോ; വിശദമാക്കാമോ?

കെ-ഫോൺ ലിമിറ്റഡിന് ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.) ലൈസൻസ് ലഭിക്കുന്നതോടെ വിവിധ ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകാൻ സാധിക്കുന്നതാണ്. ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) കെ-ഫോൺ ഇൻഫ്രാസ്ടക്ചർ പ്രൊവൈഡർ മാത്രമായിരിക്കുമെന്നും സർക്കാർ ഒഴികെയുള്ള ഗുണഭോക്താക്കൾ ഇന്റർനെറ്റ് സേവനങ്ങൾക്കായി മറ്റുസേവന ദാതാക്കളെ ആശ്രയിക്കണമെന്നും കെ-ഫോൺ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ആകില്ലെന്നുമുള്ള സർക്കാരിന്റെ മുൻനയത്തിൽനിന്ന് വ്യതിചലിക്കാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) കെ-ഫോൺ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ആകുന്നതോടെ സേവനങ്ങൾക്കായി അപേക്ഷിക്കുന്ന ഉപഭോക്താക്കൾ അവരുടെ കെ.വൈ.സി. ഡാറ്റ ഉൾപ്പെടെയുള്ള രേഖകൾ കെ-ഫോൺ അധികൃതർക്ക് നൽകേണ്ടിവരുമോ; എങ്കിൽ ഈ ഡാറ്റ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ടെലികോം റെഗുലേറ്ററി അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ളതും നിയമാനുസൃതവുമായ നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## സ്പ്രിംഗ്ലർ കരാറിലെ അന്വേഷണങ്ങൾ

57 (3758) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ജനങ്ങളുടെ ആരോഗ്യ ഡേറ്റ സമാഹരിക്കുന്നതിനായി സ്പ്രിംഗ്ലർ കമ്പനിയുമായി ഉണ്ടാക്കിയ കരാർ വിവാദങ്ങൾ ഉയർന്നതിനെ തുടർന്ന് റദ്ദാക്കിയിരുന്നോ?

കോവിഡ് കാലത്ത് സ്പ്രിംഗ്ലർ കമ്പനിയുമായി ഏർപ്പെട്ട ആറ് മാസത്തേയ്ക്കുള്ള കരാർ പ്രസ്തുത കാലാവധിക്കുശേഷം തുടരേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ബി) പ്രസ്തുത കരാർ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി നിയോഗിച്ച മാധവൻ നമ്പ്യാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്നും ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

&

(സി) മാധവൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് വസ്തുതാപരമല്ലെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കരാർ സംബന്ധിച്ച് അന്വേഷണത്തിനായി മറ്റൊരു കമ്മിറ്റിയെ നിയോഗിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ സ്പ്രിംഗ്ലർ കമ്പനിയെ കോവിഡ്-19 മഹാമാരിയുടെ നിർവ്യാപന പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തിയപ്പോൾ സാധാരണയായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാൻ സാധിച്ചിട്ടില്ലെന്നും അതിനൂതനവും സങ്കീർണ്ണവുമായ വിവരസാങ്കേതികവിദ്യയുടെ ഉപയോഗം സംബന്ധിച്ച പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ മേഖലയിലുള്ള സർക്കാർ ഏജൻസികൾക്ക് വേണ്ടത്ര കാര്യപ്രാപ്തിയില്ലെന്നും കണ്ടെത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഭാവിയിൽ ഇങ്ങനെയൊരു സ്ഥിതിവിശേഷം ഉടലെടുത്താൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നുള്ള കാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയിരുന്നില്ല. ഇക്കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് റിട്ട. ജില്ലാ ജഡ്ജിയും മുൻനിയമവകുപ്പ് സെക്രട്ടറിയുമായിരുന്ന ശ്രീ. കെ.

ശശിധരൻ നായർ അധ്യക്ഷനായ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചത്.

(ഡി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എത്ര കാലയളവിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരുന്നതെന്നും പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ശ്രീ. കെ. ശശിധരൻ നായർ അദ്ധ്യക്ഷനായ മൂന്നംഗ കമ്മിറ്റി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത റിപ്പോർട്ടിൽ, സ്പ്രിംഗ്ലർ കമ്പനിയെ കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ വിവരസാങ്കേതികവിദ്യയുടെ ചുമതല ഏൽപ്പിക്കുന്നതിൽ ദുരുദ്ദേശപരമായ വീഴ്ച ഉണ്ടായിട്ടില്ലായെന്ന് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. സ്പ്രിംഗ്ലർ കമ്പനിയെ നിയോഗിച്ചതുവഴി സംസ്ഥാന താല്പര്യം ഹനിക്കപ്പെട്ടതായി യാതൊരു തെളിവും കമ്മിറ്റിക്ക് ലഭിച്ചിട്ടില്ലെന്നുള്ള കാര്യവും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കോതമംഗലം മണ്ഡലത്തിൽ ഐ.ടി. അധിഷ്ഠിത വ്യവസായം**

58 (3759) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഐ.ടി. അധിഷ്ഠിത വ്യവസായം, ഐ.ടി. പാർക്ക് എന്നിവ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

&

(സി) കോതമംഗലത്തെ സാങ്കേതിക വിദ്യാലയങ്ങളിൽനിന്നും പഠിച്ചിറങ്ങുന്നവർക്ക് സഹായകരമാകുന്ന തരത്തിൽ കോതമംഗലം മണ്ഡലത്തിൽ ഐ.ടി. അധിഷ്ഠിത വ്യവസായം, ഐ.ടി. പാർക്ക് എന്നിവ ആരംഭിക്കുന്നത് പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**വയനാട് ജില്ലയിലെ കെ-ഫോൺ പദ്ധതി**

59 (3760) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കെ-ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ജില്ലയിൽ ആകെ 1075.2 കിലോമിറ്റർ ഓൾ ഡൈ-ഇലക്ട്രിക് സെൽഫ് സപ്പോർട്ടിംഗ് കേബിളുകൾ (എ.ഡി.എസ്.എസ്.) ചെയ്യാനുള്ളതിൽ 666 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. കൂടാതെ, ആകെയുള്ള 10 പോയിന്റ് ഓഫ് പ്രസൻസുകളിൽ (PoPs) 8 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ആകെ 744 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കണക്ഷൻ നൽകാനുള്ളതിൽ 670 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജില്ലയിൽ ബാക്ക്ബോൺ നെറ്റ്‌വർക്ക് പ്രവൃത്തി എത്ര കിലോമീറ്റർ ദൂരം പൂർത്തിയാക്കിയിട്ടുണ്ട്?

വയനാട് ജില്ലയിൽ ആകെ നിർമ്മിക്കാനുള്ള 291.75 കിലോമീറ്റർ ബാക്ക്ബോൺ നെറ്റ്‌വർക്കിൽ 219.69 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്.

(സി) പ്രസ്തുത ജില്ലയിൽ എത്ര കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല ആവശ്യമുണ്ടെന്നും അതിൽ എത്ര ദൂരം പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ആകെയുള്ള 55.7 കിലോമീറ്റർ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കുന്നത് പൂർത്തിയായിട്ടുണ്ട്. ജില്ലയിൽ ആകെ 1075.2 കിലോമീറ്റർ ഓൾ ഡൈ-ഇലക്ട്രിക് സെൽഫ് സപ്പോർട്ടിംഗ് കേബിളുകൾ (എ.ഡി.എസ്.എസ്.) സ്ഥാപിക്കാനുള്ളതിൽ 666 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്.

## ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറിയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം

60 (3761) <u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വിവരസാങ്കേതികവിദ്യാ സങ്കേതങ്ങളുപയോഗിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവന സൗകര്യങ്ങൾ നിലവിൽ മികച്ച രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ 14 കളക്ടറേറ്റുകളിലും 120-ൽ അധികം ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും/ മറ്റുസർക്കാർ സ്ഥാപനങ്ങളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. പൊതുഭരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ ഇ-സംഭരണം ഏർപ്പെടുത്തുന്നതിനുള്ള ഇ-പ്രൊക്യൂർമെന്റ് പദ്ധതിയും നടപ്പിൽവരുത്തിയിട്ടുണ്ട്.

സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ പുരോഗതി ചീഫ് സെക്രട്ടറിതലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ വിലയിരുത്തുകയും വകുപ്പുകൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ ഭരണപരിഷ്കാര-പൊതുപരാതി വകുപ്പ് സമർപ്പിച്ച നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസ്സസ്മെന്റ്

പ്രകാരം കേരളത്തിന്റെ സ്ഥാനം ഒന്നാമതാകുന്നതിന് ഇടയാക്കിയ ഘടകങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

&

(സി) ഏതെല്ലാം വകുപ്പുകളിലെ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത റിപ്പോർട്ട് പരിഗണനയ്ക്കെടുത്തത്?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസസ് നടത്തിയ പഠനപ്രകാരം (നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസെസ്സ്മെന്റ്) 2021-ൽ ഇ-ഗവേണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാന പോർട്ടൽ ഒന്നാം സ്ഥാനത്ത് എത്തിയിരുന്നു. ഈ പഠനം പ്രധാനമായും സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയെ ഇ-ഗവേണൻസ് സേവന വിതരണത്തിന്റെ ഫലപ്രാപ്തിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. വിവരങ്ങളിലേയ്ക്കും സേവന ലിങ്കുകളിലേയ്ക്കും ഏകജാലക പ്രവേശനം നൽകുന്ന രീതി, പ്രവേശനക്ഷമത, ഉള്ളടക്ക ലഭ്യത, ഉപയോഗിക്കുവാനുള്ള സൗകര്യം, വിവരസുരക്ഷയും സ്വകാര്യതയും എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് ഇ-സേവനം പോർട്ടലിന് ഒന്നാം സ്ഥാനം നൽകിയിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് ഇ-ഗവേണൻസ് പ്രവൃത്തികൾ കൂടുതൽ തലങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ?

സർക്കാരിന്റെ 72 വകുപ്പുകളുടെ 830-ഓളം സേവനങ്ങൾ വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്. സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ പുരോഗതി ചീഫ്സെക്രട്ടറിതലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ വിലയിരുത്തുകയും വകുപ്പുകൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഇ-സേവനം പോർട്ടലിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തേണ്ടത് ആവശ്യമായി വരുന്നപക്ഷം ആയവ പോർട്ടലിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒറ്റ ലോഗിനിൽനിന്ന് അക്സസ് ചെയ്യുന്നതിനായി ഇ-സേവനം പോർട്ടലിൽ സിംഗിൾ സൈൻ-ഓൺ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിവിധ സർക്കാർ വകുപ്പുകളിൽനിന്നുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിന് ഏകീകൃത പൗരസേവന വിതരണ പ്ലാറ്റ്ഫോം നിർമ്മിക്കാൻ തീരുമാനമെടുക്കുകയും eGov ഫൗണ്ടേഷൻ വികസിപ്പിച്ച "ഡിജിറ്റ്" പ്ലാറ്റ്ഫോം ആവശ്യാനുസരണം ഭേദഗതി വരുത്തി

ഉപയോഗിക്കുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

## ദുരിതാശ്വാസ ധനസഹായത്തിന് പുതിയ അപേക്ഷാ ഫോറം

61 (3762) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിവിധ ധനസഹായങ്ങൾക്കായി അപേക്ഷിക്കുന്നതിന് പുതിയ മാതൃകയിലുള്ള അപേക്ഷാ ഫോറം പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത അപേക്ഷാ ഫോറത്തിന്റെയും മെഡിക്കൽ ഓഫീസറിൽനിന്ന് അപേക്ഷകൻ സാക്ഷ്യപ്പെടുത്തി വാങ്ങേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃകയുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

അപേക്ഷാ ഫോറത്തിന്റെയും മെഡിക്കൽ ഓഫീസറിൽനിന്ന് അപേക്ഷകൻ സാക്ഷ്യപ്പെടുത്തി വാങ്ങേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃകയുടെയും പകർപ്പുകൾ അനുബന്ധമായി + ചേർക്കുന്നു.

## ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം

62 (3763) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തിന് അപേക്ഷിക്കുന്ന ഗുരുതര രോഗമുള്ളവർക്ക് നാമമാത്ര തുക നൽകുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷകൻ സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രോഗിയുടെ രോഗത്തിന്റെ തീവ്രതയും ചികിത്സയ്ക്കായി ചെലവായ തുകയും ആയതിലേയ്ക്കായി സമർപ്പിച്ചിട്ടുള്ള അനുബന്ധരേഖകളും പരിശോധിച്ച് ആനുപാതികമായ ഒരു ആശ്വാസ ധനസഹായമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നത്.

(ബി) എങ്കിൽ രോഗത്തിന്റെ ചികിത്സയ്ക്ക് മതിയായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സി.എം.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം പൂർണ്ണമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ ധനസഹായം അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ സംബന്ധിച്ച് മണ്ഡലം

തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) കഴിഞ്ഞ രണ്ട് വർഷം പിറവം മണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ ഇനിയും തുക അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം അറിയിക്കാമോ; വിശദമാക്കാമോ?

സി.എം.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം പൂർണ്ണമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ ധനസഹായം അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**കോഴിക്കോട് വിമാനത്താവള വികസനം**

63 (3764) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള റൺവേയുടെ നീളം കൂട്ടുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കോഴിക്കോട് വിമാനത്താവളത്തിന്റെ Runway End Safety Area (RESA)-ക്കുവേണ്ടി 14.5 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിനായി ഭൂമി വിട്ടുനൽകുന്നവർക്ക് നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതാണ്.

(സി) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

കോഴിക്കോട് വിമാനത്താവളം ടേബിൾ ടോപ്പ് മാതൃകയിലായതിനാൽ 14.5 ഏക്കർ സ്ഥലംകൂടി ഏറ്റെടുത്ത് റൺവേ വികസിപ്പിക്കുന്നതിലൂടെ വലിയ വിമാനമിറങ്ങുന്നതിന് ഇപ്പോഴുള്ള പ്രയാസം പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കോഴിക്കോട് വിമാനത്താവള വികസനം**

64 (3765) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം

ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് വിമാനത്താവളത്തിന്റെ Runway End Safety Area (RESA)-ക്കുവേണ്ടി 14.5 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് വിമാനത്താവളം ടേബിൾ ടോപ്പ് മാതൃകയിലായതിനാൽ 14.5 ഏക്കർ സ്ഥലംകൂടി ഏറ്റെടുത്ത് റൺവേ വികസിപ്പിക്കുന്നതിലൂടെ വലിയ വിമാനമിറങ്ങുന്നതിനുള്ള ഇപ്പോഴുള്ള പ്രയാസം പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത വിമാനത്താവളത്തിൽനിന്നും ഏതെല്ലാം ആഭ്യന്തര വിമാന സർവ്വീസുകൾ ഏതെല്ലാം സ്ഥലത്തേയ്ക്ക്, ഏതെല്ലാം സമയങ്ങളിൽ, എത്ര ദിവസങ്ങളിൽ ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങളെ അപേക്ഷിച്ച് ഇവിടെ ആഭ്യന്തര സർവ്വീസുകൾ കുറയുന്നതിന്റെയും സൗകര്യപ്രദമായ സമയത്ത് സർവ്വീസ് നടത്താത്തതിന്റെയും കാരണം വ്യക്തമാക്കാമോ?

റൺവേ വികസനത്തോടെ പ്രശ്നം ഒരുപരിധിവരെ പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലബാറിൽ വിമാനത്താവളം വേണമെന്ന ആവശ്യം

65 (3766) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിൽ ഒരു വിമാനത്താവളംകൂടി വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

&

(ബി) ഈ വിഷയം സംബന്ധിച്ച സർക്കാർ സമീപനം വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കണമെന്ന ആവശ്യവുമായി മലബാർ ഡെവലപ്മെന്റ് കൗൺസിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനത്തിനുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ മറുപടിയിൽ കേന്ദ്ര വ്യോമയാന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഗ്രീൻഫീൽഡ് എയർപോർട്ട് പോളിസിക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു. തുടർന്ന്, തിരുവമ്പാടിയിൽ ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കണമെന്ന

ആവശ്യം ഉന്നയിച്ച് മലബാർ ഡെവലപ്മെന്റ് കൗൺസിൽ സംസ്ഥാന സർക്കാരിലും നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഗ്രീൻഫീൽഡ് എയർപോർട്ട് പോളിസി അനുസരിച്ച് നിലവിലുള്ള എയർപോർട്ടിന്റെ 150 കിലോമീറ്റർ പരിധിയിൽ മറ്റ് എയർപോർട്ടുകളൊന്നും അനുവദിക്കാൻ വ്യവസ്ഥയില്ല.

## സിൽവർ ലൈൻ പദ്ധതി

66 (3767) ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന സിൽവർ ലൈൻ പദ്ധതിക്ക് സ്റ്റാൻഡേർഡ് ഗേജ് തെരഞ്ഞെടുക്കാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

സിൽവർ ലൈൻ 220 കിലോമീറ്റർ ഡിസൈൻ സ്പീഡിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഇന്ത്യൻ റെയിൽവേയിലും മറ്റ് ലോകമെമ്പാടുമുള്ള റെയിൽവേ ശൃംഖലയിലും ബ്രോഡ്ഗേജിൽ 160

കിലോമീറ്ററിൽ കൂടുതൽ വേഗതയിൽ ട്രെയിനുകൾ ഓടിക്കുന്നതിനുള്ള ട്രാക്ക് നിർമ്മാണത്തിനുവേണ്ട മാനദണ്ഡങ്ങൾ നിലവിലില്ല. മിക്ക രാജ്യങ്ങളും അവരുടെ ഉയർന്ന വേഗതയുള്ള ലൈനുകൾക്ക് സ്റ്റാൻഡേർഡ് ഗേജാണ് ഉപയോഗിക്കുന്നത്. ഇന്ത്യയിൽ നിർമ്മാണത്തിലിരിക്കുന്ന മുംബൈ-അഹമ്മദാബാദ് ഹൈ സ്പീഡ് റെയിൽ പദ്ധതിയും ആസൂത്രണഘട്ടത്തിലുള്ള ഡൽഹി-വാരണാസി, ഡൽഹി-അഹമ്മദാബാദ്, രാജ്കോട്ട്-അഹമ്മദാബാദ് മുതലായവയും സ്റ്റാൻഡേർഡ് ഗേജിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭാവിയെ മുൻനിർത്തി വരാനിരിക്കുന്ന രാജ്യത്തിന്റെ ഹൈ സ്പീഡ് ശൃംഖലയുമായി സിൽവർ ലൈൻ പദ്ധതിയെ ബന്ധിപ്പിക്കാൻ സാധിക്കുന്ന രീതിയിലാണ് വിശദപഠന റിപ്പോർട്ട് തയ്യാറാക്കിയ അവസരത്തിൽ ജനറൽ കൺസൾട്ടന്റ് സിസ്ട്ര, സ്റ്റാൻഡേർഡ് ഗേജ് നിർദ്ദേശിച്ചത്.

(ബി) രാജ്യത്തെ ബഹുഭൂരിപക്ഷം റെയിൽവേ ലൈനുകളും ബ്രോഡ്ഗേജ് ആണെന്നിരിക്കെ സ്റ്റാൻഡേർഡ് ഗേജിൽ സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നത് മറ്റ് റെയിൽ ശൃംഖലകളുമായുള്ള ഫലപ്രദമായ സംയോജനം ഇല്ലാതാക്കുകയും ആയത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ;

വിശദാംശം നൽകുമോ?

സിൽവർ ലൈൻ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം സംസ്ഥാനത്തിന് അകത്തുള്ള ഗതാഗത പ്രശ്നങ്ങൾക്ക് ഒരു ശാശ്വതപരിഹാരം എന്നുള്ളതാണ്. വേഗമേറിയതും സുരക്ഷിതവും സൗകര്യപ്രദവുമായ ആധുനിക സംവിധാനങ്ങളെല്ലാം ഉൾകൊള്ളിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ് സിൽവർ ലൈൻ. കൊച്ചുവേളി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളെ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിച്ചുകൊണ്ട് മറ്റ് സ്റ്റേഷനുകൾ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയിലൂടെ നിലവിലെ ഇന്ത്യൻ റെയിൽവേ സ്റ്റേഷനുമായും ബന്ധിപ്പിക്കും. ഭാവിയിൽ ഇന്ത്യയിൽ വരാനിരിക്കുന്ന ഹൈസ്പീഡ്/സെമിഹൈസ്പീഡ് പാതകളുമായി ബന്ധിപ്പിക്കാനും ഇതുവഴി സാധിക്കും.

(സി) സിൽവർ ലൈൻ പദ്ധതിക്കായി വായ്പ തരുന്നതിന് ഏതെങ്കിലും വിദേശ ധനകാര്യ സ്ഥാപനങ്ങൾ താല്പര്യം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾ സ്റ്റാൻഡേർഡ് ഗേജിൽ പദ്ധതി നടപ്പാക്കണമെന്ന നിബന്ധന മുന്നോട്ടുവച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വായ്പയ്ക്കായി ജൈക്ക ഒ.ഡി.എ. റോളിംഗ് പ്ലാനിൽ കേന്ദ്രസർക്കാർ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച്

63,941 കോടി രൂപയാണ് സിൽവർ ലൈൻ പദ്ധതിക്കായി ആവശ്യം വരുന്നത്. ഡി.പി.ആർ. പ്രകാരം ബഹുമുഖ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 33700 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി എഡിബി, ജൈക്ക, എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ല്യൂ. എന്നീ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിൽ വായ്പയ്ക്കായുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നീതി ആയോഗ്, റെയിവേ മന്ത്രാലയം, ധനകാര്യ എക്സ്പെൻഡിച്ചർ വകുപ്പ് എന്നിവ വായ്പയ്ക്കായി പദ്ധതി ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്ഥാപനങ്ങൾ സ്റ്റാൻഡേർഡ് ഗേജിൽ പദ്ധതി നടപ്പാക്കണമെന്ന നിബന്ധന മുന്നോട്ടുവച്ചിട്ടില്ല.

**സിൽവർ ലൈൻ പദ്ധതിക്കായി ധനസഹായം**

67 (3768) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിക്കായി ധനസഹായം നൽകാൻ

മുന്നോട്ടുവന്നിട്ടുള്ള അന്താരാഷ്ട്ര ഏജൻസികൾ ഏതൊക്കെയാണെന്നും അവർ മുന്നോട്ടുവയ്ക്കുന്ന പലിശ നിരക്കും വായ്പാ നിബന്ധനകളും എന്തൊക്കെയാണെന്നും വിശദമാക്കാമോ?

കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ്, പദ്ധതി വിദേശ ധനകാര്യ സ്ഥാപനങ്ങൾക്ക് സമർപ്പിച്ചതിനുശേഷം മാത്രമേ ഔദ്യോഗികതലത്തിൽ വിശദമായ ചർച്ചകൾ ഉണ്ടാകുകയുള്ളൂ. അത്തരം ചർച്ചകളിൽ മാത്രമേ വായ്പാ നിബന്ധനകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വ്യക്തമാകുകയുള്ളൂ.

(ബി) ഇന്ത്യൻ ഭരണഘടനയുടെ 293-ാം വകുപ്പ് അനുസരിച്ച് ഒരു സംസ്ഥാനത്തിന് വിദേശ വായ്പ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഗ്യാരന്റി ആവശ്യമാണെന്നിരിക്കെ പ്രസ്തുത അന്താരാഷ്ട്ര ഏജൻസികളുമായി ചർച്ച നടത്തുന്നതിനുമുമ്പ് കേന്ദ്രസർക്കാരിൽനിന്നും ഇതുസംബന്ധിച്ച ഉറപ്പ് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സിൽവർ ലൈൻ പദ്ധതിക്കായി വിദേശ വായ്പ എടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദേശ വായ്പയ്ക്കുള്ള നടപടിക്രമങ്ങൾ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പുവഴിയാണ് പൂർത്തിയാക്കുന്നത്. അത്തരം നടപടിക്രമങ്ങളുടെ ഭാഗമായുള്ള സാമ്പത്തികകാര്യ വകുപ്പിന്റെ സ്ക്രീനിംഗ്

കമ്മിറ്റി മീറ്റിംഗിൽ സംസ്ഥാന സർക്കാരിന്റെ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട ഉറപ്പ് നൽകിയിട്ടുണ്ട്. ഈ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി വായ്പയ്ക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സിൽവർ ലൈൻ പദ്ധതിക്കായുള്ള വിദേശ വായ്പക്കായി കേന്ദ്ര ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര റെയിൽവെ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വിഭാഗങ്ങൾ പദ്ധതിക്ക് വിദേശവായ്പ പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## സിൽവർ ലൈൻ പദ്ധതി

68 (3769)<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹിക ആഘാത പഠനത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹിക ആഘാത പഠനത്തിനായി 20.50 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) സാമൂഹിക ആഘാത പഠനത്തിന്റെ ഭാഗമായി അതിരടയാള കല്ലുകൾ സ്ഥാപിക്കുന്ന നടപടി കോടതി തടഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതുസാഹചര്യത്തിലാണ് പ്രസ്തുത പഠനത്തിനായി ഇപ്രകാരം കല്ലുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ?

കല്ലുകൾ ഇടുന്നതിനെ വിലക്കിയുള്ള കോടതി ഉത്തരവ് നിലവിലില്ല.

(സി) സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ സമർപ്പിച്ച ഡി.പി.ആർ.

റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. ഡി.പി.ആർ. റെയിൽവേ ബോർഡ് അംഗീകരിച്ച് എക്സ്പെൻഡിച്ചർ വകുപ്പ്, നീതി ആയോഗ്, കൂടാതെ മറ്റുബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയ്ക്ക് സമർപ്പിക്കണം. തുടർന്ന് എക്സ്പെൻഡിച്ചർ ഫിനാൻസ് കമ്മിറ്റി (ഇ.എഫ്.സി.) പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡ് (പി.ഐ.ബി.) എന്നീ തലങ്ങളിൽ മീറ്റിംഗ് നടത്തി റെയിൽവേ മന്ത്രിയുടെ അംഗീകാരത്തോടെ കാബിനറ്റ് കമ്മിറ്റിയുടെ അന്തിമാനുമതിക്ക് സമർപ്പിക്കേണ്ടതായുണ്ട്.

(ഡി) സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി പദ്ധതി സംസ്ഥാനത്തിന് അനുയോജ്യമല്ലെന്ന് ബോധ്യപ്പെട്ടാൽ സിൽവർ ലൈൻ പദ്ധതിയിൽനിന്ന് പിന്മാറുവാൻ തയ്യാറാകുമോ; വിശദമാക്കാമോ?

പദ്ധതിയുടെ വിശദമായ സാങ്കേതിക-സാമ്പത്തിക സാധ്യതയുടെ അടിസ്ഥാനത്തിലാണ് സിൽവർലൈൻ പദ്ധതി നടപ്പിലാക്കുക.

## സിൽവർ ലൈൻ പദ്ധതി

69 (3770) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതുമൂലമുള്ള പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ?

ദ്രുത പാരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടുണ്ട്. പദ്ധതിമൂലമുണ്ടാകുന്ന പാരിസ്ഥിതിക ഗുണ-ദോഷങ്ങളെക്കുറിച്ച് പഠന റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്. പദ്ധതിമൂലമുണ്ടാകുന്ന പരിസ്ഥിതി ആഘാതം കുറയ്ക്കാനുള്ള നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. നിർമ്മാണഘട്ടത്തിലും പ്രവർത്തന ഘട്ടത്തിലും പ്രസ്തുത പ്ലാൻ കർശനമായി പാലിച്ചുകൊണ്ടായിരിക്കും മുന്നോട്ടുപോവുന്നത്. ദ്രുത പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് കെ-റെയിലിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിഷയത്തിൽ വീണ്ടും പഠനം നടത്താൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഒരു സമഗ്ര പാരിസ്ഥിതിക ആഘാത പഠനം നടത്തണമെന്ന് ദ്രുത പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി

കൂടുതൽ പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിനാണ് സമഗ്ര പാരിസ്ഥിതികാഘാത പഠനം നടത്തുന്നത്. പരിസ്ഥിതിക്ക് എത്രമാത്രം ആഘാതമുണ്ടാകാൻ സാധ്യതയുണ്ട്, ആഘാതത്തിന്റെ തോത് എത്രമാത്രം കുറയ്ക്കാൻ സാധിക്കും, ആഘാതം കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെ തുടങ്ങിയ കാര്യങ്ങൾ കണ്ടെത്തുന്നതിനാണ് ഈ പഠനം.

(സി) സിൽവർ ലൈൻ പദ്ധതിയുടെ പാരിസ്ഥിതികാഘാതം സംബന്ധിച്ച് രണ്ടാമത് നടത്തിയ പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പഠനം നടന്നുവരുകയാണ്.

## ജലപാത നിർമ്മാണം

70 (3771) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച തെക്ക്-വടക്ക് ജലപാതയുടെ പ്രവർത്തനം വിശദമാക്കാമോ?

കോവളം മുതൽ ബേക്കൽ വരെ 616 കിലോമീറ്റർ നീളത്തിൽ വെസ്റ്റ്

കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാതയുമാണ്.

പശ്ചിമതീര (വെസ്റ്റ് കോസ്റ്റ്) കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് നടപ്പിലാക്കിവരുന്നത്. 2020-ഓടെ അവസാനിച്ച ഒന്നാംഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ 2022 അവസാനത്തോടെ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതാ നിലവാരത്തിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025-ൽ അവസാനിക്കുന്ന മൂന്നാംഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനം, ഫീഡർ കനാലുകളുടെ വികസനം, ടൂറിസം വികസനം എന്നിവ സാധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവുമാണ് ലക്ഷ്യമിടുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

കോവളം മുതൽ കൊല്ലം വരെയുള്ള ജലപാതയിൽ കനാൽ

പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസം ഉറപ്പാക്കിക്കൊണ്ട് കനാലിന്റെ ആഴവും വീതിയും കുറഞ്ഞ ഭാഗങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികളും ആവശ്യമായ വെർട്ടിക്കൽ/ഹൊറിസോണ്ടൽ ക്ലിയറൻസ് ലഭ്യമല്ലാത്ത പാലങ്ങൾ, ക്രോസ് സ്ട്രക്ചേഴ്സ് എന്നിവ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275-ഓളം കുടുംബങ്ങളെ കിഫ്ബിയുടെ ധനസഹായത്തോടെ പുനരധിവസിപ്പിക്കുന്നതിന് 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കൊല്ലം മുതൽ കോഴിക്കോട് വരെ 328 കിലോമീറ്റർ ദൈർഘ്യം വരുന്ന ദേശീയ ജലപാത 3-ലെ നിർമ്മാണപ്രവർത്തനങ്ങൾ ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) മേൽനോട്ടത്തിലാണ് നടപ്പാക്കുന്നത്.

കോഴിക്കോട് സിറ്റിയിൽക്കൂടി കടന്നുപോകുന്ന ജലപാതയുടെ ഭാഗമായ 11.2 കിലോമീറ്റർ ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന "കനോലി കനാൽ വികസന പദ്ധതി" കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വടകര മുതൽ മാഹി വരെ 17.61 കിലോമീറ്റർ ദൂരത്തിൽ അഞ്ച് റീച്ചുകളായി തിരിച്ച് വികസനപ്രവർത്തനങ്ങൾ നടത്തിയതിൽ 12 കിലോമീറ്റർ ദൂരം ജലഗതാഗത യോഗ്യമായിട്ടുണ്ട്. ബാക്കി ദൂരം ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും വെങ്ങോലി ലോക്ക് കം ബ്രിഡ്ജിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

മാഹി-വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്ററും നീലേശ്വരം-ബേക്കൽ ഭാഗത്ത് 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KWIL മുഖേന നടപ്പാക്കിവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി മാഹി - വളപട്ടണം ഭാഗത്ത് 650 കോടി രൂപയും നീലേശ്വരം - ബേക്കൽ ഭാഗത്ത് 186 കോടി രൂപയും KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വെ പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പുരോഗമിച്ചുവരുന്നു.

സംസ്ഥാന ജലപാത, ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസും

ഹൊറിസോണ്ടൽ ക്ലിയറൻസും ലഭ്യമാകാത്ത പാലങ്ങളും മറ്റുക്രോസ് സ്ട്രക്ച്ചറുകളും പുനർനിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും നടന്നുവരുന്നുണ്ട്.

(ബി) ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും; അറിയിക്കാമോ?

മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്ന പശ്ചിമതീര (വെസ്റ്റ് കോസ്റ്റ്) കനാലിന്റെ വികസനം 2025-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കനോലി കനാൽ നവീകരണം**

71 (3772) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽക്കൂടി ഒഴുകുന്ന കനോലി കനാൽ നവീകരണത്തിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കോരപ്പുഴ പാലം മുതൽ കല്ലായിപ്പുഴ വരെ ഓരോ റീച്ചിലും സ്ഥലം ഏറ്റെടുക്കുന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

&

(സി) എത്ര മീറ്റർ വീതിയിലാണ് ഓരോ ഏര്യയിലും സ്ഥലം

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്നതും പശ്ചിമതീര കനാലിന്റെ ഭാഗമായതുമായ കല്ലായിപ്പുഴ മുതൽ ഇരഞ്ഞിക്കൽ വരെ 11.20 കിലോമീറ്റർ ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാനിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം കനാൽ വികസനത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**തെക്ക്-വടക്ക് ജലപാത**

72(3773) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെയും കായലുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള തെക്ക്-വടക്ക് ജലപാതാ പദ്ധതിയുടെ കോഴിക്കോട്

ജില്ലയിലൂടെ കടന്നുപോകുന്ന ഭാഗങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ കോഴിക്കോട് ജില്ലയിൽ വടക്കമ്പാട് പുഴ, ചാലിയാർ പുഴ, ബി.കെ. കനാൽ, കല്ലായിപ്പുഴ, ഇ.കെ. കനാൽ, കോരപ്പുഴ, പയ്യോളി കനാൽ, കുറ്റ്യാടിപ്പുഴ വഴി വടകര - മാഹി കനാലിലൂടെ തുരുത്തിമുക്ക് വരെയാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്നതും പശ്ചിമതീര കനാലിന്റെ ഭാഗമായതുമായ കല്ലായിപ്പുഴ മുതൽ ഇരഞ്ഞിക്കൽ വരെയുള്ള 11.20 കിലോമീറ്റർ ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇരഞ്ഞിക്കൽ മുതൽ കോരപ്പുഴവരെ ഉൾനാടൻ ജലപാതാ വികസനത്തിന് 600 ലക്ഷം രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനുവേണ്ടി 650

ലക്ഷം രൂപയുടെയും പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കോരപ്പുഴ മുതൽ കണയംകോട് വരെയും കണയംകോട് മുതൽ അകലാപ്പുഴവരെയും ഹൈഡ്രോഗ്രാഫിക് സർവ്വേ, വടകര-മാഹി കനാലിന് കുറുകെ മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ്, കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ്, വെങ്ങോലി ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം, തില്ലേരി താഴെ, കല്ലിൽ താഴെ, കറുവയൽ, കണ്ണൻകുട്ടി, പോതിമഠത്തിൽ എന്നീ സ്ഥലങ്ങളിൽ 5 നടപ്പാലങ്ങളുടെ നിർമ്മാണം, 5-ാം റീച്ചിൽ കനാൽ നിർമ്മാണം എന്നിവയാണ് പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിൽ നടപ്പാക്കുന്ന മറ്റുപ്രവൃത്തികൾ.

(സി) ജലപാതയൊരുക്കുന്നതിന് കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും ഭാഗങ്ങളിൽ ഭരണാനുമതി ലഭിക്കാനുണ്ടോയെന്ന് വിശദമാക്കാമോ?

വടകര-മാഹി കനാലിന്റെ റീച്ച് 1-ൽ കനാലിന്റെ വികസന പ്രവൃത്തികൾ, റീച്ച് 3-ലെ ഉയർന്ന കട്ടിംഗ് ആവശ്യമുള്ള 800 മീറ്റർ ഭാഗത്തെ പ്രത്യേക സംരക്ഷണ പ്രവൃത്തി, കോട്ടപ്പള്ളി ബ്രിഡ്ജ് പുനർനിർമ്മാണം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ചവറയിൽ ദേശീയ ജലപാതയ്ക്കായി സ്ഥലമെടുപ്പ്

73 (3774) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ പാലത്തിന് പടിഞ്ഞാറുവശം ദേശീയ ജലപാതയ്ക്കരികിലായി ദേശീയ ജലപാതാ വിഭാഗം ഭൂമി ഏറ്റെടുത്തിരിക്കുന്നത് എന്ത് ആവശ്യത്തിനാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ദേശീയ ജലപാത വഴി ചരക്ക് കടത്ത് ആരംഭിക്കുമ്പോൾ കയറ്റിറക്ക് നടത്തുന്നതിനായി ചവറയിൽ കെട്ടിട സൗകര്യം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ദേശീയ ജലപാതാ അതോറിറ്റിയാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളത്. മറ്റുവിവരങ്ങൾ ലഭ്യമല്ല.

## പൊതുസേവന നിർവ്വഹണത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം

74 (3775) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഭരണ പരിഷ്കാര-പൊതുപരാതി വകുപ്പ് സമർപ്പിച്ച നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസ്സസ്മെന്റ് പ്രകാരം കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതിന് സഹായിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസ്സസ്മെന്റ് പ്രകാരം കേരളത്തിന്റെ സ്ഥാനം ഒന്നാമതാകാൻ കാരണം കേരള സ്റ്റേറ്റ് പോർട്ടൽ, ഇ-സേവനം സർവ്വീസ് പോർട്ടൽ എന്നിവയിലെ മികവാണ്. അസ്സസ്മെന്റിൽ ഉപയോഗിച്ച ഘടകങ്ങൾ ഇവയാണ്.

1. ആക്സസിബിലിറ്റി

2. കൺടെന്റ് അവൈലബിലിറ്റി

3. ഈസ് ഓഫ് യൂസ്

4. ഇൻഫർമേഷൻ സെക്യൂരിറ്റി ആൻഡ് പ്രൈവസി

5. എൻഡ് സർവീസ് ഡെലിവറി

6. ഇന്റഗ്രേറ്റഡ് സർവീസ് ഡെലിവറി

7. സ്റ്റാറ്റസ് & റിക്വസ്റ്റ് ട്രാക്കിംഗ്

(ബി) ഏതെല്ലാം മേഖലകളിലെ ഇ-ഗവേണൻസ് വഴിയുള്ള പൊതുസേവന നിർവ്വഹണത്തിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

വിവിധ വകുപ്പുകളുടെ ഫിനാൻസ്, ലേബർ & എംപ്ലോയ്മെന്റ്, വിദ്യാഭ്യാസം, ലോക്കൽ ഗവേണൻസ് & യൂട്ടിലിറ്റി സേവനങ്ങൾ, സോഷ്യൽ വെൽഫെയർ, പരിസ്ഥിതി, ടൂറിസം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പരിഗണനയ്ക്ക് എടുത്തിട്ടുള്ളത്.

(സി) സുതാര്യവും മെച്ചപ്പെട്ടതുമായ സർക്കാർ സേവനങ്ങൾ ജനങ്ങളുടെ അവകാശമാണെന്ന നിലപാടിന് ലഭിച്ച അംഗീകാരമായി ഇതിനെ കാണുന്നുണ്ടോ?

മെച്ചപ്പെട്ട നിലയിൽ സേവനങ്ങൾ സർക്കാർ പോർട്ടൽ വഴി ജനങ്ങളിലേയ്ക്ക് എത്തിച്ചതിനുള്ള അംഗീകാരമാണ്.

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ഇതരസംസ്ഥാനങ്ങളുടെ പ്രവർത്തന മികവുമായി നടത്തിയിട്ടുള്ള താരതമ്യപഠനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസസ് നടത്തിയ പഠനപ്രകാരം (നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസ്സസ്മെന്റ്) 2019-ലും 2021-ലും ഇ-ഗവേണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാന പോർട്ടൽ ഒന്നാം സ്ഥാനത്തെത്തിയിരുന്നു.

## കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ അംഗത്വത്തിനുള്ള പ്രായപരിധി

75 (3776) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രവാസി കേരളീയ ക്ഷേമബോർഡിലെ അംഗത്വത്തിനുള്ള പ്രായപരിധി നിലവിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

&

(ബി) പ്രായപരിധി വർദ്ധിപ്പിക്കാത്തതുമൂലം നിരവധി പ്രവാസികൾക്ക് അംഗത്വം ലഭിക്കുന്നതിനുള്ള അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള പരിഹാരം കാണുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

18 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായമുള്ളവർക്ക് പ്രവാസി ക്ഷേമനിധി അംഗത്വം അനുവദിക്കുന്നതിനാണ് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ വ്യവസ്ഥയുള്ളത്. ആയത് വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**മകനെ കണ്ടെത്തി നൽകണമെന്നുള്ള നിവേദനം**

76 (3777) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ പഞ്ചായത്തിലെ ചിറനെല്ലൂർ വില്ലേജിൽ രായംമരയ്ക്കാർ വീട്ടിൽ സിദ്ധിഖിന്റെ മകൻ ഉമ്മർ ഫഹദ് ദുബായ് ജബൽ അലി ഫൈൻ ഫിറ്റ് ജിം എന്ന സ്ഥാപനത്തിൽ ജോലി ചെയ്തുവരവേ 12-06-2022 മുതൽ കാണാതായതിനെത്തുടർന്ന് മകനെ കണ്ടെത്തുന്നതിനായി സർക്കാരിന്റെ സഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. സിദ്ധിഖ് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉണ്ട്. ദുബായിൽ കാണാതായ ശ്രീ. ഉമ്മർ രായംമരയ്ക്കാർ സിദ്ധിഖ് എന്നയാളെ കണ്ടെത്തണമെന്നാവശ്യപ്പെട്ട് ലഭ്യമായ പരാതി നോർക്ക വകുപ്പിന്റെ 23-06-2022-ലെ എ 3/332/2022/നോർക്ക നമ്പർ കത്തുപ്രകാരം, ദുബായിലെ ഇന്ത്യൻ കോൺസുൽ ജനറലിനോടും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോടും ടിയാനെ കണ്ടെത്തുന്നതിന് സാധ്യമായ എല്ലാ സഹായങ്ങളും അഭ്യർത്ഥിച്ചിട്ടുണ്ട്.

## സാന്ത്വനം പദ്ധതി

77 (3778) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ പ്രവാസി ദുരിതാശ്വാസനിധിയായ സാന്ത്വനം പദ്ധതി വഴി 2021-22 സാമ്പത്തിക വർഷം എത്ര കോടി രൂപ വിതരണം ചെയ്തുവെന്നും എത്രപേർക്ക് ആനുകൂല്യം ലഭിച്ചുവെന്നും അറിയിക്കാമോ?

2021-2022 സാമ്പത്തിക വർഷത്തിൽ 4614 ഗുണഭോക്താക്കൾക്കായി ആകെ പദ്ധതി വിഹിതമായ 30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പദ്ധതിവഴി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ആനുകൂല്യം ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം

എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ?

സാന്ത്വന പദ്ധതി മുഖേന മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, അംഗപരിമിതർക്ക് വീൽചെയർ/ക്രച്ചസ് വാങ്ങാനുള്ള ധനസഹായം എന്നിവ നൽകിവരുന്നു. പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

## എം.പി.-യുടെ ഓഫീസ് അടിച്ചുതകർത്ത സംഭവം

78 (3779) ശ്രീ. സജീവ് ജോസഫ്:
കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് എം.പി.-യുടെ ഓഫീസ് 2022 ജൂൺ 24-ന് ഭരണകക്ഷിയിൽപ്പെട്ട ഒരു വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തകർ അടിച്ചുതകർത്തതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങളായി എത്തിയ പ്രസ്തുത പ്രവർത്തകർ അമ്പത് മിനിറ്റുകളോളം ഓഫീസിൽ അതിക്രമം കാട്ടിയശേഷമാണ്

പുറത്തിറങ്ങിയതെന്നുള്ളത് വസ്തുതയാണോ; വെളിപ്പെടുത്തുമോ;

&

(സി) പ്രസ്തുത ഓഫീസിലെ മഹാത്മാഗാന്ധിയുടെ ചിത്രം തകർത്തത് ആരാണെന്ന് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

വയനാട് എം.പി.-യുടെ ഓഫീസ് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ അടിച്ചുതകർത്തയായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022 ജൂൺ 24-ന് എം.പി.-യുടെ ഓഫീസിലേയ്ക്ക് വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ നടന്ന മാർച്ചിനെത്തുടർന്നുണ്ടായ സംഭവങ്ങളിൽ കൽപ്പറ്റ പോലീസ് സ്റ്റേഷൻ ക്രൈം 535/2022, 534/2022 നമ്പരായി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. അതോടൊപ്പം, ബഹുമാനപ്പെട്ട വയനാട് എം.പി.-യുടെ ഓഫീസിലെ ചുവരിൽ ഉണ്ടായിരുന്ന രാഷ്ട്രപിതാവിന്റെ ഫോട്ടോ തകർത്തതിന് കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 555/2022 U/S 153 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസും അന്വേഷണാവസ്ഥയിലാണ്.

**അക്രമസമരം നടത്തിയവർക്കെതിരെ നടപടി**

79 (3780) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂൺ മാസത്തിൽ പ്രമുഖ പ്രതിപക്ഷ പാർട്ടി പ്രവർത്തകർ നടത്തിയതായി പറയപ്പെടുന്ന അക്രമസമരങ്ങളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

20 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ അക്രമസമരം നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഇത്തരത്തിൽ അക്രമസമരം നടത്തിയവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും കേരളാ പോലീസ് ആക്ടിലെയും Prevention of Damage to Public Property Act-ലെയും വിവിധ വകുപ്പുകൾപ്രകാരം വിവിധ ജില്ലകളിലായി 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലെല്ലാംകൂടി ആകെ 188 പ്രതികൾ ഉള്ളതായി തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 7 എണ്ണം അന്വേഷണത്തിലും ഒരെണ്ണത്തിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## വിജിലൻസ് മേധാവിയെ തത്സ്ഥാനത്തുനിന്നും മാറ്റിയ നടപടി

80 (3781) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്തു കേസ്സിലെ പ്രധാന പ്രതി മജിസ്ട്രേറ്റ് കോടതി മുമ്പാകെ നൽകിയ മൊഴി തിരുത്താൻ സമ്മർദ്ദം ചെലുത്തിയതായി പറയപ്പെടുന്ന ഇടനിലക്കാരനുമായി വിജിലൻസ് ഡയറക്ടറായിരുന്ന വ്യക്തി നിരവധി തവണ സംസാരിച്ചുവെന്ന കാരണത്താലാണോ വിജിലൻസ് ഡയറക്ടറായിരുന്ന വ്യക്തിയെ തൽസ്ഥാനത്തുനിന്നും മാറ്റിയതെന്ന് വ്യക്തമാക്കാമോ;

&

(ബി) അല്ലെങ്കിൽ വിജിലൻസ് മേധാവിയെ മാറ്റാനുണ്ടായ കാരണം വിശദമാക്കാമോ?

അല്ല; ഭരണപരമായ സൗകര്യാർത്ഥമാണ് നടപടി.

(സി) വിജിലൻസ് മേധാവി സ്ഥാനത്തുനിന്നും മാറ്റിയ എ.ഡി.ജി.പി.-

ക്ക് പൗരാവകാശ സംരക്ഷണത്തിനായി എ.ഡി.ജി.പി.-യുടെ എക്സ്കേഡർ തസ്തിക പുതുതായി സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നൽകിയിട്ടുണ്ട്.

**വിമാനത്തിൽ പ്രതിഷേധ മുദ്രാവാക്യം വിളിച്ചവരെ മർദ്ദിച്ച സംഭവം**

81 (3782) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽവച്ച് പ്രതിഷേധ മുദ്രാവാക്യം വിളിച്ച പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ പ്രവർത്തകരെ മർദ്ദിച്ച സംഭവത്തിൽ ഭരണകക്ഷി മുന്നണി കൺവീനർക്കെതിരെ ലഭിച്ച പരാതിയിന്മേൽ ശംഖുംമുഖം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പരാതി പരിശോധിച്ചതിൽ ഇതുമായിബന്ധപ്പെട്ട് വലിയതുറ പോലീസ്

സ്റ്റേഷൻ ക്രൈം.നം. 511/2022 U/s 120 B, 332, 307, 34 of IPC Sec. 22 of Aircraft (Investigation of Accidents and Incidents) Rules 2012, Sec.11 A of Aircraft Act 1934 & Sec.3 (1)(a)of Suppression of Unlawful Acts Against Safety of Civil Aviation Act 1982 ആയി രജിസ്റ്റർ ചെയ്ത കേസ്സിലെ 1-ഉം 2-ഉം പ്രതികളായ ഫർസിൻ മജീദ്, നവീൻ കുമാർ എന്നിവർക്കുവേണ്ടി മേൽവിവരിച്ച പ്രകാരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പരാതി നൽകിയിട്ടുള്ളതാണെന്നും ഇത് പ്രതികൾ ചെയ്ത കുറ്റകൃത്യത്തിന്റെ ഗൗരവം ലഘൂകരിക്കുന്നതിന് വേണ്ടിയാണെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സത്യസന്ധമായ വസ്തുതകൾക്ക് കടകവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ ആരോപണങ്ങളാണ് കേസ്സിൽ ജാമ്യത്തിൽ ഇറങ്ങിയ പ്രതികൾ ഇപ്പോൾ ഉന്നയിക്കുന്നതെന്നും പ്രതികൾ ബഹുമാനപ്പെട്ട കോടതിയിലോ പോലീസിലോ കസ്റ്റഡിയിൽ ഉണ്ടായിരുന്നപ്പോഴോ ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടില്ലെന്നും പ്രസ്തുത ആരോപണങ്ങൾ തെറ്റിദ്ധാരണാജനകമാണെന്നും ഈ കേസ് ഇപ്പോൾ പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തിവരികയാണെന്നും ആയതിനാൽ ഈ ഘട്ടത്തിൽ പരാതിയിൽ പരാമർശിച്ചിട്ടുള്ള അടിസ്ഥാനരഹിതമായ

സംഗതികളിൽ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ട ആവശ്യകത നിലവിലില്ലെന്നും പരാതിയുടെ അന്വേഷണ ഉദ്യോഗസ്ഥനായ ശംഖുംമുഖം അസിസ്റ്റന്റ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**വയനാട് എം.പി.യുടെ ഓഫീസ് ആക്രമണം**

82 (3783) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് എം.പി.യുടെ ഓഫീസ് അടിച്ച് തകർക്കാൻ ആരോഗ്യ മന്ത്രിയുടെ സ്റ്റാഫിൽ ഉണ്ടായിരുന്ന വ്യക്തി നേതൃത്വം നൽകിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യക്തിയെ പ്രതി പട്ടികയിൽ ചേർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇല്ലെങ്കിൽ പട്ടികയിൽ ചേർക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

24-06-2022-ന് ബഹുമാനപ്പെട്ട വയനാട് എം.പി.-യുടെ

ഓഫീസിലേയ്ക്ക് നടത്തിയ മാർച്ചിനെത്തുടർന്നുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ, ഇതുവരെയുള്ള അന്വേഷണത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകളൊന്നും പ്രതിയാണെന്ന് പോലീസ് കണ്ടെത്തിയിട്ടില്ല.

(സി) പ്രസ്തുത വ്യക്തിയെ അറസ്റ്റ് ചെയ്യാൻ പോലീസ് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ആസ്ഥാനം ആക്രമിച്ച സംഭവം**

83 (3784) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ആസ്ഥാനത്ത് പ്രമുഖ ഭരണപക്ഷ പാർട്ടിയുടെ യുവജനസംഘടനാ പ്രവർത്തകർ നടത്തിയതായി പറയപ്പെടുന്ന ആക്രമണത്തിലെ പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 613/2022 U/s 143, 147, 149, 427 & 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത കേസിലെ പ്രതികളുടെ വിശദാംശം നൽകാമോ?

കേസിലെ പ്രതികളെ തിരിച്ചറിയുന്നതിനാവശ്യമായ വിവരങ്ങൾ ലഭിച്ചിട്ടില്ല.

(സി) പയ്യന്നൂരിൽ മുഖ്യപ്രതിപക്ഷ പാർട്ടിയുടെ ഓഫീസിലെ ഗാന്ധി പ്രതിമയുടെ ശിരസ്സ് തകർത്ത സംഭവത്തിൽ അറസ്റ്റിലായവരുടെ രാഷ്ട്രീയ ബന്ധം വിശദമാക്കാമോ?

പയ്യന്നൂരിൽ മുഖ്യപ്രതിപക്ഷ പാർട്ടിയുടെ ഓഫീസിലെ ഗാന്ധി പ്രതിമയുടെ ശിരസ്സ് തകർത്ത സംഭവവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം.നം. 456/22 U/s 143, 147, 148, 452, 427, 341,506 (ii) r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്.

**പോലീസ് ഡമ്മി പ്രതികളെ ഹാജരാക്കുന്നുവെന്ന ആരോപണം**

84 (3785) <u>ശ്രീമതി ഉമ തോമസ്</u>:

<u>ശ്രീമതി കെ. കെ. രമ</u>:

<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപക്ഷത്തെ പ്രധാന പാർട്ടിയുടെയും അതിന്റെ യുവജന വിദ്യാർത്ഥി സംഘടനകളുടെയും നേതാക്കൾ ഉൾപ്പെടുന്ന കേസ്സുകളിൽ പോലീസ് ഡമ്മി പ്രതികളെയാണ് ഹാജരാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത ആരോപണത്തിൽ അന്വേഷണം നടത്താൻ തയ്യാറാണോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ബാധകമല്ല.

(സി) വയനാട് എം.പി.-യുടെ ഓഫീസ് ആക്രമിച്ചവരിൽ ഒരാൾ പോലീസിനോട് ആക്രോശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പോലീസ് സേനയ്ക്ക് മുഴുവൻ അപമാനം സൃഷ്ടിച്ച സംഭവമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

24-06-2022-ന് ബഫർ സോൺ വിഷയത്തിൽ എസ്.എഫ്.ഐ. വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട വയനാട് എം.പി.-യുടെ ഓഫീസിലേയ്ക്ക് നടത്തിയ മാർച്ചിലുണ്ടായ സംഭവുമായി ബന്ധപ്പെട്ട് കൽപ്പറ്റ പോലീസ് സ്റ്റേഷൻ Cr. No. 534/22 U/s 143 144, 145, 147, 148, 283, 323, 324, 326, 353, 333 r/w 149 IPC 3(1) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുന്നവർക്കെതിരെ നടപടികൾ**

85 (3787) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മതവിഭാഗങ്ങളിലെ വളരെ ചെറിയൊരു വിഭാഗം തീവ്രസ്വഭാവവും അന്യമത വിദ്വേഷവും പ്രചരിപ്പിക്കാനായി യാദൃശ്ചിക സംഭവങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) വിദ്വേഷം പരത്തി ഭിന്നിപ്പിച്ച് മുതലെടുക്കാൻ ചില മാധ്യമങ്ങളും

ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത സൗഹാർദ്ദം തകർക്കുന്ന പ്രസ്താവനകൾ നടത്തി സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിക്കുന്ന സംഭവങ്ങൾ വളരെ ഗൗരവമായി കാണുകയും സാമൂഹിക മാധ്യമങ്ങൾ വഴി മതസാമുദായിക ഐക്യം തകർക്കുന്ന തരത്തിലുള്ള പ്രവൃത്തികളിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിന് ആവശ്യമായ നിരീക്ഷണം സൈബർ ഇടങ്ങളിൽ നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ പോലീസും ജില്ലാ ഭരണകൂടവും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചും ഇത്തരം പ്രവൃത്തികൾ നിരീക്ഷിച്ച് സംസ്ഥാനത്തെ സൗഹാർദ്ദ അന്തരീക്ഷം തകരാതിരിക്കുവാനുള്ള ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സോഷ്യൽ മീഡിയവഴിയും മറ്റും ചില വിഭാഗം ആൾക്കാർ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് തടയാൻ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുന്ന ഛിദ്രശക്തികൾക്കെതിരായി എന്തെല്ലാം നിയമനടപടികളാണ് സർക്കാർ

സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുന്ന ഛിദ്രശക്തികൾക്കെതിരായി Sec.153, 153 A, 295 A IPC ഉൾപ്പെടെയുള്ള വകുപ്പുകൾപ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള മേഖലകളിൽ പോലീസിന്റെ രഹസ്യ നിരീക്ഷണവും പട്രോളിംഗും ശക്തമാക്കിവരുന്നുണ്ട്.

## പെരിന്തൽമണ്ണ മുസ്ലിംലീഗ് മണ്ഡലം കമ്മിറ്റി ഓഫീസ് തകർത്ത കേസിന്റെ നിലവിലെ സ്ഥിതി

86 (3788) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുസ്ലിംലീഗ് മണ്ഡലം കമ്മിറ്റി ഓഫീസ് ഒരു രാഷ്ട്രീയ പാർട്ടിയിലും വിദ്യാർത്ഥി സംഘടനയിലും ഉൾപ്പെട്ടവർ ചേർന്ന് തല്ലിത്തകർത്ത് നാശനഷ്ടങ്ങൾ ഉണ്ടാക്കിയതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകൾപ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും അറിയിക്കാമോ; അതിൽ എത്ര പ്രതികളെ അറസ്റ്റ്

ചെയ്തിട്ടുണ്ടെന്നും ഇനി എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ടെന്നും അറിയിക്കാമോ;

&

(ബി) പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; നാളിതുവരെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; മുഴുവൻ പ്രതികളെയും അടിയന്തരമായി അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ക്രൈം നം. 90/2018 U/S 143, 147, 148, 452, 427, 380 r/w 149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിൽ ഉൾപ്പെട്ട ഒന്ന് മുതൽ 50 വരെയുള്ള പ്രതികളിൽ തിരിച്ചറിഞ്ഞ 17 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്ത 17 പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട പെരിന്തൽമണ്ണ JFCM-I കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും CC 873/2018 നമ്പരായി വിചാരണയിലുമാണ്. ശേഷിക്കുന്ന പ്രതികളെ കണ്ടെത്തുന്നതിനുള്ള അന്വേഷണം നടന്നുവരുന്നതും കണ്ടെത്തുന്ന മുറയ്ക്ക് നിയമനടപടി സ്വീകരിക്കുന്നതുമാണ്.

(സി) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിൽ

സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളാണ് ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാനുള്ള കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വയനാട് എം.പി.-യുടെ ഓഫീസിന് നേരെ നടന്ന ആക്രമണം**

87 (3789)ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് എം.പി.യുടെ വയനാട്ടിലെ ഓഫീസ് അടിച്ചുതകർത്ത സംഭവത്തിൽ ഓഫീസിൽ ഉണ്ടായിരുന്ന മഹാത്മാഗാന്ധിയുടെ ഫോട്ടോ തകർത്തത് മുഖ്യപ്രതിപക്ഷകക്ഷിയിൽപ്പെട്ടവരാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

&

(ബി) പ്രസ്തുത ഓഫീസിൽ ഉണ്ടായിരുന്ന മഹാത്മാഗാന്ധിയുടെ ഫോട്ടോ തകർത്തത് മുഖ്യപ്രതിപക്ഷ കക്ഷിയിൽപ്പെട്ടവരാണെന്ന

വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

ബഹുമാനപ്പെട്ട വയനാട് എം.പി.-യുടെ ഓഫീസിലെ ചുവരിൽ ഉണ്ടായിരുന്ന രാഷ്ട്രപിതാവിന്റെ ഫോട്ടോ തറയിലിട്ട് തകർത്തതിന് കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 555/2022 U/S 153 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

**പെരുമ്പിലാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ**

88 (3790) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ പെരുമ്പിലാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) പാലക്കാട്, മലപ്പുറം ജില്ലകളുടെ അതിർത്തി പങ്കിടുന്ന കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രമസമാധാനപാലനത്തിന് നിലവിലെ

പോലീസ് സംവിധാനം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കുന്നംകുളം പോലീസ് സ്റ്റേഷൻ വിഭജിച്ച് പെരുമ്പിലാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

കുന്നംകുളം പോലീസ് സ്റ്റേഷൻ വിഭജിച്ച് പെരുമ്പിലാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം സംസ്ഥാന പോലീസ് മേധാവിതലത്തിൽ പരിശോധിച്ചുവരുന്നു.

**യു.എ.ഇ. കോൺസുലേറ്റ് ജനറലിന്റെ ക്ലിഫ് ഹൗസിലെ കൂടിക്കാഴ്ച**

89 (3791) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതിയില്ലാതെ 2016-20 കാലഘട്ടത്തിൽ യു.എ.ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ബി) ഉണ്ടെങ്കിൽ കൂടിക്കാഴ്ചയ്ക്ക് ആധാരമായ വിഷയം എന്തായിരുന്നു?

കൂടിക്കാഴ്ചയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല.

(സി) ഡി-ലിറ്റ് ബിരുദം സ്വീകരിക്കാനെത്തിയ ഷാർജ ഭരണാധികാരിയെ റൂട്ട് മാറ്റി ക്ലിഫ്ഹൗസിൽ എത്തിച്ചുവെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

&

(ഡി) ഡിലിറ്റ് ബിരുദം സ്വീകരിക്കാനെത്തിയ ഷാർജ ഭരണാധികാരിയുടെ റൂട്ട് മാപ്പിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി മുൻകൂട്ടി നിശ്ചയിച്ച റൂട്ടിലൂടെയാണ് യാത്ര നടത്തിയത്.

(ഇ) ഷാർജ ഭരണാധികാരിയുടെ പ്രസ്തുത യാത്രയുടെ ചുമതല ഏത് പോലീസ് ഉദ്യോഗസ്ഥനായിരുന്നുവെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കായിരുന്നു സുരക്ഷാ ക്രമീകരണങ്ങളുടെ ചുമതല ഉണ്ടായിരുന്നത്.

(എഫ്) ഷാർജ ഭരണാധികാരിയുടെ യാത്രയുടെ റൂട്ട് മാറ്റുന്നതിന് പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. നേതൃത്വം നൽകിയെന്ന സ്വർണ്ണക്കടത്ത് കേസ്സിലെ പ്രതിയുടെ ആരോപണം ശരിയാണോ; അല്ലെങ്കിൽ സർക്കാർ അവർക്കെതിരെ കേസെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ-ഫോൺ പദ്ധതി**

90 (3792) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നയതന്ത്ര ചാനൽ സ്വർണ്ണക്കടത്ത് കേസിൽ പ്രതിയായ ശ്രീമതി സ്വപ്ന സുരേഷിന്റെ ഭർത്താവിന് കെ-ഫോൺ പദ്ധതിയുടെ ഭാഗമായുള്ള ഏതെങ്കിലും ഏജൻസികൾ മുഖേന ഏതെങ്കിലും തസ്തികയിൽ ജോലി നൽകിയിട്ടുണ്ടോ;

&

(ബി) എങ്കിൽ ഏത് തസ്തികയിൽ എന്നുമുതൽ എന്നുവരെയാണ് ജോലി നൽകിയതെന്നും ശമ്പളം എത്രയായിരുന്നെന്നും വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ അങ്ങനെ ഒരാൾക്ക് ജോലി നൽകിയിട്ടില്ല.

**വൈക്കം വെച്ചൂർ പോലീസ് ഔട്ട്പോസ്റ്റിന് പുതിയ കെട്ടിടം**

91 (3793) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മൂന്ന് കോടി രൂപ അനുവദിക്കുകയും 20 ശതമാനം തുക വകയിരുത്തുകയും ചെയ്ത വൈക്കം വെച്ചൂർ പോലീസ് ഔട്ട്പോസ്റ്റ് കെട്ടിടം പുതുക്കിപ്പണിയുന്ന പദ്ധതിയുടെ നിർവ്വഹണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

2021-2022 വർഷത്തിൽ വൈക്കം വെച്ചൂർ പോലീസ് ഔട്ട്പോസ്റ്റ് കെട്ടിടത്തിൽ നവീകരണ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്.

## ആമ്പല്ലൂർ പഞ്ചായത്തിലെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട പരാതിയിൽ പോലീസ് സഹായം

92 (3794) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ സ്വകാര്യ ടർഫുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തിയതുമൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രസിഡന്റ് നൽകിയ പരാതിയിന്മേൽ മുളന്തുരുത്തി പോലീസ് നടപടി സ്വീകരിക്കാത്ത വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത വിഷയം ഉന്നയിച്ചുകൊണ്ടുള്ള പരാതി മുളന്തുരുത്തി പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പഞ്ചായത്തിലെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട കേസ്സുകളിൽ പോലീസ് പ്രതികൾക്ക് അനുകൂലമായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സർക്കാർ പരിശോധിക്കുമോ; വിശദമാക്കാമോ;

&

(സി) എങ്കിൽ ലൈസൻസ് ഏർപ്പെടുത്തൽ, മണ്ണെടുപ്പ് തടയൽ എന്നീ നടപടികളിന്മേൽ ഗ്രാമപഞ്ചായത്തിന് മുളന്തുരുത്തി പോലീസിന്റെ സേവനങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യത്തിൽ പോലീസ് പ്രതികൾക്ക് അനുകൂലമായി നടപടി സ്വീകരിച്ചിട്ടില്ല. മണ്ണെടുപ്പിനായുള്ള ലൈസൻസ് അനുവദിക്കുന്നത് മൈനിംഗ് & ജിയോളജി വകുപ്പാണ്. 2022 ജനുവരി മുതൽ മുളന്തുരുത്തി പോലീസ് സ്റ്റേഷൻ പരിധിയിൽ മണ്ണെടുക്കുന്നതിനായി 52 പാസ്സുകൾ Mining & Geology വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ കൂടുതൽ പാസ്സുകൾ ഇനി അനുവദിക്കരുതെന്നാവശ്യപ്പെട്ട് എറണാകുളം ജില്ലാ കളക്ടർക്ക് മുളന്തുരുത്തി എസ്.എച്ച്.ഒ. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായി കരമണ്ണ് ഖനനം നടത്തിക്കൊണ്ടുപോയതിന് മുളന്തുരുത്തി പോലീസ് 34 വാഹനങ്ങൾ പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. മണ്ണെടുപ്പ് തടയുന്നതിനായി ഗ്രാമപഞ്ചായത്ത് മുളന്തുരുത്തി പോലീസിന്റെ സഹായം ആവശ്യപ്പെടുന്ന അവസരങ്ങളിൽ പോലീസ് സേവനം നൽകിവരുന്നതുമാണ്.

## പൗരത്വ പ്രക്ഷോഭവുമായി ബന്ധപ്പെട്ട കേസ്സുകൾ

93 (3795) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് കേരളത്തിൽ പോലീസ് എടുത്ത എത്ര കേസ്സുകളിലാണ് കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൗരത്വ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് (അനുകൂലിച്ച ഒരു കേസ് ഉൾപ്പെടെ) പോലീസ് രജിസ്റ്റർ ചെയ്ത 836 കേസ്സുകളിൽ 566 കേസ്സുകൾക്ക് ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര കേസുകൾ സർക്കാർ തീരുമാനമനുസരിച്ച് പിൻവലിച്ചിട്ടുണ്ട്?

36 കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്.

(സി) ഏതെങ്കിലും കേസ്സുകൾ പിൻവലിക്കാത്തതായി ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഗുരുതരമല്ലാത്ത ക്രിമിനൽ സ്വഭാവമുള്ള കേസ്സുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം

94 (3796) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി അനുവദിച്ച തുക പുതുക്കിയ നിരക്കുപ്രകാരം നിർമ്മാണത്തിന് തികയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ ഈ കാര്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 295 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ഒന്നാംഘട്ടത്തിനായി 36 ലക്ഷം രൂപയും രണ്ടാംഘട്ടത്തിനായി 75 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല.

## പുതിയ പോലീസ് നിയമനങ്ങളും ബറ്റാലിയനും

95 (3797) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരള പോലീസിൽ പുതുതായി എത്രപേർക്ക് ജോലി ലഭിച്ചിട്ടുണ്ടെന്നും അതിൽ വനിതാ പ്രാതിനിധ്യം എത്രയെന്നും വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ കേരള പോലീസ് സേനയിൽ നടന്ന നിയമനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| തസ്തിക | പുരുഷൻ | വനിത |
|---|---|---|
| സബ് ഇൻസ്പെക്ടർ | 369 | 76 |
| ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ | 6 | 0 |
| പോലീസ് കോൺസ്റ്റബിൾ | 10764 | 1874 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 1064 | 0 |
| പോലീസ് കോൺസ്റ്റബിൾ (ടെലി) | 193 | 0 |
| ഹവിൽദാർ (സ്പോർട്സ്) | 92 | 46 |
| **ആകെ** | **12488** | **1996** |

(ബി) പ്രസ്തുത കാലയളവിൽ പുതുതായി ബറ്റാലിയനുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

30-01-2017-ലെ സർക്കാർ ഉത്തരവ് (കൈ) നം. 15/2017/ആഭ്യന്തരം

പ്രകാരം വനിതാ പോലീസ് ബറ്റാലിയനും 25-02-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 66/2021/ആഭ്യന്തരം പ്രകാരം കേരളാ ആംഡ് പോലീസ് ആറാം ബറ്റാലിയനും രൂപീകരിച്ചിട്ടുണ്ട്.

**റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ്**

96 (3798) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിലെ തൊഴിലന്വേഷകരായ അഞ്ഞൂറോളം പേരിൽനിന്നും റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പരാതി നൽകിയിട്ടും കേസ് രജിസ്റ്റർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ;

&

(സി) സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലയിൽ മുക്കം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 245/2022 U/s 420 IPC പ്രകാരം

രജിസ്റ്റർ ചെയ്ത ഒരു കേസിൽ 4 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 378/2022 U/s 420 IPC, ക്രൈം നമ്പർ 389/2022 U/s 420 IPC എന്നിങ്ങനെ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലെ പ്രതികൾ മുക്കം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 245/2022 നമ്പർ കേസിൽ പ്രതികളായി റിമാൻഡ് ചെയ്തിട്ടുള്ളതിനാൽ ടി കേസ്സുകളിലേയ്ക്കും അറസ്റ്റ് രേഖപ്പെടുത്തി പ്രതികളെ കസ്റ്റഡിയിൽ വാങ്ങി തെളിവ് ശേഖരിക്കുന്നതിനായി ബഹുമാനപ്പെട്ട പൊന്നാനി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ കേസ്സുകളിലെ പ്രതികൾക്കെതിരെ റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് വഞ്ചിച്ചുവെന്ന് ആരോപിച്ച് 3 പരാതികൾകൂടി ലഭിച്ചിട്ടുള്ളതും ഈ പരാതികളിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പരാതിക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം ചതി ചെയ്ത് പണം തട്ടിയെടുത്ത കാര്യം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു. മേൽക്കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്.

## മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ നടപടി

97 (3799) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ മാധവ ഭവനത്തിൽ എം. വിശ്വംഭരൻ 2017 ഒക്ടോബർ 20-ന് മരണപ്പെട്ടത് സംബന്ധിച്ച് സംസ്ഥാന പോലീസിലെ ഏതെങ്കിലും വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 1405/17 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യും മരണപ്പെട്ട ആളുടെ മകൻ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണ സംഘം രൂപീകരിച്ചും ടിയാൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ ആലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ, ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ മാധവ ഭവനത്തിൽ എം. വിശ്വംഭരൻ തീവണ്ടി തട്ടിയാണ് മരണപ്പെട്ടതെന്ന് വെളിവായതിനാലും ടിയാന്റെ മരണം കൊലപാതകമാണെന്ന് സാധൂകരിക്കത്തക്ക തെളിവുകൾ

ലഭ്യമായിട്ടില്ലാത്തതിനാലും അസ്വാഭാവികമായി ഒന്നും കണ്ടെത്താൻ കഴിയാത്തതിനാലും Further Action Dropped ആയി പരിഗണിച്ച് ടി കേസിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അന്വേഷണം തൃപ്തികരമല്ലെന്ന് ചൂണ്ടിക്കാണിച്ച് മരണപ്പെട്ട ആളുടെ മകൻ മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉണ്ട്. മരണപ്പെട്ടയാളുടെ മകൻ നൽകിയ പരാതി ഡോക്കറ്റ് നമ്പർ: G3200101182 പ്രകാരം സി.എം.ഒ. പോർട്ടലിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാന പോലീസ് മേധാവിക്ക് കൈമാറുകയും അതിന്മേൽ തുടർനടപടി സ്വീകരിച്ച് ആലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, പരാതിക്കാരന്റെ പിതാവിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് സാധൂകരിക്കത്തക്ക തെളിവുകളൊന്നുംതന്നെ അന്വേഷണത്തിൽ ലഭ്യമായിട്ടില്ലെന്ന് പരാതിക്കാരന് 04-03-2020-ൽ മറുപടി നൽകുകയും അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (പി.ജി.) 03-04-2020-ൽ പരാതി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സർവ്വീസ്**

98 (3800) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ നിലവിൽ എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സർവ്വീസുണ്ട്?

അരൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന 6 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുണ്ട്.

1. St. Raphel HSS, Ezhupunna
2. St. Augustin HSS, Aroor
3. St. Sebastian HSS, Pallithode
4. Govt.HSS Thirunallur
5. Govt. HSS, Perumbalam
6. SNHS Poochackal

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമാകാൻ അരൂർ മണ്ഡലത്തിൽ എത്ര സ്കൂളുകൾ അപേക്ഷ നൽകിയിട്ടുണ്ട്; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

2022-23 അധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ്

അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കാനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല.

(സി) മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അപേക്ഷിക്കുന്ന സ്കൂളുകൾക്ക് നിലവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നത്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

99 (3801) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2021-2022 അധ്യയന വർഷത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന മൂന്ന് സ്കൂളുകളിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്.

1. GFHSS, മരക്കാപ്പ്, കടപ്പുറം

2. GVHSS, മടിക്കൈ II

3. ദുർഗ്ഗ HSS, കാഞ്ഞങ്ങാട്

(ബി) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽനിന്നും GVHSS, മടിക്കൈ II, ദുർഗ്ഗ HSS, കാഞ്ഞങ്ങാട് എന്നീ സ്കൂളുകൾക്ക് എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

100 (3802) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ Ithithanam HSS Malakunnam, St. Peters HSS Kurumbanadam എന്നീ രണ്ട് സ്കൂളുകൾക്കാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് പുതിയതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

2021-22 അദ്ധ്യയന വർഷത്തിൽ ചങ്ങനാശ്ശേരി മണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകളിൽനിന്നാണ് SPC യൂണിറ്റ് അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളത്.

1. Ithithanam HSS, Malakunnam (HS)
2. St. Peters HSS, Kurumpanadam (HS)
3. St. Joseph Girls HS, Changanassery (HS)
4. SBHSS, Changanassery (HSS)

മേൽപ്പറഞ്ഞവയിൽ Ithithanam HSS, Malakunnam, St. Peters HSS, Kurumpanadam എന്നീ സ്കൂളുകൾക്ക് SPC യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. 2022-2023 അധ്യയന വർഷത്തിൽ SPC യൂണിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കാനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

101 (3803) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ ആയിരം സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് നിലവിലുണ്ട്.

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി പുതുതായി ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്നും ഈ വർഷം എത്ര സ്ഥാപനങ്ങൾക്ക് യൂണിറ്റ് അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

2022-2023 അധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കാനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. ഈ വർഷം എത്ര സ്ഥാപനങ്ങൾക്ക് യൂണിറ്റ് അനുവദിക്കുമെന്നും തീരുമാനിച്ചിട്ടില്ല.

## വയനാട് എം.പി.-യുടെ ഓഫീസ് ആക്രമണക്കേസ്

102 (3804) <u>ശ്രീ. സി. ആർ. മഹേഷ്</u>:

<u>ശ്രീ. അൻവർ സാദത്ത്</u>:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:

<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു മന്ത്രിയുടെ സ്റ്റാഫിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന ഭരണപക്ഷത്തെ ഒരു പ്രമുഖ വിദ്യാർത്ഥി സംഘടനാ നേതാവിനെ വയനാട് എം.പി.-യുടെ ഓഫീസ് ആക്രമിച്ച കേസിൽ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഇപ്രകാരമൊരാൾ പ്രതിയാണെന്ന് നിലവിൽ കണ്ടെത്തിയിട്ടില്ല.

(ബി) ഭരണപക്ഷത്തെ ഒരു പ്രമുഖ രാഷ്ട്രീയ, യുവജന, വിദ്യാർത്ഥി സംഘടനയുടെ നേതാക്കൾ ഉൾപ്പെടുന്ന കേസുകളിൽ പോലീസ് ഡമ്മി പ്രതികളെയാണ് ഹാജരാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഓഫീസ് ആക്രമണക്കേസിൽ അറസ്റ്റ് ചെയ്ത് പോലീസ് വാഹനത്തിൽ കയറ്റിയ മേൽപരാമർശിച്ച വിദ്യാർത്ഥി സംഘടനയിലെ പ്രവർത്തകർ മറുവശത്തെ ജനാലയിലൂടെ പുറത്തുചാടിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോലീസ് നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട വയനാട് എം.പി.യുടെ ഓഫീസിലേയ്ക്ക് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ നടത്തിയ മാർച്ചിന്റെ അവസരത്തിൽ മതിയായ സംരക്ഷണമൊരുക്കുന്നതിൽ പോലീസിന്റെ ഭാഗത്ത് പാളിച്ചയുണ്ടായിട്ടുണ്ടോയെന്ന കാര്യം വിശദമായി അന്വേഷണം നടത്തി ADGP (HQ) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് വീഴ്ചയുണ്ടായപക്ഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## സ്ത്രീധന നിരോധന നിയമം

103 (3805) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമവും അതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിലവിലുണ്ടെങ്കിലും സ്ത്രീധന പീഡനങ്ങളും മരണങ്ങളും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമവും അതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിലവിലുണ്ടെങ്കിലും സ്ത്രീധന പീഡനങ്ങളും മരണങ്ങളും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് 2011 മുതൽ 2022 മേയ് വരെ നടന്ന മരണങ്ങൾ, പീഡനങ്ങൾ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ വിശദാംശം വ്യക്തമാക്കുമോ?

സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട് 2011 മുതൽ 2022 മേയ് വരെ നടന്ന മരണങ്ങൾ, പീഡനങ്ങൾ എന്നിവ സംബന്ധിച്ച് പൊലീസിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു. സ്ത്രീപീഡനവുമായി ബന്ധപ്പെട്ട് 2011 മുതൽ 2022 മേയ് വരെ കേരള വനിതാ കമ്മീഷനിൽ ആകെ 96 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിയമവും ചട്ടങ്ങളും കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കാനും സ്ത്രീധനപീഡനവും മരണവും ഉണ്ടാകാനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണുവാനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

സ്ത്രീധന നിരോധന നിയമങ്ങളും ചട്ടങ്ങളും കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കാനും സ്ത്രീധനപീഡനവും മരണവും ഉണ്ടാകാനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിനുമായി വനിതാശിശുവികസന-ആഭ്യന്തര വകുപ്പുകൾ നിരവധി പ്രവർത്തനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിവരുന്നു. തുടർപ്രവർത്തനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## ആമിന അബ്ദുൾഖാദർ കൊലപാതക കേസ്സിന്റെ അന്വേഷണ പുരോഗതി

104 (3806) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപ്പാടം സ്വദേശിനി പാണ്ട്യാർപ്പിള്ളിൽ വീട്ടിൽ ആമിന അബ്ദുൾഖാദറിന്റെ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

ആമിന അബ്ദുൾ ഖാദറിന്റെ മരണവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 434/2021 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നതും തുടർന്ന് അന്വേഷണത്തിൽ മരണപ്പെട്ട ആമിന ധരിച്ചിരുന്ന ഒൻപതേകാൽ പവൻ വരുന്ന സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടതായും ആഭരണങ്ങൾ അപഹരിക്കുന്നതിനായി ആരെങ്കിലും കൊല ചെയ്തിരിക്കാമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കേസിലെ വകുപ്പുകൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302, 397 പ്രകാരം മാറ്റി അന്വേഷണം നടത്തിവരവെ ഈ കേസിന്റെ തുടരന്വേഷണം ക്രൈംബ്രാഞ്ചിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈമാറിയിട്ടുള്ളതുമാണ്. ക്രൈം നമ്പർ 257/CB/EKM/R/2021 u/s 174 CrPC ആയി റീ-നമ്പർ ചെയ്ത് കേസിന്റെ തുടരന്വേഷണം ക്രൈംബ്രാഞ്ച് എറണാകുളം യൂണിറ്റിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 22-09-2021 മുതൽ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 434/2021, u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് 257/CB/EKM/R/2021 റീ നമ്പർ ചെയ്ത് ക്രൈംബ്രാഞ്ചിന് കൈമാറിയതിനുശേഷം ഉണ്ടായിട്ടുള്ള അന്വേഷണ പുരോഗതി വിശദമാക്കാമോ;

&

(സി) 22-09-2021 മുതൽ ക്രൈംബ്രാഞ്ച് അന്വേഷണം ഏറ്റെടുത്ത് നടത്തുന്ന പ്രസ്തുത കേസിൽ കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ?

ഈ കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തതിനുശേഷം കൃത്യസ്ഥലം സന്ദർശിക്കുകയും മുമ്പുണ്ടായിരുന്ന അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ഈ കേസിലേയ്ക്ക് 22-09-2021-ൽ എറണാകുളം റീജിയണൽ

കെമിക്കൽ എക്സാമിനേഷൻ സയൻസ് ലാബിൽനിന്നും ലഭിച്ചിട്ടുള്ള പരിശോധനാ റിപ്പോർട്ട് പരിശോധിച്ച് കൂടുതൽ പരിശോധനയ്ക്കായി ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് അയച്ചും സംശയിക്കുന്നവരുടെ CDR ശേഖരിച്ചും കുടുതൽ അന്വേഷണം നടത്തിവരികയാണ്. ഈ കേസിലേയ്ക്ക് കുറ്റകൃത്യത്തിൽ പങ്കുണ്ടായേക്കാമെന്ന് ശക്തമായി സംശയിച്ചിരുന്ന ഒരാളെ ചോദ്യം ചെയ്ത് അയാളുടെ രക്തസാമ്പിൾ ശേഖരിച്ച് ഫോറൻസിക് പരിശോധനയ്ക്ക് അയയ്ക്കുകയും എന്നാൽ സാമ്പിൾ എടുത്ത് രണ്ട് ദിവസം കഴിഞ്ഞ് ടിയാൻ സെറിബ്രൽ ഹെമറേജ് സംഭവിച്ച് മരണപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് കുറ്റത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ആൾക്കാരെ കേന്ദ്രീകരിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

(ഡി) പട്ടാപ്പകൽ ഒരു നാടിനെ നടുക്കിയ കൊലപാതകവുമായി ബന്ധപ്പെട്ട കേസന്വേഷണം കൂടുതൽ ഊർജ്ജിതമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ക്രൈംബ്രാഞ്ച് എറണാകുളം യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ടി കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

## നയതന്ത്ര ചാനൽ മുഖേനയുള്ള സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ കസ്റ്റഡി

105 (3807) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നയതന്ത്ര ചാനൽ മുഖേനയുള്ള സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ പാലക്കാട് വിജിലൻസ് കസ്റ്റഡിയിലെടുത്തിരുന്നോ; എങ്കിൽ ഏത് കേസ് അന്വേഷണത്തിന്റെ ഭാഗമായാണ് കസ്റ്റഡിയിലെടുത്തതെന്ന് വ്യക്തമാക്കുമോ?

സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ വിജിലൻസ് സംഘം കസ്റ്റഡിയിലെടുത്തിട്ടില്ല.

(ബി) ഈ വ്യക്തിയുടെ ഫോൺ പാലക്കാട് വിജിലൻസ് പിടിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് ഫോൺ പിടിച്ചെടുത്തതെന്നും ഏത് കേസുമായി ബന്ധപ്പെട്ട അന്വേഷണത്തിലാണ് ഫോൺ പിടിച്ചെടുത്തതെന്നും വ്യക്തമാക്കുമോ?

പാലക്കാട് വിജിലൻസ് സംഘം പ്രതിയിൽനിന്നും ഫോൺ

പിടിച്ചെടുത്തിട്ടില്ല.

(സി) ഇപ്രകാരം ഫോൺ പിടിച്ചെടുക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ബാധകമല്ല.

(ഡി) തിരുവനന്തപുരം വിജിലൻസ് വിംഗ് അന്വേഷിക്കുന്ന ലൈഫ് മിഷൻ തട്ടിപ്പ് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥർ മുഖേനയാണോ പ്രസ്തുത ഫോൺ കോടതിയിൽ ഹാജരാക്കിയിട്ടുള്ളത്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ അന്വേഷിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ പ്രതി നിയമാനുസൃതം ഹാജരാക്കിയ മൊബൈൽ ഫോൺ കോടതിയിൽ ഹാജരാക്കുകയും അത് ഫോറൻസിക് പരിശോധനയ്ക്കായി ലബോറട്ടറിയിലേയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്

106 (3808) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക്ക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പുതുതായി അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനം പരിശോധിച്ചിട്ടുണ്ട്. പുതിയ യൂണിറ്റ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) കാഞ്ഞിരപ്പള്ളിയിൽ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിന് പര്യാപ്തമായ പോലീസുകാർ കാഞ്ഞിരപ്പള്ളി സ്റ്റേഷനിലില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാഞ്ഞിരപ്പള്ളിയിൽ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിന് കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിൽനിന്നും പോലീസ് ഉദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും നിയോഗിച്ചുവരുന്നു.

(സി) ശബരിമലയിലേയ്ക്കുള്ള എഴുപത് ശതമാനം വാഹനവും

കടന്നുപോകുന്ന പ്രദേശമായതിനാൽ തീർത്ഥാടന സമയത്ത് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കൂടി കണക്കിലെടുത്ത് കാഞ്ഞിരപ്പള്ളിയിൽ അടിയന്തരമായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**നിലമ്പൂരിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ**

107 (3809) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര ട്രാഫിക് പോലീസ് സ്റ്റേഷനുകളുണ്ടെന്ന് സബ് ഡിവിഷനുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ഓരോ പോലീസ് സബ് ഡിവിഷനുകൾക്ക് കീഴിലും ഒരു ട്രാഫിക് പോലീസ് സ്റ്റേഷനെങ്കിലും സർക്കാർ അനുവദിക്കാറുണ്ടോ; വിശദമാക്കാമോ?

14-07-2018-ലെ സ.ഉ (കൈ) നം.116/2018/ആഭ്യന്തരം പ്രകാരം ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റുകയും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് യൂണിറ്റുകളും 'ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്'കളാക്കി പുനർനാമകരണം

ചെയ്തിട്ടുമുണ്ട്.

മലപ്പുറം ജില്ലയിൽ നിലവിലുള്ള ട്രാഫിക് യൂണിറ്റുകൾ താഴെപ്പറയുന്നവയാണ്.

മലപ്പുറം സബ്ഡിവിഷൻ - മലപ്പുറം, മഞ്ചേരി

കൊണ്ടോട്ടി സബ്ഡിവിഷൻ - കൊണ്ടോട്ടി

പെരിന്തൽമണ്ണ സബ്ഡിവിഷൻ - പെരിന്തൽമണ്ണ

തിരൂർ സബ്ഡിവിഷൻ - തിരൂർ

താനൂർ, നിലമ്പൂർ സബ് ഡിവിഷനുകളിൽ ട്രാഫിക് യൂണിറ്റുകളില്ല.

നിലവിൽ എല്ലാ സബ്ഡിവിഷനുകളുടെയും കീഴിൽ ട്രാഫിക് യൂണിറ്റ് വേണമെന്ന രീതി സ്വീകരിച്ചിട്ടില്ല.

(ബി) നിലമ്പൂർ പോലീസ് സബ്ഡിവിഷന് കീഴിൽ നിലവിൽ ട്രാഫിക് പോലീസ് സ്റ്റേഷനുകളില്ലെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലമ്പൂരിന് അടുത്തുള്ള ട്രാഫിക് പോലീസ് സ്റ്റേഷൻ എവിടെയാണെന്നും ഈ സ്റ്റേഷനിൽനിന്നും സംസ്ഥാന അതിർത്തിയായ വഴിക്കടവിലേയ്ക്ക് എത്ര ദൂരമുണ്ടെന്നും അറിയിക്കാമോ?

നിലമ്പൂർ പോലീസ് സബ്ഡിവിഷന് കീഴിൽ നിലവിൽ ട്രാഫിക്

യൂണിറ്റുകളില്ല. നിലമ്പൂരിന് അടുത്തുള്ള ട്രാഫിക് യൂണിറ്റ് മഞ്ചേരിയിലാണുള്ളത്. മഞ്ചേരിയിൽനിന്നും വഴിക്കടവിലേയ്ക്ക് ഏകദേശം 44 കിലോമീറ്റർ ദൂരമുണ്ട്.

(സി) നിലമ്പൂർ സബ് ഡിവിഷൻ പരിധിയിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ;

&

(ഡി) അന്തർ-സംസ്ഥാന പാത എന്ന നിലയിലും തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന സംസ്ഥാന അതിർത്തി പ്രദേശമെന്ന നിലയിലും സുരക്ഷാ പരിശോധന, ഗതാഗത നിയന്ത്രണം, ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തുക തുടങ്ങിയവ ഫലപ്രദമാക്കാൻ നിലമ്പൂരിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ആരംഭിക്കാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. ട്രാഫിക് മാനേജ്മെന്റിനായി നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്.

## സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി

108 (3810) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പോലീസ് സേനയുടെ നവീകരണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2021-22 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ 149.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 12 പോലീസ് സ്റ്റേഷനുകൾക്കും പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ട്. പോലീസ്

വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്റ്റിന് തുടക്കംകുറിച്ചിട്ടുണ്ട്. സൈബർക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനുമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾ, തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ, കൊല്ലം സിറ്റി/ഇടുക്കി/പത്തനംതിട്ട/തൃശ്ശൂർ സിറ്റി/കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ എന്നിവ അനുവദിച്ചിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കിവരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print

Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻവഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ " തുണ" സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാതലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകിവരുന്നു.

തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, തൃശ്ശൂർ സിറ്റി ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും Automated Number

Plate Recognition Camera (ANPR)-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ 13 ജില്ലകളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുള്ളതുമാണ്.

സംസ്ഥാനത്തെ 6 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ) പോലീസ് ജില്ലകളിൽ നിലവിലുണ്ടായിരുന്ന CCTV Surveillance സിസ്റ്റത്തിന് പുറമേ 655.32 ലക്ഷം രൂപ ചെലവിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. 12 ജില്ലകളിൽ ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ പ്രവർത്തനസജ്ജമായിവരുന്നു.

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System

(IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Own Operate Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF)-നുവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 പ്രകാരം 146 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 20 Four Wheel Drive LMV, 03 മീഡിയം വാഹനങ്ങൾ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ്, 06 ഹെവി ബസ്, 02 വാട്ടർ ടാങ്കർ, പിങ്ക് കൺട്രോൾ റൂമിനായി 07 LMV എന്നിവ വാങ്ങിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ LWE ബാധിത പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കായി MoPF സ്കീമിൽ ഉൾപ്പെടുത്തി 29 Four Wheel Drive LMV വാങ്ങിയിട്ടുണ്ട്. Control Room/ഹൈവേ പട്രോൾ/പോലീസ് സ്റ്റേഷൻ വെഹിക്കിളുകളിൽ ഘടിപ്പിക്കുന്നതിനായി 140 മൊബൈൽ ഡാറ്റാ ടെർമിനൽസ്, കാർ ചാർജ്ജറുകൾ, ബാറ്ററികൾ എന്നിവ വാങ്ങിയിട്ടുണ്ട്. അത്യാധുനിക സാങ്കേതികവിദ്യയിലുള്ള Vehicle Mounted GPS System,

Unmanned Aerial Vehicle തുടങ്ങിയവ ക്രമസമാധാന പാലനത്തിനുവേണ്ടി വാങ്ങിയിട്ടുണ്ട്.

ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനുള്ള Bomb Detection and Disposal Squad (BDDS) ടീമിന് ആവശ്യമായ Robotic Mobile Explosive Cutter Vehicle ഉൾപ്പെടെ ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കുപകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. പാലക്കാട് ജില്ലയിലും Digital Mobile Communication System ആരംഭിക്കുന്നതിന് 1188.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കോളുകൾ, മെസ്സേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനായി CMS (Central Monitoring System) നടപ്പിലാക്കിയിട്ടുണ്ട്.

അത്യാധുനിക സാങ്കേതികവിദ്യയിലുള്ള ബോഡി വോൺ ക്യാമറകൾ, CCTV ക്യാമറകൾ, Traffic Signal system, Traffic Enforcement

ഉപകരണങ്ങൾ, Traffic Gaming ആപ്ലിക്കേഷനുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. തീരദേശ സുരക്ഷയ്ക്കും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി നൂതന സാങ്കേതികവിദ്യയിലുള്ള സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്. GIS Crime Mapping/Vehicle Mounted GPS with Display നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾക്ക് (തിരുവനന്തപുരം/കൊച്ചി/കോഴിക്കോട്/തൃശ്ശൂർ സിറ്റികൾ ഒഴികെ) Technology Upgradation-നും Logistics and other equipments-നുംവേണ്ടി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകൾക്ക് ആവശ്യമായ Hardware-ഉം Software-ഉം Essential Tool-കളും വാങ്ങാൻ നടപടികൾ സ്വീകരിച്ചുവരുന്നു. Anti Terrorist Squad (ATS)-ന്റെ നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷൻ, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷൻ എന്നീ ഓഫീസുകൾക്കായി

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ 590 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മലപ്പുറം ജില്ലയിലെ ഐക്കരപ്പടി കേന്ദ്രമായി പുതിയ സ്റ്റേഷൻ വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് ആവശ്യമെങ്കിൽ ഏത് പോലീസ് സ്റ്റേഷന്റെ പരിധിയാണോ കുറയപ്പെടുന്നത്, പ്രസ്തുത സ്റ്റേഷന് അനുവദിച്ചിട്ടുള്ള തസ്തികകളിൽനിന്നും കുറവുവരുത്തി തസ്തികകൾ കണ്ടെത്തണമെന്നും പുതിയ പോലീസ് സ്റ്റേഷന് ആവശ്യമായ കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തുവാനും മുൻഗണനാക്രമമനുസരിച്ച് പ്രൊപ്പോസൽ സമർപ്പിക്കാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ

109 (3811) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ ബാരക്കുകൾ, ക്വാർട്ടേഴ്സുകൾ എന്നിവ ഇനിയും ലഭ്യമാകാത്ത എത്ര പോലീസ് സ്റ്റേഷനുകളുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് മാത്രമായി പോലീസ് സ്റ്റേഷനുകളിൽ ക്വാർട്ടേഴ്സുകൾ പ്രത്യേകമായി നിർമ്മിച്ചിട്ടില്ല. ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിലേയ്ക്കായി അപേക്ഷ ലഭിക്കുന്ന തീയതി മുതലുള്ള മുൻഗണനയനുസരിച്ച് വനിതാ-പുരുഷ പോലീസ് വ്യത്യാസമില്ലാതെ ഒഴിവ് വരുന്നമുറയ്ക്ക് ക്വാർട്ടേഴ്സുകൾ അനുവദിച്ചുവരുന്നുണ്ട്. വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് വിശ്രമ മുറികൾ പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ട്.

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 70 പോലീസ് സ്റ്റേഷനുകളാണുള്ളത്. ഇവയിൽ 43 പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിലും 27 പോലീസ് സ്റ്റേഷനുകൾ മറ്റുസർക്കാർ വകുപ്പുകളുടെ കീഴിലുള്ള കെട്ടിടങ്ങളിലും പ്രവർത്തിച്ചുവരുന്നു. ഇവയിൽ 19 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ വിവിധ സർക്കാർ പദ്ധതികളിൽ

ഉൾപ്പെടുത്തിയിട്ടുള്ളതും നിർമ്മാണപ്രവർത്തനങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമല്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

## വൈപ്പിൻ മണ്ഡലത്തിൽ പോലീസ്/മിലിറ്ററി മ്യൂസിയം

110 (3812) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുറം കോട്ടയുടെ സമീപത്തെ പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ പോലീസ്/മിലിറ്ററി മ്യൂസിയം സ്ഥാപിക്കുന്നതിനായി 15-07-2010-ൽ അന്നത്തെ ടൂറിസം ആഭ്യന്തര വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തിരുന്നോ?

പള്ളിപ്പുറം കോട്ടയുടെ സമീപം പോലീസ് വകുപ്പിന്റെ സ്ഥലം പോലീസ്/മിലിറ്ററി മ്യൂസിയം സ്ഥാപിക്കുന്നതിനും സന്ദർശകർക്ക്

സൗകര്യങ്ങളൊരുക്കുന്നതിനുമായി 15-07-2010-ൽ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിക്കുകയും ഇതുസംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും ആയത് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുസിരിസ് പൈതൃക പ്രോജക്ട് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടായിരുന്നോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സെൻട്രൽ ഫിനാൻഷ്യൽ അസിസ്റ്റൻസ് ഇനത്തിൽ പള്ളിപ്പുറം പോലീസ് ടൂറിസ്റ്റ് അറൈവൽ സെന്ററിന് അനുവദിച്ച 83.06 ലക്ഷം രൂപയാണ് പള്ളിപ്പുറം പോലീസ്/മിലിറ്ററി മ്യൂസിയത്തിനായി തീരുമാനിച്ചിരുന്നത്.

(സി) 15-07-2010-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

&

(ഡി) പ്രസ്തുത പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നതിൽ നേരിടുന്ന

തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

പോലീസ് വകുപ്പിന്റെ ആവശ്യത്തിനായുള്ള ഭൂമി മറ്റാവശ്യങ്ങൾക്ക് അനുവദിക്കുന്നത് അനഭിലഷണീയമായതിനാലാണ് ഭൂമി കൈമാറാത്തത്.

**തൃക്കാക്കര വെണ്ണലയിൽ പുതിയ പോലീസ് സ്റ്റേഷൻ**

111 (3813) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ വെണ്ണല ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(ബി) വെണ്ണലയിലെ ജനസാന്ദ്രത കണക്കിലെടുത്ത് വെണ്ണല ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തൃക്കാക്കര നിയോജകമണ്ഡലത്തിലെ വെണ്ണല ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ

സർക്കാരിൽ ലഭ്യമായിട്ടില്ല.

## കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം

112 (3814) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര പോലീസ് സ്റ്റേഷനുകൾ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ?

കാസർഗോഡ് ജില്ലയിൽ മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ മാത്രമാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത്.

(ബി) ഇതിൽ എത്ര പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ട്?

മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കാസർഗോഡ് താലൂക്ക്, തെക്കിൽ വില്ലേജിൽ റീസർവ്വേ നമ്പർ 107/14-ൽപ്പെട്ട 0.50 ഏക്കർ സ്ഥലം കാസർഗോഡ് ജില്ലാ കളക്ടർ പോലീസ് വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമായ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ?

സ്ഥലം ലഭ്യമായ മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) മേൽപ്പറമ്പ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മേൽപ്പറമ്പ് പോലീസ് സ്റ്റേഷൻ, ബേക്കൽ സബ് ഡിവിഷൻ ഓഫീസ് എന്നിവയ്ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ആകെ 300 ലക്ഷം രൂപ 2022-23 വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും 2022-23 സാമ്പത്തിക വർഷത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്.

**പൂച്ചാക്കൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം**

113 (3815) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പൂച്ചാക്കൽ പോലീസ് ക്വാർട്ടേഴ്സ് ജീർണ്ണാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീർണ്ണാവസ്ഥയിലുള്ള ക്വാർട്ടേഴ്സുകൾ പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ആധുനിക സൗകര്യങ്ങളോടുകൂടിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഇക്കണോമിക് ഒഫൻസസ് വിംഗിന്റെ പ്രവർത്തനം**

114 (3816) <u>ശ്രീ. എ. എൻ. ഷംസീർ</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന ഇക്കണോമിക് ഒഫൻസസ് വിംഗിന്റെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്തെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ഇക്കണോമിക് ഒഫൻസസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യ

വിഭാഗം ഒരു ഐ.ജി.പി.-യുടെ നേതൃത്വത്തിൽ 4 റേഞ്ചുകളായി തിരിച്ച് റേഞ്ചിന്റെ ചുമതല 4 എസ്.പി.-മാർക്കും 14 ജില്ലകൾ 10 യൂണിറ്റിന്റെ കീഴിൽ ഉൾപ്പെടുത്തി ഓരോ യൂണിറ്റിന്റേയും ചുമതല ഡി.വൈ.എസ്.പി.-മാർക്കും നൽകി ജില്ലാ ഓഫീസുകളായി രൂപീകരിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക കുറ്റാന്വേഷണത്തിൽ മുൻപരിചയവുമുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ മികവ് തെളിയിച്ച അന്വേഷണ ഉദ്യോഗസ്ഥരെയാണ് സാമ്പത്തിക കുറ്റകൃത്യ അന്വേഷണ വിഭാഗത്തിൽ നിയമിച്ചിട്ടുള്ളത്.

(സി) സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച എത്ര പരാതികൾ ഇപ്പോൾ നിലവിലുണ്ട്; എത്ര പരാതികളിന്മേൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്; കാലതാമസമൊഴിവാക്കി പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് 800 പരാതികൾ നിലവിലുണ്ട്. ഈ സർക്കാർ കാലയളവിൽ (20-05-2021 മുതൽ 04-07-2022 വരെ)

സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് ലഭിച്ച 9386 പരാതികളിൽ 5145 പരാതികളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 3441 പരാതികൾ മറ്റുരീതിയിൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാലതാമസമൊഴിവാക്കി പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**നയതന്ത്ര ചാനൽ**

115 (3817) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ യു.എ.ഇ. സന്ദർശനവേളയിൽ മുഖ്യമന്ത്രിക്കുവേണ്ടി നയതന്ത്ര ചാനൽ മുഖേന ബാഗ്/പാക്കേജ് അയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബാഗ്/പാക്കേജ് കൈപ്പറ്റിയത് ആരാണെന്ന് വ്യക്തമാക്കുമോ?

യു.എ.ഇ. സന്ദർശന വേളയിൽ മുഖ്യമന്ത്രിക്ക് ഒരു ബാഗേജും അയച്ചിട്ടില്ല.

(ബി) മുഖ്യമന്ത്രിക്ക് ബാഗ്/പാക്കേജ് അയക്കുന്നതിന് നയതന്ത്ര

ചാനൽ തിരഞ്ഞെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ;

&

(സി) മറ്റുരാജ്യത്തിന്റെ നയതന്ത്ര ചാനൽ വഴി ബാഗ്/പാക്കേജ് കൊടുത്തയയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി & സി) ബാധകമല്ല.

**കുട്ടികളുടെ ഡിജിറ്റൽ അടിമത്തം**

116 (3818) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷം സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

2019 മുതൽ 2022 (04-07-2022) വരെ സംസ്ഥാനത്ത് മൊബൈൽഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ 25 കുട്ടികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ഓൺലൈൻ വിദ്യാഭ്യാസം വേണ്ടിവന്ന കോവിഡ് കാലത്തിന്

പിന്നാലെ എത്ര ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങേണ്ടി വന്നു; എവിടെയെല്ലാം; ഇതുവഴി നാളിതുവരെ എത്ര കുട്ടികളെ ചികിത്സിച്ച് രക്ഷപ്പെടുത്തി; നിലവിൽ എത്ര കുട്ടികൾക്ക് ചികിത്സ നൽകിവരുന്നു എന്നീ വിവരങ്ങൾ നൽകുമോ?

കോവിഡ് കാലത്തിന് പിന്നാലെ ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ പ്രത്യേകമായി ആരംഭിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്ലാൻ പദ്ധതിയിൽ 6 ജില്ലകളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ (D-DAD) ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കാമോ?

ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കുന്നതിനും കൂടാതെ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ചും വനിത ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പാരന്റിംഗ് ക്ലിനിക്ക് - കുട്ടികൾക്കിടയിലെ പ്രശ്നങ്ങൾ/ വെല്ലുവിളികൾ മനസ്സിലാക്കി അവരെ നേർവഴിയിലേയ്ക്ക് നയിക്കുന്നതിന് രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിനായി പാരന്റിംഗ് ക്ലിനിക്കുകൾ ബ്ലോക്കുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പാരന്റിംഗ് ക്ലിനിക്കിൽ വരുന്ന കേസുകളിൽ ഭൂരിഭാഗവും കുട്ടികളുടെ പെരുമാറ്റ വൈകല്യം, വൈകാരിക പ്രശ്നങ്ങൾ, അഡിക്ഷൻ, പ്രണയം, നിരാശ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. പാരന്റിംഗ് ക്ലിനിക്ക് കൗൺസിലർമാരുടെ സംയോജിതമായ ഇടപെടലിലൂടെ ഇത്തരം പല പ്രശ്നങ്ങളും ആത്മഹത്യയിലേയ്ക്ക് പോകുന്നത് തടയാൻ സാധിക്കുന്നു. സംസ്ഥാനത്ത് നിലവിൽ 152 ബ്ലോക്കുകളിലെയും 6 കോർപ്പറേഷനുകളിലെയും ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ ശനിയാഴ്ച പാരന്റിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ പഞ്ചായത്തുതല ഔട്ട്റീച്ച് ക്യാമ്പുകളും അങ്കണവാടിതല ക്ലിനിക്കുകളും സംഘടിപ്പിക്കുന്നു. പാരന്റിംഗ് ക്ലിനിക്ക് സേവനം സംബന്ധിച്ച പ്രചരണം അങ്കണവാടി/ആശ പ്രവർത്തകരിലൂടെയും മറ്റുപ്രചാരണ മാധ്യമങ്ങളിലൂടെയും നൽകുന്നതിനാൽ അപായസാധ്യതയുള്ള കുടുംബങ്ങളെ പാരന്റിംഗ് ക്ലിനിക്ക് സേവനങ്ങളെപ്പറ്റി അറിയിക്കാൻ സാധിക്കുന്നുണ്ട്.

2. ജില്ലാ റിസോഴ്സ് സെന്റർ - കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

പലതും അതത് സമയങ്ങളിൽ കണ്ടുപിടിക്കുന്നതിന് ഭൂരിഭാഗം രക്ഷിതാക്കളും അദ്ധ്യാപകരും പ്രാപ്തരല്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതിനാൽ പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് ആവശ്യമായ സമയത്ത് ശ്രദ്ധയും പരിചരണവും ലഭ്യമാക്കാനും സാധിക്കുന്നില്ല. കുട്ടികളോടുള്ള ഉത്തരവാദിത്വം ശാസ്ത്രീയമായും കൂട്ടായും നിറവേറ്റുന്നതിൽ രക്ഷിതാക്കളും അദ്ധ്യാപകരും പൊതുസമൂഹവും പലപ്പോഴും പരാജയപ്പെടുന്നുവെന്ന തിരിച്ചറിവിൽനിന്നും ആയത് പരിഹരിക്കുന്നതിനായി ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിൽ ജില്ലാ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികൾക്ക് വിദഗ്ദ്ധരുടെ സേവനം ലഭ്യമാകുന്നു. വ്യക്തിഗത ഇടപെടലുകൾ, റഫറൽ സംവിധാനം, വിവിധതരത്തിലുള്ള പരിശീലനങ്ങൾ, ആശയ-വിജ്ഞാന-വ്യാപന കേന്ദ്രം തുടങ്ങി വിവിധ സേവനങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കാൻ സാധിക്കുന്നു. വിവിധ പ്രശ്നങ്ങൾ (കുടുംബ പ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ, പ്രണയം, അഡിക്ഷൻ, പെരുമാറ്റ പ്രശ്നങ്ങൾ തുടങ്ങിയവ) അഭിമുഖീകരിക്കുന്ന കുട്ടികളിലെ ആത്മഹത്യ പ്രവണത മുൻകൂട്ടി കണ്ടെത്താനും അതിൽനിന്നും കുട്ടികളെ സംരക്ഷിക്കാനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നുണ്ട്.

3. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ (ഒ.ആർ.സി)- കുട്ടികൾ നേരിടുന്ന വിവിധ തരത്തിലുള്ള വെല്ലുവിളികൾ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സംസ്ഥാനത്തെ 348 സ്കൂളുകളിൽ വനിത-ശിശു വികസന വകുപ്പ് മുഖേന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ (ഒ.ആർ.സി.) നടപ്പിലാക്കിവരുന്നു.

4. നിനവ് (Suicide Prevention Cell) - വിവധതരം വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കിടയിലെ ആത്മഹത്യാ പ്രവണത പ്രതിരോധിക്കുന്നതിനായി നിനവ് എന്ന പേരിൽ Suicide Prevention Cell ആവിഷ്കരിച്ചിട്ടുണ്ട്. ആത്മഹത്യാ പ്രതിരോധ സെൽ സംസ്ഥാനത്താകെ നടക്കുന്ന കുട്ടികൾക്കിടയിലെ ആത്മഹത്യകൾ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ ഏകോപിക്കുകയും പൊതുജനങ്ങൾക്ക് കുട്ടികളിലെ ആത്മഹത്യ സംബന്ധിച്ച് ബോധവത്കരണം, ഈ മേഖലയിൽ ശാസ്ത്രീയ പഠനങ്ങൾ കുട്ടികളുടെ മേഖലയിലെ സർക്കാർ-സർക്കാരിതര സംവിധാനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കുട്ടികൾക്കിടയിലെ ആത്മഹത്യ പ്രതിരോധിക്കുന്നതിനുവേണ്ട പരിശീലനങ്ങൾ, അവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ തുടങ്ങിയവ നൽകുകയും ചെയ്യും. ഈ

പ്രവർത്തനങ്ങളിലൂടെ വിഷമകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന ആത്മഹത്യ ചെയ്യാൻ സാധ്യതയുള്ള കുട്ടികളെ നേരത്തെ കണ്ടെത്തുകയും വളരെ വേഗത്തിൽ കൃത്യമായ ശാസ്ത്രീയ ഇടപെടലുകളിലൂടെ കുട്ടികളെ സംരക്ഷിക്കുകയും കേരളത്തെ കൂടുതൽ ബാലസൗഹൃദമാക്കുകയുമാണ് ലക്ഷ്യമിടുന്നത്.

5. സോഷ്യൽ മീഡിയ/കമ്മ്യൂണിറ്റി/സ്കൂൾതല ക്യാമ്പയിൻ - പൊതുജനങ്ങൾക്കിടയിൽ, കുട്ടികൾക്കിടയിലെ വിവിധതരം വെല്ലുവിളികൾ സംബന്ധിച്ച കൃത്യമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സോഷ്യൽ മീഡിയ ക്യാമ്പയിനിലൂടെ നടപ്പാക്കിവരുന്നുണ്ട്.

6. കാവൽ പ്ലസ് - ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ എത്തുന്ന അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് സാമൂഹ്യ-മാനസിക പരിരക്ഷയും പിന്തുണയും നൽകി അവരെ ശരിയായ സാമൂഹ്യജീവിതം നയിക്കാൻ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ തുടങ്ങിയ സാമൂഹ്യ ഇടപെടൽ പദ്ധതിയാണ് കാവൽ പ്ലസ്.

7. കാവൽ പദ്ധതി - നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക-സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്തി അവർക്ക് സാമൂഹ്യാധിഷ്ഠിത പുനരധിവാസം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട

സന്നദ്ധ സംഘടനകൾ വഴി നടപ്പാക്കുന്ന പദ്ധതിയാണ് കാവൽ.

ഓൺലൈൻ ദുരുപയോഗവുമായി ബന്ധപ്പെട്ട് കേരളാ പോലീസിന്റെ 'ചിരി' ഹെൽപ് ലൈനിൽ (9497900200) വരുന്ന ഫോൺ കോളുകൾ ഉടനടിതന്നെ അതാത് ജില്ലകളിലെ കൗൺസിലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചുകൊടുക്കുകയും അനുയോജ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖാന്തരം Internet Addiction, Game Addiction, ഓൺലൈൻ ദുരുപയോഗം എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ നൽകിവരുന്നു. കൂടാതെ ജില്ലാ Children and Police (CAP) കോ-ഓർഡിനേഷൻ സെന്ററുകൾ മുഖേന ബോധവത്കരണ ക്യാമ്പയിനുകൾ നടത്തുന്നു. മാനസിക സംഘർഷത്താൽ ഉഴലുന്ന കുട്ടികൾക്ക് യഥാസമയം കൗൺസിലിംഗ് നൽകുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നിശ്ചിത ഇടവേളകളിൽ കൺവെർജൻസ് മീറ്റിംഗുകൾ നടത്തി കാലാനുസൃതമായ തീരുമാനങ്ങൾ കൈക്കൊണ്ട് ആവശ്യമായ പദ്ധതികൾ കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ്

വിഭാഗം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

## തീരസുരക്ഷാ നടപടികൾ

117 (3819) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2008 നവംബർ മാസം 26-ാം തീയതി മുംബൈയിൽ നടന്ന ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരളത്തിന് അനുവദിച്ച് ലഭിച്ച കോസ്റ്റൽ സെക്യൂരിറ്റി സ്കീം 1 പ്രകാരമുള്ള 8 തീരദേശ പോലീസ് സ്റ്റേഷനുകളും കോസ്റ്റൽ സെക്യൂരിറ്റി സ്കീം 2 പ്രകാരമുള്ള 10 തീരദേശ പോലീസ് സ്റ്റേഷനുകളും ഉൾപ്പെടെ നിലവിൽ 18 തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശാനുസരണം, ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് തുടങ്ങി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പ്രതിരോധ സംവിധാനങ്ങളുമായി സഹകരിച്ചാണ്

തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നത്. നിലവിൽ 18 പോലീസ് സ്റ്റേഷനുകളിലായി 674 സേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിന്റെ 590 കിലോമീറ്റർ വരുന്ന തീരപ്രദേശത്തെ, വിവിധ തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് കീഴിൽ 527 ബീറ്റുകളായി തിരിച്ച് ഓരോ ബീറ്റും ഓരോ സേനാംഗത്തിന്റെ നിരീക്ഷണത്തിന് കീഴിൽക്കൊണ്ടുവരികയും ബീറ്റ് ഓഫീസർമാർ ദിവസേന ഇന്റലിജൻസ് ശേഖരണവും നിരന്തര നിരീക്ഷണങ്ങളും നടത്തിവരുകയും ചെയ്യുന്നു. കൂടാതെ തീരദേശത്തിന്റെ സുരക്ഷ കൂടുതൽ ശക്തമാക്കുന്നതിലേയ്ക്ക് തീരദേശസേനയും മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളും ബോട്ട് ഉടമകളുടെ പ്രതിനിധികളും അംഗങ്ങളായിട്ടുള്ള കടലോര ജാഗ്രതാ സമിതികൾ, ഹാർബർ സുരക്ഷാ സമിതികൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. കടലോര ജാഗ്രതാ സമിതിയുടെ 568 വാട്ട്സാപ്പ് കൂട്ടായ്മകളിലായി 18431 അംഗങ്ങൾ തീരദേശസേനയുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായി തീരദേശത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ തീരദേശ പോലീസ് സ്റ്റേഷനുകളിലും ശനിയാഴ്ചകൾതോറും ഇന്റലിജൻസ് ഷെയറിംഗ് മീറ്റിംഗ് നടത്തുകയും ആയതിൽ തീരദേശ പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ സേനാംഗങ്ങളും ഐ.ബി., എസ്.എസ്.ബി., നാവികസേന, കോസ്റ്റ് ഗാർഡ്, ഫിഷറീസ്

തുടങ്ങിയ സുരക്ഷാ ഏജൻസികളുടെ പ്രതിനിധികളും നിരന്തരം പങ്കെടുത്തുവരുകയും അതാത് ആഴ്ചകളിലെ ഇന്റലിജൻസ് വിവരങ്ങൾ മറ്റു കേന്ദ്രസുരക്ഷാ ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽനിന്ന് കരാർ അടിസ്ഥാനത്തിൽ തീരദേശ സേനയിൽ സർക്കാർ നിയമിച്ചിട്ടുള്ള കോസ്റ്റൽ വാർഡൻമാരുടെ സഹായത്തോടെ സേനയ്ക്ക് അനുവദിച്ചിട്ടുള്ള 24 ഇന്റർസെപ്റ്റർ ബോട്ടുകളിൽ നിലവിൽ പ്രവർത്തനസജ്ജമായ 20 ബോട്ടുകൾ ഉപയോഗിച്ച് കടലിൽ പട്രോളിംഗ് നടത്തുകയും മനുഷ്യക്കടത്ത്, അനധികൃത കടന്നുകയറ്റം, മയക്കുമരുന്ന് കച്ചവടം, കള്ളക്കടത്ത്, ഇന്ധനക്കടത്ത് തുടങ്ങി നിയമപരമല്ലാത്ത പ്രവർത്തനങ്ങൾ തടയുന്നതിനായി തീരദേശസേനയുടെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനുള്ളിൽ നിതാന്ത ജാഗ്രത പുലർത്തുകയും കേരളത്തിന്റെ തീരപ്രദേശങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

സാഗർ കവച്, സി-വിജിൽ തുടങ്ങിയ മോക് ഡ്രില്ലുകൾ വർഷത്തിൽ 2 പ്രാവശ്യം ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ കേരളതീരത്ത് നടന്നുവരുന്നു. ആയത് തീരദേശ നിവാസികൾക്കിടയിൽ

സുരക്ഷിതത്വബോധം ഉടലെടുക്കുന്നതിന് സഹായകരമാകുന്നു.

കോഴിക്കോട് ചാലിയത്ത് ഒരു ഹെലിപ്പാഡ്, NIRDESH (National Institute for R&D in Defence Ship Building) കാമ്പസിൽ ആരംഭിക്കുന്നതിനായിട്ടുള്ള സാധ്യതാപഠനം സ്വീകരിച്ചുവരുന്നു. ആയത് പ്രാവർത്തികമായാൽ മലബാർ മേഖലയിലെ തീരദേശ സുരക്ഷയ്ക്ക് മുതൽക്കൂട്ടാകും. നിലവിൽ അനുവദിക്കപ്പെട്ട 4 ബോട്ട് ജെട്ടികളിൽ 2 എണ്ണം പ്രവർത്തനക്ഷമമായിട്ടുള്ളതും 2 എണ്ണത്തിന്റെ നിർമ്മാണം നടന്നുവരികയുമാണ്. 04-8-2021-ലെ G.O.(Rt)No.565/2021/DMD ഉത്തരവ് പ്രകാരം 2,43,47,400/- രൂപ (രണ്ട് കോടി നാല്പത്തി മൂന്ന് ലക്ഷത്തി നാല്പത്തി ഏഴായിരത്തി നാനൂറു രൂപ) അടിയന്തരമായി ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ അനുവദിച്ചിട്ടുണ്ട്.

(ബി) തീരദേശ സുരക്ഷക്ക് ഗാർഡുമാരായി പോലീസിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ;

&

(സി) ഇവരുടെ സേവന കാലയളവ് എത്ര കാലത്തേയ്ക്കാണ് നിജപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തീരദേശ സുരക്ഷയ്ക്ക് ഗാർഡുമാരായി പോലീസിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. എന്നാൽ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശ സുരക്ഷയ്ക്കായി മത്സ്യബന്ധന തൊഴിലാളികളിൽനിന്നും 200 പേരെ തീരദേശ പോലീസിനെ സഹായിക്കുന്നതിനായി കോസ്റ്റൽ വാർഡൻ തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നുണ്ട്. നിലവിൽ ജോലിയിലുള്ള കോസ്റ്റൽ വാർഡൻമാർക്ക് 30-06-2023 വരെ സേവനത്തിൽ തുടരാവുന്നതാണ്.

## കേരള പോലീസിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

118 (3820) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം കേരള പോലീസിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി എത്രപേർക്ക് നിയമനം നൽകി?

193 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇതിൽ വയനാട് ജില്ലയിൽനിന്നും എത്ര പേർക്ക് നിയമനം ലഭിച്ചു?

136 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി) വനിതകളായ എത്ര പേരെയാണ് വയനാട് ജില്ലയിൽനിന്നും പോലീസ് സേനയിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് അറിയിക്കാമോ?

32 വനിതകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

## പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഒഴിവുകൾ

119 (3821) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്ക്, എം.റ്റി.എസ്.ഐ., ഡ്രൈവർ എസ്.ഐ., എം.റ്റി.ഐ. ഡ്രൈവർ, പ്രൊമോട്ടേഡ് എം.ടി.ഒ. എന്നീ വിഭാഗങ്ങളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട്; വിശദാംശം നൽകുമോ?

കേരള പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്ക് പി.സി. വിഭാഗത്തിൽ 12 ഒഴിവുകളും, എം.റ്റി.എസ്.ഐ. വിഭാഗത്തിൽ ഒരു ഒഴിവും, ഡ്രൈവർ എസ്.ഐ. വിഭാഗത്തിൽ 10 ഒഴിവുകളും എം.റ്റി.ഐ. വിഭാഗത്തിൽ 7 ഒഴിവുകളും ഇൻസ്പെക്ടർ (എം.റ്റി.ഒ.) വിഭാഗത്തിൽ 18

ഒഴിവുകളും ഉൾപ്പെടെ ആകെ 48 ഒഴിവുകളുണ്ട്. എം.റ്റി.ഐ. ഡ്രൈവർ, പ്രൊമോട്ടേഡ് എം.റ്റി.ഒ. എന്നീ തസ്തികകൾ പോലീസ് വകുപ്പിൽ നിലവിലില്ല.

(ബി) ഡ്രൈവർ വിഭാഗത്തിന് പ്രൊമോഷനായി ലഭിച്ചിട്ടുള്ള എം.ടി.ഒ. തസ്തികകളിലെ ഒഴിവുകൾ നികത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സബ് ഇൻസ്പെക്ടർ ഡ്രൈവർ തസ്തികയിലുള്ളവർ എസ്.ഐ. കേഡറിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നമുറയ്ക്ക് സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പോലീസിൽ നിലവിലുള്ള മെക്കാനിക്ക് തസ്തികകളിലെ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

മെക്കാനിക്ക് പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ 11 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആശ്രിത നിയമനം**

120 (3822) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആശ്രിത നിയമനം വഴി എത്ര പേർക്ക് നിയമനം ലഭിക്കാനുണ്ടെന്ന് അറിയിക്കാമോ;

&

(ബി) എന്നുമുതലുള്ള അപേക്ഷകർക്കാണ് നിയമനം ലഭിക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ?

ആഭ്യന്തര വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 2014 മുതലുള്ള അപേക്ഷകളിൽ ആശ്രിത നിയമനം വഴി ആകെ 498 പേർക്ക് നിയമനം ലഭിക്കാനുണ്ട്.

(സി) ആകെയുള്ള ഒഴിവിന്റെ എത്ര ശതമാനമാണ് ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഒരു വർഷമുണ്ടാകുന്ന ഒഴിവിന്റെ അഞ്ച് ശതമാനമാണ് ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളത്.

**അഴിമതിക്കാരെ കണ്ടെത്തുന്നതിന് പ്രത്യേക ദൗത്യം**

121 (3823) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക ദൗത്യത്തിലൂടെ അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരെ കണ്ടെത്തി സർവ്വീസിൽനിന്ന് പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

&

(ബി) അഴിമതി കാണിക്കുകയും പോലീസ് സ്റ്റേഷനിൽ വരുന്നവരോട് അപമര്യാദയായി പെരുമാറുകയും അനാവശ്യമായി ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേക ദൗത്യത്തിലൂടെ കണ്ടെത്തി സർവ്വീസിൽ നിന്ന് പിരിച്ചുവിടാൻ നടപടികൾ സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് നിലവിൽ പൊതുതീരുമാനം കൈക്കൊണ്ടിട്ടില്ല.

**പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

122 (3824) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പയ്യന്നൂരിലെ കോടതി സമുച്ചയത്തിന്റെ പൈലിംഗ് ജോലികൾ പൂർത്തിയായി. നിലവിൽ പ്ലിന്ത് ബീം കോൺക്രീറ്റ് ജോലികൾ

പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എന്നാണെന്ന് വ്യക്തമാക്കാമോ?

12-03-2022-നുമുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 13-03-2020-ന് കരാറുകാരന് നിർമ്മാണ സ്ഥലം കൈമാറിയിരുന്നു. പ്രവൃത്തി ആരംഭിക്കുന്നതിനായി സ്ഥലത്തെ പഴയ കെട്ടിടങ്ങളും മരങ്ങളും മുറിച്ചുമാറ്റി 20-08-2020-ന് സ്ഥലം PWD-യ്ക്ക് കൈമാറി. കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ തൊഴിലാളികളുടെയും നിർമ്മാണ സാമഗ്രികളുടെയും ലഭ്യതയിൽ ബുദ്ധിമുട്ടുള്ളതിനാൽ ടെസ്റ്റ് പൈലിംഗ് ജോലികൾ നടത്താൻ കാലതാമസം നേരിട്ടു. പിന്നീട് 06-10-2020-ന് ടെസ്റ്റ് പൈലിംഗ് ജോലികൾ പൂർത്തിയായി. സ്ട്രക്ച്ചറൽ ഡിസൈൻ 08-01-2021-ന് ലഭിച്ചു. നിലവിൽ പൈലിംഗ് ജോലികൾ, ഗ്രിഡ് ബീം, പൈൽ ക്യാപ്, ലാറ്ററൈറ്റ് ജോലികൾ

എന്നിവ പൂർത്തിയായിട്ടുണ്ട്. പ്ലിന്ത് ബീം ജോലികൾ പുരോഗമിക്കുകയാണ്.

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

01-03-2023-നുമുമ്പ് പണി പൂർത്തിയാകുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

**സിവിൽ, ക്രിമിനൽ കോടതികളിലെ ജീവനക്കാരുടെ ഇന്റഗ്രേഷൻ**

123 (3825) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ, ക്രിമിനൽ കോടതികളിലെ ജീവനക്കാരുടെ ഇന്റഗ്രേഷൻ സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്: സംസ്ഥാനത്തെ സിവിൽ, ക്രിമിനൽ കോടതികളിലെ ജീവനക്കാരുടെ ഇന്റഗ്രേഷൻ സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഡിസ്ട്രിക്ട് ജുഡീഷ്യറി വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇന്റഗ്രേഷൻ നടപടികൾ വേഗത്തിലാക്കാൻ ഭരണസിരാകേന്ദ്രത്തിൽ 2020 ഏപ്രിൽ മാസത്തിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

2020 ഏപ്രിൽ മാസത്തിൽ കോവിഡ്-19 നിയന്ത്രണങ്ങളുടെ ഭാഗമായി ലോക്ക്ഡൗൺ പ്രഖ്യാപനം നിലവിലുണ്ടായിരുന്നതിനാൽ ഈ വിഷയത്തിൽ യോഗങ്ങൾ ഒന്നുംതന്നെ നടന്നിരുന്നില്ല.

**മഞ്ചേശ്വരം മുൻസിഫ് സബ് കോടതി**

124 (3826) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്ത് മുൻസിഫ് സബ് കോടതി തുടങ്ങുന്നത് പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടോ;

വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത മുൻസിഫ് സബ് കോടതി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മുൻഗണനാ പട്ടികയിൽ 61-ാമതായി മഞ്ചേശ്വരം മുൻസിഫ് സബ് കോടതിയെ ഉൾപ്പെടുത്താൻ ഹൈക്കോടതി രജിസ്ട്രാറിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കോടതികൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

**പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ**

125 (3827) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.എൽ.എ. ആസ്തി വികസന

ഫണ്ടുപയോഗിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടവും ഗ്യാരേജും പ്രയോജനപ്പെടുത്തി പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ;

&

(ബി) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുണ്ടക്കയത്ത് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധിച്ചിരുന്നു. നിലവിൽ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള പ്രൊപ്പോസലുകൾ അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ.

**അഞ്ചുതെങ്ങ് ഫയർ സ്റ്റേഷൻ**

126 (3828) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചിറയിൻകീഴ് മണ്ഡലത്തിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ

അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**ജയിൽ മോചിതരായ തടവുകാർ**

127 (3829) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ ജീവപര്യന്തം തടവുകാരായ എത്രപേരെ മോചിപ്പിക്കുന്നതിനാണ് ഗവർണ്ണർ ഉത്തരവിട്ടതെന്ന് അറിയിക്കാമോ?

33 തടവുകാരെ. ഇതുസംബന്ധിച്ച് 14-06-2022-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (G.O.(MS)116/2022-HOME) അനുബന്ധമായി + ചേർക്കുന്നു.

(ബി) ജയിൽമോചിതരായ തടവുകാർ ശിക്ഷിക്കപ്പെട്ട കേസ്, ചെയ്ത കുറ്റം, ശിക്ഷാ കാലാവധി, തടവിൽ കഴിഞ്ഞ കാലാവധി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിൽ രാഷ്ട്രീയ ആക്രമണങ്ങൾ, കൊലപാതകങ്ങൾ എന്നിവ ഉൾപ്പെടെ രാഷ്ട്രീയ കേസുകളിൽ പ്രതികളായി ശിക്ഷിക്കപ്പെട്ടവർ എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പേരാണ്; ഇവർ ഓരോരുത്തരും ഏതൊക്കെ രാഷ്ട്രീയകക്ഷികളുടെ അംഗങ്ങളോ അനുഭാവികളോ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ;

&

(ഡി) ജയിൽ മോചിതരാകേണ്ടവരുടെ ലിസ്റ്റ് ജയിൽ ഉപദേശക സമിതിയുടെ അനുമതി തേടാതെ സെക്രട്ടറിതല സമിതിയാണോ തയ്യാറാക്കിയിരുന്നത്?

പലതവണ ജയിൽ ഉപദേശക സമിതി പരിഗണിക്കുകയും അകാലവിടുതലിന് ശിപാർശ ചെയ്യാതിരിക്കുകയും ചെയ്ത ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാരുടെ അകാലവിടുതൽ പരിശോധിക്കുന്നതിന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നിയമ വകുപ്പ് സെക്രട്ടറി, ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് എന്നിവർ അംഗങ്ങളുമായ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതി, അകാലവിടുതലിന് അർഹരായ തടവുകാരെ കണ്ടെത്തുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആയതനുസരിച്ച് ഓരോ തടവുകാരുടേയും കേസ് ഫയലുകൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷനും ആഭ്യന്തര വകുപ്പ് ജോയിന്റ്

സെക്രട്ടറി കൺവീനറും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (ഹെഡ് ക്വാർട്ടേഴ്സ്) അംഗവുമായ ഉപസമിതിയെ ചുമതലപ്പെടുത്തി. ഈ ഉപസമിതി ഓരോ കേസും സൂക്ഷ്മമായി പരിശോധിക്കുകയും യോഗ്യതാ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം നിർദ്ദേശിക്കുകയും യോഗ്യരെന്ന് കണ്ടെത്തിയ തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നതിനുള്ള ശിപാർശ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സമിതിക്ക് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് പരിശോധിച്ച മേൽസമിതി, ഉപസമിതി നിർദ്ദേശിച്ച യോഗ്യതാ മാനദണ്ഡങ്ങളിലെ മാറ്റം അംഗീകരിക്കുകയും യോഗ്യരെന്ന് കണ്ടെത്തിയ തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അർഹരായ തടവുകാരെ കണ്ടെത്തിയ മാനദണ്ഡങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. സർക്കാർ ഈ ശിപാർശ പരിശോധിക്കുകയും അതിക്രൂരമായ കൊലപാതകത്തിൽ ഉൾപ്പെട്ടവർ, വനിതകളെയും കുട്ടികളെയും കൊലപ്പെടുത്തിയവർ, ബലാത്സംഗക്കുറ്റം ചെയ്തവർ, മാനസികരോഗത്തിന് ചികിത്സയിൽ കഴിയുന്ന തടവുകാരിൽ ബന്ധുക്കൾ സ്വീകരിക്കുന്നതിന് വിമുഖത കാണിച്ചവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട തടവുകാരെ ഒഴിവാക്കുകയും ശേഷിക്കുന്ന 33 പേർക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അകാലവിടുതൽ അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട ഗവർണ്ണറോട് ശിപാർശ ചെയ്യുകയും ചെയ്തു.

(ഇ) ജയിൽ മോചനത്തിനായി ഗവർണ്ണർക്ക് ആദ്യം സമർപ്പിച്ച ലിസ്റ്റ് തിരിച്ചയയ്ക്കുകയുണ്ടായോ;

&

(എഫ്) ആദ്യം അയച്ച ലിസ്റ്റിൽ നിന്നും എത്രപേരെ ഒഴിവാക്കിയാണ് രണ്ടാമത്തെ ലിസ്റ്റ് സമർപ്പിച്ചതെന്ന് അറിയിക്കാമോ; എങ്കിൽ ഇവരെ ഒഴിവാക്കിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(ഇ & എഫ്) തടവുകാരെ തെരഞ്ഞെടുത്ത യോഗ്യതാ മാനദണ്ഡങ്ങൾ സംബന്ധിച്ചും പ്രത്യേക അവസരങ്ങളിൽ പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദാംശങ്ങളും സ്പഷ്ടീകരണവും ബഹുമാനപ്പെട്ട ഗവർണർ ആരായുകയും ആയതിന് മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ശിപാർശ ബഹുമാനപ്പെട്ട ഗവർണർ അംഗീകരിക്കുകയും ചെയ്തു.

**കുറ്റ്യാടി മണ്ഡലത്തിലെ സബ് ജയിൽ നിർമ്മാണം**

128 (3830) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന

ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ സബ് ജയിൽ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ പുതിയ സബ് ജയിൽ നിർമ്മിക്കുന്നത് സംബന്ധിച്ച് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

## ചാവക്കാട് ജയിൽ ടൗണിൽ നിന്ന് മാറ്റി സ്ഥാപിക്കാൻ നടപടി

129 (3831) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാവക്കാട് ജയിൽ ടൗണിൽനിന്ന് മാറ്റി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ചാവക്കാട് ജയിൽ ടൗണിൽനിന്ന് മാറ്റി സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## പെരിന്തൽമണ്ണ സബ് ജയിലിലെ കുടിവെള്ള പ്രശ്നം

130 (3832) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ സബ് ജയിലിലെ കുഴൽക്കിണറിന്റെ തകരാറിലായ മോട്ടോർ പമ്പ്സെറ്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് ജയിൽ വകുപ്പിൽ ഏതെങ്കിലും കത്ത് ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

പെരിന്തൽമണ്ണ സബ് ജയിലിലെ കുഴൽക്കിണറിലെ പമ്പ്സെറ്റിന്റെ പ്രവർത്തനത്തിലെ അപാകതകൾ സംബന്ധിച്ച് ജയിൽ വകുപ്പിന് കത്ത് ലഭിച്ചിരുന്നു. എന്നാൽ മോട്ടോർ ഘടിപ്പിച്ച കമ്പനിയുടെ പ്രതിനിധികൾ മോട്ടോർ പരിശോധിച്ചശേഷം കേടുപാടുകൾ ഇല്ലെന്ന് കണ്ടെത്തി. തുടർന്ന് മലപ്പുറം ഭൂജല വകുപ്പ് വിഭാഗം പ്രസ്തുത കുഴൽക്കിണർ പരിശോധിക്കുകയും കിണറിലെ ചെളി ഫ്ലഷിംഗ് നടത്തി വൃത്തിയാക്കിയാൽ വെള്ളത്തിന്റെ ലഭ്യത കൂടുമെന്ന് അറിയിച്ചതിനെത്തുടർന്ന് കിണറിലെ ചെളി ഫ്ലഷിംഗ് നടത്തി വൃത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ജയിലിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം

കാണുന്നതിന് പുതുതായി കുഴൽക്കിണർ കുഴിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജയിൽ വളപ്പിലോ സമീപത്തോ പുതിയ കുഴൽക്കിണർ കുഴിക്കാനുള്ള സാധ്യത ഭൂജല വകുപ്പ് പരിശോധിച്ചെങ്കിലും ആയതിന് സാധ്യതയില്ലെന്ന് കണ്ടെത്തി. പഴയ എക്സൈസ് ഓഫീസിന് സമീപം കുഴൽക്കിണർ കുഴിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയെങ്കിലും ടി റവന്യൂ ഭൂമിയിൽ കുഴൽക്കിണർ കുഴിക്കുന്നതിനുള്ള അനുമതി റവന്യൂ വകുപ്പ് നൽകിയിട്ടില്ല. നിലവിൽ കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജയിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

**ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് പോർട്ടൽ**

131 (3833) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ സ്റ്റേഷനറി വകുപ്പ് മുഖേന നൽകിവരുന്ന സാധനങ്ങൾ ഇനി ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് പോർട്ടൽ മുഖേന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പോർട്ടൽ മുഖേന വാങ്ങുന്ന സാധനങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

26-04-2019-ലെ G.O.(P)No.7/2019/SPD ഉത്തരവുപ്രകാരം, സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലെ 25,000/- രൂപയ്ക്കുമുകളിൽ വരുന്ന പർച്ചേസുകൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേയ്സ് പോർട്ടൽ (GeM) മുഖാന്തരം മാത്രമേ വാങ്ങാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ടി ഉത്തരവിൽത്തന്നെ നിർബന്ധിത ജെം പോർട്ടൽ പർച്ചേസിൽനിന്നും സ്റ്റേഷനറി വകുപ്പിനെ ഒഴിവാക്കിയിട്ടുണ്ട്.

(സി) സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്കായുള്ള സാധനങ്ങളുടെ വിതരണം സ്റ്റേഷനറി വകുപ്പിൽത്തന്നെ നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

സർക്കാർ വകുപ്പുകളുടെ ആവശ്യത്തിലേയ്ക്കായുള്ള സ്റ്റേഷനറി സാധനങ്ങളുടെ വിതരണ നടപടികൾ നിലവിൽ സ്റ്റേഷനറി വകുപ്പ് മുഖാന്തരം മാത്രമാണ് നടന്നുവരുന്നത്.

**കാരക്കാട്ടിൽ കുടിവെള്ള പദ്ധതി**

132 (3834) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിൽനിന്ന് അനുവദിച്ച കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കാരക്കാട്ടിൽ കുടിവെള്ള പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കാരക്കാട്ടിൽ കുടിവെള്ള പദ്ധതിയുടെ ഭരണാനുമതിപ്രകാരം അനുവദിച്ച തുക 56.50 ലക്ഷം രൂപയാണ്.

(ബി) ഈ പ്രവൃത്തി വാട്ടർ അതോറിറ്റി പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ?

വൈദ്യുത കണക്ഷൻ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി ഏറ്റെടുക്കുന്നതിനായി 02-02-2022-ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്.

(സി) പുറമ്പോക്ക് ഭൂമിയിൽ സ്ഥാപിച്ച പമ്പ് ഹൗസിന് പഞ്ചായത്ത് നമ്പറിട്ട് നൽകാത്തത് കാരണം വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

25-06-2022-ലെ ജില്ലാ വികസന സമിതി യോഗം പദ്ധതിയുടെ പമ്പ് ഹൗസിന് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകാൻ കിഴക്കോത്ത് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഗുണഭോക്തൃ പട്ടിക തയ്യാറാക്കി സർട്ടിഫിക്കറ്റ് നൽകിയ ഗ്രാമപഞ്ചായത്ത് ജില്ലാ കളക്ടറുടെ നിർദ്ദേശമുണ്ടായിട്ടും നമ്പർ ഇട്ടുനൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

25-06-2022-ലെ ജില്ലാ വികസന സമിതി യോഗതീരുമാനം നടപ്പിലാക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും കിഴക്കോത്ത് പഞ്ചായത്ത് സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുബായ് യാത്ര

133 (3835) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മുൻപ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന

ഉദ്യോഗസ്ഥൻ വിവിധ അന്വേഷണ ഏജൻസികൾക്ക് നൽകിയ മൊഴിയിൽ 2016-20 കാലഘട്ടത്തിലെ ദുബായ് യാത്രയുടെ സമയത്ത് മുഖ്യമന്ത്രി ബാഗേജ് എടുക്കാൻ മറന്നുവെന്ന് മൊഴിനൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ വാസ്തവമുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ലെങ്കിൽ സർക്കാരിനെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചതായി പറയപ്പെടുന്ന പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

**കായിക താരങ്ങൾക്ക് സർക്കാർ ജോലി**

134 (3836) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ 15-ലെ സർക്കാർ വിജ്ഞാപനമനുസരിച്ച് 2015 മുതൽ 2019 വരെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലെ 249 ഒഴിവുകളിലേയ്ക്ക് കായികതാരങ്ങളിൽ ഒന്ന് മുതൽ മൂന്ന് വരെ

സ്ഥാനങ്ങളുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുള്ളതിൽ നടപടിക്രമങ്ങൾ ഏതുവരെയായിയെന്ന് വിശദമാക്കാമോ;

(ബി) സർട്ടിഫിക്കറ്റ് പരിശോധന എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

&

(സി) റാങ്ക് പട്ടിക എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്നും നിയമനം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

2015 മുതൽ 2019 വരെയുള്ള അഞ്ച് വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി 18-02-2021-ലെ എസ്.ഡി.1/100/2018 പൊ.ഭ.വ. നമ്പർ വിജ്ഞാപനംപ്രകാരം അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഓൺലൈൻ മുഖേന അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 10-03-2021 വരെയും ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ ലഭിക്കേണ്ട അവസാന തീയതി 17-03-2021 വരെയുമായിരുന്നു. തുടർന്ന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15-06-2021 വരെയും

ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പകർപ്പ് ലഭിക്കേണ്ട അവസാന തീയതി 22-06-2021 വരെയുമായി ദീർഘിപ്പിക്കുകയുണ്ടായി. ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരുന്നു.

**സിൽവർ ലൈനിന്റെ ടിക്കറ്റ് ഇതര വരുമാനം**

135 (3837) ശ്രീ. പി. കെ. ബഷീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈനിന്റെ ഡി.പി.ആർ. പ്രകാരം ടിക്കറ്റ് ഇതര വരുമാനമായി ലഭിക്കുന്ന തുക എത്ര ശതമാനമായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്?

ആദ്യവർഷം പ്രതീക്ഷിക്കുന്ന ടിക്കറ്റ് ഇതര വരുമാനം 14.26 ശതമാനമാണ്.

(ബി) ഇക്കാര്യത്തിൽ നീതി ആയോഗിൽനിന്നും വിശദീകരണം തേടിയിരുന്നോ?

സിൽവർലൈൻ പദ്ധതി റിപ്പോർട്ട് വിദേശ വായ്പ്പക്കായി

പരിശോധിച്ചപ്പോൾ നീതി ആയോഗ് ഇക്കാര്യത്തിൽ അഭിപ്രായം അറിയിച്ചിട്ടുണ്ട്.

(സി) ടിക്കറ്റ് ഇതര വരുമാനമാർഗ്ഗങ്ങളെ സംബന്ധിച്ച് വിശദമായി പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ടിക്കറ്റ് ഇതര വരുമാനമാർഗ്ഗങ്ങളെ സംബന്ധിച്ച് വിശദമായി പഠനം നടത്താൻ ഉദ്ദേശിക്കുന്നു.

## ശിശു വികസന വകുപ്പിന്റെ പദ്ധതികൾ

136 (3838) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശിശു വികസന വകുപ്പുവഴി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വനിതാശിശു വികസന വകുപ്പുവഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ശിശു വികസന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ ചെയ്തിട്ടുള്ളവരുടെ ശ്രവണ സഹായ ഉപകരണങ്ങൾ

137 (3839)ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രുതി മധുരം/കാതോരം/ഐ.എഫ്.എം.എ. പദ്ധതികൾപ്രകാരം കേൾവി/സംസാരശേഷി ഇല്ലാത്ത കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ ചെയ്തിട്ടുള്ളവരുടെ ശ്രവണ സഹായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിനെത്തുടർന്ന് ഉപയോഗിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്ത് പരിഹാരനടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

ശ്രുതിമധുരം/കാതോരം പദ്ധതികൾപ്രകാരം കേൾവി/സംസാരശേഷി ഇല്ലാത്ത കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ ചെയ്തിട്ടുള്ളവരുടെ ശ്രവണ സഹായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിനെത്തുടർന്ന് ഉപയോഗിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെടുകയും 14-02-2020-ലെ സ.ഉ (സാധാ) നം.79/2020/സാനീവ. പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി കോക്ലിയാർ ഇംപ്ലാന്റ്

മെയിന്റനൻസ് പദ്ധതി 2020 മാർച്ച് മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

സർക്കാർ ജീവനക്കാരുടെ കേൾവിശേഷിയില്ലാത്ത കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ ചെയ്തിട്ടുള്ളവരുടെ ശ്രവണ സഹായ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ KGSMA Rule 1960 പ്രകാരം പൂർണ്ണമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് IFMA അനുവദിച്ചുവരുന്നു.

(ബി) ശ്രവണ സഹായ ഉപകരണങ്ങളുടെ ഗുണമേന്മയുടെ അഭാവം കൊണ്ടാണോ കേടുപാടുകൾ സംഭവിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ശ്രവണ സഹായ ഉപകരണങ്ങളുടെ ഗുണമേന്മയുടെ അഭാവം കാരണമാണെന്ന് കരുതുന്നില്ല. എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങൾ പോലെയും കോക്ലിയാർ ഇംപ്ലാന്റുകൾക്കും സ്ഥിരമായ ഉപയോഗംമൂലം സ്വാഭാവികമായ കേടുപാടുകൾ സംഭവിക്കാറുണ്ട്. വാറണ്ടി തീർന്നതിനാലും വ്യത്യസ്ത ഉപയോഗരീതികൾ കാരണത്താലും കാലാവസ്ഥാ വ്യതിയാനങ്ങൾമൂലവുമാണ് കേടുപാടുകൾ സംഭവിച്ചുവരുന്നത്.

(സി) സർക്കാർ സഹായത്താൽ ശസ്ത്രക്രിയ ചെയ്തവർക്ക് ശ്രവണ

സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ അവരുടെ നിർമ്മാണവും വിതരണവും നിർത്തിയതുകാരണം ഗുണഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

സർക്കാർ സഹായത്താൽ സർജറി ചെയ്തവർക്ക് ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ അവരുടെ നിർമ്മാണവും വിതരണവും നിർത്തിയതിനാൽ ഇത്തരത്തിലുള്ളവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ധ്വനി പദ്ധതിയിൽ ഉൾപ്പെടുത്തി സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബ വാർഷിക വരുമാനം രണ്ടുലക്ഷം രൂപയ്ക്ക് താഴെയുള്ള, 25 വയസ്സുവരെ പ്രായമുള്ള സ്പീച്ച് പ്രോസസ്സർ obsolete ആയവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക.

(ഡി) ഐ.എഫ്.എം.എ. പ്രകാരം സർജറി ചെയ്തിട്ടുള്ളവരുടെ ഇംപ്ലാന്റ് ഒഴികെ ബാഹ്യമായി ഘടിപ്പിക്കുന്ന ശ്രവണ സഹായ ഉപകരണങ്ങൾ കേടായതുകാരണമുണ്ടായ പ്രയാസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ;

&

(ഇ) കേടാകുന്ന ശ്രവണസഹായികൾക്ക് പകരം പൊതുവിപണിയിൽ നിന്നും ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയും ആയത് അർഹതയുള്ളവർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള ഉത്തരവും പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ?

25-02-2022-ലെ G.O.(MS)No.46/2022/H&FWD പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയോടനുബന്ധിച്ച് ഘടിപ്പിക്കുന്ന ശ്രവണ സഹായിയുടെ വാർഷിക മെയിന്റനൻസിന് ചെലവാകുന്ന തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിക്കുന്ന മുഴുവൻ തുകയും പ്രതിപൂരണം ചെയ്തു നൽകുന്നതിനുള്ള ഉത്തരവ് ആരോഗ്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

**മൃതസഞ്ജീവനി**

138 (3840)ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി' ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി അവയവം എത്തിക്കുന്നതിൽ 'മൃതസഞ്ജീവനി' അധികൃതർ അലംഭാവം കാട്ടുന്നതായി പരാതിയുണ്ടായിട്ടുണ്ടോ?

ഇല്ല.

(സി) ഈ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി നിലവിൽ വളരെ ഫലപ്രദമായാണ് പ്രവർത്തിക്കുന്നത്. 2012-ൽ ആരംഭിച്ച മൃതസഞ്ജീവനി പദ്ധതി മുഖേന നാളിതുവരെ 340 ദാതാക്കളിൽനിന്നും 972 അവയവങ്ങളും 250-ന് മുകളിൽ കോർണിയ മാറ്റ ശസ്ത്രക്രിയകളും നടത്തിയിട്ടുണ്ട്. അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ, വർക്ക്ഷോപ്പ് മുതലായവ മൃതസഞ്ജീവനി സംഘടിപ്പിച്ചുവരുന്നു. മൃതസഞ്ജീവനി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത്

1955-ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന അവയവദാന രജിസ്ട്രി തയ്യാറായി വരുന്നു. ഈ രജിസ്ട്രി നിലവിൽ വരുന്നതോടെ ഈ പദ്ധതി മുഖേനയുള്ള അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകുന്നതാണ്.

## ട്രോമാ കെയർ പദ്ധതി

139 (3841) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രോമാ കെയർ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; റോഡപകടങ്ങളിൽപ്പെടുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി ഉപകാരപ്പെടുമോ?

- ട്രോമാ കെയർപദ്ധതി നിലവിൽ സംസ്ഥാനം മുഴുവൻ ആരംഭിച്ചിട്ടുണ്ട്. ട്രോമാ കെയറിന്റെ സ്റ്റേറ്റ് പ്ലാൻ അനുസരിച്ച് സ്റ്റേറ്റ് ഹൈവേയുടെയും നാഷണൽ ഹൈവേയുടെയും അരികിലുള്ള തെരഞ്ഞെടുക്കപ്പെട്ട മേജർ ആശുപത്രികളിൽ ട്രോമാ കെയർ സംവിധാനം

നടപ്പിലാക്കിവരുന്നുണ്ട്.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗത്തോടനുബന്ധിച്ച് ട്രോമാ കെയർ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- കൊല്ലം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ ആരംഭിക്കുന്നതിനായി രണ്ട് സാമ്പത്തിക വർഷങ്ങളിലായി 8.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ കേന്ദ്ര സഹായത്തോടെ ട്രോമാ കെയർ സജ്ജമാക്കുന്നതിനായി 2,94,63,567/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 5 വെന്റിലേറ്ററുകൾ ഉൾപ്പെടെ 15 കിടക്കകളോടുകൂടിയ ഐ.സി.യു.-വും 30 കിടക്കകളോടുകൂടിയ ട്രോമാ വാർഡും ഒരുക്കിയിട്ടുണ്ട്. കൂടാതെ ട്രോമാ കെയർ വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിനായി 29.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ പദ്ധതി നിലവിലുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള കെട്ടിടനിർമ്മാണം പൂർത്തിയായിവരുന്നു.

- മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെങ്കിലും കാഷ്വാലിറ്റി വഴിയുള്ള ട്രോമാ കെയർ സൗകര്യം ഒരുക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- കോഴിക്കോട് മെഡിക്കൽ കോളേജിൽ ലെവൽ 1 ട്രോമാ കെയർ സ്ഥാപിക്കുന്നതിനായി 7,98,91,000/- രൂപ അനുവദിക്കുകയും കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

- വയനാട് മെഡിക്കൽ കോളേജ് ആയി പ്രവർത്തിക്കുന്ന മാനന്തവാടി ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ട്രോമാ കെയർ സംവിധാനം നിലവിലുണ്ട്.

- കണ്ണൂർ മെഡിക്കൽ കോളേജിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ട്രോമാ കെയർ ഫേസ്-1, ഫേസ്-2 എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

- റോഡപകടങ്ങളിൽപ്പെടുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ഈ പദ്ധതി ഉപകാരപ്പെടുന്നതാണ്.

## സർക്കാരിന്റെ സൗജന്യ ചികിത്സാ പദ്ധതി

140 (3842) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ 6 വർഷത്തിനിടയിൽ, കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികൾ മുഖേന സർക്കാരിന്റെ സൗജന്യ ചികിത്സാ പദ്ധതിപ്രകാരം എത്ര പേർക്ക് ചികിത്സ ലഭ്യമാക്കിയെന്ന് ആശുപത്രി, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ; ഇതിനായി എത്ര രൂപ സർക്കാർ ചെലവഴിച്ചു;

&

(ബി) ഇക്കാലയളവിൽ ആർ.എസ്.ബി.വൈ., കെ.ബി.എഫ്. തുടങ്ങിയ ഇൻഷ്വറൻസ് സ്കീമുകൾ വഴി എത്രപേർക്ക് ചികിത്സ ലഭ്യമാക്കിയെന്ന് പദ്ധതിയുടെ പേര്, ഈ പദ്ധതിക്കായി ആകെ അനുവദിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ?

2019 ഏപ്രിൽ 1 മുതലാണ് കേരളത്തിൽ KASP പദ്ധതി നടപ്പിലാക്കിവരുന്നത്. ആദ്യവർഷം ഇൻഷ്വറൻസ് കമ്പനിക്കായിരുന്നു നടത്തിപ്പ് ചുമതല. എന്നാൽ കേരളത്തിലെ 2 ആരോഗ്യ സുരക്ഷാ പദ്ധതികളായ KBF, KASP എന്നിവയുടെ നടത്തിപ്പ് ചുമതല 2020 ജൂലൈ

1 മുതൽ പൂർണ്ണമായും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഏറ്റെടുത്തു. ഈ കാലയളവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവ പ്രകാരം ചികിത്സ ലഭ്യമാക്കിയ ആശുപത്രികളുടെ എണ്ണം, സർക്കാർ ചെലവഴിച്ച തുക, വർഷം തിരിച്ച പട്ടിക എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് 2019 ഏപ്രിൽ 1-ന് കാസ്പ് പദ്ധതി നിലവിൽ വന്നത്. ആയതിനാൽ 2019 വരെയുള്ള കാലയളവിൽ ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം ചികിത്സ ലഭ്യമാക്കിയ ആശുപത്രികളുടെ എണ്ണം, സർക്കാർ ചെലവഴിച്ച തുക, വർഷം തിരിച്ച പട്ടിക എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

ഇക്കഴിഞ്ഞ 6 വർഷത്തിനിടയിൽ, കേരളത്തിലെ വിവിധ സർക്കാർ ആശുപത്രികൾ മുഖേന രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.), ആരോഗ്യ കിരണം എന്നീ പദ്ധതികൾ വഴി നൽകിയ സൗജന്യ ചികിത്സയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| Year | RBSK Beneficiaries | RBSK (Rs. in Cr.) NHM 60:40 |
| --- | --- | --- |
| 2016-17 | 703272 | 21.41 |
| 2017-18 | 719272 | 34.48 |
| 2018-19 | 819859 | 39.36 |
| 2019-20 | 984772 | 26.36 |
| 2020-21 | 473866 | 44.82 |
| 2021-22 | 98439 | 30.98 |

| Year | Arogyakiranam Beneficiaries | AK State Fund (Rs. in Cr.) |
| --- | --- | --- |
| 2016-17 | 6462939 | 13.52 |
| 2017-18 | 9405951 | 19.57 |
| 2018-19 | 9111152 | 23.35 |
| 2019-20 | 9998072 | 17.33 |
| 2020-21 | 2851871 | 17.89 |
| 2021-22 | 947647 | 21.31 |

**ആർദ്രം പദ്ധതി പ്രകാരം നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

141 (3843) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നാദാപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

ആർദ്രം പദ്ധതിപ്രകാരം നാദാപുരം നിയോജകമണ്ഡലത്തിൽ എൻ.എച്ച്.എം. മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളും നിലവിലെ അവസ്ഥയും അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാദാപുരം നിയോജകമണ്ഡലത്തിലെ നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം താലൂക്ക് ആശുപത്രിയിൽ 22-09-2021-ലെ സ.ഉ.(കൈ)നം.168/2021/ആ.കു.വ. പ്രകാരം സ്റ്റാഫ് നഴ്സ് - 2, ഫാർമസിസ്റ്റ് - 1 എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) ആർദ്രം പദ്ധതിയനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആർദ്രം പദ്ധതിയനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി സെന്ററുകളായല്ല ഉയർത്തപ്പെട്ടത്, മറിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളായാണ് ഉയർത്തപ്പെട്ടത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗീസൗഹൃദ സേവനം നൽകുകയും അതിനായി അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ-170, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II -340, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II -170, ഫാർമസിസ്റ്റ് - 150 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ-400, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-400, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II-200 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## ആർദ്രം പദ്ധതി

142 (3844) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആർദ്രം ഒന്നാം ഘട്ടം</u>

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കരിന്തളം, എണ്ണപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനം, ലാബ് സൗകര്യം എന്നീ സേവനങ്ങൾ നൽകിയും ഇവിടങ്ങളിൽ സ്റ്റാഫ് നേഴ്സ്-2, അസിസ്റ്റന്റ് സർജൻ-1, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചും നിലവിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയാണ്.

<u>ആർദ്രം രണ്ടാം ഘട്ടം</u>

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ

അജാനൂർ, ആനന്ദാശ്രമം, മടിക്കൈ, പാണത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യങ്ങൾ, ലാബ് സൗകര്യം, രോഗീസൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനങ്ങൾ എന്നിവ വർദ്ധിപ്പിച്ച് ടി സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. ഇതിനായി അജാനൂർ, മടിക്കൈ, ആനന്ദാശ്രമം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1 എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം മൂന്നാം ഘട്ടം

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ കൊന്നക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനങ്ങൾ എന്നിവ വർദ്ധിപ്പിച്ച്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായിട്ടുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ

ഒ.പി. രജിസ്ട്രേഷൻ, ഫാർമസി, ബ്ലോക്ക് നവീകരണം, രോഗീസൗഹൃദ സംവിധാനങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| കൺസൾട്ടന്റ്, ഓർത്തോപീഡിക്സ് | 1 |
| ജൂനിയർ കൺസൾട്ടന്റ്, റെസ്പിറേറ്ററി മെഡിസിൻ | 1 |
| ജൂനിയർ കൺസൾട്ടന്റ്, ഡെന്റൽ | 1 |
| ജൂനിയർ കൺസൾട്ടന്റ്, സൈക്യാട്രി | 1 |
| ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 1 |
| കാഷ്വൽറ്റി മെഡിക്കൽ ഓഫീസർ | 2 |
| ഇ.സി.ജി. ടെക്നീഷ്യൻ | 1 |
| ഡയാലിസിസ് ടെക്നീഷ്യൻ | 3 |
| റേഡിയോഗ്രാഫർ ഗ്രേഡ്-2 | 1 |
| എക്സ്റേ അറ്റൻഡർ | 1 |
| മെഡിക്കൽ റിക്കോർഡ് അറ്റൻഡർ | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ്-2 | 2 |
| ആകെ | 17 |

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലത്തിലും ഒന്നുവീതം ഐസലോഷൻ വാർഡ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ

നിന്നും പൂടംകല്ല് (പാണത്തടി) താലൂക്ക് ആശുപത്രിയെ തെരഞ്ഞെടുത്തിരിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്ക് KMSCL-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടുമാണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ആർദ്രം പദ്ധതിയുടെ ഭാഗമായി പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രിക് | 1 |
| ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 1 |
| കാഷ്വൽറ്റി മെഡിക്കൽ ഓഫീസർ | 4 |
| ആകെ | 6 |

ആർദ്രം പദ്ധതിയുടെ ഭാഗമായി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി 20-03-2020-ലെ സ.ഉ.(ആർ.റ്റി.) നം. 619/2020/ആ.കു.വ. പ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തേയും

01-08-2021-ലെ സ.ഉ.(ആർ.ടി.)നം.1633/2021/ആ.കു.വ. പ്രകാരം വെള്ളരിക്കുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും തെരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 37.5 ലക്ഷം രൂപ (മുപ്പത്തിയേഴര ലക്ഷം രൂപ മാത്രം) എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നുണ്ട്.

കുടുംബാരോഗ്യ ഉപകേന്ദ്രത്തെ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളായി ഉയർത്തിയതിന്റെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## നവകേരളം കർമ്മപദ്ധതിയിൽ ആർദ്രം-2 മിഷൻ വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

143 (3845) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഉന്നത നിലവാരത്തിലുള്ള സേവന സൗകര്യം ഒരുക്കുന്നതിനും അവയെ രോഗീസൗഹൃദമാക്കി മാറ്റുന്നതിനും നവകേരളം കർമ്മപദ്ധതിയിൽ ആർദ്രം-2 മിഷൻ വഴി എന്തെല്ലാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്?

ആശുപത്രികൾ ജനസൗഹൃദമാക്കുക, രോഗവുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കുക, ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നതിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുകയാണ് നവകേരളം കർമ്മ പദ്ധതിയിൽ ആർദ്രം-II-ന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നവകേരളം കർമ്മ പദ്ധതി II - ആർദ്രത്തിന്റെ പ്രവർത്തനം, അതിന്റെ പൊതുലക്ഷ്യം എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രാഥമിക തലത്തിലെയും ദ്വിതീയ തലത്തിലെയും ആശുപത്രികളെ നവീകരിച്ച് ഹബ് ആൻഡ് സ്പോക്ക് രീതിയിൽ സാധാരണക്കാർക്ക് ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കാൻ പരിപാടിയുണ്ടോ?

ഗുണനിലവാരമുള്ള ആധുനിക പരിശോധനാ സംവിധാനങ്ങൾ സർക്കാർ മേഖലയിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും ഹബ് ആൻഡ് സ്പോക്ക് മോഡൽ വഴിയുള്ള ലാബ് നെറ്റ്‌വർക്ക് സ്ഥാപിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുണ്ട്.

(സി) ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുന്നതിനും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽക്കൂടി സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉദ്ദേശ്യമുണ്ടോ?

നിലവിലെ ആർദ്രം മാനദണ്ഡമനുസരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തന സമയം ദീർഘിപ്പിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) രാജ്യത്ത് ആദ്യമായി ഏകാരോഗ്യ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

നിപ്പാ വൈറസ്, എച്ച്1 എൻ1, കുരങ്ങുപനി എന്നിവയുൾപ്പെടെയുള്ള ജന്തുജന്യരോഗങ്ങൾ സംസ്ഥാനത്ത് തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടായിരുന്നതിനാലും ചിക്കൻഗുനിയ, ഡെങ്കിപ്പനി എന്നിവയുടെ ആവർത്തിച്ചുള്ള വ്യാപനവും നിലവിലെ കോവിഡ്-19 മഹാമാരിയും പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട വെല്ലുവിളികളുമാണ് സംസ്ഥാനത്ത് വൺ ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ പ്രേരിതമായത്. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്

സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് ഏകാരോഗ്യ പദ്ധതി (ONE HEALTH). ജനങ്ങൾ, മൃഗങ്ങൾ, സസ്യങ്ങൾ അവയുടെ പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പരബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ മനുഷ്യ ആരോഗ്യ ഫലങ്ങൾ കൈവരിക്കുകയെന്നതാണ് ഈ ആശയത്തിന്റെ ലക്ഷ്യം. ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം RKI, വേൾഡ് ബാങ്ക് സഹായത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് പമ്പാനദീതട ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പിന്നീട് ഇത് ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും വ്യാപിക്കും. ഇതിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

- ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുകവഴി രോഗനിരീക്ഷണം കേന്ദ്രീകൃതമാക്കുകയും അതുവഴി ജന്തുജന്യരോഗങ്ങൾ കുറച്ചുകൊണ്ടുവരിക. ഇതിനുവേണ്ട പരിശീലനങ്ങൾ, കമ്മ്യൂണിറ്റി നിരീക്ഷണം എന്നിവ ശക്തിപ്പെടുത്തുക.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരിക്കുന്നതിന് കിലയുടെ സഹായത്തോടെ പരിശീലനങ്ങൾ

നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക.

- വൺ ഹെൽത്ത് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഉചിതമായ പങ്കാളികളെയും റിസോഴ്സ് പേഴ്സൺസിനെയും ബ്ലോക്ക്, പഞ്ചായത്ത് വാർഡുതലങ്ങളിൽവരെ കണ്ടെത്തി താഴെത്തട്ടിൽ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ പ്രാവർത്തികമാക്കുക.
- മനുഷ്യരുടെയും മൃഗങ്ങളുടെയും രോഗനിർണ്ണയ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ സർവൈലൻസ് സംവിധാനം ശക്തിപ്പെടുത്തുക, ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ സജ്ജീകരിക്കുക, വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കുക.
- ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻസ് ഊർജ്ജിതമാക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തുക.

**ഹരിപ്പാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

144 (3846) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിപ്രകാരം ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

&

(ബി) ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രി, ആരോഗ്യ കേന്ദ്രങ്ങളിലാണ് ആർദ്രം പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും എത്ര കോടി രൂപയുടെ പ്രോജക്റ്റുകളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയതെന്നും അറിയിക്കാമോ?

ആർദ്രം പദ്ധതിപ്രകാരം ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## നാദാപുരം മണ്ഡലത്തിലെ ആർദ്രം പദ്ധതി

145 (3847) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നാദാപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

ആർദ്രം പദ്ധതിപ്രകാരം നാദാപുരം നിയോജകമണ്ഡലത്തിൽ എൻ.എച്ച്.എം. മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളും നിലവിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവസ്ഥയും അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാദാപുരം താലൂക്ക് ആശുപത്രിയിൽ 22-09-2021-ലെ സ.ഉ(കൈ) നം.168/2021/ആ.കു.വ. പ്രകാരം സ്റ്റാഫ് നഴ്സ്-2, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

146 (3848) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യ കേന്ദ്രങ്ങളെ താലൂക്ക്, ജില്ല, സംസ്ഥാനതല കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് വീഡിയോകോളിലൂടെ കൺസൾട്ടേഷൻ നടത്താൻ കഴിയുന്ന ടെലി-മെഡിസിൻ സംവിധാനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ?

ഉണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് പതിവ് ഒ.പി. ചികിത്സയ്ക്കായുള്ള ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കി പകരം ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി നടപ്പിലാക്കിയ ടെലിമെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി പൊതുജനങ്ങൾക്കായി രണ്ടുതരം ടെലിമെഡിസിൻ സേവനങ്ങൾ പ്രാപ്തമാക്കിയിട്ടുണ്ട്. ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററിന് (AB-HWC) കീഴിൽ 2019 നവംബറിൽ പുറത്തിറക്കിയ ഹബ് ആൻഡ് സ്പോക്ക് മോഡലായ ഇ-സഞ്ജീവനി എ.ബി.-എച്ച്.ഡബ്ല്യൂ.സി. ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനവും 2020-ൽ പുറത്തിറക്കിയ ഇ-സഞ്ജീവനി ഒ.പി. സേവനവും. ടെലിമെഡിസിൻ പ്ലാറ്റ്ഫോംവഴി കൺസൾട്ടേഷന് വിധേയരായ രോഗികൾക്ക് ഏതെങ്കിലും സർക്കാർ ആശുപത്രികളിൽനിന്ന് മരുന്നുനേടാം, കൂടാതെ ഇ-കുറിപ്പടി അല്ലെങ്കിൽ ഇ-അഭ്യർത്ഥനയുമായി വരുന്നുണ്ടെങ്കിൽ ലാബ് അന്വേഷണവും നടത്താം. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനം ഒരു ഹബ് ആൻഡ് സ്പോക്ക് മോഡലിലാണ് പ്രവർത്തിക്കുന്നത്. ഹബ് എന്നത് മെഡിക്കൽ

കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും അടങ്ങിയ ഒരു പൂളാണ്. സ്പോക് എന്നത് താലൂക്ക് ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ ഉപകേന്ദ്രം എന്നിവയാണ്. സ്പോക്കിൽ വരുന്ന രോഗികളെ മെഡിക്കൽ കോളേജുകളിലേയ്ക്കും ജില്ലാ ആശുപത്രികളിലേയ്ക്കും റെഫർ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ അവർക്ക് സ്പോക് ആശുപത്രിയിൽ ഇരുന്നുകൊണ്ടുതന്നെ മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുവെന്നതാണ് ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനത്തിന്റെ പ്രത്യേകത. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനം രണ്ട് ലെവൽ കൺസൾട്ടേഷനാണ് രോഗിക്ക് നൽകുന്നത്. ആദ്യമായി സ്പോക് ആശുപത്രിയിലെ ഡോക്ടർ ചെയ്യുന്ന പ്രാഥമിക പരിശോധനയാണ്, അതുകഴിഞ്ഞ് രോഗിയെ സ്പെഷ്യലിസ്റ്റ് ഡോക്ടർക്ക് റഫർ ചെയ്യേണ്ട സാഹചര്യമുണ്ടെങ്കിൽ സ്പോക് ആശുപത്രിയിലെ ഡോക്ടർക്ക് ഉടൻതന്നെ ഹബ്ബിലെ (മെഡിക്കൽ കോളേജുകളിലേയും, ജില്ലാ ആശുപത്രികളിലേയും) ഡോക്ടർമാരെ ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനത്തിലൂടെ

കണക്ട് ചെയ്യാവുന്നതാണ്. ഇതുവഴി റഫർ രോഗിക്ക് മെഡിക്കൽ കോളേജുകളിലേയ്ക്കും ജില്ലാ ആശുപത്രികളിലേയ്ക്കും പോകാതെതന്നെ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം നേടാവുന്നതാണ്.

ഇ-സഞ്ജീവനി കൺസൾട്ടേഷനുശേഷം രോഗിക്ക് ലഭിക്കുന്ന ഇ-പ്രിസ്ക്രിപ്ഷൻ (കുറുപ്പടി) വഴി സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യമായി മരുന്നും ലാബ് പരിശോധനകളും ചെയ്യാൻ സാധിക്കും. ഗൃഹ സന്ദർശനം നടത്തുന്ന പാലിയേറ്റീവ് കെയർ സ്റ്റാഫ്, ആശാവർക്കർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവർക്കും ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ വഴി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം രോഗികൾക്ക് നൽകാവുന്നതാണ്. കേരളത്തിൽ ഇതുവരെ 30000-ൽ അധികം കൺസൾട്ടേഷനുകളാണ് പൂർത്തിയായിട്ടുള്ളത്. എല്ലാ ജില്ലകളിലും ജില്ലാ ഹബ്ബും കൂടാതെ സംസ്ഥാന ഹബ്ബും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ ആകെ 49 ഹബ്ബുകളാണുള്ളത്, കൂടാതെ 78 സെക്കണ്ടറി ലെവൽ ആശുപത്രികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 2835 സ്പോക് ആശുപത്രികളാണ് നിലവിൽ ഇ-സഞ്ജീവനിയിൽ സജീവമായി പ്രവർത്തിക്കുന്നത്. കേരളത്തിൽ ദിനംപ്രതി 600 മുതൽ 900 കൺസൾട്ടേഷനുകളാണ് നടക്കുന്നത്. ഇ-സഞ്ജീവനി ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി എല്ലാ

ജില്ലയിലെയും MLSP, പാലിയേറ്റീവ് കെയർ സ്റ്റാഫ് എന്നിവർ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ മുതൽ രോഗീ പരിശോധനയും ചികിത്സാക്രമങ്ങളും ക്രോഡീകരിച്ച് വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന ഇ-ഹെൽത്ത് പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.ടി. അധിഷ്ഠിത സേവനങ്ങളും ലഭ്യമാകുന്ന ഏജൻസിയായി ഇ-ഹെൽത്തിനെ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2016-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതിൽ 446 ആശുപത്രി കളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 160 എണ്ണം പൂർണ്ണമായും കടലാസ്സരഹിതമായാണ് പ്രവർത്തിക്കുന്നത്. അവശേഷിക്കുന്ന 250 ആശുപത്രികളിൽ 182 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്കാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത്

അന്തിമഘട്ടത്തിലാണ്. 68 ആശുപത്രികളിൽ വിവിധ തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് തടസ്സം നേരിടുന്നുണ്ട്.

ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.ടി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കായി ഇ-ഹെൽത്ത് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ സ്റ്റേറ്റ് ഡിജിറ്റൽ ഹെൽത്ത് മിഷനായി മാറ്റിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിൽ ഇ-ഹെൽത്ത് മുഖേന നടപ്പിലാക്കിവരുന്ന ഐ.ടി. അധിഷ്ഠിത സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. കോവിഡ് വാക്സിനേഷൻ പോർട്ടൽ
2. കോവിഡ് ഡെത്ത് ഇൻഫർമേഷൻ സിസ്റ്റം
3. കമ്മ്യൂണിക്കബിൾ ഡിസീസ് മാനേജ്മെന്റ് സിസ്റ്റം (നിപ മോണിറ്ററിംഗ് ആപ്ലിക്കേഷൻ)
4. ശൈലി ആപ്പ്
5. ട്രൈബൽ ടെലിമെഡിസിൻ
6. ഹെൽത്ത് പോർട്ടൽ
7. കാൻസർ കെയർ സ്യൂട്ട്

8. സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ)

**തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം**

147 (3849) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന് (District Early Intervention Centre) പുതിയ കെട്ടിടം പണിയുന്നതിനായി പണം അനുവദിച്ചിട്ടുണ്ടോ?

ഉണ്ട്. തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിനായി കെട്ടിടം പണിയുന്നതിന് 19-06-2015-ലെ സ.ഉ. (സാധാ.)നം.389/2015/സാ.നീ.വ. പ്രകാരം 2,60,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് കെട്ടിടം പണിയുന്നതിന്റെ ചുമതല നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ

ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (District Early Intervention Centre) തിരുവല്ല താലൂക്ക് ആശുപത്രിയിൽ നിർമ്മിക്കുന്നതിലേയ്ക്ക് ആരോഗ്യ വകുപ്പിൽനിന്നും സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2014-ലെ ഡി.എസ്.ആർ. പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് 260 ലക്ഷം രൂപ വകയിരുത്തിയിരുന്നു. തുടർന്ന് 2016-ലെ ഡി.എസ്.ആർ. പ്രകാരം 260 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി ലഭ്യമാക്കിയെങ്കിലും 2018 ഡി.എസ്.ആർ. പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റും പ്രവൃത്തിയുടെ ചെലവുകൾ നിറവേറ്റുന്നതിനുള്ള ഫണ്ടിന്റെ ഉറവിടം വ്യക്തമാക്കിയുള്ള ശിപാർശയും തയ്യാറാക്കി സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിരിക്കുകയാണ്.

**കായംകുളം താലൂക്കാശുപത്രിയിലെ പുതിയ എം.സി.എച്ച്. ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി**

148 (3850) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ എൻ.എച്ച്.എം. മുഖേന കെ.ഇ.എൽ. നിർവ്വഹണ ഏജൻസിയായി 3.19 കോടി രൂപ

വിനിയോഗിച്ചുകൊണ്ടുള്ള പുതിയ എം.സി.എച്ച്. ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കായംകുളം താലൂക്കാശുപത്രിയിൽ എൻ.എച്ച്.എം. മുഖേന കെ.ഇ.എൽ. നിർവ്വഹണ ഏജൻസിയായി 3.19 കോടി രൂപ വിനിയോഗിച്ച് നിലവിലുള്ള കാഷ്വൽറ്റി ബ്ലോക്കിന് മുകളിൽ രണ്ടാം നിലയായി ഏകദേശം 10000 സ്ക്വയർ ഫീറ്റ് ഏര്യ വരുന്ന പുതിയ എം.സി.എച്ച്. ബ്ലോക്ക് നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത ബ്ലോക്കിൽ ലേബർ റൂം (ഫസ്റ്റ്, സെക്കന്റ്, തേർഡ്, ഫോർത്ത് സ്റ്റേജ്), ഗൈനക്ക് കാഷ്വൽറ്റി, പോസ്റ്റ് നേറ്റൽ വാർഡ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, അൾട്രാ സൗണ്ട് സ്കാനിംഗ് റൂം, പോസ്റ്റ് ഒ.പി., ഐ.സി.യു., എൻ.ബി.എസ്.യു., മോഡുലാർ ഓപ്പറേഷൻ തീയേറ്റർ, 20 പാസഞ്ചർ ബെഡ് ലിഫ്റ്റ്, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം, മാനിഫോൾഡ് റൂം എന്നീ സൗകര്യങ്ങളാണ് സജ്ജമാക്കുന്നത്. പ്രസ്തുത ബ്ലോക്കിന്റെ സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം, മാനിഫോൾഡ് റൂം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മോഡുലാർ ഓപ്പറേഷൻ തീയേറ്ററും 20 പാസഞ്ചർ ബെഡ് ലിഫ്റ്റും 90% പൂർത്തിയായിട്ടുണ്ട്. ആയതിന് ആവശ്യമായ ഇലക്ട്രിക്കൽ സപ്ലൈ

നൽകുന്നതിനുള്ള ഹൈ ടെൻഷൻ ട്രാൻസ്ഫോർമർ പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ബ്ലോക്ക് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ കഴിയുന്നതാണ്.

**കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

149 (3851) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പശ്ചാത്തലത്തിൽ 10 യൂണിറ്റുകളുള്ള ഒരു ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

&

(ഡി) ഡയാലിസിസിനായി രോഗികൾ 50 കിലോമീറ്റർ അധികം

സഞ്ചരിച്ച് കോട്ടയം ജില്ലാ ആശുപത്രിയെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്ത് അടിയന്തരമായി പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് നിലവിലുള്ള കെട്ടിടം നവീകരിച്ച് ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന രീതിയിൽ സജ്ജമാക്കുന്നതിന് 85 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ കോട്ടയം ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ചാവക്കാട് താലൂക്ക് ആശുപത്രിയുടെ വികസനത്തിന് നബാർഡ് ഫണ്ട്**

150 (3852) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാവക്കാട് താലൂക്ക് ആശുപത്രിയുടെ വികസനത്തിന് നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ

പരിശോധിച്ചുവരുന്നു.

## ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റ് നിയമനം

151 (3854) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത യോഗ്യതയില്ലാത്തവർ ഡെന്റൽ ഹൈജീനിസ്റ്റായി സർവ്വീസിൽ കയറുന്നത് തടയാൻ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) ഈ ആവശ്യവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

നിശ്ചിത യോഗ്യതയില്ലാത്തവർക്ക് ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിൽ നിയമനം നൽകിയിട്ടില്ല. സ്പെഷ്യൽ റൂൾ തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ട് ഡെന്റൽ ഹൈജീനിസ്റ്റ് ഡിപ്ലോമ ഹോൾഡേഴ്സ് അസ്സോസിയേഷനും തിരുവനന്തപുരം ഡെന്റൽ കോളേജിലെ ദന്തൽ ഹൈജീനിസ്റ്റ് വിദ്യാർത്ഥികളും അപേക്ഷ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

152 (3855)ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോവിഡാനന്തരം എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഏതൊക്കെ ആശുപത്രികളിലാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടും കിഫ്ബി ഫണ്ടും തുല്യമായി വിനിയോഗിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന 5 സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. മഞ്ചേശ്വരം - സി.എച്ച്.സി. മംഗൽപ്പാടി
2. കാസർഗോഡ് - ജി.എച്ച്. കാസർഗോഡ്
3. ഉദുമ -സി.എച്ച്.സി. പെരിയ
4. കാഞ്ഞങ്ങാട് - റ്റി.എച്ച്. പൂടംകൽ (പനത്തടി)
5. തൃക്കരിപ്പൂർ - റ്റി.എച്ച്. നീലേശ്വരം

(ബി) നിലവിൽ ഇതിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 90 സ്ഥാപനങ്ങളുടെ പട്ടികയിൽ പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ റ്റി.എച്ച്. പൂടംകൽ (പനത്തടി)-ൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി പൂടംകൽ സർവ്വീസ് സഹകരണ ബാങ്കിന്റെ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലയിലെ മറ്റുള്ള സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായിട്ടുണ്ട്.

## വാമനപുരം കുടുംബാരോഗ്യകേന്ദ്രത്തിലെ ക്രിട്ടിക്കൽ ട്രോമാ കെയർ സെന്റർ

153 (3856) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ക്രിട്ടിക്കൽ ട്രോമാ കെയർ സെന്റർ ആരംഭിക്കുന്നതിനായി ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ മരുന്ന് വിതരണം

154 (3857) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പി.എച്ച്.സി./ സി.എച്ച്.സി./എഫ്.എച്ച്.സി. തുടങ്ങിയ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ മരുന്നുകളുടെ ക്ഷാമം രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2022-23 വർഷത്തെ ദർഘാസ് മുഖേനയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതുവരെ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന മരുന്നുകൾ സംഭരിച്ച്

നൽകിയിട്ടുള്ളതും ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ, ഇന്റർ വെയർഹൗസ് ട്രാൻസ്ഫർ തുടങ്ങിയ നടപടിക്രമങ്ങളിലൂടെ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തേയ്ക്കായി ക്ഷണിച്ച ദർഘാസ് നടപടിക്രമങ്ങൾ പൂർത്തിയാക്കി വിതരണ ഉത്തരവുകൾ നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മരുന്നുകൾ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ എത്തിത്തുടങ്ങിയിട്ടുണ്ട്.

(സി) വള്ളിക്കുന്ന് മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ ചുമതലയുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരുന്നിനായി കോർപ്പറേഷനിൽ മുൻകൂർ തുക അടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യം ഗൗരവമായി പരിശോധിക്കുമോ?

2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിനുകീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രകാരം കൈമാറിയിട്ടുള്ള 97,35,181/- രൂപയിൽ 59,46,710/- രൂപയുടെ മരുന്നുകൾ വിതരണം ചെയ്തുകഴിഞ്ഞു. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിതരണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു.

**ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ കിഫ്ബി പ്രോജക്ട്**

155 (3858) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ കിഫ്ബി പ്രോജക്ട് എന്നാണ് ആരംഭിച്ചതെന്നും അതിൽ ഏതെല്ലാം വിഭാഗങ്ങളുടെ പ്രവൃത്തിയുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കാമോ?

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കിഫ്ബി മുഖേന കെട്ടിട നിർമ്മാണത്തിനായി 70.72 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ 1-ാം ഘട്ടത്തിലെ ഹെറിറ്റേജ് ബിൽഡിംഗിന്റെ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ആശുപത്രി ബിൽഡിംഗിൽ സിവിൽ വർക്കുകൾ 20-02-2019-ൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ, എം.ആർ.ഐ., ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ഓർത്തോ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കുന്നതിന് ഇനി നടപ്പാക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ ഇപ്പോഴത്തെ പുരോഗതി എന്താണെന്നും വിശദീകരിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ 2-ാം ഘട്ടമായി സിവിൽ വർക്കുകളും മൂന്നാം ഘട്ടമായി-എം.ഇ.പി. വർക്കുകളുമാണ് ഇനി നടപ്പാക്കാനുള്ളത്. ഇവയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കോവിഡ് ഒഴികെയുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

&

(ഡി) പ്രസ്തുത പ്രോജക്ട് എന്ന് പൂർത്തിയാക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അക്കാര്യം വെളിപ്പെടുത്താമോ?

ഉണ്ട്. പദ്ധതി പ്രദേശത്തെ മണ്ണ് മാറ്റുന്നതും എം.ഇ.പി. പ്രവൃത്തിയുടെ ടെണ്ടറുകളുമായി ബന്ധപ്പെട്ടുള്ള നടപടികൾ പൂർത്തിയാക്കുന്നതും പദ്ധതിയുടെ നിർവ്വഹണത്തിന് കാലതാമസം വരുത്തിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനെ നിശ്ചയിക്കുന്ന മുറയ്ക്ക് ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## തൊടുപുഴ ജില്ലാ ആശുപത്രിയിലെ അഡീഷണൽ ബ്ലോക്ക്

156 (3859) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയുടെ അഡീഷണൽ ബ്ലോക്ക് പ്രവർത്തനക്ഷമമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ജില്ലാ ആശുപത്രി തൊടുപുഴയിലെ അഡീഷണൽ ബ്ലോക്ക്, 2015-16 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ RIDF XXI പ്രകാരമാണ് പണിപൂർത്തിയാക്കിയത്. പുതിയ കെട്ടിടത്തിന് ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ ലഭിച്ചിട്ടില്ല. അഡീഷണൽ ബ്ലോക്കിന്റെ ചുറ്റും ഫയർ & സേഫ്റ്റിയുടെ ആവശ്യത്തിന് 5 മീറ്റർ തുറസ്സായ സ്ഥലം ആവശ്യമാണ്. ഇവ കണ്ടെത്തുന്നതിനുവേണ്ടി ഒ.പി.ഡി. കെട്ടിടം പൊളിക്കൽ, ജനറേറ്റർ മാറ്റി സ്ഥാപിക്കൽ എന്നിവയുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. 2 ലക്ഷം ലിറ്റർ ജലം ശേഖരിക്കുന്നതിനുവേണ്ടിയുള്ള ഭൂഗർഭജല സംഭരണിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) തൊടുപുഴ ജില്ലാ ആശുപത്രിയിലെ ഓക്സിജൻ ജനറേറ്റർ പ്ലാന്റ്

പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പി.എം. കെയർ പദ്ധതിയിൽ ബാംഗ്ലൂർ ആസ്ഥാനമായുള്ള BEML Ltd. എന്ന കമ്പനിയാണ് പ്ലാന്റ് സ്ഥാപിച്ചത്. 93% പ്യൂരിറ്റി ഉണ്ടെങ്കിലേ രോഗികൾക്ക് ഈ പ്ലാന്റിലെ ഓക്സിജൻ നൽകാൻ കഴിയൂ. എന്നാൽ ഇതുവരെ 93% പ്യൂരിറ്റിയുള്ള ഓക്സിജൻ പ്ലാന്റിൽനിന്ന് കിട്ടിയിട്ടില്ല. പ്ലാന്റ് സ്ഥാപിച്ച BEML കമ്പനിയെ നിരവധി തവണ അറിയിച്ചെങ്കിലും ടി പ്രശ്നത്തിന് പരിഹാരമായിട്ടില്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

**കുന്നംകുളം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം**

157 (3860) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നംകുളം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

&

(ബി) കിഫ്ബി പദ്ധതി നടപ്പിലാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം

ഒഴിവാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുന്നംകുളം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിനായി 18-02-2020-ലെ സ.ഉ. (സാധാ) നം.338/2020/ആകുവ പ്രകാരം 97.11 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിയും വനം വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ

158 (3861) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; അവയുടെ നവീകരണത്തിനായി അനുവദിച്ച തുക എത്രയെന്നും കേന്ദ്ര സംസ്ഥാന വിഹിതം എത്രയെന്നും വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ നവീകരണത്തിനായി തെരഞ്ഞെടുത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വിവരങ്ങളും നവീകരണത്തിനായി അനുവദിച്ച തുക, നിർമ്മാണ പുരോഗതി എന്നിവയും അനുബന്ധമായി+ ചേർക്കുന്നു.

(ബി) തഴക്കര ഗ്രാമപഞ്ചായത്തിലെ അറുനൂറ്റിമംഗലത്ത് സ്ഥിതി ചെയ്യുന്ന കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ നവീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും ആവശ്യമായ തുക അനുവദിക്കുമോയെന്നും വ്യക്തമാക്കുമോ?

തഴക്കര ഗ്രാമപഞ്ചായത്തിലെ അറുനൂറ്റിമംഗലത്ത് സ്ഥിതിചെയ്യുന്ന കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ നവീകരണത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 7 ലക്ഷം രൂപ ഉപയോഗിച്ച് ഡി.പി.ആർ. തയ്യാറാക്കി നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരണം

159 (3862) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

പയ്യന്നൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്ഥാപനത്തിൽ മെഡിക്കൽ ബോർഡിലേയ്ക്ക് ആവശ്യമായ സൈക്യാട്രി, ഫിസിയാട്രി എന്നീ വിഭാഗം ഡോക്ടർമാരുടെയും ക്ലിനിക്കൽ സൈക്കോളജി വിഭാഗം ഉദ്യോഗസ്ഥരുടെയും തസ്തിക നിലവിലില്ല. എങ്കിലും ആവശ്യമുള്ളപ്പോൾ മറ്റ് ആശുപത്രികളിൽനിന്നും ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി മെഡിക്കൽ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പയ്യന്നൂർ താലൂക്കിലെ ഭിന്നശേഷിക്കാർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനായി നിലവിൽ ഏത് ആശുപത്രിയെയാണ് ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജില്ലാ ആശുപത്രി, കണ്ണൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് എന്നീ ആശുപത്രികളെയാണ് പയ്യന്നൂർ താലൂക്കിലെ ഭിന്നശേഷിക്കാർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനായി നിലവിൽ ആശ്രയിക്കുന്നത്.

(സി) കണ്ണൂർ ജില്ലാ ആശുപത്രിയെ കൂടാതെ ജില്ലയിൽ ഏതെല്ലാം താലൂക്ക് ആശുപത്രികളിലാണ് മെഡിക്കൽ ബോർഡ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ജനറൽ ആശുപത്രി തലശ്ശേരി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് എന്നീ ആശുപത്രികളിൽ മെഡിക്കൽ ബോർഡ് നിലവിലുണ്ട്.

(ഡി) മെഡിക്കൽ ബോർഡ് യോഗം ചേരുന്നതിന് മാനദണ്ഡം നിലവിലുണ്ടോ; സാധാരണ മാസത്തിൽ എത്ര തവണയാണ് യോഗം ചേരാറുള്ളത്; വിശദമാക്കാമോ?

മാനദണ്ഡം നിലവിലുണ്ട്. അപേക്ഷകർക്ക് മുൻകൂട്ടി തീയതി നിശ്ചയിച്ച് നൽകുകയും ഓരോ കാറ്റഗറി അനുസരിച്ച് പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ആറ് വിഭാഗങ്ങളിലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ മെഡിക്കൽ ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രി; തലശ്ശേരി ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ മാസത്തിൽ എല്ലാ ബുധനാഴ്ചകളിലും

മെഡിക്കൽ ബോർഡ് യോഗം ചേരുന്നുണ്ട്. തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മാസത്തിൽ ഒരു തവണ മാത്രമേ മെഡിക്കൽ ബോർഡ് യോഗം ചേരാറുള്ളൂ.

## മട്ടന്നൂർ ആയുർവ്വേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തി

160 (3863) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ആയുർവ്വേദ ആശുപത്രി കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

മട്ടന്നൂർ ആയുർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ 60% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

1. താഴത്തെ നിലയുടെയും ഒന്നാം നിലയുടെയും ഭിത്തി നിർമ്മാണം 100% പൂർത്തിയായി.
2. രണ്ടാം നിലയുടെ ചുമരുപണികൾ 70% പൂർത്തിയായി.
3. സ്ട്രക്ച്ചർ വർക്ക് പൂർത്തിയായിട്ടുണ്ട്.

4. സീലിംഗ്, പ്ലാസ്റ്ററിംഗ് 70% പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ്**

161 (3864) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ ഏത് ആരോഗ്യ കേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ; ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ എഫ്.എച്ച്.സി. മരുതറോഡ് എന്ന സ്ഥാപനത്തെയാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തെ ആദ്യഘട്ടത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള 90 ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ പ്രവൃത്തികൾക്കായുള്ള

അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആശുപത്രികൾക്ക് ആംബുലൻസ് അനുവദിക്കാൻ നടപടി**

162 (3865) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജമണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികളിൽ ആംബുലൻസ് സൗകര്യം ലഭ്യമാണെന്ന് വിശദമാക്കാമോ?

കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രി, സാമൂഹികാരോഗ്യ കേന്ദ്രം ഇടയിരിക്കപ്പുഴ എന്നിവിടങ്ങളിൽ പേഷ്യന്റ് ഷിഫ്റ്റിംഗിനുള്ള ആംബുലൻസ് സൗകര്യവും വാഴൂർ കുടുംബാരോഗ്യ കേന്ദ്രം, നെടുങ്കുന്നം കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ പാലിയേറ്റീവ് കെയർ ആംബുലൻസ് സൗകര്യവും ലഭ്യമാണ്.

കൂടാതെ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ 12 മണിക്കൂറും കനിവ് 108 ആംബുലൻസുകളുടെ സേവനവും ലഭ്യമാണ്.

(ബി) എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, സർക്കാർ ഫണ്ട്

എന്നിവയിലൂടെ ആംബുലൻസ് സൗകര്യം ലഭ്യമാക്കിയവ ഇനം തിരിച്ച് അറിയിക്കാമോ?

| ക്രമ നം. | സ്ഥാപനം | എം.എൽ.എ. ഫണ്ട് | എം.പി. ഫണ്ട് | സർക്കാർ ഫണ്ട് |
|---|---|---|---|---|
| 1 | കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി | 2 | 1 | - |
| 2 | സാമൂഹികാരോഗ്യ കേന്ദ്രം ഇടയിരിക്കപ്പുഴ | 1 | - | - |
| 3 | കുടുംബാരോഗ്യ കേന്ദ്രം വാഴൂർ | - | - | 1 (ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയറിന് നൽകിയത്) |
| 4 | കുടുംബാരോഗ്യ കേന്ദ്രം നെടുങ്കുന്നം | - | 1 | - |

(സി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്ത സർക്കാർ ആശുപത്രികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അവിടെ ആംബുലൻസ് ലഭ്യമാക്കാൻ തുക അനുവദിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ആംബുലൻസ് സൗകര്യം ലഭ്യമല്ലാത്ത സർക്കാർ ആശുപത്രികൾ

1. സാമൂഹികാരോഗ്യ കേന്ദ്രം, കറുകച്ചാൽ

2. പ്രാഥമികാരോഗ്യ കേന്ദ്രം, പള്ളിക്കത്തോട്

3. പ്രാഥമികാരോഗ്യ കേന്ദ്രം, കാളകെട്ടി

4. സാമൂഹികാരോഗ്യ കേന്ദ്രം, വെള്ളാവൂർ

5. കുടുംബാരോഗ്യ കേന്ദ്രം, മണിമല

6. സാമൂഹികാരോഗ്യ കേന്ദ്രം, കുറിക്കാട്ടൂർ

ഇവിടങ്ങളിൽ ആംബുലൻസ് നൽകുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കണ്ണൂർ ഗവൺമെന്റ് ജില്ലാ ആശുപത്രിയിൽ അനസ്തേഷ്യ ഡോക്ടർമാരുടെ അഭാവം

163 (3866) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് ജില്ലാ ആശുപത്രിയിൽ അനസ്തേഷ്യ ഡോക്ടർമാരുടെ അഭാവംമൂലം ഓപ്പറേഷൻ മുടങ്ങുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കണ്ണൂർ ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം പൂർണ്ണ തോതിൽ പ്രവർത്തിച്ചുതുടങ്ങിയോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സംബന്ധിച്ച തസ്തികകളൊന്നും നിലവിൽ സൃഷ്ടിച്ചിട്ടില്ല. എന്നാൽ കാർഡിയോളജി, നെഫ്രോളജി എന്നീ സ്പെഷ്യാലിറ്റികളിൽ യോഗ്യതയുള്ള ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഡിയോളജി, നെഫ്രോളജി എന്നീ വിഭാഗങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

## ആന്റിവെനവും പേപ്പട്ടി വിഷബാധയ്ക്കുള്ള പ്രതിരോധ കുത്തിവയ്പും ലഭ്യമാക്കുന്നതിനുള്ള നടപടികൾ

164 (3867) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്പമംഗലം മണ്ഡലത്തിലെ കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ആന്റിവെനം കുത്തിവയ്പ്പും പേപ്പട്ടി വിഷബാധയ്ക്കുള്ള പ്രതിരോധ കുത്തിവയ്പ്പും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കയ്പമംഗലം മണ്ഡലത്തിലെ കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ആന്റിവെനം കുത്തിവയ്പും പേപ്പട്ടി വിഷബാധയ്ക്കുള്ള പ്രതിരോധ കുത്തിവയ്പും ലഭ്യമാക്കിയിട്ടുണ്ട്.

**കൊടുവള്ളി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ**

165 (3868) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനി സാമൂഹിക ആരോഗ്യകേന്ദ്രം, മടവൂർ കുടുംബാരോഗ്യകേന്ദ്രം, കട്ടിപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം, കൊടുവള്ളി സാമൂഹിക ആരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങൾക്കായി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിവരിക്കുമോ?

കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനി സാമൂഹിക ആരോഗ്യകേന്ദ്രം, മടവൂർ കുടുംബാരോഗ്യകേന്ദ്രം, കട്ടിപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം, കൊടുവള്ളി സാമൂഹിക ആരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങൾക്കായി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുന്നംകുളം താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ നികത്താൻ നടപടി**

166 (3869) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

| | | |
|---|---|---|
| 1 | ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (ഒ&ജി) | 1 |
| 2 | ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് | 1 |
| 3 | ക്ലാർക്ക് | 1 |
| 4 | ടൈപ്പിസ്റ്റ് | 1 |
| 5 | നഴ്സിംഗ് ഓഫീസർ | 2 |
| 6 | ലാബ് ടെക്നീഷ്യൻ | 1 |
| 7 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -I | 1 |
| 8 | പാർട്ട് ടൈം ക്ലീനർ | 1 |

(ബി) ഒഴിവുകളുണ്ടെങ്കിൽ അവ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

2021 പൊതുസ്ഥലംമാറ്റ ഉത്തരവ് ഇ.എ 1/89242/21 ആ.വ.ഡ. തീയതി 13-05-2022 പ്രകാരം കുന്നംകുളം താലൂക്ക് ആശുപത്രിയിലേയ്ക്ക് ജൂനിയർ കൺസൾട്ടന്റ് (ഒ&ജി) തസ്തികയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. എന്നാൽ ടി ഡോക്ടർ ഇപ്പോൾ അവധിയിലായതിനാലാണ് ടി തസ്തികയിൽ

ഒഴിവ് നിലനിൽക്കുന്നത്. മറ്റ് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരൂരങ്ങാടി മണ്ഡലത്തിലെ ആരോഗ്യവകുപ്പ് പ്രവൃത്തികൾ

167 (3870) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ ആരോഗ്യവകുപ്പിൽ നിലവിൽ അനുവദിച്ചതും പരിഗണനയിലുള്ളതുമായ സർക്കാർ, കിഫ്ബി, എൻ.എച്ച്.എം. പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കിഫ്ബി മുഖാന്തരം നടക്കുന്ന പദ്ധതി

1. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ വികസനം (കിഫ്ബി ധനാനുമതി - 10.423 കോടി രൂപ)
2. സി.എച്ച്.സി., നെടുവ - ഐസൊലേഷൻ വാർഡ് നിർമ്മാണം

എൻ.എച്ച്.എം. മുഖാന്തരം നടത്തുന്ന പദ്ധതികൾ

1. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് യൂണിറ്റിന്റെ നിർമ്മാണം.
2. പരപ്പനങ്ങാടി കുടുംബാരോഗ്യ കേന്ദ്രത്തിനുവേണ്ടി പുതിയ കെട്ടിട നിർമ്മാണം.

3. തെന്നല കുടുംബാരോഗ്യ കേന്ദ്രത്തിനുവേണ്ടി പുതിയ കെട്ടിട നിർമ്മാണം.

4. പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിനുവേണ്ടി പുതിയ കെട്ടിട നിർമ്മാണം.

5. എടരിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവൃത്തി.

6. കുണ്ടൂർ, പെരുമണ്ണക്ലാരി, ഉള്ളണം, കരിമ്പിൽ, വെണ്ണിയൂർ, ചാപ്പപ്പടി, ചെറുമുക്ക്, ചെറമംഗലം, വാളംക്കുളം, സ്വാഗതമാട്, പഴയതെരു, കൊടിഞ്ഞി, കൊട്ടംതല, ചെറുശ്ശോല, പുതുപ്പറമ്പ്, കുറ്റിപ്പാല എന്നീ സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളായി ഉയർത്തുന്ന പ്രവൃത്തി.

7. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ECRP II-ന്റെ ഭാഗമായി 8 ബെഡ് ICU-വിന് നെഗറ്റീവ് പ്രഷർ സംവിധാനം ഏർപ്പെടുത്തുന്നതും ഉപകരണങ്ങൾ സ്ഥാപിക്കുന്നതും ഉൾപ്പെടെയുള്ള പ്രവൃത്തികൾ, ഓപ്പറേഷൻ തീയേറ്ററിൽ നെഗറ്റീവ് പ്രഷർ സംവിധാനം ഏർപ്പെടുത്തുന്ന പ്രവൃത്തി, ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുന്ന പ്രവൃത്തി, കോവിഡിന്റെ ഭാഗമായി എമർജൻസി ഡിപ്പാർട്ടുമെന്റും ഒ.പി. ബ്ലോക്കും നവീകരിക്കുന്ന പ്രവൃത്തി, സ്ത്രീരോഗ വിഭാഗത്തിനും ശിശുരോഗ വിഭാഗത്തിനുമായി കോവിഡ് ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുന്ന പ്രവൃത്തികൾ.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ;

&

(സി) പ്രസ്തുത പ്രവൃത്തികളുടെ തുകയും നിർവ്വഹണ ഏജൻസി, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്, കോൺടാക്ട് നമ്പർ, ഭരണാനുമതി

ഉത്തരവ് നമ്പർ, തീയതി തുടങ്ങിയവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## വാടാനപ്പള്ളി സി.എച്ച്.സി.-ക്ക് ആംബുലൻസ്

168 (3871) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി സി.എച്ച്.സി.-ക്കായി ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സി.എച്ച്.സി.-ക്ക് ആംബുലൻസ് വാങ്ങുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(സി) കാലതാമസം കൂടാതെ പ്രസ്തുത ആംബുലൻസ് വാങ്ങുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി സാമൂഹികാരോഗ്യകേന്ദ്രത്തിന് ആംബുലൻസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാങ്ങുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടില്ല.

## ഫോറൻസിക് സർജന്മാരുടെ എണ്ണം

169 (3872) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ 24 മണിക്കൂർ പോസ്റ്റ്മോർട്ടം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ എത്ര ഫോറൻസിക് സർജന്മാരുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഒരു ഫോറൻസിക് സർജനാണുള്ളത്.

(സി) 24 മണിക്കൂർ പോസ്റ്റ്മോർട്ടത്തിന് എത്ര ഫോറൻസിക് സർജന്മാരുടെ ആവശ്യമുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന് അനിവാര്യമായ മറ്റ് തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജനറൽ ആശുപത്രിയിൽ 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പിലാക്കുന്നതിനായി ഫോറൻസിക് സർജൻ -2, നഴ്സിംഗ് അസിസ്റ്റന്റ് -3,

ഹോസ്പിറ്റൽ അറ്റൻഡർ -2 എന്നീ തസ്തികകൾ ആവശ്യമാണ്.

(ഡി) പ്രസ്തുത തസ്തികകളിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ജീവനക്കാരുണ്ടോയെന്നും ഇല്ലെങ്കിൽ എപ്പോൾ നിയമിക്കുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ ഫോറൻസിക് സർജന്റെ ഒരു തസ്തികയാണുള്ളത്. എല്ലാ പോസ്റ്റുമോർട്ടം നടത്തുന്നതിനും ഫോറൻസിക് സർജന്റെ ആവശ്യമില്ലാത്തതിനാൽ അസിസ്റ്റന്റ് സർജനെ നിയോഗിച്ച് പോസ്റ്റുമോർട്ടം നടത്തിവരുന്നു. കൂടാതെ രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിനാവശ്യമായ 3 നഴ്സിംഗ് അസിസ്റ്റന്റുമാരെയും 2 ഹോസ്പിറ്റൽ അറ്റൻഡന്റുമാരെയും കാസർഗോഡ് ഡി.എം.ഒ. ജോലി ക്രമീകരണാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

170 (3873) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും തുടർന്ന് ഇതുവരെയും വാമനപുരം നിയോജകമണ്ഡലത്തിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളത്;

വിശദമാക്കാമോ;

&

(ബി) മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ട ആരോഗ്യകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

| | | |
|---|---|---|
| വാമനപുരം പി.എച്ച്.സി | ആർദ്രം ഒന്നാം ഘട്ടം | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. |
| ആനാകുടി പി.എച്ച്.സി. | ആർദ്രം രണ്ടാം ഘട്ടം | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി |
| പെരിങ്ങമ്മല പി.എച്ച്.സി. | ആർദ്രം രണ്ടാം ഘട്ടം | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി |
| പുല്ലമ്പാറ പി.എച്ച്.സി. | ആർദ്രം രണ്ടാം ഘട്ടം | നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| പി.എച്ച്.സി. പനവൂർ | ആർദ്രം രണ്ടാം ഘട്ടം | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി |
| പി.എച്ച്.സി. ആനാട് | ആർദ്രം രണ്ടാം ഘട്ടം | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രമാക്കി |

| | | |
|---|---|---|
| | | ഉയർത്തി |
| പി.എച്ച്.സി. ഭരതന്നൂർ | ആർദ്രം മൂന്നാം ഘട്ടം | കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| സി.എച്ച്.സി. പാലോട് | ബ്ലോക്കതല കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തി | ബ്ലോക്കതല കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന നടപടികൾ ആരംഭിച്ചു. |

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് മെച്ചപ്പെട്ട രോഗീസൗഹൃദ സേവനങ്ങൾ നൽകിവരുന്നു. അതിനായി അധിക തസ്തികകളും ഈ കേന്ദ്രങ്ങളിൽ അനുവദിച്ചുവരുന്നു. കൂടാതെ ഒ.പി. സേവനങ്ങൾ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ, നഴ്സസ് പ്രീ ചെക്കപ്പ്, കൗൺസിലിംഗ്, ശ്വാസ്/ആശ്വാസ് ക്ലിനിക്ക്, ഇ-ഹെൽത്ത് ഒ.പി. സൗകര്യം, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, വയോജനങ്ങൾക്ക് പ്രത്യേക ക്യൂ സിസ്റ്റം, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, വ്യായാമം

പ്രോത്സാഹിപ്പിക്കുന്ന നടപടികൾ, ആരോഗ്യവാർത്തകൾ അറിയുന്നതിനായി ടി.വി., ലബോറട്ടറി, ഫാർമസി, സ്റ്റോർ എന്നീ സൗകര്യങ്ങളും ലഭ്യമാക്കിവരുന്നു.

## കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം

171 (3874) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എം.സി.എച്ച്. കോഴ്സ് തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എം.സി.എച്ച്. കോഴ്സ് തുടങ്ങുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാരുണ്ടെന്നും ഇവരുടെ തസ്തിക

ഏതാണെന്നും വിശദമാക്കുമോ?

കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ പ്രൊഫസർ-1, ലക്ചറർ-1 എന്നിങ്ങനെ നിലവിൽ 2 ഡോക്ടർമാരാണുള്ളത്.

(സി) ഈ യൂണിറ്റിൽ ഡോക്ടർമാരുടെ ഒഴിവുണ്ടോ; എങ്കിൽ ഏത് തസ്തികയിലാണെന്ന് വിശദമാക്കാമോ?

ഈ യൂണിറ്റിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ രണ്ട് ഒഴിവുകളുണ്ട്.

(ഡി) ഈ യൂണിറ്റിലെ ഏതെങ്കിലും തസ്തിക മറ്റേതെങ്കിലും മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയിരുന്നോ; എങ്കിൽ മാറ്റിയ തസ്തിക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഈ യൂണിറ്റിലെ തസ്തിക മറ്റ് മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടില്ല.

**പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി**

172 (3875) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സംവിധാനമുള്ളതെന്ന് ആശുപത്രികളുടെ പേര്, പ്രവർത്തനക്ഷമമായ യൂണിറ്റുകളുടെ എണ്ണം എന്നിവ സഹിതം വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലായി എത്ര പേർക്ക് ഈ സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

വൃക്കരോഗികളുടെ രക്തശുദ്ധീകരണത്തിനുപകരം അവരുടെ വയറിനുള്ളിലെ പെരിറ്റോണിയൽ ക്യാവിറ്റിയിൽ ഡയാലിസിസ് ദ്രാവകം നിറച്ച് രക്തം ശുദ്ധിയാക്കുന്ന പ്രക്രിയയാണ് പെരിറ്റോണിയൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയാലിസിസ്. ഇത് ഒരിക്കൽ കത്തീറ്റർ പ്രവേശിപ്പിച്ച് കഴിഞ്ഞാൽ രോഗികൾക്കുതന്നെ വീടുകളിൽവച്ച് സ്വയം ചെയ്യാവുന്ന ഒരു പ്രക്രിയയാണ്. ഇതിന് ഉപകരണങ്ങളോ യന്ത്രസാമഗ്രികളോ ഒന്നും ആവശ്യമില്ലാത്തതും അണുവിമുക്തമായ ഒരു പ്രൊസീജിയർ റൂമിന്റെ ആവശ്യകത മാത്രമുള്ള ഒരു പ്രക്രിയയുമാണ്. പാലക്കാട് ജില്ലയിൽ ജില്ലാ ആശുപത്രിയിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. നിലവിൽ 71 രോഗികൾക്കാണ് പാലക്കാട് ജില്ലയിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. പെരിറ്റോണിയൽ ഡയാലിസിസിന് ആവശ്യമായ കത്തീറ്ററുകളും ഡയാലിസിസ് ഫ്ലൂയിഡും മറ്റ് അനുബന്ധ സാമഗ്രികളും സൗജന്യമായാണ് നൽകിവരുന്നത്.

**ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം**

173 (3876) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ആർട്ടിസ്റ്റ് ഫോട്ടോഗ്രാഫർ തസ്തികയിൽ ജോലി ചെയ്തുവരവെ 30-08-2016-ൽ മരണമടഞ്ഞ ബിനുമോൻ എം.-ന്റെ ഭാര്യ ശ്രീമതി ആശാമോൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ

ക്ലാർക്കായി നിയമനം ലഭിക്കുന്നതിന് 19-02-2018-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നമ്പർ 28/2018/ആകുവ പ്രകാരം നിയമനം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

&

(ബി) ഉത്തരവ് ഇറങ്ങി നാലുവർഷം കഴിഞ്ഞിട്ടും ഒരു തുടർനടപടിയും ഉണ്ടായിട്ടില്ലാത്തതിനാൽ ഇനി അധികകാലം സർവ്വീസില്ലാത്ത കോട്ടയം സ്വദേശിയായ ടിയാൾക്ക് കോട്ടയം ജില്ലയിൽ നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിലവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീമതി ആശാമോൾ അഞ്ചാമതാണ്. വകുപ്പിൽ ഒരു വർഷത്തിൽ ആകെയുണ്ടാകുന്ന ഒഴിവുകളിൽ അഞ്ച് ശതമാനമാണ് സമാശ്വാസ തൊഴിൽദാന പദ്ധതിക്കായി നൽകുന്നത്. ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയോരിറ്റി അനുസരിച്ച് കൃത്യമായി നിയമനം നൽകുന്നുണ്ട്.

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ കോവിഡ് രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്ത വകയിലുള്ള കുടിശ്ശിക

174 (3877) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന കോവിഡ് രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്ത വകയിൽ കുടുംബശ്രീ പ്രവർത്തകർക്ക് പണം കുടിശ്ശിക വരുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തുക വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ;

&

(സി) കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ; തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ കോവിഡ് രോഗികൾക്ക് ഭക്ഷണം നൽകിയ വകയിൽ 14,37,662/- രൂപ മലപ്പുറം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 06-07-2022-ൽ മലപ്പുറം ജില്ലാ കളക്ടർ അനുവദിച്ചുനൽകിയിട്ടുണ്ട്.

## കാരുണ്യ ഫാർമസി

175 (3878) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊടുപുഴ ജില്ലാ ആശുപത്രിയിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

തൊടുപുഴ ജില്ലാ ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള താൽപ്പര്യം ആശുപത്രി അധികൃതർ അറിയിച്ചിട്ടുണ്ട്. ഫാർമസി പ്രവർത്തിപ്പിക്കുന്നതിനും സജ്ജീകരിക്കുന്നതിനും അനുയോജ്യമായ കെട്ടിട ലഭ്യതയ്ക്ക് വിധേയമായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതാണ്.

## പയ്യന്നൂർ താലൂക്ക് ആശുപത്രി

176 (3879) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടക്കുന്ന നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

പയ്യന്നൂർ താലൂക്ക് ആശുപത്രിയുടെ സിവിൽ, ഇലക്ട്രിക്കൽ, ഇ.എൽ.വി., ഫയർഫൈറ്റിംഗ് എന്നീ പ്രവൃത്തികൾക്കായി 56.31 കോടി

രൂപക്ക് കിഫ്ബിയുടെ ധനാനുമതി നൽകി നിർമ്മാണപ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രവൃത്തിയുടെ 44.25% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന നിർദ്ദിഷ്ട കെട്ടിടത്തിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് റൂം സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മെയിൻ ബ്ലോക്ക് കെട്ടിടത്തിന്റെ രൂപരേഖയിൽ ഫീമെയിൽ/മെയിൽ വാർഡുകൾ, പീഡിയാട്രിക്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡുകൾ, ഫീമെയിൽ/മെയിൽ സർജിക്കൽ വാർഡുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഈ വിവിധ വിഭാഗങ്ങളിലായി ഇരുന്നൂറിൽപ്പരം ബെഡ്ഡുകൾക്കുള്ള സൗകര്യം വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ടി ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡിൽ 11 മുറികളുണ്ട്.

(സി) നിലവിലെ പ്ലാനിൽ റൂം സൗകര്യം ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

&

(ഡി) നിലവിൽ അനുവദിച്ച തുക അധികരിക്കാതെ പ്ലാനിൽ

ആവശ്യമായ മാറ്റങ്ങൾ വരുത്തി റൂം സൗകര്യംകൂടി ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണപ്രവർത്തനം 44.25% പൂർത്തിയായ സാഹചര്യത്തിൽ പ്ലാനിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല.

**പുതുക്കാട് താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ**

177 (3880) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ രണ്ട് ഗൈനക്കോളജി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ഒരു അനസ്തെറ്റിസ്റ്റും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിട്ടും ഗൈനക് വിഭാഗം പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക് വിഭാഗം ഉടൻ പ്രവർത്തനം ആരംഭിക്കുമെന്ന് വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പ് ഡയറക്ടറും നൽകിയ ഉറപ്പ് പാലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്. പുതുക്കാട് താലൂക്ക് ആശുപത്രിയിൽ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രസവമുറി, പ്രസവ വാർഡ്, ഓപ്പറേഷൻ തീയേറ്റർ എന്നിവ നവീകരിക്കുകയും പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിൽ തീയേറ്റർ അടക്കമുള്ള ഒരു ലേബർ കോംപ്ലക്സ് നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഈ ആശുപത്രിയിൽ Anti natal - post natal ward, pre operation-post operation ward, Labour room complex-നുവേണ്ട bystander area എന്നീ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രസവ-പ്രസവാനന്തര സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ പൂർണ്ണ തോതിൽ സജ്ജീകരിക്കേണ്ടതായിട്ടുണ്ട്. ബ്ലഡ് സ്റ്റോറേജ് സൗകര്യവും ഒരുക്കേണ്ടതുണ്ട്. ഇത്തരം സൗകര്യങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് ഗൈനക്കോളജി വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നതാണ്. ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് അമ്മയും കുഞ്ഞും ആശുപത്രി**

178 (3881) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് 9.50 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച അമ്മയും കുഞ്ഞും ആശുപത്രി ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും തുറന്ന് പ്രവർത്തിക്കാത്തതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത ആശുപത്രി എന്നുമുതൽ പ്രവർത്തനസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്?

കാഞ്ഞങ്ങാട് പുതുതായി ആരംഭിച്ച W&C ആശുപത്രിയുടെ മുഴുവൻ സിവിൽ ജോലികളും പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിലെ ലിഫ്റ്റ് ഒഴികെയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ആശുപത്രിയിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷനും ജനറേറ്ററും സ്ഥാപിച്ചശേഷം ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കും. ഫയർ&സേഫ്റ്റിയുടെ മുഴുവൻ ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിനനുസരിച്ച് NOC ലഭ്യമാക്കി കമ്മീഷനിംഗ് പ്രവൃത്തികൾ ആരംഭിക്കും. ടി ആശുപത്രിയിലേയ്ക്ക് 12 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള

പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ടി പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രി പ്രവർത്തനം ആരംഭിക്കാൻ സാധിക്കും.

## കുന്നത്തുനാട് മണ്ഡലത്തിലെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ

179 (3882) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററായി ഉയർത്തിയ സബ് സെന്ററുകളുടെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത സെന്ററുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുമാണ് സജ്ജീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ സബ് സെന്ററുകളായ മഞ്ഞപ്പെട്ടി, പിണർമുണ്ട, മോനിപ്പിള്ളി എന്നീ സ്ഥാപനങ്ങളെ എൻ.എച്ച്.എം. മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്. ഈ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി രോഗികൾക്കുള്ള കാത്തിരുപ്പ് സ്ഥലം, കുത്തിവയ്പ്പ് മുറി, ഓഫീസ്-ക്ലിനിക് മുറി, സ്റ്റോർ റൂമിനുള്ള സൗകര്യം, IUCD മുറി, ശുചിമുറി സൗകര്യം, ജലം-വൈദ്യുതി

ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സൗകര്യങ്ങളാണ് പ്രധാനമായി ഒരുക്കുന്നത്. ആഴ്ചയിൽ ആറുദിവസവും വ്യത്യസ്ത ക്ലിനിക്കുകൾ, പകർച്ചവ്യാധികളുടെ റിപ്പോർട്ടിംഗ്, രോഗപര്യവേഷണം, നിയന്ത്രണ പ്രവർത്തനങ്ങൾ, പ്രതിരോധ കുത്തിവയ്പ്പ് ക്ലിനിക്കുകൾ, ഹെൽത്ത് പ്രവർത്തനങ്ങൾ, സാന്ത്വന പരിചരണപ്രവർത്തനങ്ങൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാണ്.

(സി) ആയതിലേയ്ക്കായി ഓരോ സബ് സെന്ററിനും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

ഓരോ സബ് സെന്ററുകൾക്കും ഏഴുലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ഡി) വെൽനസ് സെന്ററുകളുടെ നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി+ ചേർക്കുന്നു.

## അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റിയിലെ സ്റ്റാഫ് പാറ്റേൺ

180 (3883) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി നൂറ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയിട്ടും മുമ്പുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണ് തുടരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 57 കിടക്കകളിൽനിന്നും 100 കിടക്കകളുടെ ആശുപത്രിയായി പ്രഖ്യാപനം നടത്തുകയും നിലവിൽ 155 കിടക്കകൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്.

22-09-2021-ലെ സർക്കാർ ഉത്തരവ് നം.168/2021/ആ.കു.വ. പ്രകാരം സ്റ്റാഫ് നഴ്സ്-3, ഫാർമസിസ്റ്റ്-1, ക്ലാർക്ക്-1 എന്നീ അഞ്ച് തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പുതിയ സ്റ്റാഫ് പാറ്റേൺ അനുവദിച്ച് നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; തുടർനടപടി എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ദ്രവമാലിന്യ പ്ലാന്റ്

181 (3884) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ദ്രവമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് തുക അനുവദിച്ചതെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ദ്രവമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2014-2015, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആകെ 110 ലക്ഷം രൂപ PWD അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും നിർമ്മാണം ആരംഭിക്കുന്നതിലെ കാലതാമസമെന്താണെന്നും അറിയിക്കാമോ;

&

(സി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ

പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന് മതിയായ സാങ്കേതികവിദ്യ ലഭ്യമല്ലെന്നതാണ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം. നിർമ്മാണ പ്രവൃത്തി നടത്താൻ പൊതുമരാമത്ത് വകുപ്പിന് മതിയായ സാങ്കേതികവിദ്യ ലഭ്യമല്ലാത്തതിനാൽ ഗവൺമെന്റ് അംഗീകൃത ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുക തിരിച്ചുനൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട വിശദീകരണങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഹെഡ് ഓഫ് അക്കൗണ്ട് നിശ്ചയിച്ച് അറിയിക്കുന്നതും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് എ.ജി. റിപ്പോർട്ട്

182 (3885) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാത്ത വിഷയം സംബന്ധിച്ച എ.ജി. റിപ്പോർട്ട് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്ഥാപനങ്ങൾക്ക് ലൈസൻസുകളും രജിസ്ട്രേഷനും നൽകുന്ന കാര്യത്തിൽ കമ്മീഷണറേറ്റിന്റെ പ്രവർത്തനം തികഞ്ഞ പരാജയമാണെന്ന എ.ജി.-യുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

&

(സി) നിയമലംഘനം നടത്തിയ സ്ഥാപനങ്ങൾക്ക് പിഴ ചുമത്താത്തതും കോമ്പൗണ്ടിംഗ് കേസുകൾ തീർപ്പാക്കാത്തതുംമൂലമുണ്ടായ ഗുരുതര കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

സി.&എ.ജി.യുടെ മാർച്ച് 2021-ൽ അവസാനിച്ച വർഷത്തെ Compliance Audit-ൽ ഭക്ഷ്യസുരക്ഷാ വകുപ്പിനെക്കുറിച്ചുള്ള ആഡിറ്റ് റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## മത്സ്യത്തിലെ മായം ചേർക്കലും വിപണനവും

183 (3886) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽനിന്നും രാസപദാർത്ഥങ്ങൾ കലർന്നതും പഴകിയതുമായ മത്സ്യം കയറ്റിവരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽത്തന്നെ പരിശോധിച്ച് അവ നശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

അയൽ സംസ്ഥാനങ്ങളിൽനിന്നും മത്സ്യം കയറ്റിവരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽത്തന്നെ പരിശോധന നടത്തി ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 ലംഘിക്കുന്നപക്ഷം ടി നിയമപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ഭക്ഷ്യപരിശോധനാ ലാബുകളും പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലായി 2 ജില്ലാ ഭക്ഷ്യപരിശോധനാ ലബോറട്ടറികളും നിലവിലുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ചെക്ക് പോസ്റ്റുകൾവഴി അന്യസംസ്ഥാനത്തുനിന്നും എത്തുന്ന മത്സ്യം നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖലാ ലാബുകളിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് വിൽപ്പനയ്ക്കെത്തുന്ന മത്സ്യങ്ങളിലുൾപ്പെടെ മായം ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന പദ്ധതിക്ക് രൂപം നൽകുകയും സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്ന മത്സ്യം, നമ്മുടെ നാട്ടിൽത്തന്നെ വിൽപ്പന ചെയ്യുന്ന മത്സ്യം എന്നിവ പരിശോധിക്കുന്നതിനായി ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 22-06-2022 വരെ 5549 മത്സ്യ പരിശോധനകൾ നടത്തുകയും 2797 സർവ്വയലൻസ് സാമ്പിളുകൾ

ശേഖരിക്കുകയും 131 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 17283 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മായം കലർന്നതും ആരോഗ്യത്തിന് ഹാനികരവുമായ മത്സ്യം പരിശോധിക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

മത്സ്യത്തിൽ ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിദ്ധ്യം Central Institute of Fisheries Technologies (CIFT) വികസിപ്പിച്ച ഫോർമാലിൻ/അമോണിയ ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് തത്സമയംതന്നെ കണ്ടെത്താവുന്നതാണ്. കൂടാതെ അത്യാധുനിക ഉപകരണങ്ങളായ GCMSMS (Gas Chromatograph coupled with Mass Spectrophotometer), HPLC (High-Performance Liquid Chromatography) എന്നിവ ഉപയോഗിച്ചുള്ള പരിശോധനയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകളിൽ ലഭ്യമാണ്.

**ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശാക്തീകരണം**

184 (3887) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഭക്ഷ്യ സംരംഭകർക്ക് ഒരു ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ എന്ന അനുപാതത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശാക്തീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

വകുപ്പിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) എഫ്.എസ്.എസ്.എ.ഐ.-യുടെ ഭക്ഷ്യസുരക്ഷാ സൂചിക 2020-21 പ്രകാരം രണ്ടാം സ്ഥാനത്തായിരുന്ന കേരളം 2021-22 കാലയളവിൽ ആറാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് പിന്തള്ളപ്പെട്ടതെന്ന് വിശദീകരിക്കാമോ?

ഫുഡ് സേഫ്റ്റി ഇൻഡെക്സിൽ പറയുന്ന 5 ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്.

1. Human Resources & Institutional Data
2. Compliance
3. Food testing infrastructure and surveillance

4. Training and Capacity building

5. Consumer empowerment and FSSAI initiatives

ഓരോ ഘടകത്തിനും ലഭിക്കുന്ന പോയിന്റിന്റെ ആകെ തുകയാണ് റാങ്ക് നിശ്ചയിക്കാൻ അടിസ്ഥാനമാക്കുന്നത്.

FSSAI നിഷ്കർഷിക്കുന്ന ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ എണ്ണം 160 ആണ്. സംസ്ഥാനത്ത് 160 ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികകൾ ഉണ്ടെങ്കിലും 119 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ മാത്രമാണ് നിലവിലുള്ളത്. ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികയുടെ പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളതിനാൽ പ്രസ്തുത ഒഴിവുകൾ ഉടൻതന്നെ നികത്താനാകും.

2019-ൽ ആരംഭിച്ച 'സേവ് ഫുഡ് ഷെയർ ഫുഡ് ' എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് ഭക്ഷണം പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുക, ഭക്ഷണ നഷ്ടം ഒഴിവാക്കുക, ഭക്ഷണം പാഴാക്കുന്നത് തടയുക എന്നീ പ്രധാന ലക്ഷ്യങ്ങളാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭക്ഷണത്തിന് ബുദ്ധിമുട്ടുന്നവരുടെ എണ്ണം കേരളത്തിൽ കുറവായതിനാലും നിലവിൽ ഭക്ഷണ വിതരണം ചെയ്യുന്ന നിരവധി സംഘടനകൾ സംസ്ഥാനത്തുള്ളതിനാലും ഈ പദ്ധതി കഴിഞ്ഞ വർഷം വിജയകരമായി നടത്താൻ സാധിച്ചിരുന്നില്ല.

RDO കോടതിയിൽ പരിഗണനയിലുള്ള അഡ്ജ്യൂഡിക്കേഷൻ കേസുകളിലെ തീർപ്പാക്കൽ നിരക്ക് കുറവായത് റാങ്കിംഗിനെ ബാധിച്ചിട്ടുണ്ട്. തീർപ്പാക്കൽ ത്വരിതപ്പെടുത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നടപടി സ്വീകരിച്ചുവരുന്നു.

പരിശോധനകൾ ഓൺലൈനായി കടകളിൽവച്ചുതന്നെ നടത്തുന്നതിനുവേണ്ടി FSSAI 2017-ൽ ആരംഭിച്ച ഒരു പുതിയ മൊബൈൽ ആപ്ലിക്കേഷൻ പ്ലാറ്റ്ഫോമാണ് FoSCoRIS (Food Safety Compliance through Regular Inspection and Sampling). ഇതുമുഖേന 2400 പരിശോധനകളാണ് FSSAI നിഷ്കർഷിക്കുന്നത്. ഇതിൽ കേരളം 2538 പരിശോധനകൾ നടത്തുകയും ചെയ്തു. യഥാർത്ഥത്തിൽ കഴിഞ്ഞവർഷം നാൽപ്പത്തിനാലായിരത്തിലധികം പരിശോധനകൾ നടത്തിയിരുന്നു. ആയതിൽ ഭൂരിഭാഗവും FoSCoRIS മുഖേന അല്ലാതിരുന്നതിനാൽ ഇവ റാങ്കിംഗിൽ പരിഗണിക്കുകയുണ്ടായില്ല. ഇത് അടുത്ത വർഷം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. FSSAI ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയുടെ വർദ്ധനവ് 202 ശതമാനമാണ്.

Eat Right Challenge-ൽ 4 ജില്ലകളാണ് തെരഞ്ഞെടുത്തത്. ടി 4 ജില്ലകളും മികച്ച പ്രകടനം കാഴ്ചവച്ചതിനാൽ ജൂൺ 7 ലോകഭക്ഷ്യ സുരക്ഷാ

ദിനാചരണത്തിൽ FSSAI സംഘടിപ്പിച്ച പുരസ്കാരദാന ചടങ്ങിൽ പ്രശംസാപത്രം കേരളത്തിനെ പ്രതിനിധീകരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഏറ്റുവാങ്ങി. FSSAI-യുടെ സർട്ടിഫിക്കേഷൻ പദ്ധതികളായ Eat Right School, Eat Right Campus, Clean Street Food Hub, Clean Fruit & Vegetable Market, BHOG, Eat Right Campus-ൽ സർട്ടിഫിക്കറ്റ് നേടിക്കൊണ്ട് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

503 Hygiene Rating സർട്ടിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എന്നാൽ റാങ്കിംഗിന് പരിഗണിക്കുന്ന സമയം ഹോട്ടലുകൾക്ക് ഹൈജീൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാതിരുന്നതിനാൽ ഇതിനുള്ള പോയിന്റുകൾ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായില്ല.

Eat Right School, Clean Street Food Hub, Clean Fruit & Vegetable Market, BHOG, Eat Right station തുടങ്ങിയ പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ദേവസ്വം ബോർഡ്, റെയിൽവേ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കി ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഉത്സവങ്ങൾ, കലോത്സവങ്ങൾ പോലെയുള്ള

ആഘോഷങ്ങളിലെയും അടിയന്തര സാഹചര്യങ്ങളിലെയും പരിശോധനയ്ക്ക് നിലവിലെ താൽക്കാലിക ത്വരിത റെസ്പോൺസ് ടീമിന്റെ സേവനം അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ആവശ്യങ്ങൾക്കായി എല്ലാ ജില്ലയ്ക്കും രണ്ട് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ത്വരിത റെസ്പോൺസ് ടീമിന്റെ സ്ഥിരം സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ കാര്യക്ഷമതയോടുകൂടി ത്വരിത റെസ്പോൺസ് ടീം സേവനം നൽകിവരുന്നു.

(ഡി) കേരളത്തിലെ ചെക്ക്പോസ്റ്റുകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി എന്തൊക്കെ സ്ഥിരം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ചെക്ക്പോസ്റ്റുകൾ വഴി അന്യസംസ്ഥാനത്തുനിന്നും വരുന്ന ഭക്ഷ്യ വസ്തുക്കൾ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖലാ ലാബുകളിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്പെഷ്യൽ പരിശോധനകളും നടത്തിവരുന്നു.

(ഇ) ഭക്ഷ്യസുരക്ഷാ കമ്മീഷണർ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് സമർപ്പിച്ച ശിപാർശപ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രാധാന്യം പരിഗണിച്ച് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ദേവികുളം മണ്ഡലത്തിൽ ആരോഗ്യ മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

185 (3888) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2021-22 വർഷത്തിൽ മാറ്റിവച്ച നാല് കോടി രൂപ ചെലവഴിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്?

26-07-2021-ലെ സ.ഉ.(ആർ.റ്റി.) നം.1555/2021/ആ.കു.വ. ഉത്തരവ് പ്രകാരം എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് 140

നിയോജകമണ്ഡലങ്ങളിലും 10 കിടക്കകൾ വീതമുള്ള ഓരോ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രസ്തുത നിർമ്മാണത്തിനുള്ള തുക എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും കിഫ്ബി ഫണ്ടിൽനിന്നും സംയുക്തമായാണ് ചെലവഴിക്കുന്നത് (50% എം.എൽ.എ. ഫണ്ടും 50% കിഫ്ബി ഫണ്ടും).

ഇടുക്കി ജില്ലയിൽ ദേവികുളം മണ്ഡലത്തിൽ സി.എച്ച്.സി. ചിത്തിരപുരമാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിലെ പദ്ധതിപ്രദേശം പ്രോജക്ടിന്റെ SPV (Special Purpose Vehicle) ആയി പ്രവർത്തിക്കുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർമ്മാണപ്രവൃത്തികൾക്കായി കൈമാറിയിട്ടുണ്ട്.

(ബി) ആശുപത്രിയുടെ പേര്, വികസന പ്രവൃത്തി, ചെലവഴിച്ച തുക, പ്രവൃത്തി ഏതുഘട്ടത്തിലാണ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ചിത്തിരപുരം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കരാറുകാരനായ മെസ്സേഴ്സ് തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ പ്രവൃത്തി

ഉത്തരവ് തുകയായ 1,31,65,248/- രൂപ (ഒരു കോടി മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തയ്യായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ)-യുടെ 35% തുകയായ 46,07,836/- (നാല്പത്തിയാറ് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി മുപ്പത്തിയാറ് രൂപ) മൊബിലൈസേഷൻ അഡ്വാൻസായി കിഫ്ബി മുഖേന മെസ്സേഴ്സ് തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലത്ത് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് സജ്ജമാക്കുന്ന പ്രാരംഭപ്രവർത്തനങ്ങൾ ഇതിന്റെ കരാറുകാരായ M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തിവരുന്നു.

**ജീവിതശൈലീ രോഗങ്ങൾക്കെതിരെ ശക്തമായ നടപടി**

186 (3889) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന പ്രതിരോധ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം, വൃക്കരോഗങ്ങൾ, അർബുദം തുടങ്ങിയ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗനിർണ്ണയ പദ്ധതി. ഈ പദ്ധതിപ്രകാരം ആരോഗ്യവകുപ്പിന് കീഴിലുള്ള ജില്ലാ ആശുപത്രി മുതൽ കുടുംബക്ഷേമ ഉപകേന്ദ്രം വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ ക്ലിനിക്കുകളിലൂടെ പരിശോധനകളും ചികിത്സയും ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകളും സൗജന്യമായി പ്രാഥമികാരോഗ്യതലംവരെ നൽകിവരുന്നുണ്ട്. പാദരോഗങ്ങൾ കണ്ടെത്തുന്നതിനുള്ള "പാദസ്പർശം" പദ്ധതി, രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിനുള്ള "ഇൻഡ്യ ഹൈപ്പർ ടെൻഷൻ കൺട്രോൾ ഇനിഷ്യേറ്റീവ് (IHCI)" തുടങ്ങിയ പദ്ധതികൾ പ്രാഥമികാരോഗ്യതലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയത്തിനും അതിന്റെ തുടർചികിത്സയ്ക്കുമായുള്ള എൻ.സി.ഡി.പി.

ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും മുടങ്ങാതെ നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ മുഖേനയുണ്ടാകുന്ന സങ്കീർണ്ണതകളെ വേഗത്തിൽ കണ്ടെത്താനായി ഈ ക്ലിനിക്കുകളിൽനിന്ന് രോഗികളെ മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യുകയും തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തുവരുന്നു. ജീവിതശൈലീ രോഗബാധിതരായി മെഡിക്കൽ കോളേജിൽ ചികിത്സ തേടി വരുന്ന എല്ലാ രോഗികൾക്കും അവരുടെ രോഗത്തിന്റെ തരവും തീവ്രതയും അനുസരിച്ച് ഉചിതമായ ഐ.പി., ഐ.സി.യു, വെന്റിലേറ്റർ കെയർ എന്നിവ ഉൾപ്പെടെ നൽകിവരുന്നു. ജീവിതശൈലീ രോഗങ്ങളായി ഒ.പി.-യിൽ ചികിത്സ തേടുന്നവർക്ക് രോഗനിയന്ത്രണത്തിനാവശ്യമായ ചികിത്സയും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധവും നൽകിവരുന്നു. മെഡിക്കൽ കോളേജുകളിൽ ജീവിതശൈലീ രോഗചികിത്സയ്ക്കുവേണ്ട എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി., ഐ.പി. ക്ലിനിക്കുവഴി രോഗം കണ്ടുപിടിക്കൽ, ചികിത്സ ലഭ്യമാക്കൽ, ഐ.സി.യു., വെന്റിലേറ്റർ കെയർ, സ്പെഷ്യലിസ്റ്റ് കെയർ എന്നിവ വേണ്ടവർക്ക് അത്തരം ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി.-യിൽ വരുന്നവരിൽ ജീവിതശൈലീ രോഗബാധയേൽക്കാൻ സാധ്യത കൂടിയവരെ കണ്ടെത്തുകയും വേണ്ട

ബോധവൽക്കരണം, സ്ക്രീനിംഗ്, പ്രിവെൻഷൻ എന്നിവ നടത്തിവരുന്നു. പേഷ്യന്റ് കെയർ സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവരുടെയും ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുമുള്ള ആരോഗ്യവിവരശേഖരണം നടത്തുന്നതിനും ജീവിതശൈലീ രോഗപരിശോധനയും ചികിത്സയും നടത്തുന്നതിനും ഒരു ബൃഹത് ക്യാമ്പയിൻ ആരോഗ്യവകുപ്പ് ആരംഭിക്കുകയുണ്ടായി. 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന് നാമകരണം ചെയ്ത ഈ ക്യാമ്പയിൻ തുടക്കത്തിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പഞ്ചായത്തിലാണ് നടപ്പിലാക്കുക. ആശാ പ്രവർത്തകർ ഭവനസന്ദർശനം നടത്തി ഓരോ വീടുകളിലെയും 30 വയസിന് മുകളിൽ പ്രായമുള്ളവരുടെ വിവരശേഖരണം നടത്തി അവരുടെ ആരോഗ്യപ്രശ്നങ്ങൾക്കനുസൃതമായ പരിശോധനകൾക്ക് അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിലേയ്ക്ക് അവരെ റഫർ ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ വിവരശേഖരണത്തിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലീ' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ ശേഖരിച്ചുവരുന്നത്. ഇത് തത്സമയംതന്നെ

അതത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്.

(ബി) സ്കൂൾ, കോളേജ് തലങ്ങളിൽ ഗ്രാമ പഞ്ചായത്തുകളുടെയും യൂത്ത് ക്ലബ്ബുകളുടെയും സഹകരണത്തോടെ ആരോഗ്യ ബോധവൽക്കരണ ക്യാമ്പയിൻ നിരന്തരം നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജീവിതശൈലീ രോഗനിയന്ത്രണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ നടപടിയാണ് ആരോഗ്യബോധവൽക്കരണം. ഹയർ സെക്കൻഡറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലെ എൻ.എസ്.എസ്. യൂണിറ്റുകളുമായി സഹകരിച്ചുകൊണ്ട് ആരോഗ്യ ബോധവൽക്കരണത്തിനുള്ള നിരവധി പദ്ധതികൾ ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(സി) കുടുംബശ്രീ യൂണിറ്റുകളെയും ഗ്രാമസഭകളെയും പ്രസ്തുത ബോധവത്ക്കരണ പദ്ധതിയിൽ പങ്കെടുപ്പിച്ച് ജീവിതശൈലീ രോഗങ്ങളെ തടയുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്

ആരോഗ്യബോധവൽക്കരണം ഗ്രാമതലങ്ങളിലും സമൂഹത്തിന്റെ നാനാതുറകളിലും ആവശ്യമാണ്. ഈ ആവശ്യം മുൻനിർത്തി എല്ലാ സന്നദ്ധ സംഘടനകളെയും കുടുംബശ്രീ യൂണിറ്റുകളെയും ഗ്രാമസഭകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബൃഹത് ക്യാമ്പയിൻ നവകേരള കർമ്മ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു. ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന് നാമകരണം ചെയ്ത ഈ പദ്ധതിയിലൂടെ ജീവിതശൈലീ രോഗങ്ങൾ സമൂഹത്തിന്റെ പിന്തുണയോടെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം**

187 (3890) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് സുപ്രീംകോടതി ഉത്തരവുപ്രകാരം സർക്കാർ അനുവദിച്ച തുക ലഭ്യമാകാത്തതിനാൽ പ്രസ്തുത വിഭാഗം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

&

(ബി) അർഹതയുള്ളവരെക്കൊണ്ട് വീണ്ടും അപേക്ഷിപ്പിച്ചും വീണ്ടും ലിസ്റ്റ് തയ്യാറാക്കലുമായി ഒരു നടപടിയും പൂർത്തീകരിക്കാതെ പോകുന്ന അവസ്ഥ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ അനർഹർ കടന്നുകൂടിയതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫീൽഡുതല അന്വേഷണത്തിന്റെ ഭാഗമായാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടത്. നിലവിൽ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതാപരിശോധനയ്ക്ക് വിധേയമായി ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങളിൽ മൂന്നുതവണ ഇടപെട്ടിട്ടും പ്രസ്തുത വിഭാഗത്തിന്റെ കഷ്ടത തുടരുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി 200 കോടി രൂപയുടെ അധിക ധനാനുമതി ലഭിക്കുകയും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ വ്യക്തികളെ

ജില്ലാ കളക്ടർ കണ്ടെത്തുന്ന മുറയ്ക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 24-03-2022-ലെ സ.ഉ.(കൈ) 4/2022/സാനീവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതാ പരിശോധനയ്ക്ക് വിധേയമായി അടിയന്തരമായി ധനസഹായം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും അർഹതയുള്ള 90% പേർക്കും നാളിതുവരെ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**വൃക്ക മാറ്റിവയ്ക്കൽ വൈകിയതിനെത്തുടർന്ന് രോഗി മരിച്ച സംഭവം**

188 (3891) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളജിൽ വൃക്ക മാറ്റിവയ്ക്കൽ വൈകിയതിനെത്തുടർന്ന് രോഗി മരിച്ച സംഭവം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ വൈകിയതിനെത്തുടർന്ന് ചികിത്സയിലായിരുന്ന രോഗി മരിച്ച സംഭവത്തിൽ ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണം

നടന്നുവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ഇത്തരത്തിലുള്ള ശസ്ത്രക്രിയകൾ നടത്തുന്നത് അട്ടിമറിക്കുന്നതിന്റെ ഭാഗമാണോ ഇതെന്ന് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) സൗകര്യങ്ങളുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവ മാറ്റ ശസ്ത്രക്രിയകൾ കുറഞ്ഞ ചെലവിൽ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം; പൈലറ്റ് പദ്ധതി എന്ന നിലയിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് പ്രസ്തുത സർജറികൾ ആരംഭിച്ചിട്ടുള്ളത്; ആയതിന് സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന നിരക്കും സർക്കാർ ഈടാക്കുന്ന നിരക്കും എത്രയാണെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയകൾ ചെയ്യുന്നത് തികച്ചും സൗജന്യമായാണ്. കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് പൂർണ്ണസജ്ജമാണ്. സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന നിരക്ക് വ്യക്തമല്ല. എന്നാൽ സർക്കാർ

മേഖലയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയകൾ സൗജന്യമായാണ് ചെയ്യുന്നത്.

**ഹീമോഫീലിയ രോഗികൾക്കുള്ള സഹായം**

189 (3892) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ ചികിത്സ കാരുണ്യ പദ്ധതിയിൽനിന്നും ആശാധാര പദ്ധതിയിലേയ്ക്ക് മാറ്റിയതിനുശേഷം ചികിത്സയ്ക്ക് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(ബി) ഹീമോഫീലിയ രോഗികൾക്ക് മുമ്പ് പി.എച്ച്.സി. തലത്തിൽ ലഭിച്ചുകൊണ്ടിരുന്ന ചികിത്സ ഇപ്പോൾ ലഭിക്കുന്നില്ലെന്നും ചികിത്സയ്ക്ക് ആവശ്യമായ എല്ലാ മരുന്നുകളും എല്ലാ ആശുപത്രികളിലും ലഭ്യമാകുന്നില്ലെന്നുമുള്ള പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഹീമോഫീലിയ ചികിത്സ കാരുണ്യ പദ്ധതിയിൽനിന്നും ആശാധാര പദ്ധതിയിലേയ്ക്ക് മാറ്റിയതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായതും ഫലവത്തായതുമായ ചികിത്സ ഉറപ്പാക്കുന്നതിനായി ഹീമോഫീലിയ ബാധിതർക്ക് കാരുണ്യ പദ്ധതിയുടെ നടത്തിപ്പിൽ മാറ്റങ്ങൾ വരുത്തുകയും നിവേദനങ്ങളിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും പണം ലഭ്യമാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുപ്പത്തിയഞ്ചോളം കാരുണ്യ ഫാർമസികൾ വഴി ഹീമോഫീലിയ രോഗ ചികിത്സയ്ക്കാവശ്യമായ ഫാക്ടറുകൾ ലഭ്യമാക്കി, രോഗികൾക്ക് ഗവൺമെന്റ് ഡോക്ടറുടെ കുറിപ്പടിക്ക് അനുസരിച്ച് ഇവിടങ്ങളിൽനിന്നും മരുന്നുവാങ്ങി ഉപയോഗിക്കാൻ കഴിയുന്ന രീതിയാണ് മുമ്പ് അനുവർത്തിച്ചുവന്നിരുന്നത്. രോഗികൾക്ക് കൃത്യസമയത്ത് ശരിയായ രീതിയിലും അളവിലും ദേശീയ അന്തർദ്ദേശീയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനും രോഗികൾക്കുള്ള ബോധവൽക്കരണം നടത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് "ആശാധാര" പദ്ധതി നടപ്പിലാക്കിയത്. വികേന്ദ്രീകൃതവും അതിനൂതനവുമായ ചികിത്സാ രീതികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് താലൂക്ക്, ജില്ലാ ആശുപത്രികൾ മുഖാന്തരവും

റീജിയണൽ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററുകൾ, മെഡിക്കൽ കോളേജുകൾ എന്നീ തലങ്ങളിൽ ചികിത്സാ സൗകര്യം ഈ പദ്ധതിയിൽ ലഭ്യമാക്കിയിട്ടുള്ളത്. രോഗികൾക്ക് ചികിത്സ തേടുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിച്ചാണ് ജില്ലാ കേന്ദ്രങ്ങളിൽ മാത്രം ലഭ്യമായിരുന്ന മരുന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട അൻപതിലധികം താലൂക്ക് ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുള്ളത്. കേരളത്തിൽ ആയിരത്തി എണ്ണൂറോളം മാത്രം വരുന്ന ഹീമോഫീലിയ രോഗികൾക്ക് മുമ്പ് 36 കാരുണ്യ ഫാർമസി സെന്റർവഴി ലഭ്യമായിരുന്ന മരുന്ന് നിലവിൽ മെഡിക്കൽ കോളേജ് ഉൾപ്പെടെ എൺപതോളം സർക്കാർ ആശുപത്രികളിൽ 24 മണിക്കൂറും ലഭ്യമാണ്. സങ്കീർണ്ണമായ രോഗാവസ്ഥയുള്ളവർക്കും കിടപ്പിലായ രോഗികൾക്കും അവർ അപേക്ഷിക്കുന്നപക്ഷം സന്നിദ്ധ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി ഒരു ഡോസ് മരുന്ന് കയ്യിൽ കരുതുന്നതിനും അത് യോഗ്യതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ മേൽനോട്ടത്തിൽ ഉപയോഗിക്കുന്നതിനുമുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്.

(സി) ചികിത്സയ്ക്കായി ദീർഘദൂരം യാത്ര ചെയ്യേണ്ടിവരുന്നതും സാമ്പത്തിക ബുദ്ധിമുട്ടും കണക്കിലെടുത്ത് പി.എച്ച്.സി. തലത്തിൽ ചികിത്സ ഉറപ്പുവരുത്തുന്നതിനും എല്ലാ മരുന്നുകളും എല്ലാ ആശുപത്രികളിലും

ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഈ വിഷയം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് നൽകുന്ന ശിപാർശ പരിഗണിച്ച് ശാസ്ത്രീയവും ഉചിതവുമായ നടപടി സ്വീകരിക്കുന്നതാണ്.

## വന്ധ്യതാ ചികിത്സ

190 (3893) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവതലമുറയ്ക്കിടയിലെ വന്ധ്യതാ നിരക്കിന്റെ വർദ്ധനവ് ആശങ്കാജനകമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവതലമുറയിലെ ജീവിതശൈലിയും ജോലിസംബന്ധവും മറ്റ് കാരണങ്ങളുംകൊണ്ട് ഗർഭധാരണം വൈകുന്നതും പരിസ്ഥിതി മലിനീകരണവും വന്ധ്യതാ നിരക്കിന്റെ വർദ്ധനവിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

(ബി) വന്ധ്യതാ ചികിത്സാ മേഖലയിൽ സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ അമിത നിരക്കും ചൂഷണവും കണക്കിലെടുത്ത് സർക്കാർ, വന്ധ്യതാചികിത്സാ സംവിധാനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അത്യാധുനിക ചികിത്സാ സംവിധാനങ്ങളോടെയുള്ള വന്ധ്യതാ ചികിത്സ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് തുടങ്ങിയ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ലെവൽ വൺ ചികിത്സാ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ആധുനിക വൈദ്യശാസ്ത്രം സംഭാവന ചെയ്തിട്ടുള്ള ശാസ്ത്രീയമായ എല്ലാ വന്ധ്യതാ നിവാരണ ചികിത്സകളും വിദഗ്ധ ഡോക്ടർമാരും സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ലഭ്യമാണോ; വിശദമാക്കാമോ;

&

(ഡി) വന്ധ്യത തടയൽ, പരിചരണം, ചികിത്സ എന്നിവ അടിസ്ഥാന ആരോഗ്യ സേവനങ്ങളുമായി സമന്വയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ലഭ്യമാണ്. വന്ധ്യത തടയൽ, പരിചരണം, ചികിത്സ എന്നിവ

അടിസ്ഥാന ആരോഗ്യ സേവനങ്ങളുമായി സമന്വയിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ ഒന്നാം വർഷ പരീക്ഷ**

191 (3894) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ ആരംഭിച്ച ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ ഒന്നാം വർഷ പരീക്ഷ ഇതുവരെയും നടന്നിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത പരീക്ഷ നടത്തുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ 2021 ഏപ്രിൽ മാസത്തിൽ ക്ലാസ്സുകൾ ആരംഭിച്ച ഡി.എച്ച്.ഐ.സി. വിദ്യാർത്ഥികളുടേതടക്കമുള്ള വാർഷിക പരീക്ഷ 2022 ആഗസ്റ്റിൽ നോട്ടിഫൈ ചെയ്ത് 2022 നവംബർ-ഡിസംബർ മാസങ്ങളിലായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## മൃതസഞ്ജീവനി പദ്ധതി

192 (3895) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണമെത്ര; വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ?

അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

വൃക്ക-2223, കരൾ-738, ഹൃദയം-61, പാൻക്രിയാസ്-13, ശ്വാസകോശം - 3, ചെറുകുടൽ - 2

(ബി) മൃതസഞ്ജീവനി പദ്ധതി നടപ്പിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഇത്തരത്തിൽ എത്രപേർക്ക് അവയവങ്ങൾ ദാനം നൽകി ജീവൻ നിലനിർത്തി; വ്യക്തമാക്കുമോ?

340 ദാതാക്കളിൽനിന്നും 972 അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്.

(സി) മൃതസഞ്ജീവനി പദ്ധതി സജീവമാക്കാനും നേരായ വഴിയുള്ള അവയവദാനങ്ങളിലൊന്നുപോലും സാങ്കേതിക നൂലാമാലകളിൽപ്പെട്ട് വൈകാതിരിക്കാനും പ്രസ്തുത മേഖലയിലെ പരാതികൾ പരിഹരിച്ച് അവയവദാനം സുതാര്യമാക്കുന്നതിനുമായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

മൃതസഞ്ജീവനി പദ്ധതി ഉൾപ്പെടെയുള്ള അവയവമാറ്റ രംഗത്തെ എല്ലാ പദ്ധതികളും കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ അഥവാ കെ-സോട്ടോ എന്ന ചാരിറ്റബിൾ സൊസൈറ്റിയിൽ നിക്ഷിപ്തമായിട്ടുണ്ട്. അവയവദാന രംഗത്ത് ബോധവൽക്കരണത്തിന് ആവശ്യമായ പ്രക്രിയകളുടെ രൂപീകരണവും എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് നൽകാനാവശ്യമായ വെബ്സൈറ്റ് രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ കെ-സോട്ടോ സ്വീകരിച്ചുവരുന്നു. കൂടാതെ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന അവയവദാന രജിസ്ട്രി തയ്യാറായിക്കൊണ്ടിരിക്കുന്നു. ഈ രജിസ്ട്രി നിലവിൽ വരുന്നതോടെ പ്രസ്തുത പദ്ധതി മുഖേനയുള്ള അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകുന്നതാണ്.

## തൊടുപുഴ മണ്ഡലത്തിലെ ആരോഗ്യ മേഖലയിലെ വികസന പ്രവർത്തനങ്ങൾ

193 (3896) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും എടുത്തിട്ടുള്ള നാലുകോടി രൂപ വീതം ചെലവഴിച്ച് ഇടുക്കി ജില്ലയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ളത്;

&

(ബി) തൊടുപുഴ മണ്ഡലത്തിൽ പ്രസ്തുത തുക ഉപയോഗിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്; പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും 10 ബെഡ്ഡുകളുള്ള ഓരോ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാനുള്ള ഉത്തരവ് (26-07-2021-ലെ G.O.(Rt)1555/2021/H&FWD) പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 90 സ്ഥലങ്ങളിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. നിർമ്മാണ ഏജൻസിയായി തെരഞ്ഞെടുത്ത M/s. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ്

സൊസൈറ്റിക്ക് നാലുഘട്ടമായി പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ പ്രവൃത്തി ഉത്തരവ് നൽകിയ സി.എച്ച്.സി. വണ്ടൻമേട്ടിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം Plinth Level (Sub Structure) വരെ പൂർത്തിയായിട്ടുണ്ട്. ഇടുക്കി ജില്ലയിലെ സി.എച്ച്.സി. വണ്ടിപ്പെരിയാർ, സി.എച്ച്.സി. ചിത്തിരപുരം, സി.എച്ച്.സി. ഇളംദേശം എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് തുടർന്നുള്ള ഘട്ടങ്ങളിൽ പ്രവൃത്തി ഉത്തരവ് നൽകുകയും ടി ആരോഗ്യ സ്ഥാപനങ്ങളിൽ ഐസൊലേഷൻ വാർഡിനുള്ള നിർമ്മാണം സജ്ജമാക്കുന്ന പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

തൊടുപുഴ മണ്ഡലത്തിൽ 10 കിടക്കകൾ, മെഡിക്കൽ ഗ്യാസ്, മെഡിക്കൽ ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ചറുകൾ ഉപയോഗിച്ചുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് ഇളംദേശം സി.എച്ച്.സി.-യിൽ അനുയോജ്യമായ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ടി ഏജൻസിയുമായി എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് സ്ഥലം കൈമാറുന്നതിനുള്ള നടപടിയും മറ്റ് തുടർനടപടികളും സ്വീകരിക്കുന്നതാണ്.

## രാത്രികാല പോസ്റ്റ്മോർട്ടം

194 (3898) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലം പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിന് നിലവിൽ നിയമപരമായ തടസ്സങ്ങളില്ല.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

&

(സി) അപകട മരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും രാത്രികാല പോസ്റ്റ്മോർട്ടം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നില്ല. എന്നാൽ അവയവദാനവുമായി ബന്ധപ്പെട്ടതിലും സമൂഹദുരന്തങ്ങളിലും ക്രമസമാധാന

പ്രശ്നങ്ങളുള്ള സാഹചര്യങ്ങളിലും മേലധികാരികളുടെ ഉത്തരവുപ്രകാരം രാത്രികാലങ്ങളിലും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. സൂര്യപ്രകാശത്തിന് സമാനമായ വെളിച്ചം, സ്റ്റാഫിന്റെ കുറവ്, കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിക്കൊണ്ട് മാത്രമേ രാത്രികാല പോസ്റ്റ്മോർട്ടം നിലവിൽ വരുത്താൻ കഴിയുകയുള്ളൂ.

തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യാവശ്യംവേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതടക്കമുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു. നിലവിൽ ജില്ലാ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലാ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സജ്ജീകരണങ്ങളൊരുക്കി പ്രവർത്തിച്ചുവരുന്നു.

## സ്പൈനൽ മസ്കുലാർ അട്രോഫിരോഗം

195 (3899) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) രോഗം ബാധിച്ചവരെ സംബന്ധിച്ച ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ഇവരുടെ ചികിത്സയ്ക്കായി എന്തെല്ലാം സഹായമാണ് നൽകിവരുന്നത്?

സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) രോഗം സ്ഥിരീകരിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

എസ്.എം.എ. അസുഖബാധിതരായ കുട്ടികളുടെ ചികിത്സയ്ക്കുള്ള മരുന്നിനായി കോടികൾ ചിലവുണ്ടെന്നും രോഗനിർണ്ണയത്തിനും തുടർചികിത്സയ്ക്കും ആവശ്യമായ സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ടെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിന്റെയും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിൽ പുറപ്പെടുവിച്ച കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 21-03-2022-ലെ സ.ഉ. (സാധാ) നം. 638/2022/ആരോഗ്യം പ്രകാരം എസ്.എം.എ. ബാധിച്ച കുട്ടികളുടെ ചികിത്സ സംബന്ധിച്ച പ്രോട്ടോകോൾ രൂപീകരിക്കുന്നതിനായി ഒരു വിദഗ്ദ്ധ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം രോഗബാധിതരുടെ വിവരം ശേഖരിക്കുന്നതിനും നിലവിൽ ലഭ്യമായ ചികിത്സകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിക്കുന്നതിനും തീരുമാനിച്ചു. ഇതിലൂടെ മാത്രമേ ഏതുതരത്തിലുള്ള ചികിത്സ, എത്രപേർക്ക്, എന്ത് ചെലവിൽ നൽകാൻ സാധിക്കുമെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. എസ്.എം.എ. രോഗത്തിന്റെ ചികിത്സയ്ക്ക് ഇന്ന് ലഭ്യമായ 3 മരുന്നുകളിൽ റെസ്ഡിപ്ലാം (Risdiplam) എന്ന മരുന്നിന് മാത്രമാണ് ഇന്ത്യയിൽ വില്പനയ്ക്ക് DCGI അംഗീകാരമുള്ളത്. 21-03-2022-ലെ സ.ഉ.(സാധാ) നം.638/2022/ആ.കു.വ. പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ചികിത്സയുടെ വിവിധ വശങ്ങൾ പരിശോധിച്ച് ടി മരുന്ന് ചികിത്സയ്ക്കായി ഉപയോഗിക്കുന്നതിന് ശിപാർശ ചെയ്തു. എസ്.എം.എ. ഉൾപ്പെടെയുള്ള അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കായി ധനം സമാഹരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ തുടങ്ങുകയും പ്രസ്തുത അക്കൗണ്ടിലേയ്ക്ക് കേരള സർക്കാർ എല്ലാ സാമ്പത്തിക വർഷവും 50 ലക്ഷം രൂപ ടി രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 32 കോടി രൂപയോളം വിവിധ ഉറവിടങ്ങളിൽനിന്നായി ലഭ്യമായിട്ടുണ്ട്.

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ സർക്കാർതലത്തിൽ

ആദ്യമായി ഒരു എസ്.എം.എ. ക്ലിനിക്ക് വിവിധ ചികിത്സാ വിഭാഗങ്ങളെ ഏകോപിപ്പിച്ച് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പീഡിയാട്രിക് ന്യൂറോളജി, ജനറ്റിക്സ്, ഓർത്തോപീഡിക്സ്, പൾമൊണറി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ എന്നീ വകുപ്പുകളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഇത്തരത്തിലുള്ള കുട്ടികളുടെ രോഗനിർണ്ണയം, വിവിധങ്ങളായ ചികിത്സ എന്നിവ നൽകുന്നതിനുള്ള സൗകര്യങ്ങളൊരുക്കി വരുന്നു. കുട്ടികളുടെ രോഗനിർണ്ണയത്തിനായും ഗർഭാവസ്ഥയിൽത്തന്നെ രോഗം കണ്ടെത്തുന്നതിനുമുള്ള സൗകര്യങ്ങൾ തിരുവനന്തപുരത്ത് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലൂടെ ഒരുക്കിയിട്ടുണ്ട്.

കൂടാതെ എസ്.എം.എ. രോഗികൾക്ക് ഏറ്റവും അത്യാവശ്യമായ മെഡിക്കൽ/ഫിസിയോതെറാപ്പി സേവനം തെരഞ്ഞെടുത്ത യൂണിറ്റുകളിൽ (14 ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ, 7 ജില്ലാ ആശുപത്രികൾ, 6 മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ യൂണിറ്റുകൾ) ഉറപ്പാക്കുന്നതിനായി 09-06-2022-ന് ഡോക്ടർമാർക്കായി ഒരു ദിവസത്തെ ഓറിയന്റേഷൻ വർക്ക്ഷോപ്പും 10-06-2022-ന് ഫിസിയോ തെറാപ്പിസ്റ്റുകൾക്കായി ഒരു ദിവസത്തെ വർക്ക്ഷോപ്പും ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽവച്ച് നടത്തിയിട്ടുണ്ട്.

കേരളത്തിൽ എസ്.എം.എ. ബാധിതരായവരുടെ വിവരങ്ങൾ ശേഖരിക്കുകയും തിരുവനന്തപുരം എസ്.എ.ടി. ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലായി സോഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അർഹരായ രോഗികളെ കണ്ടെത്തി Risdiplam എന്ന മരുന്ന് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

(ബി) എസ്.എം.എ. രോഗികളുടെ ചികിത്സയ്ക്കായി വിവിധ സന്നദ്ധ സംഘടനകളുംമറ്റും ക്രൗഡ് ഫണ്ടിംഗ്‌വഴി സ്വരൂപിച്ച തുക സർക്കാരിലേയ്ക്ക് ഒടുക്കുവാൻ ഹൈക്കോടതി നിർദ്ദേശിച്ചതുപ്രകാരം എത്ര കേസുകളിൽനിന്ന് എത്ര തുക വീതം ആകെ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്; ഇനി ഏതെങ്കിലും കേസിൽ തുക ലഭിക്കാനുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

WP(C)No.7984/2021 കേസിൽ 21-01-2022-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുപ്രകാരം എസ്.എം.എ. രോഗികളുടെ ചികിത്സയ്ക്കായി വിവിധ സന്നദ്ധ സംഘടനകളുംമറ്റും ക്രൗഡ് ഫണ്ടിംഗ്‌വഴി സ്വരൂപിച്ച തുകയിൽ കണ്ണൂർ ജില്ലയിൽനിന്നും 14,14,32,299/- രൂപയും മലപ്പുറം ജില്ലയിൽനിന്നും 17,04,40,418/- രൂപയും

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിലെ അക്കൗണ്ടിൽ സ്വീകരിച്ചിട്ടുണ്ട്. മറ്റ് കേസുകളിൽനിന്ന് തുകയൊന്നും ലഭിക്കാനില്ല.

(സി) ഇപ്രകാരം ഒടുക്കിയ തുകയിൽനിന്നും ഇത്തരം രോഗികളുടെ ചികിത്സയ്ക്കായി തുക അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്രപേർക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര തുക ഇതിനായി ചെലവഴിച്ചു; ഇനി എത്ര തുക ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

ഇപ്രകാരം ഒടുക്കിയ തുകയിൽനിന്നും ഇത്തരം രോഗികളുടെ ചികിത്സയ്ക്കായി തുക അനുവദിക്കുന്നതിന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. എസ്.എം.എ. രോഗികളുടെ ചികിത്സയ്ക്കായി നിർദ്ദേശിക്കപ്പെട്ട റെസ്ഡിപ്ലാം (Risdiplam) എന്ന മരുന്നിന് ചെലവഴിച്ച തുക എത്രയാണെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അറിയിക്കുന്ന മുറയ്ക്ക് ഇതിൽനിന്നും തുക ചെലവാക്കുന്നതാണ്. അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കായുള്ള അക്കൗണ്ടിന്റെ 15-07-2022-ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അരൂർ മണ്ഡലത്തിലെ ആരോഗ്യ മേഖലയിലെ വികസന പദ്ധതികൾ**

196 (3900) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽനിന്നും നീക്കിവച്ച 4 കോടി രൂപ ഉപയോഗിച്ച് അരൂർ മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

&

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ടെണ്ടർ നടപടിയായയെന്നും വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽനിന്നും നീക്കിവച്ച തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സി.എച്ച്.സി. അരുകുറ്റി

26-07-2021-ലെ G.O(Rt.) No.1555/2021/H&FWD പ്രകാരം അരൂർ മണ്ഡലത്തിലെ സി.എച്ച്.സി. അരുകുറ്റിയിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ ടി പ്രോജക്ടിന്റെ എസ്.പി.വി. ആയി പ്രവർത്തിക്കുന്ന കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ആസ്തിവികസന ഫണ്ടും കിഫ്ബി ഫണ്ടും (50% MLA ഫണ്ടും 50% കിഫ്ബി ഫണ്ടും) ഉപയോഗിച്ച് 10 കിടക്കകളുള്ള, മെഡിക്കൽ ഗ്യാസ്, മെഡിക്കൽ ഉപകരണങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടി ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ ഏജൻസിയായി തെരഞ്ഞെടുത്ത M/s. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2) <u>കുടുംബാരോഗ്യകേന്ദ്രം, വല്ലേത്തോട്</u>

2018-19 വർഷത്തിലെ എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വല്ലേത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

3) <u>എഫ്.എച്ച്.സി., പള്ളിപ്പുറം</u>.

2019-20-ലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എഫ്.എച്ച്.സി. പള്ളിപ്പുറം എന്ന സ്ഥാപനത്തിന് പുതിയ ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണപ്രവൃത്തി 85 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു.

## ഹോമിയോപ്പതി ആശുപത്രി മെച്ചപ്പെടുത്തുന്നതിന് നടപടി

197 (3901) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹോമിയോപ്പതി ആശുപത്രികൾ വികസിപ്പിക്കുന്നതിനും ചികിത്സ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഹോമിയോപ്പതി ആശുപത്രികളുടെ വികസനത്തിനായി വാർഷിക പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഈ തുക അശുപത്രികൾ നവീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഉപയോഗിക്കുന്നു. ചികിത്സ മെച്ചപ്പെടുത്തുന്നതിനായി ഇ-ഹോസ്പിറ്റൽ/ഇ-ആയുഷ് തുടങ്ങിയ പദ്ധതികൾ AHims-ന്റെ സെക്കൻഡ് വേർഷനിൽ നടപ്പാക്കുന്നതാണ്. കൂടാതെ OP/IP സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും AHims എന്നൊരു സോഫ്റ്റ്‌വെയർ ഹോമിയോപ്പതി വകുപ്പിൽ നടപ്പാക്കിയിട്ടുണ്ട്. ഹോമിയോപ്പതി മൊബൈൽ ആപ്പും നടപ്പാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശുപത്രികളിൽ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി പെയിൻ ആൻഡ് പാലിയേറ്റീവ്, കിഡ്നി കെയർ, ഇൻഫെർട്ടിലിറ്റി, പീഡിയാട്രിക്, സ്കിൻ, ജീവിതശൈലീ രോഗങ്ങൾ, ഡീ-അഡിക്ഷൻ എന്നീ വിഭാഗങ്ങൾക്കായി സ്പെഷ്യൽ ഒ.പി.-കൾ പ്രവർത്തിക്കുന്നു. കൂടാതെ ഇ.എൻ.ടി., ഒഫ്താൽമോളജി, ഫിസിയോതെറാപ്പി, ഇ.സി.ജി. എന്നീ വിഭാഗങ്ങളിലെ സേവനങ്ങളും ലഭ്യമാക്കിവരുന്നു. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

**ആരോഗ്യ രംഗത്തെ പ്രത്യേക കർമ്മ പദ്ധതികൾ**

198 (3902)ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾക്കെതിരെ ചികിത്സയും പ്രതിരോധവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേക ആരോഗ്യ പരിശോധനാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും വിവരശേഖരണവും പഠനങ്ങളും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചുമുള്ള ആരോഗ്യ വിവരശേഖരണം നടത്തുന്നതിനും ജീവിതശൈലീ രോഗപരിശോധനയും ചികിത്സയും നടത്തുന്നതിനും ഒരു ബൃഹത് ക്യാമ്പയിൻ ആരോഗ്യവകുപ്പ് ആരംഭിക്കുകയുണ്ടായി. 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന് നാമകരണം ചെയ്ത ഈ ക്യാമ്പയിൻ തുടക്കത്തിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പഞ്ചായത്തിലാണ് നടപ്പിലാക്കുക. ആശാ പ്രവർത്തകർ, ഭവനസന്ദർശനം നടത്തി ഓരോ വീടുകളിലെയും 30 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ വിവരശേഖരണം നടത്തി അവരുടെ ആരോഗ്യപ്രശ്നങ്ങൾക്കനുസൃതമായ പരിശോധനകൾക്ക് അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിലേയ്ക്ക് അവരെ റഫർ ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത വിവരശേഖരണത്തിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ ശേഖരിച്ചുവരുന്നത്. ഇത് തത്സമയംതന്നെ അതത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഡാഷ്

ബോർഡിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് ആരോഗ്യരംഗത്തെ ഗവേഷണം ശക്തമാക്കാൻ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യ രംഗത്തെ ഗവേഷണങ്ങൾ ത്വരിതപ്പെടുത്താനും ശക്തമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഇരവിപുരം നിയോജകമണ്ഡലത്തിൽ ആരോഗ്യ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

199 (3903) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. ഇരവിപുരം കുടുംബാരോഗ്യ കേന്ദ്രം

2. പാലത്തറ കുടുംബാരോഗ്യ കേന്ദ്രം

3. മയ്യനാട് കുടുംബാരോഗ്യ കേന്ദ്രം

ആർദ്രം ഒന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട ഇരവിപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനങ്ങൾ എന്നിവയെല്ലാം വർദ്ധിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 14,20,500/- രൂപ അനുവദിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയുമുണ്ടായി. കൂടാതെ ആർദ്രം ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ എൻ.എച്ച്.എം. 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടനിർമ്മാണത്തിനായി 3,17,46,000/-രൂപ (മൂന്ന് കോടി പതിനേഴ് ലക്ഷത്തി നാൽപ്പത്തി ആറായിരം രൂപ മാത്രം)-യുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ആർദ്രം പദ്ധതിയുടെ 2-ാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട പാലത്തറ, മയ്യനാട് എന്നീ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപ അടിസ്ഥാന

സൗകര്യ വികസനത്തിനായി അനുവദിക്കുകയും ആയത് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പാലത്തറ കുടുംബാരോഗ്യ കേന്ദ്രത്തിൽ നബാർഡ് ഫണ്ട് മുഖേന പുതിയ കെട്ടിട നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മയ്യനാട് കുടുംബാരോഗ്യ കേന്ദ്രത്തെ കോവിഡ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ മണ്ഡലത്തിൽ ഉൾപ്പെട്ട മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഫണ്ട് ഉപയോഗിച്ചാണെന്നും ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണെന്നും ഏത് ഏജൻസികളാണ് നിർവ്വഹണം നടത്തുന്നതെന്നും ടി പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി.എസ്സി. നഴ്സിംഗ് സീറ്റ് വർദ്ധിപ്പിക്കുന്നതിന് നടപടി

200 (3904) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി(സി-മെറ്റ്)-യുടെ കീഴിലുള്ള മലമ്പുഴ, പള്ളുരുത്തി, ഉദുമ, മുട്ടത്തറ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകളിൽ ബി.എസ്സി. നഴ്സിംഗ് സീറ്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പിലെ സി3/20/2019 ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ സി3/20/2019 എന്ന ഫയലിൽ കൈകാര്യം ചെയ്യുന്ന വിഷയം സി-മെറ്റിന് കീഴിലുള്ള കോളേജുകളിൽ ബി.എസ്സി. നഴ്സിംഗ് സീറ്റ് വർദ്ധനയുമായി ബന്ധപ്പെട്ടതല്ല. സ്വയംഭരണ സ്ഥാപനമായ സി-മെറ്റിന് കീഴിലുള്ള മലമ്പുഴ, പള്ളുരുത്തി, ഉദുമ, മുട്ടത്തറ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകളിൽ ബി.എസ്സി. നഴ്സിംഗ് സീറ്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**കോങ്ങാട് മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

201 (3905) ശ്രീമതി ശാന്തകുമാരി. കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഐസൊലേഷൻ വാർഡ് നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത് സി.എച്ച്.സി. കോങ്ങാട് എന്ന സ്ഥാപനത്തെയാണ്. പ്രസ്തുത സ്ഥാപനത്തെ ആദ്യഘട്ടത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള 90 ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ പ്രവൃത്തികൾക്കായുള്ള അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഭിന്നശേഷി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ക്യൂ ഒഴിവാക്കൽ

202 (3906) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് വിവിധ സേവനങ്ങൾക്കായി ക്യൂ ഒഴിവാക്കിക്കൊണ്ടുള്ള അറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

&

(ബി) എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ സേവനങ്ങൾക്കായി ക്യൂ ഒഴിവാക്കിക്കൊണ്ടുള്ള അറിയിപ്പ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർക്ക് വിവിധ സേവനങ്ങൾക്കായി

ക്യൂ ഒഴിവാക്കിക്കൊണ്ടുള്ള അറിയിപ്പ് ബോർഡുകൾ മിക്കവാറും എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളിലും സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതേസമയം, ഭിന്നശേഷിക്കാരായവർ ഒ.പി.-യിൽ വന്നാൽ അവർക്ക് മുൻഗണന കൊടുക്കാനുള്ള നിർദ്ദേശം എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ട്.

## കൊല്ലം വിക്ടോറിയ ആശുപത്രി

203 (3907) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം വിക്ടോറിയ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ രൂപകല്പന പൂർത്തിയായിട്ടുണ്ടോ; കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർനടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം വിക്ടോറിയ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ രൂപകല്പന ടെക്നിക്കൽ കമ്മിറ്റിയുമായി ചേർന്ന് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ഗ്രിഹ 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനുള്ള ജോലികൾ കിഫ്ബിയുമായി ചേർന്ന് പൂർത്തീകരിച്ചശേഷം കിഫ്ബിയുടെ സാമ്പത്തികാനുമതിക്ക് സമർപ്പിക്കുന്നതാണ്. പ്രസ്തുത രൂപരേഖ കിഫ്ബി അംഗീകരിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജാക്കാനുള്ള കേന്ദ്ര പദ്ധതി**

204 (3908) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജാക്കാനുള്ള കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്താൻ കേരളം അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതൊക്കെ ജില്ലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇത സംബന്ധിച്ച മാനദണ്ഡം എന്താണെന്ന് വിശദീകരിക്കാമോ; കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഇക്കാര്യത്തിൽ ലഭ്യമാകുമോയെന്ന് വിശദീകരിക്കാമോ?

" Establishment of New Medical Colleges attached with the existing District/Referral hospital" എന്ന കേന്ദ്രസർക്കാർ പദ്ധതിയുടെ അടിസ്ഥാനത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയെ വയനാട് സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ വയനാട് ജില്ലയിൽ DM Wayanad Institute of Medical Sciences എന്ന പേരിൽ ഒരു സ്വകാര്യ മെഡിക്കൽ കോളേജ് നിലവിലുള്ളതിനാൽ മേൽ പദ്ധതിയിൻകീഴിൽ പുതിയ മെഡിക്കൽ കോളേജ് അനുവദിക്കുന്ന വിഷയം പരിഗണിക്കാൻ കഴിയില്ലെന്ന് 01-11-2021-ലെ U.14017/109/2021-ME-II നമ്പർ കത്ത് മുഖാന്തരം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജാക്കാനുള്ള കേന്ദ്ര പദ്ധതിയുടെ മാനദണ്ഡം അനുബന്ധമായി[+] ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

205 (3909) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജ് പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ടി മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവും ക്യാമ്പസ് റോഡുകളുടെ നിർമ്മാണവുമാണ് പൂർത്തിയായിട്ടുള്ളത്. ആശുപത്രി കെട്ടിടത്തിന്റെ സിവിൽ വർക്കുകളും ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പൂർത്തിയാകാനുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകളും ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സുകൾ, ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി, ഓഡിറ്റോറിയം, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി) നിലവിൽ ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളാണ് പ്രസ്തുത മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നതെന്നും രോഗനിർണ്ണയത്തിനും മറ്റ് ചികിത്സാ സൗകര്യങ്ങൾക്കുമായി എന്തെല്ലാം ഉപകരണങ്ങളും സംവിധാനങ്ങളുമാണ് ഇവിടെ ലഭ്യമായിട്ടുള്ളതെന്നും വിശദമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒ.പി. വിഭാഗത്തിൽ ന്യൂറോളജി, ജനറൽ മെഡിസിൻ, ഇ.എൻ.ടി. പീഡിയാട്രിക്സ്, പൾമൊണറി മെഡിസിൻ, സൈക്യാട്രി, ഡെന്റൽ സർജറി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹീമോഗ്രാം, വൃക്ക സംബന്ധമായ പ്രവർത്തന പരിശോധന (Rental Function Test), ലിവർ ഫംഗ്ഷൻ ടെസ്റ്റ് തുടങ്ങിയ രക്ത പരിശോധനകൾക്കുള്ള സൗകര്യവും ടി മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുണ്ട്. ഇവിടെ പോർട്ടബിൾ എക്സ്റേ സംവിധാനവും ഫാർമസി സംവിധാനവും നിലവിലുണ്ട്.

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനാൽ ഒ.പി.

പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ മാത്രമേ നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുള്ളൂ. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മെഡിക്കൽ കോളേജിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ കഴിയുന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ട്, കാസർഗോഡ് വികസന പാക്കേജ്, കിഫ്ബി എന്നിവ വഴി വിവിധ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ആശുപത്രി കെട്ടിടത്തിന്റെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സിവിൽ, അഗ്നി സുരക്ഷാ സംവിധാനം എന്നിവ സ്റ്റേറ്റ് ഫണ്ടിൽനിന്നും തുക അനുവദിച്ചാണ് പൂർത്തിയാക്കുന്നത്. മെഡിക്കൽ കോളേജിലെ ജലവിതരണ സംവിധാനം, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് തുടങ്ങിയവയ്ക്ക് കാസർഗോഡ് വികസന പാക്കേജിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിലെ ശേഷിക്കുന്ന നിർമ്മാണ-അനുബന്ധ പ്രവർത്തനങ്ങൾ കിഫ്ബി പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കിഫ്ബി പദ്ധതികളുടെ സാങ്കേതികാനുമതി തേടുന്നതിലേയ്ക്കായി വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളുടെ സൂക്ഷ്മപരിശോധന ടെക്നിക്കൽ കമ്മിറ്റി നടത്തിവരുന്നു. നിർമ്മാണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ കൃത്യമായ

ഇടവേളകളിൽ വിവിധ മീറ്റിംഗുകൾ വിളിച്ചുചേർത്ത് നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്.

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിച്ച സ്ഥിരം തസ്തികകൾ എത്ര; തസ്തികകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; അനുവദിച്ച തസ്തികകളിലേയ്ക്കെല്ലാം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

09-04-2020-ലെ സ.ഉ.(കൈ) നം.62/20/ആ.കു.വ. പ്രകാരം 91 അദ്ധ്യാപക തസ്തികകളും 182 അനദ്ധ്യാപക തസ്തികകളുമടക്കം ആകെ 273 തസ്തികകൾ കാസർഗോഡ് മെഡിക്കൽ കോളേജിനായി സൃഷ്ടിച്ചിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിലവിലെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ മാത്രമേ ഇപ്പോൾ നിയമിച്ചിട്ടുള്ളൂ. വിവരം അനുബന്ധമായി+ ചേർക്കുന്നു.

**തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ തസ്തികകൾ**

206 (3910) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുണ്ടോ; എങ്കിൽ എത്രയെന്നും, ഒഴിവ് നിലവിൽ വന്ന തീയതി ഉൾപ്പെടെ വെളിപ്പെടുത്തുമോ;

&

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി വിഭാഗങ്ങളിലായി ആകെ 2 അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽനിന്നും മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് ഡോക്ടർമാരുടെ തസ്തികകൾ ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയെന്നും പ്രസ്തുത തസ്തികകൾ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽനിന്നും മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് ഡോക്ടർമാരുടെ തസ്തികകൾ ഷിഫ്റ്റ് ചെയ്തിട്ടില്ല. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി, പ്ലാസ്റ്റിക് സർജറി, ജനറൽ സർജറി ഓരോ പ്രൊഫസർ തസ്തികകൾ വിവിധ കാലയളവിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി സ്ഥാപിച്ചത്, തിരികെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് നൽകുകയാണുണ്ടായത്.

(ഡി) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ജനറൽ സർജറി വിഭാഗത്തിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തിക നിലവിലില്ലാത്തതുമൂലം രോഗികൾക്ക് മികച്ച ചികിത്സ കിട്ടാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഡോക്ടർമാരെ ഉപയോഗപ്പെടുത്തി രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നുണ്ട്.

(ഇ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മെഡിക്കൽ റിക്കോർഡ്സ് ലൈബ്രറി വിഭാഗത്തിൽ അനുവദനീയമായ തസ്തികയും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും വെളിപ്പെടുത്തുമോ?

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മെഡിക്കൽ

റിക്കോർഡ്സ് ലൈബ്രേറിയന്റെ 10 തസ്തികകൾ നിലവിലുണ്ട്. അതിൽ 3 ജീവനക്കാർ നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**യൂനാനി മെഡിക്കൽ കോളേജുകൾ**

207 (3912) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് കീഴിൽ പ്രവർത്തിച്ചുവരുന്ന യുനാനി ഡിസ്പെൻസറികൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ ഒരു സ്ഥിരം ഡിസ്പെൻസറിയും (സർക്കാർ യുനാനി ഡിസ്പെൻസറി, മൊഗ്രാൽ കാസർഗോഡ്) നാഷണൽ ഹെൽത്ത് മിഷനുകീഴിൽ 15 NHM യുനാനി ഡിസ്പെൻസറികളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(ബി) എത്ര യുനാനി ആശുപത്രികളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ?

ആശുപത്രികൾ നിലവിൽ ഇല്ല.

(സി) കേരളത്തിൽ എവിടെയെല്ലാമാണ് യുനാനി മെഡിക്കൽ

കോളേജുകളുള്ളത്?

കോഴിക്കോട് ജില്ലയിലെ പുതുപ്പാടിയിൽ സ്വാശ്രയ മേഖലയിൽ മർക്കസ് യുനാനി മെഡിക്കൽ കോളജ് പ്രവർത്തിച്ചുവരുന്നു.

(ഡി) എല്ലാ ജില്ലകളിലും ഓരോ യുനാനി ആശുപത്രികളെങ്കിലും തുടങ്ങുന്നതിന് പദ്ധതിയുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

## മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ മുതിർന്ന ഡോക്ടർമാരുടെ സേവനം

208 (3913) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ എത്തിക്കുന്ന രോഗികൾക്ക് അടിയന്തരമായി സീനിയർ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ബി) അത്യാഹിത വിഭാഗത്തിൽ എത്തിക്കുന്ന രോഗികൾക്ക് അടിയന്തരമായി മുതിർന്ന ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

എല്ലാ അത്യാഹിത വിഭാഗങ്ങളിലും അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് തീരുമാനമാകുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) അത്യാഹിത വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. തുടർന്ന് മറ്റ് മെഡിക്കൽ കോളേജുകളിലും ഈ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ പരിശോധനാ വിഭാഗങ്ങളിലും അസിസ്റ്റന്റ്

പ്രൊഫസർ മുതൽ മുകളിലോട്ടുള്ള ഡോക്ടർമാരുടെ സേവനം കാഷ്വൽറ്റിയിൽ ഉറപ്പുവരുത്തുന്നുണ്ട്. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളെ ചുവപ്പ്, മഞ്ഞ, പച്ച എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുന്നു. ഗുരുതര രോഗികളെ ശാരീരികക്ഷമത കൈവരിച്ചതിനുശേഷം എമർജൻസി വിഭാഗത്തിൽനിന്നും അതത് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നു. മഞ്ഞ വിഭാഗത്തിൽപ്പെടുന്ന രോഗികളെ നേരിട്ട് അതത് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നു. ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കിവരുന്നു. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എല്ലാ വിഭാഗം ജീവനക്കാർക്കും തുടർച്ചയായ പരിശീലന പരിപാടികൾ നടപ്പിലാക്കും. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും രോഗികളുടെ കൂട്ടിരിപ്പുകാരുമായി ആശയവിനിമയം നടത്തുന്നതിനുമായി പേഷ്യന്റ് ഫെസിലിറ്റേറ്റർമാരെ നിയമിക്കും. അത്യാഹിത വിഭാഗത്തിന് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് കാഷ്വൽറ്റിയിൽ 24 മണിക്കൂർ കാസ്പ് കൗണ്ടർ പ്രവർത്തിപ്പിക്കുന്നതാണ്. എല്ലാത്തരം അന്വേഷണങ്ങൾക്കുമുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽവരുത്തും. അണുബാധാ നിയന്ത്രണരീതികളും ബയോമെഡിക്കൽ മാലിന്യ സംസ്കരണവും ശക്തിപ്പെടുത്തുന്ന രീതികൾ അവലംബിക്കുന്നതാണ്. കാഷ്വൽറ്റിയിൽ

എത്തുന്ന രോഗികൾക്ക് യഥാസമയം ട്രോളികളും വീൽചെയറുകളും ലഭ്യമാക്കുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും ട്രോളി സ്റ്റാഫുകളെ നിയമിക്കും. മെഡിക്കൽ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ. എന്നിവരുടെ നേതൃത്വത്തിൽ ഡ്യൂട്ടി ഡോക്ടർമാരുടെ ദൈനംദിന വിവരം കാഷ്വൽറ്റിയിൽ പ്രദർശിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രോമാകെയർ സംവിധാനങ്ങളോടുകൂടിയ കാഷ്വൽറ്റി വിംഗ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുണ്ട്.

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ

209 (3914) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യത്തോടുകൂടിയ ട്രോമാ കെയർ കെട്ടിടം, തീപ്പൊള്ളലേറ്റ് വരുന്നവർക്കുള്ള ബേൺ യൂണിറ്റ് എന്നിവ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

തൃശ്ശൂർ മെഡിക്കൽ കോളേജിൽ കൂടുതൽ തസ്തികകൾ

സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഹൃദയാഘാതവുമായി തൃശ്ശൂർ മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്ക് ആൻജിയോപ്ലാസ്റ്റി പോലുള്ള സൗകര്യങ്ങൾ 24 മണിക്കൂറും ലഭ്യമാക്കാൻ കാർഡിയാക് കാത്ത്‌ലാബ് സൗകര്യം വിപുലീകരിക്കുന്നതിനുവേണ്ട സൗകര്യങ്ങളും ജീവനക്കാരെയും ലഭ്യമാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം നിലവിൽ ആരംഭിച്ചിട്ടില്ല. അതിനോട് അനുബന്ധിച്ചുള്ള ട്രോമാകെയർ വിഭാഗത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ആൻജിയോപ്ലാസ്റ്റി പോലുള്ള സൗകര്യങ്ങൾ 24 മണിക്കൂറും ലഭ്യമാക്കാൻ കാർഡിയാക് കാത്ത്‌ലാബ് സൗകര്യം വിപുലീകരിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) കിഫ്ബി മുഖേന നിർമ്മിക്കുന്ന തൃശ്ശൂർ മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും മാതൃ-ശിശു കേന്ദ്രത്തിന്റെയും നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

തൃശ്ശൂർ മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിന് കിഫ്ബി മുഖേന 285.54 കോടി രൂപയുടെ ഭരണാനുമതിയും 169.01 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. മാതൃ-ശിശു കേന്ദ്രത്തിനായി 277.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്.

(ഡി) മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി തൃശ്ശൂർ മെഡിക്കൽ കോളേജിന് ആദ്യഘട്ടത്തിൽ എത്ര തുകയാണ് അനുവദിച്ച് നൽകിയതെന്നും രണ്ടാം ഘട്ടത്തിൽ ഈ പ്രവൃത്തിക്കായി തൃശ്ശൂർ മെഡിക്കൽ കോളേജിന് തുക അനുവദിച്ചിട്ടുണ്ടോയെന്നും തുക അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ?

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി ആദ്യഘട്ടത്തിൽ 5 കോടി രൂപ അനുവദിച്ചു.

## തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് സംവിധാനം

210 (3915) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇ-ഹെൽത്ത് പദ്ധതിയിലൂടെ ഓൺലൈനായി ഒ.പി. ടിക്കറ്റും അപ്പോയിന്റ്മെന്റും എടുക്കാൻ കഴിയുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

&

(സി) ഇല്ലെങ്കിൽ ഇത് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നെറ്റ്‌വർക്ക്, യു.പി.എസ്. കേബിളിംഗ് ജോലികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ആവശ്യമായ വൈദ്യുതി

ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

(ഡി) ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ ഈ സംവിധാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, മലപ്പുറം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**കാഷ്വൽറ്റികളിൽ മുതിർന്ന ഡോക്ടർമാരുടെ സേവനം**

211 (3916) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗവും കാഷ്വൽറ്റികളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒ.പി. വിഭാഗം, അത്യാഹിതവിഭാഗം എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള

നടപടികളെടുത്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളുടെ സേവനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. തുടർന്ന് മറ്റ് മെഡിക്കൽ കോളേജിലേയ്ക്കും പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ പരിശോധനാ വിഭാഗങ്ങളിലും അസിസ്റ്റന്റ് പ്രൊഫസർ മുതൽ മുകളിലോട്ടുള്ള ഡോക്ടർമാരുടെ സേവനം ഒ.പി. കാഷ്വൽറ്റിയിൽ ഉറപ്പുവരുത്തുന്നുണ്ട്. ഒ.പി. വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആർദ്രം പദ്ധതി പോലുള്ള സ്കീം ഉപയോഗിച്ച് ഡിജിറ്റൽ ടോക്കൺ സമ്പ്രദായം, ശീതീകരണ പ്രവൃത്തികൾ എന്നിവ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒ.പി.-യിൽ വരുന്ന രോഗികളുടെ സൗകര്യാർത്ഥം കൂടുതൽ ടോയ്ലെറ്റ് സൗകര്യവും മുലയൂട്ടുന്നതിന് പ്രത്യേക മുറിയും സജ്ജമാക്കുന്നതിനുള്ള നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഒ.പി.-യിൽ വരുന്ന രോഗികൾക്ക് ഒ.പി. സമയം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ആപ്പുകൾ ആർദ്രം പദ്ധതി ഉപയോഗിച്ച് നടപ്പിൽ വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇതോടൊപ്പം കൂടുതൽ സൗകര്യമുള്ള വെയ്റ്റിംഗ് ലോബികൾ നിർമ്മിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളെ ചുവപ്പ്, മഞ്ഞ, പച്ച എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുന്നു. ഗുരുതര രോഗികളെ ശാരീരികക്ഷമത കൈവരിച്ചതിനുശേഷം എമർജൻസി വിഭാഗത്തിൽനിന്നും അതത് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നു. മഞ്ഞ വിഭാഗത്തിൽപ്പെടുന്ന രോഗികളെ നേരിട്ട് അതത് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നു. ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കി വരുന്നു. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പരിശീലന പരിപാടികൾ നടപ്പിലാക്കും. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും രോഗികളുടെ കൂട്ടിരിപ്പുകാരുമായി ആശയവിനിമയം നടത്തുന്നതിനുമായി പേഷ്യന്റ് ഫെസിലിറ്റേറ്റർമാരെ നിയമിക്കും. അത്യാഹിത വിഭാഗത്തിന് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് കാഷ്വൽറ്റിയിൽ 24 മണിക്കൂർ കാസ്പ് കൗണ്ടർ പ്രവർത്തിപ്പിക്കുന്നതാണ്. എല്ലാത്തരം അന്വേഷണങ്ങൾക്കുമുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വരുത്തും. അണുബാധാ നിയന്ത്രണരീതികളും ബയോമെഡിക്കൽ മാലിന്യ സംസ്കരണവും ശക്തിപ്പെടുത്തുന്ന രീതികൾ അവലംബിക്കുന്നതാണ്. കാഷ്വൽറ്റിയിൽ

എത്തുന്ന രോഗികൾക്ക് യഥാസമയം ട്രോളികളും വീൽചെയറുകളും ലഭ്യമാക്കുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും ട്രോളി സ്റ്റാഫുകളെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള കാഷ്വൽറ്റികളിൽ മുതിർന്ന ഡോക്ടർമാരുടെ സേവനം ഷിഫ്റ്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കാഷ്വൽറ്റികളിൽ അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത മുതിർന്ന ഡോക്ടർമാരുടെ സേവനം നൽകിവരുന്നുണ്ട്.

## സർക്കാർ മെഡിക്കൽ കോളേജുകളിൽ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

212 (3917) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സേവന ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ പദ്ധതി (Quality Improvement Initiative) ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് നടപ്പിലാക്കിയത്. എമർജൻസി കെയർ, ചെസ്റ്റ് പെയിൻ സ്ട്രോക്ക് യൂണിറ്റ് എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വിവിധ മെഡിക്കൽ കോളേജുകളിലെ സീനിയർ ഡോക്ടർമാരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി മറ്റ് മെഡിക്കൽ കോളേജുകളിൽക്കൂടി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അത്യാഹിത വിഭാഗങ്ങളെ രോഗീസൗഹൃദമാക്കുന്നതിന് ഊന്നൽ നൽകി സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ ആദ്യഘട്ടമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗത്തിന്റെ തീവ്രതയനുസരിച്ച് വിവിധ മേഖലകളായി തിരിച്ച് ഡോക്ടർമാർ, നഴ്സുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ ട്രയാജ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രോഗികളെ സഹായിക്കുന്നതിനായി ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുകയും ആവശ്യമായ പി.ആർ.ഒ.-മാരെ അത്യാഹിത വിഭാഗത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ മാതൃക മറ്റ് മെഡിക്കൽ കോളേജുകളിൽ തുടങ്ങുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. ഇതുകൂടാതെ അത്യാഹിത

വിഭാഗത്തിൽ അപകടത്തിൽപ്പെട്ട് വരുന്നവരുടെ ചികിത്സാ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാർക്ക് ATELC വഴി ട്രെയിനിംഗ് നൽകിവരുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇതിനായി നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത സീനിയർ ഡോക്ടറുടെ സേവനം അത്യാഹിത വിഭാഗങ്ങളിൽ ഉറപ്പാക്കാൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം?

എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് രൂപീകരിച്ച് ട്രോമാകെയർ സംവിധാനങ്ങളോടുകൂടിയ അത്യാഹിത വിഭാഗം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കുന്നതിനായി വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ഇത് നടപ്പാക്കിയെന്നും അതിന്റെ മോണിറ്ററിംഗ് നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ഇവ നടപ്പാക്കുന്നതിനും

നിരീക്ഷിക്കുന്നതിനും ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എല്ലാ ചികിത്സാ വിഭാഗങ്ങളിലും ആധുനിക ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനുള്ള കാത്ത് ലാബ്, സി.റ്റി., എം.ആർ.ഐ. സ്കാൻ, ആൻജിയോഗ്രാഫി, പക്ഷാഘാതത്തിന് അടിയന്തര ചികിത്സ നൽകുന്നതിനുള്ള സ്ട്രോക്ക് യൂണിറ്റ്, ക്യാൻസർ ചികിത്സയ്ക്ക് ഏറ്റവും ആധുനികമായ ലിനാക്ക് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കുന്നതിനായി വകുപ്പ് മേധാവികളെയും ആശുപത്രി അധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഈ പദ്ധതിയനുസരിച്ച് ഡ്യൂട്ടിക്ക് ഹാജരാകാത്തവരുണ്ടോ; ഹാജരാകാത്ത ഡോക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

പ്രസ്തുത പദ്ധതിയനുസരിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഡ്യൂട്ടിക്ക് ഹാജരാകാത്ത ഡോക്ടർമാരുടെ വിവരം സംബന്ധിച്ച റിപ്പോർട്ട് ആശുപത്രി

സൂപ്രണ്ട് തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറിയിട്ടുണ്ട്. ആയതിൽ അന്വേഷണം പുരോഗമിക്കുന്നു.

**വയനാട് ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനം**

213 (3918) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖാന്തരം വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ 2016 ജൂൺ 1 മുതൽ 2022 മേയ് 31 വരെ എത്ര സ്റ്റാഫ് നഴ്സുമാർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ?

2016 ജൂൺ 1 മുതൽ 2022 മേയ് 31 വരെ 103 (നൂറ്റി മൂന്ന്) സ്റ്റാഫ് നഴ്സുമാർക്ക് വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ സ്റ്റാഫ് നഴ്സിന്റെ ഒഴിവുകൾ എത്ര; വ്യക്തമാക്കാമോ?

നിലവിൽ 2 ഒഴിവുകളുണ്ട്. ടി ഒഴിവുകളിൽ ഒരെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും രണ്ടാമത്തെ ഒഴിവ് അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി മാറ്റിവച്ചിട്ടുള്ളതുമാണ്.

## സർക്കാർ ആയുർവ്വേദ ആശുപത്രികൾ

214 (3919) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർ ആയുർവ്വേദാശുപത്രികൾ എത്ര; ആകെ കിടക്കകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

ആയുർവ്വേദ ആശുപത്രികൾ - 128 എണ്ണം

കിടക്കകൾ - 3084 എണ്ണം

(ബി) പ്രസ്തുത ആശുപത്രികളിലുള്ള ആകെ തെറാപ്പിസ്റ്റുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

84 സ്ഥിരം തസ്തികകൾ.

(സി) നിലവിലുള്ള തെറാപ്പിസ്റ്റുകളെക്കൊണ്ട് രോഗീപരിചരണം സുഗമമായി നടത്താൻ കഴിയുമോ; ഇല്ലെങ്കിൽ കൂടുതൽ തെറാപ്പിസ്റ്റുകളെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

സ്ഥിരം തസ്തികകളിലെ തെറാപ്പിസ്റ്റുകൾക്ക് പുറമെ നാഷണൽ ആയുഷ് മിഷൻ, സംസ്ഥാന പദ്ധതി വിഹിതം, ആശുപത്രി വികസന സമിതി എന്നിവ മുഖേന നിയമിക്കപ്പെട്ട തെറാപ്പിസ്റ്റുകൾ മുഖേന രോഗീപരിചരണം

നടത്തിവരുന്നു.

## എൻ.എച്ച്.എം.-ന്റെ കീഴിൽ കോൺട്രാക്ട് ജീവനക്കാർ

215 (3920) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എം.-ന്റെ കീഴിൽ വിവിധ ആശുപത്രികളിലേയ്ക്ക് കോൺട്രാക്ട് ആയി നിയമിക്കുന്ന ജീവനക്കാർക്ക് എത്ര ദിവസമാണ് ലീവ് അനുവദിക്കുന്നത്; ലീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ലീവ് അനുവദിക്കുകയും തിരികെ ജോലിയിൽ പ്രവേശിക്കാൻ പറയുന്ന ദിവസം കൃത്യമായി ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എൻ.എച്ച്.എം.-ന്റെ കീഴിൽ വിവിധ ആശുപത്രികളിൽ കോൺട്രാക്ട് ആയി നിയമിക്കുന്ന ജീവനക്കാർക്ക് ലീവ് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. കരാർ നിബന്ധനപ്രകാരം, ലീവിനുശേഷം ജോലിയിൽ തിരികെ പ്രവേശിക്കാതിരിക്കുന്ന ജീവനക്കാരെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിരിച്ചുവിടാൻ വ്യവസ്ഥയുണ്ട്.

(ബി) എൻ.എച്ച്.എം.-ന്റെ കീഴിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന ഏതെങ്കിലും ജീവനക്കാർക്ക് ദീർഘകാല ലീവ് അനുവദിച്ചിട്ടുണ്ടോ; ലീവ് അപേക്ഷിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; ലീവ് അനുവദിച്ചുവെങ്കിൽ ഏതു മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ; അനുവദിച്ച ലീവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ജോലിയിൽ പ്രവേശിച്ചത്;

&

(സി) കൃത്യസമയത്ത് ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രവേശിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; കൃത്യസമയത്ത് ജോലിയിൽ പ്രവേശിക്കാതിരുന്ന ഉദ്യോഗസ്ഥരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ലീവ് അനുവദിച്ചിട്ടുണ്ട്. ശൂന്യവേതനാവധിയിൽ വിദേശത്ത് ഭർത്താവിനൊപ്പം താമസിക്കുന്നതിന് പോകുന്നതിനായാണ് ലീവിന് അപേക്ഷിച്ചത്. ഈ അപേക്ഷ പരിഗണിച്ചതിൻപ്രകാരമാണ് ലീവ്

അനുവദിച്ചത്. ലീവ് അനുവദിച്ച കാലയളവ് കഴിഞ്ഞ് വീണ്ടും, കോവിഡ് മഹാമാരിമൂലമുള്ള പ്രതിസന്ധികൾ കാരണം ലീവ് നീട്ടുന്നതിനായി അപേക്ഷ സമർപ്പിക്കുകയും കോവിഡ് സാഹചര്യം കണക്കിലെടുത്ത് ആരോഗ്യകേരളം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമായി അപേക്ഷകയ്ക്ക് പുതിയ കരാറിൽ നിയമനം നൽകുകയും അതിൻപ്രകാരം അപേക്ഷകയ്ക്ക് ആരോഗ്യവകുപ്പിന് കീഴിലെ അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പി.ആർ.ഒ. ആയി നിയമനം നൽകുകയും ആയത് ആരോഗ്യകേരളം നാല്പത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) എൻ.എച്ച്.എം.-ന്റെ കീഴിലുള്ള കോൺട്രാക്ട് വ്യവസ്ഥയിൽ തിരുവനന്തപുരം ജില്ലയിൽ പി.ആർ.ഒ. തസ്തികയിൽ 2022 ഏപ്രിൽ 02-ന് കരാർ കാലാവധി നീട്ടി നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതു സ്ഥാപനത്തിലാണ് ജോലി നൽകിയത്; കരാർ കാലാവധി നീട്ടി നൽകിയില്ലെങ്കിൽ ജോലിയിൽ നിന്നും പിരിച്ചു വിട്ടതാണോയെന്ന് വ്യക്തമാക്കാമോ; ജോലിയിൽ നിന്നും പിരിച്ചു വിട്ടില്ലായെങ്കിൽ കരാർ നീട്ടി നൽകാത്ത ജീവനക്കാർക്ക് പിന്നീട് ഏത് മാനദണ്ഡപ്രകാരമാണ് നിയമനം നൽകുന്നത്?

എൻ.എച്ച്.എം. ജില്ലാ ഓഫീസുകൾക്കുകീഴിൽ കരാർ നിയമനങ്ങൾ ജില്ലാ പ്രോഗ്രാം മാനേജരുടെ അധികാരത്തിലാണ്/ഉത്തരവാദിത്വത്തിലാണ് നടത്തുന്നത്. ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ (ഏപ്രിൽ മുതൽ മാർച്ച് വരെ) ഒരു വർഷത്തേയ്ക്കാണ് കരാർ നിയമനങ്ങൾ നടത്തുന്നത്. ഈ കരാർ മാർച്ച് 31-ന് അവസാനിക്കും. ഇത് നീട്ടി നൽകാറില്ല. നിലവിലെ ജീവനക്കാരുടെ പെർഫോർമൻസ് വിലയിരുത്തി അർഹതപ്പെട്ടവർക്ക് പുതിയ കരാറിൽ നിയമനം നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം നിയമനം നൽകിയ PRO-മാരുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ഇ) ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ എൻ.എച്ച്.എം. സ്റ്റാഫ് നഴ്സുമാർക്ക് കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്രപേർക്ക് ലീവ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ലീവ് അനുവദിച്ചുവെങ്കിൽ ഏത് മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ; ലീവ് അനുവദിച്ചില്ലെങ്കിൽ ഏത് മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന 18 സ്റ്റാഫ് നഴ്സുമാർക്ക് ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

01-12-2016-ലെ NHM/3525/Admin2/2016/SPMSU/TVM നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി LOP ലീവ് അനുവദിച്ചിട്ടുണ്ട്. നിലവിലെ ലീവ് ഓർഡർ പ്രകാരമാണ് ലീവ് അനുവദിച്ചത്.

## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന റീഇംബേഴ്സ്മെന്റ് അപേക്ഷകൾ

216 (3921) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുമതിക്കായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ വളരെയധികം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളും രണ്ടു ലക്ഷത്തിൽ കൂടുതലുള്ള സർക്കാർ ആശുപത്രി ബില്ലുകളുമാണ് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിക്കുന്നത്. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ ആറ് സെക്ഷനുകളാണുള്ളത്. ഓരോ സെക്ഷനിലും ഏകദേശം 70 മുതൽ 80 വരെ

ബില്ലുകളാണ് മാസം തോറും ലഭ്യമാകുന്നത്. ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ തീർപ്പ് കൽപ്പിച്ചുവരുന്നുണ്ട്.

(ബി) ഏത് കാലയളവുവരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021 ജൂലൈ വരെയുള്ള ബില്ലുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന വിവരം നൽകാമോ?

1905 ബില്ലുകൾ നിലവിൽ തീർപ്പ് കൽപ്പിക്കാനുണ്ട്.

(ഡി) അനുമതി ലഭിക്കാനുള്ള അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ബില്ലുകൾ തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അദാലത്തുകൾ നടത്തിവരുന്നു. ആയതിലേയ്ക്ക് ടി ഓഫീസിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി അവധി ദിവസങ്ങളിലുൾപ്പെടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ തീർപ്പാക്കി വരുന്നുണ്ട്. ബില്ലുകൾ ലഭിക്കുന്നതിന്റെ ബാഹുല്യംകൊണ്ടാണ് തീർപ്പാക്കാൻ കാലതാമസം നേരിടുന്നത്. എന്നിരുന്നാലും മേൽപ്പറഞ്ഞ രീതിയിൽ വളരെ

അടിയന്തരമായി പെൻഡിംഗ് ബില്ലുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ ആരോഗ്യ വകുപ്പിലെ ആശുപത്രി അറ്റൻഡർ ഗ്രേഡ് II ഒഴിവുകൾ

217 (3922) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ആരോഗ്യ വകുപ്പിൽ ആശുപത്രി അറ്റൻഡർ ഗ്രേഡ് II ഒഴിവുകൾ നികത്തുന്നതിനായി ജില്ലയിലെ പാർട്ട് ടൈം, കണ്ടിൻജന്റ് ജീവനക്കാരുടെ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നോ?

ആവശ്യപ്പെട്ടിരുന്നു.

(ബി) അപ്രകാരം ആവശ്യപ്പെട്ട ലിസ്റ്റ് ലഭ്യമായതെന്നാണ്; വിശദാംശം ലഭ്യമാക്കുമോ?

02-02-2022-ന് ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ഈ ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേർക്കാണ് നിയമനം നൽകിയതെന്നും നൽകിയില്ലെങ്കിൽ അതിന്റെ കാരണവും വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

8 പേരുടെ ലിസ്റ്റാണ് ലഭ്യമായത്. അതിൽ ക്രമനമ്പർ 7 അഭിമുഖത്തിൽ പങ്കെടുത്തിട്ടില്ല. ബാക്കി 7 പേർക്ക് 05-07-2022-ലെ നിയമന ഉത്തരവ് എ 3-19276/16/ജി.മെ.ഓ.(ആ) എറണാകുളം പ്രകാരം നൽകിയിട്ടുണ്ട്.

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട നടപ്പുഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

നടപ്പുഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഇ) അറ്റൻഡർ ഗ്രേഡ് II-ന്റെ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമായതിനുശേഷവും സീനിയോരിറ്റിയും ചട്ടങ്ങളും ലംഘിച്ച് പുറംവാതിൽ നിയമനം നൽകുന്നതിനായി പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്താതിരുന്നതായുള്ള ആരോപണം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച പരാതികളൊന്നുംതന്നെ നാളിതുവരെ ലഭിച്ചിട്ടില്ല.

## ആലത്തൂർ താലൂക്കാശുപത്രിയിൽ വിവിധ വിഭാഗത്തിലുള്ള ഒഴിവുകൾ സംബന്ധിച്ച്

218 (3923) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കാശുപത്രിയിൽ വിവിധ വിഭാഗത്തിൽ എത്ര അംഗീകൃത തസ്തികകളാണ് നിലവിലുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ആലത്തൂർ താലൂക്കാശുപത്രിയിൽ അംഗീകൃത തസ്തിക, ഒഴിവ് എന്നിവ സൂചിപ്പിക്കുന്ന പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകളുള്ളതെന്നും, ഒഴിവുകൾ നികത്താത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ആലത്തൂർ ആസ്ഥാന ആശുപത്രിയിൽ ഒഴിവുള്ള 7 തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I | 2 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II | 4 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I-ൽ നിന്നും നഴ്സിംഗ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകുന്ന മുറയ്ക്കും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II-ൽ നിന്നും ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I ആയി സ്ഥാനക്കയറ്റം നൽകുന്ന മുറയ്ക്കും ഒഴിവുകൾ നികത്തുന്നതാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ കളക്ടറുടെ സീനിയോറിറ്റി പട്ടിക വഴിയോ ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ച നടത്തി നിയമനം നൽകിയും ഒഴിവ് നികത്തുന്നതാണ്.

(സി) ആലത്തൂർ താലൂക്കാശുപത്രിയിൽ ദിവസേന ചികിത്സയ്ക്കായി ശരാശരി എത്ര പേർ വന്നുപോകുന്നുണ്ടെന്നും, ഐ.പി. വിഭാഗത്തിൽ എത്രപേരാണ് ചികിത്സ തേടുന്നതെന്നും വ്യക്തമാക്കാമോ; ഇവിടെ ഏതെല്ലാം സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ദിവസേന ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി ശരാശരി 737 പേർ എത്തുന്നുണ്ട്. ശരാശരി ഐ.പി. 65 ആണ്. അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 154 ആണ്. ആലത്തൂർ താലൂക്കാശുപത്രിയിൽ അംഗീകൃത തസ്തിക, ഒഴിവ് എന്നിവ സൂചിപ്പിക്കുന്ന പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആശുപത്രികളിലെ നിലവിലുള്ള തസ്തികകളും ജീവനക്കാരും

219 (3924) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള സർക്കാർ ചികിത്സാകേന്ദ്രങ്ങൾ ഏതെല്ലാമാണ്; നഗരസഭ/പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

| സ്ഥാപനത്തിന്റെ പേര് | നഗരസഭ/ പഞ്ചായത്ത് |
|---|---|
| തിരൂരങ്ങാടി THQH | തിരൂരങ്ങാടി നഗരസഭ |
| സി.എച്ച്.സി. നെടുവ | പരപ്പനങ്ങാടി നഗരസഭ |
| നന്നമ്പ്ര കുടുംബാരോഗ്യകേന്ദ്രം | നന്നമ്പ്ര പഞ്ചായത്ത് |
| ജി.എഫ്.ഡി. പരപ്പനങ്ങാടി | പരപ്പനങ്ങാടി നഗരസഭ |
| പി.എച്ച്.സി. പരപ്പനങ്ങാടി | പരപ്പനങ്ങാടി നഗരസഭ |
| പി.എച്ച്.സി. പെരുമണ്ണ ക്ലാരി | പെരുമണ്ണ ക്ലാരി പഞ്ചായത്ത് |
| എഫ്.എച്ച്.സി. തെന്നല | തെന്നല ഗ്രാമപഞ്ചായത്ത് |
| എഫ്.എച്ച്.സി. എടരിക്കോട് | എടരിക്കോട് ഗ്രാമപഞ്ചായത്ത് |

(ബി) ഈ ചികിത്സാ കേന്ദ്രങ്ങളിൽ നിലവിലുള്ള സ്ഥിരം തസ്തികകളും എൻ.എച്ച്.എം. മുഖേനയുള്ളവയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

മുഖേനയുള്ളവയും അടക്കമുള്ള കോൺട്രാക്ട്, താൽക്കാലിക തസ്തികകളും ചികിത്സാ കേന്ദ്രങ്ങൾ തിരിച്ച് വിശദമാക്കാമോ?

ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) മേൽപ്പറഞ്ഞ സ്ഥിരം, കോൺട്രാക്ട്, താൽക്കാലിക തസ്തികകളിൽ ഏതെല്ലാം തസ്തികകളിൽ ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്നും ഏതെല്ലാം തസ്തികകൾ ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുകയാണെന്നും ഏതെല്ലാം തസ്തികകളിലെ ജീവനക്കാർ അവധിയിലാണെന്നും ചികിത്സാ കേന്ദ്രങ്ങൾ തിരിച്ചു വിശദീകരിക്കാമോ?

ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## ആരോഗ്യ വകുപ്പിലെ പുതിയ തസ്തികകൾ

220 (3925) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ക്ലാർക്കുമാരുടെ തസ്തികയില്ലാത്ത എത്ര ആരോഗ്യ സ്ഥാപനങ്ങളാണുള്ളതെന്ന വിവരങ്ങൾ ആരോഗ്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങളുടെ പേരും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ; ക്ലാർക്കുമാർ ഇല്ലാത്ത സ്ഥാപനങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ലോ സെക്രട്ടറി & ട്രഷറർ തസ്തികയില്ലാത്ത താലൂക്ക് ആസ്ഥാന ആശുപത്രികൾ എത്ര; അവയുടെ പേരുവിവരങ്ങൾ ജില്ല തിരിച്ച് വിശദമാക്കാമോ; മേൽ സ്ഥാപനങ്ങളിൽ ലോ സെക്രട്ടറി & ട്രഷറർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

&

(സി) ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളില്ലാത്ത താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കുമോ; അറിയിക്കാമോ?

ആരോഗ്യവകുപ്പിൽ ക്ലാർക്കുമാർ ഇല്ലാത്ത സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു. ലോ സെക്രട്ടറി & ട്രഷറർ തസ്തികയില്ലാത്ത താലൂക്ക് ആസ്ഥാന ആശുപത്രികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു. സമഗ്രപാക്കേജിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന് അനുവദിച്ച 1200 തസ്തികകളെ ഘട്ടംഘട്ടമായി വിവിധ വിഭാഗങ്ങളിലേയ്ക്ക് അനുവദിച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുന്നു. ആദ്യഘട്ടമെന്ന നിലയിൽ 300 തസ്തികകൾ ആരോഗ്യവകുപ്പിന് കീഴിലുള്ള വിവിധ ജില്ലാ/ജനറൽ/താലൂക്ക്/സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി/സ്പെഷ്യലിറ്റി ആശുപത്രി എന്നിവിടങ്ങളിലേയ്ക്ക് വിവിധ വിഭാഗങ്ങളിൽ അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ 42 ക്ലാർക്ക് തസ്തിക ഉൾപ്പെട്ടിട്ടുണ്ട്.

## താലൂക്ക് ആശുപത്രികളിലെ സൂപ്രണ്ടുമാരുടെ നിയമനം

221 (3926) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്രണ്ട് തസ്തിക ഒഴിഞ്ഞുകിടക്കുന്ന താലൂക്ക് ആശുപത്രികൾ ഏതെല്ലാം?

1. താലൂക്ക് ആശുപത്രി, പള്ളുരുത്തി, എറണാകുളം.

2. താലൂക്ക് ആശുപത്രി, അങ്കമാലി, എറണാകുളം.

3. താലൂക്ക് ആശുപത്രി, പട്ടാമ്പി, പാലക്കാട്.

4. താലൂക്ക് ആശുപത്രി, ഒറ്റപ്പാലം, പാലക്കാട്.

5. താലൂക്ക് ആശുപത്രി, അരീക്കോട്, മലപ്പുറം.

6. താലൂക്ക് ആശുപത്രി, കടയ്ക്കൽ, കൊല്ലം.

7. താലൂക്ക് ആശുപത്രി, താമരശ്ശേരി, കോഴിക്കോട്.

8. താലൂക്ക് ആശുപത്രി, കൊയിലാണ്ടി, കോഴിക്കോട്.

9. താലൂക്ക് ആശുപത്രി, ഇരിട്ടി, കണ്ണൂർ.

(ബി) സൂപ്രണ്ടുമാർ ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ എന്നത്തേയ്ക്ക് സൂപ്രണ്ടുമാരെ നിയമിക്കാൻ സാധിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സൂപ്രണ്ടുമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഫാർമസിസ്റ്റ് ഗ്രേഡ്-II നിയമനം

222 (3927) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

ആരോഗ്യവകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ രണ്ട് ഒഴിവുകളാണ് നിലവിലുള്ളത്. ഇത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി (എസ്.ടി.) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഫാർമസിസ്റ്റ് തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്.

(ബി) അടുത്ത 3 വർഷത്തിനുള്ളിൽ തൃശ്ശൂർ ജില്ലയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ അറിയിക്കാമോ?

ആരോഗ്യ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ നിലവിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏകദേശം 5 ഫാർമസിസ്റ്റ് ഗ്രേഡ്-II ഒഴിവുകൾ വരാൻ സാധ്യതയുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ അടുത്ത 3 വർഷത്തിനുള്ളിൽ 3 ഒഴിവുകൾ സംജാതമാകാൻ സാധ്യതയുണ്ട്.

**കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതി**

223 (3929) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിക്ക് ഗൃഹ ത്രീസ്റ്റാർ റേറ്റിംഗ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം ജില്ലാ ആശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള വികസനത്തിന് ഗൃഹ 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബിയുമായി ചേർന്ന് പൂർത്തീകരിച്ചുവരുന്നു. ഇവ പൂർത്തിയാക്കി പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുകയും കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി**

224 (3930) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ/എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികളില്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ സർക്കാർ/എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പതിനൊന്ന് പഞ്ചായത്തുകളുണ്ട്. മേലാറ്റൂർ, മങ്കട, വേങ്ങര, കണ്ണമംഗലം, കീഴാറ്റൂർ, മൂന്നിയൂർ, മുതുവല്ലൂർ, പെരുവള്ളൂർ,

പൊൻമണ്ട, തേഞ്ഞിപ്പാലം, വെട്ടത്തൂർ എന്നിവയാണവ.

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങണമെന്ന ആവശ്യത്തിന്മേൽ ഏതെങ്കിലും ഉത്തരവ് ഉണ്ടായിരുന്നോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

&

(സി) പ്രസ്തുത പഞ്ചായത്തിൽ ഇത് തുടങ്ങാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് 27-07-2017-ലെ സ.ഉ. (കൈ) നം.24/2017/ആയുഷ്പ്രകാരം റദ്ദ് ചെയ്തിരുന്നു. ആയതിനാൽ പ്രസ്തുത പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിച്ചിട്ടില്ല. പ്രസ്തുത ഉത്തരവുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മരുന്ന സംഭരണശാല സ്ഥാപിക്കുന്നതിന് നടപടി

225 (3931) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ മരുന്ന് സംഭരണശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണശാല നിർമ്മിക്കുന്നതിനായി ചേവായൂർ ത്വക്ക് രോഗാശുപത്രിയുടെ കൈവശമുള്ള സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ അഞ്ച് ഏക്കർ ഭൂമി കായിക, യുവജന വകുപ്പിന് കൈമാറിയിട്ടുള്ളതിൽനിന്നും ഒന്നര ഏക്കർ സ്ഥലം തിരിച്ചെടുത്ത് കോർപ്പറേഷന്റെ സ്റ്റേറ്റ് ഓഫ് ആർട്ട് സയന്റിഫിക് വെയർഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മരുന്ന് സംഭരണശാല സെൻട്രൽ വെയർഹൗസ് കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിൽ സ്ക്വയർഫീറ്റിന് 18 രൂപയ്ക്കാണ് സൊസൈറ്റി കെട്ടിടം വാടകയ്ക്കെടുത്തിട്ടുള്ളത്. 5 വർഷത്തേയ്ക്ക് വാടക വർദ്ധന ഒഴിവാക്കാമെന്ന് സമ്മതിച്ചിട്ടുമുണ്ട്. സെൻട്രൽ വെയർഹൗസ് കോർപ്പറേഷൻ ആവശ്യപ്പെടുന്ന വാടക സ്ക്വയർഫീറ്റിന് 24.56 രൂപയാണ്. എല്ലാ വർഷവും 5% വാടക വർദ്ധനവും നൽകണം. കൂടാതെ കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് ഒരു കോടി രൂപയോളം അധിക ചെലവും കോർപ്പറേഷൻ വഹിക്കേണ്ടതാണ്. ഇപ്രകാരം സി.ഡബ്ല്യൂ.സി. കെട്ടിടം വാടകയ്ക്കെടുക്കുന്നതുവഴി 5 വർഷത്തേയ്ക്ക് നിലവിൽ നൽകുന്ന വാടക കൂടാതെ വാടക ഇനത്തിൽ മാത്രം 1.5 കോടി രൂപയ്ക്ക് മുകളിൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതാണ്. കോർപ്പറേഷന് ഇത്രയും ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന സി.ഡബ്ല്യൂ.സി. കെട്ടിടം വാടകയ്ക്കെടുക്കാൻ കഴിയാത്തതിനാൽ വെയർഹൗസ് സി.ഡബ്ല്യൂ.സി. കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(സി) സ്വകാര്യ കെട്ടിടത്തിന് വാടകയിനത്തിൽ ഇതുവരെ നൽകിയ തുക എത്ര, വാടക കരാർ ഏതുവർഷം വരെയാണ്, കരാർ പുതുക്കി നൽകിയിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന

ജില്ലാ മരുന്ന് സംഭരണശാലയുടെ വാടകയിനത്തിൽ 2016 ജനുവരി മുതൽ 2022 മേയ് മാസം വരെ 4,10,97,591/- രൂപ നൽകിയിട്ടുണ്ട്. കരാർ കാലാവധി 31-05-2023 വരെ പുതുക്കി നൽകിയിട്ടുണ്ട്.

## പഴകിയ മത്സ്യങ്ങൾ എത്താതിരിക്കുന്നതിന് എടുത്തിട്ടുള്ള മുൻകരുതലുകൾ

226 (3932) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രോളിംഗ് കാലയളവിൽ അന്യ സംസ്ഥാനത്ത് നിന്നും രാസവസ്തുക്കൾ ചേർത്തതും പഴകിയതുമായ മത്സ്യങ്ങൾ എത്താതിരിക്കുന്നതിന് സർക്കാർ എന്തൊക്കെ മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന പദ്ധതിക്ക് രൂപം നൽകുകയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 30-06-2022 വരെ 5798 മത്സ്യ പരിശോധനകൾ നടത്തുകയും 2961 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 139

വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 28492 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശോധനകൾ തുടർന്നുവരികയാണ്.

**മലബാർ കാൻസർ സെന്ററിന്റെ വിവിധ വിഷയങ്ങൾ**

227 (3933) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന്റെ വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള എന്തൊക്കെ ഫയലുകളാണ് ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുള്ളത്; ആയത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഫയൽ നമ്പർ അടക്കം പരാമർശം വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിന്റെ കീഴിൽ മലബാർ കാൻസർ സെന്ററുമായി ബന്ധപ്പെട്ടുള്ള ഫയലുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

**ചട്ടംചാൽ റ്റാറ്റ ആശുപത്രിയുടെ സ്ഥലം കൈമാറുന്നതിനുള്ള അപേക്ഷ**

228 (3934) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാസർഗോഡ് ജില്ലയിലെ ചട്ടംചാൽ റ്റാറ്റ കോവിഡ് ആശുപത്രിയുടെ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ടാറ്റാ ആശുപത്രിയുടെ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറിയിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത സ്ഥലം കൈമാറി കിട്ടാൻ വകുപ്പുതല ഭൂമി കൈമാറ്റത്തിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ടാറ്റാ ആശുപത്രി സ്ഥിതിചെയ്യുന്ന 2.0307 ഹെക്ടർ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള അപേക്ഷ 21-06-2022-ലെ സി1-11968/2020 എന്ന നമ്പർ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**തിരുവനന്തപുരത്തെ വിവിധ ആശുപത്രികളിലെ വികസന പ്രവൃത്തികൾ**

229 (3935) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദവിവരങ്ങളും അടങ്കൽ തുകയും ഓരോ പ്രവൃത്തിയും പൂർത്തിയാക്കാൻ അനുവദിച്ചിട്ടുള്ള കാലാവധിയും പൂർത്തിയായ പ്രവൃത്തികളുടെ വിശദവിവരങ്ങളും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണവും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികളും അറിയിക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനവുമായി ബന്ധപ്പെട്ട് 717.19 കോടി രൂപയാണ് അനുവദിച്ചിരുന്നത്. പ്രസ്തുത പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പാക്കിവരുന്നത്. ഇതിൽ ആദ്യഘട്ടത്തിൽ 58.37 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ച പ്രവൃത്തികളിൽ ഫ്ലൈഓവറിന്റെയും അനുബന്ധ റോഡുകളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മാസത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ 2019 മേയ് മാസത്തിൽ ആരംഭിക്കുകയും 2020 മേയ് മാസത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടെങ്കിലും കോവിഡ് അനുബന്ധ തടസ്സങ്ങൾമൂലം പണി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചില്ല.

പ്രസ്തുത ആശുപത്രി കാമ്പസിലെ ആറ് റോഡുകളുടെ നവീകരണം, 365

മീറ്റർ നീളമുള്ള ഒരു മേൽപ്പാലം എന്നിവ ആദ്യഘട്ടത്തിൽ പൂർത്തിയായിട്ടുണ്ട്. പാർക്കിംഗ് സൗകര്യമൊരുക്കുന്നതിനുള്ള പദ്ധതി ഇതുവരെയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

രണ്ടാംഘട്ടത്തിൽ പീഡിയാട്രിക് ബ്ലോക്ക്, സർജിക്കൽ ബ്ലോക്ക്, എം.എൽ.റ്റി. ബ്ലോക്ക് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പദ്ധതിക്കായി 194 കോടി രൂപയുടെ അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. എം.എൽ.റ്റി. ബ്ലോക്കിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. OT cum Surgical ward ബ്ലോക്കിൽ കെട്ടിട നിർമ്മാണത്തിനായി എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. നേടുന്നതിന് തടസ്സങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പീഡിയാട്രിക് ബ്ലോക്കിൽ കെട്ടിട നിർമ്മാണത്തിനായി എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. നേടുന്നതിനുള്ള അപേക്ഷ നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുണ്ട്.

മൂന്നാംഘട്ടത്തിൽ ഇമേജിയോളജി പ്രോജക്ടിന്റെയും സി.സി.റ്റി.വി. പ്രോജക്ടിന്റെയും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ബി) പുലയനാർകോട്ട ഹൃദ്രോഗ ആശുപത്രിയുടെ നവീകരണത്തിനും

വികസനത്തിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുലയനാർകോട്ടയിൽ ഹൃദ്രോഗ ആശുപത്രി പ്രവർത്തിക്കുന്നില്ല. പ്രസ്തുത സ്ഥാപനം അറിയപ്പെടുന്നത് Sanatorium chest diseases hospital, Pulayanarkotta എന്നാണ്. പുലയനാർകോട്ട നെഞ്ചു രോഗാശുപത്രിയുടെ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ അനുവദിക്കുകയും മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കുന്നതിലേക്കായി 4,21,900/- രൂപ കൂടി അധികമായി ആശുപത്രിയിലെ എച്ച്.എം.സി. ഫണ്ടിൽനിന്നും എൻ.എച്ച്.എം.-ന് അനുവദിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഇൻകലിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ കോവിഡ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി പുലയനാർകോട്ട നെഞ്ചു രോഗാശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുലയനാർകോട്ട നെഞ്ചു രോഗാശുപത്രിയെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ശിപാർശ വകുപ്പ് ഡയറക്ടറേറ്റുതലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.-യുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഒക്ടോബർ 2020 മുതൽ MCHU പാങ്ങപ്പാറ IFHC ആയി ഉയർത്തിക്കൊണ്ട് 6 മണിവരെ ഒ.പി.-യും 8 കിടക്കകളോടുകൂടിയ ഐ.പി. സൗകര്യവും ഉൾപ്പെടുത്തി പ്രവർത്തിക്കുന്നു. ഇതിന് തിരുവനന്തപുരം കോർപ്പറേഷൻ പ്രോജക്ട് മുഖാന്തരം ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ഇ) തീരദേശ ആരോഗ്യപരിപാലന കേന്ദ്രമായ വേളി എഫ്.എച്ച്.സി.-യുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വേളി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. കൂടാതെ ആർദ്രം വിഭാവനം ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യം മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എഫ്.എച്ച്.സി. വേളിയിലേയ്ക്ക് അസ്സിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നേഴ്സ്-1, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം., എൽ.എസ്.ജി.ഡി. മുഖേന കൂടുതൽ താൽക്കാലിക ജീവനക്കാരെ നിയമിച്ച് മെച്ചപ്പെട്ട സേവനം നൽകിവരുന്നുണ്ട്. ഒ.പി.

സമയം രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ നടത്തി വരുന്നുണ്ട്. കൂടാതെ പാലിയേറ്റീവ് കെയർ, മാനസികാരോഗ്യപരിപാടി, കുഷ്ഠരോഗ നിർമ്മാർജ്ജനം എന്നീ പദ്ധതികളും രോഗികൾക്കായി നടപ്പിലാക്കിവരുന്നുണ്ട്.

## സൗജന്യ ചികിത്സ ലഭ്യമാക്കാൻ നടപടി

230 (3936) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഡിസംബർ മാസം പതിനാലാം തീയതി കോവിഡ് പ്രതിരോധ വാക്സിൻ രണ്ടാം ഡോസ് സ്വീകരിച്ചതിനുശേഷം ശ്രീമതി നസീമ എസ്., കോടിയാട്ട് താഴത്തിൽ വീട്, പനയഞ്ചേരി എന്നയാൾക്ക് കാഴ്ചക്കുറവ് മങ്ങൽ സംഭവിക്കുകയും തിരുവനന്തപുരം കണ്ണാശുപത്രിയിൽ ചികിത്സ തേടുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വാക്സിൻ എടുക്കുന്നതിനുമുമ്പ് മറ്റ് അസുഖങ്ങൾ ഉണ്ടാകാത്ത വ്യക്തിയാണെന്നതിനാൽ വാക്സിനേഷനുമായി ബന്ധപ്പെട്ട വിഷയത്തിൽ കൊല്ലം ഡി.എം.ഒ. തലത്തിൽ എന്തെങ്കിലും അന്വേഷണം

നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ;

കൊല്ലം ഡി.എം.ഒ. തലത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) പരസഹായമില്ലാതെ തനിച്ചുതാമസിക്കുന്ന പ്രസ്തുത വ്യക്തിക്ക് മറ്റ് വരുമാനമാർഗ്ഗങ്ങളൊന്നും ഇല്ലാത്തതിനാലും സാമ്പത്തികമായി പിന്നോക്കമായതിനാലും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) ഉൾപ്പെടുന്നതിന് അർഹതയുള്ളപക്ഷം പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രി വഴി സൗജന്യ ചികിത്സ ടിയാൾക്ക് ലഭ്യമാകുന്നതാണ്. KASP പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ ടിയാൾക്ക് കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിപ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്ത ചികിത്സ ലഭിക്കുന്നതാണ്. ടിയാൾ ബി.പി.എൽ. കുടുംബത്തിൽപ്പെടുന്നുവെങ്കിൽ സർക്കാർ ആശുപത്രികളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗജന്യ ചികിത്സയാണ് നൽകിവരുന്നത്. സംസ്ഥാനത്ത് കോവിഡ് വാക്സിനേഷന്റെ പാർശ്വഫലംമൂലം ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സംഭവിച്ച കേസുകളിൽ ചികിത്സാ സഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുമുണ്ട്.

## ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

231 (3937) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

&

(ബി) നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി ആദ്യ ഘട്ടത്തിൽ

തെരഞ്ഞെടുത്ത 90 സ്ഥാപനങ്ങളുടെ പട്ടികയിന്മേൽ സ്ഥാപനം ഉൾപ്പെട്ടിട്ടുള്ളതും പ്രസ്തുത സ്ഥലം പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി മരം മുറിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സൈറ്റ് നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ.-ന് കൈമാറുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ

232 (3938) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബ്രിഗേഡിന്റെ ഭാഗമായി താൽക്കാലിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ?

കോവിഡ് ബ്രിഗേഡിന്റെ ഭാഗമായി താൽക്കാലിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രത്യേക മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കോവിഡ് ബാധിച്ചു മരിക്കുന്ന ആരോഗ്യ പ്രവർത്തകരായ വ്യക്തികൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMGKP) എന്ന പരിരക്ഷ നിലവിലുണ്ട്. ഗരീബ്

കല്യാൺ പാക്കേജ് (PMGKP) പരിരക്ഷയ്ക്ക് അർഹരായ 39 പേർക്ക് നാളിതുവരെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) കോവിഡ് ബാധിതരായവർക്ക് ഉണ്ടാകുന്ന ഏതെല്ലാം ദീർഘകാല രോഗങ്ങളും ആരോഗ്യപ്രശ്നങ്ങളുമാണ് സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(സി) കോവിഡ് ബാധിതരായവർക്ക് ഉണ്ടാകുന്ന ദീർഘകാല രോഗങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും പരിരക്ഷ ഉറപ്പുവരുത്തുന്ന രീതിയിൽ സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം പരിഷ്കരിക്കുന്നത് പരിഗണിക്കാമോ?

കോവിഡ് അനുബന്ധ രോഗബാധിതരായ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സർക്കാർ/സ്വകാര്യ കോവിഡ് ആശുപത്രികൾ വഴി സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ, മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം, മ്യൂക്കർ മൈക്കോസിസ് തുടങ്ങിയ കോവിഡാനന്തര രോഗങ്ങൾ ബാധിച്ച BPL/KBF ഗുണഭോക്താക്കൾക്കും സർക്കാർ ആശുപത്രികളിൽ

സൗജന്യ ചികിത്സ നൽകിവരുന്നു.

## കാസർഗോഡ് ജില്ലയിൽ ആരോഗ്യ മേഖലയിലെ പദ്ധതികൾ

233 (3939) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മാറ്റിവയ്ക്കപ്പെട്ട തുക വിനിയോഗിച്ച് കാസർഗോഡ് ജില്ലയിൽ ആരോഗ്യരംഗത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ?

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടും (50% എം.എൽ.എ. ആസ്തിവികസന ഫണ്ട്, 50% കിഫ്ബി ഫണ്ട്) ഉപയോഗിച്ച് സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലെയും ഓരോ ആശുപത്രിയിൽ വീതം 10 കിടക്കകൾ വീതമുള്ള ഐസോലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ആരംഭിക്കാൻ പോകുന്ന ഐസൊലേഷൻ വാർഡുകളുടെ നിലവിലെ നിർമ്മാണ സ്ഥിതിഗതി മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു:

1. <u>മഞ്ചേശ്വരം മണ്ഡലം - സാമൂഹ്യാരോഗ്യ കേന്ദ്രം, മംഗൽപ്പാടി</u>

പദ്ധതി പ്രദേശം നിർമ്മാണപ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ സൈറ്റ് KMSCL-ന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. <u>കാസർഗോഡ് മണ്ഡലം - ജനറൽ ആശുപത്രി, കാസർഗോഡ്</u>

പദ്ധതി പ്രദേശം നിർമ്മാണപ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ സൈറ്റ് KMSCL-ന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. <u>ഉദുമ മണ്ഡലം - സി.എച്ച്.സി, പെരിയ</u>

നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

4. <u>കാഞ്ഞങ്ങാട് മണ്ഡലം - താലൂക്ക് ആശുപത്രി, പനത്തടി (പൂടംകല്ല്)</u>

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് പൂടംകല്ല് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്ഥലം വിട്ടുനൽകുന്നതിന് ബാങ്ക് സന്നദ്ധത അറിയിച്ചതിൻപ്രകാരം ആരോഗ്യവകുപ്പിന് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. <u>തൃക്കരിപ്പൂർ മണ്ഡലം - താലൂക്ക് ആശുപത്രി, നീലേശ്വരം</u>

പദ്ധതി പ്രദേശം നിർമ്മാണപ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ

സൈറ്റ് KMSCL-ന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള സാമ്പത്തിക സഹായം

234 (3940) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

എറണാകുളം ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അടുത്ത ബന്ധുവിന് 50,000/- രൂപ അനുവദിക്കുന്നതിനായി നിലവിൽ 7516 അപേക്ഷകളാണ് പോർട്ടലിൽ ലഭ്യമായിട്ടുള്ളത്. കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് (ബി.പി.എൽ.) നൽകുന്ന പെൻഷൻ അനുവദിക്കുന്നതിനായി 1870 അപേക്ഷകളാണ് പോർട്ടലിൽ ലഭ്യമായിട്ടുള്ളത്.

(ബി) ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ

പരിഗണിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; നിരസിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് 50,000/-രൂപ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നിലവിൽ 6950 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുള്ളതും 151 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. എറണാകുളം ജില്ലയിൽ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് (ബി.പി.എൽ.) നൽകുന്ന പെൻഷൻ അർഹതയുള്ള അപേക്ഷകളിൽ 10 അപേക്ഷകർക്ക് 2022 മാർച്ച് മാസത്തിൽ ഒരു മാസത്തെ തുക അനുവദിച്ചിട്ടുള്ളതും മറ്റ് അപേക്ഷകർക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതും 391 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്.

<u>അപേക്ഷകൾ നിരസിക്കാനുള്ള കാരണങ്ങൾ:</u>

1) ഇരട്ടിപ്പ് വന്ന അപേക്ഷകൾ

2) മരണപ്പെട്ടയാളുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിന് പകരം സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി

സമർപ്പിച്ച അപേക്ഷകൾ.

3) പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടാത്ത അപേക്ഷകൾ

(സി) നിരസിക്കപ്പെട്ട അപേക്ഷകൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപ്പീൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

നിരസിക്കപ്പെട്ട അപേക്ഷകളിൽ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് അപ്പീൽ അപേക്ഷകൾ ലഭ്യമായിട്ടില്ല.

## കണ്ണൂർ ജില്ലയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക

235 (3941) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യവകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എപ്പോഴാണ്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്?

കണ്ണൂർ ജില്ലയിൽ ആരോഗ്യവകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി 26-03-2020 ആണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആകെ 32 നിയമനം നൽകിയിട്ടുണ്ട്. ഒഴിവുകളൊന്നുമില്ല.

(ബി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തസ്തിക സൃഷ്ടിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സമഗ്രപാക്കേജിന്റെ ഭാഗമായി ആരോഗ്യവകുപ്പിന് കീഴിലുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

## കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി

236 (3942) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയാണ്?

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ കോളേജിൽ ആയുർവ്വേദ

ബി.എ.എം.എസ്. കോഴ്സ്, ആയുർവ്വേദ പി.ജി. ഡിഗ്രി കോഴ്സ്, ആയുർവ്വേദ പി.ജി. ഡിപ്ലോമ കോഴ്സ് എന്നിവ നടത്തുന്നുണ്ട്.

(ബി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

യോഗ്യമായ അപേക്ഷകൾ ലഭ്യമായിട്ടില്ല.

(സി) അവിടെ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ഗവ. ആയുർവ്വേദ മെഡിക്കൽ കോളേജിൽ ആയുർവ്വേദ ബി.എ.എം.എസ്. കോഴ്സിൽ 75-ഉം, ആയുർവ്വേദ പി.ജി. ഡിഗ്രി കോഴ്സിൽ 36-ഉം, ആയുർവ്വേദ പി.ജി. ഡിപ്ലോമ കോഴ്സിൽ 2-ഉം സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

## ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് അസിസ്റ്റന്റ്

237 (3943) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന് കീഴിൽ നടത്തിവരുന്ന ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് അസിസ്റ്റന്റ് എന്ന

കോഴ്സ് സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളിൽ നടത്തുന്നുവെന്ന് വിശദമാക്കാമോ?

നിലവിൽ ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് (DORA) എന്ന കോഴ്സ് ഗവൺമെന്റ് ഡെന്റൽ കോളേജ് തിരുവനന്തപുരം, ഗവൺമെന്റ് ഡെന്റൽ കോളേജ് കോഴിക്കോട് എന്നിവിടങ്ങളിലും സ്വകാര്യ സ്വാശ്രയ കോളേജുകളായ Pushpagiri College of Allied Health Sciences (പത്തനംതിട്ട), Malabar Dental College and Research Centre (മലപ്പുറം) എന്നിവിടങ്ങളിലുമാണ് നടത്തപ്പെടുന്നത്.

(ബി) പ്രസ്തുത കോഴ്സിന് സംസ്ഥാനത്ത് മൊത്തം എത്ര സീറ്റുകളാണ് നിലവിലുള്ളതെന്നും കോഴ്സ് പൂർത്തിയായവർക്ക് ജോലി ലഭിക്കുന്നതിനായി സംസ്ഥാനത്ത് എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

പ്രസ്തുത കോഴ്സിന് സർക്കാർതലത്തിൽ 24 സീറ്റുകളും സ്വകാര്യ മേഖലയിൽ 30 സീറ്റുകളുമാണുള്ളത്. 10 ചെയർ സൈഡ് അസിസ്റ്റന്റ് തസ്തികകളാണ് വകുപ്പിൽ നിലവിലുള്ളത്.

(സി) പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ

സ്ഥാപനങ്ങളിലുള്ള തസ്തികകൾക്ക് ആനുപാതികമായി സ്വകാര്യ ഡെന്റൽ കോളേജുകളിലും മറ്റും ഈ തസ്തിക നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

(ഡി) പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള തസ്തികകളിലേയ്ക്ക് അവസാനമായി പി.എസ്.സി. വഴി നിയമനം നടത്തിയതെപ്പോഴാണെന്ന് അറിയിക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള 10 ചെയർ സൈഡ് അസിസ്റ്റന്റ് തസ്തികളിലെയും ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ഇതുവരെയും ലഭ്യമായിട്ടില്ല.

(ഇ) പ്രസ്തുത യോഗ്യത നേടിയതിനുശേഷം തൊഴിൽരഹിതരായുള്ളവർക്ക് നിയമന ലഭ്യത ഉറപ്പുവരുത്തുന്നതിന് നിലവിൽ ഒഴിവുള്ള എല്ലാ തസ്തികളിലേയ്ക്കും പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള 10 ചെയർ സൈഡ്

അസിസ്റ്റന്റ് തസ്തികളിലെയും ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ഇതുവരെയും ലഭ്യമായിട്ടില്ല.

## കണ്ണൂർ മെഡിക്കൽ കോളേജ്

238 (3944) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മെഡിക്കൽ കോളേജിലെ നഴ്സിംഗ്, ഫാർമസി എന്നീ കോളേജ് അദ്ധ്യാപകർ, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരുടെ വർഗ്ഗീകരണവും തുടർ ആഗിരണ നടപടികളും പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ മെഡിക്കൽ കോളേജിലെ നഴ്സിംഗ്, ഫാർമസി എന്നീ കോളേജ് അദ്ധ്യാപകർ, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരുടെ വർഗ്ഗീകരണവും തുടർ ആഗിരണ നടപടികളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്. ഇക്കാര്യത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം 28-06-2022, 29-06-2022, 07-07-2022 തീയതികളിലെ കത്തുകളിലൂടെ മെഡിക്കൽ

വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയിരിക്കുകയാണ്. ആയതിനുള്ള മറുപടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറക്ക് അടിയന്തര നടപടികൾ ഇക്കാര്യത്തിൽ കൈക്കൊള്ളുന്നതാണ്.

(ബി) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതി കണ്ണൂർ മെഡിക്കൽ കോളേജിലെ എല്ലാ ജീവനക്കാർക്കും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ റെഗുലർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ മെഡിസെപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നാവശ്യപ്പെട്ട് കേരള എൻ.ജി.ഒ യൂണിയൻ സമർപ്പിച്ച നിവേദനം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## പ്രോഫറ്റിക് മെഡിസിൻ

239 (3945) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോഫറ്റിക് മെഡിസിൻ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആയുഷിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഈ വൈദ്യശാഖയുടെ അംഗീകാരം സംബന്ധിച്ച് ആരെങ്കിലും സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

&

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രോഫറ്റിക് മെഡിസിൻ പ്രാക്ടീഷണർമാർക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനായി Supreme TWIBB Council സമർപ്പിച്ച 17-02-2022- ലെ നിവേദനം പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന് കൈമാറിയിട്ടുണ്ട്.

## ഹോമിയോപ്പതി ഡിസ്പെൻസറികൾ

240 (3946) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19-02-2021-ലെ 52/2021 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആയുഷ് വകുപ്പിൽ ഹോമിയോപ്പതി വിഭാഗത്തിന് അനുവദിച്ച 30 മെഡിക്കൽ ഓഫീസർ തസ്തികകൾ നിലവിൽ വന്നിട്ടുണ്ടോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള ഡിസ്പെൻസറികൾ ആയുഷ് വകുപ്പ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിലേക്കായിട്ടാണോ പ്രസ്തുത തസ്തികകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

(സി) എങ്കിൽ മേൽപ്പറഞ്ഞ ഡിസ്പെൻസറികൾ ആയുഷ് വകുപ്പിന് കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച 19-02-2021-ലെ സ.ഉ.(കൈ) 52/2021/ആ.കു.വ നമ്പർ ഉത്തരവിൽ ആയുഷ് വകുപ്പിനായി തത്വത്തിൽ സൃഷ്ടിച്ചിട്ടുള്ള 300 തസ്തികകളിൽ ഉൾപ്പെടുന്ന, ഹോമിയോപ്പതി വകുപ്പിൽ സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ച പ്രൊപ്പോസലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ആലപ്പുഴ ഹോംകോയിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ

241 (3947) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഹോംകോയിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എന്തൊക്കെ നിർമ്മാണപ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

ആലപ്പുഴ വലിയ കലവൂരിൽ ഹോംകോയുടെ പുതിയ ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ 2018 ജനുവരിയിൽ ആരംഭിച്ചു. കൂടാതെ പാതിരപ്പള്ളിയിലുള്ള നിലവിലെ ഫാക്ടറിയിൽ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് അനുസരിച്ച് കേന്ദ്രീകൃത ശീതീകരണ സംവിധാനമുൾപ്പെടെ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2017-18-ൽ ആരംഭിച്ച പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികൾ നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് ലോക്ഡൗൺ സാഹചര്യംമൂലം നിർമ്മാണ പ്രവൃത്തികൾക്ക്

കാലതാമസമുണ്ടായിട്ടുണ്ട്. നിർമ്മാണപ്രവൃത്തികൾ ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) നിർമ്മാണപ്രവൃത്തികൾക്ക് എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പുതിയ ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 52.88 കോടി രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്. നിലവിലെ ഫാക്ടറിയിലെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 5.96 കോടി രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്.

(ഡി) നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്

242 (3948) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ

കോളേജിൽ നിലവിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 50 വിദ്യാർത്ഥിനികൾക്ക് താമസിക്കാവുന്ന പുതിയ ലേഡീസ് ഹോസ്റ്റലിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ഫ്ലോറിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ നടന്നുവരുന്നു.

2) പ്രസ്തുത പുതിയ ലേഡീസ് ഹോസ്റ്റലിന്റെ ഫസ്റ്റ് ഫ്ലോറിന്റെ നിർമ്മാണത്തിന് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്ലാൻ അംഗീകാരത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും പ്രിൻസിപ്പലിന് സമർപ്പിക്കുകയും ആയതിന്മേൽ പരിശോധന നടത്തി വേണ്ട മാറ്റങ്ങൾ നിർദ്ദേശിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3) കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ NCISM-ന്റെ എം.എസ്.ആർ. പ്രകാരം സ്ഥാപിക്കുന്ന ആനിമൽ ഹൗസിനും സെൻട്രൽ റിസർച്ച് ലബോറട്ടറിക്കുമായി പൊതുമരാമത്ത് വകുപ്പിൽ തുക

നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ നടപടികൾ സ്വീകരിച്ചുവരുന്നു.

4) കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിൽ 23 മുറികൾ ഉൾക്കൊള്ളുന്ന പേ വാർഡിന്റെ നിർമ്മാണപ്രവർത്തനം തുടർന്നുവരുന്നു. ആയതിന്റെ ഇലക്ട്രിക്കൽ വർക്കുകൾ, ലിഫ്റ്റ് സ്ഥാപിക്കൽ, ലിഫ്റ്റിന്റെ ക്യാബിൻ നിർമ്മാണപ്രവൃത്തി എന്നിവ പൂർത്തിയാക്കാനുണ്ട്.

5) ആയുർവ്വേദ കോളേജ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ക്വാർട്ടേഴ്സിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി 2.37 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ പദ്ധതികൾ ഏതൊക്കെയാണ്?

2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പരിയാരം സർക്കാർ ആയുർവ്വേദ കോളേജിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതികൾക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജും ആശുപത്രിയുമായി ബന്ധപ്പെട്ട പ്രസ്തുത പദ്ധതികൾക്കുള്ള ആദ്യഘട്ട പ്രൊപ്പോസൽ സമർപ്പിച്ചതിൻപ്രകാരം ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 371.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. ബാക്കിയുള്ള പ്രവൃത്തികൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കോട്ടക്കൽ ആയുർവ്വേദ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണം

243 (3949) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയുടെ കീഴിലെ കോട്ടക്കൽ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി വികസനത്തിനായി സ്വകാര്യ വ്യക്തി നൽകിയ 30 സെൻറ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതുസംബന്ധിച്ച പ്രൊപ്പോസൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. എന്നാൽ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ആയത് സംബന്ധിച്ചുള്ള ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ;

&

(സി) ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മംഗലപുരം സിദ്ധ ആശുപത്രി കെട്ടിടം നിർമ്മാണം**

244 (3950) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറയിൻകീഴ് മണ്ഡലത്തിൽ മംഗലപുരം സിദ്ധ ആശുപത്രി കെട്ടിടം

നിർമ്മിക്കുന്നതിന് 2020-21 ബഡ്ജറ്റിൽ നിന്നും 60 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

2020-21-ലെ ബഡ്ജറ്റിൽ നിന്നും NHM സിദ്ധ ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**സംസ്ഥാനത്തെ മരുന്ന് വില്പന**

245 (3951) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം ശരാശരി എത്ര രൂപയുടെ അലോപ്പതി മരുന്നുകൾ വിപണനം ചെയ്യുന്നുണ്ടെന്നാണ് ആരോഗ്യവകുപ്പ് കണക്കാക്കിയിട്ടുള്ളത്?

സംസ്ഥാനത്ത് ആരോഗ്യ മേഖലയിലെ ചികിത്സാർത്ഥം 2020-21 സാമ്പത്തിക വർഷത്തിൽ 3726 കോടി രൂപയുടെ അടിസ്ഥാന വിലയുള്ള അലോപ്പതി മരുന്നുകൾ വിറ്റഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കണക്കനുസരിച്ച്

പ്രതിമാസം 310 കോടി രൂപയുടെ അലോപ്പതി മരുന്നുകളാണ് വിപണനം ചെയ്യുന്നത്.

(ബി) സംസ്ഥാനത്തെ മരുന്നു വില്പനയ്ക്ക് ആനുപാതികമായി ഗുണനിലവാര പരിശോധന നടക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

മരുന്നുകളുടെ നിർമ്മാണം, വിതരണം, വിൽപ്പന പ്രധാനമായും നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ്. മരുന്ന് നിർമ്മാണത്തിലെ അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ നിർമ്മാണ വേളയിലെ ഓരോ ഘട്ടങ്ങളിലും അവ Tablet, Capsules, Injection, Liquid Orals എന്നിങ്ങനെയുള്ള അന്തിമ രൂപത്തിൽ (Finished Product) ആകുന്ന പ്രക്രിയയും ഇവ വിപണിയിലേയ്ക്ക് എത്തുന്നതുവരെയുള്ള പ്രക്രിയയും ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. മരുന്ന് നിർമ്മാണ യൂണിറ്റ് സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ വിഭാഗമാണ് മരുന്ന് നിർമ്മാണ വിതരണ പ്രക്രിയ നിയമ വ്യവസ്ഥ പ്രകാരമാണ് നടത്തുന്നതെന്ന് ഉറപ്പുവരുത്തുന്നത്. സംസ്ഥാനത്ത് ഔഷധ വിപണിയിൽ

ഒരു സമയം ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസം വരെ സമയം ആവശ്യമാണ്. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ഗുണനിലവാരം പരിശോധിക്കുക പ്രായോഗികമല്ല. ഇത്തരം സാഹചര്യം നിൽനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. കേരള സംസ്ഥാനത്ത് നിലവിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലായി മൂന്ന് ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. വിവിധ തസ്തികകളിലെ നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പത്തനംതിട്ട കോന്നിയിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിനുകീഴിലുള്ള നാലാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതാണ്. കൂടാതെ, സംസ്ഥാനത്ത്

അഞ്ചാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കണ്ണൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജോലി ചെയ്തുവരുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നു സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി, നിയമപരമായി ഇവ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ലാബുകളിൽ അയയ്ക്കുകയും ചെയ്യുന്നു.

(സി) ജി.എസ്.ടി. ഏർപ്പെടുത്തിയതോടെ ഇതര സംസ്ഥാന വിതരണക്കാരിൽനിന്നും നേരിട്ട് വിൽപ്പന കേന്ദ്രങ്ങളിൽ എത്തുന്ന മരുന്നുകളും പരിശോധിക്കപ്പെടുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

കേന്ദ്രം ജി.എസ്.ടി. നയം നടപ്പാക്കിയതോടുകൂടി മരുന്നു നിർമ്മാതാക്കളുടെ അംഗീകൃത വിതരണ ശൃംഖലയിൽനിന്നല്ലാതെ ഒരു വ്യാപാരിക്ക് രാജ്യത്ത് എവിടെനിന്നും മരുന്നുകൾ വാങ്ങാമെന്നുമുള്ള അവസ്ഥ സംജാതമാകുകയും ഇതുമൂലം ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽനിന്ന് വ്യാപാരികൾ നേരിട്ട് മരുന്ന് വാങ്ങുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഗുണനിലവാരമില്ലാത്ത മരുന്നുകൾ സംസ്ഥാന വിപണിയിൽ എത്താനുള്ള

സാഹചര്യമുണ്ട്. മേൽ സാഹചര്യത്തിൽ മരുന്ന് വിതരണ സ്ഥാപനങ്ങളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ കർശനമായ പരിശോധന നടത്തുകയും മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.

**വായ്പകൾക്ക് കോവിഡ് മഹാമാരികാലത്ത് മൊറട്ടോറിയം**

246 (3952) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കോവിഡ് മഹാമാരിക്കാലത്ത് മൊറട്ടോറിയം അനുവദിച്ചിരുന്നോ?

വനിതാ വികസന കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കോവിഡ് മഹാമാരിക്കാലത്ത് ആർ.ബി.ഐ. മാർഗ്ഗരേഖ അനുസരിച്ചുള്ള മൊറട്ടോറിയം ആറ് മാസക്കാലയളവിലേയ്ക്ക് (മാർച്ച് 2020-ആഗസ്റ്റ് 2020) അനുവദിച്ചിരുന്നു. മൊറോട്ടോറിയം നിബന്ധനയനുസരിച്ച് ഇക്കാലയളവിൽ വായ്പകൾക്ക് പിഴപ്പലിശ ഈടാക്കുന്നില്ല. കൂടാതെ ആവശ്യമുള്ള വായ്പക്കാർക്ക് ആറ് മാസം തിരിച്ചടവ് കാലയളവ് ദീർഘിപ്പിച്ചു നൽകി.

(ബി) എങ്കിൽ എത്ര കാലത്തേയ്ക്കായിരുന്നു മൊറട്ടോറിയം അനുവദിച്ചത്?

മാർച്ച് 2020 മുതൽ ആഗസ്റ്റ് 2020 വരെ ആറ് മാസത്തേയ്ക്കാണ് മൊറട്ടോറിയം അനുവദിച്ചിരുന്നത്.

(സി) വായ്പ എടുത്തിട്ടുള്ളവർക്ക് നേരത്തെ അനുവദിച്ച മൊറട്ടോറിയം പിൻവലിച്ചതായും കുടിശ്ശിക എത്രയും വേഗം അടച്ചുതീർക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

അനുവദിച്ച മൊറട്ടോറിയം പിൻവലിച്ചിട്ടില്ല. അത്തരത്തിൽ ആർക്കും അറിയിപ്പ് നൽകിയിട്ടുമില്ല. ഓരോ വായ്പയിലെയും മൊറട്ടോറിയത്തിന് മുമ്പും ശേഷവുമുള്ള കുടിശ്ശിക സമയബന്ധിതമായി തീർക്കുന്നതിനാണ് അറിയിപ്പ് നൽകിയിരിക്കുന്നത്. നിയമോപദേശം കിട്ടിയതനുസരിച്ച്, കാലയളവ് ദീർഘിപ്പിച്ച് വായ്പാ റീഷെഡ്യൂൾ ചെയ്ത് നൽകുന്നതിന് പ്രത്യേക സമ്മതപത്രം നൽകുന്നതിനും അറിയിപ്പ് നൽകിയിട്ടുണ്ട്.

**ആശ്വാസകിരണം പദ്ധതി**

247 (3953) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം മാസങ്ങളായി ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിപ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി പ്രതിമാസം 600 രൂപ വീതം ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. 11-10-2012-ലെ സ.ഉ.(എം.എസ്.)നം.60/2012/ സാ.ക്ഷേ.വ. ഉത്തരവുപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും

പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രതിമാസ ധനസഹായം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിപ്രകാരം ഇപ്പോൾ പ്രതിമാസം 600 രൂപയാണ് ധനസഹായമായി നൽകിവരുന്നത്. ടി പദ്ധതിപ്രകാരമുള്ള തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ

പരിഗണനയിലില്ല.

(സി) പ്രസ്തുത പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ മുഖേനയാണോയെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്നത് നിലവിൽ ഓൺലൈൻ മുഖേനയല്ല. എന്നാൽ അപേക്ഷകൾ ഓൺലൈനിലൂടെ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായം തുടർന്നും ലഭിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായം തുടർന്നും ലഭിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. എന്നാൽ 30-07-2021-ലെ സ.ഉ. (സാധാ) നം. 511/2021/സാനീവ. ഉത്തരവുപ്രകാരം പദ്ധതിയുടെ സഹായം അർഹരായവർക്ക് മാത്രം ലഭ്യമാക്കാനും ഇരട്ടിപ്പ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനുമായി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് അക്കൗണ്ടുകൾ ബന്ധിപ്പിക്കാനുമുള്ള നടപടികൾ

കൈക്കൊണ്ടുവരുന്നു.

## ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം

248 (3954) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയമസഭാ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള ഇത്തിക്കര ഐ.സി.ഡി.എസ്. പ്രോജക്ടിൽ ഉൾപ്പെടുന്ന 34 അങ്കണവാടികളും കൊട്ടാരക്കര ഐ.സി.ഡി.എസ്. പ്രോജക്ടിലെ പൂയപ്പള്ളി പഞ്ചായത്തിലെ അഞ്ച് അങ്കണവാടികളും ഹൈടെക് ആക്കി മാറ്റുന്നതിന് 'പൊൻകിരണം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുകയും ഇതിലേയ്ക്കാവശ്യമായ ഒരു കോടി അറുപത് ലക്ഷം രൂപ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുകയും ഇതിന്

ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായ സാഹചര്യത്തിൽ നവീകരണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തിക്കര പ്രോജക്ടിലെ 5 അങ്കണവാടികൾക്ക് മൂന്ന് ലക്ഷം രൂപ നിരക്കിൽ പതിനഞ്ച് ലക്ഷം രൂപ വിനിയോഗിച്ച് അങ്കണവാടി നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുകൾ ഭൂമി വാങ്ങിയിട്ടുണ്ട്. വകുപ്പിന്റെ സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതിപ്രകാരം വകുപ്പിൽ നിന്നുള്ള ഒരു കോടി ഇരുപത്തിയേഴ് ലക്ഷം രൂപയും തദ്ദേശസ്ഥാപനങ്ങളുടെ വിഹിതമായ 81,82,052/- രൂപയും ചേർത്ത് ആകെ 2,08,82,052/- രൂപ വിനിയോഗിച്ച് 7 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇത്തിക്കര പ്രോജക്ടിൽ വനിതാ ശിശുവികസന വകുപ്പിന്റെ സ്പെഷ്യൽ അങ്കണവാടി നിർമ്മാണത്തിലുൾപ്പെടുത്തി ഒരു അങ്കണവാടിയുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്. ചാത്തന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തുക വകയിരുത്തി 52 അങ്കണവാടികൾക്ക് 10,45,207/- രൂപ വിനിയോഗിച്ച് വാട്ടർ ടാങ്കും പൈപ്പ് കണക്ഷനും 38 അങ്കണവാടികളിൽ 4,75,975/- രൂപ വിനിയോഗിച്ച് വാട്ടർ പ്യൂരിഫയറും സ്ഥാപിച്ച് നൽകിയിട്ടുണ്ട്.

(ബി) ചായം പദ്ധതിയിൽ ചാത്തന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും അങ്കണവാടികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന്

വിശദമാക്കാമോ?

ഇത്തിക്കര ഐ.സി.ഡി.എസ്. പ്രോജക്ടിലെ കല്ലുവാതുക്കൽ പഞ്ചായത്തിലെ 85-ാം നമ്പർ അങ്കണവാടി, കൊട്ടാരക്കര ഐ.സി.ഡി.എസ്. പ്രോജക്ടിലെ പൂയപ്പള്ളി പഞ്ചായത്തിലെ 172-ാം നമ്പർ അങ്കണവാടി എന്നിവയെ ചായം പദ്ധതിയിലുൾപ്പെടുത്തി രണ്ട് ലക്ഷം രൂപ വീതം വിനിയോഗിച്ച് നവീകരണം പൂർത്തികരിച്ചു.

**അങ്കണവാടികൾ**

249 (3955) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത ശിശു വികസന വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടികളിൽ കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടവും അടിസ്ഥാന സൗകര്യവുമൊരുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ

സ്ഥലവും വകുപ്പ് വിഹിതത്തിന് പുറമെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പിന്റെ സ്മാർട്ട് അങ്കണവാടി, MGNREGS പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വകുപ്പിന്റെ നവീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ 200 അങ്കണവാടികൾക്ക് 50,000/- രൂപ നിരക്കിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനും 406 അങ്കണവാടികളിൽ വൈദ്യുതീകരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

സ്വന്തമായി കെട്ടിടമില്ലാത്ത 6948 അങ്കണവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കുപുറമേ സ്കൂൾ കെട്ടിടങ്ങളിൽ 390 അങ്കണവാടികളും വാടകരഹിത കെട്ടിടങ്ങളിൽ 1417 അങ്കണവാടികളും പ്രവർത്തിക്കുന്നുണ്ട്.

(സി) ഭക്ഷ്യവസ്തുക്കൾ അങ്കണവാടിയിൽ സൂക്ഷിക്കുന്നതിന്

ആവശ്യമായ സൗകര്യങ്ങൾ എല്ലാ അംഗൻവാടിയിലും സജ്ജമാണോ; വിശദമാക്കാമോ?

ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിന് എല്ലാ അങ്കണവാടികളിലും സ്റ്റോക്ക് റൂം സജ്ജമാക്കിയിട്ടുണ്ട്. ഉച്ചഭക്ഷണത്തിനാവശ്യമായ അരി സൂക്ഷിക്കുന്നതിന് പ്രത്യേകം ധാന്യപ്പെട്ടി എല്ലാ അങ്കണവാടികളിലും നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് ഭക്ഷ്യവസ്തുക്കൾ/ധാന്യങ്ങൾ ഉണക്കി ഇനം തിരിച്ച് വൃത്തിയായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകുകയും ഇതിനായി പ്രത്യേകം ഫുഡ് കണ്ടെയ്നറുകൾ എല്ലാ അങ്കണവാടികളിലും നൽകിയിട്ടുമുണ്ട്. പരമാവധി മൂന്ന് മാസത്തേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ മാത്രമേ അങ്കണവാടികളിൽ സൂക്ഷിക്കാറുള്ളൂ.

**അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ**

250 (3956) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ ഏത് ഏജൻസി വഴിയാണ് വിതരണം നടത്തിവരുന്നത്?

അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിന് ഒരു

പ്രത്യേകം ഏജൻസിയെ നിശ്ചയിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ 06-08-2019-ലെ സാനീവ-ബി1/493/2019/സാനീവ നമ്പർ സർക്കുലർ പ്രകാരം മാവേലി, സപ്ലൈകോ സ്റ്റോറുകൾക്കുപുറമേ പൊതുജനങ്ങൾ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതും ഒരു വർഷമായി പ്രവർത്തിച്ചുവരുന്നതുമായ പ്രൊവിഷൻ സ്റ്റോർ സ്വന്തമായുള്ളതുമായ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/ഫിഷറീസ് വകുപ്പിന്റെ തീരമൈത്രി സ്റ്റോറുകൾ എന്നിവിടങ്ങളിൽനിന്നും മാവേലി, സപ്ലൈകോ സ്റ്റോറുകളിലെ വിലയിൽ അധികരിക്കാതെ അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ വാങ്ങാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനങ്ങളിൽനിന്നും അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ വാങ്ങി വരുന്നു.

(ബി) കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റികൾ വഴി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോ-ഓപ്പറേറ്റിവ് മാർക്കറ്റിംഗ് സൊസൈറ്റികൾ വഴി അങ്കണവാടികൾക്കുള്ള ഭക്ഷ്യവസ്തുക്കൾ വാങ്ങണമെന്ന് ആവശ്യപ്പെട്ട്

വിവിധ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾക്ക് സർക്കാരിന്റെ 06-08-2019-ലെ സാനീവ-ബി1/493/2019 നമ്പർ സർക്കുലർ പ്രകാരം മാനദണ്ഡങ്ങൾ ചൂണ്ടിക്കാട്ടി മറുപടി നൽകിവരുന്നു.

**ചിറയിൻകീഴ് മണ്ഡലത്തിലെ അങ്കണവാടികൾ**

251 (3957) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറയിൻകീഴ് മണ്ഡലത്തിൽ മാതൃകാ അങ്കണവാടികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ചിറയിൻകീഴ് മണ്ഡലത്തിലെ അഞ്ചുതെങ്ങ്, കടയ്ക്കാവൂർ, മുദ്ദാക്കൽ, ചിറയിൻകീഴ്, മംഗലപുരം എന്നീ പഞ്ചായത്തുകളിലെ 6 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമായിരുന്നു. നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി രണ്ട് അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കി നാല് അങ്കണവാടികൾക്ക് ബജറ്റിൽ അധിക തുക വകയിരുത്തുന്നപക്ഷം

നിർമ്മാണാനുമതി നൽകുന്നതിന് പരിഗണിക്കുന്നതാണ്.

## പൂഞ്ഞാർ മണ്ഡലത്തിൽ ചായം പദ്ധതി

252 (3958) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ എത്ര അങ്കണവാടികൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 55 അങ്കണവാടികളാണുള്ളത്. അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവീകരണത്തിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളെയാണ് ചായം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇതുവഴി നടപ്പാക്കുന്നതെന്നും വിശദമാക്കുമോ?

ചായം പദ്ധതിപ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മൂന്ന് അങ്കണവാടികൾക്കാണ് നവീകരണം നടത്തിയിട്ടുള്ളത്. അങ്കണവാടികളുടെയും നടത്തിയ പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

253 (3959) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ എത്ര; സ്ഥലം ഉണ്ടെങ്കിലും കെട്ടിടമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വന്തമായി കെട്ടിടമില്ലാത്ത 6948 അങ്കണവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കുപുറമേ സ്കൂൾ കെട്ടിടങ്ങളിൽ 390 അങ്കണവാടികളും വാടകരഹിത കെട്ടിടങ്ങളിൽ 1417 അങ്കണവാടികളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് സ്ഥലം ഉണ്ടെങ്കിലും കെട്ടിടമില്ലാതെ വാടക കെട്ടിടത്തിൽ 1095 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 1002 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന 93 എണ്ണത്തിന് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വന്തമായി സ്ഥലം ലഭ്യമായ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതിക വകുപ്പ് വിഹിതം കൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ട ബജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി സർക്കാർ അനുമതിക്ക് വിധേയമായി ഘട്ടംഘട്ടമായി കെട്ടിട നിർമ്മാണാനുമതി നൽകിവരുന്നു.

(ബി) സ്വന്തമായി ഭൂമിയുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്ക് സ്ഥല വിസ്തീർണ്ണമനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ

ലഭ്യമാക്കാമോ?

സ്വന്തമായി ഭൂമിയുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്ക് സ്ഥല വിസ്തീർണ്ണമനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് (10, 7.5, 5, 3, 3 (Slopping Terrain), 1.25 സെന്റ്) അനുസരിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റെയും, കോളേജ് ഓഫ് ആർക്കിടെക്ചറിന്റെയും സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി., മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏര്യ, കുട്ടികൾ വീണാൽ പരുക്ക് പറ്റാതിരിക്കാൻ ക്ലാസ്സ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുവർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസന്റ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്,

ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതിപ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ വനിതാ ഹബ്ബ്**

254 (3960) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷ ബഡ്ജറ്റിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ വനിതാ ഹബ്ബ് എന്ന പ്രവൃത്തിക്കായി 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2022-23 വർഷ ബഡ്ജറ്റിൽ വനിതാ ശിശു വികസന വകുപ്പുതലത്തിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ വനിതാ ഹബ്ബ് എന്ന പ്രവൃത്തിക്കായി 20 ശതമാനം തുക വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

&

(ഡി) പ്രസ്തുത പ്രവൃത്തിക്കായുള്ള ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

ബാധകമല്ല.

**ഭൂമി സംഭാവന നൽകിയവർക്ക് അങ്കണവാടികളിൽ നിയമനം**

255 (3961) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി സംഭാവന നൽകിയവർക്ക് അങ്കണവാടിയിൽ വർക്കർ, ഹെൽപ്പർ തസ്തികകളിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള/നൽകുന്ന അങ്കണവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ അവരുടെ ആശ്രിതർക്കോ (അമ്മ/ഭാര്യ/മകൾ/സഹോദരി/മരുമകൾ (മകന്റെ ഭാര്യ)), അങ്കണവാടി ജീവനക്കാരല്ലായെങ്കിൽ ആ വ്യക്തിക്കോ (വനിതയാണെങ്കിൽ) അല്ലെങ്കിൽ അവരുടെ ഒരു ആശ്രിതയ്ക്കോ (അമ്മ/ഭാര്യ/മകൾ/സഹോദരി/മരുമകൾ (മകന്റെ ഭാര്യ)) നിലവിലുള്ള യോഗ്യതാമാനദണ്ഡങ്ങൾ അനുസരിച്ച് അങ്കണവാടി പ്രവർത്തകരായി നിയമനം നൽകുന്നു. എസ്.എസ്.എൽ.സി. ജയിച്ച 18-നും 46-നും മദ്ധ്യേ പ്രായമുള്ളവർ അങ്കണവാടി വർക്കറായും എസ്.എസ്.എൽ.സി. വിജയിക്കാത്ത എഴുതാനും വായിക്കാനും അറിയാവുന്ന 18-നും 46-നും മദ്ധ്യേ പ്രായമുള്ളവർ അങ്കണവാടി ഹെൽപ്പറായും നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരാണ്. പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 3 വർഷത്തെ ഇളവുണ്ട്. അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഭൂമി സൗജന്യമായി വിട്ടു നൽകിയവർ ടി സ്ഥലം വകുപ്പിന്റെ/സർക്കാരിന്റെ/പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ബാധ്യതാരഹിത രേഖകളും വില്ലേജിലെ രേഖപ്പെടുത്തലുകൾ വരുത്തിയതായുള്ള സാക്ഷ്യപത്രവും സഹിതം ആശ്രിതനിയമനത്തിനായി

ശിശുവികസന പദ്ധതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ, വിട്ടു നൽകിയ ഭൂമി അങ്കണവാടി കെട്ടിടം പണിയുന്നതിന് അനുയോജ്യമാണോ എന്ന് സി.ഡി.പി.ഒ. പരിശോധിച്ച് ടി അപേക്ഷാ തീയതി പ്രാബല്യത്തിലാണ് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നത്. അപ്രകാരം സ്ഥലം വിട്ടുനൽകിയവരുടെ ലിസ്റ്റ് ക്രമപ്പെടുത്തി നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായാണ് നിയമനം നടത്തുന്നത്. ഒരു പ്രോജക്റ്റിൽ വരുന്ന ഒഴിവിന്റെ പത്ത് ശതമാനമാണ് അങ്കണവാടി നിർമ്മാണത്തിന് സൗജന്യമായി ഭൂമി വിട്ടുനൽകിയവരുടെ ആശ്രിതർക്കുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ളത്. 30-04-2018-ന് ശേഷം പ്രോജക്റ്റുതലത്തിലുണ്ടായ ഒഴിവുകളിൽ വർക്കറുടെയും/ ഹെൽപ്പറുടെയും ഓരോ പത്താമത്തെ ഒഴിവും അങ്കണവാടി നിർമ്മാണത്തിന് ഭൂമി നൽകിയ അപേക്ഷകർ ഉള്ളപക്ഷം ടി വിഭാഗത്തിൽനിന്നും ഒരാൾക്ക് നൽകി ക്രമപ്പെടുത്തുന്നു.

(ബി) ചവറ ഐ.സി.ഡി.എസ്. പരിധിയിൽ 2022 മാർച്ച് വരെ ഭൂമി സംഭാവന നൽകിയവരിൽ എത്ര പേർ അങ്കണവാടികളിലേയ്ക്ക് ജോലിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ചവറ ഐ.സി.ഡി.എസ്. പരിധിയിൽ 2022 മാർച്ച് വരെ ഭൂമി സംഭാവന നൽകിയവരിൽ 13 പേരും അങ്കണവാടികളിലേയ്ക്ക് ജോലിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിൽ ഒരാൾക്ക് അങ്കണവാടി പ്രവർത്തകയായി നിയമനം നൽകിയിട്ടുണ്ട്.

(സി) അങ്കണവാടികളിൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സെലക്ഷൻ ലിസ്റ്റ് നിലവിലില്ലാത്ത പഞ്ചായത്ത്/പ്രോജക്റ്റുകളിൽ അങ്കണവാടി വർക്കർ/ഹെൽപ്പർ ഒഴിവുകളിലേയ്ക്ക് താൽക്കാലികമായി നിയമനം നടത്തുന്നതിന് നിയമനാധികാരികളായ ശിശുവികസന പദ്ധതി ഓഫീസർമാർ താഴെപ്പറയുന്ന വ്യവസ്ഥകൾപ്രകാരം നടപടി സ്വീകരിക്കുന്നു.

(1) അങ്കണവാടി വർക്കർമാരായി നിയോഗിക്കുന്നവർ എസ്.എസ്.എൽ.സി. ജയിച്ചവരും 18-നും 46-നും മദ്ധ്യേ പ്രായമുള്ളവരും ആയിരിക്കണം. പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗക്കാർക്ക് 3 വർഷത്തെ ഇളവുണ്ട്.

(2) അങ്കണവാടി ഹെൽപ്പർമാരായി നിയോഗിക്കുന്നവർ 18-നും 46-നും മദ്ധ്യേ പ്രായമുള്ളവരും എഴുതാനും വായിക്കാനും

അറിയാവുന്നവരുമായിരിക്കണം. എന്നാൽ എസ്.എസ്.എൽ.സി. ജയിച്ചവരായിരിക്കരുത്. പ്രായപരിധിയിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് 3 വർഷത്തെ ഇളവുണ്ട്.

(3) മേൽപ്പറഞ്ഞ രീതിയിൽ അങ്കണവാടി വർക്കർ/ഹെൽപ്പർമാരായി നിയോഗിക്കുന്നവർ അങ്കണവാടി സെന്റർ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ സ്ഥിരതാമസക്കാരായ വനിതകൾ ആയിരിക്കണം.

(4) നിർദ്ദിഷ്ട യോഗ്യതയുള്ളവർ അതേ വാർഡിൽ ഇല്ലെങ്കിൽ അങ്കണവാടി സെന്റർ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസക്കാരായ വനിതകളെ പരിഗണിക്കാവുന്നതാണ്. അർബൻ പ്രോജക്ടുകളിൽ പരിഗണിക്കുന്നവർ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഏര്യയിൽ സ്ഥിരതാമസമാക്കിയവരായിരിക്കണം.

(5) സേവനതൽപ്പരരും മതിയായ ശാരീരികശേഷിയുള്ളവരും പ്രാദേശികമായി സ്വീകാര്യതയുള്ളവരുമായിരിക്കണം.

(6) മുൻപരിചയമുള്ളവർ, പ്രായക്കൂടുതലുള്ളവർ, വിധവകൾ എന്നിവർക്ക് മുൻഗണന നൽകുന്നു.

(7) മുകളിൽ പരാമർശിച്ച യോഗ്യതയുള്ളവരെ വാർഡ് മെമ്പർ

ചെയർമാനായുള്ള അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആൻഡ് സപ്പോർട്ടിംഗ് കമ്മിറ്റി (ALMSC) തെരഞ്ഞെടുക്കേണ്ടതും അവരെ താൽക്കാലികമായി നിയോഗിക്കുന്നതിനായി സി.ഡി.പി.ഒ.-യ്ക്ക് ശിപാർശ നൽകേണ്ടതുമാണ്.

(8) കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ താൽക്കാലിക നിയമനം നടത്തുന്നു. ഇപ്രകാരം നിയോഗിക്കപ്പെടുന്നവരുടെ സേവനകാലാവധി പരമാവധി 6 മാസം മാത്രമായിരിക്കും.

(9) ആറുമാസക്കാലയളവിലേയ്ക്ക് നിയോഗിച്ച ഒരു വ്യക്തിയെ തുടർന്ന് ആറ് മാസം ഇടവേള നൽകിയതിനുശേഷം മാത്രമേ പുനർനിയമനത്തിന് പരിഗണിക്കുകയുള്ളൂ.

(10) താൽക്കാലികമായി നിയോഗിച്ചവർക്ക് അവർ ജോലി ചെയ്ത കാലയളവിലെ ദിവസവേതന ഓണറേറിയത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. മറ്റ് ആനുകൂല്യങ്ങൾക്കൊന്നും അവകാശമുണ്ടായിരിക്കുന്നതല്ല.

(11) താൽക്കാലികമായി ജോലി ചെയ്തു എന്നതുകൊണ്ടു മാത്രം

നിലവിലെ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരം സ്ഥിരപ്പെടുത്തുന്നതിന് സാധിക്കുകയില്ല.

(12) എസ്.സി/എസ്.ടി. കോളനികളിലെയും അവർ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിലെ അങ്കണവാടികളിലെയും നിയമനത്തിന് യോഗ്യരായ അപേക്ഷകർ അതേ സമുദായത്തിൽ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകുന്നതാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ**

256 (3962) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ എത്ര; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം - 230. വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത അങ്കണവാടികളിൽ അറ്റകുറ്റപ്പണി ആവശ്യമുള്ളവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതൊക്കെയാണെന്ന് അറിയിക്കാമോ?

പ്രസ്തുത അങ്കണവാടികളിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള അങ്കണവാടികളുടെ എണ്ണം 83. വിശദ വിവരങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ എത്രയെന്നും ഏതൊക്കെയെന്നും വിശദമാക്കാമോ?

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണം – 18. വിശദ വിവരങ്ങൾ അനുബന്ധമായി[1] ചേർക്കുന്നു.

## സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം

257 (3963) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനരീതിയും ചുമതലകളും വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലയളവിൽ ശമ്പള ഇനത്തിലും യാത്രാപ്പടി ഇനത്തിലും കമ്മീഷൻ അംഗങ്ങളും ചെയർമാനും ഓരോ വർഷവും കൈപ്പറ്റിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1 നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 16, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 31 എന്നിവയുടെ അടിസ്ഥാനത്തിൽ 21-12-2018-ലെ സ.ഉ.(കൈ) നം. 50/2018/ഭ.പൊ.വി.വ. പ്രകാരമാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചത്. ചെയർപേഴ്സൺ ഉൾപ്പെടെ ആറ് അംഗങ്ങളും മെമ്പർ സെക്രട്ടറിയും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന.

കമ്മീഷന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്:

1. ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ സമഗ്രമായ മേൽനോട്ടവും വിലയിരുത്തലും

2. നിയമത്തിലെ രണ്ടാം അധ്യായപ്രകാരമുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെട്ടത് സംബന്ധിച്ച് സ്വമേധയോ, പരാതിയിൻമേലോ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുക

3. സംസ്ഥാന സർക്കാരിന് ഈ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ ഉപദേശങ്ങൾ നൽകുക

4. ഈ നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള അവകാശാധികാരങ്ങൾ വ്യക്തികൾക്ക് പൂർണ്ണമായും ലഭ്യമാക്കുന്ന ഭക്ഷ്യഭദ്രതാ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ, സർക്കാർ

ഏജൻസികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക

5. ജില്ലാ പരാതിപരിഹാര ഓഫീസറുടെ ഉത്തരവിൻമേലുള്ള അപ്പീൽ കേൾക്കുക.

കമ്മീഷൻ നടത്തുന്ന അദാലത്തുകൾ, സെമിനാറുകൾ, ബോധവത്ക്കരണ പരിപാടികൾ, സന്ദർശനങ്ങൾ തുടങ്ങിയവയിലൂടെ കണ്ടെത്തുന്ന ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകുക, സർക്കാരിലേയ്ക്ക് ശിപാർശകൾ സമർപ്പിക്കുക, കൂടാതെ ഇത്തരം പരിപാടികളിൽ ലഭിക്കുന്ന പരാതികളുടെയും മീഡിയാ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സ്വമേധയാ കേസ്സ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുക, ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിന്മേലുള്ള അപ്പീൽ കേൾക്കുക തുടങ്ങിയവയാണ് കമ്മീഷന്റെ പ്രധാന പ്രവർത്തന രീതികൾ. കൂടാതെ ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി ഗോത്രവർഗ്ഗ വനിതാ കൂട്ടായ്മയായ 'ഭാസുര' രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുമുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ ശമ്പളയിനത്തിലും

യാത്രാപ്പടിയിനത്തിലും ചെയർമാനും കമ്മീഷൻ അംഗങ്ങളും കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ചെയർമാൻ

| ഇനം | വർഷം | |
|---|---|---|
| | 2021 | 2022 |
| ശമ്പളം | 1245610 | 9,83,775 |
| യാത്രാബത്ത | -- | -- |

കമ്മീഷൻ അംഗങ്ങൾ

| ഇനം | വർഷം | |
|---|---|---|
| | 2021 | 2022 |
| ഓണറേറിയം | 242258 | 2100000 |
| യാത്രാബത്ത | 42790 | ഫണ്ട് അനുവദിച്ച് കിട്ടിയിട്ടില്ല. |
| വാഹനബത്ത | 200000 | 150000 |

(ബി) കമ്മീഷൻ അംഗങ്ങളുടെ വാഹനത്തിൽ ഔദ്യോഗിക പതാക ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) ഭക്ഷ്യ കമ്മീഷൻ അംഗങ്ങൾക്ക് ടെലിഫോൺ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്ക് അലവൻസ് അനുവദിച്ചിട്ടുണ്ടോ?

06-01-2021-ലെ സ.ഉ.(സാധാ)നം.09/2021/ഭ.പൊ.വി.വ, 24-01-2012-ലെ സ.ഉ.(സാധാ)നം. 704/2012/പൊ.ഭ.വ. എന്നിവ പ്രകാരം ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുള്ള തുകയും 26-04-2018-ലെ സ.ഉ.(കൈ) നം. 158/2018/ധന, 06-01-2021-ലെ സ.ഉ.(സാധാ)നം. 8/2021/ഭ.പൊ.വി.വ. എന്നിവ പ്രകാരം ചെയർമാന് പ്രതിമാസം 3000/- രൂപയും 31-12-2019-ലെ സ.ഉ.(കൈ)നം. 33/2019/ഭ.പൊ.വി.വ. പ്രകാരം അംഗങ്ങൾക്ക് പ്രതിമാസം 840/- രൂപ ടെലഫോൺ ബത്തയായും അനുവദിച്ചിട്ടുണ്ട്.

(ഡി) 2016 മുതൽ ജില്ലാടിസ്ഥാനത്തിൽ ഭക്ഷ്യകമ്മീഷന് എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എത്ര പരാതികൾ തീർപ്പ് കൽപ്പിച്ചുവെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2019 ജൂൺ 25 മുതലാണ് കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചത്. കമ്മീഷന് ലഭ്യമായ പരാതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഓഫീസുകളുടെയും ഗോഡൗണുകളുടെയും ഒരുമിച്ചുള്ള നിർമ്മാണം**

258 (3964) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രത നിയമം അനുസരിച്ച് ഓഫീസുകളും ഗോഡൗണും ഒരുമിച്ച് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള കേന്ദ്ര-സംസ്ഥാന സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യ ഭദ്രത നിയമം, 2013 അനുസരിച്ചുള്ള പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി എല്ലാ താലൂക്കിലും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിനും സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താലൂക്ക് സപ്ലൈ ആഫീസുകൾക്കായി എൻ.എഫ്.എസ്.എ. ഗോഡൗണിനോടൊപ്പംതന്നെ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. ആയതിന്റെ ഭാഗമായി നിലവിൽ 20 താലൂക്കുകളിൽ സ്ഥലം കണ്ടെത്തുകയും (ഏറ്റവും കുറഞ്ഞത് 50 സെന്റ്) ആയത് വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ സ്വകാര്യ

വ്യക്തി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് സൗജന്യമായി നൽകിയ ഭൂമിയിൽ (50 സെന്റ്) എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണത്തിനുള്ള തറക്കല്ലിടൽ നിർവ്വഹിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ 16.57 കോടി രൂപ എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഒരു ഗോഡൗൺ നിർമ്മിക്കുന്നതിനായി 5 കോടി രൂപ ചെലവ് വരുമെന്നാണ് വകുപ്പ് കണക്കാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 20 ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള തുകയായ 100 കോടി രൂപ അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(ബി) കൊണ്ടോട്ടി താലൂക്കിൽ ഇത്തരം ഒരു കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കൊണ്ടോട്ടി താലൂക്കിലെ എൻ.എഫ്.എസ്.എ. ഗോഡൗണിന്റെയും താലൂക്ക് സപ്ലൈ ആഫീസിന്റെയും നിർമ്മാണത്തിനായി കാക്കഞ്ചേരി കിൻഫ്രാ പാർക്ക്, കാലിക്കറ്റ് യൂണിവേഴ്സിറ്റി വക സ്ഥലം, കൂടാതെ 02 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം എന്നിവ

കണ്ടെത്തിയിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ**

259 (3965) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡുകൾ മാറ്റുന്നതിനായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

&

(ബി) പ്രസ്തുത അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

2312 അപേക്ഷകൾ ലഭിച്ചു. പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

**റേഷൻ കാർഡ് ഉടമകൾ**

260 (3966) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കാർഡ് ഉടമകളാണുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

&

(ബി) വിവിധയിനം റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ കടകൾ വഴി നിലവിൽ ലഭിക്കുന്ന ഉൽപ്പന്നങ്ങൾ, അവയുടെ അളവ്, വില എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) കൂടുതൽ നിത്യോപയോഗ സാധനങ്ങളും പലവ്യഞ്ജനങ്ങളും സബ്സിഡി നിരക്കിൽ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

റേഷൻ കടകൾ മുഖേന പൊതുജനങ്ങൾക്ക് കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളും നൽകുന്നതിന്റെ ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന റേഷൻ കടകളിൽ മിനി അക്ഷയ സെന്ററുകൾ, ശബരി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ സപ്ലൈകോയുടെ സബ്സിഡി ഉൽപ്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതാണ്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽനിന്നും 5 റേഷൻ കടകൾ എന്ന രീതിയിൽ (ആകെ 70 എണ്ണം) തെരഞ്ഞെടുത്ത് പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം അർഹതയില്ലാത്ത ബി.പി.എൽ. റേഷൻ കാർഡുടമകളിൽ എത്രപേർ ആ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ടെന്നും വകുപ്പുതല നടപടികളിലൂടെ എത്ര അനർഹരെ കണ്ടെത്തിയെന്നും അറിയിക്കാമോ;

&

(ഇ) ഇങ്ങനെ റദ്ദാക്കപ്പെട്ട ബി.പി.എൽ. കാർഡുകൾക്കുപകരം

അർഹതയുള്ളവർക്ക് ബി.പി.എൽ. കാർഡുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

15-07-2021 വരെ അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയതിന്റെ അടിസ്ഥാനത്തിലും പരിശോധനകളിലൂടെയും പരാതികളിന്മേലുള്ള നടപടികളിലൂടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-04-2022 വരെ 1,72,312 (എ.എ.വൈ. - 14701+പി.എച്ച്.എച്ച് - 90798, എൻ.പി.എസ്.-66813) കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ആയതുപ്രകാരം സൃഷ്ടിക്കപ്പെട്ട ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 17,505 എ.എ.വൈ. കാർഡുകളും 2,33,386 പി.എച്ച്.എച്ച്. കാർഡുകളും അനുവദിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ മുൻഗണനാ വിഭാഗം**

261 (3967) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ്

ജില്ലയിൽ അനർഹരായ എത്ര പേർ മുൻഗണനാ റേഷൻ കാർഡിൽനിന്ന് സ്വമേധയാ ഒഴിഞ്ഞുപോകുകയോ നിർബന്ധപൂർവ്വം ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

4276 പേർ.

(ബി) സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ സ്വമേധയാ ഒഴിഞ്ഞുപോകാത്ത അനർഹരായവർക്കെതിരെ ജില്ലയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

അനർഹമായി കൈവശം വച്ച മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 വരെ അവസരം നൽകിയിരുന്നു. തുടർന്ന് 31-03-2022 വരെ അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തവരെ പിഴയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ആയതിനുശേഷവും പരിശോധനയിലൂടെയും പരാതികളുടെ അടിസ്ഥാനത്തിലും അനർഹരാണെന്ന് കണ്ടെത്തുന്നവരുടെ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ കമ്പോള വില പിഴയായി ഈടാക്കുകയും ചെയ്തുവരുന്നു.

(സി) അനർഹരെ ഒഴിവാക്കുക വഴി അർഹരായ എത്ര പേരെ

മുൻഗണനാ റേഷൻ കാർഡിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

9600 പേരെ.

(ഡി) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള എത്ര അപേക്ഷകൾ ജില്ലയിൽ തീർപ്പ് കൽപ്പിക്കാനുണ്ട്; വിശദാംശം അറിയിക്കാമോ?

ലഭിച്ച എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഹരിപ്പാട് മണ്ഡലത്തിൽ റേഷൻ കാർഡ് തരം മാറ്റുന്നതിന് നടപടി

262 (3968) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ എ.പി.എൽ. വിഭാഗത്തിൽനിന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡുകൾ തരം മാറ്റുന്നതിനായി നൽകപ്പെട്ടിട്ടുള്ള എത്ര അപേക്ഷകളാണ് തീർപ്പാകാതെ ശേഷിക്കുന്നതെന്ന് അറിയിക്കാമോ;

&

(ബി) ഇതുമായി ബന്ധപ്പെട്ട നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞമാസം ഓൺലൈനായി ലഭിച്ച 238 മുൻഗണനാ അപേക്ഷകളിൽ 26 അപേക്ഷകൾ അർഹതയില്ലാത്തതിനാൽ നിരസിക്കുകയും ബാക്കി 212 അപേക്ഷകളിൽ ഹിയറിംഗ് നടത്തി ലിസ്റ്റാക്കിയിട്ടുമുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് മാത്രമേ ടി പട്ടികയിൽനിന്നും ലഭ്യമായ മാർക്കിന്റെ സീനിയോരിറ്റിപ്രകാരം കാർഡുകൾ മുൻഗണനയിലേയ്ക്ക് തരം മാറ്റാൻ സാധിക്കുകയുള്ളൂ.

(സി) ഈ അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനുള്ള പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുമോ?

പരിഗണനയിലില്ല.

**മുൻഗണനാ റേഷൻ കാർഡുകൾ**

263 (3969) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതയുണ്ടായിട്ടും നിരവധി പേർക്ക് മുൻഗണനാ റേഷൻകാർഡ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മുൻഗണനാ പട്ടികയിൽ

ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം 1,54,80,040 ആണ്. ആയതിനാൽ അർഹരായ മുഴുവൻ പേരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല.

(ബി) വീടിന് 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുണ്ടെന്ന കാരണത്താൽ മുൻഗണനാ റേഷൻ കാർഡ് ലഭിക്കാത്ത വിധവകളായവരുടെ റേഷൻ കാർഡ് മുൻഗണനാ റേഷൻ കാർഡായി മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ എന്നിവരുടെ അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ റേഷൻ കാർഡുകൾ നൽകിവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ റേഷൻ കാർഡുകൾ**

264 (3970) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആകെ റേഷൻ കാർഡുകളുടെ എണ്ണം പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ?

| **പഞ്ചായത്ത്/ നഗരസഭ** | **എണ്ണം** |
|---|---|
| കാഞ്ഞങ്ങാട് | 23521 |
| മടിക്കൈ | 8318 |
| അജാനൂർ | 16177 |
| ബളാൽ | 6726 |
| കോടോംബേളൂർ | 6491 |
| കള്ളാർ | 5603 |
| കിനാനൂർ കരിന്തളം | 7159 |
| **ആകെ** | **73995** |

(ബി) അപേക്ഷ നൽകി റേഷൻ കാർഡിന് കാത്തിരിക്കുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ലഭ്യമായ 34 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

## റേഷൻ കാർഡ് സമയബന്ധിത വിതരണം

265 (3971) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അക്ഷയ സെന്ററുകൾ/സിറ്റിസൺ ലോഗിൻ മുഖേന പുതിയ റേഷൻകാർഡിനുള്ള അപേക്ഷ ലഭ്യമാകുമ്പോൾ ആയത് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുതലത്തിൽ പരിശോധന നടത്തി പൊതുവിഭാഗം നോൺസബ്സിഡി കാർഡുകളാണെങ്കിൽ 24 മണിക്കൂറിനകം നൽകുന്നു. കൂടാതെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട അപേക്ഷകൾ മാനദണ്ഡങ്ങൾ പാലിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തി കാലതാമസംകൂടാതെ അർഹരായവർക്ക് മുൻഗണനാ കാർഡ് നൽകിവരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ റേഷൻകാർഡ് ഇ-സർവ്വീസ് സംബന്ധമായി ലഭിച്ച ആകെ 25,44,584 ഓൺലൈൻ അപേക്ഷകളിൽ 25,22,033 അപേക്ഷകൾ തീർപ്പാക്കി. ഇതുവരെ 17,265 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 1,35,947 കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റി അനുവദിച്ചിട്ടുണ്ട്. ഇതുവരെ ആകെ 229680 പുതിയ കാർഡുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അനർഹർ കൈവശം വച്ചുവരുന്ന മുൻഗണനാ റേഷൻ കാർഡുകൾ തിരികെ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

വിശദമാക്കാമോ?

15-07-2021 വരെ അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ പിഴകൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയതിന്റെ അടിസ്ഥാനത്തിലും പരിശോധനകളിലൂടെയും പരാതികളിന്മേലുള്ള നടപടികളിലൂടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-04-2022 വരെ 1,72,312 (എ.എ.വൈ.-14701+പി.എച്ച്.എച്ച്.-90798, എൻ.പി.എസ്-66813) കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അനർഹമായ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്തവർക്കെതിരെ പിഴയായി, മുൻഗണനാ കാർഡ് കൈവശം വച്ച് റേഷൻ സാധനങ്ങൾ കൈപ്പറ്റിയ കാലം കണക്കാക്കി റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കുന്നുണ്ട്. സ്വമേധയാ കാർഡ് തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്ത അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ പറയുന്നവയാണ്.

1. തദ്ദേശ സ്വയംഭരണം, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തുന്നു.

2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.

3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.

4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.

5. തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.

6. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി Operation Yellow എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ടി പരിപാടി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കാവുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

266 (3972) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് ഈ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

&

(സി) കോതമംഗലം മണ്ഡലത്തിൽനിന്നും കൂടുതൽ റേഷൻകടകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 5 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി കോതമംഗലം താലൂക്കിലെ റേഷൻ കട നമ്പർ 1739122-നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ പ്രാഥമികഘട്ടം നടപ്പാക്കിയതിനുശേഷം കൂടുതൽ റേഷൻ കടകളിലേയ്ക്ക് വ്യാപിപ്പിക്കുമ്പോൾ കോതമംഗലം മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## മുണ്ടയാട്, കടവ് കോളനികളിൽ സഞ്ചരിക്കുന്ന റേഷൻ കട

267 (3973) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട മുണ്ടയാട്, കടവ് കോളനികളിലുള്ള എഴുപത്തിയാറ് ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കടകളിലേയ്ക്ക് മൂന്ന് കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) വനമേഖലയിലെ പ്രസ്തുത കോളനികളിൽ റേഷൻ കടയ്ക്ക് അനുയോജ്യമായ കെട്ടിടമില്ലാത്തതിനാൽ സഞ്ചരിക്കുന്ന റേഷൻകടയോ മറ്റ് സൗകര്യങ്ങളോ ഏർപ്പെടുത്താൻ സംവിധാനമൊരുക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുണ്ടയാട്, കടവ് കോളനികളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നു.

(സി) ആദിവാസികളുടെ വർഷങ്ങളായുള്ള പ്രസ്തുത ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

കണ്ണൂർ ജില്ലയിൽ ഇപ്രകാരം ബുദ്ധിമുട്ടുള്ള 11 ഊരുകളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിപ്രകാരം ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നുണ്ട്. കൂടാതെ പാറോത്തുമല, നവജീവൻ കോളനി, കണ്ണവം എന്നിവിടങ്ങളിൽ ടി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

268 (3974) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ എത്ര കെ-സ്റ്റോറുകളാണ് ആരംഭിക്കുന്നതെന്നും ഇതിൽ മലപ്പുറം ജില്ലയിൽ എത്ര എണ്ണമാണ് ആരംഭിക്കുന്നതെന്നും അറിയിക്കാമോ; സംസ്ഥാനത്ത് ആകെ എത്ര കെ-സ്റ്റോറുകളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

&

(ബി) നിലമ്പൂർ മണ്ഡലത്തിൽ നിന്ന് കെ-സ്റ്റോർ അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത മണ്ഡലത്തിൽ എത്ര കെ-സ്റ്റോറുകളാണ്

അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; അവ ഏതൊക്കെയാണെന്ന് തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ റേഷൻ കടകളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും 5 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് (ആകെ 70 എണ്ണം) പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള 5 റേഷൻ കടകളിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ മൂത്തേടം പഞ്ചായത്തിലെ പെരുങ്കെല്ലപ്പാറ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന 2052011 നമ്പർ റേഷൻ കടയാണ് കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**കോഴിക്കോട് ജില്ലയിലെ കെ-സ്റ്റോർ**

269 (3975) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽനിന്നും കെ-സ്റ്റോർ ആരംഭിക്കുന്നതിന് സന്നദ്ധത അറിയിച്ച് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന്

വ്യക്തമാക്കുമോ;

&

(ബി) ആദ്യഘട്ടമായി അഞ്ചിടങ്ങളിൽ ആരംഭിക്കുന്ന കെ-സ്റ്റോറുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 5 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കോഴിക്കോട് ജില്ലയിൽ നിന്നും സന്നദ്ധത അറിയിച്ചിട്ടുള്ള 44 ലൈസൻസികളിൽ നിന്നും തെരഞ്ഞെടുത്ത 5 റേഷൻ കടകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | താലൂക്ക് | പഞ്ചായത്ത് | റേഷൻ കട നം. |
|---|---|---|---|
| 1 | കൊയിലാണ്ടി | ചെറുവണ്ണൂർ | 100 |
| 2 | കൊയിലാണ്ടി | അത്തോളി | 242 |
| 3 | താമരശ്ശേരി | ഓമശ്ശേരി | 28 |
| 4 | വടകര | മണിയൂർ | 113 |
| 5 | കോഴിക്കോട് | ഒളവണ്ണ | 28 |

## കെ സ്റ്റോറുകൾ

270 (3976) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ കെ സ്റ്റോറുകളായി നവീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) സംസ്ഥാനത്ത് കെ സ്റ്റോറുകൾ എന്നത്തേയ്ക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കാമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 5 റേഷൻകടകൾ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022 ആഗസ്റ്റ് മാസത്തോടെ പദ്ധതി പ്രാവർത്തികമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ഇത്തരം സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള സംവിധാനം എങ്ങനെ ഉണ്ടാക്കുമെന്നും എന്തെല്ലാം ഭക്ഷ്യഉല്പന്നങ്ങളാണ് ഇതുവഴി ലഭ്യമാക്കുക എന്നും വ്യക്തമാക്കാമോ?

കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, സപ്ലൈകോയുടെ സബ്സിഡി ഉത്പ്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിനുവേണ്ടി സ്വമേധയാ 837 ലൈസൻസികൾ തയ്യാറായി വന്നിട്ടുണ്ട്.

## റേഷൻ സ്റ്റോക്കിൽ ക്രമക്കേട് കാട്ടുന്നവർക്കെതിരെ നടപടി

271 (3977) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾ അറിയാതെ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന്

അറിയിക്കാമോ;

&

(ബി) ഉണ്ടെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ടായിട്ടില്ല. ഇ-പോസ് സംവിധാനത്തിൽ ആധാർ ഓതന്റിക്കേഷൻ മുഖേന മാത്രമേ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുവാൻ കഴിയുകയുള്ളൂ. ഇത് സാധ്യമാകാത്ത അവസരമുണ്ടെങ്കിൽ റേഷൻ കാർഡിൽ ബന്ധിപ്പിച്ചിരിക്കുന്ന ഫോൺ നമ്പരിലേയ്ക്ക് വരുന്ന OTP ഉപയോഗിച്ചും റേഷൻ സാധനങ്ങൾ വാങ്ങാവുന്നതാണ്. റേഷൻ വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ റേഷൻ കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള ഫോൺ നമ്പരിലേയ്ക്ക് മെസ്സേജായി നൽകുന്നുണ്ട്.

(സി) റേഷൻ കടകളിലെ സ്റ്റോക്കിൽ ക്രമക്കേട് കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് KTPDS (Control) Order, 2021-നെ അടിസ്ഥാനപ്പെടുത്തിയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ

272 (3978) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് പത്താം വാർഡിലെ ചോലത്തടം എന്ന സ്ഥലത്തും തിടനാട് പഞ്ചായത്ത് ഏഴാം വാർഡിലെ വാര്യാനിക്കാട് എന്ന സ്ഥലത്തും പുതിയതായി റേഷൻ കടകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് 10-ാം വാർഡിലെ ചോലത്തടം, മീനച്ചിൽ താലൂക്കിലെ തിടനാട് പഞ്ചായത്തിലെ 7-ാം വാർഡിലെ വാര്യാനിക്കാട് എന്നീ സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചുവരുന്നു.

## എ.പി.എൽ. കാർഡുകാർക്കുള്ള അരി, ഗോതമ്പ് വിതരണം

273 (3979) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാലത്ത് റേഷൻ കടകൾ വഴി കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻകടക്കാർക്ക് നൽകാനുള്ള പതിനൊന്ന് മാസത്തെ കമ്മീഷൻ തുക കോടതി ഉത്തരവുണ്ടായിട്ടും കൊടുത്തു തീർക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

റേഷൻ കടകൾ വഴി കോവിഡ് കാലത്ത് കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ കടക്കാർക്ക് നൽകാനുള്ള കമ്മീഷൻ തുക വിതരണം നടത്തുന്നത് സംബന്ധിച്ച കോടതി വിധി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മറ്റ് ക്ഷേമനിധികളിൽ ഉള്ളതുപോലെയുള്ള സർക്കാർ വിഹിതം റേഷൻ കടക്കാർക്കുള്ള ക്ഷേമനിധിയിൽ ഇല്ലാത്തത് പരിഹരിക്കുന്നതിനും ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

റേഷൻ കടക്കാർക്കുള്ള ക്ഷേമനിധിയിലേയ്ക്ക് മറ്റ് ക്ഷേമനിധികൾക്ക്

നൽകുന്നതുപോലെ ചെലവിനായി മാസംതോറും സർക്കാർ വിഹിതം നൽകുന്നില്ല. കേരള റേഷൻ വ്യാപാരി ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്സ് ട്രഷറിയിലെ സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശയും റേഷൻ വ്യാപാരികളിൽ നിന്നും അംശദായമായി ലഭിക്കുന്ന തുകയുമാണ്. ടി ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) റേഷൻകടക്കാർക്കുള്ള ചികിൽസാ സഹായം ഇരുപത്തി അയ്യായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല

(ഡി) എ.പി.എൽ. കാർഡ് ഉടമകൾക്കുള്ള ഗോതമ്പ് വിതരണം നിർത്തിവച്ചിരിക്കുന്നത് പരിഹരിക്കുന്നതിനും മണ്ണെണ്ണയുടെ വിതരണ അളവ് വർദ്ധിപ്പിക്കുന്നതിനും വില വർദ്ധനവ് തടയുന്നതിനും നടപടി സ്വീകരിക്കുമോ?

ഭക്ഷ്യഭദ്രതാ നിയമപ്രകാരം ലഭ്യമായിക്കൊണ്ടിരുന്ന ടൈഡ്ഓവർ വിഹിതത്തിൽ ഗോതമ്പ് അനുവദിക്കുന്നത് കേന്ദ്രസർക്കാർ 2023 മാർച്ച്

വരെ നിർത്തലാക്കിയതിനെത്തുടർന്നാണ് എ.പി.എൽ. കാർഡ് ഉടമകൾക്കുള്ള ഗോതമ്പ് വിതരണം നിർത്തിവച്ചിരിക്കുന്നത്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് പടിപടിയായി കേന്ദ്രസർക്കാർ കുറവ് വരുത്തുന്നതു കൊണ്ടാണ് സംസ്ഥാനത്തും വിതരണ തോത് കുറവ് വരുത്തേണ്ട സാഹചര്യം ഉണ്ടാകുന്നത്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.

(ഇ) എ.പി.എൽ. കാർഡ് ഉടമകൾക്ക് എല്ലാ മാസവും പത്ത് കിലോ അരി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിന് (വെള്ള കാർഡുടമകൾക്ക്) ഓരോ മാസത്തേയും നീക്കിയിരുപ്പ് ഉൾപ്പെടെയുള്ള അരിയുടെ ലഭ്യത കണക്കിലെടുത്താണ് വിതരണത്തോത് നിശ്ചയിക്കുന്നത്. ടൈഡ്ഓവർ വിഹിതത്തിൽ ഗോതമ്പിന് പകരമായി അരി കേന്ദ്രം അനുവദിച്ചിട്ടുള്ളതിനാൽ 2022 ജൂൺ, ജൂലൈ മാസങ്ങളിൽ 10Kg അരി ഈ വിഭാഗത്തിന് അനുവദിച്ചിട്ടുണ്ട്.

(എഫ്) ഒരു കുടുംബത്തിന് റേഷൻകട ഉണ്ടെങ്കിൽ വേറെ കടയ്ക്ക് അപേക്ഷ നൽകാൻ പാടില്ലായെന്നും സെയിൽസ്മാന് പത്ത് വർഷത്തെ

പരിചയം ഉണ്ടാകണമെന്നുമുള്ള കേരള റേഷനിംഗ് ഓർഡർ പരിഷ്കരണത്തിന്റെ ഫലമായുള്ള വ്യവസ്ഥകൾ പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ചാത്തന്നൂർ മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

274 (3980) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 5 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള 5 റേഷൻ കടകളിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ പഞ്ചായത്തിലെ രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന റേഷൻകട നമ്പർ 1207264-നെയാണ്

ഉൾപ്പെടുത്തിയിട്ടുള്ളത്.

## പുതിയ ലൈസൻസികളെ കണ്ടെത്താൻ നടപടി

275 (3981) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി റേഷൻ കടകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

15 എണ്ണം. പുതുതായി ആരംഭിച്ചിട്ടുള്ള റേഷൻ കടകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് റേഷൻ കടകളുടെ ലൈസൻസ് ഏതെങ്കിലും കാരണവശാൽ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇവയുടെ ലൈസൻസ് പുനഃസ്ഥാപിക്കുന്നതിനോ സ്ഥിരമായി റദ്ദ് ചെയ്യുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

താൽക്കാലികമായി അംഗീകാരം റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത റേഷൻ ഡിപ്പോകളുമായി ബന്ധപ്പെട്ട ഫയൽ തീർപ്പാക്കുന്നതിനായി ബഹുമാനപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെയും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും 13-11-2021 മുതൽ 14-01-2022 വരെ അദാലത്തുകൾ സംഘടിപ്പിക്കുകയും, ആയതിൽ സ്ഥിരമായി റദ്ദ് ചെയ്ത ഡിപ്പോകളുടെ ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(സി) പ്രസ്തുത കാലയളവിൽ റേഷൻകടകളുടെ ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഉണ്ട്. അനന്തരാവകാശികൾ ഇല്ലാത്തതും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതുമായ റേഷൻ കടകളുടെ അംഗീകാരം സ്ഥിരമായി റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) പുതിയ ലൈസൻസികളെ കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് അനന്തരാവകാശികൾ ഇല്ലാത്തതും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദു ചെയ്തതുമായ 599 റേഷൻ ഡിപ്പോകളുടെ ലൈസൻസി നിയമനത്തിനായി 06-12-2021-ലെ സ.ഉ. (കൈ) നം.35/2021/ഭ.പൊ.വി.വ. പ്രകാരം സംവരണതത്വം പാലിച്ച്

വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിന്റെ തുടർനടപടിക്രമങ്ങൾ സ്വീകരിച്ചുവരികയും ചെയ്തിട്ടുണ്ട്.

## ചവറ മണ്ഡലത്തിൽ കെ-സ്റ്റോറുകൾ

276 (3982) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിൽ എത്ര കെ-സ്റ്റോറുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 5 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള 5 റേഷൻ കടകളിൽ ചവറ നിയോജകമണ്ഡലത്തിൽ നിന്നുമുള്ള റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമാകുന്ന അവസരത്തിൽ പരിഗണിക്കാൻ ശ്രദ്ധിക്കുന്നതാണ്.

## ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് റേഷൻ

277 (3983) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് റേഷൻ വിഹിതം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എന്നു മുതലാണ് റേഷൻ വിഹിതം ലഭിക്കാത്തതെന്നും ആയതിന്റെ കാരണവും വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ വെൽഫെയർ സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിനായി മുൻകാലങ്ങളിൽ വെൽഫെയർ പെർമിറ്റ് അനുവദിച്ചിരുന്നു. ഇപ്രകാരം സ്ഥാപനങ്ങൾക്ക് പ്രതിവർഷം 11927.28 MT അരിയും, 5035.9 MT ഗോതമ്പും ക്ഷേമസ്ഥാപനങ്ങൾക്ക് നൽകുന്നതിനായി 9/2018-വരെ അലോട്ട്മെന്റ് ലഭ്യമായിരുന്നു. 10/2018-നുശേഷം നാളിതുവരെ അലോട്ടുമെന്റ് ലഭ്യമായിട്ടില്ല. എന്നാൽ 10/2018 മുതൽ 3/2022 വരെ 5.65 രൂപ/കി.ഗ്രാം. എന്ന നിരക്കിൽ 2837.885 MT അരിയും 4.15 രൂപ/കി.ഗ്രാം.

എന്ന നിരക്കിൽ 736.027 MT ഗോതമ്പും വകമാറ്റി വിതരണം നടത്തിയിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തിന് 1.65 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. എന്നാൽ കേന്ദ്ര ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ 06-01-2022-ലെ D.O.No.2/Kerala/2017-BB-III (333461) കത്തു പ്രകാരം മറ്റു സ്കീമുകൾ മുഖേന ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ വെൽഫെയർ സ്കീമിലേയ്ക്ക് വക മാറ്റുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(സി) അഗതികളായ അന്തേവാസികൾക്ക് റേഷൻ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വെൽഫെയർ സ്കീം പ്രകാരം മുൻപ് ലഭ്യമായിരുന്ന ഭക്ഷ്യധാന്യ വിതരണം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## മാനസിക വെല്ലുവിളി നേരിടുന്ന അംഗങ്ങളുള്ള കുടുംബങ്ങൾക്ക് റേഷൻ ആനുകൂല്യങ്ങൾ

278 (3984) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുൾപ്പെടുന്ന കുടുംബങ്ങളുടെ റേഷൻ കാർഡിന് മറ്റ് മാനദണ്ഡങ്ങൾ ഒഴിവാക്കി ദാരിദ്ര്യ രേഖയ്ക്ക്

താഴെയുള്ളവർക്ക് ലഭിക്കുന്നതിന് സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

18-09-2017-ലെ സ.ഉ.(സാധാ)നം. 320/2017/ഭ.പൊ.വി.വ. പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് സമാനമായ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമായതും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നം. 319/2020/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുതലത്തിൽ ഫീൽഡ് പരിശോധന നടത്തി അർഹതയുണ്ടെന്ന് കാണുന്നപക്ഷം മുൻഗണനയിലേയ്ക്ക് പരിവർത്തനം ചെയ്തുവരുന്നു.

**റേഷൻകട വഴി സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള അരി**

279 (3985) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന അരി സപ്ലൈകോ ഗോഡൗണുകളിലും മാവേലി സ്റ്റോറുകളിലും മാസങ്ങളോളമിരുന്ന് കേടാകുന്നത് പരിഹരിക്കാൻ ഇവയുടെ വിതരണം ആഴ്ചതോറും സ്കൂളുകളുടെ തൊട്ടടുത്തുള്ള റേഷൻകടവഴി നടത്തുന്നത് പരിശോധിക്കുമോ?

സ്കൂളുകളുടെ സൗകര്യാർത്ഥം തൊട്ടടുത്ത മാവേലിസ്റ്റോറുകളിൽനിന്നോ, സപ്ലൈകോ താലൂക്ക് ഡിപ്പോ ഗോഡൗണുകളിൽനിന്നോ ആവശ്യകതയ്ക്കനുസരിച്ച് മാത്രമാണ് അരി സ്കൂളുകൾ വിട്ടെടുക്കുന്നത്. വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം സപ്ലൈകോ ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) എങ്കിൽ നിലവിൽ എഫ്.സി.ഐ.-യിൽ നിന്നും ന്യൂൺ ഫീഡിംഗ് റൈസ് ആയി ലഭിക്കുന്ന പുഴക്കലരിയിൽനിന്ന് റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്യുന്ന കുട്ടനാടൻ മട്ട അരി (സി.എം.ആർ.) 50:50 അനുപാതത്തിൽ പരിവർത്തനം ചെയ്ത് സ്കൂൾ കുട്ടികൾക്ക് നൽകുന്നത് പരിഗണിക്കുമോ;

&

(സി) റേഷൻകടകൾവഴി സ്കൂൾ കുട്ടികൾക്കായി സി.എം.ആർ. വിതരണം നടത്തുന്നതിന് സാങ്കേതികമായി എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേയ്ക്ക് കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫോർട്ടിഫൈഡ് അരിയാണ് നിലവിൽ എഫ്.സി.ഐ. ഡിപ്പോകളിൽനിന്ന് വിട്ടെടുത്ത് വിതരണം ചെയ്തുവരുന്നത്. കേന്ദ്ര സർക്കാരിന്റെ നെല്ല് സംഭരണ പദ്ധതിപ്രകാരമുള്ള സി.എം.ആർ. (മട്ട അരി) നിലവിൽ റേഷൻകടകൾവഴി കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനാണ് ഉപയോഗപ്പെടുത്തി വരുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം അനുവദിക്കുന്ന അരി വിട്ടെടുത്ത് വിതരണം ചെയ്യുക മാത്രമാണ് സപ്ലൈകോ ചെയ്തുവരുന്നത്.

## വിലക്കയറ്റം നിയന്ത്രിക്കുവാൻ നടപടി

280 (3986) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യവസ്തു വിപണനരംഗത്ത് സർക്കാർ ഇടപെടലുകൾ ഉണ്ടെങ്കിലും പൊതുവിപണിയിൽ വിലക്കയറ്റം ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇതര സംസ്ഥാന ലോബികളും ഒപ്പം സംസ്ഥാന ലോബികളും മറ്റു വ്യവസായ കുത്തകകളും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നപക്ഷം അത് കർശനമായി നിയന്ത്രിക്കാനും മാർക്കറ്റ് ഇടപെടൽ ശക്തമാക്കി വിപണി വില നിയന്ത്രിക്കാനുമായി വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങളും ഇതുമായി ബന്ധപ്പെട്ട് പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം നൽകുമോ?

നിരന്തരം ഉയരുന്ന ഇന്ധന വില, അതോടൊപ്പം ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ്, ഇക്കാരണങ്ങൾക്കുപുറമെ, കാലാവസ്ഥാ

വ്യതിയാനംമൂലം ഉത്പാദന കേന്ദ്രങ്ങളിലുണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നിവയാണ് സംസ്ഥാനത്ത് വിലക്കയറ്റത്തിന് ഇടയാക്കുന്നത്. പ്രധാനമായും പയർ വർഗ്ഗങ്ങൾ, മുളക്, സവാള മുതലായവയുടെ വിലയിൽ സമീപകാലത്ത് കാര്യമായ വിലക്കയറ്റം ഉണ്ടായിട്ടുള്ളതായി കാണുന്നു. അവശ്യ വസ്തുക്കളുടെ കാര്യത്തിൽ, പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയാണ് സംസ്ഥാനത്തിനുള്ളത്. എന്നിരുന്നാലും, കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ നടപടികളെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണി വിലയിൽ നിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം

അവശ്യസാധനങ്ങളും പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ പൊതു വിപണിവിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി കോവിഡ് പശ്ചാത്തലത്തിൽ എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 5600 കോടി രൂപ ചെലവഴിച്ച് 13 തവണകളിലായി 11.5 കോടി കിറ്റുകളാണ് ഇപ്രകാരം നൽകിയത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയേക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. ഇവിടെ കേവലം 20/- രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭിക്കും. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി

ഒരു 'Price Monitoring Cell' സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കാനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തിവരുന്നുണ്ട്.

**താലൂക്കടിസ്ഥാനത്തിൽ ഗോഡൗണുകൾ**

281 (3987) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് അടിസ്ഥാനത്തിൽ ഗോഡൗണുകൾ ആരംഭിക്കുന്നതിന് വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; ഇങ്ങനെ ഗോഡൗണുകൾ നിർമ്മിക്കാൻ

ആവശ്യമായ ഭൂമി എങ്ങനെയാണ് കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തി ഗോഡൗണുകൾ പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) നിലവിൽ ഏതെല്ലാം താലൂക്കുകളിലാണ് പദ്ധതിക്കായി സ്ഥലം കണ്ടെത്തി പ്രവൃത്തി ആരംഭിച്ചത്; വിശദമാക്കാമോ?

നിലവിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ സ്ഥലം കണ്ടെത്തി ഗോഡൗൺ പണിയുന്നതിനായി തറക്കല്ലിട്ടിട്ടുണ്ട്.

(സി) പദ്ധതിയുടെ നിർവ്വഹണം ഏത് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്; ഓരോ ഗോഡൗണിനും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകുന്നത്; വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടുകൂടി ഗോഡൗണിന്റെ രൂപരേഖ തയ്യാറാക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലും പത്തനംതിട്ട ജില്ലയിലെ കോന്നിയിലും ഗോഡൗൺ നിർമ്മാണത്തിനായി നിലവിൽ 5 കോടി രൂപ വീതമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**റേഷനരി കടത്ത്**

**282 (3988)** ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഗോഡൗണുകളിൽ നിന്നും സ്വകാര്യ ഗോഡൗണിലേയ്ക്ക് റേഷനരി കടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കണ്ട് ഇത്തരം സംഭവങ്ങൾ തടയുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി ക്രമക്കേട് നടത്തുന്നവർക്കെതിരെ KTPDS (Control) Order 2021-ലെ വ്യവസ്ഥകൾ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഇത്തരം കടത്തിക്കൊണ്ടുപോകൽ തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ

ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. നാളിതുവരെ 414 വാഹനങ്ങളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് ഘടിപ്പിച്ച് കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. ഇതിനായി എഫ്.സി.ഐ.-കളിൽനിന്ന് എൻ.എഫ്.എസ്.എ.-കളിലേയ്ക്കും എൻ.എഫ്.എസ്.എ.-കളിൽ നിന്നും ഓരോ റേഷൻ കടകളിലേയ്ക്കുമുള്ള വാഹനങ്ങളുടെ സഞ്ചാരപാതകൾ കൃത്യമായി കണ്ടെത്തി വെഹിക്കിൾ ട്രാക്കിംഗ് ഫ്ലീറ്റ് മാനേജ്മെന്റ് സിസ്റ്റം എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും ആയത് ഓരോ ജില്ലയുടെയും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മേധാവികൾ അംഗീകരിച്ച് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ എഫ്.സി.ഐ.-കളിൽനിന്ന് എൻ.എഫ്.എസ്.എ.-കളിലേയ്ക്ക് 3339 റൂട്ടുകളും എൻ.എഫ്.എസ്.-കളിൽനിന്നും ഓരോ റേഷൻ കടകളിലേയ്ക്ക് 7678 റൂട്ടുകളും അംഗീകരിച്ചിട്ടുണ്ട്.

## നെല്ലിന്റെ വില നൽകുന്നതിന് നടപടി

**283 (3989)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷരിൽ നിന്ന് വിവിധ മില്ലുകൾ മുഖേന സപ്ലൈകോ ഏറ്റെടുത്ത നെല്ലിന്റെ വില കർഷകർക്ക് അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ പാടശേഖരങ്ങളിൽ വിളവെടുപ്പ് ആരംഭിക്കുന്ന സമയത്തുതന്നെ പ്രസ്തുത പാടശേഖരങ്ങളിൽനിന്നും നെല്ലെടുക്കേണ്ട മില്ലുകൾക്ക് അനുമതി നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള കർഷകരിൽനിന്നും യഥാസമയം നെല്ല് സംഭരിക്കുന്നു. കർഷകരിൽനിന്നും നെല്ല് എടുത്തശേഷം Point of Sale (POS) മെഷീൻ ഉപയോഗിച്ച് ടി കർഷകർക്ക് പ്രിന്റ് ചെയ്ത നെല്ല് കൈപ്പറ്റ് രസീത് നൽകുന്നു.

കർഷകർക്ക് നെല്ലിന്റെ വില നൽകുന്നത് വായ്പാടിസ്ഥാനത്തിലാണ്. Paddy Receipt Sheet (PRS) വായ്പാപദ്ധതി എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സപ്ലൈകോ നിലവിൽ 11 ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കർഷകർക്ക് നൽകുന്ന മേൽ പരാമർശിച്ചിട്ടുള്ള നെല്ല് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ കർഷകർക്ക് വായ്പയായി നെല്ലിന്റെ വില നൽകുന്നു. ഇതിന്റെ

പലിശയടക്കമുള്ള തിരിച്ചടവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇത്തരത്തിൽ നെല്ല് കൈപ്പറ്റ് രസീത് കർഷകർ ബാങ്കുകളിൽ സമർപ്പിക്കുമ്പോൾ ബാങ്കുകൾ കർഷകർക്ക് വായ്പ നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ഇതേത്തുടർന്ന് ലോൺ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പാഡി പേയ്മെന്റ് ഓഫീസർക്ക് അയച്ച് നൽകുകയും പാഡി പേയ്മെന്റ് ഓഫീസർ ഉടൻതന്നെ ഇതിനനുബന്ധമായി പേ ഓർഡർ തയ്യാറാക്കി ബാങ്കുകൾക്ക് തിരികെ നൽകുകയും ചെയ്യുന്നു. ബാങ്കുകൾ പേ ഓർഡറുകൾ പ്രകാരമുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേയ്മെന്റായി കൈമാറുന്നു.

അപൂർവ്വമായ അവസരങ്ങളിൽ ചുവടെ സൂചിപ്പിച്ച കാരണങ്ങളാൽ കർഷകന് നെല്ലിന്റെ വില നൽകാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കർഷകർ തങ്ങളുടെ പി.ആർ.എസ്-മായി ബാങ്കിനെ സമീപിച്ച് ലോൺ നടപടികൾ കൈക്കൊള്ളാതിരിക്കുക.

2. കർഷകരുടെ ലോൺ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ ബാങ്കുകൾ കാലതാമസം വരുത്തുക.

3. പേ ഓർഡർ കിട്ടിയശേഷവും ബാങ്കുകൾ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകാതിരിക്കുക.

(ബി) എങ്കിൽ കാലതാമസം കൂടാതെ നെൽവില നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. 2021-22 സീസണിൽ നാളിതുവരെയായി 254058 കർഷകരുടെ പക്കൽ നിന്നും 748375 ടൺ നെല്ല് സംഭരിക്കുകയും 247187 കർഷകർക്ക് നെല്ലിന്റെ വിലയായി 2056.99 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പനഗർ കൃഷിഭവന് കീഴിലുള്ള പൂക്കോട്-വട്ടണാത്ര പച്ചളിപ്പുറം പാടശേഖരത്തിലെ ശ്രീ. എം. കെ. തിലകൻ, മഠത്തിപ്പറമ്പിൽ വീട്, ചെങ്ങാലൂർ എന്ന കർഷകന് മാസങ്ങൾ പിന്നിട്ടിട്ടും നെല്ലിന്റെ വില അനുവദിച്ചുനൽകാത്തത് പരിശോധിക്കുന്നതിനും ഉടൻ അനുവദിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. തിലകൻ എന്ന കർഷകന്റെ പക്കൽനിന്നും 21-02-2022-ൽ 2858 കിലോ നെല്ല് സംഭരിക്കുകയുണ്ടായി. ടി കർഷകന്

നെല്ലിന്റെ വിലയിനത്തിൽ 80367 രൂപ നൽകാനുണ്ട്. ടിയാൾ പി.ആർ.എസ്.-മായി ബാങ്കിൽ സമീപിച്ചിരുന്നില്ല. കർഷകനുമായി ബന്ധപ്പെടുകയും തുക നൽകാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

## മാവേലി സ്റ്റോറുകളിലെയും സൂപ്പർ മാർക്കറ്റുകളിലെയും ജീവനക്കാർ

284 (3990) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിലുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും ഒരു സ്ഥിരം ജീവനക്കാരനെ നിയമിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് കാരണം വ്യക്തമാക്കാമോ?

ഉണ്ട്. സപ്ലൈകോയുടെ എല്ലാ റീട്ടെയിൽ ഔട്ട്ലെറ്റുകളിലും ഒരു സ്ഥിരം ജീവനക്കാരനെങ്കിലും ഉണ്ടായിരിക്കണമെന്നും വില്പന കൂടുതലുള്ള ഔട്ട്ലെറ്റുകളിൽ ഒന്നിൽ കൂടുതലാകാം എന്നുമുള്ള പൊതുമാനദണ്ഡം സ്വീകരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി

29-04-2022-ൽ സപ്ലൈകോ കേന്ദ്രകാര്യാലയത്തിൽ വച്ച് നടത്തിയ അവലോകന യോഗത്തിലെ തീരുമാനപ്രകാരമാണ് മേൽ നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) ഈ വിഷയത്തിൽ തീരുമാനമെടുത്ത 29-04-2022-ലെ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

29-04-2022-ലെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി + ചേർക്കുന്നു..

(സി) ഓരോ മാവേലി സ്റ്റോറിലും സൂപ്പർ മാർക്കറ്റിലും നിലവിൽ എത്ര ജീവനക്കാരെ നിയമിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ എത്ര സ്ഥിരം ജീവനക്കാരാണ് നിലവിൽ ജോലി ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഔട്ട്‌ലെറ്റുകളിൽ പരമാവധി രണ്ട് സ്ഥിര ജീവനക്കാരെ നിയമിക്കാമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഔട്ട് ലെറ്റുകളിൽ ആകെ 1754 സ്ഥിരം ജീവനക്കാരാണ് നിലവിൽ ജോലി ചെയ്തുവരുന്നത്.

(ഡി) സ്ഥിരം ജീവനക്കാരുടെ എണ്ണം കുറച്ച് സിവിൽ സപ്ലൈസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നതാണോ നയപരമായ തീരുമാനമെന്ന് വ്യക്തമാക്കാമോ?

സ്ഥിരം ജീവനക്കാരുടെ എണ്ണം കുറച്ച് താൽക്കാലിക ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന തീരുമാനം സർക്കാർതലത്തിൽ കൈക്കൊണ്ടിട്ടില്ല.

## സുഭിക്ഷ ഭക്ഷ്യശാലകൾ

285 (3991) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച സുഭിക്ഷ ഭക്ഷ്യശാലകളുടെ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് 42 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തനമാരംഭിച്ചു. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഭക്ഷ്യശാലകളുടെ വിശദാംശം നൽകാമോ?

മട്ടന്നൂർ മണ്ഡലത്തിൽ സുഭിക്ഷ ഭക്ഷ്യശാല ആരംഭിച്ചിട്ടില്ല. വാടകരഹിത കെട്ടിടം കണ്ടെത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.

**അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധന**

286 (3992) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 2016 മുതൽ 2022 വരെ ചാർജ് ചെയ്ത കേസുകളുടെ എണ്ണവും ഈടാക്കിയ പിഴത്തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ അളവ് തൂക്ക ഉപകരണങ്ങളുടെ പുനഃപരിശോധനയുമായി ബന്ധപ്പെട്ട് 2016 മുതൽ 2022 വരെ (ജൂൺ 30 വരെ) 635 കേസുകൾ കണ്ടെത്തി 12,03,500/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | കേസുകളുടെ എണ്ണം | ഈടാക്കിയ പിഴ |
|---|---|---|
| 2016 | 56 | 1,16,000/- |
| 2017 | 71 | 1,47,500/- |
| 2018 | 150 | 1,27,000/- |
| 2019 | 93 | 2,43,000/- |
| 2020 | 98 | 3,33,000/- |
| 2021 | 53 | 1,43,000/- |
| 2022 (06/22 വരെ) | 114 | 94,000/- |
| **ആകെ** | **635** | **12,03,500** |

## ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

287 (3993) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുചിത്വ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച

റിപ്പോർട്ട് ലഭ്യമാണോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളുടെ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ശുചിത്വ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സംസ്ഥാന-ജില്ലാതല അവസ്ഥാ വിലയിരുത്തലുകൾ 2021, 2022 വർഷങ്ങളിൽ രണ്ട് ഘട്ടങ്ങളിലായി നടത്തിയിട്ടുണ്ട്. വിലയിരുത്തൽ പ്രകാരം സംസ്ഥാനത്ത് 1032 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി മുപ്പതിനായിരത്തോളം ഹരിതകർമ്മ സേനാംഗങ്ങൾ വാതിൽപ്പടി പാഴ്‌വസ്തു ശേഖരണത്തിനായി പ്രവർത്തിക്കുന്നു.

- നിലവിൽ സംസ്ഥാനത്ത് പാഴ്‌വസ്തു സംഭരണത്തിനായും ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുന്നതിനുമായും 1148 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (എം.സി.എഫ്.) 183 യന്ത്രവൽകൃത സംവിധാനങ്ങളോടുകൂടിയ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (ആർ.ആർ.എഫ്) പ്രവർത്തിച്ചുവരുന്നു.
- എണ്ണായിരത്തോളം മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (മിനി എം.സി.എഫ്.-കൾ) വാർഡുതലത്തിൽ പാഴ്‌വസ്തു സംഭരണത്തിനായി സ്ഥാപിച്ച് പ്രവർത്തിക്കുന്നു.

- മാലിന്യ സംസ്കരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാങ്കേതികമായി സഹായിക്കുന്നതിനായി 32 ഹരിതസഹായ സ്ഥാപനങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.
- 4800 മെട്രിക് ടൺ അജൈവ പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി മുഖാന്തരം ഇതിനോടകം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്.
- 3307 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലൂടെ 1278 ടൺ ജൈവമാലിന്യം പ്രതിദിനം സംസ്ഥാനത്ത് സംസ്കരിക്കപ്പെടുന്നു.
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്.)-കളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഹരിതകർമ്മ സേനയ്ക്ക് കൂടുതൽ വരുമാനദായകമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.
- പാഴ്വസ്തു കടത്തലിനായി ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കിവരുന്നു.

(ബി) അതിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ ആക്ഷൻ

പ്ലാൻ തയാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഖരമാലിന്യ പരിപാലന ചട്ടം 2016 അടിസ്ഥാനമാക്കി ശുചിത്വ മിഷൻ തയ്യാറാക്കി നൽകിയ മാതൃകയുടെ അടിസ്ഥാനത്തിൽ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആക്ഷൻ പ്ലാൻ തയ്യാറാക്കി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് സമയക്ലിപ്തത നിശ്ചയിച്ചിട്ടുണ്ടോ; എത്രഭാഗം പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ളവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഉണ്ട്. ഓരോ ആക്ഷൻ പ്ലാനിലെയും പദ്ധതികളുടെയും തരം അനുസരിച്ച് ഖരമാലിന്യ പരിപാലന ചട്ടം, 2016 അടിസ്ഥാനമാക്കി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ സമയക്ലിപ്തത നിശ്ചയിച്ചിട്ടുള്ളത്. ആക്ഷൻ പ്ലാൻ ഘടകങ്ങളുടെ നിർവ്വഹണ പുരോഗതി, അവശേഷിക്കുന്ന ഘടകങ്ങൾ എന്നിവ ഓരോരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു.

## തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകർ

288 (3994) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിപ്രകാരം നഗരസഭകളിലെ ക്ഷീരകർഷകർക്ക് 100 തൊഴിൽദിനങ്ങൾ ലഭിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 25-09-2019-ലെ സ.ഉ (കൈ)നം.54/2019/തസ്വഭവ പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടതും രണ്ടോ അതിലധികമോ കറവപ്പശുക്കളെ വളർത്തി പരിപാലിച്ചുപോരുന്നതുമായ ക്ഷീരകർഷകർക്ക് പശുപരിപാലനത്തിന്, ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ, 10 ലിറ്ററിൽ കുറയാത്ത പാൽ ക്ഷീരസഹകരണ സംഘത്തിൽ നൽകിയ ദിവസത്തിന് ഒരു ദിവസത്തെ വേതനം എന്ന കണക്കിൽ ഒരു സാമ്പത്തിക വർഷം പരമാവധി 100 തൊഴിൽ ദിനങ്ങളിലെ വേതനംവരെ അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. 2021-22 സാമ്പത്തിക വർഷം 5492 ക്ഷീരകർഷകർക്ക് ഇതുപ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) അത്തരത്തിൽ പഞ്ചായത്തുകളിലെ ക്ഷീരകർഷകർക്കും 100 തൊഴിൽദിനങ്ങൾ നടപ്പിലാക്കുന്നതിന് മുൻകയ്യെടുക്കുമോ; എങ്കിൽ

അതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ളത് കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. ആവർത്തനസ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇതിൽ വിലക്കുണ്ട്. കാലിവളർത്തൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന ഏറ്റെടുക്കാൻ കഴിയുന്ന തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽക്കൃഷി, അസോള ടാങ്ക് നിർമ്മാണം, കമ്പോസ്റ്റ് സംവിധാനം മുതലായ നിരവധി ഉൽപ്പാദനക്ഷമവും പൊതുജനോപകാരപ്രദവുമായ പദ്ധതികളുണ്ട്.

## അതിദാരിദ്ര്യ നിർമ്മാർജ്ജനം

289 (3995) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അതിദാരിദ്ര്യം അനുഭവിക്കുന്ന എത്രപേർ ഉണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ വഴി 7278 കുടുംബങ്ങൾ അതിദാരിദ്ര്യം അനുഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) വർക്കല മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്രപേർ ഉണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ?

വർക്കല മുനിസിപ്പാലിറ്റി - 83

ഇടവ ഗ്രാമപഞ്ചായത്ത് - 53

ഇലകമൺ ഗ്രാമപഞ്ചായത്ത് - 31

ചെമ്മരുതി ഗ്രാമപഞ്ചായത്ത് - 99

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് - 38

മടവൂർ ഗ്രാമപഞ്ചായത്ത് - 62

നാവായിക്കുളം ഗ്രാമപഞ്ചായത്ത് - 93

**ആകെ - 459 കുടുംബങ്ങൾ**

(സി) അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സർക്കാർ

വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

അതിദരിദ്രരെ കണ്ടെത്തുന്നതിനായി നടത്തിയ പ്രക്രിയയിൽ കണ്ടെത്തിയ കുടുംബങ്ങളുടെ ഭക്ഷണം, ആരോഗ്യം, പാർപ്പിടം, ജീവനോപാധി ആവശ്യങ്ങൾ എന്നിവ നേടുന്നതിനായി തദ്ദേശ സ്ഥാപനതലത്തിൽ കുടുംബാധിഷ്ഠിതമായ മൈക്രോ പ്ലാനുകൾ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 14-ാം പഞ്ചവത്സര പദ്ധതി - വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 08-07-2022-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.146/2022/തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

## സമഗ്ര ഖര മാലിന്യ പരിപാലന മാസ്റ്റർ പ്ലാൻ

290 (3996) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാകാലങ്ങളായി മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പൊതു ഇടങ്ങൾ കണ്ടെത്തി അത്തരം ഇടങ്ങളിലെ മാലിന്യങ്ങൾ പൂർണ്ണമായി നീക്കി അവ പൊതുആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടങ്ങളിലെ മാലിന്യം പൂർണ്ണമായും ഒഴിവാക്കി പ്രസ്തുത സ്ഥലങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത മാലിന്യ കേന്ദ്രങ്ങളിലെ മാലിന്യം പൂർണ്ണമായും സംസ്കരിച്ച് ഭൂമി വീണ്ടെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ പരമ്പരാഗത മാലിന്യനിക്ഷേപ കേന്ദ്രങ്ങൾ ശാസ്ത്രീയമായി ബയോമൈനിംഗ്/റെമഡിയേഷൻ മുഖേന വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം കുരീപ്പുഴയിൽ ബയോമൈനിംഗ് പദ്ധതി അവസാന ഘട്ടത്തിലാണ്. കൊച്ചി ബ്രഹ്മപുരത്തും കോഴിക്കോട് ഞെളിയംപറമ്പിലും ബയോമൈനിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്.

(സി) പുനഃചംക്രമണം സാധ്യമാക്കി മാലിന്യത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലീൻ കേരള കമ്പനി മുഖേന സംയോജിത പാഴ്വസ്തു സംസ്കരണ കേന്ദ്രങ്ങളും പതിനാല് ജില്ലാ സെഗ്രിഗേഷൻ, സോർട്ടിംഗ് ഫെസിലിറ്റികളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഹരിതകർമ്മസേനകൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി പുനഃചംക്രമണം നടത്തുന്നതിനും പുനരുപയോഗം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങളാണ് ഒരുക്കുന്നത്.

(ഡി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള ഖരമാലിന്യ പരിപാലനത്തിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ചുള്ള സമഗ്ര ഖരമാലിന്യ പരിപാലന മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ അനുശാസിക്കുംപ്രകാരം ഖരമാലിന്യ പരിപാലനം ഫലപ്രദമായി

നടപ്പിലാക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ വീട്ടിലും സ്ഥാപനത്തിലും നിന്നുമുള്ള അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേനാ രൂപീകരണം, മാലിന്യം താൽക്കാലികമായി ശേഖരിച്ചുവയ്ക്കുന്നതിനുള്ള മിനി എം.സി.എഫ്. സ്ഥാപിക്കൽ, എം.സി.എഫ്.-കളിൽ വെയിംഗ് മെഷീനുകൾ, ഡോർ ടു ഡോർ കളക്ഷൻ 100 ശതമാനമാക്കുക, ശേഖരിച്ച മാലിന്യം കരാറിലേർപ്പെട്ട ക്ലീൻ കേരള കമ്പനിക്കോ മറ്റ് അംഗീകൃത ഏജൻസിക്കോ കൈമാറുക, യൂസർ ഫീ ശേഖരണം, ലെഗസി വേസ്റ്റ് മാറ്റുക, ജലസംരക്ഷണം തുടങ്ങിയവയാണ് ആക്ഷൻ പ്ലാനിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രധാന കാര്യങ്ങൾ. ടി ആക്ഷൻ പ്ലാൻപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുപോരുന്നു. കൂടാതെ, സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനും കേരളത്തെ മാലിന്യമുക്തമാക്കുന്നതിനുമായി ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാകുന്നതോടെ കേരളത്തിലെ 87 മുൻസിപ്പാലിറ്റികളും 6 കോർപറേഷനുകളും അടക്കം 93 തദ്ദേശഭരണ സ്ഥാപന പരിധിയിൽ വരുന്ന

ഓരോ വീടുകളും സ്ഥാപനങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കളാകും. ഇവിടങ്ങളിൽനിന്ന് ജൈവ-അജൈവ മാലിന്യങ്ങൾ, നിർമ്മാണവും പൊളിച്ചു മാറ്റലുംമൂലം ഉണ്ടാകുന്ന സി&ഡി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയടക്കം എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പദ്ധതിയിലൂടെ സാധിക്കും.

**എൽ.എസ്.ജി.ഡി. റോഡുകൾക്ക് ബി.എം ആൻഡ് ബി.സി നിലവാരം**

291 (3997) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് നാറ്റ്-പാക് സ്റ്റഡി റിപ്പോർട്ട് വേണമെന്ന നിബന്ധന വച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

&

(ബി) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. ഒ.ഡി.ആർ. (അതർ ഡിസ്ട്രിക്ട് റോഡ്) റോഡുകൾപോലും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക്

ഉയർത്തപ്പെട്ട സാഹചര്യത്തിൽ പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി. കണക്ഷൻ റോഡുകളായ എൽ.എസ്.ജി.ഡി. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് ഇത്തരത്തിലുള്ള സ്റ്റഡി റിപ്പോർട്ട് വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിലെ റോഡ് ആസ്തികൾ ബി.എം.&ബി.സി. നിലവാരത്തിൽ ചെയ്യുന്നതിന് NATPAC റിപ്പോർട്ട് വേണമെന്ന നിബന്ധന സംബന്ധിച്ച് ഈ വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ, ബി.എം.&ബി.സി. നിലവാരത്തിൽ ടി റോഡുകൾ ഉയർത്തേണ്ട സാഹചര്യത്തിൽ ബന്ധപ്പെട്ട റോഡിന്റെ CBR പരിശോധിച്ച് അംഗീകൃത IS, IRC കോഡുകൾ പ്രകാരം ട്രാഫിക് സ്റ്റഡിനടത്തി ഡിസൈൻ തയ്യാറാക്കി Commercial vehicles per day കണ്ടെത്തുകയും ആയത് 2msa-ക്ക് മുകളിൽ വരുന്ന സാഹചര്യത്തിൽ മാത്രമേ ടി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിക്കേണ്ടുന്ന സാഹചര്യം വരുന്നുള്ളൂ. മേൽ ഡിസൈൻ/പരിശോധനകൾ പ്രകാരമുള്ള റിപ്പോർട്ട് ബി.എം.&ബി.സി. നിലവാരത്തിൽ റോഡുകൾ ഉയർത്തുന്നതിന് ആവശ്യമാണ്.

## പൊതുആവശ്യങ്ങൾക്ക് സ്ഥലം വിട്ടുനൽകുന്ന നടപടികൾ

292 (3998) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീലിങ്ക്വിഷ്മെന്റ് ഫോം മുഖേന സമ്മതം അറിയിച്ചുകൊണ്ട് വ്യക്തികൾ പൊതുആവശ്യത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്ഥലം വിട്ടുനൽകിയാൽ ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുമോ; ഭൂമി രജിസ്റ്റർ ചെയ്തു നൽകിയാൽ മാത്രമേ സ്വീകരിക്കാൻ കഴിയൂവെന്ന് നിയമമുള്ളതിനാൽ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 178, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് പഞ്ചായത്തുകൾ പൊതുആവശ്യങ്ങൾക്കായി ഭൂമി ആർജ്ജിക്കുന്നത്. അപ്രകാരം ആർജ്ജിച്ച ഭൂമി മാത്രമേ റവന്യൂ രേഖകളിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഉടമസ്ഥാവകാശം മാറ്റി ആസ്തി രജിസ്റ്ററിൽ ചേർക്കാൻ കഴിയുകയുള്ളൂ. നഗരസഭകളുടെ കാര്യത്തിലും ഇതേ

നടപടിക്രമമാണുള്ളത്. 30-01-2020-ലെ സ.ഉ.(പി) നം.09/2020/ടി.ഡി. പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയും 30-01-2020-ലെ സ.ഉ.(പി) നം.10/2020/ടി.ഡി. പ്രകാരം രജിസ്ട്രേഷൻ ഫീസും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായോ പർച്ചേസ് വഴിയോ ആർജ്ജിക്കുന്ന ഭൂമിക്ക് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഭൂമി രജിസ്റ്റർ ചെയ്തെടുക്കുന്നതിന് ചെലവ് വരുന്നില്ല.

നിയമപ്രകാരം കൈമാറ്റം ചെയ്തുകിട്ടാത്ത ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതിന് മുമ്പായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(ബി) പഞ്ചായത്ത് രാജ് ആക്റ്റിലെ 178-ാമത് വകുപ്പുമൂലമാണ് ഇത്തരത്തിലൊരു പ്രശ്നം ഉണ്ടായിട്ടുള്ളത് എന്നതിനാൽ പഴയ നില പുനഃസ്ഥാപിക്കുന്നതിനായി നിയമഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

പരിശോധിക്കുന്നതാണ്.

(സി) എങ്കിൽ നിയമ ഭേദഗതി വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള

നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ബാധകമല്ല.

(ഡി) സർക്കാരിലേയ്ക്ക് ഭൂമി വിട്ടുനൽകുന്നതിന് റീലിങ്ക്വിഷ്മെന്റ് ഫോമിൽ അപേക്ഷ നൽകിയാൽ മതിയെന്നിരിക്കെ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടി പ്രസ്തുത വ്യവസ്ഥ ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

1958-ലെ കേരള ലാൻഡ് റീലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം ഭൂമി സർക്കാരിന് സറണ്ടർ ചെയ്ത് നൽകുന്നതിന് മാത്രമേ കഴിയുകയുള്ളൂ. റീലിങ്ക്വിഷ്മെന്റ് ഫോം മുഖേന സമ്മതമറിയിച്ചുകൊണ്ട് വ്യക്തികൾക്ക് പൊതു ആവശ്യത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്ഥലം വിട്ടുനൽകാൻ കഴിയില്ല. പ്രസ്തുത വ്യവസ്ഥ ബാധകമാക്കാനാകുമോ എന്നുള്ളത് പരിശോധിക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

293 (3999) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. ഫണ്ട് ഉപയോഗിച്ച് കുണ്ടറ നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതി വ്യക്തമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(സി) ഭരണാനുമതി ലഭിച്ച് നാളിതുവരെയായിട്ടും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാലതാമസം നേരിടുന്ന 2 പ്രവൃത്തികളിൽ NOC-യുമായി ബന്ധപ്പെട്ടവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇനിയും ആരംഭിക്കാത്ത 2 പദ്ധതികളിൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗ്രാമസഭാ പോർട്ടൽ ഓൺലൈൻ പ്ലാറ്റ്ഫോം

294 (4000) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമസഭയിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭാ പോർട്ടൽ എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ടോ; പൊതുജനങ്ങൾക്ക് പ്രദേശത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും വസ്തുതകളും സമർപ്പിക്കുന്നതിന് പ്രസ്തുത പോർട്ടലിൽ സംവിധാനമുണ്ടോ; മറ്റെന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഗ്രാമസഭാ പോർട്ടൽ എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്. നിലവിലെ ഗ്രാമസഭാ പോർട്ടലിൽ നിർദ്ദേശങ്ങളും വസ്തുതകളും സമർപ്പിക്കുന്നതിന് സംവിധാനമുണ്ട്. നിലവിലെ ഗ്രാമസഭാ പോർട്ടൽ പ്ലാറ്റ്ഫോമിൽ ഓൺലൈനായി ഗ്രാമസഭകൾ കൂടുന്നതിനും

അറ്റൻഡൻസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വോട്ടർ ലിസ്റ്റുമായി സംയോജിപ്പിച്ച് പ്രവാസികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ലോകത്തെവിടെനിന്നും ഗ്രാമസഭകളിൽ പങ്കെടുത്ത് വികസനക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും വസ്തുതകളും ഉന്നയിക്കാൻ കഴിയത്തക്കവിധത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള സോഫ്റ്റ്‌വെയർ വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഗ്രാമപഞ്ചായത്തുകളുടെ സേവനം എല്ലാവരിലും എത്തിക്കുന്നതിന്റെ ഭാഗമായി വാർഡുതലത്തിൽ ഗ്രാമസേവാ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

25-06-2014-ലെ സ.ഉ.(എം.എസ്)നം. 112/2014/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുസംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമസഭ/വാർഡ് അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമായിരിക്കും ഗ്രാമ കേന്ദ്രം. ഗ്രാമപഞ്ചായത്തുകളിൽ "സേവാഗ്രാം ഗ്രാമകേന്ദ്രം" എന്നാണ് ഗ്രാമ കേന്ദ്രത്തിനെ അറിയപ്പെടുക.

ഗ്രാമസഭകളുടെ ആസ്ഥാനമെന്ന നിലയിൽ ഗ്രാമസഭാ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ, വികസന, ക്ഷേമ, സേവന, സാംസ്കാരിക, സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ക്രോഡീകരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും അവ നടപ്പാക്കുന്നതിൽ വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനും വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണസേവന കേന്ദ്രമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കേണ്ടതാണ്.

**ഡ്രൈവർമാർക്ക് ട്രാൻസ്ഫർ അനുവദിക്കുന്നതിനുള്ള നടപടി**

295 (4001) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാലങ്ങളായി ജോലി ചെയ്തുവരുന്ന ഡ്രൈവർമാർക്ക് അവരുടെ ജില്ലകളിലേയ്ക്ക് ട്രാൻസ്ഫർ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഗ്രാമവികസന വകുപ്പിൽ ഡ്രൈവർമാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളതായും 25-02-2017-ലെ സ.ഉ.

(പി)03/2017/ഉഭപവ പ്രകാരം യോഗ്യരായ ജീവനക്കാർക്ക് അവരവരുടെ ജില്ലകളിലേയ്ക്ക് ഒഴിവുവരുന്ന മുറയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നഗരകാര്യവകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള കരട് ക്യൂ ലിസ്റ്റ് ഓൺലൈനായി പ്രസിദ്ധീകരിച്ചിട്ടുള്ളതായും ആയതിന്മേലുള്ള ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പിലെ ഡ്രൈവർ തസ്തിക ജില്ലാതലത്തിലുള്ള തസ്തികയായതിനാൽ അതിൽ ജില്ലാതലത്തിലാണ് നിയമനം നടത്തി വരുന്നതെന്നും ജില്ലാതല നിയമനം നടക്കുന്ന തസ്തികകളിൽ മറ്റു ജില്ലകളിലേയ്ക്കുള്ള സ്ഥലംമാറ്റം അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് നടത്തിവരുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്ഥലംമാറ്റ വ്യവസ്ഥകൾപ്രകാരം അനുവദനീയമായ സ്ഥലംമാറ്റ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സ്ത്രീ സൗഹൃദ പൊതുയിടവും ക്രൈം മാപ്പിംഗ് പദ്ധതിയും

296 (4002) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നീ ലക്ഷ്യത്തോടെ വാർഡുതലത്തിലും നഗരഭരണ സ്ഥാപനങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ലിംഗപദവിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിന് ജെൻഡർ റിസോഴ്സ് സെന്ററുകളും വനിതാ ഹെൽപ്പ് ഡെസ്കുകളും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും ജൂഡോ, കരാട്ടെ എന്നിവയിലും യോഗയിലും പരിശീലനം നൽകുന്ന പ്രോജക്ടുകളും ഏറ്റെടുത്തുവരുന്നുണ്ട്.

കുടുംബശ്രീയുടെ നേതൃത്വത്തിൽ റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ ബോധവത്കരണ ക്ലാസ്സുകളും കൗൺസിലിംഗുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. കോളിംഗ് ബെൽ, ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി, പറയാം പരിഹരിക്കാം ഹിയറിംഗ്, വിവിധതരം ബോധവത്കരണ ക്ലാസുകൾ എന്നിവ നടത്തിവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് 14 ജില്ലകളിലും സൗജന്യ സേവനം നൽകിവരുന്നു. കൗൺസിലിംഗ്, താൽക്കാലിക അഭയം, നിയമ സഹായം, ബോധവത്ക്കരണ പ്രവർത്തനങ്ങൾ മുതലായ സേവനങ്ങൾ സ്നേഹിതയുടെ നേതൃത്വത്തിൽ നൽകുന്നു. കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ ലീഗൽ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് സ്നേഹിത @ സ്കൂൾ പ്രവർത്തനവും കോളേജുകൾ, പോലീസ് സ്റ്റേഷനുകൾ, ജില്ലാ ജയിലുകൾ മുതലായവയും സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും പരിശീലനവും നൽകുന്നതിനുമുള്ള സംവിധാനമായ ജെൻഡർ റിസോഴ്സ്

സെന്ററുകൾ 729 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. അതിക്രമങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനുമായി വാർഡുതലത്തിൽ 5 മുതൽ 10 വരെ അംഗങ്ങളുള്ള സന്നദ്ധ ഗ്രൂപ്പുകളായ വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു. സാംസ്കാരിക മേഖലയിലെ സ്ത്രീ സാന്നിധ്യം ഉറപ്പാക്കുന്നതിനും ജനോപകാരപ്രദമായ ബോധവത്കരണ പരിപാടികൾ നടത്തുന്നതിനുമായി സ്ത്രീകളുടെ തീയേറ്റർ ഗ്രൂപ്പായ രംഗശ്രീ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി പ്രാദേശികതലത്തിൽ പ്രതിരോധമുണ്ടാകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് 152 പഞ്ചായത്തുകളിൽ ക്രൈംമാപ്പിംഗ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ലിംഗപദവി തുല്യതയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ദൈനംദിന പ്രവർത്തനങ്ങളെ തുല്യതയോടെ ഇടപെടുന്നതിന് പ്രാപ്തരാക്കുന്നതിനായി കുടുംബശ്രീ മിഷൻ ഉദ്യോഗസ്ഥർക്കും മറ്റ് സഹായക ഗ്രൂപ്പുകൾക്കുമായി ജെൻഡർ അവബോധ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സ്ത്രീധനം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം എന്നിവക്കെതിരെ സ്ത്രീപക്ഷ നവകേരളം പ്രചാരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

(ബി) സ്ത്രീ സൗഹൃദ പൊതുയിടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിജിലന്റ് ഗ്രൂപ്പ്, ക്രൈംമാപ്പിംഗ് തുടങ്ങിയ പദ്ധതികൾ സ്ത്രീ സൗഹൃദ പൊതു ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ളവയാണ്. കൂടാതെ വിവിധ ക്യാമ്പയിനുകൾ ജില്ല, സി.ഡി.എസ്., അയൽക്കൂട്ട തലങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുകയുണ്ടായി. 'പൊതു ഇടം എന്റേതും' എന്ന ക്യാമ്പയിനിൽ കളിസ്ഥലങ്ങൾ, പാർക്കുകൾ, ലൈബ്രറികൾ, ബീച്ചുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. രാത്രി നടത്തം, രാത്രി അയൽക്കൂട്ട മീറ്റിംഗുകൾ തുടങ്ങിയവയും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ക്രൈം മാപ്പിംഗ് പദ്ധതി എത്ര പഞ്ചായത്തുകളിലാണ് ഇപ്പോൾ നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ?

ഓരോ ബ്ലോക്കിലും ഒരു സി.ഡി.എസ്. എന്ന നിലയിൽ 152 പഞ്ചായത്തുകളിലാണ് ക്രൈംമാപ്പിംഗ് നടന്നുവരുന്നത്.

(ഡി) സംസ്ഥാനത്ത് എത്ര ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ വാർഡുതലത്തിൽ 5 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(ഇ) അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ജാഗ്രതാ സമിതികൾ മുഖേന നൽകുന്ന പിന്തുണയും സഹായവും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

അതിക്രമങ്ങൾ നേരിടുന്നവർക്കും അതിക്രമങ്ങൾക്കിരയാകാൻ സാധ്യതയുള്ളവർക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നത്. അതിക്രമങ്ങൾക്കെതിരെയുള്ള പ്രതിരോധ പരിപാടികൾ, മറ്റുവകുപ്പുകളുമായി സംയോജിച്ചുകൊണ്ടുള്ള സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് വിജിലന്റ് ഗ്രൂപ്പുകൾ ചെയ്തുവരുന്നത്. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ജാഗ്രതാ സമിതികൾ മുഖേന കൗൺസിലിംഗ്, നിയമപരിരക്ഷ, മീഡിയേഷൻ, താൽക്കാലിക സംരക്ഷണം, പോലീസ് ഇടപെടൽ, റഫറൽ സംവിധാനം എന്നിവ നൽകിവരുന്നു.

## കൊല്ലം മണ്ഡലത്തിലെ അമൃത് പദ്ധതി

297 (4003) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കോർപ്പറേഷൻ മുഖേന കൊല്ലം നിയോജകമണ്ഡല പരിധിയിൽ നടപ്പിലാക്കിവരുന്ന അമൃത് പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ അമൃത് പദ്ധതി മുഖേന 5 സെക്ടറുകളിലായി ആകെ 59 പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇതിൽ 41 പദ്ധതികൾ കോർപ്പറേഷൻ നേരിട്ടു നടത്തുന്ന പദ്ധതികളും 18 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നവയുമാണ്. കോർപ്പറേഷൻ നേരിട്ട് നടപ്പാക്കുന്ന 41 പദ്ധതികളിൽ 21 സ്റ്റോം - വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, 7 പാർക്കുകൾ, 11 അർബൻ ട്രാൻസ്പോർട്ട് പ്രോജക്ടുകൾ, 2 വാട്ടർ സപ്ലൈ പ്രോജക്ടുകൾ എന്നിവ ഉൾപ്പെടുന്നു. 21 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികളിൽ 18 എണ്ണവും അർബൻ ട്രാൻസ്പോർട്ട് പദ്ധതികളിൽ 7 എണ്ണവും പൂർത്തിയായിട്ടുണ്ട്. പാർക്ക് സെക്ടറിലെ എല്ലാ

പദ്ധതികളും പൂർത്തിയായിട്ടുണ്ട്. ജലവിതരണ പദ്ധതികൾ പൂർത്തിയായിട്ടില്ല.

അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ പ്രധാന പദ്ധതിയായ മൾട്ടിലെവൽ കാർ പാർക്കിംഗ് (10.91 കോടി) എന്ന പദ്ധതി റെയിൽവേസ്റ്റേഷന് അടുത്തുള്ള റവന്യൂ പുറമ്പോക്കിൽ (അലക്കുകുഴി) ചെയ്യുന്നതിനായാണ് വിഭാവനം ചെയ്തത്. ഇതിനുവേണ്ടി അവിടെയുണ്ടായിരുന്ന 23 കുടുംബങ്ങളിൽ 20 കുടുംബങ്ങളെ കോർപ്പറേഷന്റെ സ്ഥലത്ത് വീട് നിർമ്മിച്ച് മാറ്റി പാർപ്പിച്ചു. എന്നാൽ 3 കുടുംബങ്ങൾ മാറാൻ തയ്യാറാകാതെ കേസിന് പോവുകയും ചെയ്തു. അതിനാൽ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കോർപ്പറേഷൻ നേരിട്ട് നടത്തുന്ന പദ്ധതികളുടെ ആകെ ഭരണാനുമതി തുക 58.1 കോടി രൂപയും ഇതിൽ ചെലവഴിച്ച തുക 28.82 കോടി രൂപയുമാണ്. കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായിട്ടുള്ള 18 പദ്ധതികളിൽ 13 എണ്ണം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ആകെ ഭരണാനുമതി തുക 253.62 കോടിയും ചെലവഴിച്ച തുക 62.02 കോടിയുമാണ്. ഇതിൽ ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ ചുവടെ നൽകിയിട്ടുള്ള പ്രധാനപ്പെട്ട 5 ഘടകങ്ങൾ (104 കോടി രൂപ) ഉൾപ്പെടുന്നു.

വസൂരിച്ചിറയിൽ നിർമ്മാണത്തിലിരിക്കുന്ന 100 MLD ജലശുദ്ധീകരണശാല (57.22 കോടി രൂപ)

കല്ലടയാറ്റിന് കുറുകെയുള്ള തടയണ നിർമ്മാണം (38.1 കോടി രൂപ)

ഞാങ്കടവിൽ 10 മീറ്റർ വ്യാസത്തിലുള്ള കിണർ നിർമ്മാണം (1.93 കോടി രൂപ)

ട്രാൻസ്ഫോർമർ & പവർലൈൻ എക്സ്റ്റൻഷൻ (2.75 കോടി രൂപ) -

3520 മീറ്റർ നീളത്തിലുള്ള DIK9 പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. (4.33 കോടി രൂപ)

ഇതിൽ വസൂരിച്ചിറയിലെ ജലശുദ്ധീകരണശാലയുടെ നിർമ്മാണം 78 ശതമാനം പൂർത്തിയായിട്ടുണ്ട്. (3) (4) (5) ഘടകങ്ങൾ പൂർത്തിയായി. (2)-ാമത്തെ ഘടകമായ തടയണ നിർമ്മാണം ടെണ്ടർ ചെയ്തപ്പോൾ 29 ശതമാനം തുക കൂടുതലായി ക്വാട്ട് ചെയ്തതിനാൽ അംഗീകാരത്തിനായി സർക്കാർ പരിഗണനയിലാണ്. ഇതുകൂടാതെ വാട്ടർ സപ്ലൈ സെക്ടറിൽ 17.18 കോടി രൂപയുടെ 15820 സൗജന്യ കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ളതുമാണ്.

സ്വീവേജ് സെക്ടറിൽ കൊല്ലം കുരീപ്പുഴയിൽ 31.92 കോടി രൂപ

ഭരണാനുമതിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി 62 ശതമാനം പൂർത്തിയായിട്ടുണ്ട്. 10 വാർഡുകളിലെ ജലമാലിന്യം കുരീപ്പുഴയിലെ പ്ലാന്റിൽ എത്തിക്കുന്നതിനായുള്ള നെറ്റ്‌വർക്കിന്റെ പ്രവൃത്തി (93.61 കോടി രൂപ) 4 പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ബിഡ്ഡുകളൊന്നും ലഭിച്ചിട്ടില്ല.

## തിരുവനന്തപുരം നഗരസഭയിലെ ധനാപഹരണം

298 (4004) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ കെട്ടിട നികുതി ഇനത്തിൽ ശേഖരിച്ച തുകയിൽ എത്ര തുകയാണ് ജീവനക്കാർ തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ?

തിരുവനന്തപുരം നഗരസഭയുടെ 3 സോണൽ ഓഫീസുകളിൽ നിന്നായി നികുതിയിനത്തിൽ ശേഖരിച്ച ആകെ 32,96,954/- രൂപ തട്ടിയെടുത്തതായി തെളിഞ്ഞിട്ടുണ്ട്.

1) നേമം സോണൽ - 26,74,333/- രൂപ

2) ശ്രീകാര്യം സോണൽ - 5,12,785//-

3) ആറ്റിപ്ര സോണൽ - 1,09,836/-

(ബി) നഗരസഭയുടെ ഏതൊക്കെ സോണൽ ഓഫീസുകളിൽ ഏതൊക്കെ കാലയളവിൽ ജോലി ചെയ്ത ജീവനക്കാരാണ് തട്ടിപ്പിൽ ഉൾപ്പെട്ടതെന്ന് അറിയിക്കാമോ?

നേമം സോണൽ ഓഫീസിൽ 24-01-2020 മുതൽ 14-07-2021 വരെയും ശ്രീകാര്യം സോണൽ ഓഫീസിൽ 22-01-2021 മുതൽ 06-07-2021 വരെയും ആറ്റിപ്ര സോണൽ ഓഫീസിൽ 11-12-2020-ലും ജോലി ചെയ്ത ജീവനക്കാരാണ് തട്ടിപ്പിൽ ഉൾപ്പെട്ടത്.

(സി) ജീവനക്കാർ ധനാപഹരണം നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും നഗരകാര്യ ഡയറക്ടർക്കും നഗരസഭാ സെക്രട്ടറി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ട് പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീകാര്യം സോണൽ ഓഫീസിലെ കളക്ഷൻ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായും 22-06-2021-ലെ കളക്ഷൻ തുക ബാങ്കിൽ ഒടുക്കിയത് 16-07-2021-ൽ ആണെന്നും ശ്രീകാര്യം

സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ 16-07-2021-ൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക ബാങ്കിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ ടി ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ബിജുവിനെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി 19-07-2021-ൽ ജി.എ 7/5956/21 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തു. തുടർന്ന് എല്ലാ സോണൽ ഓഫീസുകളിലും അടിയന്തരമായി ഓഡിറ്റ് നടത്തി റിപ്പോർട്ട് നൽകാൻ ഓഡിറ്റ് വിഭാഗത്തിന് കത്ത് നൽകി. ടി വിഷയം സംബന്ധിച്ച അന്വേഷണം നടത്താൻ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ 22-07-2021-ന് കത്ത് നൽകി. ഓഡിറ്റ് വിഭാഗത്തിന്റെ 18-08-2021-ലെ KSA 642/TVC9/2021 നമ്പർ കത്ത് പ്രകാരം ശ്രീകാര്യം സോണൽ ഓഫീസിൽ നിന്ന് 22-01-2021 മുതൽ 06-07-2021 വരെയുള്ള കാലയളവിലെ കളക്ഷൻ തുകയായ 5,12,785/- (ആറ് ദിവസത്തെ കളക്ഷൻ തുക) രൂപ നഗരസഭ അക്കൗണ്ടിൽ വരവ് വന്നിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട്സ് വിഭാഗം പരിശോധന നടത്തുകയും ടി തുക വരവ് വന്നിട്ടില്ലാത്തതിനാൽ ശ്രീകാര്യം സോണൽ ഓഫീസിലെ കാഷ്യറായ ശ്രീ. അനിൽ കുമാറിനെ സർവ്വീസിൽ നിന്നും ജിഎ 7/5956/21 നമ്പർ ഉത്തരവ് പ്രകാരം 03-09-2021 മുതൽ സസ്പെൻഡ് ചെയ്യുകയും

ആയതിൽ മേൽനോട്ട വീഴ്ച വരുത്തിയ അന്നത്തെ ചാർജ്ജ് ഓഫീസറായ ശ്രീമതി ലളിതാംബികയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറി നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി ലളിതാംബികയെ തദ്ദേശസ്വയംഭരണ അർബൻ ഡയറക്ടറുടെ 08-10-2021-ലെ വി1-18212/2021 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. കാഷ്യർക്കും ഓഫീസ് അറ്റൻഡന്റിനും ചാർജ്ജ് മെമ്മോ നൽകുകയും ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുകയും ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ Crime No.1542/2021, U/s: 420.409 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് വിഭാഗത്തിന്റെ 20-09-2021-ലെ കത്ത് പ്രകാരം നേമം സോണൽ ഓഫീസിൽ നിന്നും 24-01-2020 മുതൽ 14-07-2021 വരെയുള്ള കാലയളവിലുള്ള 26,74,333/- രൂപ നഗരസഭയുടെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യുകയും ആയതിൽ വീഴ്ച വരുത്തിയ നേമം സോണലിലെ സൂപ്രണ്ട് ശ്രീമതി ശാന്തി എസ്.-നെയും കാഷ്യർ ശ്രീമതി സുനിത എസ്.-നെയും 22-09-2021 മുതൽ സസ്പെൻഡ് ചെയ്യുകയും ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നേമം പോലീസ്

സ്റ്റേഷനിൽ 29-09-2021-ൽ കത്ത് നൽകുകയും Crime No.1966/2021, U/s: 468,471,420,409,34 IPC പ്രകാരം കേസ് രജിസ്റ്റർ (**01-10-21)** ചെയ്തിട്ടുമുണ്ട്.

ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും 11-12-2020-ലെ കളക്ഷൻ തുകയായ 1,09,836/- രൂപ ഒടുക്ക് വരുത്താത്തതായുള്ള ഓഡിറ്റ് വിഭാഗത്തിന്റെ 20-09-2021-ലെ കത്ത് പ്രകാരം ടി ഓഫീസിലെ കാഷ്യർക്ക് നഗരസഭാ സെക്രട്ടറി മെമ്മോ നൽകുകയും ആയതിൽ മേൽനോട്ട വീഴ്ച വരുത്തിയ ചാർജ്ജ് ഓഫീസർ ശ്രീമതി സുമതിയെ തദ്ദേശസ്വയംഭരണ അർബൻ ഡയറക്ടറുടെ 08-10-2021-ലെ വി1-18212/2021 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. ടിയാൻ മരണപ്പെട്ടിട്ടുള്ളതാണ്.

ആറ്റിപ്ര സോണൽ ഓഫീസിലെ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് കണ്ടെത്തിയ ടി ഓഫീസിലെ ജീവനക്കാരനായ ശ്രീ. ജോർജ്ജ്കുട്ടിയെ 29-09-2022 മുതൽ ജിഎ 7/62257/21 നമ്പർ ഉത്തരവ് പ്രകാരം നഗരസഭയിൽനിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്താൻ നഗരസഭ കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ കത്ത് നൽകി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തുക നഷ്ടപ്പെട്ട ദിവസങ്ങളിൽ ബന്ധപ്പെട്ട ജീവനക്കാർ ഓഫീസിൽ നിന്നും ബാങ്കിൽ തുക അടയ്ക്കാൻ കൊണ്ടുപോയി. എന്നാൽ ബാങ്കിൽ ഒടുക്കാതെ, ബാങ്കിന്റെ കൗണ്ടർ ഫോയിൽ വ്യാജമായി ഉണ്ടാക്കി തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. (മറ്റ് സീലുകൾ പതിപ്പിച്ച്/സീലുകൾ ഇല്ലാത്ത കൗണ്ടർ ഫോയിൽ രജിസ്റ്ററിൽ പതിച്ചുവയ്ക്കുകയുമാണ് ചെയ്തത്). ഇതിൽ പ്രഥമദൃഷ്ട്യാ കാഷ്യർ, ബാങ്കിൽ തുകകൊണ്ടുപോയ ജീവനക്കാരൻ, കൗണ്ടർ ഫോയിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്ന സൂപ്രണ്ടുമാർ എന്നിവർ യോജിച്ചും ഒറ്റയ്ക്കും കുറ്റക്കാരാണ്. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ കൺകറന്റ് ആഡിറ്റ് സംവിധാനം നഗരസഭയ്ക്കുണ്ട്. എന്നാൽ സോണൽ ഓഫീസുകളിൽ വർഷത്തിൽ ഒരിക്കലാണ് ആഡിറ്റ് ചെയ്യുന്നത്. 2020/21 വർഷങ്ങളിൽ കോവിഡ് ആയതിനാൽ ഓഡിറ്റ് നടന്നിട്ടില്ല. ആയതിനാൽ ടി തട്ടിപ്പ് കൃത്യസമയത്ത് അറിയാൻ കഴിഞ്ഞില്ലെന്നും നിലവിൽ നഗരസഭയ്ക്ക് 32,96,954/- രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്നും ടി തുക കുറ്റക്കാരായ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതുണ്ടെന്നും കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്കെതിരെ Major Punishment സ്വീകരിക്കാനുള്ള നടപടിയും ഇതിനുപുറമെ പോലീസിന്റെ തലത്തിൽ അന്വേഷണവും നടന്നു വരുന്നുണ്ടെന്നും മുകളിൽ സൂചിപ്പിച്ച രീതിയിലുള്ള തട്ടിപ്പുകൾ ഭാവിയിൽ

നടക്കാതിരിക്കാൻ വ്യക്തമായ നടപടിക്രമം വിവരിച്ച്/ഉത്തരവാദിത്വം വിവരിച്ച വിശദമായ സർക്കുലർ 22-09-2021, 23-09-2021 തീയതികളിൽ പുറപ്പെടുവിച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നികുതിദായകർ/മറ്റുതരം ഫീസുകൾ ഒടുക്കിയവ നഗരസഭ സ്വീകരിച്ചിട്ടുണ്ട്. സ്വീകരിച്ചതിനുശേഷം നഗരസഭയിൽ നിന്നും ബാങ്കിൽ ഒടുക്കാൻ പോയപ്പോൾ ബാങ്കിൽ ഒടുക്കാതെ വ്യാജരേഖ ചമച്ച്, ബാങ്കിൽ ഒടുക്കിയതായി തെറ്റിദ്ധരിപ്പിച്ചാണ് തട്ടിപ്പ് നടത്തിയത്. ആയതിൽ നഗരസഭയ്ക്ക് നിലവിൽ നഷ്ടമുണ്ടായിട്ടുണ്ട്. കെട്ടിട ഉടമകൾ നികുതി ഒടുക്കിയ വിവരങ്ങൾ സഞ്ജയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ വളരെ വേഗത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനുശേഷം കുടിശ്ശികക്കാരുടെ പട്ടിക പ്രസിദ്ധീകരിക്കുകയും അദാലത്ത് നടത്തി പരാതി പരിഹരിച്ചിട്ടുമുണ്ട്.

(ഡി) കെട്ടിട നികുതി ധനാപഹരണം സംബന്ധിച്ച് നഗരസഭ അക്കൗണ്ട്സ് ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ധനാപഹരണവുമായി ബന്ധപ്പെട്ട് തുടർനടപടികൾക്കായി നഗരസഭ നിയമോപദേശം തേടിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ?

നഗരസഭയുടെ സീനിയർ അഡ്വക്കേറ്റായ ശ്രീ. നന്ദകുമാരമേനോന്റെ പക്കൽനിന്നും നിയമോപദേശം തേടിയിരുന്നു. കുറ്റക്കാരായ ജീവനക്കാർക്കെതിരെ കഠിനശിക്ഷ നൽകാൻ നിയമനാധികാരിയായ നഗരകാര്യ ഡയറക്ടർക്ക് മാത്രമേ അധികാരം ഉള്ളൂവെന്നും നിയമോപദേശം ലഭ്യമായിരുന്നു. കൂടാതെ നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കാനുള്ള ഉപദേശവും ലഭിച്ചു.

(എഫ്) സംഘടിതമായി അധികാര ദുർവിനിയോഗം നടത്തി പൊതു പണം കവർന്നെടുത്ത ജീവനക്കാർക്കെതിരെ സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറ്റ് എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ക്രമക്കേട് കണ്ടെത്തിയ ഉടൻതന്നെ ബന്ധപ്പെട്ട ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ട്. കുറ്റക്കാരായ ജീവനക്കാരിൽ രണ്ടുപേർ മരണപ്പെട്ടിട്ടുള്ളതിനാൽ ടിയാൾക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ തടഞ്ഞു

വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കോടതിയുടെ 19-5-2022-ലെ OA.865/22 നമ്പർ ഉത്തരവ് പ്രകാരം ഒരു ജീവനക്കാരിക്കെതിരെയുള്ള നടപടികൾ രണ്ടു മാസത്തേയ്ക്ക് നിർത്തിവച്ചിട്ടുണ്ട്.

**ഇരവിപുരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

299 (4005) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം 2020-21 മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകുമോ?

ഇരവിപുരം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം 2020-21 മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുന്നംകുളം മുനിസിപ്പാലിറ്റിയിലെ സെക്രട്ടറി നിയമനം

300 (4006) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മുനിസിപ്പാലിറ്റിയിൽ മുഴുവൻ സമയ സെക്രട്ടറിയെ നിയമിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിലുണ്ടായിരുന്ന സെക്രട്ടറിയെ സ്ഥലം മാറ്റിയിട്ട് എത്ര കാലമായി എന്ന വിവരം ലഭ്യമാക്കാമോ?

21-02-2022-ലെ സ.ഉ. (സാധാ) നം.388/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കുന്നംകുളം നഗരസഭാ സെക്രട്ടറിയെ സ്ഥലം മാറ്റിയിരുന്നു.

(സി) നിലവിലെ സെക്രട്ടറിയെ മാറ്റുമ്പോൾ പകരം ആളെ നിയമിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

നിലവിൽ നഗരസഭാ സെക്രട്ടറിയെ സ്ഥലം മാറ്റിയിട്ടുള്ളതാണ്. സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. നഗരസഭാ സെക്രട്ടറി

ഗ്രേഡ് III തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സെക്രട്ടറിമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ഡി) സെക്രട്ടറിയെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഒഴിവുള്ള നഗരസഭകളിൽ പ്രൊവിഷണൽ സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**കയ്പമംഗലം മണ്ഡലത്തിലെ ലൈഫ് പദ്ധതി**

301 (4007) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്പമംഗലം മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ സ്ഥലവും വീടും നൽകുന്നതിനോ അല്ലെങ്കിൽ ഫ്ലാറ്റ് നൽകുന്നതിനോ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കയ്പമംഗലം മണ്ഡലത്തിൽ 2017-ലെ ലൈഫ് പദ്ധതിയിൽ അർഹരായവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന

നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളിൽ പട്ടികജാതി, പട്ടികവർഗ്ഗവകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയോ വ്യക്തിഗതമായോ ഭൂമി ആർജ്ജിച്ചവരുന്നവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിത ഭവന രഹിതർ |
|---|---|---|
| എടത്തിരുത്തി | 87 | 54 |
| എടവിലങ്ങ് | 84 | 5 |
| എറിയാട് | 202 | 38 |
| പെരിഞ്ഞനം | 65 | 37 |
| മതിലകം | 112 | 7 |
| കയ്പമംഗലം | 108 | 0 |
| ശ്രീനാരായണപുരം | 203 | 31 |
| **ആകെ** | **861** | **172** |

കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം ഇതുവരെയും ലൈഫ് മിഷൻ മുഖേന ഏറ്റെടുത്തിട്ടില്ല.

## കാട്ടാക്കട മണ്ഡലത്തിലെ അമ്മവീടിന്റെ നിർമ്മാണം

302 (4008) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന അമ്മമാർക്കായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അമ്മവീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ?

നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി 13-02-2021-ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും എന്തെങ്കിലും തടസ്സങ്ങളുണ്ടോ; കാലതാമസത്തിന്റെ കാരണവും വിശദാംശങ്ങളും വ്യക്തമാക്കാമോ?

ടി കെട്ടിടത്തിന്റെ പൂർത്തീകരണത്തിനുശേഷം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും കുടിവെള്ള സംവിധാനം ലഭ്യമാക്കുന്നതിനും സമയമെടുത്തതുകാരണം പ്രവർത്തനം ആരംഭിക്കാൻ കാലതാമസമുണ്ടായി.

(സി) അമ്മവീടിനൊപ്പം സ്ഥാപിച്ചിട്ടുള്ള സ്ത്രീ സൗഹൃദ കാത്തിരിപ്പ്

കേന്ദ്രവും വിപണന യൂണിറ്റും ജനങ്ങൾക്കായി തുറന്നു നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

അമ്മവീടിനൊപ്പം സ്ഥാപിച്ചിട്ടുള്ള സ്ത്രീ സൗഹൃദ കാത്തിരിപ്പ് കേന്ദ്രവും ശുചീകരണ മുറികളും വിപണന കേന്ദ്രവും ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നടത്തിപ്പ് കുടുംബശ്രീയെ ചുമതലപ്പെടുത്താൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നടത്തിപ്പിനായി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി കുടുംബശ്രീ സി.ഡി.എസ്. തലത്തിൽ നടന്നുവരുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

303 (4009) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ലൈഫ് ഭവന പദ്ധതിപ്രകാരം പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുത്തതോ വില നിശ്ചയിച്ച് വാങ്ങിയതോ ആയ നിലമ്പൂർ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ പേരും കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നുംതന്നെ ലൈഫ് ഭവന സമുച്ചയ നിർമ്മാണത്തിനാവശ്യമായ ഭൂമി വാങ്ങുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൈവശാവകാശമുള്ളതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമിയുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പേരും കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണവും ലഭ്യമാക്കുമോ; മേൽപരാമർശിച്ച ഭൂമി ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി വാങ്ങിയതോ കരസ്ഥപ്പെടുത്തിയതോ ആണെങ്കിൽ അത് എന്ത് ആവശ്യത്തിനാണെന്ന് വ്യക്തമാക്കുമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ കൈവശാവകാശമുള്ളതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമി ഇല്ല.

**മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം**

304 (4010) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളാണ് വിഭജിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) മഞ്ചേരി നഗരസഭയിൽ വാർഡ് വിഭജനം നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വാർഡ് വിഭജനത്തിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

മഞ്ചേരി നഗരസഭയിൽ വാർഡ് വിഭജനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കുന്നത്തുനാട് മണ്ഡലത്തിലെ മുഴവന്നൂർ ഗ്രാമപഞ്ചായത്തിലെ പ്രതിപക്ഷ അംഗങ്ങളുടെ പരാതി

305 (4011) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മുഴവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയിലെ 5 പ്രതിപക്ഷ അംഗങ്ങളെ

പഞ്ചായത്തിന്റെ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ഉൾപ്പെടുത്താത്തതിനെതിരെ പ്രസ്തുത അംഗങ്ങൾ സമർപ്പിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ റോഡുകളുടെ പുനർനിർമ്മാണം**

306 (4012) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികളുടെ ഭാഗമായുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന

പ്രവൃത്തികൾമൂലം പഞ്ചായത്ത് റോഡുകൾ തകർന്ന് വാഹനഗതാഗതവും കാൽനടയാത്രയും ദുഷ്കരവും അപകടകരവുമായി മാറിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ തകർന്ന റോഡുകൾ പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പാവറട്ടി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലെയും റോഡുകളിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. നിലവിൽ ടി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതു സംബന്ധിച്ച കരാറിന് 2023 വരെ കാലാവധിയുള്ളതിനാലും 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയാത്ത സാഹചര്യമുണ്ട്. പരിശോധിച്ച് തുടർനടപടികൾ

സ്വീകരിക്കുന്നതാണ്.

**സി.എം.എൽ.ആർ.ആർ.പി. പദ്ധതിപ്രകാരം ബിൽ തുക അനുവദിക്കൽ**

307 (4013) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പദ്ധതിപ്രകാരം തിരുവമ്പാടി നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിപ്രകാരം 14-05-2021-ൽ പൂർത്തിയായ തിരുവമ്പാടി പഞ്ചായത്തിലെ കണ്ണന്താനംപടി കലുങ്ക് നിർമ്മാണ പ്രവൃത്തിയുടെ ബിൽ തുക അനുവദിക്കുന്നതിൽ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

&

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ബിൽ തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ബിൽ പേയ്മെന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖേന നടത്തുന്നതിനുള്ള സംവിധാനം നിലവിൽ വന്നതോടെ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്ന ബിൽ എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് തിരികെ ലഭ്യമാക്കി. തുടർന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്ന കരാറുകാരന്റെ ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് തിരുത്തി സീനിയോറിറ്റിപ്രകാരം ബിൽ അനുവദിക്കുന്നതിന് ഫണ്ട് അനുവദിച്ചു. തുടർന്ന് 25 ലക്ഷത്തിലധികം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് ആവശ്യമായ WAMS ക്ലിയറൻസ് ലഭ്യമാക്കി ബിൽ പേയ്മെന്റിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

## നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിയമനം

308 (4014) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നാല് വർഷമായി സ്ഥിരം ജീവനക്കാരൻ ഇല്ലെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

ഉണ്ട്. പ്രസ്തുത കാലയളവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാലാണ് സ്ഥിരനിയമനം നടത്താതിരുന്നത്. എന്നിരുന്നാലും 15-03-2018, 11-07-2018, 25-07-2018, 16-09-2019, 26-07-2021 തീയതികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ സ്ഥിരനിയമനം നടത്തിയിട്ടുള്ളതാണ്.

## തഴക്കര ഗ്രാമപഞ്ചായത്തിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും റീബിൽഡ് കേരള പദ്ധതി

309 (4015) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി

പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പകരമായി നിർദ്ദേശിക്കപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഒന്നുംതന്നെ നഗരസഭയിലെ മറ്റു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 04-11-2020-ലെ സ.ഉ.(കൈ) 170/2020 തസ്വഭവ പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ഭരണാനുമതി നൽകിയ തഴക്കര ഗ്രാമപഞ്ചായത്ത് വാർഡ് 2-ലെ കല്ലുമല ഐ.റ്റി.ഐ. ജംഗ്ഷൻ പൂറ്റംപാട് മുക്ക് റോഡിന് (15 ലക്ഷം രൂപ), പകരമായി തഴക്കര കല്ലുമല വാർഡിലെ പഴച്ചിറകുളം റോഡ് (15 ലക്ഷം രൂപ) എന്ന പ്രവൃത്തി ഉൾപ്പെടുത്തുന്നതിനായി സൈറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണം

310 (4016) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 31-03-2017-ലെ സ.ഉ (സാധാ) നം. 924/2017/ജി.ഇ.ഡി.എൻ. പ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും 23-07-2018-ലെ 41/ഇ.ഇ./എൽ.എസ്.ജി.ഡി. ഡിവിഷൻ തൃശ്ശൂർ/18-19 നമ്പർ ഉത്തരവുപ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തുവെങ്കിലും പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാനായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം നാളിതുവരെ പൂർത്തീകരിച്ചുവെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

&

(ഇ) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

75% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ചർ, പ്ലാസ്റ്ററിംഗ്, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ കഴിഞ്ഞിട്ടുണ്ട്. പെയിന്റിംഗ്, ടൈൽ വിരിക്കൽ തുടങ്ങി അവസാനഘട്ട പണികൾ കൂടി പൂർത്തീകരിക്കാനുണ്ട്. ഈ പ്രവൃത്തിക്ക് 29,12,596/- രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാമത്തെ പാർട്ട് ബിൽ തുകയായ 29,68,076/- രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണപ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. എത്രയുംവേഗം പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി

311 (4017) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നഗരസഭയിൽ യു.ഐ.ഡി.എസ്.എസ്.എം.ടി. കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് 16-3-2022-ൽ തലശ്ശേരി നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് ഫയൽ നമ്പർ അടക്കം വ്യക്തമാക്കാമോ?

ഈ വിഷയം ഉന്നയിച്ച് 11-05-2022-ലെ തലശ്ശേരി നഗരസഭാ സെക്രട്ടറിയുടെ അപേക്ഷയിന്മേൽ DC2/190/2022/LSGD എന്ന ഫയൽ നമ്പറിൽ നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അമൃത് മിഷൻ ഡയറക്ടറോട് 04-07-2022-ലെ മേൽ സൂചിത നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

## മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണം

312 (4018) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിനും ശുചീകരണത്തിനുമായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്കായി നഗരസഭ വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര നഗരസഭാ പരിധിയിലുള്ള കോട്ടത്തോട് നവീകരണത്തിനായി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ വകയിരുത്തിയിരുന്നതും ആയതിന് സാങ്കേതികാനുമതി ലഭിച്ചതിനെത്തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ആരുംതന്നെ ടെണ്ടർ ഏറ്റെടുത്തിട്ടില്ലാത്തതുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടത്തോട് നവീകരണത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കോട്ടത്തോടിന്റെ മലിനീകരണം തടയുന്നതിന്റെ ഭാഗമായി എഞ്ചിനീയറിംഗ്, ഹെൽത്ത്

എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി അനധികൃതമായി കോട്ടത്തോടിലേയ്ക്ക് മാലിന്യം ഒഴുക്കിവിട്ടിരുന്ന 8 കടകൾക്കും 2 വീടുകൾക്കും നോട്ടീസ് നൽകി നഗരസഭ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം മണ്ഡലത്തിലെ മേൽമുറി നോർത്ത് ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

313 (4019) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -15-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും അമ്പത് ലക്ഷം രൂപ അനുവദിച്ച മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി നോർത്ത് ഗവ. എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി നിലച്ചിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. കോൺട്രാക്ടർക്ക് 1st & part bill പ്രകാരമുള്ള തുക നൽകുകയും പൂർത്തീകരിച്ച ബാക്കി പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ

measurement book-ഉം Final bill-ഉം ലഭ്യമാക്കാത്തതിനാൽ കോൺട്രാക്ടർക്ക് ഫൈനൽ ബിൽ നൽകിയിട്ടില്ല. ചില പ്രവൃത്തികൾ Sanctioned എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ ചെയ്തതിനാലും ചില എക്സ്ട്രാ പ്രവൃത്തികൾ ചെയ്തതിനാലും ആവശ്യമായി വന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാത്തതിനാൽ ആയതിന് അംഗീകാരം നൽകിയിട്ടില്ല.

(ബി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് ശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും പഠനത്തിനായി ക്ലാസ് മുറികൾ എന്നത്തേയ്ക്ക് സജ്ജമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

Sanctioned എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ ചില എക്സ്ട്രാ പ്രവൃത്തികൾ കോൺട്രാക്ടർ ചെയ്തിട്ടുള്ളതിനാൽ നിലവിലുള്ള എഗ്രിമെന്റ് പ്രകാരം പ്രസ്തുത സൈറ്റിൽ ബാക്കിയുള്ള പ്രവൃത്തികൾ ചെയ്യുവാൻ സാധിക്കില്ല. ബാക്കിയുള്ള പ്രവൃത്തികൾ പുതിയ പ്രവൃത്തിയായി പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനായി ഫണ്ട് ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ വിളിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ ഏകദേശം മൂന്ന് മാസം സമയം വേണ്ടിവരും.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ (എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ.) വകുപ്പ് ചീഫ് എഞ്ചിനീയറുടെയും എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെയും പരിഗണനയിലുള്ള ഫയലുകൾ എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

2nd & Final bill ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

314 (4020) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര കേന്ദ്രങ്ങളാണ് സ്ഥാപിക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി 10 കേന്ദ്രങ്ങളാണ് സ്ഥാപിക്കുന്നത്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | സ്ഥലം | എണ്ണം |
|---|---|---|
| കുറിച്ചി | കുറിച്ചി ഔട്ട്പോസ്റ്റ് | 1 |

| | | |
|---|---|---|
| മാടപ്പള്ളി | മാമൂട് ജംഗ്ഷൻ | 1 |
| | തെങ്ങണ | 1 |
| പായിപ്പാട് | ഫിഷ് മാർക്കറ്റ് | 1 |
| തൃക്കൊടിത്താനം | അമ്പലത്തിന് സമീപം | 1 |
| | കുന്നുംപുറം ജംഗ്ഷൻ | 1 |
| വാഴപ്പള്ളി | പി.എച്ച്.സി. | 1 |
| ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | മുനിസിപ്പൽ പാർക്ക് | 1 |
| | നം.2 ബസ്സ്റ്റാന്റ് | 1 |
| | ബൈപാസ് (റെയിൽവേ) | 1 |
| **ആകെ** | | **10** |

(ബി) അവയിൽ എത്ര കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ 10 കേന്ദ്രങ്ങളിൽ 4 എണ്ണത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥലലഭ്യതയനുസരിച്ച് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം

പരിഗണനയിലാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തികൾ**

315 (4021) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകളുടെ വിശദാംശം നൽകാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

നിലവിലെ സ്ഥിതി ഉൾപ്പെടെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതികൾ**

316 (4022) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ആയതിൽ പ്രവൃത്തി പൂർത്തിയാകാത്ത റോഡുകളുടെ വിശദവിവരം അറിയിക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

&

(ഡി) റോഡുകളുടെ പണി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**വണ്ടൂർ മണ്ഡലത്തിലെ വെന്തോടംപടി-മുത്തൻതണ്ട് പാലം നിർമ്മാണം**

317 (4023) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലയിൽ വണ്ടൂർ മണ്ഡലത്തിലെ കാളികാവ്-ചോക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വെന്തോടംപടി-മുത്തൻതണ്ട് പാലത്തിന്റെ നിർമ്മാണപ്രവൃത്തിക്ക് 2020-2021 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം അനുവദിച്ചിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ ഇതിന്റെ നിർമ്മാണപ്രവൃത്തി ആംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(സി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

മലപ്പുറം, ജില്ലയിൽ വണ്ടൂർ മണ്ഡലത്തിലെ കാളികാവ്-ചോക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വെന്തോടംപടി-മുത്തൻതണ്ട് പാലം നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടില്ല. തുടർനടപടികൾ പരിശോധിച്ചു വരുന്നു.

## മലമ്പുഴ മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതികൾ

318 (4024) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പദ്ധതിപ്രകാരം മലമ്പുഴ മണ്ഡലത്തിൽ അനുവദിച്ചതിൽ ഇനിയും പണികൾ ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേര്, തുക, പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണിയൂർ ഐ.ടി.ഐ.-യുടെ വാടക കുടിശ്ശിക

319 (4025) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂരിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കെട്ടിടത്തിന്റെ വാടക മണിയൂർ പഞ്ചായത്തിൽനിന്ന് കെട്ടിട ഉടമയ്ക്ക് നൽകാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

മണിയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടത്തിന്റെ വാടക 2022-23 സാമ്പത്തിക വർഷം വരെ PWD നിരക്കിൽ മണിയൂർ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽനിന്നും കെട്ടിട ഉടമയ്ക്ക് നൽകുന്നതിനായി 11-07-2022-ലെ സ.ഉ.(സാധാ) നം.1646/2022/LSGD നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## ചമ്പക്കുളം വള്ളംകളിക്ക് സാമ്പത്തിക സഹായം

320 (4026) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം മൂലം വള്ളംകളിക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കുട്ടനാട്ടിലെ പഞ്ചായത്തുകൾക്ക് പ്രത്യേകാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) കോവിഡുമൂലം രണ്ട് കൊല്ലമായി നിർത്തിവച്ചിരുന്ന വള്ളംകളികൾ പുനരാരംഭിക്കുമ്പോൾ കൂടുതൽ സർക്കാർ സഹായം അനുവദിക്കുന്നതിന് നടപടിയുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ചമ്പക്കുളം മൂലം വള്ളംകളിക്ക് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് ജനറൽ കൺവീനർ, മൂലം ജലോത്സവ സമിതി & തഹസ്സിൽദാർ കുട്ടനാട് സമർപ്പിച്ച അപേക്ഷപ്രകാരം കുട്ടനാട് താലൂക്കിലെ

എല്ലാ പഞ്ചായത്തുകളിൽനിന്നും അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തുകൾ, ആലപ്പുഴ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽനിന്നും 50,000/- രൂപ വീതം തനതു ഫണ്ടിൽനിന്നും ധനസഹായം നൽകുന്നതിന് 24-06-2022-ലെ സ.ഉ.(സാധാ) നമ്പർ.1522/2022/LSGD നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ലൈഫ് ഭവന പദ്ധതി**

321 (4027) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽനിന്നും ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണവും അതിൽ വീടുകൾ അനുവദിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ ലൈഫ് മിഷൻ പട്ടികയിൽ 14046 ഗുണഭോക്താക്കൾ (ലൈഫ് ഫേസ് 1 - 2920, ഫേസ് 2 - 3744,

ഫേസ് 3 - 2260, ഫേസ് 3-യിൽ നിന്ന് ഭൂമി ആർജ്ജിച്ചവന്ന് ഫേസ് 2-ലേയ്ക്ക് മാറ്റിയ 994, എസ്.സി., എസ്.ടി. ഫിഷറീസ് അഡീഷണൽ ലിസ്റ്റ് - 4128) ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 9272 ഗുണഭോക്താക്കൾക്ക് (ലൈഫ് ഫേസ് 1 - 2880, ഫേസ് 2 - 3544, ഫേസ് 3 - 918, എസ്.സി., എസ്.ടി., ഫിഷറീസ് അഡീഷണൽ ലിസ്റ്റ് - 1830) വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പദ്ധതിപ്രകാരം വീട് ലഭിച്ചവരിൽ കാസർഗോഡ് ജില്ലയിലെ എത്ര എസ്.സി/എസ്.ടി. കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ ലൈഫ് പദ്ധതിപ്രകാരം വീട് അനുവദിച്ചതിൽ 1282 എസ്.സി. കുടുംബങ്ങളും 3780 എസ്.ടി. കുടുംബങ്ങളും 33 മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി- മാവേലിക്കര**

322 (4028) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് പകരമായി നിർദ്ദേശിക്കപ്പെട്ട മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ടതും മറ്റു പദ്ധതിപ്രകാരം നിർവ്വഹിക്കപ്പെട്ട മാവേലിക്കര മുനിസിപ്പാലിറ്റി സാം എബ്രഹാം റോഡിന് പകരം ആൽത്തറമൂട് ആതുരാശ്രമം റോഡ് പുനരുദ്ധാരണം വാർഡ് 22 &23 എന്ന പ്രവൃത്തിക്ക് 01-02-2021-ലെ സ.ഉ.(കൈ) നം.22/2021/തസ്വഭവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പകരമായി ആവശ്യപ്പെടുന്ന പ്രവൃത്തികളുടെ പ്രൊപ്പോസൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തി നടന്നുവരുന്നു.

**മുക്കം നഗരസഭയിലെ കുറ്റിപ്പാല-ചേന്ദമംഗല്ലൂർ റോഡ് പ്രവൃത്തി**

323 (4029) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 കോടി രൂപ അനുവദിച്ച് ടെണ്ടർ ചെയ്ത മുക്കം നഗരസഭയിലെ കുറ്റിപ്പാലം - ചേന്ദമംഗല്ലൂർ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

&

(ബി) സമയബന്ധിതമായി പ്രവൃത്തി ചെയ്യാൻ തയ്യാറാകാത്ത കരാർ കമ്പനിക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം മുക്കം

നഗരസഭയിലെ കുറ്റിപ്പാലം-ചേന്ദമംഗല്ലൂർ റോഡ് പ്രവൃത്തി കരാർ ഏറ്റെടുത്ത M/s. പുറായിൽ ഗ്രൂപ്പ് ഓഫ് കൺസ്ട്രക്ഷൻസ്, നോർത്ത് കാരശ്ശേരി, മുക്കം എന്ന സ്ഥാപനം പ്രവൃത്തി പൂർത്തീകരിക്കാതെ കരാർ ഒഴിവാക്കിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ പ്രവൃത്തി പുനരാരംഭിക്കാത്തപക്ഷം റിസ്ക് & കോസ്റ്റിൽ കരാർ റദ്ദാക്കുമെന്നറിയിച്ച് കത്ത് നൽകിയപ്പോൾ കരാർ റദ്ദാക്കുന്നതിനുള്ള നടപടി നിർത്തിവച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിലുള്ള നിരക്ക് അനുവദിച്ച് നൽകുന്നതിനായി കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം പരിഗണിക്കുന്നതിന് കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(c)16205/2022 നമ്പർ പരാതിയിലെ 03-06-2022-ലെ ഉത്തരവുപ്രകാരം ഉചിതമായ തീരുമാനം കൈക്കൊള്ളാൻ കോടതി നിർദ്ദേശിച്ചു. ആയതിൻപ്രകാരം കരാറുകാരനെ നേരിൽ കേട്ടശേഷം റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ കരാർ റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം കരാറുകാരനെ നേരിൽ കേൾക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ റീ-ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

അവശേഷിക്കുന്ന പ്രവൃത്തിക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ഉടൻ റീ-ടെണ്ടർ ചെയ്യുന്നതാണ്.

**മങ്ങാട്ടുപാറ കുടിവെള്ള പദ്ധതി**

324 (4030) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിൽ മങ്ങാട്ടുപാറയിലെ ബ്ലോക്ക് അൻപത് റീസർവേ 399/1, 399/2, 399/3 റവന്യൂ പുറമ്പോക്ക് ഭൂമി മങ്ങാട്ടുപാറ കുടിവെള്ള പദ്ധതിക്കായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

പ്രസ്തുത അപേക്ഷ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് പഞ്ചായത്ത് വകുപ്പിന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ?

തുടർനടപടി വിവരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 5.71 ഹെക്ടർ പുറമ്പോക്ക് ശ്രീ. മുഹമ്മദ് ഷെരീഫ് എന്ന വ്യക്തിക്ക് പാറ ഖനനത്തിനുവേണ്ടി ലീസിനു നൽകിക്കൊണ്ട് ബഹുമാനപ്പെട്ട ജില്ലാ കലക്ടർ NOC അനുവദിച്ചിട്ടുള്ളത് സർക്കാർ നിർദ്ദേശപ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്. ആയതിനെതിരെ ശ്രീ. മുഹമ്മദ് ഷെരീഫ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C)4504/2020(K) നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിന്മേൽ പുറപ്പെടുവിച്ച ഉത്തരവിൽ NOC റദ്ദ് ചെയ്ത ജില്ലാ കളക്ടറുടെ നടപടി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ ഈ കേസ് നിലനിൽക്കുന്നതിനാൽ നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിൽ മങ്ങാട്ടുപാറയിലെ ബ്ലോക്ക് അൻപത് റീസർവേ 399/1, 399/2 ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി ജൽജീവൻ മിഷൻ പദ്ധതിക്ക് അനുവദിക്കുന്നത്

സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നത് അനുചിതമാണെന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതായി KWA എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ട് ഡിവിഷൻ തിരുവനന്തപുരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

**പെർഫോമൻസ് ഓഡിറ്റ് വിഭാഗം തുടരുന്നതിനുള്ള നടപടികൾ**

325 (4031) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിർത്തലാക്കുന്നതിന് തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

&

(ബി) പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിർത്തലാക്കുന്നത് പഞ്ചായത്ത് ഭരണ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത വിഭാഗം തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഗ്രാമപഞ്ചായത്ത് വകുപ്പിലേയ്ക്ക് മാത്രമായി പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിലില്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിയുടെയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെയും കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനായി വിവിധ സംവിധാനങ്ങൾ നിലവിലുണ്ട്. 2020-21 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത സമ്പ്രദായം നിർത്തലാക്കുമെന്ന് അന്നത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. ആയതിന്മേലുള്ള പരിശോധനകളും തുടർനടപടികളും തദ്ദേശസ്വയംഭരണ വകുപ്പുതലത്തിൽ നടന്നുവരികയാണ്. ഇതിനിടയിൽ 4-ാം ഭരണ പരിഷ്കാര കമ്മീഷന്റെ 9-ാം റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25-05-2022-ൽ സ.ഉ. (കൈ) നം. 9/2022/പി.&എ.ആർ.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഇനം നമ്പർ 11 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകൃത സർവ്വീസ് രൂപീകരിക്കുന്ന സാഹചര്യത്തിലും ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം തുടരേണ്ടതില്ലെന്ന് നിർദ്ദേശിച്ചും ആഭ്യന്തര വിജിലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന്

തുടർനടപടി സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകൃത സർവ്വീസ് രൂപീകരിച്ചുകൊണ്ടുള്ള കരട് വിശേഷാൽ ചട്ടങ്ങൾക്ക് അംഗീകാരം നൽകുമ്പോൾ വകുപ്പിനകത്ത് പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിലെ ഉദ്യോഗസ്ഥരെ ഏകീകൃത സർവ്വീസിലേയ്ക്ക് ഉൾപ്പെടുത്തുകയും ഗ്രാമപഞ്ചായത്തുകളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്ന പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരെ ഇന്റേണൽ വിജിലൻസ് ഓഫീസർമാരായി പുനർനാമകരണം നടത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സംവിധാനങ്ങളിലെ ഭരണനിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനാണ് ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ**

326 (4032) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ആകെ എത്ര റോഡുകളുണ്ടെന്നും അവയ്ക്ക് എത്ര കിലോമീറ്റർ ദൈർഘ്യമുണ്ടെന്നുമുള്ള വിവരം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

പെരിന്തൽമണ്ണ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## ഓൺലൈൻ കെട്ടിട നിർമ്മാണ അപേക്ഷകൾ

327 (4033) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് പെർമിറ്റ് നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനത്തിൽ അപാകതകളുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ നഗരസഭകളിലെ കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിന് വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആണ് IBPMS (Intelligent Building Plan Management System). ഐ.ബി.പി.എം.എസ്. എന്ന പദ്ധതി ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയർ മുഖാന്തരം പ്രവർത്തിക്കുന്നതിനാൽ ആദ്യ ഘട്ടത്തിൽ ചില പരാതികൾ ലഭ്യമായിട്ടുള്ളതും ആയതിന് സമയബന്ധിതമായിത്തന്നെ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) ഓൺലൈനായി സമർപ്പിക്കപ്പെടുന്ന പ്ലാനുകൾ സിസ്റ്റംതന്നെ പരിശോധിച്ച് അവ ബിൽഡിംഗ് റൂളിന് വിധേയമായിട്ടാണോയെന്ന് തീരുമാനിക്കുന്നതിനുള്ള സംവിധാനം നിലവിലെ സോഫ്റ്റ്‌വെയറിൽ ലഭ്യമാണോ?

ഓൺലൈൻ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് നഗരസഭകളിൽ നിലവിലുള്ള IBPMS-ൽ ഓൺലൈനായി സമർപ്പിക്കുന്ന പ്ലാനുകൾ ബിൽഡിംഗ് റൂളിന് വിധേയമായാണോ സമർപ്പിച്ചിട്ടുള്ളതെന്ന്

സോഫ്റ്റ്‌വെയർ തന്നെ പരിശോധിക്കുന്നതിനുള്ള സംവിധാനം ലഭ്യമാണ്.

പഞ്ചായത്തുകളിൽ ഉപയോഗത്തിലുള്ള സങ്കേതം ആപ്ലിക്കേഷൻ വഴി കെട്ടിട നിർമ്മാണാനുമതി നൽകുമ്പോൾ ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും അത് റൂൾ പ്രകാരമാണോയെന്ന് പരിശോധിച്ചതിനുശേഷം മാത്രമേ ആപ്ലിക്കേഷനിൽ പ്ലാൻ ഉൾപ്പെടുത്താൻ അനുവദിക്കുകയുള്ളൂ. പ്രസ്തുത ആപ്ലിക്കേഷനിൽ ഓൺലൈനായി സമർപ്പിക്കപ്പെടുന്ന പ്ലാനുകൾ സിസ്റ്റം തന്നെ പരിശോധിച്ച് അവ ബിൽഡിംഗ് റൂളിന് വിധേയമായിട്ടാണോയെന്ന് തീരുമാനിക്കുന്നതിനുള്ള സംവിധാനം നിലവിലെ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

(സി) സോഫ്റ്റ്‌വെയർ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ടോ?

സോഫ്റ്റ്‌വെയർ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) അപാകതകൾ പരിഹരിച്ചുകൊണ്ട് കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുന്ന നടപടിക്രമം കുറ്റമറ്റതാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

GIS ലാൻഡ് റവന്യൂ റെക്കോർഡുകൾ, CAD സോഫ്റ്റ്‌വെയർ എന്നിവയുടെ സഹായത്തോടെ ബിൽഡിംഗ് റൂൾ 2019 അനുസരിച്ച് സോഫ്റ്റ്‌വെയർ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വഴിയോര കച്ചവടക്കാർക്ക് സഹായം**

328 (4034) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഴിയോര കച്ചവടക്കാർക്കായി സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് കുടുംബശ്രീ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷന്റെ (എൻ.യു.എൽ.എം.) ഭാഗമായി തെരുവ് കച്ചവടക്കാർക്കായി നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

- നഗരപ്രദേശങ്ങളിലെ തെരുവ് കച്ചവടക്കാരുടെ സർവ്വേ നടത്തി കച്ചവട സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകിവരുന്നു.

- തെരുവ് കച്ചവടക്കാർക്ക് കച്ചവടം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നഗരസഭകൾ ആവശ്യപ്പെടുന്നപക്ഷം മാർക്കറ്റുകൾ നിർമ്മിക്കുന്നതിന് തുക നൽകിവരുന്നു.
- PM Street Vendor's Atma Nirbhar Nidhi (PM SVANidhi) പദ്ധതി പ്രകാരം തെരുവ് കച്ചവടക്കാർക്കായി 7% പലിശയിളവോടെ ബാങ്ക് വായ്പ ലഭ്യമാക്കുന്നു. കൂടാതെ ടി പദ്ധതിയുടെ ഭാഗമായി വായ്പ ലഭ്യമായ കച്ചവടക്കാരെ ഡിജിറ്റൽ പണമിടപാട് പ്ലാറ്റ്ഫോമുകളിൽ ചേർക്കുകയും ഇത്തരത്തിൽ ഡിജിറ്റൽ പണമിടപാട് നടത്തുന്നവർക്ക് ക്യാഷ്ബാക്ക് നൽകുകയും ചെയ്തുവരുന്നു.
- കൊച്ചി, തിരുവനന്തപുരം നഗരസഭകളിലെ താത്പര്യമുള്ള PM SVANidhi പദ്ധതി ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങളെ സാമൂഹ്യ-സാമ്പത്തിക പ്രൊഫൈലിംഗ് നടത്തി അർഹരായവരെ വിവിധ പദ്ധതികളിൽ അംഗമാക്കിവരുന്നു.

(ബി) ഇവരുടെ സംരക്ഷണത്തിനായി ഏതെല്ലാം നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും

നഗരങ്ങളിലെ തെരുവ് കച്ചവടം നിയമംമൂലം നിയന്ത്രിക്കുന്നതിനുമായി 2014-ൽ കേന്ദ്ര തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം നിലവിൽ വന്നു. പ്രസ്തുത നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-ൽ തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടവും 2019-ൽ തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും ലൈസൻസിംഗ്) സ്കീമും സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) വികസനത്തിന്റെ ഭാഗമായി ചില പ്രത്യേക കേന്ദ്രങ്ങളിൽ ഇത്തരം കച്ചവടക്കാരെ ഒഴിപ്പിക്കുമ്പോൾ പകരം എന്ത് സംവിധാനമാണ് അവർക്കായി ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

തെരുവ് കച്ചവടക്കാരെ ഒഴിപ്പിക്കുന്ന സാഹചര്യത്തിൽ 13-02-2019-ലെ GO(P)No.10/2019/LSGD നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും ലൈസൻസിംഗ്) സ്കീം 2019-ലെ 14, 15 വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് നടപടി സ്വീകരിക്കേണ്ടത്. തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട

നിയന്ത്രണവും ലൈസൻസിംഗ്) സ്കീം-2019 പകർപ്പ് ഇതോടൊപ്പം അനുബന്ധമായി +ചേർക്കുന്നു.)

(ഡി) കോവിഡുമൂലം തകർന്ന പ്രസ്തുത വിഭാഗക്കാരുടെ ജീവിത പുരോഗതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കോവിഡുമൂലം സാമ്പത്തിക സഹായം ആവശ്യമുള്ള നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്ക് തങ്ങളുടെ ഉപജീവനം പുനരാരംഭിക്കുന്നതിന് PM SVANidhi പദ്ധതിപ്രകാരം, 2020 മാർച്ച് 24-നുമുമ്പ് കച്ചവടം ആരംഭിച്ച തെരുവ് കച്ചവടക്കാർക്കായി 7% പലിശ സബ്സിഡിയോടുകൂടി ബാങ്ക് വായ്പ നൽകിവരുന്നു. 10,000/- രൂപ, 20,000/-രൂപ, 50,000/-രൂപ എന്നിങ്ങനെ 3 തവണകളായാണ് വായ്പ ലഭ്യമാക്കുന്നത്.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ

329 (4035) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ നടക്കുന്ന ഇന്റഗ്രേഷൻ നടപടികൾക്ക് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ 2022 ഫെബ്രുവരി 19 മുതൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽ വരികയും പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയുമുണ്ടായി. വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു.

വകുപ്പ് ഏകീകരണം യാഥാർത്ഥ്യമായതോടെ നിലവിലുള്ള പഞ്ചായത്ത് രാജ് ആക്ട്, മുൻസിപ്പാലിറ്റി ആക്ട്, ടൗൺ പ്ലാനിംഗ് ആക്ട് എന്നിവയുമായുള്ള വൈരുദ്ധ്യം ഒഴിവാക്കുന്നതിനും നിയമപ്രാബല്യത്തിനും വേണ്ടി 2022-ലെ തദ്ദേശസ്വയംഭരണ പൊതുസർവീസ് ഓർഡിനൻസ് (2022 ലെ 5-ാം നമ്പർ) തീയതി 31-03-2022 പുറപ്പെടുവിച്ചു.

പൊതുസർവ്വീസിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തും 25-06-2022-ലെ

സ.ഉ(കൈ)നം.134/2022/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് SRO നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുന്നത് തടയാൻ നടപടി

330 (4036) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരസഭയിൽ വ്യാപകമായി അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇതിന് കാരണമായ സാഹചര്യം വ്യക്തമാക്കാമോ?

ഉണ്ട്. ഗൗരവത്തോടെ കണ്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എൻട്രി ചെയ്ത് അംഗീകാരം

നൽകി സൂക്ഷിക്കുന്ന സഞ്ചയ സോഫ്റ്റ്‌വെയറിൽ ജീവനക്കാർക്ക് അനുവദിച്ച ലോഗിൻ വിവരങ്ങൾ ദുരുപയോഗം ചെയ്ത് കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാതെ സോഫ്റ്റ്‌വെയറിൽ മാത്രമായി നമ്പർ അനുവദിക്കുകയും ആയതിൽ ചില കെട്ടിട നമ്പറുകളുടെ നികുതി അടവാക്കിയതുമായാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) ജീവനക്കാരുടെ യൂസർനെയിമും പാസ്സ്‌വേർഡും ഉപയോഗിച്ച് തട്ടിപ്പ് നടത്താനുള്ള സാഹചര്യമുണ്ടായത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ജീവനക്കാരുടെ യൂസർ നെയിമും പാസ്സ്‌വേഡും ജീവനക്കാർക്കിടയിൽത്തന്നെ കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതായി വ്യക്തമായിട്ടുള്ളതും ആയത് ഉപയോഗിച്ച് സോഫ്റ്റ്‌വെയറിൽ ക്രമക്കേട് നടത്തിയതായുമാണ് കണ്ടെത്തിയിട്ടുള്ളത്. സോഫ്റ്റ്‌വെയറിൽ നിയമാനുസൃതമല്ലാതെ അനുവദിച്ച കെട്ടിട നമ്പറുകൾ വെരിഫിക്കേഷൻ, അപ്രൂവൽ, ഡിജിറ്റൽ സിഗ്നേചർ എന്നിവ ചെയ്ത ലോഗിനുകൾ അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥരെ ലോഗിൻ കൈകാര്യം ചെയ്തതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് പോലീസിൽ നൽകിയ പരാതി പ്രകാരം, പോലീസ് അന്വേഷണത്തിന്റെ വെളിച്ചത്തിൽ കോർപ്പറേഷനിലെ സെക്ഷൻ ക്ലാർക്കുമാരായ ടി രണ്ട് ഉദ്യോഗസ്ഥരെ പോലീസ് അറസ്റ്റ് ചെയ്യുകയും തുടർന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്.

(സി) ഓൺലൈൻ സംവിധാനം ഉപയോഗിച്ച് നിരവധി അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകിയ സാഹചര്യത്തിൽ പ്രസ്തുത സോഫ്റ്റ്‌വെയറിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലവിൽ പിഴവുകൾ ഇല്ല. എന്നാൽ, ടി സോഫ്റ്റ്‌വെയറിലെ പഴുതുകൾ ദുരുപയോഗം ചെയ്താണ് മേൽ പരാമർശിച്ചതു പ്രകാരമുള്ള ക്രമക്കേടുകൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമായിട്ടുള്ളതാണ്. കോർപ്പറേഷനിലെതന്നെ വിവിധ ഉദ്യോഗസ്ഥരുടെ ചുമതലയിൽപ്പെടാത്ത വാർഡുകളിലെ കെട്ടിടങ്ങൾക്കും സോഫ്റ്റ്‌വെയറിൽ അംഗീകാരം നൽകാൻ കഴിയുംവിധമാണ് സോഫ്റ്റ്‌വെയർ ക്രമീകരിച്ചിരിക്കുന്നത്. കൂടുതൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ സെക്യൂരിറ്റി ഫീച്ചർ കൂട്ടിച്ചേർക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരളാ മിഷൻ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ തട്ടിപ്പ് നടത്തിയിരിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

പ്രസ്തുത വിഷയത്തിൽ അടിയന്തര അന്വേഷണ റിപ്പോർട്ട് നൽകാനായി നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

(ഇ) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് തുടർപരിശോധനകൾ നടത്തുന്നതിന് അടിയന്തരമായി നിർദ്ദേശം നൽകുകയും ആയതുപ്രകാരം പരിശോധന ആരംഭിച്ചിട്ടുള്ളതുമാണ്.

(എഫ്) ഇൻഫർമേഷൻ കേരള മിഷൻ ഈ കാര്യത്തിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നിയമാനുസൃതമല്ലാതെ നമ്പർ നൽകപ്പെട്ട കെട്ടിടങ്ങൾക്ക് സോഫ്റ്റ്‌വെയറിൽ അംഗീകാരം നൽകിയ ലോഗിൻ വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽനിന്നും ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## തെളിനീരൊഴുകും നവകേരളം

331 (4037) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ചെലവായ തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ വിശദമാക്കുമോ?

തെളിനീരൊഴുകും നവകേരളം കർമ്മ പദ്ധതിപ്രകാരം വിവിധ ജലസ്രോതസ്സുകൾ മഴക്കാലത്തിനു മുമ്പുതന്നെ വൃത്തിയാക്കുന്നതിന് സാധിക്കുകയും തോടുകളുടെയും പുഴകളുടെയും നീരൊഴുക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുഗമമാകുന്നതിനും വെള്ളപ്പൊക്കം തടയുന്നതിനും ജല മലിനീകരണത്തിനെതിരെയുള്ള ബോധവത്കരണം നടത്തുന്നതിനും സാധിച്ചു. ജലത്തിന്റെ സാമ്പിളുകൾ പരിശോധിച്ചതുമുഖേന ജലാശയങ്ങളുടെ ശുചിത്വ അവസ്ഥ പരിശോധിക്കുന്നതിനും മലിനീകരിക്കപ്പെട്ട ജലാശയങ്ങളുടെ മലിനീകരണ ഉറവിടം കണ്ടെത്തി അത് നിർത്തലാക്കുന്നതിനും സഹായകരമായിട്ടുണ്ട്.

## കുട്ടനാട്ടിലെ പഞ്ചായത്ത് ഓഫീസുകളുടെ നവീകരണം

332 (4038) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കംമൂലം കുട്ടനാട്ടിലെ പഞ്ചായത്ത് ഓഫീസുകൾ ബലക്ഷയം നേരിടുന്നതിനാൽ അത്തരം ഓഫീസുകൾ നവീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) കുട്ടനാട്ടിലെ പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ നവീകരിക്കാൻ കൂടുതൽ തുക അനുവദിക്കാൻ നടപടിയുണ്ടാകുമോ?

വെള്ളപ്പൊക്കംമൂലം ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ രാമങ്കരി, കാവാലം, ചമ്പക്കുളം, എടത്വ, തലവടി, മുട്ടാർ, വെളിയനാട് എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങൾക്ക് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ നവീകരിക്കുന്നതിനായി ഏതെങ്കിലും വിധത്തിൽ ഫണ്ട് വകയിരുത്താൻ കഴിയുമോയെന്നുള്ള വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ്

333 (4039) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെടുത്തിയ നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്കായി നഗരാസൂത്രണ ആക്ട് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് (2022-ലെ 5-ാം നമ്പർ ഓർഡിനൻസ്) മുഖേന 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൽ (2016-ലെ 9-ാം ആക്ട്) 10-ാം ഉപവകുപ്പിന്റെ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർത്തുകൊണ്ട് താൽക്കാലികമായി ഭേദഗതി വരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് ടി ഭേദഗതിക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

"(3) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസ് ആക്ട് (1968-ലെ 19-ാം ആക്ട്) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരിച്ച് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, റിക്രൂട്ട്മെന്റ്/നിയമനരീതി, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തകളും, അച്ചടക്കം, പെരുമാറ്റം എന്നിവ

സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

വിശദീകരണം:- ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ" എന്നാൽ സംസ്ഥാനത്തെ പഞ്ചായത്ത് മുനിസിപ്പാലിറ്റി എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലേയും ഗ്രാമ വികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.

(ബി) ജില്ലയ്ക്ക് മാത്രമായോ സംസ്ഥാനത്തൊട്ടാകെയോ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ജീവനക്കാരെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപവൽക്കരിക്കാമെന്ന് മുനിസിപ്പാലിറ്റി ആക്ടിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ (222)-ാം വകുപ്പിന്റെ (1 ബി) ഉപവകുപ്പിൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) പൊതുസർവ്വീസ് രൂപവൽക്കരണം സംബന്ധിച്ച് പഞ്ചായത്ത്, മുനിസിപ്പാലിറ്റി ആക്ടുകൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് (2022-ലെ 5-ാം നമ്പർ ഓർഡിനൻസ്) മുഖേന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ (1994-ലെ 13-ാം ആക്ട്) 180-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ (1994-ലെ 20-ാം ആക്ട്) 222-ാം വകുപ്പിന്റെ (1 ബി) ഉപവകുപ്പ് എന്നിവ താൽക്കാലികമായി ഭേദഗതി വരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് ടി ഭേദഗതിക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ലൈഫ് ഭവന പദ്ധതി**

334 (4040) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ് വീടുകൾ നൽകിയിട്ടുള്ളതെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 30-06-2022 വരെ 73585 പട്ടികജാതി കുടുംബങ്ങളും 27259 പട്ടികവർഗ്ഗ കുടുംബങ്ങളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | പട്ടിക ജാതി | പട്ടിക വർഗ്ഗം |
|---|---|---|
| തിരുവനന്തപുരം | 8298 | 899 |
| കൊല്ലം | 8365 | 361 |
| പത്തനംതിട്ട | 3613 | 207 |
| ആലപ്പുഴ | 4550 | 125 |
| കോട്ടയം | 2779 | 370 |
| ഇടുക്കി | 4557 | 3067 |
| എറണാകുളം | 4548 | 596 |
| തൃശ്ശൂർ | 7397 | 308 |
| പാലക്കാട് | 9555 | 4918 |
| മലപ്പുറം | 6688 | 728 |
| കോഴിക്കോട് | 6089 | 567 |
| വയനാട് | 2842 | 10102 |

| | | |
|---|---|---|
| കണ്ണൂർ | 2730 | 2108 |
| കാസർഗോഡ് | 1574 | 2903 |
| **ആകെ** | **73585** | **27259** |

**തദ്ദേശസ്വയംഭരണങ്ങളുടെ ധനസമാഹരണം**

335 (4041) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിക്കുന്നതിനായി തനത് വരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലത്തുക തുടങ്ങി ലഭിക്കേണ്ട മുഴുവൻ നികുതി-നികുതിയേതര വരവുകളും

പൂർണ്ണമായും നിർണ്ണയിക്കുകയും അവ പൂർണ്ണമായും പിരിച്ചെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം അവയുടെ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകി അവ പൊളിച്ച് നീക്കുന്നതുവരെയോ, നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽനിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാരിൽനിന്ന് ലഭിക്കുന്ന സഹായം മാത്രം ആശ്രയിക്കാതെ മറ്റ് സാമ്പത്തിക പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി സ്വകാര്യ സ്ഥാപനങ്ങൾ വകയിരുത്തുന്ന ഫണ്ട്

(CSR Fund) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ചെലവഴിക്കപ്പെടുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി അവയ്ക്ക് പഞ്ചായത്ത്-സ്വകാര്യ പങ്കാളിത്തം (PPP), പഞ്ചായത്ത് - സഹകരണ സ്ഥാപന പങ്കാളിത്തം (PCP), പഞ്ചായത്ത് - സ്വകാര്യ-സഹകരണ സ്ഥാപന പങ്കാളിത്തം (PPCP) എന്നീ രീതികളിൽ ഉൽപ്പാദന, സേവന, അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കടപ്പത്രം വഴി ധനസമാഹരണത്തിന് അനുമതി നൽകുന്നതിന് ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

**സൂക്ഷ്മ സംരംഭ പദ്ധതികളും സംരംഭക ഹെൽപ് ഡെസ്കും**

336 (4042) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ സൂക്ഷ്മ സംരംഭ പദ്ധതികൾ വിശദമാക്കാമോ?

കുടുംബശ്രീ വനിതകൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ പദ്ധതികൾ കുടുംബശ്രീ മുഖേന ആരംഭിച്ചിട്ടുണ്ട്.

1) റൂറൽ മൈക്രോ എന്റർപ്രൈസ് (RME)-ഗ്രാമ പ്രദേശങ്ങളിലെ 18-60 വയസ്സിന് മദ്ധ്യേയുള്ള കുടുംബശ്രീ അംഗങ്ങളോ കുടുംബാംഗങ്ങളോ ആയ സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ ഈ പദ്ധതിപ്രകാരം നൽകിവരുന്നു.

2) യുവശ്രീ പദ്ധതി - ഗ്രാമ പ്രദേശങ്ങളിലെ 18-45 വയസ്സിന് മദ്ധ്യേയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ ഈ പദ്ധതിപ്രകാരം നൽകിവരുന്നു.

3) പ്രത്യാശ പദ്ധതി - സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട (Vulnerable) കമ്മ്യൂണിറ്റിയിൽ ഉൾപ്പെടുന്ന ഭിന്നലിംഗക്കാർ,

ട്രാൻസ്ജെൻഡർ, അതിക്രമങ്ങൾക്കിരയായവർ, വയോജനങ്ങൾ, കിടപ്പുരോഗികളുടെ ആശ്രിതർ, ആശ്രയ കുടുംബാംഗങ്ങൾ എന്നിവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് പ്രത്യാശ. ടി പദ്ധതിയുടെ ഭാഗമായി ഒരാൾക്ക് 50,000/- രൂപ വരെ സാമ്പത്തിക സഹായം ഗ്രാന്റായി നൽകുന്നു.

4) സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (SVEP): ഗ്രാമപ്രദേശങ്ങളിലെ ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനുമായി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിലുള്ള ഉപപദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം. കുടുംബശ്രീ കുടുംബങ്ങളിൽനിന്നും നിലവിൽ സംരംഭം ചെയ്യുന്നവരും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരും അടക്കമുള്ള സംരംഭകരെ കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ, വായ്പ, മറ്റു സാങ്കേതിക പിന്തുണാ സഹായങ്ങൾ എന്നിവ ലഭ്യമാക്കി മികച്ച സംരംഭകരെ വാർത്തെടുക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

5) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം (RKI EDP): റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

മുഖേന സംസ്ഥാന സർക്കാരിന്റെ 100% സാമ്പത്തിക സഹായത്തോടെ കുടുംബശ്രീ നടപ്പിലാക്കുന്ന എസ്.വി.ഇ.പി. മാതൃകയിലുള്ള ജീവനോപാധി പ്രോത്സാഹന പദ്ധതിയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം.

6) ദേശീയ നഗര ഉപജീവന മിഷൻ (NULM)-ടി പദ്ധതിയിൻകീഴിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലോണുകൾക്ക് പലിശ സബ്സിഡി നൽകുന്നു. നഗര ദരിദ്രരായ സംരംഭകർക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നത്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന സംരംഭക ഹെൽപ്പ് ഡെസ്ക് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

2022-23 സംരംഭക വർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ തുടക്കമിടുകയാണ്. ഇതിന്റെ

ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഒരു ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും വ്യവസായ വകുപ്പ് നിയമിച്ചിട്ടുള്ള ഇന്റേണിന്റെ സേവനം ഈ ഹെൽപ്പ് ഡെസ്കിൽ ആഴ്ചയിൽ മൂന്നുദിവസം (തിങ്കൾ, ബുധൻ, ശനി) ലഭ്യമാക്കുന്നതുമാണ്.

ഇന്റേൺസിന്റെ ചുമതലകൾ ചുവടെ പറയും പ്രകാരമാണ്:

1. എല്ലാ ഗ്രാമപഞ്ചായത്തിലും നിർദ്ദേശിച്ച എണ്ണം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സംരംഭകരെ കണ്ടെത്തുന്നതിനുള്ള ചുമതല അതത് പഞ്ചായത്തിലെ ഇന്റേണിനാണ്.

2. എല്ലാ പഞ്ചായത്തിലും ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കണം.

3. വിവിധ വകുപ്പുകളിൽനിന്നും സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സേവനങ്ങൾ (ലൈസൻസ്, സാനിട്ടറി സർട്ടിഫിക്കറ്റ്, ഫുഡ് & സേഫ്റ്റി സർട്ടിഫിക്കറ്റ് തുടങ്ങിയവ) എന്തൊക്കെയാണെന്ന് മനസ്സിലാക്കി സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

4. സംരംഭം തുടങ്ങുന്നതിന് താൽപ്പര്യവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് ഏറ്റവും അനുയോജ്യമായ സംരംഭം കണ്ടെത്തുന്നതിനുള്ള സഹായം

നൽകുക.

5. ലക്ഷ്യം വയ്ക്കുന്നത്ര സംരംഭങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ഭവന സന്ദർശനം, സാമ്പത്തിക സാക്ഷരത (Financial Literacy session) എന്നിവ നടത്തണം.

6. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുമായി സഹകരിച്ച് പദ്ധതിക്ക് ആവശ്യമായ വിവരശേഖരണം നടത്തുക, ശില്പശാലകളിൽ മതിയായ സംരംഭകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7. ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം, ലോൺ/സബ്സിഡി/ലൈസൻസ് മേളകൾ എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക.

8. എല്ലാ തദ്ദേശ സ്ഥാപനതലത്തിലും രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന പ്രത്യേക ഭരണ സമിതി യോഗത്തിൽ പദ്ധതി പുരോഗതി/പ്രതിസന്ധി എന്നിവ സംബന്ധിച്ച വിവരങ്ങൾ അവതരിപ്പിക്കുകയും ആവശ്യമായ സഹായങ്ങൾ ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരിൽനിന്നും സ്വീകരിച്ച് പരിഹരിക്കുക.

9. പഞ്ചായത്തിൽ നിലവിൽ വിവിധ സംരംഭങ്ങൾ തുടങ്ങുന്നതിനായി ലൈസൻസ് അനുവദിച്ചിട്ടുള്ളവരുടെ വിവരശേഖരണം നടത്തി അവരുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ സഹായം നൽകുക.

10. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പട്ടികജാതി വികസന വകുപ്പ്, പിന്നോക്ക വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുക.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി സംരംഭകത്വ വികസനവും നൈപുണ്യ വികസനവും ലക്ഷ്യമാക്കിയുള്ള സ്വയം തൊഴിൽ സംരംഭകർക്കുള്ള മാനദണ്ഡങ്ങൾ പതിനാലാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ (28-05-2022-ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ) ഖണ്ഡിക 6.5.2(എ)-ൽ പരാമർശിച്ചിരിക്കുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള മാനദണ്ഡങ്ങളും തൊഴിൽദായക സംരംഭങ്ങൾക്കുള്ള മാനദണ്ഡങ്ങളും പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമാനദണ്ഡങ്ങൾ താഴെ ചേർത്തിട്ടുള്ളതാണ്.

1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽരഹിതരായിരിക്കണം.

2. പ്രവാസികൾക്ക് മുൻഗണന നൽകേണ്ടതാണ്.

3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽനിന്ന് തുക സമാഹരിക്കാവുന്നതാണ്.

4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.

5. വായ്പാബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിനുശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെയടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ സി.ഡി.എസ്. സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തലിനായി നിയോഗിക്കാവുന്നതും നഗരഭരണ സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ അംഗങ്ങൾക്കുപുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറെക്കൂടി

വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതുമാണ്. വ്യക്തിഗത തൊഴിൽ സംരംഭകരിൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി ₹60,000/- (50%) രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർ, വനിതകൾ എന്നിവർക്ക് ₹90,000/- (75%) രൂപയും പരമാവധി സബ്സിഡിയായി അനുവദിക്കുന്നതായിരിക്കും.

**ബഡ്സ് സ്കൂളുകളുടെ നവീകരണം**

337 (4043) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ നവീകരണത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

2018-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 200 പുതിയ ബഡ്സ് സ്ഥാപനങ്ങളുടെ വികസനത്തിനായി ബഡ്സ് സ്കൂളുകൾക്ക് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകിവരുന്നു.

1. പഠനസാമഗ്രികൾ വാങ്ങുന്നതിന്

2. ബഡ്സ് സ്ഥാപനം വാടക കെട്ടിടത്തിലാണെങ്കിൽ വാടക അനുവദിക്കുന്നതിന് (പരമാവധി 6 മാസം)

3. വിദ്യാർത്ഥി സൗഹൃദ മേശയും കസേരയും വാങ്ങുന്നതിന്

4. സ്ഥാപനത്തിൽ വിദ്യാർത്ഥി സൗഹൃദ റാമ്പ്, റെയിൽ മുതലായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്.

5. വിദ്യാർത്ഥികൾക്കുള്ള വിനോദ ഉപാധികളായ ടെലിവിഷൻ, പ്രൊജക്ടർ എന്നിവ വാങ്ങുന്നതിന്

6. ഓഫീസ് ആവശ്യത്തിനുള്ള കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന്

7. തെറാപ്യൂട്ടിക് ഉപകരങ്ങൾ വാങ്ങുന്നതിന്

8. സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കാവശ്യമുള്ള തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിന്.

2018-ന് മുമ്പ് ആരംഭിച്ച 182 ബഡ്സ് സ്ഥാപനങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിക്കുന്നതിനും തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പുതുതായി ബഡ്സ് സ്കൂളുകൾ അനുവദിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ ഏന്തൊക്കെയാണെന്ന് വിശദമാക്കാമോ?

29-07-2009-ലെ സ.ഉ.(എം.എസ്) 148/2009/തസ്വഭവ ഉത്തരവ് പ്രകാരം പുതിയതായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ/നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. സ്ഥാപനം കുട്ടികൾക്ക് എത്തിച്ചേരാൻ കഴിയുന്ന യാത്രാസൗകര്യമുള്ളതും ഭൗതിക അപകട സാധ്യത ഒഴിവായ സ്ഥലത്തും ആയിരിക്കണം. ലൊക്കേഷൻ ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാർക്കുന്നവർക്ക് സൗകര്യപ്രദമാകണം.

2. സ്ഥാപനത്തിന് 15 സെന്റിൽ കുറയാതെ സ്വന്തം ഭൂമിയോ, പൊതുസ്ഥലമോ ലഭ്യമായിരിക്കണം.

3. 25-50 കുട്ടികൾക്കായി കുട്ടി ഒന്നിന് 40 സ്ക്വയർ ഫീറ്റ് എന്ന തോതിൽ കെട്ടിട സൗകര്യമുണ്ടായിരിക്കണം. 25 കുട്ടികളെങ്കിലും ഇല്ലാതെ (5-21 വരെ) സ്കൂൾ ആരംഭിക്കാൻ പാടില്ല.

4. സ്കൂൾ കെട്ടിടത്തിൽ കുറഞ്ഞത് 5 ക്ലാസ് മുറികളും (പൊതുഹാൾ തട്ടികവച്ച് മറച്ചതുൾപ്പെടെ) ഓഫീസ്, സ്റ്റാഫ്, റിക്രിയേഷൻ, സ്റ്റോർ, അടുക്കള, ഭക്ഷണശാല, തൊഴിൽ പരിശീലനം, തെറാപ്പി, പകൽ പരിപാലനം എന്നിവയ്ക്കും സ്ഥലസൗകര്യങ്ങൾ ഉള്ളതായിരിക്കണം.

5. കെട്ടിടം തടസ്സവിമുക്തവും അപായവിമുക്തവും ആയിരിക്കണം.

6. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി തിരിച്ച് ഏറ്റവും കുറഞ്ഞത് 4 ബാത്ത്റൂമുകൾ ഉണ്ടായിരിക്കണം. ഒന്നുവീതം യൂറോപ്യൻ ക്ലോസറ്റ് ആയിരിക്കണം.

7. അടുക്കള, സ്റ്റോർ, ഭക്ഷണമുറി എന്നിവിടങ്ങൾ, പൊടി, പുക, നനവ്, അഴുക്ക് എന്നിവ ഇല്ലാത്തവിധം അടുക്കള ശുചിത്വം പാലിക്കുന്നവയായിരിക്കണം.

8. വൃത്തിയുള്ള തീൻമേശകളും കുടിവെള്ളവും കൈ കഴുകാൻ സൗകര്യവും മാലിന്യ നിർമ്മാർജ്ജന സൗകര്യവും ഉണ്ടായിരിക്കണം.

9. ആവശ്യത്തിന് പഠനോപകരണങ്ങൾ, ഫർണിച്ചർ, തൊഴിൽ പരിശീലന ഉപാധികൾ, ഫിസിയോതെറാപ്പി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിരിക്കണം.

10. അംഗീകൃത പരിശീലനം സിദ്ധിച്ച (ആർ.സി.ഐ) മൂന്ന് അദ്ധ്യാപകരും 2 ആയമാരും ഒരു പാചകക്കാരിയും സ്കൂളിൽ ഉണ്ടായിരിക്കണം. കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കണം.

11. ഓരോ തരത്തിലുള്ള വൈകല്യം ബാധിച്ച കുട്ടികൾക്കും ഓരോരുത്തർക്കും അനുയോജ്യമായ തരത്തിലുള്ള ഫർണിച്ചറുകൾ ലഭ്യമാക്കണം.

12. മുതിർന്ന/പ്രായപൂർത്തിയായ കുട്ടികൾക്കായി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.

13. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികളുടെ അമ്മമാർക്കും സ്കൂൾ പ്രവൃത്തിസമയം സ്കൂളിൽ കുട്ടിയോടൊപ്പം ചെലവഴിക്കാൻ സൗകര്യമൊരുക്കണം.

14. ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ, സോഷ്യൽ വർക്കർ എന്നിവരുടെ സന്ദർശനം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ടായിരിക്കണം. കൗൺസിലിംഗിനുള്ള സംവിധാനവും ഏർപ്പെടുത്തണം.

15. കുട്ടികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കണം.

16. രക്ഷാകർത്തൃയോഗം മാസത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്.

17. പ്ലാൻ ഫണ്ടിൽനിന്നും സ്കൂൾ ചെലവുകൾ നിർവ്വഹിക്കുന്നത് പരമാവധി കുറച്ച് ധനസമാഹരണ സാധ്യതകൾ കണ്ടെത്തി വിഭവസമാഹരണം നടത്താൻ പരിശ്രമിക്കേണ്ടതാണ്.

18. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വൈകല്യബാധിത കുട്ടികളെയും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് പരിഗണിക്കണം. കൂടാതെ സ്റ്റേറ്റ് കമ്മീഷൻ ഫോർ പീപ്പിൾ വിത്ത് ഡിസ്എബിലിറ്റീസുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ സർവ്വേ നടത്തേണ്ടതാണ്.

19. സ്കൂൾ ആരംഭിക്കുന്നതിനുമുമ്പ്, ത്രിതല പഞ്ചായത്തുകൾക്ക് ബോധ്യപ്പെടുംവിധം സാധ്യതാ പഠനം നടത്തുന്നത് അഭികാമ്യമായിരിക്കും (ഐ.സി.ഡി.എസ്. കുടുംബ സർവ്വേ രേഖ).

20. ചെറിയ ബ്ലോക്കുകളിൽ ഒന്നും വലിയ ബ്ലോക്ക് പ്രദേശത്ത് ഒന്നിലധികവും ബഡ്സ് സ്കൂൾ സ്ഥാപിക്കാവുന്നതാണ്. സ്വകാര്യ/സന്നദ്ധ സ്ഥാപനങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകളിൽ പുതിയ ബഡ്സ് സ്കൂൾ ആരംഭിക്കേണ്ടതില്ല. എന്നാൽ പ്ലാൻ ഫണ്ട് നിബന്ധനകൾക്ക് വിധേയമായി പകൽ പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന വികലാംഗ ജന നിയമപ്രകാരമുള്ള അംഗീകാരം വാങ്ങേണ്ടതാണ്.

21. ത്രിതല പഞ്ചായത്ത് കൂടിയാലോചന നടത്തി സംയോജന സാധ്യത

ഉറപ്പാക്കി കുറഞ്ഞ സൗകര്യങ്ങളും മനുഷ്യ വിഭവശേഷിയും ലഭ്യമാക്കി മാത്രമേ മേലിൽ പുതിയ സ്പെഷ്യൽ സ്കൂൾ ആരംഭിക്കാവൂ (2009-10 മുതൽ).

22. 1995-ലെ വികലാംഗ ജന നിയമമനുസരിച്ച് സ്പെഷ്യൽ സ്കൂൾ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം പ്രവർത്തനം ആരംഭിച്ച് താമസംകൂടാതെ വാങ്ങേണ്ടതാണ്.

23. ബഡ്സ് മാതൃകയിലുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുമ്പ്, ജില്ലാതല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതിയുടെ അനുമതി വാങ്ങേണ്ടതാണ്.

(സി) ബഡ്സ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ച് വിശദമാക്കാമോ?

ബഡ്സ് സ്കൂളിലെ അധ്യാപക-അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ വേതനം താഴെപ്പറയുന്ന പ്രകാരമാണ്. ഇവർ പഞ്ചായത്തുമായി വാർഷിക അടിസ്ഥാനത്തിൽ കരാറിൽ നിയമിക്കപ്പെടുന്നു.

| ക്രമ നം | തസ്തിക | പ്രതിമാസ ഓണറേറിയം (രൂപ) |
|---|---|---|
| 1 | സ്പെഷ്യൽ ടീച്ചർ | 32560/- |
| 2 | അസിസ്റ്റന്റ് ടീച്ചർ (without Special Training) | 24520/- |
| 3 | ആയ | 18390/- |

(ഡി) ബഡ്സ് സ്കൂളുകളുടെ ഏകോപനത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ബഡ്സ് സ്കൂളുകളുടെ ഏകോപനത്തിനായി ബഡ്സ് മാതൃകയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പഞ്ചായത്തുകൾക്ക് നേരിട്ട് പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും മോണിറ്ററിംഗിനുമായി ചുവടെ ചേർക്കുന്ന അംഗങ്ങളുൾപ്പെടുത്തി ജില്ലാതല ബഡ്സ് സ്പെഷ്യൽ സ്കൂൾ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| ജില്ലാതല കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ | കൺവീനർ |
| ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | അംഗം |
| സർക്കാരിന്റെ നോമിനി (കമ്മ്യൂണിറ്റി വികസന വകുപ്പ്, മെഡിക്കൽ കോളേജ്) | അംഗം |

| | |
|---|---|
| ജില്ലാ പ്ലാനിംഗ് ഓഫീസർ | അംഗം |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | അംഗം |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | അംഗം |
| ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | അംഗം |
| ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | അംഗം |

ജില്ലാ പ്രോജക്ട് ആഫീസർ എസ്.എസ്.എ., ജില്ലാ പഞ്ചായത്തിലെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, ബഡ്സ് സ്കൂൾ നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുക്കുന്നതാണ്.

പ്രസ്തുത ഉപദേശക സമിതി പുതിയ ബഡ്സ് സ്കൂൾ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അംഗീകരിക്കുന്നതു കൂടാതെ താഴെപ്പറയുന്ന ചുമതലകൾകൂടി നിർവ്വഹിച്ചുവരുന്നു.

a. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വികലാംഗർക്കായുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുക, വിലയിരുത്തുക, ലഭ്യമാക്കാവുന്ന സർക്കാർ സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

b. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.

c. വിദഗ്ധ സഹായം ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യുക.

d. മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്യുക.

## ഇരവിപുരം നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തി

338 (4044) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ഇരവിപുരം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേരും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

റോഡുകളുടെ പേരും പ്രവർത്തന പുരോഗതിയും അടങ്ങിയ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

## അനിമൽ ബർത്ത് കൺട്രോളർ പ്രോഗ്രാം

339 (4045) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായകളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള അനിമൽ ബർത്ത് കൺട്രോളർ പ്രോഗ്രാം (എ.ബി.സി. പ്രോഗ്രാം) എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ടോ; പദ്ധതിക്കായി സർക്കാർ നിലവിൽ എന്തെല്ലാം സഹായങ്ങളാണ് തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായകളുടെ ശല്യം നിയന്ത്രിക്കുന്നതിനായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടത്തി വന്നിരുന്നു. ഗ്രാമപഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നിശ്ചിത തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയും വകയിരുത്തിയ തുക ഉപയോഗിച്ച് സംയുക്ത പ്രോജക്ട് ആയി ജില്ലാ പഞ്ചായത്തിന്റെയും മറ്റും നേതൃത്വത്തിലും നഗരസഭ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും നിർവ്വഹണം നടത്തിവരുന്നു. കൂടാതെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് ഫണ്ട് കൈമാറുകയും മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ എ.ബി.സി പദ്ധതി നടപ്പിലാക്കിവരുകയും ചെയ്തിരുന്നു.

എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുത്തുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവയ്ക്കാൻ നിർദ്ദേശിച്ച് WP(C) 13204/2021 കേസിൽ 19-07-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവച്ചിട്ടുണ്ട്. നിലവിൽ ഹൈക്കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കുടുംബശ്രീക്ക് പദ്ധതിയിൽ ഭാഗമാകാൻ സാധിക്കും.

(ബി) ഇതുസംബന്ധിച്ച ചട്ടങ്ങളിൽ അനുശാസിക്കുംപ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളിലാണ് രൂപീകരിക്കാനുള്ളതെന്ന്

അറിയിക്കുമോ?

എ.ബി.സി. പ്രോഗ്രാമിന്റെ ഫലപ്രദമായ നടത്തിപ്പുമായി ബന്ധപ്പെട്ട് 907 ഗ്രാമപഞ്ചായത്തുകളിലും 57 നഗരസഭകളിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകൾ:

ഇടുക്കി

ഇടമലക്കുടി

പാലക്കാട്.

1. അനങ്ങനടി
2. കാഞ്ഞിരപ്പുഴ
3. കേരളശ്ശേരി
4. കൊട്ടവായൂർ
5. കൊപ്പം
6. മങ്കര
7. മുതുതല
8. നെന്മാറ
9. ഓങ്ങല്ലൂർ

10. പറളി

11. പരുതൂർ

12. പുതുശ്ശേരി

13. പുതുക്കാട്

14. തരൂർ

15. തച്ചനാട്ടുകര

16. തേങ്കുറിശ്ശി

17. വണ്ടാഴി

18. വിളയൂർ

<u>ആലപ്പുഴ</u>

1. ബുധനൂർ

2. ചമ്പക്കുളം

3. ചെറിയനാട്

4. കൈനകരി

5. കഞ്ഞിക്കുഴി

6. കോടംതുരുത്ത്

7. കൃഷ്ണപുരം

8. മാവേലിക്കര താമരക്കുളം

9. മാവേലിക്കര തെക്കേക്കര

10. മുഹമ്മ

11. പാലമേൽ

12. തഴക്കര

13. ആല

14. പെരുമ്പളം

15. തലവടി

<u>നഗരസഭകൾ</u>

1. കൊച്ചി

2. ആറ്റിങ്ങൽ

3. നെയ്യാറ്റിൻകര

4. വർക്കല

5. കൊട്ടാരക്കര

6. സൗത്ത് പരവൂർ

7. ചെങ്ങന്നൂർ

8. ചേർത്തല

9. കായംകുളം

10. ഹരിപ്പാട്

11. ഈരാറ്റുപേട്ട

12. ഏറ്റുമാനൂർ

13. ആലുവ

14. അങ്കമാലി

15. കൂത്താട്ടുകുളം

16. പെരുമ്പാവൂർ

17.തൃക്കാക്കര

18.ചെർപ്പുളശ്ശേരി

19.ഒറ്റപ്പാലം

20. പട്ടാമ്പി

21. മലപ്പുറം

22.താനൂർ

23. വളാഞ്ചേരി

24. ഫറോക്ക്

25. കൊടുവള്ളി

26. കൊയിലാണ്ടി

27. മുക്കം

28. പയ്യോളി

29. രാമനാട്ടുകര

30. മാനന്തവാടി

31. ഇരിട്ടി

32. കൂത്തുപറമ്പ

33. മട്ടന്നൂർ

34. പയ്യന്നൂർ

35. കാഞ്ഞങ്ങാട്

36. നീലേശ്വരം

(സി) തെരുവുനായ്ക്കളെ പാർപ്പിക്കുന്നതിനുള്ള ഷെൽട്ടർ നിർമ്മാണത്തിനുവേണ്ട ധനസഹായം അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയിൽ നിന്ന് ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി മൃഗസംരക്ഷണ വകുപ്പിൽനിന്നും എന്തെങ്കിലും സഹായം തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

തെരുവുനായ്ക്കളെ പാർപ്പിക്കുന്നതിനുള്ള ഷെൽട്ടർ നിർമ്മാണത്തിനുവേണ്ട ധനസഹായം അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽനിന്നോ മൃഗസംരക്ഷണ വകുപ്പിൽനിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ല.

**കായംകുളം മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ**

340 (4046) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

നിലവിലെ സ്ഥിതി ഉൾപ്പെടെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അഴിമതി

341 (4047) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ചില ജീവനക്കാർ വ്യാപക അഴിമതി നടത്തുന്നതായി വകുപ്പുമന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തെളിവുകളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്താവന നടത്തിയിട്ടില്ല.

(ബി) ഏതൊക്കെ ജീവനക്കാർക്കെതിരെയാണ് പരാതിയുള്ളതെന്നും നടപടികൾ സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

ലഭ്യമായ പരാതികളിലെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്ഥാപന ഭരണസമിതികൾക്ക് അഴിമതിക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് എന്തൊക്കെ അധികാരങ്ങളാണുള്ളത്?

പഞ്ചായത്തുകൾക്കായി കൈമാറുന്ന ജീവനക്കാരുടെ പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും അതത് പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്നും ഇത്തരത്തിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരെ അച്ചടക്കനടപടി ആരംഭിക്കേണ്ടതായി വന്നാൽ പഞ്ചായത്ത് പ്രസിഡന്റിന് ടി ജീവനക്കാരനെതിരെ അന്വേഷണം നടത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ അവകാശമുണ്ടെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് 181-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ ഇതിലേയ്ക്കായുണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ടി ഉദ്യോഗസ്ഥനെതിരെയോ ജീവനക്കാരനെതിരെയോ ലഘുശിക്ഷകൾ ചുമത്താനും ഒരു പഞ്ചായത്തിന് അധികാരിതയുണ്ടായിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ

കീഴിലുള്ള ഒരു ജിവനക്കാരന്റെയോ/ഉദ്യോഗസ്ഥന്റെയോ ജനപ്രതിനിധിയുടെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ അഴിമതിയോ ദുർഭരണമോ ആരോപിച്ചുള്ള ഏതെങ്കിലും പരാതിയിൽ അന്വേഷണം നടത്തി തുടർനിർദ്ദേശം നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഒരു ചുമതലയാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 271 ജെ വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

2011-ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരം അഴിമതിക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ഭരണ സമിതികൾക്ക് അധികാരമുണ്ട്. സ്റ്റേറ്റ് സർവ്വീസിൽപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ശിക്ഷ നടപ്പാക്കുന്നതിനും ശിക്ഷയുടെ വിവരം അയാളുടെ സർവ്വീസ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനുമായി ആയതിന്റെ പകർപ്പ് ആമുഖ കത്ത് സഹിതം ബന്ധപ്പെട്ട നിയമനാധികാരിക്കും അക്കൗണ്ടന്റ് ജനറലിനും ചെയർപേഴ്സൺ അയച്ചുകൊടുക്കേണ്ടതാണ്. മുനിസിപ്പൽ ജീവനക്കാരനോ സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥനോ അയാളുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റത്തിന്റെ ഗൗരവവും സ്വഭാവവും കണക്കിലെടുത്ത് അയാളുടെ മേൽ 4-ാം

ചട്ടപ്രകാരം ലഘുശിക്ഷകൾ ചുമത്താനും ഗുരുതരമോ സ്വഭാവദൂഷ്യം ഉൾപ്പെടുന്നതോ കടുത്ത ശിക്ഷ അർഹിക്കുന്നതോ ആയ കുറ്റം ചെയ്തിരിക്കുന്നുവെന്ന് ബോധ്യമായാൽ സസ്പെന്റ് ചെയ്യുന്നതിനും കൗൺസിലിന് അധികാരമുണ്ട്.

(ഡി) ഇതുസംബന്ധിച്ച് പ്രസ്തുത സ്ഥാപന സെക്രട്ടറിമാർക്ക് എന്തൊക്കെ അധികാരങ്ങളാണ് നൽകിയിട്ടുള്ളത്; നൽകിയ അധികാരങ്ങളിൽ ഏതെങ്കിലും ഈ സർക്കാരിന്റെ കാലത്ത് പിൻവലിച്ചിട്ടുണ്ടോ?

കേരള പഞ്ചായത്ത് രാജ് ആക്ട് 182-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ മേൽ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലും ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് മാന്വലിലും പറഞ്ഞിട്ടുള്ള നിബന്ധനകൾ പ്രകാരമുള്ള അധികാരങ്ങൾ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. നൽകിയ അധികാരങ്ങളിൽ ഒന്നും ഈ സർക്കാരിന്റെ കാലത്ത് പിൻവലിച്ചിട്ടില്ല.

(ഇ) ജീവനക്കാരെ സ്ഥലം മാറ്റണമെന്ന് ഭരണസമിതികൾ

ആവശ്യപ്പെട്ടിട്ടും മാറ്റാത്ത കേസുകളിൽ നടപടിയുണ്ടാകുമോ?

ജീവനക്കാരെ സ്ഥലം മാറ്റുന്നതിന് ഭരണസമിതികൾ ശിപാർശ ചെയ്യുന്ന കഴമ്പുള്ള കേസ്സുകളിൽ നടപടി സ്വീകരിക്കാറുണ്ട്.

(എഫ്) പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തി അഴിമതി തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർ നൽകുന്ന പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ശക്തമായ ഒരു ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

**ജലജീവൻ പദ്ധതിക്കായി തദ്ദേശ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്ത് നൽകുന്ന നടപടി**

342 (4048) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിക്ക് ആവശ്യമായ ഭൂമി അതത് തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് കൈമാറണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലജീവൻ പദ്ധതി മാനദണ്ഡപ്രകാരം പദ്ധതിക്കാവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. പദ്ധതിക്ക് ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി ജില്ലാകളക്ടർമാരാണ് ഏറ്റെടുത്ത് നൽകേണ്ടത്. സ്വകാര്യ വ്യക്തികളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ് ഏറ്റെടുത്ത് കൈമാറേണ്ടത്. ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; ഈ പദ്ധതിയുടെ നടത്തിപ്പിലെ തടസ്സങ്ങൾ മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ജലജീവൻ മിഷൻ പദ്ധതി 2024-ഓടുകൂടി പൂർത്തിയാക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണ ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ്. ദേശീയതലത്തിൽ 2019-ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്. സംസ്ഥാനത്താകെ 70.68 ലക്ഷം ഗ്രാമീണ വീടുകളുള്ളതിൽ 2020 ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുണ്ടായിരുന്നത്.

എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ശേഷിക്കുന്ന വീടുകൾക്ക് ഉൾപ്പെടെ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ 52.90 ലക്ഷം കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി വിവിധ ഘട്ടങ്ങളിലായി പ്രവൃത്തികൾ നടന്നുവരികയാണ്. ശേഷിക്കുന്ന പ്രവൃത്തികൾക്കും ഈ സാമ്പത്തികവർഷംതന്നെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലജീവൻ പദ്ധതിയുടെ ലക്ഷ്യമനുസരിച്ച് 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകാനുള്ള ചിട്ടയായ പ്രവർത്തനം സംസ്ഥാന സർക്കാർ നടത്തിവരികയാണ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത, മറ്റു വകുപ്പുകളിൽനിന്നുമുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം, ചില പ്രദേശങ്ങളിൽ കണക്ഷൻ എടുക്കുന്നതിൽ പൊതുജനങ്ങളുടെ വിമുഖത, തദ്ദേശീയമായി നിലനിൽക്കുന്ന വസ്തുതർക്കങ്ങൾ മുതലായവ പദ്ധതി പുരോഗതിയിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ പൈപ്പിന്റെയും അനുബന്ധ സാധനങ്ങളുടെയും വില വർദ്ധന, LMR റേറ്റിൽ നിലനിൽക്കുന്ന അപാകത

എന്നിവമൂലം കരാറുകാരിൽ പ്രവൃത്തികൾ എടുക്കുന്നതിനുള്ള താൽപ്പര്യം കുറയുന്നതും അംഗീകരിക്കാൻ കഴിയാത്തവിധം അമിത തുക ക്വാട്ട് ചെയ്യുന്നതും പ്രവൃത്തികൾ യഥാസമയം നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

ജലജീവൻ മിഷൻ പദ്ധതിക്കാവശ്യമായ വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ ലഭ്യതക്കുറവും പൈപ്പ് സ്ഥാപിക്കുന്നതിന് വിവിധ റോഡ് ഏജൻസികളിൽനിന്നും റെയിൽവേ അധികാരികളിൽനിന്നും അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസവുമാണ് സമയബന്ധിതമായ പദ്ധതി പൂർത്തീകരണം നേരിടുന്ന പ്രധാന വെല്ലുവിളി.

ജലജീവൻ മിഷൻ പദ്ധതിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള അനുവദനീയമായ പരിധിയിലുള്ള പുറമ്പോക്ക് ഭൂമി ജലജീവൻ മിഷൻ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനായി ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തി റവന്യൂ (എൽ) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (17-06-2022-ലെ സ.ഉ.

(കൈ).നം.161/2022/RD എന്ന സർക്കാർ ഉത്തരവ് അനുബന്ധമായി+ ചേർത്തിരിക്കുന്നു). കൂടാതെ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ സ്വകാര്യ ഭൂമി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജന പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിച്ച് തടസ്സങ്ങൾ നീക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പുകളുടെ ഉന്നതതല യോഗം സ്ഥിരം കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡി.ഐ.സി.സി. യോഗം കൂടുന്നുണ്ട്.

സർക്കാരിന്റെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി ജലജീവൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിഷൻ പദ്ധതി പുരോഗതി നേരിട്ട് അവലോകനം നടത്തിവരുന്നു. പ്രസ്തുത അവലോകന തീരുമാനമനുസരിച്ച് റോഡ് കട്ടിംഗ് അനുമതി, നിർവ്വഹണത്തിനാവശ്യമായ ഭൂമി എന്നിവ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ജൽജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാകേണ്ടുന്ന പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്രസർക്കാർ നേരിട്ട് വിലയിരുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള സംവിധാനം, വെബ്സൈറ്റിൽ നൽകുന്നതിനുള്ള സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ കേന്ദ്രതലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് യോഗങ്ങൾ നടത്തുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതി സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ജലശക്തി മന്ത്രാലയം നേരിട്ട് പ്രസ്തുത വിഷയം ബന്ധപ്പെട്ട വകുപ്പുമായി ഇടപെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പ്രവൃത്തി നിർവ്വഹണത്തിനാവശ്യമായ പൈപ്പിന്റെയും അനുബന്ധ സാമഗ്രികളുടെയും അപര്യാപ്തത

പരിഹരിക്കുന്നതിനായി നിർമ്മാണ കമ്പനികളുമായും ചർച്ച നടത്തുന്നതിനായി കേന്ദ്ര ജലശക്തി മന്ത്രാലയം നടപടികൾ സ്വീകരിച്ചു വരുന്നു.

ജൽജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ഈ വിധം തടസ്സങ്ങൾ മറികടന്നു പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തീവ്ര ശ്രമമാണ് കേന്ദ്രസംസ്ഥാന സർക്കാരുകൾ നടത്തിവരുന്നത്.

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ വാല്യുവിനേക്കാൾ മുപ്പത് ശതമാനത്തിലധികം തുക തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ;

&

(ഡി) പലയിടത്തും മാർക്കറ്റ് വില അതിനേക്കാൾ ഉയർന്ന് നിൽക്കുന്നത് കണക്കിലെടുത്ത് ജലജീവൻ പദ്ധതിക്കുവേണ്ടി പ്രസ്തുത ചട്ടത്തിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

നിലവിൽ ഫെയർ വാല്യുവിനേക്കാൾ 30 ശതമാനത്തിലധികം

ഉയർന്നതിനാലോ മാർക്കറ്റ് വില അധികരിച്ചു നിൽക്കുന്നതുകൊണ്ടോ മാത്രം സ്ഥലം ഏറ്റെടുക്കാൻ സാധിക്കാതിരിക്കുകയും പദ്ധതി നടത്തിപ്പ് തടസ്സപ്പെടുകയും ചെയ്യുകയാണ് എന്ന തരത്തിലുള്ള കാര്യങ്ങൾ ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പതിനാലാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നമ്പർ 115/2022/തസ്വഭവ തീയതി 28-05-2022 അനുബന്ധമായി+ ചേർത്തിരിക്കുന്നു) ഖണ്ഡിക 8.1.4 പ്രകാരം റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി നൽകാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30 ശതമാനം വരെ മാത്രമേ നഷ്ടപരിഹാരം (സൊലേഷ്യം) നൽകാൻ കഴിയുകയുള്ളൂ. പദ്ധതിക്കായി സ്ഥലം വിട്ടുനൽകുന്നതിന് ഉടമസ്ഥർ വിമുഖത കാണിക്കുന്നുണ്ട്. പദ്ധതിക്കായി ചട്ടത്തിൽ ഇളവ് അനുവദിക്കുന്ന കാര്യത്തിൽ സർക്കാർതലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സ്ഥല വിലയായി പത്രപ്പരസ്യത്തിലൂടെ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുകയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെട്ടിട നികുതി പരിഷ്കരണം

343 (4049) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ചെറിയ വീടുകളെയും കെട്ടിട നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും കെട്ടിട നികുതി ഓരോ വർഷവും പുതുക്കി നിശ്ചയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന കെട്ടിട നികുതി അഞ്ച് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന നിയമത്തിൽ മാറ്റം വരുത്താൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ;

&

(സി) കെട്ടിട നികുതി ഈടാക്കുന്നത് സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിർദ്ദേശം നൽകിയിട്ടില്ല. ധനകാര്യ കമ്മീഷൻ ചില ശിപാർശകൾ നൽകിയിട്ടുണ്ട്. വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

## പ്ലാൻ ഫണ്ട് വിഹിതം

344 (4050) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ ബഡ്ജറ്റ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ജനറൽ പ്ലാൻ ഫണ്ട് ലഭിക്കാത്തതിനാൽ വികസനപ്രവർത്തനങ്ങൾക്ക് വിഘാതം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പ് വർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ മൂന്നിലൊന്ന് മാത്രമേ നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകിയിട്ടുള്ളൂ. ടി തുക 08-04-2022-ലെ സ.ഉ.(സാധാ)നം.2839/2022/ധന. പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ഒന്നാം

ഗഡുവായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) നടപ്പുവർഷത്തെ ജനറൽ പ്ലാൻ ഫണ്ട് തുകയിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2021-22 വർഷം വികസന ഫണ്ടിനത്തിൽ 7280 കോടി രൂപ വകകൊള്ളിച്ചിരുന്നു. ഇതിൽ പൊതുവിഭാഗം ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റൊഴികെ) 3421.75 കോടി രൂപയായിരുന്നു. എന്നാൽ നടപ്പു സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ മൊത്തം വകയിരുത്തിയിരിക്കുന്ന തുക 8048 കോടി രൂപയാണ്. ഇതിൽ പൊതു വിഭാഗം ഇനത്തിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റൊഴികെ) 4087.17 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതായത് നടപ്പ് സാമ്പത്തിക വർഷം പൊതു വിഭാഗം ഫണ്ടിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റൊഴികെ) മുൻവർഷത്തെ അപേക്ഷിച്ച് 665.42 കോടി രൂപയുടെ വർദ്ധനവുണ്ട്.

**അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം തടയാൻ നടപടി**

345 (4051) ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അനധികൃതമായി പണിത കെട്ടിടങ്ങൾക്ക് നമ്പർ നൽകി ക്രമപ്പെടുത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കോഴിക്കോട് കോർപ്പറേഷനിൽ ഇപ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകിയവരെ തിരിച്ചറിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(സി) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വസ്തുനികുതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എൻട്രി ചെയ്ത് അംഗീകാരം നൽകി സൂക്ഷിക്കുന്ന ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ഓൺലൈൻ സോഫ്റ്റ്‌വെയറായ സഞ്ചയ സോഫ്റ്റ്‌വെയറിൽ

ജീവനക്കാർക്ക് അനുവദിച്ച ലോഗിൻ വിവരങ്ങൾ ദുരുപയോഗം ചെയ്ത് കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാതെ സോഫ്റ്റ്‌വെയറിൽ മാത്രമായി നമ്പർ അനുവദിക്കുകയും ആയതിൽ ചില കെട്ടിട നമ്പറുകളുടെ നികുതി അടവാക്കിയതുമായാണ് കോഴിക്കോട് കോർപ്പറേഷൻ കണ്ടെത്തിയിട്ടുള്ളത്. ആയതുമായി ബന്ധപ്പെട്ട ക്രമക്കേട് അന്വേഷിക്കുന്നതിന് പോലീസിൽ പരാതി നൽകിയതിന്റെയടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടവരിൽ കോഴിക്കോട് കോർപ്പറേഷനിലെ സെക്ഷൻ ക്ലാർക്കുമാരായ 2 ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതും ടി ഉദ്യോഗസ്ഥരെ ജോലിയിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. അതേസമയം കൂടുതൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ഉത്തരവ് നൽകിയിട്ടുള്ളതും ആയതുപ്രകാരം പരിശോധന ആരംഭിച്ചിട്ടുള്ളതുമാണ്. ഈ വിഷയത്തിൽ വിശദമായ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സോഫ്റ്റ്‌വെയറിൽ ലോഗിൻ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് രേഖാമൂലം നിർദ്ദേശങ്ങൾ നൽകിയും ജീവനക്കാർക്ക് ലോഗിൻ വിവരങ്ങൾ അനുവദിക്കുന്നതിൽ മോണിറ്ററിംഗ് ഏർപ്പെടുത്തിയും തുടർനടപടികൾ സ്വീകരിച്ചുവരുന്നതാണ്.

**ജലസ്രോതസ്സുകളുടെ സംരക്ഷണം**

346 (4052) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പുഴകളുടെയും നദികളുടെയും സ്വാഭാവികമായ ഒഴുക്ക് സുഗമമാക്കുന്നതിനും സർക്കാർ എന്തെങ്കിലും കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജലസ്രോതസ്സുകളുടെ മലിനീകരണം കാരണം വിവിധ ജലജന്യ രോഗങ്ങൾ, ഇ-കോളി, ഫീക്കൽ കോളിഫോം ബാക്ടീരിയകളാലുള്ള അണുബാധ എന്നിവ ശ്രദ്ധയിൽപ്പെടുന്നതിനാലും ടി ഘടകങ്ങളെ മുൻനിർത്തി ശാസ്ത്രീയ ദ്രവ്യ മാലിന്യ പരിപാലന സംവിധാനമൊരുക്കിയും വാതിൽപ്പടി പാഴ്വസ്തു ശേഖരണ നടപടികൾ സമ്പൂർണ്ണമാക്കിയും സംസ്ഥാനത്തെ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കുന്നതിനായി ശക്തമായ ഒരു ക്യാമ്പയിൻ "തെളിനീരൊഴുകും നവകേരളം" എന്ന പേരിൽ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് 14-03-2022-ലെ സ.ഉ.(കൈ)നം.59/2022/ത.സ്വ.ഭ.വ. പ്രകാരം മാർഗ്ഗരേഖ

അംഗീകരിച്ച് ഉത്തരവായിട്ടുള്ളതും ശുചിത്വമിഷൻ, ഹരിതകേരള മിഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

സമ്പൂർണ്ണ ജലശുചിത്വ യജ്ഞം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രത്യേക ഭരണസമിതി യോഗം ചേർന്ന് ക്യാമ്പയിൻ വിഷയാവതരണം നടത്തൽ, ഗ്രാമപഞ്ചായത്തുതല / വാർഡുതല ജലസമിതികൾ ജനപങ്കാളിത്തം ഉറപ്പാക്കി രൂപീകരിച്ച് പ്രവർത്തിപ്പിക്കൽ, ജലനടത്തം, ജലസഭ, ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങളും മലിനീകാരികളായ ഉറവിടങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യൽ, ജല നടത്തത്തിന്റെ അടിസ്ഥാനത്തിൽ ജലഗുണനിലവാര പരിശോധന നടത്തി വിവരങ്ങൾ GIS സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തൽ, ഇത്തരത്തിൽ കണ്ടെത്തുന്ന മാലിന്യം ജലസ്രോതസ്സുകളിൽനിന്ന് നീക്കംചെയ്ത് ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കുക എന്നിവ ടി ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. തെളിനീരൊഴുകും നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ

പുരോഗമിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എത്ര ജലസ്രോതസ്സുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഹരിതകേരള മിഷന്റെ ഭാഗമായി സംസ്ഥാനത്ത് 412 കി.മീ. നദികളും 45736 കി.മീ. തോടുകളും 26259 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 20990 കുളങ്ങൾ പുതുതായി നിർമ്മിക്കുകയും 64950 കിണറുകളിൽ മഴവെള്ള റീച്ചാർജ്ജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 26568 കിണറുകൾ നിർമ്മിക്കുകയും 13968 കിണറുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ മലിനീകരിക്കപ്പെട്ട എത്ര ജലസ്രോതസ്സുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി, ആനാട്, അണ്ടൂർക്കോണം, അരുവിക്കര, ആര്യങ്കോട്, അതിയന്നൂർ, ചെറുന്നിയൂർ, ചിറയിൻകീഴ്, ഇടവ, ഇലകമൺ, കടയ്ക്കാവൂർ, കാരോട്, കാട്ടാക്കട, കിഴുവിലം, കോട്ടുകാൽ, കുന്നത്തുകാൽ, മാണിക്കൽ, നഗരൂർ, നന്ദിയോട്, പള്ളിച്ചൽ, പനവൂർ, പാറശ്ശാല, പെരുങ്കടവിള, പൂവച്ചൽ, പോത്തൻകോട്, പൂവാർ, പുളിമാത്ത്, പുല്ലമ്പാറ, തൊളിക്കോട്, ഉഴമലയ്ക്കൽ, വെമ്പായം, വെങ്ങാനൂർ, വിളപ്പിൽ,

വിതുര ഗ്രാമപഞ്ചായത്തുകളിലായി 194 ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പ്രധാനമായും കുളങ്ങളും തോടുകളുമാണ് മലിനീകരിക്കപ്പെട്ടിട്ടുള്ളത്. മാമം നദിയുടെ ചില ഭാഗങ്ങൾ, കരിച്ചൽ കായൽ, ചകിരിയാർ, മുട്ടയാർ എന്നീ ജലസ്രോതസ്സുകളും ഇതിൽ ഉൾപ്പെടുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽ നഗരസഭാ പരിധിയിൽ മലിനീകരിക്കപ്പെട്ട 148 ജലസ്രോതസ്സുകളുണ്ട്. ആയതിൽ നഗരസഭ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 4 |
| നെയ്യാറ്റിൻകര | 42 |
| വർക്കല | 41 |
| ആറ്റിങ്ങൽ | 26 |
| നെടുമങ്ങാട് | 35 |
| **ആകെ** | **148** |

**മണ്ണെടുത്ത് മാറ്റുന്നതിനുള്ള അനുമതി**

347 (4053) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണെടുത്ത് മാറ്റുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

&

(ബി) ഇതിനായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നും അനുമതി വാങ്ങേണ്ടതുണ്ടോയെന്ന് അറിയിക്കാമോ?

കെട്ടിടം നിർമ്മിക്കാൻ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചാൽ ആ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണ ജോലികൾക്ക് മണ്ണ് മാറ്റി നിരപ്പാക്കി നിർമ്മാണത്തിന് അനുയോജ്യമാക്കേണ്ടതുണ്ടെങ്കിൽ, ആയതിന് അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് മതിയാകുന്നതാണ്. എന്നാൽ നിർമ്മാണത്തിന്റെ ഭാഗമായി പുരയിടത്തിൽനിന്നും മണ്ണ് മാറ്റുന്നതിന് മിനറൽ ട്രാൻസിറ്റ് പാസ് ആവശ്യമായ സംഗതികളിൽ, ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ നൽകുന്നവർ സമർപ്പിക്കുന്ന ബിൽഡിംഗ് പ്ലാനിൽ കെട്ടിട നിർമ്മാണത്തിന് നിരപ്പാക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതിയും ആയതിന് എടുക്കേണ്ട മണ്ണിന്റെ അളവും ആയതിന്റെ പ്ലാനുംകൂടി

ഉൾപ്പെടുത്തിയ പ്ലാനും അപേക്ഷകനും ലൈസൻസിയും സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. നിർമ്മാണത്തിന്റെ ഭാഗമായി മണ്ണെടുത്തുമാറ്റുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമം 18-09-2021-ലെ സ.ഉ.(സാധാ) നം.1795/2021/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 20000 ചതുരശ്ര മീറ്ററിന് താഴെയാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച ബിൽഡിംഗ് പെർമിറ്റ്, പ്ലാൻ, ഡെവലപ്മെന്റ് പ്ലാൻ എന്നിവയുണ്ടെങ്കിൽ ടി സ്ഥലത്ത് കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ഭൂമി നിരപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യാവുന്നതാണ്. ഇപ്രകാരം ലഭിച്ച മണ്ണ് പുറത്തേയ്ക്ക് ഗതാഗതം ചെയ്യേണ്ടതുണ്ടെങ്കിൽ മേൽ സൂചിപ്പിച്ച രേഖകളോടൊപ്പം വില്ലേജിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റും ലൊക്കേഷൻ സ്കെച്ചും ഒപ്പം 200 രൂപയുടെ നോട്ടറൈസ്ഡ് അഫിഡവിറ്റും ഉൾപ്പെടെ അപേക്ഷകൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അതത് ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയിൽ മറ്റ് അപാകതകൾ ഇല്ലാത്തപക്ഷം സ്ഥലപരിശോധന നടത്തി സർക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചയിച്ചിട്ടുള്ള റോയൽറ്റി തുക ഈടാക്കിയശേഷം മണ്ണ് ഗതാഗതം ചെയ്യുന്നതിനുള്ള അനുമതി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015-ലെ ചട്ടം 14(2) പ്രകാരം നൽകിവരുന്നു.

## ക്ലീൻ മാവേലിക്കര പദ്ധതി

348 (4054) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ക്ലീൻ മാവേലിക്കര പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന ശുചിത്വമിഷൻ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

'ക്ലീൻ മാവേലിക്കര' പദ്ധതിയുടെ ഭാഗമായി വ്യാപകമായ ശുചിത്വ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി സംസ്ഥാന ശുചിത്വ മിഷന്റെ പ്രത്യേക സംഘം മാവേലിക്കര നഗരസഭയിലെ മലിനീകരണ മേഖലകൾ സന്ദർശിക്കുകയും പ്രത്യേക കൗൺസിലിൽ പങ്കെടുത്ത് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ സംസ്ഥാന,

കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി കോട്ടത്തോട് ഉൾപ്പെടെയുള്ള ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ "തെളിനീരൊഴുകും നവകേരളം" പദ്ധതിയുടെ തുടർച്ച എന്ന നിലയിൽ നടപ്പിലാക്കുന്നതാണ്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് പദ്ധതികൾ പ്രായോഗികമാക്കാൻ ആവശ്യമായ സാങ്കേതിക സഹായങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ നൽകും. ഇതോടൊപ്പം മാവേലിക്കര ജില്ലാ ആശുപത്രിയിൽ ദ്രവ മാലിന്യ സംസ്കരണത്തിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സാധ്യതയും പരിശോധിക്കും. ഇതിന്റെ സാങ്കേതിക സാധ്യത പരിശോധിക്കുന്നതിനായി വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കുറ്റിപ്പുറം പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ

349 (4055) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിൽപ്പെട്ട മുഴുവൻ കുടിവെള്ള പദ്ധതികളും 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനായി, 2022 മേയ് മാസം വരെ

പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന തുകയ്ക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കുറ്റിപ്പുറം പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എഫ്.എം) സെക്ഷനിൽ നിലവിലുള്ള 36/എഫ്.എം3/2022 നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(ബി) പ്രസ്തുത പ്രവർത്തന ചെലവുകൾക്ക് സാധൂകരണം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത വിഷയം വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്.

## ഇക്കോ ഷോപ്പുകളുടെ വാടക സബ്സിഡി

350 (4056) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക കാർഷിക വിപണികളിലെ ഇക്കോ ഷോപ്പുകൾക്ക് 50 ശതമാനം തുക മാത്രമേ വാടകക്കിഴിവായി പഞ്ചായത്തുകൾക്ക് അനുവദിക്കാൻ കഴിയുകയുള്ളൂവെന്ന് നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കർഷകരുടെ വിപണിയും വരുമാനവും ഇല്ലാതാക്കാൻ ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ [28-05-2022-ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ] ഖണ്ഡിക 9 - ക്രമ നം.21 പ്രകാരം പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായമെന്ന നിലയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (കെട്ടിട നിർമ്മാണം ഒഴികെ), കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്കുള്ള ആകെ തുകയുടെ 50% വാർഷിക ധനസഹായമായി (ഫെബ്രുവരി മാസത്തിൽ) നൽകാം. ഇത് കർഷകരുടെ വിപണിയും വരുമാനവും ഇല്ലാതാക്കാൻ ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുൻ വർഷങ്ങളിലെപ്പോലെ വാടകയിൽ 100 ശതമാനം കിഴിവോ അല്ലെങ്കിൽ ഒരു ലക്ഷം രൂപ പരിധിയോ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**വൃക്ക രോഗികൾക്കുള്ള ധനസഹായം**

351 (4057) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡയാലിസിസിന് വിധേയമാകുന്ന വൃക്ക രോഗികൾക്ക് പ്രതിമാസം 4000 രൂപ ധനസഹായം നൽകുന്നതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും 14-ാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ അവലംബിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28-05-2022-ലെ സ.ഉ. (കൈ) നം. 115/2022/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ

ഖണ്ഡിക 7.6.7-ൽ വൃക്കരോഗികൾക്ക് ഡയാലിസിസിന് പ്രതിമാസം 4000 രൂപ ധനസഹായം നൽകുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

## വളർത്തുമൃഗങ്ങൾക്ക് ലൈസൻസ്

352 (4058) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരം സെക്രട്ടറിയിൽനിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടിയെ കുത്തിവയ്പ്പിക്കാതെയും ഏതെങ്കിലും പട്ടിയെ വളർത്തുവാൻ പാടുള്ളതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള WP(C) 13204/2021 നമ്പർ കേസിലെ 14-07-2021-ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 08-08-2021-ലെ ആർസി3/241/2021/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർപ്രകാരം വളർത്തുനായ്ക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർബന്ധിത രജിസ്ട്രേഷൻ ചെയ്യണമെന്നും ലൈസൻസ് എടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് (സർക്കുലർ അനുബന്ധമായി+ ചേർക്കുന്നു). 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് സമാനമായി കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) തെരുവ് നായ്ക്കളുടെ ആക്രമണംമൂലം പിഞ്ചു കുട്ടികൾക്കുവരെ കടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏൽക്കുന്ന സാഹചര്യത്തിൽ ഇവയെ നിയന്ത്രിക്കാനായി ഇത്തരം നായ്ക്കളുടെ വന്ധ്യംകരണവും പുനരധിവാസവും സംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ട്. ഒരു പ്രദേശത്തുള്ള തെരുവുനായകളെ പിടികൂടി വന്ധ്യംകരണത്തിന് വിധേയമാക്കി അവയുടെ അധിവാസ പ്രദേശത്ത് തിരികെ വിടുക വഴി തെരുവുനായകളുടെ അനിയന്ത്രിത പ്രജനനം തടയുക എന്നതാണ് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം വഴി ലക്ഷ്യമിടുന്നത്.

ഗ്രാമപഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽനിന്നോ തനത് ഫണ്ടിൽനിന്നോ നിശ്ചിത തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയും ആയത് ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സംയുക്ത പദ്ധതിയായോ തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ടോ നിർവ്വഹണം നടത്തുന്ന രീതിയിലും അതുകൂടാതെ വകയിരുത്തിയ തുക നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് കൈമാറി മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ എ.ബി.സി. പദ്ധതി നടപ്പിലാക്കി വരുന്ന രീതിയും ചെയ്തിരുന്നു.

എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ

വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ദ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുത്തുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവയ്ക്കാൻ നിർദ്ദേശിച്ച് WP(C) 13204/2021 കേസിൽ 19-07-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി കുടുംബശ്രീക്ക് തുക കൈമാറുന്നത് തത്ക്കാലം നിർത്തിവച്ചിട്ടുണ്ട്. നിലവിൽ ഹൈക്കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കുടുംബശ്രീക്ക് പദ്ധതിയിൽ ഭാഗമാകാൻ സാധിക്കും.

ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ WP(C) 599/15 നമ്പർ കേസിന്മേലുള്ള ഉത്തരവുപ്രകാരം നിയമിച്ച റിട്ട. ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരുവുനായകളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

## പാലക്കാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

353 (4059) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ, ഗ്രാമ വികസന വകുപ്പുകൾക്കുകീഴിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്നും ഇവ എവിടെയെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ?

തദ്ദേശ സ്വയംഭരണ പ്ലാനിംഗ് - പാലക്കാട് ജില്ലാ കാര്യാലയം - 1

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനീയറിംഗ് വിംഗ് - ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് -1

(ബി) പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ?

പ്ലാനിംഗ് വകുപ്പിൽ നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിയമനം നേടിയ ആൾ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളതായി ചീഫ്

ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ് വിഭാഗത്തിലെ നിലവിലുള്ള ഒരു ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ തടഞ്ഞുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ?

ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

**വയനാട് ജില്ലയിൽ പി.എസ്.സി. നിയമനം**

354 (4060) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ, കഴിഞ്ഞ 6 വർഷത്തിനിടയിൽ പി.എസ്.സി. മുഖേന തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം ലഭ്യമാക്കാമോ?

ഗ്രാമവികസന വകുപ്പ് - 37

പഞ്ചായത്ത് വകുപ്പ് - 130

നഗരകാര്യ വകുപ്പ് - 32

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് &

എഞ്ചിനീയറിംഗ് വിംഗ് - 70

തദ്ദേശ സ്വയംഭരണ വകുപ്പ്, പ്ലാനിംഗ് - 6

(ബി) പ്രസ്തുത ജില്ലയിൽ, 2011-16 കാലത്ത് പി.എസ്.സി. മുഖേന തദ്ദേശസ്വയംഭരണ വകുപ്പിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ?

ഗ്രാമവികസന വകുപ്പ് - 55

പഞ്ചായത്ത് വകുപ്പ് - 88

നഗരകാര്യ വകുപ്പ് - 12

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് &

എഞ്ചിനീയറിംഗ് വിംഗ് - 27

തദ്ദേശ സ്വയംഭരണ വകുപ്പ്, പ്ലാനിംഗ് -4

**പഞ്ചായത്ത് വകുപ്പിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക**

355 (4061) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ എത്ര അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ 865 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളുണ്ട്.

(ബി) അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ നിലവിലില്ലാത്ത ഗ്രാമ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അമ്പൂരി, കള്ളിക്കാട്, കാഞ്ഞിരംകുളം, കിളിമാനൂർ, കുറ്റിച്ചൽ, മടവൂർ, ഒറ്റശേഖരമംഗലം, പനവൂർ, പൂവ്വാർ, തിരുപുറം, മൺറോതുരുത്ത്, പട്ടാഴി വടക്കേക്കര, പെരയം, ആനിക്കാട്, നെടുംബ്രം, റാന്നി അങ്ങാടി, തുമ്പമൺ,

കൊഴുവനാൽ, മീനാടം, മേലുകാവ്, മൂന്നിലവ്, പൂഞ്ഞാർ, റ്റി.വി. പുരം, തീക്കോയി, തലനാട്, തലപ്പാലം, തലയാഴം, വെളിയന്നൂർ, മുതുകുളം, പെരുമ്പളം, വീയപുരം, വെളിയനാട്, കടക്കരപ്പള്ളി, തകഴി, മുട്ടാർ, പാണ്ടനാട്, ആലക്കോട്, അയ്യപ്പൻ കോവിൽ, ബൈസൺവാലി, ഇടവെട്ടി, ഇരട്ടയാർ, കരിംകുന്നം, കോടിക്കുളം, കൊക്കയാർ, മണക്കാട്, കുമാരമംഗലം, മാങ്കുളം, മരിയാപുരം, മുട്ടം, പുറപ്പുഴ, വെള്ളിയാമറ്റം, കാന്തല്ലൂർ, കടയത്തൂർ, എടയ്ക്കാട്ടുവയൽ, കഴപ്പിള്ളി, അയ്യമ്പുഴ, വാരപ്പെട്ടി, വല്ലച്ചിറ, പൂമംഗലം, ഒരുമനയൂർ, ലവഞ്ചേരി, ഏരുത്തേമ്പതി, മലമ്പുഴ, പട്ടഞ്ചേരി, പൊൽപ്പുള്ളി, പുതുക്കോട്, വെള്ളിനേഴി, പെരുമണ്ണക്ലാരി, തുവ്വൂർ, തെന്നല, ക്ലത്താളി, വെങ്ങപ്പള്ളി, തരിയോട്, ബെള്ളൂർ, കുമ്പഡാജെ, വലിയപറമ്പ (76 എണ്ണം).

(സി) അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത പഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

അസിസ്റ്റന്റ് സെക്രട്ടറി തസ്തികയില്ലാത്ത പഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) മറ്റ് വകുപ്പുകളിൽ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് അനുപാതം നിശ്ചയിച്ചിട്ടുള്ളപ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി അനുപാതം നിശ്ചയിച്ച് തസ്തികകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഗ്രാമപഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്/ അസിസ്റ്റന്റ് സെക്രട്ടറി അനുപാതം നിശ്ചയിച്ച് തസ്തികകൾ അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**പൊതു സർവ്വീസിലെ തസ്തികകൾ**

356 (4062) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി നിലവിൽ വന്ന തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് പൊതുസർവ്വീസിന്റെ ഭാഗമായി ഒരു അഡീഷണൽ ഡയറക്ടർ, 7 ജോയിന്റ് ഡയറക്ടർ തസ്തികകൾ (ആകെ 8 തസ്തികകൾ) 25-06-2022-ലെ സ.ഉ.(കൈ)നം.134/2022/എൽഎസ്ജിഡി

ഉത്തരവ് പ്രകാരം സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വീസിന്റെ ഭാഗമായി ഏതൊക്കെ തസ്തികകളാണ് അപ്ഗ്രേഡ് ചെയ്യുന്നത്; വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) ഇതിലൂടെ ഏതൊക്കെ തസ്തികകളിലെ പ്രൊമോഷൻ സാധ്യതയാണ് വർദ്ധിക്കുന്നതെന്ന് അറിയിക്കാമോ?

ഏകീകൃത വകുപ്പിലെ തസ്തിക സൃഷ്ടിക്കലും അപ്ഗ്രഡേഷനും ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. അതിനുശേഷം മാത്രമേ പ്രൊമോഷൻ സാധ്യതകൾ നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

**പഞ്ചായത്ത് ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം**

357 (4063) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനും നിയമനങ്ങൾക്കുമുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25-02-2017-ലെ സ.ഉ.(പി) നം. 3/2017/ഉഭപവ ഉത്തരവ് പ്രകാരമുള്ള സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 16-06-2022-ലെ സ.ഉ.(കൈ) നം. 125/2022/തസ്വഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ നിബന്ധനയായ സ്ഥലംമാറ്റുന്നതിന്റെ സേവന കാലാവധി 5 വർഷത്തിൽനിന്നും 3 വർഷമായി ഭേദഗതി ചെയ്തുകൊണ്ട് 22-06-2022-ൽ സ.ഉ.(സാധാ) നം. 130/2022/തസ്വഭവ നമ്പരായി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) സ്ഥലം മാറ്റത്തിനായുള്ള പൊതുതാൽപ്പര്യം എന്ന വ്യവസ്ഥയിൽ ഏതൊക്കെ കാര്യങ്ങൾ ഉൾപ്പെടുമെന്നും ഈ കാര്യങ്ങൾ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുമോയെന്നും അറിയിക്കാമോ?

25-02-2017-ലെ സ.ഉ.(പി) നം 3/2017/ഉഭപവ ഖണ്ഡിക 3 പ്രകാരം പൊതുതാൽപ്പര്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഓഫീസിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും സ്ഥലംമാറ്റം അനിവാര്യമാകുന്നു എന്നതാണ്.

(സി) പൊതുതാൽപ്പര്യം എന്നതിൽപ്പെടുന്ന കാര്യങ്ങൾ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ, ആയത് തെറ്റായി വ്യാഖ്യാനിച്ച് സ്ഥലംമാറ്റം നടത്താൻ ഇടയാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രൊമോഷൻ നടത്തുമ്പോൾ നിലവിലുള്ള ഒഴിവുകളിൽ എങ്ങനെ നിയമനം നൽകണമെന്ന് മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ സർവ്വീസ് സീനിയോരിറ്റി കണക്കിലെടുക്കണമെന്ന വ്യവസ്ഥ വയ്ക്കുമോ?

25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉഭപവ സർക്കാർ ഉത്തരവിന്റെ 10 (viii) ഖണ്ഡികയിൽ പ്രൊമോഷൻ വഴി നികത്തേണ്ടതായ ഒഴിവുകൾ നികത്തേണ്ടത് ആദ്യം നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥലംമാറ്റം നടത്തിക്കൊണ്ടാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) കഴിഞ്ഞ അഞ്ച് വർഷത്തിലധികമായി തുടർച്ചയായി സേവനമനുഷ്ഠിച്ചുവരുന്ന പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള എല്ലാ

ഓഫീസുകളിലേയും ജീവനക്കാരുടെ പേര് വിവരം നൽകുമോ; ഇവരിൽ ആർക്കെതിരെയെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച വകുപ്പുതല നടപടിയുടെ വിശദവിവരങ്ങൾ നൽകാമോ?

ജില്ല അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(എഫ്) പൊതുതാൽപ്പര്യമനുസരിച്ചോ മറ്റുകാരണങ്ങളാലോ മാനദണ്ഡ പ്രകാരമല്ലാതെ ഒരു ഓഫീസിൽ അഞ്ച് വർഷം കഴിഞ്ഞവരെ സ്ഥലം മാറ്റേണ്ടതുണ്ടോ; വിശദമാക്കാമോ?

16-06-2022-ലെ സ.ഉ.(കൈ) നം. 125/2022/തസ്വഭവ നമ്പർ ഉത്തരവ്, 22-06-2022-ലെ സ.ഉ.(സാധാ) നം. 130/2022/തസ്വഭവ നമ്പർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ ഒരു ഓഫീസിൽ 3 വർഷം പൂർത്തീകരിച്ചവരെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം

358 (4064) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. സേവനങ്ങൾ സുതാര്യമായും സമയബന്ധിതമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നൽകുന്നത്. ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നു. ജനോപകാരപ്രദമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും അതിന്റെ ആനുകൂല്യം എത്രയുംവേഗം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾ മാത്രം പദ്ധതി രൂപീകരണ ഘട്ടത്തിൽത്തന്നെ ഏറ്റെടുക്കുക, പദ്ധതികളുടെ നിർവ്വഹണം ആരംഭിക്കുന്നത് മുതൽതന്നെ പദ്ധതികളുടെ മോണിട്ടറിംഗ് കൃത്യമായ ഇടവേളകളിൽ നടത്തുക, സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും അവലോകന യോഗങ്ങൾ നടത്തുക എന്നിവയിലൂടെ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി

നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ബ്ലോക്ക് പഞ്ചായത്തുകൾവഴി നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ഗുണഭോക്താവിന് ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

PMAY, സംയുക്ത പ്രോജക്ടുകൾ എന്നിവ മുഖേനയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ ഓൺലൈൻ സംവിധാനം മുഖേന കാലതാമസം കൂടാതെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നുണ്ട്.

**വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തിക**

359 (4065) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വികസന പരിശീലന കേന്ദ്രങ്ങളിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരെ ലക്ചറർമാരായി നിയമിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കൊട്ടാരക്കര കില സെന്റർ ഫോർ സോഷ്യോ ഇക്കണോമിക്

ഡെവലപ്മെന്റ് സെന്റർ (വികസന പരിശീലന കേന്ദ്രം)-ൽ ഒരു ലക്ചറർ ഇൻ റൂറൽ ഡെവലപ്മെന്റ് തസ്തികയിൽ Inter changeable ആയി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറെ നിയമിച്ചുവരുന്നുണ്ട്.

(ബി) വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാർക്ക് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലേയ്ക്ക് മാറ്റം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാർക്ക് ബ്ലോക്ക് ഡെവലപ്മെന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ചിട്ടില്ല.

(സി) സർക്കാർ ജീവനക്കാരായ, വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് പ്രസ്തുത ജീവനക്കാരോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

17-07-2020-ലെ സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ. പ്രകാരം നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കാനും കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക്

വിട്ടുകൊടുക്കാനും സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ഡി) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയും വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തികയും മ്യൂച്വൽ ട്രാൻസ്ഫർ സാധ്യമാകുന്ന തസ്തികകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

360 (4066) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗ്രാമവികസന വകുപ്പ് പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര തുക ഇതിനായി ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പെരിന്തൽമണ്ണ മണ്ഡലത്തിൽ പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,

പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ), ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പദ്ധതികൾ എന്നിവയാണ് ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തോട് സംരക്ഷണം, വനവൽക്കരണം, നടപ്പാതകളുടെ നിർമ്മാണം, മൃഗസംരക്ഷണ പ്രവൃത്തികൾ, ക്ഷീര വികസന പ്രവൃത്തികൾ, പ്രകൃതി പരിപാലനം, പുഴ സംരക്ഷണം, അങ്കണവാടികൾ, മറ്റ് ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ സംബന്ധിച്ച പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. മറ്റ് പദ്ധതികൾക്ക് കീഴിൽ റോഡ് നിർമ്മാണം, റോഡുകളുടെ പുനരുദ്ധാരണം. വി.സി.ബി.കം ബ്രിഡ്ജ്, അങ്കണവാടികൾ, ആശുപത്രി കെട്ടിടങ്ങൾ, സ്കൂൾ ശുചിമുറികൾ, വീടുകൾ, ജലസേചന കനാലുകൾ എന്നിവയുടെ നിർമ്മാണം, മിനി മാസ്റ്റ് ലൈറ്റ്, സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ, കാർഷികാഭിവൃദ്ധിക്കുള്ള പ്രോജക്ടുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസനം, മൃഗസംരക്ഷണ ക്ഷീര വികസന പ്രോജക്ടുകൾ, സാക്ഷരതാ തുടർപ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

361 (4067) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

പ്രവൃത്തികളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനതലത്തിൽ SLEC (State Level Empowered Committee) മുഖാന്തരവും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിതലത്തിലും ഗ്രാമവികസന കമ്മീഷണർതലത്തിലും അവലോകനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ ജനറൽ ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ വഴിയായും PMGSY പ്രവൃത്തികൾ അവലോകനത്തിന് വിധേയമാകുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ, എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തി മണ്ഡലാടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ അവലോകനം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ PMGSY പ്രവൃത്തികൾക്കായി ജില്ലാടിസ്ഥാനത്തിൽ Programme Management Committee പ്രവർത്തിക്കുന്നുണ്ട്. ഇത്തരം മീറ്റിംഗുകളിൽ എം.എൽ.എ.-മാരെ ഉൾപ്പെടുത്താവുന്നതാണ്. മണ്ഡലാടിസ്ഥാനത്തിലും ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ, ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി നടത്താവുന്നതാണ്. ജില്ലാ വികസന സമിതികളിലും PMGSY-യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അവലോകനം ചെയ്യപ്പെടാവുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള റോഡുകൾ**

362 (4068) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്ന വിവരം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

മഞ്ചേശ്വരം - 9

കാസർഗോഡ് - 19

ഉദുമ - 27

കാഞ്ഞങ്ങാട് - 34

തൃക്കരിപ്പൂർ - 11

(ബി) പ്രസ്തുത റോഡുകളുടെ പേര്, നീളം, വീതി എന്നിവ അവയുടെ പ്രവൃത്തി പൂർത്തീകരിച്ച വർഷം സഹിതം ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത റോഡുകളുടെ പരിപാലന കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തി പൂർത്തിയായതിനുശേഷം 5 വർഷമാണ് പരിപാലന കാലാവധി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത റോഡിൽ എത്ര ടൺ വരെ ഭാരമുള്ള വാഹനങ്ങൾക്കാണ് ഗതാഗതത്തിന് അനുമതിയുള്ളതെന്നും ഇതുസംബന്ധിച്ച ഉത്തരവ് എപ്പോഴാണ് പുറത്തിറക്കിയതെന്നും വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

16.2 ടൺ (gross vehicle weight) വരെ ഭാരമുള്ള വാഹനങ്ങൾക്കാണ് ഗതാഗതത്തിന് അനുമതിയുള്ളത്. ഇതുസംബന്ധിച്ച ഉത്തരവ് 18-10-1996-ലാണ് ഇറങ്ങിയിരിക്കുന്നത്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഇ) പി.എം.ജി.എസ്.വൈ. പദ്ധതി മുഖാന്തരം നിർമ്മിക്കപ്പെട്ട റോഡുകൾ തകർന്നാൽ അതിന് കാരണം നിർമ്മാണത്തിലെ അപാകതയാണോ അതോ അധികഭാരം വഹിച്ചുള്ള ഗതാഗതമാണോയെന്ന് കണ്ടെത്താൻ കഴിയുമോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

പി.എം.ജി.എസ്.വൈ. പദ്ധതി മുഖാന്തരം നിർമ്മിക്കപ്പെടുന്ന റോഡുകളിൽ ത്രിതല ഗുണമേന്മാ പരിശോധന (പി.ഐ.യു., എസ്.ക്യൂ.എം., എൻ.ക്യൂ.എം.) നടത്തി ഉറപ്പുവരുത്തിയതിനുശേഷമാണ് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നത്. ആയതിനാൽ നിർമ്മാണത്തിലെ അപാകതകൾ പ്രസ്തുത ഘട്ടങ്ങളിൽ കണ്ടെത്താവുന്നതാണ്. അമിതഭാരം വഹിച്ചുകൊണ്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഹനങ്ങളുടെ ക്രമാതീതമായ ഗതാഗതം റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്.

**തിരുവനന്തപുരം നഗരസഭയെ ആധുനികീകരിക്കാൻ നടപടി**

363 (4069) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് രണ്ടാംഘട്ടംപ്രകാരം തിരുവനന്തപുരം നഗരസഭയിലെ ഏതെല്ലാം വാർഡുകളിലാണ് സ്വീവറേജ് സംവിധാനം സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അമൃത് രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരം നഗരസഭയിലെ മെഡിക്കൽകോളേജ്, ആക്കുളം, ചെറുവയ്ക്കൽ, ശ്രീകാര്യം, കുളത്തൂർ, അണമുഖം, ഉള്ളൂർ, നാലാഞ്ചിറ, കഴക്കൂട്ടം, ജഗതി, പി.ടി.പി. നഗർ, കാഞ്ഞിരംപാറ, പേരൂർക്കട, കവടിയാർ, വട്ടിയൂർക്കാവ്, മുട്ടട, പട്ടം, ശാസ്തമംഗലം എന്നീ വാർഡുകളിലാണ് സ്വീവറേജ് സംവിധാനം സ്ഥാപിക്കുന്നത്.

(ബി) തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാന റോഡുകളുടെ

പരിപാലനത്തിനുള്ള അർബൻ അഗ്ലോമറേഷൻ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത റോഡുകൾക്കിരുവശവും കുടിവെള്ള വിതരണ ലൈനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർബൻ അഗ്ലോമറേഷൻ ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ ഇരുവശവും കുടിവെള്ളവിതരണ ലൈൻ സ്ഥാപിക്കുന്നതിനുള്ള വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) പ്രസ്തുത നഗരസഭയുടെ സോണൽ ഓഫീസുകൾ ആധുനിക രീതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നഗരസഭയുടെ സോണൽ ഓഫീസുകൾ ആധുനിക രീതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കെട്ടിടം പണിയുന്നുണ്ട്. കൂടാതെ ഓഫീസിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാന റോഡുകൾ മാതൃകാ റോഡുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാന റോഡുകൾ മാതൃകാറോഡുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം നഗരസഭയിലെ 47 കിലോമീറ്റർ പ്രധാന റോഡുകൾ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് റോഡുകൾ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെ പരാതികൾ തീർപ്പാക്കൽ**

364 (4070) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (റെറ) മുമ്പാകെ സമർപ്പിക്കപ്പെടുന്ന പരാതികളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നുണ്ടോ; നാളിതുവരെ ലഭിച്ച പരാതികളിൽ എത്ര എണ്ണം തീരുമാനം കൈക്കൊള്ളാൻ ബാക്കിയുണ്ട്; ഏത് തീയതി മുതലുള്ള പരാതികളാണ് കുടിശ്ശികയുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത അതോറിറ്റിക്ക് മുമ്പാകെ സമർപ്പിക്കപ്പെടുന്ന പരാതികൾ എത്ര സമയപരിധിക്കുള്ളിൽ തീർപ്പാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

പ്രസ്തുത സമയപരിധിക്കുള്ളിൽ പരാതികൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

2016-ലെ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) ആക്ടിലെ വകുപ്പ് 31-ന് കീഴിൽ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്ന പരാതികളിൽ റിയൽ എസ്റ്റേറ്റ് അതോറിറ്റിയുടെ പരിഗണനയിൽ വരുന്നവ തീർപ്പാക്കേണ്ട സമയപരിധി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ നഷ്ടപരിഹാരത്തിനുമാത്രമായി അതോറിറ്റിയുടെ അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസറുടെ മുമ്പാകെ സമർപ്പിക്കുന്ന പരാതികൾ കഴിയുന്നത്ര 60 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണെന്ന് ആക്ടിലെ വകുപ്പ് 71(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ സമർപ്പിക്കുന്ന പരാതികൾ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടും കക്ഷികൾ ഹാജരാക്കുന്ന തെളിവുകളും രേഖകളും പരിശോധിച്ചുമാണ് തീർപ്പ് കൽപ്പിക്കുന്നത്. അതോറിറ്റിയിൽ 30-06-2022 വരെ ലഭിച്ച 1280 പരാതികളിൽ 476 പരാതികൾ തീരുമാനം കൈക്കൊള്ളാൻ ബാക്കിയുണ്ട്. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി മുമ്പാകെ Form M-ൽ 28-01-2020-ൽ ലഭിച്ച ഒരു പരാതിയിൽ (Complaint No. 94/2020) അപ്പീൽ നടപടികൾ ഉണ്ടായിരുന്നതിനാൽ തീർപ്പാക്കാനുണ്ട്. ഈ

പരാതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസർ മുമ്പാകെ From N-ൽ 09-01-2020-ന് ലഭിച്ച പരാതികളിൽ (CCP Nos. 6 to 12/2020) ഇരുകക്ഷികളും തമ്മിലുള്ള Compromise-ന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കാനുള്ള നടപടികൾ നടന്നുവരുന്നു. മേൽ പരാമർശിച്ച തീയതികൾക്കുശേഷം ലഭിച്ച പരാതികൾ കക്ഷികളെ കേൾക്കുന്നതിന്റെയും തെളിവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ തീർപ്പാക്കിവരുന്നു. 2020 മുതലുള്ള കാലയളവിൽ ലഭ്യമായ പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളവയിൽത്തന്നെ എക്സിക്യൂഷൻ നടപടികൾ തുടരുന്നവയും നിലവിലുണ്ട്. അതോറിറ്റിയുടെ ഉത്തരവുകളിന്മേൽ അപ്പലേറ്റ് ട്രിബ്യൂണലിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിലും വ്യവഹാരങ്ങൾ വരുന്ന സാഹചര്യങ്ങളിൽ ട്രിബ്യൂണലിന്റെയോ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയോ അന്തിമ തീരുമാനം വന്നതിനുശേഷം മാത്രമേ തീർപ്പാക്കാൻ സാധിക്കുകയുള്ളൂ.

## ഗോശ്രീ പാലങ്ങളുടെ പരിപാലനം

365 (4071) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ കീഴിലുള്ള എറണാകുളം-ബോൾഗാട്ടി, ബോൾഗാട്ടി-വല്ലാർപാടം, വല്ലാർപാടം-വൈപ്പിൻ തുടങ്ങിയ പാലങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്. ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ കീഴിലുള്ള എറണാകുളം-ബോൾഗാട്ടി പാലത്തിന്റെ ഉപരിതലം റീ സർഫേസിംഗ് നടത്തുകയും അപ്രോച്ച് റോഡ് പേവിംഗ് ടൈൽ വിരിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതും ബോൾഗാട്ടി-വല്ലാർപ്പാടം, വല്ലാർപ്പാടം-വൈപ്പിൻ പാലങ്ങളിലെ കുഴികൾ താൽക്കാലികമായി അടച്ചിട്ടുള്ളതും ശാശ്വത പരിഹാരത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം, കാക്കനാടിന് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി രേഖാമൂലം കത്ത് നൽകിയിട്ടുള്ളതുമാണ്.

(ബി) ഈ വിഷയം സംബന്ധിച്ച് 31-03-2022-ലെ ഗോശ്രീ ദ്വീപ്

വികസന അതോറിറ്റിയുടെ 32-ാമത് ജനറൽ കൗൺസിൽ യോഗത്തിൽ പ്രസ്തുത പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനായി എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന്, ജിഡ 32-ാമത് ജനറൽ കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇതുസംബന്ധിച്ച കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. ഗോശ്രീദ്വീപ് വികസന അതോറിറ്റി സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി+ ചേർക്കുന്നു.

## കില വികസന പരിശീലന കേന്ദ്രം

366 (4072) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് താല്പര്യപത്രം ക്ഷണിച്ചിട്ടില്ല. എന്നാൽ ജില്ലകളിൽ കിലയുടെ പരിശീലനം സംഘടിപ്പിക്കുന്നതിന് പരിശീലനകേന്ദ്രവും അനുബന്ധ സൗകര്യങ്ങളും ഉള്ളതുമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി കില താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് സന്നദ്ധപ്രവർത്തകർ എന്നിവരുടെ കാര്യശേഷി വികസനവും വിവിധ സർക്കാർ പരിപാടികളുമായി ബന്ധപ്പെട്ട പരിശീലനപ്രവർത്തനങ്ങൾ എന്നിങ്ങനെ ഒട്ടനവധി പരിശീലന പരിപാടികൾ കില ജില്ലാടിസ്ഥാനത്തിൽ നിർവ്വഹിച്ചുവരുന്നുണ്ട്. അവയുടെ സുഗമമായ നടത്തിപ്പിനായി മുൻകാലങ്ങളിൽ ഡിസ്ട്രിക് ഇംപ്ലിമെന്റിംഗ് ഇൻസ്റ്റിറ്റ്യൂഷൻ എന്ന പേരിൽ ജില്ലാതലത്തിൽ വിവിധ സ്ഥാപനങ്ങളുമായി

പരിശീലനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനായി കരാറിൽ ഏർപ്പെടുകയും അവ വഴി പരിശീലന നിർവ്വഹണം നടത്തുകയും ചെയ്തിരുന്നു. കൂടുതൽ പരിശീലനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി അനുയോജ്യമായ കൂടുതൽ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി കില 02-06-2022-ലെ 2022/3152/HQ നമ്പർ നോട്ടീസ് പ്രകാരം താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഈ കേന്ദ്രങ്ങളുടെ നടത്തിപ്പ് ഏത് വിധത്തിലാണെന്ന് വ്യക്തമാക്കാമോ?

പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) എറണാകുളം ജില്ലയിൽ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരിശീലന കേന്ദ്രം പെരുമ്പാവൂർ മണ്ഡലത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിക്കായി നിവേദനം ലഭിച്ചിരുന്നു. എന്നാൽ 2020-21, 2021-22 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ

നിരസിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രം പെരുമ്പാവൂർ മണ്ഡലത്തിൽ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**വട്ടോളി ഗവൺമെന്റ് യു.പി. സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

367 (4073) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളുടെ നിർമ്മാണ നിർവ്വഹണത്തിനുള്ള എസ്.പി.വി. ആയി ചുമതലപ്പെടുത്തിയ കിലയിൽ ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 13-05-2022-ലെ ജി.ഒ. (ആർ.റ്റി.) നം. 2960/2022/പൊ.വി.വ. ഉത്തരവുപ്രകാരം ലഭ്യമായ മൂന്ന് കോടിയുടെ പദ്ധതിയിൽ ഉൾപ്പെടുന്ന 200 സ്കൂളുകളുടെ പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ, കില കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ, സൈറ്റ്

സൂപ്പർവിഷനുവേണ്ടി കൺസൾട്ടൻസി അടിസ്ഥാനത്തിൽ അധികമായി 21 പ്രോജക്ട് കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) കില എസ്.പി.വി. ആയി നിർമ്മാണ നിർവ്വഹണം നടത്തുന്ന വട്ടോളി ഗവൺമെന്റ് യു.പി. സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

കില എസ്.പി.വി. ആയി നിർമ്മാണ നിർവ്വഹണം നടത്തുന്ന വട്ടോളി ഗവൺമെന്റ് യു.പി. സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിർമ്മാണ കരാർ 17-06-2022-ൽ 288/CL-15/CMPMU/KILAKIIFB/2021-2022 പ്രകാരം ഒപ്പ് വച്ചിട്ടുള്ളതും 24-06-2022-ൽ വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാകുന്നു. പ്രവൃത്തിയുടെ കാലാവധി 9 മാസമാണ്. ഈ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അത്തൂരിൽ എക്സൈസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി**

368 (4074) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി മരുന്നിന്റെ വിതരണവും ഉപഭോഗവും കൂടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുന്നതിനായി മഫ്ത്തിയിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും പോലീസുമായി ചേർന്ന് പരിശോധനകളും എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം

പ്രയോജനപ്പെടുത്തിയും ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ലഹരിവിരുദ്ധ ക്ലബ്ബുകൾ വഴി വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന വിവിധ മത്സരങ്ങളും പരിപാടികളും സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിൽത്തന്നെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

വിദ്യാലയങ്ങളിൽ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനും വിദ്യാർത്ഥികളുടെ ശ്രദ്ധ അനഭിലഷണീയ പ്രവണതകളിലേയ്ക്ക് പോകാതെ കായിക പ്രവർത്തനങ്ങളിലേയ്ക്ക് വഴിതിരിച്ചുവിടുന്നതിനും സ്കൂളുകളിൽ “ ഉണർവ്” എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് ക്യാമ്പസ്സുകളിൽ “ നേർക്കൂട്ടം” എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ ‘ ശ്രദ്ധ’ എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് “ കവചം” എന്ന പേരിൽ ഒരു കൈപ്പുസ്തകവും വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിന് അധ്യാപകരും രക്ഷകർത്താക്കളും ശ്രദ്ധിക്കേണ്ട

കാര്യങ്ങളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽനിന്ന് പിൻതിരിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് " കരുതൽ" എന്ന പേരിൽ ഒരു കൈപ്പുസ്തകവും വിമുക്തി മിഷൻ തയ്യാറാക്കി വിതരണം നടത്തിവരുന്നു.

(ബി) അരൂരിൽ ലഹരി മരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അരൂരിൽ ലഹരി മരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലില്ല.

**മയക്കുമരുന്ന് വ്യാപനം തടയാൻ നടപടി**

369 (4075) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മയക്കുമരുന്നിന്റെ നിർമ്മാണം, വിപണനം, ഉപഭോഗം എന്നിവ പൂർണ്ണമായി നിരോധിച്ച് മയക്കുമരുന്ന് വ്യാപനത്തിന്റെ വേരറുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് മയക്കുമരുന്നിന്റെ അനധികൃത നിർമ്മാണം, വിപണനം, ഉപഭോഗം എന്നിവ പൂർണ്ണമായും തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് തടയുന്നതിന് ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധനയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ദിവസവും ബോർഡർ പട്രോളിംഗും രാത്രികാല പരിശോധനയും വിവിധ തലത്തിലുള്ള എൻഫോഴ്സ്മെന്റ് ഓഫീസുകൾ സംയുക്തമായി കോമ്പിംഗും വാഹന പരിശോധനകളും നടത്തിവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകളിൽ ലഭിക്കുന്ന പരാതികളിലും വിവരങ്ങളിലും അടിയന്തര നടപടി സ്വീകരിക്കുന്നതിന് സ്ട്രൈക്കിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

മയക്കുമരുന്നുകളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും കടത്ത് കണ്ടെത്തുന്നതിനായി സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള സ്പെഷ്യൽ സ്ക്വാഡുകളും രഹസ്യ വിവരം ശേഖരിക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം കണ്ടെടുക്കുന്ന കേസുകൾ ക്രൈം ബ്രാഞ്ച് വിഭാഗവും ഫീൽഡ് ഓഫീസുകളും കാര്യക്ഷമമായി അന്വേഷിച്ച് സമയബന്ധിതമായി കുറ്റപത്രം സമർപ്പിച്ച് കുറ്റക്കാർക്ക് അർഹമായ ശിക്ഷ

വാങ്ങിക്കൊടുക്കുന്നതിനും മയക്കുമരുന്ന് കടത്തിലൂടെ സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നിയമനടപടികളും സ്വീകരിച്ചുവരുന്നു.

കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുമായി പൊതുജനങ്ങളുടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള ലഹരി വില്പനയും ഉപയോഗവും തടയുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

## കുത്തുകുഴി 5-ാം ഗ്രൂപ്പിലെ കള്ള് ഷാപ്പുകളുടെ റീ-ടെണ്ടർ നടപടി

370 (4076) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം റേഞ്ചിന് കീഴിലെ കുത്തുകുഴി 5-ാം ഗ്രൂപ്പിലെ കള്ള് ഷോപ്പുകൾ ഒരു വ്യക്തി ലേലത്തിൽ എടുത്തിരുന്നുവെങ്കിലും തുടർന്ന് പ്രസ്തുത ഷോപ്പുകൾ ഏറ്റെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഷോപ്പുകൾ ലേലത്തിൽ എടുത്ത വ്യക്തി അവ തുടർന്ന് നടത്താൻ താല്പര്യമില്ലെന്ന കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അറിയിച്ചിട്ടില്ല. പ്രസ്തുത ഷോപ്പുകൾ നടത്താവാൻ താല്പര്യമില്ലെന്ന കാര്യം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് എക്സൈസ് കമ്മീഷണർ പ്രിവിലേജ് റദ്ദ് ചെയ്ത്, റെന്റൽ കണ്ടുകെട്ടി, ടി ഗ്രൂപ്പിലെ കള്ളുഷാപ്പുകൾ പുനർവില്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഷോപ്പുകൾ ലേലത്തിലെടുത്ത കരാറുകാരൻ തുടർന്ന് അത് നടത്താതിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത ഷോപ്പുകൾ അടിയന്തരമായി റീ-ടെണ്ടർ

ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ടി കള്ളുഷാപ്പുകൾ 19-07-2022-ൽ വിൽപ്പന നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിൽ എക്സൈസ് കെട്ടിടം**

371 (4077) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ എക്സൈസ് വകുപ്പിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി, ചാവക്കാട് താലൂക്കിൽ ഇരിങ്ങപ്രം വില്ലേജിൽ 05.92 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽനിന്നും എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമി വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണ്.

## ബിവറേജസ് കോർപ്പറേഷൻ താൽക്കാലിക സ്വീപ്പർമാരുടെ വേതനം

372 (4078) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ താൽക്കാലികമായി ജോലി ചെയ്യുന്ന സ്വീപ്പർമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനു കീഴിലുള്ള മദ്യവില്പനശാലകളിൽ താൽക്കാലികമായി ജോലിചെയ്യുന്ന സ്വീപ്പർമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച വിവിധ ഹർജികളിൻമേൽ 22-03-2021-ലെ വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും 29-4-2022-ലെ സ.ഉ.(സാധാ) നമ്പർ 344/2022/നികുതി നമ്പർ ഉത്തരവുപ്രകാരം ഹർജിക്കാരുടെ

ആവശ്യങ്ങൾ നിരസിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**ബിവറേജസ് കോർപ്പറേഷനിലെ ശമ്പള പരിഷ്കരണം**

373 (4079) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബിവറേജസ് (എം & എം) കോർപ്പറേഷനിലെ ജീവനക്കാർക്ക് അവസാനമായി ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് എന്നാണെന്നും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടത്തി ദീർഘകാലമായിട്ടും ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടത്തി ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ 07-04-2017-ലെ G.O(Ms)No.20/2017/TD ഉത്തരവുപ്രകാരമുള്ള പത്താം ശമ്പളപരിഷ്കരണമാണ് നിലവിലുള്ളത്.

11-ാം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ

സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കിയ ശമ്പളപരിഷ്കരണം, സമാന രീതിയിൽ അതേ തീയതി പ്രാബല്യത്തിൽ കോർപ്പറേഷനിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് കോർപ്പറേഷൻ അധികൃതർ സമർപ്പിച്ച അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ശമ്പളപരിഷ്കരണം സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിലെ എക്സ്പെർട്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(സി) യഥാസമയം ശമ്പള പരിഷ്കരണം നടത്താത്തതുമൂലം ജീവനക്കാർ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കോർപ്പറേഷനിൽ എത്രയുംവേഗം ശമ്പളപരിഷ്കരണം നടത്തി ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് എക്സൈസ് കോംപ്ലക്സ്

374 (4080) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കോംപ്ലക്സ് എവിടെയാണ് നിർമ്മിക്കുന്നതെന്നും ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്നും അറിയിക്കാമോ?

കാസർഗോഡ് താലൂക്കിൽ കാസർഗോഡ് വില്ലേജിൽ പഴയ പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം പുലിക്കുന്ന് എന്ന സ്ഥലത്തുള്ള എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലത്താണ് പ്രസ്തുത കോംപ്ലക്സ് നിർമ്മിക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കാമോ?

12-03-2020-ലെ സ.ഉ.(സാധാ)നമ്പർ 205/2020/നിവ. പ്രകാരം 5.2 കോടി രൂപ ചെലവിൽ ടവർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും എങ്കിൽ എപ്പോഴാണ് ടെണ്ടർ ചെയ്തതെന്നും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി, സോയിൽ ടെസ്റ്റ് പൂർത്തിയായിട്ടുള്ളതും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(ഇ) കാസർഗോഡ് എക്സൈസ് കോംപ്ലക്സ് എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തിയായതിനുശേഷം പ്രസ്തുത എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[നക്ഷത്രചിഹ്നമിടാത്ത 3786, 3853, 3897, 3911, 3928 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.]

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 9.10-ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗവും ശൂന്യവേളയും റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## II റിപ്പോർട്ടുകളുടെ സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി III-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സബ്ജക്ട് കമ്മിറ്റി III-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി VII-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി VII-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

3. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

ശ്രീ. എൻ. കെ. അക്ബർ: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

ശ്രീ. ഇ. കെ. വിജയൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ, കാര്യവിവരപ്പട്ടികയിലെ തുടർന്നുള്ള ഇനങ്ങൾ റദ്ദാക്കിയിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് കാര്യവിവരപ്പട്ടികയിലെ തുടർന്നുള്ള ഇനങ്ങൾ റദ്ദുചെയ്തു.)

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 18-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.12-ന് പിരിഞ്ഞു.)

********

**അനുബന്ധം**

## 15-07-2022-ലെ ചോദ്യം നം. *301-ന്റെ 'ബി' പിരിവിന്റെ ബാക്കി ഭാഗത്തിനും 'സി' പിരിവിനും തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

(ബി) കൂടാതെ ആസൂത്രണ പ്രവർത്തനങ്ങളിൽ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ സംയുക്തമായ പിന്തുണ ഉറപ്പുവരുത്താൻ കഴിയുന്നു. ആയത് പ്രാദേശിക പദ്ധതികളുടെ സാങ്കേതികമേന്മയും സമയക്രമവുമടക്കമുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതാണ്. കൂടാതെ ജില്ലാ വികസനപദ്ധതി രൂപീകരിക്കുന്നതിനും വികസന മാസ്റ്റർ പ്ലാനുകൾ ഗുണമേന്മയോടെ തയ്യാറാക്കുന്നതിനും ജില്ലയിലെ എല്ലാ തലത്തിലുമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പൊതുവായ വികസന പദ്ധതികൾ രൂപകല്പന ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നതാണ്.

(സി) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണം, കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന ആസൂത്രിത പദ്ധതികളും അധികാര വികേന്ദ്രീകരണം വഴിയുള്ള തനതു വാർഷിക പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യഥാസമയം ആസൂത്രണം ചെയ്ത് ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിന് സഹായകമാകുന്നതാണ്. ത്രിതല പഞ്ചായത്തുകളിലെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ത്രിതല പഞ്ചായത്തുകളും നഗരസഭകളും ചേർന്നുള്ള സംയുക്ത പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഏകോപിത പൊതുസർവ്വീസിന്റെ പിന്തുണ വളരെയധികം പ്രയോജനപ്പെടുന്നതാണ്. കൂടാതെ ഇതുവഴി ഇരട്ടിപ്പുകളും ആവർത്തനങ്ങളും ഒഴിവാക്കുന്നതിനുള്ള സാഹചര്യവുമുണ്ടാകുന്നു. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ (നഗര വികസനത്തിനും ഗ്രാമ വികസനത്തിനും) ഫലപ്രദമായും കാര്യക്ഷമമായും അതോടൊപ്പം സംസ്ഥാനത്തിന് പ്രയോജനകരമാം വിധത്തിലും ആസൂത്രണം ചെയ്യുന്നതിനും, നടപ്പാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ആവശ്യമായ നേതൃത്വം വഹിക്കുന്നത് വകുപ്പുതലത്തിലാണ്. അതിന് ആവശ്യമായ ഏകോപന സംവിധാനം തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന് കാര്യക്ഷമമായി രൂപകൽപ്പന ചെയ്ത് പ്രാവർത്തികമാക്കാൻ കഴിയും. മാത്രവുമല്ല വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന പദ്ധതികളുമായും സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ചുകൊണ്ട് സമഗ്ര വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് സഹായകമാകുന്നതാണ്.